www.malankaralibrary.com

ജി. ചേടിയത്ത്

# സൂന്നഹദോസുകൾ
## (നിഖ്യാ I മുതൽ നിഖ്യാ II വരെ)

No. 189

കോട്ടയം

1996

www.malankaralibrary.com



**G. CHEDIATH** Sūnahadōsukal

(*Malayalam translation of the First seven Ecumenical Councils*)
A publication of the Oriental Institute of Religious Studies,
Paurastya Vidyapitham, P. B. No. 10, Vadavathoor,
Kottayam, 686 010.

*Copyright* : G. CHEDIATH, 1996
*First Edition* : **1996**
Price : Rs. 40.00

*Printed at* : Jayamatha Press, Nalanchira, Trivandrum.

# ഉള്ളടക്കം

അവതാരിക

ആമുഖം

*അധ്യായം 1* : നിഖ്യാസൂനഹദോസ് (325) 9

ആമുഖം—9; ആരിയുസിന്റെ അബദ്ധോപദേശം—9; നിഖ്യാ വിശ്വാസപ്രമാണം—11; ഹോമോ ഉസിയോസ്—12; നിഖ്യായുടെ കാനോനാകൾ ഇരുപതുമാത്രം —13; നിഖ്യായും ബ്രഹ്മചര്യവ്രതവും—14; ഉയിർപ്പുപെരുന്നാൾ പ്രശ്നം—15; കാനോനാകൾ—16; പങ്കെടുത്തവർ—35; നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർ അലക്സാണ്ഡ്രിയൻ സഭയ്ക്ക് അയച്ച സിനഡൽ ലേഖനം—43.

*അധ്യായം 2* : ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381) 48

ആമുഖം—48; വിശ്വാസപ്രമാണം—50; കോൺസ്റ്റാന്റിനോപ്പിളിൽ 382-ൽ കൂടിയ മെത്രാന്മാരുടെ ലേഖനം—55; കാനോനാകൾ—61; പങ്കെടുത്തവർ—67.

*അധ്യായം 3* : എഫേസോസ് സൂനഹദോസ് (431) 73

ആമുഖം—73; ഐക്യവും വൈവിധ്യവും—75; അലക്സാണ്ഡ്രിയയും അന്ത്യോക്യയും—76; സിറിലും നെസ്തോറിയുസും—79; നെസ്തോറിയുസും നെസ്തോറിയനിസവും നെസ്തോറിയൻ സഭയും—79; എഫേസോസ് സൂനഹദോസ്—80; അന്ത്യോക്യയിലെ യോഹന്നാൻ—84; : (1) നെസ്തോറിയുസിന് സിറിലെഴുതിയ രണ്ടാം ലേഖനം—85; (2) സിറിലിന് നെസ്തോറിയുസ് എഴുതിയ രണ്ടാം ലേഖനം—90; (3) നെസ്തോറിയുസിനുള്ള സിറിലിന്റെ മൂന്നാം ലേഖനം—98; (4) നെസ്തോറിയുസിനെതിരായ വിധിവാചകം—111; (5) പൗരസ്ത്യ മെത്രാന്മാരെപ്പറ്റിയുള്ള സിനഡൽ ലേഖനം—111; (6) നിഖ്യായിലെ വിശ്വാസപ്രഖ്യാപനം—114; (7) അഭക്തരായ മെസാലിയർക്ക് അഥവാ എവുക്കീത്തർക്ക്

www.malankaralibrary.com



എതിരായ തീരുമാനം—116; (8) സൈപ്രസിലെ മെത്രാന്മാർക്കു തന്നെ തങ്ങളുടെ പട്ടങ്ങൾ നൽകാം എന്ന തീരുമാനം—118; (9) വി. സിറിൽ അന്ത്യോക്യയിലെ യോഹന്നാന് അയച്ച കത്ത്—119; (10) നെസ്തോറിയുസിന്റെ ന്യായവാദം—127.

*അധ്യായം 4 :* **കൽക്കദോനിയ സൂനഹദോസ് (451)** 131

ആമുഖം—131; വിശ്വാസനിർവചനം—133; ലെയോ മാർപാപ്പായുടെ ലേഖനം—139; കാനോനാകൾ—154.

*അധ്യായം 5 :* **രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (553)** 171

ആമുഖം—171; മൂന്നധ്യായങ്ങൾക്കെതിരെയുള്ള വിധിവാചകം—181; മൂന്നധ്യായങ്ങൾക്കെതിരെയുള്ള ശാപങ്ങൾ—197.

*അധ്യായം 6 :* **മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (680-1).** 209

ആമുഖം—209; വിശ്വാസവിവരണം—210.

*അധ്യായം 7 :* **രണ്ടാം നിഖ്യാ സൂനഹദോസ് (787)** 218

ആമുഖം—218; വിശ്വാസനിർവചനം—221; കാനോനാകൾ—227.

## അനുബന്ധം

1. ട്രുള്ളൻസിനഡ് (692) 246
2. നാലാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (869-870) 247
3. പാശ്ചാത്യലോകത്തുവച്ചു നടത്തപ്പെട്ട പൊതുസിനഡുകൾ 251

ഒന്നാം ലാതറൻ (1123)—251; രണ്ടാം ലാതറൻ (1139)—252; മൂന്നാം ലാതറൻ (1179)—252; നാലാം ലാതറൻ (1215)—252; അഞ്ചാം ലാതറൻ (1512-7)—253; ഒന്നാം ലയൺസ് (1245)—253; രണ്ടാം ലയൺസ് (1274)—253; വീൻ (1311-2)—254; കോൺസ്റ്റൻസ് (1414-8)—255; ഫ്ളോറൻസ് (1431-45)—255; ട്രെന്റ് (1545-63)—257; ഒന്നാം വത്തിക്കാൻ (1868-70)—257.

4. രണ്ടാം വത്തിക്കാൻ എക്യുമെനിക്കൽ സൂനഹദോസ് (1962-5) 258
5. ആദ്യകാല പ്രാദേശിക സിനഡുകൾ 259

# അവതാരിക

ക്രിസ്തീയമായ വിശ്വാസത്തിൽ ജീവിക്കുന്നതിനും മുന്നേറുന്നതിനുമുള്ള പരിശീലനം തന്റെ മക്കൾക്ക് പ്രദാനം ചെയ്യുന്നതിന് തിരുസ്സഭ എക്കാലവും ശ്രദ്ധിച്ചിരുന്നു. പ്രത്യേകിച്ച് സത്യവിശ്വാസത്തിന് എതിരായ പഠനങ്ങളും പ്രവണതകളും ഉണ്ടാകുമ്പോൾ വിശ്വാസികളെ അനുനയിക്കുന്നതിന് സഭാപിതാക്കന്മാർ കാണിച്ചിട്ടുള്ള താല്പര്യം എടുത്തുപറയേണ്ടതാണ്. തിരുസ്സഭയിൽ നടന്നിട്ടുള്ള സാർവ്വത്രിക സൂനഹദോസുകളുടെ ചരിത്രം ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുക. സഭയുടെ ആദ്യകാലങ്ങളിൽ ഇപ്രകാരം നൽകപ്പെട്ടിട്ടുള്ള വിശ്വാസ വ്യാഖ്യാനങ്ങൾ ഇന്നും നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ അചഞ്ചലമായ അടിസ്ഥാനങ്ങളാണ്.

ആദിമ നൂററാണ്ടുകളിൽ തിരുസ്സഭയിൽ നടന്ന ഏഴു സൂനഹദോസുകളെപ്പററിയുള്ള ഒരു സംക്ഷിപ്ത പഠനമാണ് ബ. ഗീവറുഗീസ് ചേടിയത്ത് അച്ചൻ അദ്ദേഹത്തിന്റെ ഈ കൃതിയിലൂടെ അവതരിപ്പിക്കുക. പ്രസ്തുത സൂനഹദോസുകളെപ്പററിയുള്ള ലഘുപഠനങ്ങളും, സൂനഹദോസുകളുടെ ഡിക്രികളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. മലയാളത്തിൽ ആദ്യമായിട്ടാണ് ഇപ്രകാരം ഏഴ് സൂനഹദോസുകളെപ്പററിയുള്ള ഒരു പഠനം ഒന്നിച്ച് പ്രസിദ്ധീകരിക്കുന്നത്, നിഖ്യാ—കോൺസ്ററാന്റിനോപ്പിൾ സിനഡുകൾക്ക് സഭാചരിത്രത്തിൽ അതുല്യമായ സ്ഥാനമുണ്ട്. അവയുടെ വെളിച്ചത്തിൽ, അവയുടെ തുടർച്ചയായിട്ടാണ് തുടർന്നുള്ള അഞ്ച് സിനഡുകളും മനസ്സിലാക്കേണ്ടത്. ചരിത്രത്തിൽ അവതരിക്കുകയും മനുഷ്യർക്കു വെളിപ്പെടുകയും ചെയ്ത മഹാരഹസ്യമായ നമ്മുടെ കർത്താവേശുമിശിഹായെ മനസ്സിലാക്കാനുള്ള പരിശ്രമമാണ് ഈ സിനഡുകൾ നടത്തുക. അവിടുത്തെ ദൈവത്വം നിഖ്യായിൽ (325) ഉറപ്പായി പഠിപ്പിച്ചു. അവിടുത്തെ ഏകവ്യക്തിത്വം എഫേസോസിൽ (431) ഊന്നിപ്പറഞ്ഞു. അവിടുന്ന് ദൈവവും മനുഷ്യനുമാണെന്ന യാഥാർത്ഥ്യം കൽക്കദോനിയയിൽ (451) വ്യക്തമാക്കി. യേശുക്രിസ്തുവിന്റെ ഏകവ്യക്തിത്വം ഒന്നുകൂടി ഉറപ്പിച്ചു പ്രഖ്യാപിക്കാൻ കോൺസ്ററാന്റിനോപ്പിളിൽ (553) സഭായോഗംകൂടി. അവിടുത്തേക്ക് മാനുഷിക ഇച്ഛയും ദൈവികേച്ഛയും ഉണ്ടെന്ന യാഥാർത്ഥ്യം മൂന്നാം കോൺസ്ററാന്റിനോപ്പിളിൽ (680-1) വ്യക്തമാക്കപ്പെട്ടു. യേശുക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ ദൈവികേച്ഛയും മാനുഷികേച്ഛയും ഉണ്ടായിരിക്കണം. എന്നാൽ ഏകനായിരിക്കുന്ന ദൈവപുത്രനിലാണ് ഈ രണ്ടിച്ഛകളും. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിനാൽ അവിടുത്തെ ഛായാചിത്രങ്ങൾ നിർമ്മിക്കുന്നതിൽ തെററില്ല എന്ന് രണ്ടാം നിഖ്യാസിനഡ് (787) തീരുമാനിക്കുകയുണ്ടായി.

www.malankaralibrary.com



ഈ സിനഡുകൾ കൂടിയ കാലങ്ങളിൽ സഭയിലുണ്ടായിരുന്ന പൊതു പ്രശ്നങ്ങൾക്ക് പിതാക്കന്മാർ പരിഹാരങ്ങൾ നിർദ്ദേശിച്ചു. അങ്ങനെ പിതാക്കന്മാർ സഭാശിക്ഷണക്രമസംബന്ധമായ കാനോനാകൾ പാസ്സാക്കുകയും സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സത്യാരാധനയിലൂടെ മനുഷ്യരെ നയിക്കുന്നതിനും പര്യാപ്തമായ പാതകൾ തെളിക്കുകയും ചെയ്തു.

സത്യത്തോട് അവർക്ക് അദമ്യമായ സ്നേഹമുണ്ടായിരുന്നു. തർക്കത്തിലേർപ്പെട്ടപ്പോഴൊക്കെ അവരെ നയിച്ചത് ഈ സത്യസ്നേഹമാണ്. എന്നാൽ മററുള്ളവർ പറയുന്ന പദപ്രയോഗങ്ങളിൽ സത്യത്തിന്റെ അംശം കണ്ടെത്താൻ അവരിൽ പലർക്കും കഴിഞ്ഞില്ലായെന്നുള്ളകാര്യം നമ്മൾ വിസ്മരിക്കരുത്. അതിന്റെ ഫലമായി അവസാനിക്കാത്ത പിളർപ്പുകൾ സഭയിലുണ്ടാകുകയും ചെയ്തു. ഇന്ന് ഇതിനൊരല്പം വ്യത്യാസം കാണുന്നുവെന്നത് ആശ്വാസപ്രദമാണ്. എഫേസോസ് (431) കാൽസിഡൺ (451) കോൺസ്ററാൻറിനോപ്പിൾ (553) സിനഡുകളെ പുനരവലോകനം ചെയ്യാനുള്ള ഒരു വിശാലമായ മനസ്ഥിതി അടുത്ത കാലത്ത് സഭാമണ്ഡലത്തിൽ പ്രത്യക്ഷമായി. അതിന്റെ ഫലമായി മുമ്പ് ഉപയോഗിച്ചിരിന്ന പല പദപ്രയോഗങ്ങളുടെയും അർത്ഥം വ്യത്യസ്തമായി മനസ്സിലാക്കുന്നതിന് സാധിക്കുമെന്നുള്ള ധാരണയിലെത്തുകയും ചെയ്തു. പഴയകാലത്തു നടന്നവ ആധുനിക എക്യൂമെനിസത്തിന്റെ വെളിച്ചത്തിൽ പുതിയ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കാനും ഇന്നുള്ള മനുഷ്യർക്കു കഴിയുന്നു. ഈ എക്യൂമെനിക്കൽ വീക്ഷണങ്ങളൊക്കെ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അതുകൊണ്ട് ഈ ഗ്രന്ഥം നമ്മുടെ സഭാബന്ധങ്ങൾ കൂടുതൽ മെച്ചപ്പെട്ടവയാക്കുന്നതിന് സഹായിക്കുക മാത്രമല്ല, നമ്മുടെ വിശ്വാസജീവിതത്തിന്റെ ആഴങ്ങളിലേക്ക് കടക്കുന്നതിനും നമ്മെ ക്ഷണിക്കുന്നുണ്ട്. സഭാസംബന്ധമായി ബ. ചേടിയത്ത് അച്ചൻ നടത്തിയ പഠനങ്ങൾ ഇതിനോടകം പല പുസ്തകങ്ങളായി നമുക്ക്, പ്രത്യേകിച്ച് കേരള സഭാമക്കൾക്ക്, സംലഭ്യമായിട്ടുണ്ട്. ഈ ചെറുഗ്രന്ഥവും നമ്മുടെ സഭാജീവിതത്തിനും ആത്മീയാഭിവൃദ്ധിക്കും ഉതകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയും അതിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു. ഗ്രന്ഥകാരന് എല്ലാ മംഗളങ്ങളും നേർന്നുകൊണ്ട് ബഹുജനസമക്ഷം ഈ കൃതി അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്.

എന്ന്,

**സിറിൽ മാർ ബസേലിയോസ്**

തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

പട്ടം
നവംബർ 29, 1996.

# ആമുഖം

സഭാജീവിതത്തിൽ സൂനഹദോസുകൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. സഭയിൽ പൊതുപ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ അവയ്ക്കു പരിഹാരം നിർദ്ദേശിക്കാൻ സഭാധ്യക്ഷന്മാരുടെ സമ്മേളനം കൂടുക സഭാരംഭംമുതൽ പതിവായിരുന്നു. ശ്ലൈഹിക സഭയിൽതന്നെ ഇതിനു ദൃഷ്ടാന്തം കാണാവുന്നതാണ് (നടപടി, 15:1-15). ശ്ലൈഹിക കാലത്തിനുശേഷം, പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രാദേശിക സിനഡുകൾ കൂടിയിരുന്നു. സഭാചരിത്രത്തിലെ ആദ്യത്തെ വലിയ സഭായോഗം നടന്നത് നിഖ്യാ എന്ന പട്ടണത്തിൽ 325-ലാണ്. പുത്രൻ തമ്പുരാന്റെ ദൈവത്വം നിഷേധിച്ചുകൊണ്ട് ആരിയുസ് (Arios) എന്ന ഈജിപ്ഷ്യൻ വൈദികൻ രംഗപ്രവേശം ചെയ്തപ്പോഴാണ് പിതാക്കന്മാർ നിഖ്യായിൽ ഒന്നിച്ചുകൂടിയത്. ശ്ലീഹന്മാർ കൈമാറിയ സത്യവിശ്വാസത്തിൽ മായം ചേർക്കാതെയും വിഷം കലർത്താതെയും, അവികലമായിത്തന്നെ അടുത്ത തലമുറയിലേക്കു കൈമാറണം എന്ന കാര്യത്തിൽ സഭാപിതാക്കന്മാർക്കു നിഷ്ക്കർഷ ഉണ്ടായിരുന്നു. പുത്രന്റെ ദൈവത്വം നിഷേധിക്കുന്നത് ദൈവദൂഷണമായി അവർ കരുതി. അലക്സാണ്ഡ്രിയൻ സഭയിൽപെട്ട ആരിയുസ്, അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ സഭകളുടെ ചിന്താരീതികൾ കൂട്ടിച്ചേർത്ത് തന്റെ തത്ത്വങ്ങൾ അവതരിപ്പിച്ചപ്പോൾ അത് ഒരുതരം ''ദൈവശാസ്ത്ര റാഷണലിസം'' ആയിത്തീർന്നു. അലക്സാണ്ഡ്രിയൻ ചിന്തയനുസരിച്ച് ''വചനമായ ദൈവത്തിൽ'' ശ്രേഷ്ഠവും ബലഹീനവുമായ എല്ലാ ഗുണങ്ങളും ആരോപിക്കാമായിരുന്നു. വചനത്തെപ്പററി പറയുമ്പോൾ ഏക വ്യക്തിയെപ്പററി പരിഗണിക്കുന്നതിനാൽ ദൈവികവും മാനുഷികവുമായ സവിശേഷതകളെല്ലാം ആ വ്യക്തിയിൽ ആരോപിക്കുന്നതിന് അലക്സാണ്ഡ്രിയാക്കാർക്കു സാധിച്ചു. ഉദാഹരണമായി 'വചനം മാംസമായി' (യോഹ. 1:14) എന്നു പറയുന്നതുപോലെ 'വചനം മരിച്ചു' എന്ന് പറയാൻ അവർക്കു ബുദ്ധിമുട്ടുണ്ടായില്ല. എന്നാൽ അന്ത്യോക്യൻ കലാലയത്തിലെ അരിസ്റേറാട്ടേലിയൻ റാഷണലിസത്തിൽ അഭ്യസനം നടത്തിയ ആരിയുസ് വ്യത്യസ്തമായ അനുമാനത്തിൽ എത്തിച്ചേർന്നു: ദൈവം അമർത്യനാണ്; വചനം മരിച്ചു. എങ്കിൽ അമർത്യന്റെയും മരിച്ചവന്റെയും സത്ത ഒന്നല്ല, രണ്ടാണ്. അതായത് പിതാവിന്റെ സത്തയല്ല പുത്രന്. ക്രൈസ്തവ വിശ്വാസത്തിന്റെ തായ്‌വേരറുക്കുന്ന പാഷണ്ഡതയായിരുന്നു ആരിയനിസം. 'പുത്രൻ ദൈവമല്ലെങ്കിൽ അവിടുന്നു നമ്മെ ദൈവികരാക്കിയിട്ടില്ല' എന്നു പിതാക്കന്മാർ വാദിച്ചു.

www.malankaralibrary.com



നിഖ്യായിൽ സത്യവിശ്വാസത്തിന്റെ രത്നച്ചുരുക്കം രൂപീകൃതമായി. ദൈവപുത്രനെ സംബന്ധിച്ചുള്ള സഭാപ്രബോധനം വ്യക്തമാക്കപ്പെട്ടു: പിതാവിന്റെ അതേ സത്തയാണ് പുത്രനും (ഹോമോഉസിയോസ്). എന്നാൽ അക്കാലത്ത് പദങ്ങൾക്ക് അർത്ഥശ്ലിപ്തതയില്ലാതിരുന്നതിനാൽ ആരിയൻ പ്രശ്നം അവസാനിച്ചില്ല. ഉസിയ, ഹ്യൂപ്പോസ്റ്റസിസ് എന്നിവ വ്യത്യസ്ത തലങ്ങളിൽ വ്യത്യസ്തമായി വ്യാഖ്യാനിച്ചു. അതിന്റെ ഫലമായി വലിയ വാദകോലാഹലങ്ങളും തർക്കങ്ങളും ചേരിതിരിയലുകളും ഉടലെടുത്തു. ദൈവപുത്രൻ ഭൂമിയിൽ എത്തിച്ച രക്ഷ സ്വായത്തമാക്കുന്നതിനും ഈ രക്ഷ പകർന്നു കൊടുക്കുന്നതിനും പരിശ്രമിക്കാതെ പദങ്ങളെച്ചൊല്ലിയുള്ള പോരാട്ടം നടന്നു. 'ദൈവശാസ്ത്രം വിശ്വാസത്തിൽ ഉറപ്പിക്കാനുള്ള ശാസ്ത്രമാണ്; സ്നേഹത്തിൽ ആഴമായി വളർത്തുന്നതിനുള്ളതാണ്'. എന്നാൽ കലഹപ്രിയരായ ജനനേതാക്കന്മാർ തർക്കങ്ങളിൽ ഉത്സുകരായി ക്രിസ്തീയ സ്നേഹത്തിൽ നിന്ന് വളരെയകന്നു. കോൺസ്റ്റന്റയിൻ നല്കിയ സ്വാതന്ത്ര്യം ഉപയോഗിച്ച് സുവിശേഷസ്നേഹം പ്രഘോഷിക്കുന്നതിനു പകരം ഉപജാപങ്ങളും കലഹങ്ങളും ശാപങ്ങളും മുടക്കുകളുമായി ജനനേതാക്കന്മാർ മുന്നേറി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡുവരെ ഈ നില തുടർന്നു. കപ്പദോഷ്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്ന ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നീസ്സാ, മഹാനായ ബേസിൽ എന്നിവരുടെ ദൈവശാസ്ത്രസംഭാവനകളും സ്നേഹനിർഭരമായ പ്രവർത്തനങ്ങളുംകൊണ്ട് ആരിയൻ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിഞ്ഞു. ഉസിയായ്ക്കും ഹ്യുപ്പോസ്റ്റസിസിനും അവർ അർത്ഥശ്ലിപ്തത നല്കി. ''ദൈവത്വത്തിൽ ഏക ഉസിയാ (സത്ത) മാത്രം, എന്നാൽ മൂന്ന് ഹ്യുപ്പോസ്റ്റസികൾ (ആളുകൾ) ഉണ്ട്''- 'ഹോമോഉസിയോസ്' എന്ന നിഖ്യായുടെ പദപ്രയോഗം പരക്കെ അംഗീകരിക്കപ്പെട്ടു.

'അടിസ്ഥാന സത്യങ്ങൾക്കെതിരെ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. സത്യവിശ്വാസത്തിൽ മായം ചേർക്കാൻ പാടില്ല' എന്ന ചിന്ത പിതാക്കന്മാരെ ഭരിച്ചതിനാൽ അവർ ഒത്തുതീർപ്പുകൾക്കൊന്നും സന്നദ്ധരായിരുന്നില്ല. ''നിഖ്യാ–കോൺസ്റ്റാന്റിനോപ്പിൾ'' എന്നറിയപ്പെടുന്ന വിശ്വാസപ്രമാണം 381-ൽ രൂപീകൃതമായി. തുടർന്ന് ആരിയൻ പാഷണ്ഡത കെട്ടടങ്ങി.

എന്നാൽ ഈയടുത്ത കാലത്ത് ആരിയനിസം പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. റസ്സൽ മതക്കാർ (യഹോവാസാക്ഷികൾ) എന്നറിയപ്പെടുന്ന അമേരിക്കൻ സംഘടനക്കാർ ആരിയനിസം പുനരുജ്ജീവിപ്പിക്കാൻ പരിശ്രമിക്കുന്നവരാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ ഒരു വലിയ ബിസിനസ് കമ്പനിയാണിത്. 'വാച്ച് ടവ്വർ



ആൻഡ് ട്രാക്ട് സൊസൈറ്റി' എന്നറിയപ്പെടുന്ന, ന്യൂയോർക്ക് കേന്ദ്രമാക്കിയുള്ള ബിസിനസ് കമ്പനിയുടെ പുതിയ പേരാണ് 'യഹോവാസാക്ഷികൾ': ''ഏകദൈവം ഏകയാളാണ്. അത് യഹോവയാണ്; ക്രിസ്തു ദൈവമല്ല, പരിശുദ്ധാത്മാവു ദൈവമല്ല, മനുഷ്യന് ആത്മാവില്ല; നിത്യനരകമില്ല, സ്വർഗസൗഭാഗ്യവുമില്ല. തങ്ങളുടെകൂടെക്കൂടി ഈ പുസ്തകക്കച്ചവടത്തിൽ ഏർപ്പെട്ട് കമ്പനിക്ക് ലാഭമുണ്ടാക്കുന്നവർമാത്രം ഒരു ഭൗമിക പറുദീസായിൽ പ്രവേശിക്കും'' എന്നു തുടങ്ങിയ പച്ചക്കള്ളങ്ങൾ തട്ടിവിട്ട് പാവപ്പെട്ട മനുഷ്യരെ കബളിപ്പിക്കുന്ന ഒരു സുസംഘടിത പ്രസ്ഥാനമാണിത്. ഇവർ ക്രിസ്ത്യാനികളേയല്ല; എന്നാൽ സത്യക്രിസ്ത്യാനികളുടെ വേഷം ധരിച്ചാണ് ഇവരുടെ ആഗമനം. എല്ലാ ക്രിസ്ത്യാനികളും ഇവർക്കെതിരെ ജാഗരൂകരായിരിക്കണം. 'ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്' എന്നതാണ് ക്രിസ്തുമതത്തെ മറ്റുമതങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്ന ഒരു സുപ്രധാനതത്ത്വം. പരിശുദ്ധ ത്രിത്വം നിഷേധിച്ചാൽ പിന്നെ ക്രിസ്തുമതമില്ല. ഈയടുത്തകാലത്ത് കമ്മ്യൂണിസം തകർന്നപ്പോൾ യഹോവാസാക്ഷികൾ അവരുടെ പ്രവർത്തനം റഷ്യയിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. ''നിരവധി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും; ജാഗരൂകരായിരിക്കുവിൻ; ഞാൻ നിങ്ങളോട് എല്ലാം മുൻകൂട്ടി പറഞ്ഞിരിക്കുന്നു'' എന്ന കർത്തൃവചനം (മത്താ. 24:4-5; മർക്കോ. 13:23) ക്രിസ്ത്യാനികൾ നിരന്തരം അനുസ്മരിക്കണം.

സത്യവിശ്വാസം ഉയർത്തിപ്പിടിക്കുകയും അതു തന്നെ പ്രഘോഷിക്കുകയും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുകയും ചെയ്യുന്നത് സുപ്രധാന സംഗതിയാണ്. സഭാരംഭകാലത്ത് ''ഗ്നോസ്റ്റിസിസം'' എന്ന അബദ്ധചിന്ത ചിലയിടങ്ങളിലൊക്കെ വ്യാപിച്ചിരുന്നു. ആരിയനിസത്തിനും ചില കേന്ദ്രങ്ങളിൽ പരക്കെ സ്വാഗതം ലഭിച്ചിരുന്നു. വിശ്വാസത്തിന്റെ നിക്ഷേപം ഭരമേല്പിക്കപ്പെട്ട സഭാധ്യക്ഷന്മാർ ക്രൈസ്തവ സ്നേഹചൈതന്യം കൈവെടിയാതെ സത്യവിശ്വാസത്തിനുവേണ്ടി നിലകൊള്ളുകയും അവയെ സഭയ്ക്ക് അന്യമാക്കുകയും ചെയ്തു. ''നിങ്ങളെ ഉപദ്രവിക്കാനും ക്രിസ്തുവിന്റെ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറേ ആളുകളുണ്ട്'' എന്ന് ഗലാത്യരോട് വി. പൗലോസ് ശ്ലീഹാ പറഞ്ഞത് (1:6-9) എക്കാലത്തും വാസ്തവമാണ്. ഗോതമ്പുകൾക്കിടയിൽ ശത്രു ഇന്നും കളകൾ വിതയ്ക്കുന്നു എന്നത് നാം മറക്കരുത്. അതുകൊണ്ട് സഭാധ്യക്ഷന്മാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

ആദ്യത്തെ മുന്നൂറു വർഷം റോമൻ സാമ്രാജ്യത്തിലെ സഭയ്ക്ക് കടുത്ത മതപീഡനത്തെ നേരിടേണ്ടിവന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയോടുകൂടി (313) സഭയ്ക്ക് സ്വാതന്ത്ര്യം കൈവന്നപ്പോൾ അവസാനി

www.malankaralibrary.com



ക്കാത്ത ചർച്ചകളും തർക്കങ്ങളും ചേരിതിരിവുകളും ഉണ്ടായി. തദ്ഫലമായി സഭ ആടിയുലഞ്ഞെങ്കിലും, സത്യപ്രബോധനം പ്രസ്പഷ്ടമാക്കാൻ ഈ തർക്കങ്ങൾ ഹേതുവായി. റോമൻ സാമ്രാജ്യത്തിലെ സഭയിലുണ്ടായ ഈ തർക്കങ്ങളുടെ അലയടികൾ പേർഷ്യൻ സാമ്രാജ്യത്തിലെ സഭയിലോ ഭാരതത്തിലെ സഭയിലോ ഉണ്ടായില്ല എന്നുവേണം കരുതുവാൻ.

എഫേസോസ് സൂനഹദോസാണ് അടുത്ത പ്രധാന സഭായോഗം. ''ക്രിസ്തു ഏക വ്യക്തിയാണ്; ക്രിസ്തു ഏകനാണ്'' എന്ന സത്യത്തിന്റെ പ്രഘോഷണമാണ് അവിടെ നടന്നത്. എന്നാൽ എഫേസോസ് കൗൺസിൽ, സഭയിൽ വലിയൊരു വിഭജനത്തിന് കളമൊരുക്കി. അലക്സാണ്ട്രിയാക്കാരും അന്ത്യോക്യക്കാരും രണ്ടു ചേരികളിലായി തിരിയുന്നതിന് ഇത് കാരണമായി. രണ്ടു കൂട്ടരും സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടവരായിരുന്നു; എന്നാൽ വ്യത്യസ്ത ചിന്താശൈലി സ്വാംശീകരിച്ച ഇരുകൂട്ടരും പരസ്പരം മനസ്സിലാക്കുന്നതിലും സ്നേഹബുദ്ധ്യാ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും പരാജയപ്പെട്ടു. സത്യവിശ്വാസംപോലെതന്നെ പ്രധാനപ്പെട്ടതാണ് ക്രൈസ്തവസ്നേഹം. സ്നേഹത്തിന്റെ വലിയ പ്രമാണം വിസ്മരിക്കപ്പെട്ടപ്പോൾ ക്രിസ്തീയ സാരസത്തയിൽ നിന്ന് ക്രിസ്ത്യാനികൾ അകലാൻ തുടങ്ങി. ഇന്നും നിലനില്ക്കുന്ന ഒരു പിളർപ്പ് എഫേസോസിന്റെപേരിൽ ഉടലെടുത്തു. എന്നാൽ നാം ജീവിക്കുന്ന ഈ കാലയളവിൽ എഫേസോസിനെ സംബന്ധിച്ച് കുറേക്കൂടി പൂർണ്ണമായ കാഴ്ചപ്പാട് ഉരുത്തിരിയുന്നുണ്ട്. എഫേസോസിലെ ഇരുവിഭാഗങ്ങളെയും കുറേക്കൂടി വസ്തുനിഷ്ഠമായി കാണാൻ സാധിക്കുന്നു. അലക്സാണ്ട്രിയാക്കാർ ഏകവ്യക്തിത്വത്തിനും അന്ത്യോക്യക്കാർ രണ്ടുസ്വഭാവങ്ങൾക്കും ഊന്നൽ കൊടുത്തു. രണ്ടു കൂട്ടരും സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. എന്നാൽ പരസ്പരം മനസ്സിലാക്കാൻ അവർ പരാജയപ്പെട്ടു. നാം സത്യവിശ്വാസം ഉയർത്തിപ്പിടിക്കുന്നതോടൊപ്പം, വ്യത്യസ്ത പദപ്രയോഗങ്ങളിലൂടെ ഈ സത്യം അവതരിപ്പിക്കുന്ന സഹക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ അംഗീകരിക്കാനും തയാറാകണം എന്ന് എഫേസോസ് സിനഡ് പഠിപ്പിക്കുന്നു.

അടിസ്ഥാന സത്യം സംബന്ധിച്ച് നമ്മോടു യോജിക്കുന്നവരെ മനസ്സിലാക്കി ധാരണയിലും കൂട്ടായ്മയിലും ജീവിക്കുകയാണുവേണ്ടത്; നമ്മിൽനിന്ന് വ്യത്യസ്തമായ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നതിനാൽ അവർ തെററിലാണെന്ന് നാം കരുതേണ്ടതില്ല. അങ്ങനെ പുതിയൊരു ചിന്താധാരയ്ക്ക് ഇന്നത്തെ എക്യുമെനിക്കൽ മനുഷ്യൻ സന്നദ്ധനാണ്. സത്യത്തിന്റെ കുത്തകക്കാരായിരുന്നുകൊണ്ട് മററ് ക്രിസ്ത്യാനികളെയെല്ലാം വിധിക്കാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നവരാരും ഇറങ്ങിപ്പുറപ്പെടാറില്ല. എഫേസോസിൽ സംഭവിച്ച അനിഷ്ടസംഭവങ്ങൾ ചരിത്രത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ സഭകൾ നിരന്തരം



ശ്രദ്ധിക്കുകയും വേണം. മഹാരഹസ്യമായ ക്രിസ്തുവിനെ ഒരേയൊരു ചിന്താധാരയിൽക്കൂടിമാത്രം സമഗ്രമായും പൂർണ്ണമായും അവതരിപ്പിക്കാനാവും, മററ് അവതരണരീതികളൊക്കെ തെററാണ് എന്ന നിലപാട് ഇന്നാരും മുറുകെപ്പിടിക്കുന്നില്ല. വിവിധ വിവരണങ്ങളുടെയും അവതരണങ്ങളുടെയും ശേഷവും നമ്മുടെ രക്ഷകൻ ഒരു മഹാരഹസ്യമായിത്തന്നെ അവശേഷിക്കുന്നു. സംശയരഹിതമായി അവിടുത്തെ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഏകവ്യക്തിത്വത്തെയും ആരാധിക്കുകയല്ലാതെ, അപഗ്രഥിക്കാൻ മനുഷ്യബുദ്ധിക്ക് കഴിവില്ല എന്ന നിത്യസത്യം നിലനില്ക്കുന്നു.

തുടർന്നുനടന്ന കൽക്കദോനിയ കൗൺസിലിലും (451) വളരെയധികം തെററിദ്ധാരണകൾ ഉണ്ടായി. അന്നത്തെ റോമൻ സാമ്രാജ്യത്തിലെ സഭയിൽപെട്ട ഈജിപ്ത്, സിറിയ എന്നീ പ്രവിശ്യകളിലെ വലിയൊരു ജനവിഭാഗം കൽക്കദോനിയ തിരസ്കരിച്ചു. ഇന്നും സമ്പൂർണമായി ഉണങ്ങാത്ത മുറിവുകളോടുകൂടി കൽക്കദോനിയായിലെ പിളർപ്പ് നിലനില്ക്കുന്നു. ഏതാണ്ട് മൂന്നുകോടിയോളം വരുന്ന ഓറിയൻറൽ ഓർത്തഡോക്സുകാരെ കൽക്കദോനിയ വിരുദ്ധചേരിയിലാക്കിയത് കൽക്കദോനിയയുടെ നടപടിപ്പിശകാണ്. കൽക്കദോനിയ അംഗീകരിക്കുന്നവരും കൽക്കദോനിയ തിരസ്ക്കരിച്ചവരും ഒരുപോലെ ''യേശുക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തിലും, അവിടുത്തെ ദൈവസ്വഭാവത്തിലും മനുഷ്യസ്വഭാവത്തിലും'' വിശ്വസിക്കുന്നവരാണ്. ഈയടുത്തകാലത്തു നടന്ന സഭൈക്യചർച്ചകളും അധ്യക്ഷന്മാരുടെ സംയുക്തപ്രസ്താവനകളും ഈകാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ ചർച്ചകളുടെ ഫലമായി സമ്പൂർണമായ കൂട്ടായ്മയിലേക്ക് റോമൻ, ബിസൻറയിൻ, യാക്കോബായ സഭകൾ അടുത്തുകൊണ്ടിരിക്കുകയാണ്.

എഫേസോസ്, കൽക്കദോനിയ കൗൺസിലുകളിലും ഭാരതത്തിലെ സഭയിൽനിന്ന് ആരും സംബന്ധിച്ചില്ല. നാം കൽക്കദോനിയ അനുകൂലികളോ, കൽക്കദോനിയ വിരുദ്ധരോ ആയിരുന്നില്ല. ഈ അടുത്തകാലത്താണ് കേരളത്തിലെ മലങ്കരനസ്രാണികളിൽ ഒരുവിഭാഗം അന്ത്യോക്യൻ യാക്കോബായസഭയുടെ കൽക്കദോനിയ വിരുദ്ധചേരിയിൽ ഉൾപ്പെട്ടത്. അത് ഇവിടുത്തെ ക്രിസ്ത്യാനികൾ ആഗ്രഹിച്ചതുകൊണ്ട് സംഭവിച്ചതുമല്ല. കൂനൻകുരിശുസത്യംവരെയെങ്കിലും (1653) മലങ്കരനസ്രാണികൾ ഓറിയൻറൽ ഓർത്തഡോക്സ് ചേരിയിലല്ലായിരുന്നു. ചരിത്രം നമ്മുടെമേൽ കെട്ടിവച്ച ഭാരം നാം ചുമക്കുകയാണ്.

കൽക്കദോനിയ സിനഡ് പഠിപ്പിക്കുന്ന രക്ഷാകര രഹസ്യത്തിന്റെ സാരസത്ത യാക്കോബായാസഭകളും അംഗീകരിക്കുന്നു; അവരും എന്നും അംഗീകരിച്ചിരുന്നു. പരസ്പരം മനസ്സിലാക്കുവാൻ ശ്രമിച്ചപ്പോൾ ചുററും ഉയർന്നുനിന്ന മതിലുകൾ താനേതകർന്നുവീഴുന്ന കാഴ്ച ഏവ

www.malankaralibrary.com



രെയും അത്ഭുതസ്തബ്ധരാക്കി. പരസ്പരം കുററാരോപണത്തിന് ഇന്നാരും മുതിരുന്നില്ല. ഓരോ സഭയെയും അതായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കി അംഗീകരിച്ച് ഭ്രാതൃസഹജമായ സ്നേഹത്തോടുകൂടി ഐക്യത്തിനുള്ള വഴികൾ ആരായുന്നതിൽ സന്മനസ്സുള്ള മനുഷ്യരെല്ലാം ഇന്ന് സന്നദ്ധരാണ്. 'ഐക്യം മാത്രമാണ് ക്രിസ്തീയ ജനതയുടെ പുരോഗതിക്കടിസ്ഥാനം; സ്നേഹവും സഹകരണവും മാത്രമേ നമുക്കു ദൈവാനുഗ്രഹം സമ്പാദിച്ചുതരികയുള്ളു' എന്ന ചിന്ത എല്ലാവരെയും ഭരിക്കുന്നു. ചരിത്രം കെട്ടിയേല്പിച്ച പിളർപ്പിൻെറ പാപംനിറഞ്ഞ ഭാണ്ഡക്കെട്ട് ദൂരെ വലിച്ചെറിയാൻ സഭാദ്ധ്യക്ഷന്മാർ സന്നദ്ധരായിരിക്കയാണ്. ''അവതരിച്ച വചനമായ ദൈവത്തിൻെറ ഏകസ്വഭാവം'' എന്ന സിറില്ലിയൻ ചദപ്രയോഗവും കൽക്കദോനിയായുടെ 'ഇരുസ്വഭാവങ്ങളിൽ' എന്ന പദപ്രയോഗവും, ഉപയോഗിച്ച പശ്ചാത്തലങ്ങളിൽ ശരിയായി മനസ്സിലാക്കിയാൽ സത്യവിശ്വാസമാണ് പ്രഘോഷിക്കുന്നത് എന്ന് ധാരണയായിട്ടുണ്ട്. ''ഏകസ്വഭാവം'' എന്ന് വി. സിറിൽ പറഞ്ഞത് ഏകആളിനെയും ''ഇരുസ്വഭാവങ്ങളിൽ'' എന്നത് ദൈവസ്വഭാവത്തെയും മനുഷ്യസ്വഭാവത്തെയും കുറിക്കുന്നു. അമ്മാനുവേൽ ഏകനും അഭിഭാജ്യനും ഏകസ്വഭാവവുമാകുന്നു. അവിടുത്തെ ''ഏകസ്വഭാവം'' ഇരുസ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുന്നില്ല. അവിടുത്തെ ''ഇരുസ്വഭാവം'' ഏകവ്യക്തിത്വത്തെ നിഷേധിക്കുന്നില്ല— സ്നേഹരാഹിത്യമാണ് കൽക്കദോനിയായുടെ പരാജയത്തിനും കാരണം. ക്രൈസ്തവസ്നേഹമാണ് ഈ പരാജയത്തിൽനിന്ന് മോചനം പ്രാപിക്കാനുള്ള മാർഗം.

കോൺസ്ററാൻറിനോപ്പിളിലെ രണ്ടാം സൂനഹദോസും (553) യേശുക്രിസ്തുവിൻെറ ഏകവ്യക്തിത്വത്തെ ഊന്നിപ്പറഞ്ഞു. എന്നാൽ മൺമറഞ്ഞുപോയ പിതാക്കന്മാരെ ശപിക്കാൻ തിടുക്കംകൂട്ടിയത് സാഹസമായിപ്പോയി. സിനഡിൽക്കൂടിയവരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യേണ്ടെങ്കിലും നടപടിക്രമത്തിൽ പിശകുപററിയിട്ടുണ്ട്. കൽക്കദോനിയായിൽ ചെയ്ത ശാപങ്ങളെ സംബന്ധിച്ചും ഇതുതന്നെ പറയാൻ സാധിക്കും.

ആറാമത്തെ സൂനഹദോസും കോൺസ്ററാൻറിനോപ്പിളിൽവച്ചാണ് നടന്നത് (680-1). ക്രിസ്തുവിന് ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉള്ളതിനാൽ ദൈവികമായ ഇച്ഛയും മാനുഷികമായ ഇച്ഛയും ഉണ്ട് എന്നകാര്യം ഈ സിനഡ് സ്പഷ്ടമാക്കി. ഏഴാമത്തെ സിനഡായ രണ്ടാം നിഖ്യാസിനഡ് (787) പ്രതിച്ഛായകളുടെ നിർമ്മാണവും വണക്കവും സംബന്ധിച്ചാണ്. ഈ രണ്ടു സിനഡുകളുടെ പ്രബോധനവും തർക്കവിഷയമല്ല.



ഈ സിനഡുകളുടെ ഡിക്രികൾ ഒരുപേരിലല്ലെങ്കിൽ മറെറാരു പേരിൽ പല സഭകളും സ്വീകരിച്ചിട്ടുണ്ട്. പിളർപ്പിനുമുമ്പുള്ള അവസ്ഥയിലേപ്പോലെ എല്ലാ അപ്പസ്തോലികസഭകളുംകൂടി ഒരുമിച്ച് സിനഡുകൾ കൂടുവാൻ ദൈവം ഇടയാക്കട്ടെ. എല്ലാററിനുമുപരി ക്രിസ്ത്യാനികളെ ഭരിക്കേണ്ടത് സ്നേഹമാണ് എന്നകാര്യം സഭകളെ ഭരിക്കുന്ന ചൈതന്യമാണ്.

നാമിന്നു ജീവിക്കുന്നത് അഞ്ചാം നൂററാണ്ടിലോ ആറാം നൂററാണ്ടിലോ അല്ല. അന്നത്തെ മനുഷ്യരുടെ പ്രശ്നങ്ങളല്ല ഇന്നു നമ്മുടെ മുൻപിലുള്ളവ. നാം നൂററാണ്ടുകൾ പിന്നിട്ടിരിക്കുന്നു. മനുഷ്യൻ ശാസ്ത്രസാങ്കേതിക തലത്തിൽ വളരെ പുരോഗമിച്ചിരിക്കുന്നു. മനുഷ്യൻെറ ശൈലിമാറി; ചിന്താരീതിമാറി; ഇന്നു ലോകം വളരെ ചെറുതായി. സമ്പർക്കമാധ്യമങ്ങൾവഴി വിവിധ ജനപദങ്ങൾ തമ്മിലുള്ള അകല്ച കുറഞ്ഞു. നാമിന്നൊരു വിശ്വകുടുംബമായി മാറിയിരിക്കുന്നു. ആദ്യ നൂററാണ്ടുകളിലെ പദപ്രയോഗങ്ങൾക്കൊക്കെ പ്രസക്തിയുണ്ടായിരുന്നു; എന്നാൽ ഇന്നത്തെ മനുഷ്യന് പ്രസക്തമായ ശൈലി നാം കണ്ടുപിടിക്കണം. നൂററാണ്ടുകൾക്കപ്പുറത്തു ജീവിച്ച മനുഷ്യർ, നമുക്കെത്ര പ്രിയപ്പെട്ടവരായിരുന്നാലും, കൈമാറിത്തന്ന വിഭജനത്തിൻെറയും കലഹത്തിൻെറയും പൈതൃകം അടുത്ത തലമുറയിലേക്കു നാം കൈമാററാൻ പാടില്ല. മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കുന്ന നാളത്തെ മനുഷ്യന് പ്രയോജനകരമായതുമാത്രം കൈമാറാം. മററുള്ളവയൊക്കെ വലിച്ച് ദൂരെയെറിയാം. നമ്മുടെ ചുററുമുള്ള ക്രൈസ്തവസഹോദരങ്ങളെപ്പററി നമുക്കു ചിന്തിക്കാം. വളരെ അകലെ കഴിയുന്നവരും സാംസ്കാരികമായി നാമുമായി യാതൊരു ബന്ധവുമില്ലാത്തവരുമായുള്ള ബന്ധം നമുക്കുണ്ടെങ്കിൽ നാമത് നിലനിർത്തുന്നതിന് മടിക്കേണ്ട. അതിനേക്കാളുപരി ഭാഷാപരമായും സാംസ്കാരികമായും ദേശീയമായും മതപരമായും ജാതീയമായും ബന്ധമുള്ള ചുററുമുള്ള ക്രിസ്ത്യാനികളെ നമുക്കു പരിഗണിക്കാം. അവരെ അവഗണിച്ചിട്ട് വിദൂരത്തിലുള്ളവർ ഞങ്ങളുടെ കൂട്ടായ്മയാണ്, നിങ്ങൾ കൂട്ടായ്മയിലല്ല എന്നു പറയുന്നത് ക്രൈസ്തവവിരുദ്ധമാണ്. കേരളത്തിലെ കത്തോലിക്കാ, യാക്കോബായാ, ഓർത്തഡോക്സ്, മാർത്തോമ്മാ, സൂറായി, സി. എസ്. ഐ. സഭകൾക്ക് കൗദാശികമായിത്തന്നെ യോജിക്കാനുള്ള തലങ്ങൾ നിരവധിയാണ്. അടിസ്ഥാനപരമായി ഈ സഭകളെല്ലാം സത്യവിശ്വാസികളും വിശ്വാസത്തിൻെറ സാരസത്ത സ്വാംശീകരിച്ചവരുമാണ്. വിശ്വാസത്തിൻെറ എല്ലാത്തലങ്ങളിലും നൂറുശതമാനം ഐക്യമോ ഐക്യരൂപ്യമോ കൈവന്നശേഷമേ കൗദാശികമായ ഐക്യം പാടുള്ളു എന്നു വാദിച്ചാൽ, അത് സ്വർഗത്തിലേ നടക്കൂ എന്നു പറയേണ്ടിവരും. കേരളത്തിലെ മാർത്തോമ്മാ—സി. എസ്. ഐ. സഭകൾ കൂട്ടായ്മയിലെത്തിയതുപോലെ

www.malankaralibrary.com



മേല്പറഞ്ഞ സഭകൾക്കെല്ലാംകൂടി ഒരു കൂട്ടായ്മ തത്വം കണ്ടുപിടിക്കാവുന്നതാണ്. അതിനുള്ള വിശാലമായ കാഴ്ചപ്പാട് ദൈവം സഭകൾക്കു സൗജന്യദാനമായി നല്കട്ടെ.

അതിനെതിരെ നിരവധി കാരണങ്ങൾ നിരത്തിവയ്ക്കാനാവും. ഇന്നലെയുടെ ഉണങ്ങാത്ത മുറിവുകൾ ഇന്നും കണ്ടേക്കാം. എന്നാൽ കഴിഞ്ഞ തലമുറകളിലെ മുറിവുകൾ കുത്തിവലുതാക്കാൻ സഭകൾ ശ്രമിക്കരുത്. സഭകളെ തമ്മിൽ അകററുന്നതൊന്നും സഭകളുടെ ഭാഗത്തുനിന്നുണ്ടാകരുത്. അപ്രകാരം ആത്മാർത്ഥത നിറഞ്ഞ ഒരു സമീപനത്തിന് നേതൃത്വം നല്കാൻ ആര് മുമ്പോട്ടുവരും? ഈ ധാരണയ്ക്ക് ആരെല്ലാം സന്നദ്ധരാണ്?

**ഫാ. ജി. ചേടിയത്ത്**

മലങ്കര മേജർ സെമിനാരി,
നാലാഞ്ചിറ,
തിരുവനന്തപുരം—695 015.
19—12—1996.

## അധ്യായം 1

# നിഖ്യാസൂനഹദോസ് (325)

### ആമുഖം

നിഖ്യായിൽ വച്ച്[1] '318' മെത്രാൻമാർ 325—ാമാണ്ടിൽ സഭാചരിത്രത്തിലെ വലിയൊരു സൂനഹദോസ് കൂടി. ആദ്യത്തെ സാർവ്വത്രിക സൂനഹദോസായി ഇത് അറിയപ്പെടുന്നു. ആരിയൂസ് എന്ന അലക്സാണ്ഡ്രിയൻ വൈദികൻെറ അബദ്ധോപദേശത്തെ എതിർത്തു സത്യവിശ്വാസം പഠിപ്പിക്കാനാണ് ഈ സൂനഹദോസ് കൂടിയത്. 'വചനം' സൃഷ്ടിയാണെന്നും പിതാവിന് തുല്യനല്ലെന്നും പിതാവിനും പുത്രനും രണ്ട് സത്തയാണെന്നും പുത്രനില്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നെന്നും മററും ആരിയൂസ് പഠിപ്പിച്ചു. കോൺസ്ററൻറയിൻ ചക്രവർത്തിയാണ് (+337) സൂനഹദോസ് വിളിച്ചുകൂട്ടിയത്.

### ആരിയൂസിൻെറ അബദ്ധോപദേശം

ആരിയൂസ് 270—ൽ ലിബിയയിൽ ജനിച്ചു. അലക്സാണ്ഡ്രിയായിലെ പീററിൻെറ ഭരണകാലത്ത് (300—311) ആരിയൂസ് ലിക്കോപ്പൊളീസിലെ മെലീഷ്യസിൻെറ പക്ഷം ചേർ

---

1. ബിഥീനിയായിലെ നിഖ്യായുടെ ഇന്നത്തെ പേര് ടർക്കിയിലെ ഇസ്നിക് എന്നാണ്. നിഖ്യാസൂനഹദോസിൽ സംബന്ധിച്ച മിക്ക മെത്രാൻമാരും പൗരസ്ത്യരായിരുന്നു. പാശ്ചാത്യർ താഴെപ്പറയുന്നവരാണ്: കൊർദോവായിലെ ഹോസിയൂസ് (+375), കാർത്തേജിലെ ചെച്ചീലിയൻ(+345), കലാബ്രിയയിലെ മർക്കോസ്, ദീയോനിലെ നിക്കോസിയൂസ്, സ്ത്രീദോയിലെ (പന്നോണിയ) ദോമ്നൂസ്, റോമിലെ വൈദികരായ വീത്തൂസ്, വിൻസെൻറ്. ആദ്യം കൗൺസിലിൽ പ്രസംഗിച്ചതാര് എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു. ആദ്യം ഒപ്പിട്ടിരിക്കുന്നത് ഹോസിയൂസും പിന്നെ റോമൻ വൈദികരുമാണ്. മേയ് മധ്യത്തിൽ അനൗപചാരിക ചർച്ചകൾ തുടങ്ങി. സിനഡ് ആഘോഷമായി തുടങ്ങിയത് ജൂൺ 19/20-നും അവസാനിച്ചത് ആഗസ്ററ് 25—നുമാണ്.

www.malankaralibrary.com



ന്നു. പിന്നീട് ആ ഗ്രൂപ്പിൽനിന്ന് മാറി 307—ൽ ശെമ്മാശനായി. മെലീഷ്യസിനെതിരെ എടുത്ത സഭാനടപടികളിൽ ആരിയൂസ് പ്രതിഷേധിച്ചു. അതിന്റെ പേരിൽ സഭാഭ്രഷ്ടനാക്കപ്പെട്ടെങ്കിലും 311—ൽ മുടക്ക് പിൻവലിക്കപ്പെടുകയും വൈദികനായി നിയമിതനാകുകയും ചെയ്തു. പീററിന്റെ പിൻഗാമിയായ അക്കില്ലെസാണ് (311—312) ആരിയൂസിന് പട്ടംകൊടുത്തത്. അക്കില്ലെസിന്റെ പിൻഗാമി അലക്സാണ്ഡർ (312—328) ആരിയൂസിനെ ബൗകാലിസ് ഇടവകയുടെ ചുമതല ഏല്പിച്ചു.

അന്ത്യോക്യയിലെ ലൂസിയൻ എന്ന അദ്ധ്യാപകന്റെ 'സബോർഡിനേഷൻ' ചിന്താരീതികൾ ആരിയൂസ് സ്വീകരിച്ചു. പുത്രനെ പിതാവിൽനിന്ന് താണപടിയിൽ കരുതുന്നതാണ് ഈ അബദ്ധ ചിന്ത. ലൂസിയനെ തന്റെ ഗുരുവായി ആരിയൂസ് ചിത്രീകരിക്കുന്നുണ്ട്. 318-ഓടുകൂടി തന്റെ മെത്രാനുമായി ഗൗരവമേറിയ കാര്യങ്ങളിൽ ആരിയൂസ് ഇടറി. 'പുത്രൻ സൃഷ്ടിയാണ്, ഇല്ലായ്മയിൽനിന്ന് നിർമ്മിക്കപ്പെട്ടതാണ്' എന്നും 'അവൻ ഇല്ലാതിരുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നു' എന്നും ആരിയൂസ് പഠിപ്പിച്ചു. നിഖ്യായ്ക്കുശേഷം 336–ൽ കോൺസ്റ്റന്റയിനുമായുള്ള ഒരു സംഭാഷണംവഴി 'തന്റെ സത്യവിശ്വാസം' തെളിയിക്കാൻ ആരിയൂസിനു സാധിച്ചു. ടയർ, ജറുസലേം എന്നിവിടങ്ങളിൽവച്ച് 335—ൽ എടുത്ത തീരുമാനം ആരിയൂസിനെ തിരികെ എടുക്കണം എന്നതായിരുന്നു. തിരികെ എടുക്കാൻ കോൺസ്റ്റന്റയിൻ കല്പനയും കൊടുത്തു. എന്നാൽ അതിന്റെ തലേദിവസം കോൺസ്റ്റാന്റിനോപ്പിളിലെ ഒരൊഴിഞ്ഞ സ്ഥലത്ത് ആരിയൂസ് മരിച്ചുവീണു.[2]

കൊർദോവായിലെ ഹോസിയസ്, ചക്രവർത്തിയുടെ പ്രധാന മതോപദേഷ്ടാവായിരുന്നു. റോമിലെ സിൽവെസ്റ്റർ മാർപ്പാപ്പായെ പ്രതിനിധീകരിച്ച് സൂന്നഹദോസിൽ സംബന്ധിച്ചവർ വിക്ടർ (വീത്തുസ്), വിൻസെന്റ് എന്നീ വൈദികരാ

2. cf. ജി. ചേടിയത്ത്, ആദിമസഭാപിതാക്കൻമാർ, 1993 പേ.25—43.



യിരുന്നു. പുതിയ കണ്ടുപിടിത്തങ്ങളും മററും നടത്താനല്ല പിതാക്കൻമാർ മുതിർന്നത്. തങ്ങൾക്കു കിട്ടിയ പ്രബോധനം അഭംഗുരം പിൻതലമുറയ്ക്ക് പകർന്നുകൊടുക്കണം. അതിൽ മായം ചേർക്കാൻ അനുവദിക്കരുത്. സത്യവിശ്വാസ പ്രബോധനത്തിൽ പാളിച്ച പററാൻ പാടില്ല. അതിലവർ സർവശ്രദ്ധയും കേന്ദ്രീകരിച്ചു. അവരുടെ ആത്മാർത്ഥത പ്രശംസനീയം തന്നെ. നിഖ്യാ ഒരു വിശ്വാസപ്രമാണം സ്വീകരിച്ചു. അതോടൊപ്പം ഇരുപത് കാനോനാകളും എഴുതി ഉണ്ടാക്കി. '318' ബാവാൻമാർ എന്നത് ആലങ്കാരികഭാഷയിൽ മനസ്സിലാക്കണം എന്നാണ് പണ്ഡിതമതം.[3] സിനഡ് ആരിയൂസിനെ സഭാഭ്രഷ്ടനാക്കി; മെലീസിയൂസിന്റെ ശീശ്മ ചർച്ചചെയ്ത് പരിഹാരം നിർദ്ദേശിച്ചു. 'കത്തറി' എന്ന ഗ്രൂപ്പുകാരുടെ ഐക്യത്തിന് ഫോർമുല ഉണ്ടാക്കി. 'ഉയിർപ്പുതിരുനാൾ' സംബന്ധിച്ച വൈവിധ്യ പാരമ്പര്യം അവസാനിപ്പിച്ച് സഭയിൽ ആകമാനം ഐകരൂപ്യം വരുത്താൻ ശ്രമിച്ചു.

### നിഖ്യാവിശ്വാസപ്രമാണം[4]

സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽ നിന്ന് ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനും ആയ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷ

3. E. HONIGMANN, 'La liste Originale des Peres de Nicee, *Byzantion* 14 (1939)' p. 17—76; Idem, 'The Original Lists of the Members of the Council of Nicaea...' *in Byzantion* 16 (1942—3), p. 21 ff. പങ്കെടുത്തവരുടെ പട്ടിക താഴെ കാണുക.

4. A. HAHN—G. L. HAHN *Bibliothek der Symbole und Glaubensregeln der alten Kirche*, Hildesheim 1962, p. 160—161; W. A. JURGENS, *The Faith of the Early Fathers* vol. 1, Collegeville 1970, p. 281, N. P. Tanner, p. 5; ആദിമസഭാപിതാക്കൻമാർ, പേ. 30.

www.malankaralibrary.com



യ്ക്കും വേണ്ടി താഴേക്കിറങ്ങി ശരീരമെടുത്ത്, മനുഷ്യനായി. അവൻ കഷ്ടപ്പെട്ടുമരിക്കുകയും വീണ്ടും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുൻപ് അവൻ ഇല്ലാതിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽനിന്ന് അവൻ നിർമ്മിക്കപ്പെട്ടു' എന്നോ, 'അവൻ മറ്റൊരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്' എന്നോ, 'അവൻ ഒരു സൃഷ്ടിയാണ്' എന്നോ, 'മാറ്റത്തിനും വ്യതിയാനത്തിനും വിധേയനാണ്' എന്നോ ദൈവപുത്രനെപ്പറ്റി പറയുന്ന എല്ലാവരേയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.

പലസ്തീനയിലെ കേസറിയയിൽ ഉപയോഗത്തിലിരുന്ന വിശ്വാസപ്രമാണം[5] മെത്രാനായ എവുസേബിയസ് നിഖ്യായിലെ സിനഡിൽ അവതരിപ്പിച്ചെന്നും ചില്ലറ മാറ്റങ്ങളോടുകൂടി സിനഡ് അത് അംഗീകരിച്ചെന്നുമായിരുന്നു പൊതുധാരണ. എന്നാൽ ജറുസലേം സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണമാണ്[6] ഭേദഗതികളോടുകൂടി നിഖ്യാ സ്വീകരിച്ചത് എന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം.

**ഹോമോഉസിയോസ്**[7]

'ഹോമോഉസിയോൻ തോ പാത്രി' 'സത്തയിൽ പിതാവിനോട് സമത്വമുള്ളവൻ' എന്നത് അതേ വാക്കുകളിൽ വേദപു

---

5. A Select Library of Nicene and Post-Nicene Fathers of the Christian Church, Second Series, Vol. 14, (=NPNF) p. 3. A. Hahn, *ibid.* 131—2. Stevenson, p. 364-7. ആദിമസഭാപിതാക്കൻമാർ, പേ. 192; സൊക്രാട്ടസ്, സഭാചരിത്രം, 1. 8: ജി. ചേടിയത്ത്, പേ. 46-48.
6. A. Hahn, 132—4; കെല്ലി, പേ. 183—4. ആദിമസഭയുടെ സന്ദേശം 1994. പേ. 177.
7. 'ഹോമോഉസിയോസ്' എന്ന പദപ്രയോഗം ഉൾക്കൊള്ളുന്ന നിഖ്യാ വിശ്വാസപ്രമാണം താൻ അംഗീകരിച്ചതിനെ ന്യായീകരിച്ചുകൊണ്ട് സിനഡിന്റെ അവസാനം എവുസേബിയസ് തന്റെ രൂപതയായ കേസറിയായിലേക്ക് ഒരു കത്ത് അയയ്ക്കുകയുണ്ടായി. cf. സൊക്രാട്ടസ്, സഭാചരിത്രം, 1. 8. തിയഡൊറെറ്റ്, സഭാചരിത്രം 1. 12:1; ആദിമസഭാപിതാക്കൻമാർ, പേ. 192.



സ്തകത്തിൽ കാണുന്ന പ്രയോഗമല്ല. എന്നാൽ അതേ ആശയം സ്പഷ്ടമായി വേദപുസ്തകത്തിൽ ഉടനീളം ഉണ്ട്. 'സമസത്ത' എന്ന് മലയാളത്തിലും 'ബർക്യാന' എന്നും 'ബർഈസൂസാ' എന്നും സുറിയാനിയിലും തർജ്ജമ ചെയ്യാം.[8] തികച്ചും വേദപുസ്തകാധിഷ്ഠിതമായ പദപ്രയോഗങ്ങൾകൊണ്ടൊരു വിശ്വാസപ്രമാണം ക്രോഡീകരിക്കുക എന്നതായിരുന്നു നിഖ്യായുടെ പ്രാരംഭ ലക്ഷ്യം. അത് അസാദ്ധ്യമായി തീർന്നപ്പോൾ 'സമസത്ത' എന്ന പദം സ്വീകരിക്കപ്പെട്ടു. തുല്യമായ, അതേ സത്ത, ഒരേ സത്തയിൽനിന്നുള്ള ഭാഗഭാഗിത്വം, ഒരേ സാരാംശം. അങ്ങനെ പിതാവിന്റെയും പുത്രന്റെയും ഒരേ സത്തയെ (സാരാംശത്തെ) കുറിക്കാൻ ഈ പദം പര്യാപ്തമായിത്തീർന്നു. പിതാവും പുത്രനും ഒരാളല്ല, രണ്ടാളുകളാണ്, അതേ സമയം ഒരേ സത്തയാണ് എന്ന സംഗതി ഈ പദം വ്യക്തമാക്കി. ഇരനെയൂസ് നാലു പ്രാവശ്യം ഇതുപയോഗിച്ചിട്ടുണ്ട്. ഒരിജൻ നിഖ്യായുടെ അർത്ഥത്തിൽ ഇത് പ്രയോഗിച്ചു. തെർത്തുല്യൻ ഇതേ അർത്ഥം വരുന്ന വാക്ക് (unius substantiae) രണ്ടു പ്രാവശ്യം ഉപയോഗിച്ചു. എന്നാൽ സാമസോട്ടക്കാരൻ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാനെ 268—ൽ മുടക്കിയ മെത്രാൻമാർ ഈ പദം തിരസ്കരിക്കുകയാണ് ഉണ്ടായത്. പൗലോസ് പാഷണ്ഡത ധ്വനിക്കത്തക്ക രീതിയിൽ ഇത് പ്രയോഗിച്ചതത്രേ കാരണം.[9]

**നിഖ്യായുടെ കാനോനകൾ ഇരുപതുമാത്രം**[10]

സൈറസിലെ തിയാഡൊറെറ്റ്, സിസിക്കുസിലെ ജലാസിയുസ്,[11] ആദിയായവർ നിഖ്യായുടെ കാനോനകൾ ഇരുപതു മാത്രമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആഫ്രിക്കൻ മെത്രാൻമാരും റോമൻ മെത്രാനും തമ്മിലുണ്ടായ ഒരു ചർച്ചയിലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടു. നിഖ്യായുടെ കാനോനകളുടെ എണ്ണത്തെ സംബന്ധിച്ച് തർക്കം ഉണ്ടായപ്പോൾ,

---

8. cfr, തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ, ചേടിയത്ത്, പേ. XXV.
9. *NPNF.* p. 4.
10. NEPF. p. 8ff; N.P. Tanner, I, p. 6—16.
11. അക്വിലെയായിലെ റൂഫീനസ് ആറും എട്ടും കാനോനകൾ ഈരണ്ടായി പിരിച്ചാണ് ലത്തീനിലേക്ക് വിവർത്തനം ചെയ്തത്.

www.malankaralibrary.com



അന്ത്യോക്യാ, അലക്സാണ്ഡ്രിയാ, കോൺസ്റ്റാൻറിനോപ്പിൾ എന്നീ പാത്രിയാർക്കേററുകൾ കാനോനകൾ ഇരുപതു മാത്രമാണെന്ന് തറപ്പിച്ച് സ്പഷ്ടമായി അറിയിച്ചു. നാലും അഞ്ചും നൂററാണ്ടുകളിൽ ക്രോഡീകരിക്കപ്പെട്ട കാനോനിക സമാഹാരങ്ങളിലെല്ലാം നിഖ്യായുടെ ഇരുപതു നിയമങ്ങളേയുള്ളു. എന്നാൽ നിഖ്യായുടെതായി 80 കാനോനകൾ 'അറബിക്കാനൻ' എന്ന പേരിൽ അറിയപ്പെടുന്നുണ്ട്.[12] പൗരസ്ത്യരുടെ ഇടയിൽ ഇവയ്ക്ക് പ്രചുരപ്രചാരം ഉണ്ടായിരുന്നു. പല സിനഡുകളുടെ കാനോനകൾ ഒന്നിച്ചു ചേർന്നതാണ് ഈ 80 കാനോനകൾ.[13]

## നിഖ്യായും ബ്രഹ്മചര്യവ്രതവും

വൈദിക സ്ഥാനത്തുള്ളവർ ബ്രഹ്മചര്യവ്രതം പാലിക്കണം, വൈവാഹിക ജീവിതം പാടില്ല എന്ന തരത്തിൽ ഒരു നിയമം നിഖ്യായിൽ പാസാക്കാൻ കൊർദോവയിലെ ഹോസിയൂസ് മുതിർന്നു. ഉത്തര തേബായിസിലെ മെത്രാനായ പഫ്നൂസിയൂസ് ഇതിനെ എതിർത്തു. ജീവിതകാലം മുഴുവൻ വളരെ താപസജീവിതം നയിക്കയും ബ്രഹ്മചാരിയായി വർത്തിക്കയും പീഡനങ്ങൾ സഹിക്കയും ചെയ്ത പഫ്നൂസിയൂസിനെ എതിർത്തു നിയമം പാസാക്കാൻ ആരും മുതിർന്നില്ല. അത്ഭുതപ്രവർത്തകനായ പഫ്നൂസിയൂസിനെ കോൺസ്ററൻറയിൻ വളരെയധികം ബഹുമാനിച്ചിരുന്നു. മതപീഡനത്തിൽ അദ്ദേഹത്തിൻെറ കാഴ്ച നഷ്ടപ്പെട്ടു. ആ കൺകുഴിയിൽ ചക്രവർത്തി ചുംബിച്ചിരുന്നു. 'ഭാരമേറിയ നുകം വൈദികരുടെമേൽ വയ്ക്കരുത്'' എന്ന് പഫ്നൂസിയൂസ് പ്രസ്താവിച്ചു. വൈദികപട്ടം സ്വീകരിച്ചതിനുശേഷം ആരും വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം പൊതുവേ എല്ലാവരും സ്വീകരിച്ചു. വിവാഹം

---

12. 85 എണ്ണം ചില സമാഹാരങ്ങളിലുണ്ട്: അപ്പസ്തോലിക കാനോനകൾ: ജി. ചേടിയത്ത്, സഭാപിതാക്കൻമാർ, 1, 1987, പേ. 178ff.

13. ഇവയ്ക്കു പുറമെ നിഖ്യായുടേതായി മററ് ചില കാനോനിക സമാഹാരങ്ങളും ഉണ്ട്. cf. MANSI vol. 6; W. A. JURGENS, *op. cit.* p. 282; ''മാർ മാറൂഥായുടെ കാനോനാകൾ'' 73 എണ്ണമുണ്ട്. ജി. ചേടിയത്ത്, കോട്ടയം, 1989.



കഴിച്ചശേഷം പട്ടം സ്വീകരിക്കുന്നവർ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല. ഗ്രീക്കു സഭയിൽ ശെമ്മാശപട്ടം കിട്ടിയശേഷമാണ് വിവാഹം കഴിക്കുന്നത്. അതിനുമുൻപ് വേണമെങ്കിൽ മെത്രാൻെറ അനുവാദം വാങ്ങിയിരിക്കണം. പിൽക്കാലത്ത് പാശ്ചാത്യസഭ ബ്രഹ്മചര്യനിയമം കർക്കശമാക്കി! 'വൈദിക സ്ഥാനങ്ങളിലുള്ളവർ വിവാഹജീവിതത്തിൽ നിന്നകന്നിരിക്കണം; വിവാഹിതരാണെങ്കിൽ ഭാര്യയിൽനിന്ന് അകലണം'. ഗ്രീക്കു സഭ അത്തരം വിലക്കുകളൊന്നും നൽകിയില്ല; എന്നാൽ ഗ്രീക്കുസഭ വൈദികർക്ക് രണ്ടാം വിവാഹം വിലക്കുന്നു.

## ഉയിർപ്പുപെരുന്നാൾ പ്രശ്നം[14]

കത്തോലിക്കാ സഭയിൽ വിവിധ സ്ഥലങ്ങളിൽ ഉയിർപ്പുപെരുന്നാൾ ഒരേ സമയത്തല്ല ആചരിച്ചിരുന്നത്. തത്സംബന്ധമായി വിവിധ തർക്കങ്ങൾ ഉണ്ടായി. നിഖ്യായുടെ കാലത്തും അതേ തുടർന്നും ഉണ്ടായ തർക്കത്തെ സംബന്ധിച്ച് ചുരുക്കമായി വിവരിക്കാം. അലക്സാണ്ഡ്രിയക്കാർ 19 വർഷചക്രവും റോമാക്കാർ 84 വർഷചക്രവുമാണ് ഉപയോഗിച്ചിരുന്നത്. ഞായറാഴ്ചയാണെങ്കിൽ നീസാൻ മാസം 15-ാം തീയതിതന്നെ അലക്സാണ്ഡ്രിയാക്കാർക്ക് ഉയിർപ്പ് ആചരിക്കാമായിരുന്നു. മററവർക്ക് 16 നു ശേഷമെ അത് പാടുണ്ടായിരുന്നുള്ളു. ഏപ്രിൽ 25വരെയാകാം അങ്ങോട്ടുള്ള തീയതി അലക്സാണ്ഡ്രിയാക്കാർക്ക്; റോമർക്ക് 21 വരെ മാത്രവും. 387—ാമാണ്ടിൽ ഗോളിൽ (ഫ്രാൻസിൽ) മാർച്ച് 21 നും ഇററലിയിൽ ഏപ്രിൽ 18നും, അലക്സാണ്ഡ്രിയായിൽ ഏപ്രിൽ 25 നും ഉയിർപ്പ് ആചരിച്ചതായി അഗസ്ററിൻ സാക്ഷിക്കുന്നു (ലേഖനം, 23). പിൽക്കാലത്ത് റോം കൂടുതൽ കൂടുതൽ അലക്സാണ്ഡ്രിയൻ രീതി സ്വീകരിച്ചു. ദിവന്നാസ്യോസ് എക്സീഗൂസ് (525) അലക്സാണ്ഡ്രിയൻ രീതിയനുസരിച്ച് റോമൻ തീയതി മാററിക്കുറിക്കുകയും ഐകരൂപ്യം വരുത്തുകയും ചെയ്തു.

---

14. Cf. 'Paschal Controversies', in F. L. CROSS, *The Oxford Dictionary of the Christian Church*, London 1974, p. 1037.

www.malankaralibrary.com



**കാനോനാകൾ**

1. രോഗനിവാരണാർത്ഥം ഭിഷഗ്വരൻമാരാൽ ഓപ്പറേഷന് വിധേയരാക്കപ്പെട്ടവരും, ശത്രുക്കളാൽ ഷണ്ഡൻമാരാക്കപ്പെട്ടവരും വൈദിക സ്ഥാനത്തു നിലനില്ക്കട്ടെ. എന്നാൽ നല്ല ആരോഗ്യമുള്ളവർ സ്വയം വൃഷണഛേദനം ചെയ്താൽ, വൈദിക സമൂഹത്തിൽ പേരെഴുതപ്പെട്ടയാളാണെങ്കിലും, പൗരോഹിത്യജോലിയിൽനിന്ന് പിൻമാറട്ടെ. ഇനിമേൽ അത്തരക്കാർക്ക് പട്ടം നൽകാനേ പാടില്ല. അത്, സ്വന്ത ഇഷ്ടത്താൽ ചെയ്യുകയും വൃഷണഛേദനം നടത്തുകയും ചെയ്യുന്നവരെപ്പററിയാണ് പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാണല്ലോ. അതുകൊണ്ട് ശത്രുക്കളാലോ തങ്ങളുടെ യജമാനൻമാരാലോ ഷണ്ഡരാക്കപ്പെട്ടവർ യോഗ്യരായി കാണപ്പെട്ടാൽ, അത്തരക്കാരെ കാനൻ വൈദികഗണത്തിൽ ഉൾപ്പെടുത്തുന്നു.

**വിശദീകരണം:**

സ്വയം ഷണ്ഡരാക്കപ്പെട്ടവരെ വൈദിക ഗണത്തിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന് സഭ അനുശാസിക്കുന്നു. ചിലർ മത്തായി 19:12 വാച്യാർത്ഥത്തിലെടുത്ത് സ്വയം ഷണ്ഡരാക്കിയിട്ടുണ്ട്. ഒരിജൻ അത്തരക്കാരനായിരുന്നു.[15] എന്നാൽ ജന്മനാ ഷണ്ഡരായവരുണ്ട്: അന്ത്യോക്യായിലെ ഡൊറോത്തെവൂസ് എന്ന വൈദികൻ. കോൺസ്ററാൻറിനോപ്പിളിലെ തിഗ്രീസ്, പീഡകരാൽ ഷണ്ഡനാക്കപ്പെട്ടു.[16] നിഖ്യായുടെ കാലത്തുണ്ടായ ഏതോ ചില സംഭവങ്ങളായിരിക്കാം ഈ ഡിക്രിക്ക് ഹേതു.

2. അത്യാവശ്യം കൊണ്ടോ, വ്യക്തികളുടെ തിടുക്കം കൊണ്ടോ, സഭാനിയമത്തിനെതിരായി[17] പലകാര്യങ്ങളും നടന്നു.

15. എവുസേബിയാസ്, സഭാചരിത്രം, 6.8.1—3.

16. *Ibid.* 7. 32. 2—4; സൊക്രാട്ടസ്, സഭാചരിത്രം, 7, 15; സൊസോമൻ, സഭാചരിത്രം 1.6.24.

17. 'കാനോൻ' എന്നാണ് വാക്ക്; നിഖ്യായ്ക്ക് മുൻപുള്ള ഏതോ കാനോനായിരിക്കാം പരാമർശം. അല്ലെങ്കിൽ നടപ്പുള്ള സഭാകീഴ്വഴക്കം ആകാം.



പുറജാതികളിൽനിന്ന് വിശ്വാസത്തിലേക്ക് വന്ന നവാഗതർ, പരിശീലനം ലഭിച്ചവരെങ്കിലും കുറച്ചുകാലം മാത്രമായവർ, നേരെ ആത്മീയ സ്നാനത്തിനാനീതരാക്കപ്പെടുകയും സ്നാനാനന്തരം ഉടനെതന്നെ വൈദിക സ്ഥാനത്തേയ്ക്കോ, മെത്രാൻ സ്ഥാനത്തേയ്ക്കോ ഉയർത്തപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഒന്നും ഭാവിയിൽ സംഭവിക്കാൻ പാടില്ല എന്നുള്ളതു യുക്തമെന്നു നമുക്കു തോന്നുന്നു. കാരണം സ്നാനാർത്ഥിക്കുതന്നെ സമയവും സ്നാനം കഴിഞ്ഞ് നീണ്ട പരിശോധനയും ആവശ്യമാണ്. 'അഹങ്കരിച്ച്, ശിക്ഷയിലും പിശാചിൻെറ കെണിയിലും വീഴാതിരിക്കാൻ അവൻ ഒരു നവശിഷ്യനായിരിക്കരുത്'' (1 തിമോ. 3:6) എന്നുള്ള ശ്ലൈഹികചൊല്ല് വ്യക്തമാണല്ലോ. എന്നാൽ പിന്നീട് ഏതെങ്കിലും ലൈംഗിക പാപം[18] അവനിൽ കണ്ടുപിടിക്കപ്പെടുകയും രണ്ടോ മൂന്നോ സാക്ഷികളാൽ കുററപ്പെടുത്തപ്പെടുകയും ചെയ്താൽ അവൻ വൈദികസ്ഥാനത്ത് തുടരാൻ പാടില്ല. ഈ നടപടികളെ മറികടക്കുന്നവർ ഈ വലിയ സിനഡിനെ ധിക്കരിക്കുന്നതിനാൽ അവരുടെ വൈദികസ്ഥാനം നഷ്ടപ്പെടുത്തുകയായിരിക്കും.

**വിശദീകരണം:**

സ്നാനം സ്വീകരിച്ച ഉടനെ ആരെയും വൈദികസ്ഥാനത്തുയർത്താൻ പാടില്ല എന്ന് കാനൻ അനുശാസിക്കുന്നു. എന്നാൽ നിഖ്യായുടെ നൂററാണ്ടിൽത്തന്നെ ഇതിന് നാം അപവാദം കാണുന്നു. അംബ്രോസ് സ്നാനവും വൈദികപട്ടവും മെത്രാൻപട്ടവും ഒന്നിച്ച് സ്വീകരിച്ചു.

3. സ്വന്തം അമ്മ, സഹോദരി, അമ്മാവി, അതുപോലെ സംശയാതീതരായ മററ് ആളുകൾ എന്നിവരൊഴിച്ച് മെത്രാനോ വൈദികനോ ശെമ്മാശ്ശനോ, വൈദികസ്ഥാനമുള്ള മററുള്ളവരോ തൻെറ കൂടെ ഒരു സ്ത്രീയേയും പാർപ്പിച്ചുകൂടായെന്ന് ഈ വലിയ സൂനഹദോസ് കർശനമായി വിലക്കുന്നു.

18. 'Psychikon' എന്നാണ് വാക്ക്; ഇവിടെ 'ജഡികപാപം' എന്നർത്ഥം.

www.malankaralibrary.com



**വിശദീകരണം:**

'സുബ്ഇൻട്രോദുക്താ' 'സിനെയ്സാക്തോസ്': വൈദിക സ്ഥാനമുള്ളവരുടെകൂടെ പാർപ്പിക്കുവാനായി കൊണ്ടുവരപ്പെട്ട ഏത് സ്ത്രീയേയും കുറിക്കാൻ ഈ പദം ഉപയോഗിക്കാം. ഭാര്യയോ, കാമുകിയോ, ഒന്നുമല്ല അർത്ഥമാക്കുന്നത്. അമ്മ, സഹോദരി, ആദിയായവരൊഴിച്ച് ഒരു സ്ത്രീയും വൈദിക സ്ഥാനത്തുള്ളവരുടെ കൂടെ പാർക്കാൻ പാടില്ല എന്ന് കാനൻ അനുശാസിക്കുന്നു.[19]

4. ഒരു പ്രോവിൻസിലെ[20] എല്ലാ മെത്രാൻമാരും കൂടി ഒരു മെത്രാനെ വാഴിക്കുക എന്നത് സർവ്വാത്മനാ ആദരണീയമാണ്. അത്യാവശ്യത്താലോ, ദൂരം കൊണ്ടോ ഇത് പ്രയാസമാണെങ്കിൽ, കുറഞ്ഞത് മൂന്നുപേരെങ്കിലും ഒന്നിച്ചുകൂടുകയും വരാത്തവരുടെ സമ്മതം എഴുതിവാങ്ങുകയും ചെയ്തിട്ട് പട്ടം കൊടുക്കണം. എന്നാൽ എല്ലാ പ്രോവിൻസിലും, നടന്ന സംഗതികളുടെ സ്ഥിരീകരണം മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണം.

**വിശദീകരണം:**

മെത്രാൻമാരെ തെരഞ്ഞെടുക്കുന്ന യോഗത്തിൽ നാലു നിബന്ധനകളാണ് നിഖ്യാ വയ്ക്കുന്നത്: 1. ഏതെങ്കിലും സഭാപ്രോവിൻസിലെ ഒരു മെത്രാന് തനിയെ വേറൊരാളെ മെത്രാനായി നിയമിക്കാൻ സാദ്ധ്യമല്ല. 2. കുറഞ്ഞത് മൂന്നു മെത്രാൻമാരെങ്കിലും ഒന്നിച്ചു കൂടണം. 3. സന്നിഹിതരല്ലാത്തവരുടെ രേഖാമൂലമുള്ള സമ്മതമില്ലാതെ അവർ ഒന്നും ചെയ്യാൻ പാടില്ല. 4. തെരഞ്ഞെടുപ്പ്, മെത്രാപ്പോലീത്തായുടെ സ്ഥിരീകരണത്തിന് സമർപ്പിക്കപ്പെടണം. മെലീഷ്യൻ ശീശ്മയുടെ പശ്ചാത്തലത്തിലാണ് ഇതിനെ മനസ്സിലാക്കേണ്ടത്. മററു മെത്രാൻമാരോട് ആലോചിക്കാതെ മെലീഷ്യസ് ഈജിപ്തിലുടനീളം

19. കന്യകകൾക്കുള്ള ഒന്നാം ലേഖനം, 10—13: ജി. ചേടിയത്ത്, അപ്പസ്തോലികപിതാക്കന്മാർ, പേ. 197—203.

20. 'എൻ തോ എപ്പാർക്കിയ': സിവിൽ പ്രോവിൻസ്. സഭാപ്രോവിൻസ് സിവിൽ പ്രോവിൻസിൽനിന്നു വ്യത്യസ്തമായിട്ടു വരുമ്പോഴും ഈ വാക്ക് ഉപയോഗിക്കുന്നു.



മെത്രാൻമാരെ വാഴിച്ചു നിയമിച്ചു. മെത്രാപ്പോലീത്തായെ ബോധിപ്പിക്കാനും അദ്ദേഹം കൂട്ടാക്കിയില്ല. തൽഫലമായി ശീശ്മ ഉടലെടുത്തു. ഇത്തരം നടപടി മേലിൽ ഉണ്ടാകാതിരിക്കാനാണ് ഈ കാനൻ.

5. പല പ്രവിശ്യകളിലായി മുടക്കപ്പെട്ട വൈദികരെയും അൽമായരെയും സംബന്ധിച്ച്: ആരെങ്കിലും ഒരാൾ മുടക്കിയ ആളെ മററുള്ളവർ സ്വീകരിക്കാതിരിക്കട്ടെ എന്ന കാനൻ[21] മെത്രാൻമാർ പാലിക്കട്ടെ. ക്ഷുദ്രവാസനയാലോ, കലഹപ്രിയത്താലോ, മെത്രാൻെറ കരുണാരാഹിത്യം ആദിയായ മററു കാരണത്താലോ ആണോ അവൻ സഭാഭ്രഷ്ടനാക്കപ്പെട്ടത് എന്ന് അന്വേഷിക്കണം. ഇക്കാര്യം സംബന്ധിച്ച് വേണ്ടവണ്ണം പരിശോധിക്കപ്പെടുവാനായി ഇപ്രകാരം തീർപ്പു കല്പിക്കുന്നു: എല്ലാ പ്രവിശ്യകളിലും ആണ്ടിൽ രണ്ടു പ്രാവശ്യം സിനഡ് കൂടണം. പ്രവിശ്യയിലെ എല്ലാ മെത്രാൻമാരും ഒന്നിച്ചു കൂടുമ്പോൾ ഈ വക പ്രശ്നങ്ങൾ പൂർണ്ണമായി പരിശോധനാ വിധേയമാക്കണം. സ്വന്തം മെത്രാനെതിരായി തെററുചെയ്തവർ, ശരിയായിട്ടാണ് സഭാഭ്രഷ്ടരാക്കപ്പെട്ടതെന്ന് എല്ലാവരും ഗ്രഹിക്കാനാണിത്. മെത്രാൻമാരുടെ ഒരു പൊതുമീററിംഗിൽ വച്ച് പിന്നീട് കുറേക്കൂടി കരുണാർദ്രമായ ഒരു വിധി അവരുടെമേൽ പ്രസ്താവിക്കാൻ സാധിക്കുന്നതുവരെ ഇതു തുടരട്ടെ. ഈ സിനഡുകളിൽ ഒന്ന് വലിയ നോമ്പിനു മുമ്പും മററത് ശരത്ക്കാലത്തും ആയിരിക്കട്ടെ. എല്ലാ കൈപ്പും മാററിവയ്ക്കപ്പെട്ട് ദൈവത്തിന് പരിശുദ്ധമായ അർപ്പണം നടത്താൻ വേണ്ടിയാണിത്.

21. നിഖ്യായ്ക്ക് മുൻപുള്ള കാനോനികനിയമങ്ങളെക്കുറിച്ചാണ് ഈ ഡിക്രി പരാമർശിക്കുന്നത്. എൽവീരാ സിനഡിൻെറ (306) കാനോനാകളിൽ 53—ാമത്തേതും ആർലസ് (Arles) സിനഡിൻെറ (314) 22 കാനോനാകളിൽ 16—ാമത്തേതും മുടക്കപ്പെട്ടവരെപ്പററി ചർച്ച ചെയ്യുന്നു. എൽവീരായുടെ തീരുമാനപ്രകാരം മുടക്കിയ മെത്രാനു മാത്രമേ മുടക്കു തീർക്കുവാൻ സാധിക്കൂ. ആർലസ് സിനഡനുസരിച്ച് മുടക്കിയ സ്ഥലത്തുവച്ചേ വീണ്ടും സഭയിൽ പ്രവേശിപ്പിക്കാവൂ. ഒരാൾ മുടക്കിയ ആളെ മറെറാരാൾ സ്വീകരിച്ചുകൂടാ എന്നർത്ഥം.

www.malankaralibrary.com



**വിശദീകരണം:**

നിഖ്യാ അനുശാസിക്കുന്നുവെങ്കിലും അപൂർവ്വമായേ മെത്രാന്മാർ ഇപ്രകാരം ഒന്നിച്ചു കൂടിയിരുന്നുള്ളൂ. ഗ്രിഗറി നസ്യാൻസൻെറ അഭിപ്രായം സാർവ്വത്രികമായെന്നു തോന്നും ഇതു കണ്ടാൽ; രണ്ടാം സാർവ്വത്രിക സൂനഹദോസിൻെറ (381) അവസാന യോഗങ്ങളിൽ സംബന്ധിക്കാൻ അദ്ദേഹം വിസമ്മതിച്ചു: 'മെത്രാൻമാരുടെ എല്ലാ മീററിംഗുകളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കയാണ്; കാരണം ഒരു സിനഡും നന്നായി അവസാനിച്ചതായി ഞാൻ കണ്ടിട്ടില്ല; അവ പ്രശ്നങ്ങൾ വർദ്ധിപ്പിക്കുകയല്ലാതെ, കുറച്ചിട്ടില്ല.'[22] മെത്രാൻമാരുടെ സിനഡിനോ, മുടക്കിയ മെത്രാനോ മുടക്ക് തീർക്കാൻ അനുവാദമുണ്ട്. ഈ രീതിയിലും പലരും ഈ കാനൻ മനസ്സിലാക്കിയിരുന്നു.

6. ഈജിപ്ത്, ലിബിയ, പെൻറാപൊളീസ് എന്നിവിടങ്ങളിലെ പ്രാചീന പാരമ്പര്യമനുസരിച്ച് അലക്സാണ്ഡ്രിയായിലെ മെത്രാന് ഇവകളിൻമേലുള്ള അധികാരം നിലനിൽക്കട്ടെ. കാരണം, റോമിലെ മെത്രാനും ഇപ്രകാരമാണല്ലോ പതിവ്.[23] അതുപോലെ അന്ത്യോക്യയിലും മററ് പ്രവിശ്യകളിലും സഭകൾ അവരവരുടെ അവകാശങ്ങൾ നിലനിർത്തട്ടെ. മെത്രാപ്പോലീത്തയുടെ സമ്മതം കൂടാതെ ആരെയെങ്കിലും മെത്രാനാക്കിയാൽ, അപ്രകാരമുള്ളവർ മെത്രാനായിരിക്കാൻ പാടില്ല എന്ന് ഈ വലിയ സൂനഹദോസ് തീർപ്പു കല്പിക്കുന്നു. ഇത് സാർവ്വത്രികമായി സകലരും അറിഞ്ഞിരിക്കട്ടെ. എന്നാൽ രണ്ടോ

22. പ്രൊക്കോപ്പിയസിനുള്ള ലേഖനം: PG. 130. ആദിമസഭാപിതാക്കന്മാർ, പേജ് 317.

23. പാത്രിയാർക്കേററുകളുടെ രൂപീകരണ പ്രക്രിയയിലേക്ക് വിരൽ ചൂണ്ടുകയാണ് ഈ കാനൻ. അലക്സാണ്ഡ്രിയൻ മെത്രാന് സിവിൾ പ്രോവിൻസിൽ മാത്രമല്ല അധികാരം (മെത്രാപ്പോലീത്താമാർക്ക് അപ്രകാരം അധികാരം ഉണ്ടല്ലോ: കാനൻ 4) ഈജിപ്ത് എന്ന 'സിവിൾ രൂപത' യിലുള്ള എല്ലാ പ്രോവിൻസുകളിലേയും സഭകളുടെമേൽ അദ്ദേഹത്തിന് അധികാരം ഉണ്ട്. അതോടൊപ്പം ലിബിയ, പെൻറാപൊളീസ്, സിറനായ്ക എന്നീ പ്രോവിൻസുകളിലും അധികാരം ഉണ്ട്. ഇവിടെ രൂപതയാണ് പ്രോവിൻസിനെക്കാൾ വലുത്.



മൂന്നോ മെത്രാൻമാർ തർക്കത്തിനുള്ള സ്വാഭാവിക പ്രേരണയാൽ മററുള്ളവരുടെ പൊതുതീരുമാനത്തെ എതിർത്താൽ ഭൂരിപക്ഷതീരുമാനം നിലനില്ക്കും എന്നത് ബുദ്ധിപൂർവ്വവും സഭാനിയമാനുസാരവുമാണ്.

**വിശദീകരണം:**

ഈ കാനനെ ആധാരമാക്കി വളരെയധികം ഗ്രന്ഥങ്ങളെഴുതപ്പെട്ടിട്ടുണ്ട്. സഭയിൽ നിലനിന്ന പാരമ്പര്യം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കാനൻ എഴുതപ്പെട്ടത്.

പുതിയൊരധികാരം നൽകുകയല്ലിവിടെ. 'പ്രാചീന പാരമ്പര്യമനുസരിച്ച്' എന്നതിൽനിന്ന് ഇത് വ്യക്തമാണ്. മെലീഷ്യസിൻെറ ആക്രമണവും ശീശ്മയും നിമിത്തം ഈജിപ്ഷ്യൻ സഭയിലുണ്ടായ പ്രശ്നമാണ് ഈ കാനന് ഹേതു. രണ്ടാംഭാഗം മററു മെത്രാപ്പോലീത്താമാർക്കുള്ള അധികാരം ഉറപ്പിക്കുകയും ചെയ്യുന്നു. ഡയോക്ലിഷൻെറ മതപീഡന കാലത്ത് അലക്സാണ്ഡ്രിയായിലെ പീററർ ഒളിസ്ഥലത്തിരുന്നുകൊണ്ട് സഭയെ നയിച്ചു. തദവസരം ലിക്കോപ്പൊളീസിലെ മെലീഷ്യസ് മെത്രാൻ മററു മെത്രാൻമാരുടെ രൂപതകളിൽ കടന്നാക്രമണം നടത്തി, പട്ടം കൊടുക്കാനും അധികാരം പ്രയോഗിക്കാനും തുടങ്ങി. 305/6-ൽ അലക്സാണ്ഡ്രിയായിൽ കൂടിയ സിനഡ് മെലീഷ്യസിനെ മുടക്കി. ഉടനെ അദ്ദേഹം മെലീഷ്യൻ ശീശ്മ എന്ന പേരിൽ അറിയപ്പെടുന്ന പിളർപ്പ് ഉണ്ടാക്കി. അതു നൂററാണ്ടുകൾ തന്നെ നിലനിന്നു. പ്രസ്തുത ഗ്രൂപ്പുകാർ 'രക്തസാക്ഷികളുടെ സഭ' എന്ന പേരിൽ ഒരു സമൂഹത്തെ രൂപീകരിച്ചു. ആരിയൂസ് കുറെനാൾ ഈ കക്ഷിയിൽ പെട്ട ആളായിരുന്നു. ഇക്കൂട്ടർക്കെതിരായിട്ടാണ് ഈജിപ്ത് ആദിയായ പ്രദേശങ്ങളിലെ പ്രാചീന പാരമ്പര്യം ഒരു നിയമമായി നിഖ്യാ പ്രഖ്യാപിച്ചത്.

7. ഏലിയായുടെ[24] മെത്രാൻ ബഹുമാനിക്കപ്പെടണം എന്ന പ്രാചീന പാരമ്പര്യവും ആചാരവുമനുസരിച്ച് മെത്രോപ്പൊളീ

24. ജറുസലേമിൻെറ

www.malankaralibrary.com



സിന്റെ പദവി അംഗീകരിച്ചുകൊണ്ട്, മാന്യസ്ഥാനം ഉണ്ടായിരിക്കണം.[25]

**വിശദീകരണം:**

ആദ്യകാലങ്ങളിൽ കേസറിയായുടെ ഒരു സമാന്തര രൂപതമാത്രമായിരുന്നു ജറുസലേം (ഏലിയ). മെത്രോപ്പോളീസ് എന്നു പറയുന്നതു കേസറിയായെക്കുറിച്ചാണ്. റോമാക്കാർ യഹൂദൻമാരുടെ ജറുസലേം 130—ൽ നശിപ്പിച്ചിട്ട് 'ഏലിയാ കാപ്പിത്തോളീനാ' എന്ന പേരിൽ ഒരു നഗരം തൽസ്ഥാനത്ത് പണിതു. ഈ പേഗൻ പട്ടണത്തിൽ ക്രിസ്തീയ സമൂഹം വളർന്നുവരുന്നതായി രണ്ടാം നൂററാണ്ടിൽ നാം കാണുന്നു. ജറുസലേമിന്റെ പാവനതയെപ്പററിയുള്ള ചിന്ത ക്രൈസ്തവമനസ്സിൽ പുനരുദ്ധരിക്കപ്പെടാൻ തുടങ്ങി. പോപ്പ് വിക്ടറിന്റെ കാലത്ത് 'ഈസ്ററർ പ്രശ്നം' ചർച്ചചെയ്യാൻ കൂടിയ സിനഡിൽ കേസറിയായിലെ തെയോഫിലസും ജറുസലേമിലെ നർചീസൂസും അദ്ധ്യക്ഷൻമാരായിരുന്നു എന്ന് എവുസേബിയൂസ് സാക്ഷിക്കുന്നു.[26]

8. 'കത്തറി' എന്നുവിളിക്കപ്പെടുന്നവരെ സംബന്ധിച്ച് ഈ മഹാ പരിശുദ്ധ സൂനഹദോസ് ഇപ്രകാരം തീരുമാനിക്കുന്നു: അവരുടെ കൂട്ടത്തിൽ നിന്ന് കാതോലികവും അപ്പസ്തോലികവുമായ സഭയിലേയ്ക്ക് വരുന്ന പട്ടം[27] ഉള്ളവർ

25. കേസറിയാ മെത്രാപ്പോലീത്തായുടെ സാമന്തനായ ജറുസലേം മെത്രാൻ ബഹുമാനിക്കപ്പെടണം. അധികാരത്തിൽ ആകട്ടെ ജറുസലേം കേസറിയായയ്ക്ക് കീഴ്പ്പെട്ടിരിക്കണം. ഈ പ്രത്യേക സ്ഥിതിവിശേഷം 451—ലെ കാൽസിഡൺ സൂനഹദോസ് വരെ നീണ്ടുനിന്നു. അന്ന് ജറുസലേം ഒരു പാത്രിയാർക്കേററായി ഉയർത്തപ്പെടുകയും മെത്രാനായ ജൂവെനാൽ പാത്രിയാർക്കീസായി തീരുകയും ചെയ്തു.

26. സഭാചരിത്രം. 5: 23.

27. 'വരുന്നവരുടെമേൽ കൈവയ്പ് നടത്തണം' എന്നും ചിലർ വായിക്കുന്നു.



വൈദിക സമൂഹത്തിൽ തുടരട്ടെ.[28] എന്നാൽ അവർ കാതോലികവും അപ്പസ്തോലികവുമായ സഭയുടെ തത്ത്വങ്ങൾ അനുസരിക്കുകയും അനുവർത്തിക്കുകയും ചെയ്യുമെന്ന് എല്ലാററിനും മുൻപേ എഴുതി പ്രഖ്യാപിക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേകമായി പുനർവിവാഹം നടത്തിയവരുമായും, മതപീഡനകാലത്തു 'വീണുപോകയും,'[29] കല്പിക്കപ്പെട്ട നിശ്ചിത കാലയളവിൽ പ്രായശ്ചിത്തം അനുഷ്ഠിക്കുകയും തിരിച്ചുവരവിന് ഒരു കൃത്യസമയം നിശ്ചയിക്കപ്പെടുകയും ചെയ്തവരുമായും, സഹകരിക്കുമെന്നും, എല്ലാ കാര്യങ്ങളിലും കത്തോലിക്കാസഭയുടെ തത്ത്വങ്ങൾ പിൻചെല്ലുമെന്നും പ്രഖ്യാപിക്കണം; ഇവരുടെ കൂട്ടത്തിൽ നിന്ന് പട്ടം ഏററവർ ഗ്രാമങ്ങളിലായാലും, പട്ടണങ്ങളിലായാലും വൈദികസ്ഥാനത്തും, അവർ നില്ക്കുന്ന ക്രമത്തിലും നിലനില്ക്കട്ടെ. എന്നാൽ കത്തോലിക്കാസഭയുടെ മെത്രാനോ വൈദികനോ ഉള്ള സ്ഥലങ്ങളിൽ സഭയുടെ മെത്രാന്[30] മെത്രാന്റെ സ്ഥാനം ഉണ്ടായിരിക്കും എന്നത് വ്യക്തമാണല്ലോ. 'കത്തറി' എന്നു വിളിക്കപ്പെടുന്നവരുടെ മെത്രാനെന്ന് പേരുള്ള ആൾക്ക് വൈദികന്റെ സ്ഥാനമേ ഉണ്ടായിരിക്കൂ; എന്നാൽ ആ സ്ഥാനമാഹാത്മ്യത്തിൽ അയാൾക്കു ഭാഗഭാഗിത്വം നൽകുന്നത് യുക്തമെന്ന് മെത്രാന് ബോദ്ധ്യമെങ്കിൽ അങ്ങനെയാകാം. ഇത് തൃപ്തികരമല്ലെങ്കിൽ അദ്ദേഹത്തിന് കോറെപ്പിസ്കോപ്പാ എന്ന സ്ഥാനമോ, വികാരിസ്ഥാനമോ നൽകി ഒരിടത്താക്കട്ടെ. ഒരേസ്ഥലത്ത് രണ്ടു മെത്രാൻമാർ ഉണ്ടാകാതിരിക്കാനും അദ്ദേഹം വൈദികസമൂഹത്തിലാണെന്ന് കാണപ്പെടുവാനും വേണ്ടിയാണിത്.

28. വിവിധ രീതികളിൽ ഈ ഭാഗം വ്യാഖ്യാനിക്കപ്പെടുന്നു: (i) കത്തറികളുടെ (നൊവേഷ്യരുടെ) പട്ടം കത്തോലിക്കാ സഭ അംഗീകരിക്കുന്നു. (ii) കത്തറികളിൽനിന്ന് വരുന്ന 'വൈദിക' സ്ഥാനികൾക്ക് വീണ്ടും പട്ടം നല്കി വൈദികസ്ഥാനങ്ങളിൽ നിയമിക്കണം. (iii) കൈവയ്പ്, പട്ടത്തെയല്ല കുറിക്കുന്നത് പിന്നെയോ രമ്യതയുടെ ശുശ്രൂഷയെയത്രേ. ശീശ്മനീക്കി അവരെ സഭയിൽ തിരികെ എടുക്കുകമാത്രം നടത്തിയാൽമതി.

29. 'lapsi' 'വീണവർ': താഴെ കാനൻ 11 ന്റെ വ്യാഖ്യാനം കാണുക.

30. കത്തോലിക്കാ സഭയുടെ മെത്രാന്.

www.malankaralibrary.com



**വിശദീകരണം:**

നൊവേഷ്യൻ എന്ന റോമൻ വൈദികൻ പോപ്പ് കൊർണേലിയൂസിനെ എതിർത്തു പാപ്പായായി. 251-ൽ മെത്രാനായ അദ്ദേഹത്തിൻെറ പിൻഗാമികളാണ് 'കത്തറി' (പരിശുദ്ധർ) എന്നറിയപ്പെടുന്നവർ. പാപികളോട് ക്ഷമിക്കാൻ സഭയ്ക്ക് അധികാരമില്ല എന്ന് ഇക്കൂട്ടർ വാദിച്ചു. പല സിനഡുകൾ ഇവരെ പുറം തള്ളിയെങ്കിലും വളരെക്കാലം ഇവർ നിലനിന്നു. കത്തോലിക്കാ സഭയിൽനിന്ന് ഇവരുടെകൂടെ കൂടിയവർക്ക് ഇവർ വീണ്ടും സ്നാനം കൊടുത്തിരുന്നു. ഇവർ പുനർവിവാഹം പാടേ തിരസ്ക്കരിച്ചു.

നിഖ്യായുടെ കാലത്ത് കോൺസ്ററാൻറിനോപ്പിളിൽ അചേസിയൂസ് എന്നൊരു നൊവേഷ്യൻ മെത്രാനുണ്ടായിരുന്നു. ആരിയൂസിനെതിരായ നിഖ്യായുടെ പ്രഖ്യാപനങ്ങളൊക്കെ അദ്ദേഹം സ്വീകരിച്ചെങ്കിലും ശീശ്മയിൽത്തന്നെ തുടർന്നു. മാരക പാപം ചെയ്തവരെ സഭാസംസർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ പാടില്ല എന്ന പ്രാചീന പാരമ്പര്യം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതിനാലാണ് തനിക്ക് കത്തോലിക്കാ സഭയുമായി യോജിക്കാൻ സാധിക്കാത്തത് എന്ന് അചേസിയൂസ് കോൺസ്ററൻറയിനെ ധരിപ്പിച്ചു. 'പ്രായശ്ചിത്തം ചെയ്യാൻ സഭയ്ക്ക് പ്രേരിപ്പിക്കാം. എന്നാൽ പാപമോചനം ഉറപ്പുവരുത്താൻ സഭയ്ക്ക് സാധ്യമല്ല; ദൈവത്തിൻെറ വിധിക്കത് വിട്ടുകൊടുക്കണം' എന്നിങ്ങനെ അദ്ദേഹം വാദിച്ചപ്പോൾ കോൺസ്ററൻറയിൻ പറഞ്ഞു: 'അചേസിയൂസ്, ഒരേണിയെടുത്ത് തനിയെ സ്വർഗ്ഗത്തിലേക്കു കയറുക' (സൊക്രാട്ടസ്, സഭാചരിത്രം 1. 10).

കോർഎപ്പിസ്ക്കോപ്പാ ഗ്രാമത്തിലെ മെത്രാനാണ്. നഗരത്തിലെ മെത്രാന് എല്ലായിടത്തും പോകാൻ അസാദ്ധ്യമായപ്പോൾ അദ്ദേഹത്തിന് വിധേയനായി കോറെപ്പിസ്കോപ്പാമാർ വാഴിക്കപ്പെട്ടു. മൂന്നാം നൂററാണ്ടിൽ ഏഷ്യാമൈനറിലാണ് ഇതാദ്യം തുടങ്ങിയത്. അൻസീറാ (314), നെയോചെസറിയ (314), നിഖ്യാ (325) എന്നീ സൂനഹദോസുകൾ ഇവരെപ്പററി ചർച്ചചെയ്യുന്നുണ്ട് (ആദിമ സഭാപിതാക്കൻമാർ, പേ. 340ff).



നിഖ്യായിൽ കുറെ കോറെപ്പിസ്കോപ്പാമാർ സംബന്ധിച്ചിരുന്നു. പില്ക്കാലത്ത് മെത്രാൻമാർ അല്ലാത്ത ആളിനെയും കോറെപ്പിസ്കോപ്പാ എന്നു വിളിച്ചിരുന്നു. പട്ടണത്തിലെ മെത്രാനോട് സഹകരിച്ചും മെത്രാന് വിധേയനായും മാത്രമേ കോറെപ്പിസ്കോപ്പായ്ക്ക് പ്രവർത്തിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ.

9. പരിശോധന കൂടാതെ ഏതെങ്കിലും വ്യക്തി വൈദികസ്ഥാനത്തേയ്ക്ക് കയററപ്പെടുകയോ, പരിശോധനയിൽ പാതകം ചെയ്തതായി വെളിപ്പെടുത്തപ്പെടുകയോ, കാനനെതിരായി ആരെങ്കിലും അവരുടെമേൽ കൈവയ്പ് നടത്തുകയോ ചെയ്താൽ, അവർ കുററം ഏററുപറഞ്ഞാലും ഇത്തരം നടപടികൾ കാനൻ അംഗീകരിക്കുന്നില്ല; കാരണം കത്തോലിക്കാസഭ കുററമററവ മാത്രമേ സ്വീകരിക്കുന്നുള്ളൂ.

**വിശദീകരണം:**

പാതകം (കുററം) ആയി കരുതപ്പെടുന്നവ താഴെപ്പറയുന്ന തെററുകളാണ്: ദൈവദൂഷണം, ദ്വിഭാര്യാത്വം, പാഷണ്ഡത, വിഗ്രഹാരാധന, മന്ത്രവാദം ആദിയായവ. ഇത്തരം തെററുകളിൽ ഉൾപ്പെട്ടവർ വൈദികസ്ഥാനങ്ങളിലേയ്ക്ക് ഉയർത്തപ്പെടാനേ പാടില്ല എന്നതായിരുന്നു പ്രാചീനപാരമ്പര്യം.

10. അജ്ഞതമൂലമോ പട്ടം നൽകുന്ന ആളിൻെറ അറിവോടുകൂടിയോ വിശ്വാസത്യാഗിയായ ഒരാൾക്ക് പട്ടം നല്കപ്പെടുന്നത് സഭയുടെ കാനനെ പ്രതികൂലമായി ബാധിക്കുന്നില്ല; കാരണം, അറിയപ്പെടുമ്പോൾ അവൻ നിഷ്കാസിതനാകണം.

**വിശദീകരണം:**

ഈ കാനനും ഒൻപതാം കാനനും തമ്മിലുള്ള വ്യത്യാസം ഇതാണ്:

1. ഈ കാനൻ വിശ്വാസത്യാഗികളെ മാത്രം പരാമർശിക്കുന്നതാണ്. കാനൻ 9 എല്ലാത്തരം പാതകങ്ങളെയും പരാമർശിക്കുന്നു. 2. ഈ കാനൻ വൈദികസ്ഥാനത്തുള്ള എല്ലാവരെയും ബാധിക്കുന്നു; കാനൻ 9 ആകട്ടെ വൈദികരെ (Presbyters) മാത്രം

www.malankaralibrary.com



ബാധിക്കുന്നു. അറിഞ്ഞുകൊണ്ട് പട്ടം നൽകുന്ന മെത്രാൻെറ ശിക്ഷയെപ്പററി കാനൻ ഒന്നും പറയുന്നില്ല. അനുതപിച്ചാലും വിശ്വാസത്യാഗിക്ക് പട്ടം കൊടുക്കുവാൻ പാടില്ല എന്നതാണ് സംശയാതീതമായ സംഗതി.

11. ലീചീനിയൂസിൻെറ കിരാതവാഴ്ചയുടെ കാലത്തേതുപോലെ[31] വസ്തുവകകൾ നഷ്ടപ്പെടാതെയും, ആപത്തോ, അതുപോലെ എന്തെങ്കിലുമോ കൂടാതെയും നിർബന്ധം ഒന്നും കൂടാതെയും 'വീണ'വരെ സംബന്ധിച്ചു സിനഡ് ഇപ്രകാരം പ്രഖ്യാപിക്കുന്നു. അവർ ദയ അർഹിക്കുന്നില്ലെങ്കിലും അവരോട് കാരുണ്യപൂർവ്വം വർത്തിക്കണം. ഹൃദയപൂർവ്വം അനുതപിക്കുന്നെങ്കിൽ 'സഹകരിക്കുന്നവരാകാൻ' അവർ മൂന്നു വർഷം 'ശ്രോതാക്കളുടെ കൂടെ' ആയിരിക്കണം. ഏഴു വർഷം 'പ്രണാമകരായി' കഴിയണം. ബലിയിൽ സംബന്ധിക്കാതെ രണ്ടുവർഷം പ്രാർത്ഥനകളിൽ മാത്രം അവർ സമ്പർക്കം പുലർത്തട്ടെ.

**വിശദീകരണം:**

'വീണവർ' എന്നത് വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് വിശ്വാസവിരുദ്ധമായവ പ്രവർത്തിക്കാൻ ഇടയായവരെപ്പററിയാണ്. അനുതപിക്കുന്ന പാപികൾ ആദിമസഭയിൽ പല ഗണങ്ങളായി തിരിക്കപ്പെട്ടിരുന്നു. ഒന്നാമത് 'കരയുന്നവർ.' അവർ ദേവാലയത്തിൻെറ മുൻവശത്ത് വാതിലിനു പുറത്തുനിന്നുകൊണ്ടു പരിഹാരം അനുഷ്ഠിച്ചിരുന്നു. പ്രതികൂല കാലാവസ്ഥയിലൊക്കെ അവർ അവിടെത്തന്നെ നിന്നു പ്രായശ്ചിത്തം അനുഷ്ഠിക്കണമായിരുന്നു. ദേവാലയത്തിൽ പ്രവേശിക്കുന്ന വിശ്വാസികളുടെ പ്രാർത്ഥന അവർ അവിടെനിന്നുകൊണ്ട് യാചിക്കുന്നു. രണ്ടാമത് 'ശ്രോതാക്കൾ.' ദേവാലയത്തിൽ ഹൈക്കലായുടെ ഏററവും പടിഞ്ഞാറുവശത്തു ഇക്കൂട്ടർ

31. 324—ൽ ലീചീനിയൂസ് കോൺസ്ററൻറയിനുമായി ഏററുമുട്ടി തോല്ക്കുന്നതുവരെ കുറെ നാളത്തേക്ക് കിരാതഭരണം നടത്തി. ലീചീനിയസിൻെറകൂടെ കൂടി കോൺസ്ററൻറയിനെതിരായി യുദ്ധം ചെയ്തവരെ 'വീണ'വരായി പരിഗണിച്ചിരുന്നു. ലീചീനിയൂസ് വിഗ്രഹാരാധനയ്ക്ക് പ്രേരിപ്പിച്ചു.



നിന്നുകൊണ്ട് ദൈവവചനവും പ്രസംഗവും ശ്രവിക്കുന്നു. സ്നാനാർത്ഥികളോടുകൂടി അനാഫറയ്ക്കുമുമ്പ് പള്ളിക്ക് പുറത്ത് പോകുവാൻ ഇക്കൂട്ടർ ബാധ്യസ്ഥരായിരുന്നു. മൂന്നാമത്തേത് 'പ്രണാമകർ.' അവർക്കുവേണ്ടിയുള്ള ചില പ്രാർത്ഥനകൾ വിശ്വാസികളോടൊപ്പം ചൊല്ലുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. 'ശ്രോതാക്കളെ'ക്കാൾ കുറേക്കൂടി ഉള്ളിലായി ഇവർ നിന്നു പ്രാർത്ഥിക്കുന്നു. പിരിഞ്ഞുപോകുന്നതിന് മുമ്പ് മെത്രാൻെറ കൈവെപ്പിനുവേണ്ടി ഇക്കൂട്ടർ സാഷ്ടാംഗ പ്രണാമം ചെയ്തിരുന്നു. അതിൽനിന്നു 'പ്രണാമകർ' എന്നു പേരുണ്ടായി. നാലാമത്തെക്കൂട്ടർ 'സമ്പർക്കം പുലർത്തുന്നവർ.' വിശ്വാസികളോടൊപ്പം നിൽക്കുകയും പ്രാർത്ഥനയിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. വിശ്വാസികൾ ബലി അർപ്പിച്ച് കുർബാന സ്വീകരിക്കുമ്പോൾ ഇക്കൂട്ടർക്ക് ദേവാലയത്തിൽ നിൽക്കാൻ അനുവാദം ഉണ്ടായിരുന്നു. എന്നാൽ ബലി അർപ്പിക്കാനോ, കുർബാന സ്വീകരിക്കാനോ ഇവർക്ക് സാധ്യമായിരുന്നില്ല.

ആദിമസഭയിൽ വലിയ നോമ്പ് തുടങ്ങുന്ന അവസരം അനുതാപികളെ മാനസാന്തരത്തിന് ക്ഷണിച്ചുകൊണ്ടും, പ്രായശ്ചിത്തം നിശ്ചയിച്ചുകൊണ്ടും ഉള്ള ശുശ്രൂഷകളുണ്ടായിരുന്നു. പാപം ഏററുപറച്ചിൽ രഹസ്യമായിട്ടായിരുന്നു. മെത്രാനോ, പട്ടക്കാരനോ, രഹസ്യമോ, പരസ്യമോ ആയ പ്രായശ്ചിത്തം നിശ്ചയിച്ചിരുന്നു. നോമ്പുകാലം മുഴുവൻ അനുതാപികൾ പരിഹാരം അനുഷ്ഠിക്കണം. പരസ്യ പ്രായശ്ചിത്തം കഠിന പാപങ്ങൾക്കേ ഉണ്ടായിരുന്നുള്ളൂ എന്ന് തോന്നുന്നു. വ്യഭിചാരം, കൊലപാതകം, വിശ്വാസത്യാഗം എന്നിവ കഠിനപാതകങ്ങളായി കണക്കാക്കപ്പെട്ടിരുന്നു. അവ കഠിനപ്രായശ്ചിത്തവും ആവശ്യപ്പെട്ടു.

12. കൃപയാൽ വിളിക്കപ്പെടുകയും പ്രാരംഭതീക്ഷ്ണത പ്രകടമാക്കുകയും ചെയ്ത് സൈനികസേവനം ദൂരെയെറിഞ്ഞ ചിലർ, നായ്ക്കൾ ഛർദിയിലേക്ക് തിരിയുന്നതുപോലെ, പിന്നീട് തിരികെ പോയി (പണവും മററു സമ്മാനങ്ങളും വഴി തങ്ങളുടെ സ്ഥാനം തിരികെ എടുത്തു). ഇപ്രകാരമുള്ളവർ 'ശ്രോതാക്കളായി' മൂന്നു വർഷം ചെലവഴിച്ചശേഷം പത്തുവർഷം

www.malankaralibrary.com



'പ്രണാമകരായി' കഴിയട്ടെ. ഈ സന്ദർഭങ്ങളിലെല്ലാം അവരുടെ ലക്ഷ്യവും, അവരുടെ അനുതാപത്തിന്റെ സ്വഭാവവും പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. നാട്യം കൊണ്ടല്ല, പ്രത്യുത, ഭയത്തോടും, കണ്ണുനീരോടും, സ്ഥിരപരിശ്രമത്തോടും, സൽപ്രവൃത്തികളോടും കൂടെ മാനസാന്തരത്തിന്റെ തെളിവ് നല്കുന്നവരെ, 'ശ്രോതാക്കൾ' ആയി നിശ്ചയിക്കപ്പെട്ട കാലം തികയുമ്പോൾ, 'പ്രാർത്ഥനകളിൽ സമ്പർക്കം പുലർത്താൻ' അനുവദിക്കാവുന്നതാണ്. അതിനുശേഷം അവരെ സംബന്ധിച്ച് കുറേക്കൂടി ദാക്ഷിണ്യപൂർവ്വം മെത്രാനു തീരുമാനിക്കാവുന്നതാണ്. എന്നാൽ അലക്ഷ്യമായി ഈ കാര്യങ്ങൾ എടുക്കുകയും ദേവാലയത്തിൽ വരിക എന്നതുമാത്രം മാനസാന്തരത്തിന് മതിയായതാണെന്ന് കരുതുകയും ചെയ്യുന്നവൻ മുഴുവൻ സമയവും പൂർത്തിയാക്കണം.

**വിശദീകരണം:**

സാധാരണ സൈന്യസേവനമല്ല ഈ കാനൻ വിലക്കുന്നത്. ഇതിനൊരു പശ്ചാത്തലം ഉണ്ട്. ലീചീനിയൂസിന്റെ ഭരണകാലത്ത് സൈന്യത്തിലുള്ളവർ ഒരുതരം വിഗ്രഹാരാധന നടത്തണമെന്ന് നിർബന്ധമായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കോൺസ്റ്ററൻറയിനെതിരായി യുദ്ധം ചെയ്യാൻവേണ്ടി ലീചീനിയൂസിന്റെ കൂടെ കൂടിയ ക്രിസ്ത്യാനികളെയാണ് ലക്ഷ്യമാക്കുക. വിഗ്രഹാരാധനയും ക്രൈസ്തവാരാധനയും തമ്മിലുള്ള ഒരു യുദ്ധമായിരുന്നു അവസാനത്തേത്. അപ്രകാരം ലീചീനിയൂസിന്റെ കൂടെ യുദ്ധം ചെയ്തവരെ 'വീണവരായി' കരുതിയിരുന്നു. 'ക്രിസ്ത്യാനികൾ രാജ്യസേവനത്തിൽ തല്പരരായിരുന്നു എന്ന് തെർത്തുല്യനിൽ നിന്നു വ്യക്തമാണ് (അപ്പോളജി, 42). എന്നാൽ സൈന്യസേവനം നടത്താൻ വിസമ്മതം കാണിച്ചവരും ഉണ്ടായിരുന്നു.

13. ഏററം അപരിത്യാജ്യവും അവസാനത്തേതുമായ 'യാത്രാഭക്ഷണം' മരണാസന്നവ്യക്തിക്ക് നിഷേധിക്കാൻ പാടില്ല എന്ന പുരാതന കാനോനികനിയമം, മരിക്കുന്നവരെ സംബന്ധിച്ചു പാലിക്കപ്പെടണം. രോഗാവസ്ഥയിൽ കുർബാന സ്വീകരിച്ചശേഷം ആരോഗ്യവാനായി തീരുന്നവൻ പ്രാർത്ഥനകളിൽമാത്രം 'സഹകരിക്കുന്നവരുടെ' കൂട്ടത്തിൽ നിൽക്കട്ടെ. കുർബാന സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചാൽ, പൊതുവെയും, മരണാസന്നരായവർക്ക് പ്രത്യേകിച്ചും മെത്രാന്റെ പരിശോധനയ്ക്കുശേഷം കുർബാന കൊടുക്കണം.



**വിശദീകരണം:**

'യാത്രാഭക്ഷണം' ഒന്നാമതായി കുർബാനയെ കുറിക്കുന്നു. സഭയുമായുള്ള രമ്യത, പാപമോചനാശീർവാദം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ക്രിസ്തീയ പരിപൂർണ്ണതയുടെ പൂർത്തീകരണമായി കുർബാനയെ ആദിമസഭ കണക്കാക്കി. സ്നാനവും മൂറോനഭിഷേകവും കഴിഞ്ഞാൽ ഉടനെ കുർബാന സ്വീകരിക്കുക എന്നത് പ്രാചീന പാരമ്പര്യമാണ്.

14. വിശ്വാസത്യാഗികളായ സ്നാനാർത്ഥികളെ സംബന്ധിച്ച് പരിശുദ്ധവും ശ്രേഷ്ഠവുമായ ഈ സൂനഹദോസ് ഇപ്രകാരം നിശ്ചയിക്കുന്നു: 'ശ്രോതാക്കൾ ആയി മൂന്നു വർഷം ചെലവഴിച്ചശേഷം അവർക്ക് സ്നാനാർത്ഥികളോടൊപ്പം പ്രാർത്ഥിക്കാം'.

**വിശദീകരണം:**

ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ച്, മാമോദീസയ്ക്ക് ഒരുങ്ങി തയ്യാറെടുക്കുന്നവരാണ് സ്നാനാർത്ഥികൾ. അവർ അൻപതുനോമ്പുകാലത്ത് വിശ്വാസപ്രമാണം, സഭാരഹസ്യം, കർത്തൃപ്രാർത്ഥന ആദിയായവയുടെ വ്യാഖ്യാനങ്ങൾ സശ്രദ്ധം പഠിക്കുന്നു. ഉയിർപ്പുഞായററിനു മുൻപ് അവർ സ്നാനം സ്വീകരിച്ചു ക്രിസ്ത്യാനികളാകുന്നു. അതിനുമുൻപ് കുർബാനയുടെ അനാഫറയിൽ പങ്കെടുക്കുവാൻ അവർക്ക് അവകാശമില്ലായിരുന്നു.

15. വലിയ കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നതിനാൽ ചിലയിടങ്ങളിലുള്ള കാനോനികമല്ലാത്ത രീതി പൂർണ്ണമായി നിർത്തലാക്കേണ്ടതാണ്. പട്ടണത്തിൽ നിന്ന് പട്ടണത്തിലേക്ക് മെത്രാൻമാരോ, പട്ടക്കാരോ, ശെമ്മാശൻമാരോ, മാറിമാറി പോകാൻ പാടില്ല. വിശുദ്ധവും ശ്രേഷ്ഠവും ആയ ഈ സൂന

www.malankaralibrary.com



ഹദോസിൻെറ ഡിക്രിക്ക് ശേഷം ആരെങ്കിലും അപ്രകാരം ചെ
യ്യാൻ മുതിരുകയോ, അപ്രകാരം തുടരുകയോ ചെയ്താൽ
അവൻെറ പ്രവൃത്തി നിയമാനുസൃതമല്ലാതായിത്തീരും. അവൻ
നിയമിക്കപ്പെട്ട സഭയിലെ മെത്രാനോ പട്ടക്കാരനോ ആയി
അവൻ മടക്കി അയയ്ക്കപ്പെടണം.

**വിശദീകരണം:**

ഏതെങ്കിലും ഒരു സഭയ്ക്കുവേണ്ടി നിയമിതനായ ആരം
അവിടെ നിന്നുമാറി മററൊന്നു സ്വീകരിക്കാൻ പാടില്ല എന്നത്
പ്രാചീന പാരമ്പര്യമായിരുന്നു. എന്നാൽ നിഖ്യായുടെ കാല
ത്തും ഇതിന് അപവാദങ്ങളുണ്ടായിരുന്നു. നിക്കൊമേദിയായിലെ
എവുസേബിയസ് (+342) അവിടെ വരുന്നതിനുമുമ്പ് ബെറീ
ത്തൂസിലെ മെത്രാനായിരുന്നു. പിന്നീട് കോൺസ്ററാൻറി
നോപ്പിളിലെ ആർച്ചുബിഷപ്പായി. അന്ത്യോക്യായിലെ എവു
സ്താത്യോസ് ബേറോയായിലെ മെത്രാനായിരുന്നു. അത്തരം
മാററങ്ങൾ നിയമസാധുത്വം ഇല്ലാത്തവയാണെന്നു നിഖ്യാ വി
ധിച്ചു. മാററം മൂലമുള്ള നിരവധി പ്രശ്നങ്ങളാണ് ഇതിനു
കാരണം. 341ൽ കൂടിയ അന്ത്യോക്യാസിനഡ് ഈ നിയമം
ആവർത്തിച്ചു. (കാ. 21). എന്നാൻ അതിനുശേഷവും സഭയു
ടെ ആവശ്യം നിമിത്തം നിയമത്തെ മറികടക്കേണ്ടിവന്നു. ഉദാഹ
രണം വി. ക്രിസോസ്തോം, നെസ്തോറിയോസ് ആദിയായ
വർ. നിഖ്യായുടെ ഈ നിയമം പാരമ്പര്യംവഴി പണ്ടേ അസാധു
വായിത്തീർന്നു എന്ന് 382-ൽ ഗ്രിഗറി നസ്യാൻസൻ വാദിച്ചു.

16. വൈദികരോ ശെമ്മാശ്ശൻമാരോ വൈദികസ്ഥാന
ത്തുള്ള മററാളുകളോ നയനങ്ങളിൽ ദൈവഭയമോ, സഭാനിയമങ്ങ
ളോട് ബഹുമാനമോ കൂടാതെ സ്വന്തം ഇടവകയിൽനിന്ന് കൂസ
ലില്ലാതെ ഇറങ്ങിത്തിരിച്ച് മററൊരിടവകയിൽ എത്തിച്ചേർന്നാൽ
യാതൊരു കാരണത്താലും സ്വീകരിക്കപ്പെടരുത്. അവരുടെ
ഇടവകയിലേക്ക് തിരികെ പോകുവാൻ എല്ലാത്തരം പ്രേരണ
യും ചെലുത്തണം. പോകാൻ കൂട്ടാക്കുന്നില്ലെങ്കിൽ അത്തര
ക്കാർ മുടക്കപ്പെടണം. ഒരു രൂപതയിൽ ഉൾപ്പെട്ട ഒരാളെ മെ
ത്രാൻെറ അനുവാദം കൂടാതെ രഹസ്യമായി കൂട്ടിക്കൊണ്ടുപോ



യി മററൊരു രൂപതയിൽ പട്ടം കൊടുത്താൽ വൈദികസ്ഥാന
ത്തേക്ക് പേര് രജിസ്ററർ ചെയ്യപ്പെട്ട ആളാണെങ്കിലും, ഈ
പട്ടം വാസ്തവമല്ല.

**വിശദീകരണം:**

ഇടവക എന്നത് രൂപത എന്ന അർത്ഥത്തിലാണ് ഇവിടെ
പ്രയോഗിച്ചിരിക്കുന്നത്. പട്ടം കൊടുത്ത മെത്രാൻെറ കത്തോ
ടു കൂടിയേ വൈദികർ അപരിചിതമായ സ്ഥലങ്ങളിൽ സഞ്ച
രിക്കാവൂ. ഇപ്രകാരം കത്തുകളില്ലാത്തവരെ വി. കുർബാന
യിൽ സംബന്ധിപ്പിച്ചുകൂടാ എന്നും കാനൻ അർത്ഥമാ
ക്കുന്നു.

17. 'അവൻ അന്യായപ്പലിശക്ക് തൻെറ പണം കടം കൊ
ടുത്തില്ല' എന്ന ദിവ്യലിഖിതം (സങ്കീ. 15:5) മറന്ന് ലാഭ
ത്തിൻെറ അത്യാർത്തിയും ദുരാഗ്രഹവും നിമിത്തം ഒരു ശതമാനം
മാസപ്പലിശയ്ക്കു പണം കൊടുക്കുന്ന, വൈദികഗണത്തിൽ
പേരെഴുതപ്പെട്ട ചിലർ ഉള്ളതിനാൽ ഈ മഹാ പരിശുദ്ധ സൂന
ഹദോസ് ഇപ്രകാരം നന്നായി ചിന്തിക്കുന്നു: ഈ ഡിക്രിക്കു
ശേഷം ആരെങ്കിലും മലിനപ്പെടുത്തുന്ന ധനത്തെപ്രതി രഹസ്യ
മായോ പരസ്യമായോ അൻപതു ശതമാനം പലിശയായി ആവ
ശ്യപ്പെട്ടുകൊണ്ടോ മറേറതെങ്കിലും രീതിയിലോ അന്യായപ്പലിശ
വാങ്ങുന്നതായി കാണപ്പെട്ടാൽ അവൻ വൈദികസ്ഥാനത്തു
നിന്ന് നിഷ്ക്കാസിതനാകണം. പട്ടികയിൽനിന്ന് അവൻെറ
പേര് നീക്കം ചെയ്യപ്പെടുകയും വേണം.

**വിശദീകരണം:**

ഏതുതരത്തിലുള്ള അന്യായപ്പലിശയും വൈദികർക്ക് ചേ
രാത്തതിനാൽ ശക്തിയായി ഈ ഡിക്രി അതിനെ മുടക്കുന്നു.
അന്യായപ്പലിശ ദൈവികനിയമത്തിനും മാനുഷികനിയമത്തി
നും സ്വാഭാവിക നിയമത്തിനും നിരക്കാത്തതാണ്. സഭാപിതാ
ക്കൻമാർ അന്യായപ്പലിശയെ ശക്തിയായി എതിർത്തിട്ടുണ്ട്.

www.malankaralibrary.com



18. ചില പ്രവിശ്യകളിലും പട്ടണങ്ങളിലും ശെമ്മാശ്ശൻമാർ വൈദികർക്ക് കുർബാന കൊടുക്കുന്നു എന്ന് ഈ മഹാപരിശുദ്ധ സൂനഹദോസിന് അറിവായിരിക്കുന്നു. ക്രിസ്തുവിൻെറ ശരീരം അർപ്പിക്കാൻ അധികാരമില്ലാത്തവർ അപ്രകാരം അധികാരമുള്ളവർക്ക് കൊടുക്കുവാൻ കാനനും നടപടിയും ഒന്നും അനുവദിക്കുന്നില്ല. ചില ശെമ്മാശ്ശൻമാർ മെത്രാൻമാർക്കു മുൻപേ പോലും വി. കുർബാനയെ സ്പർശിക്കുന്നു എന്ന കാര്യവും അറിയപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള നടിപടികളെല്ലാം നിർത്തലാക്കപ്പെടട്ടെ: മെത്രാൻെറ ശുശ്രൂഷകരും, വൈദികർക്ക് താഴെയുള്ള സ്ഥാനത്തുള്ളവരുമാണ് തങ്ങളെന്ന് ഗ്രഹിച്ച്, ശെമ്മാശ്ശൻമാർ തങ്ങളുടെ പരിമിതിക്കുള്ളിൽതന്നെ നില്ക്കട്ടെ. വൈദികർക്കുശേഷം അവരുടെ ക്രമം അനുസരിച്ച് ശെമ്മാശ്ശൻമാർ വിശുദ്ധ കുർബാന സ്വീകരിക്കട്ടെ. മെത്രാനോ വൈദികനോ അവർക്ക് കുർബാന നൽകട്ടെ. കൂടാതെ ശെമ്മാശ്ശൻമാർ വൈദികരുടെ ഇടയിൽ ഇരിക്കരുത്; കാരണം, കാനനും ക്രമത്തിനും എതിരാണത്. ഈ ഡിക്രിക്കുശേഷം ആരെങ്കിലും അനുസരിക്കാൻ കൂട്ടാക്കാതിരുന്നാൽ അവൻ ശെമ്മാശ്ശസ്ഥാനത്തുനിന്ന് പുറംതള്ളപ്പെടട്ടെ[33].

**വിശദീകരണം:**

സഭയിലെ ഹയരാർക്കിക്കൽ ക്രമത്തെപ്പററി വ്യക്തമായി ഈ രേഖ സാക്ഷിക്കുന്നു. സഭാഹയരാർക്കി, മെത്രാൻമാർ, വൈദികർ, ശെമ്മാശൻമാർ എന്നിവർ ചേർന്നതാണ്. അതുപോലെ വി. കുർബാന ബലിയാണ് എന്ന് സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തർക്കുള്ള ക്രമങ്ങൾ ഓരോരുത്തരും പാലിക്കണം. ശെമ്മാശൻമാർ അവരുടെ സ്ഥാനത്തിന്

33. മെത്രാനോട് വളരെ അടുത്തു പെരുമാറുന്ന ഡീക്കൻമാരെയാകാം വിവക്ഷ. സന്ദർശനാർത്ഥം എത്തുന്നവരും തദവസരം ബലിയർപ്പിക്കാത്തവരും എന്നാൽ ബലിയിൽ സംബന്ധിക്കുന്നവരുമായ വൈദികർക്കും മെത്രാൻമാർക്കും മുൻപേ ഇത്തരം ഡീക്കൻമാർ കുർബാന അനുഭവിച്ചിരിക്കാം. അവർ മേല്പറഞ്ഞവർക്ക് കുർബാന കൊണ്ടു കൊടുത്തു കാണും. അതിനെതിരായിട്ടാണ് കാനൻ.



അതീതമായ കാര്യങ്ങൾ ചെയ്യാനേ പാടില്ല എന്ന് ഈ കാനൻ സ്പഷ്ടമാക്കുന്നു.

19. കത്തോലിക്കാ സഭയിലേക്ക് തിരിച്ചുവരുന്ന പൗലിസ്ത്യരെ തീർച്ചയായും വീണ്ടും സ്നാനപ്പെടുത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നു; അവരുടെ കൂട്ടത്തിലെ കുററമില്ലാത്തവരും, ആരോപണാതീതരുമായ വൈദികരെ വീണ്ടും സ്നാനപ്പെടുത്തി, കത്തോലിക്കാസഭയിലെ മെത്രാൻ, പട്ടം കൊടുക്കണം. എന്നാൽ അവർ അയോഗ്യരാണെന്ന് കണ്ടുപിടിക്കപ്പെട്ടാൽ സ്ഥാനഭ്രഷ്ടരാക്കണം. അവരുടെ കൂട്ടത്തിലെ ശുശ്രൂഷികളായ സ്ത്രീകളെയും വൈദികസമൂഹത്തിൽ പേരെഴുതപ്പെട്ടവരെയും സംബന്ധിച്ച് ഇതേ രീതി അനുവർത്തിക്കപ്പെടണം. 'വസ്ത്രം' മാത്രം സ്വീകരിക്കയും, കൈവെപ്പില്ലാതിരിക്കയും ചെയ്യുന്നവരെയാണ് 'ശുശ്രൂഷികളെ'ന്നിവിടെ വിവക്ഷിക്കുക. അവർ അൽമായരുടെ കൂട്ടത്തിൽ ഗണിക്കപ്പെടണം.

**വിശദീകരണം:**

സാമസോട്ടക്കാരൻ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാൻെറ (മൂന്നാംനൂററാണ്ട്) പിൻഗാമികളാണ് പൗലിസ്ത്യർ. പൽമീറായിലെ രാജ്ഞിയായ സെനോബിയായുടെ 'ധനകാര്യമന്ത്രി'യായിരുന്ന പൗലോസ് 260—ൽ അന്ത്യോക്യൻ മെത്രാനായി, 264നും 268 നും ഇടയ്ക്ക് അന്ത്യോക്യയിൽ വച്ച് മൂന്നു സൂനഹദോസുകൾ കൂടി. മൂന്നാമത്തെ സിനഡിൽ (268)വച്ച് മാൽക്കിയോൻ എന്ന വൈദികൻെറ നേതൃത്വത്തിൽ പൗലോസ് സഭാഭ്രഷ്ടനാക്കപ്പെട്ടു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളെ മൂന്നു പേരുകളായിമാത്രം പൗലോസ് കണക്കാക്കി. വചനത്തിൻെറ മനുഷ്യാവതാരത്തെ സംബന്ധിച്ചും അദ്ദേഹം തെററായി പഠിപ്പിച്ചു. 'യേശു ദൈവത്തിൻെറ ദത്തുപുത്രനാണ്', 'പ്രവാചകരിലൊരാളാണ് യേശു', എന്നിത്യാദി അബദ്ധോപദേശങ്ങളത്രേ ഇദ്ദേഹം പഠിപ്പിച്ചത്. ത്രിത്വത്തെ സംബന്ധിച്ചും പുത്രൻെറ മനുഷ്യാവതാരം സംബന്ധിച്ചും അബദ്ധങ്ങൾ പഠിപ്പിച്ച പൗലിസ്ത്യർ കത്തോലിക്കാസഭയിലേയ്ക്കു വരുമ്പോൾ വീണ്ടും മാമോദീസാ നൽകണമെന്ന് നിഖ്യാസൂനഹദോസിൻെറ ഈ ഡിക്രി അനുശാസിക്കുന്നു.

www.malankaralibrary.com



ശുശ്രൂഷികളായ സ്ത്രീകൾ സഭയിലുണ്ടായിരുന്നു. സ്ത്രീകളെ ശുശ്രൂഷിക്കുക, സ്ത്രീകളുടെ സ്നാനത്തിന് സഹായിക്കുക ആദിയായവ ആയിരുന്നു അവരുടെ ജോലി. അവർ നിത്യകന്യകകളോ, വിധവകളോ ആയിരുന്നു. വൈദിക സ്ഥാനക്കാരുടേതുപോലെ പ്രത്യേകം പട്ടമൊന്നും ഈ ശുശ്രൂഷികൾക്കില്ലായിരുന്നു. സഭയുടെ മുൻപാകെയുള്ള അർപ്പണവും മെത്രാന്റെ ആശീർവാദവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. തെർത്തുല്യന്റെ അഭിപ്രായത്തിൽ അവർക്ക് 60 വയസ് തികഞ്ഞിരിക്കണം. (കന്യകകൾ തലമൂടുന്നതിനെപ്പററി, 9). കൽക്കദോൻ സൂനഹദോസ് അതു നാല്പതായി കുറച്ചു. പിൽക്കാല സഭാചരിത്രത്തിൽ ശുശ്രൂഷികളുടെ സ്ഥാനം കാര്യമായി നാം കാണുന്നില്ല.

20. കർത്തൃദിവസത്തിലും പെന്തിക്കൊസ്തിയിലും ചിലയാളുകൾ മുട്ടുകുത്തുന്നതായി അറിയുന്നു. എല്ലായിടത്തും എല്ലാ കാര്യങ്ങളും ഒരുപോലെ ആചരിക്കപ്പെടുന്നതിലേയ്ക്ക് നിന്നുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കണം എന്ന് ഈ സൂനഹദോസ് കല്പിക്കുന്നു.

**വിശദീകരണം:**

ആദിമസഭയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു; എന്നാൽ കർത്തൃദിവസത്തിലും, ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങളിലും നിന്നുകൊണ്ടായിരുന്നു പ്രാർത്ഥന. 'കർത്തൃദിവസത്തിൽ ഉപവസിക്കുന്നതും മുട്ടുകുത്തുന്നതും നിയമവിരുദ്ധമായി ഞങ്ങൾ കരുതുന്നു, ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയും ഞങ്ങൾക്കീ സ്വാതന്ത്ര്യമുണ്ട്' എന്നു തെർത്തുല്യൻ രേഖപ്പെടുത്തിയിരിക്കുന്നു. (കിരീടത്തെപ്പററി 3 : 4) കർത്തൃദിവസങ്ങളിൽ ഉത്ഥാനത്തിന്റെ അനുസ്മരണയാകയാലത്രേ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നതെന്നു പല പിതാക്കന്മാരും സൂചിപ്പിക്കുന്നു.



## പങ്കെടുത്തവർ[1]

**1. റോമൻ സഭ**

1. കൊർദോബായിലെ ഹോസിയസ്
ബിത്തോൻ[2]
ബിക്കെൻതിയോസ്[3]

**2. ഈജിപ്ഷ്യൻ എപ്പാർക്കിയിൽനിന്ന്**

2. അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡർ
3. പഫ്നൂസ്യോസ്
4. അൽഫൊക്രാനൊനിലെ അർപ്പൊക്രാത്തിയോൻ
5. കൂനോനിലെ അദമാൻതിയോസ്
6. ഫർബൈത്തുവിലെ അർബീത്തിയോൻ
7. പനെഫുസെയോസിലെ ഫിലിപ്പോസ്
8. ഹെരാക്ലെയൂസിലെ പൊത്താമോൻ
9. പെലൂസിയത്തെ ദൊറോത്തെയോസ്
10. ത്മൂയിസിലെ ഗായുസ്
11. തനിത്തേസിലെ തിബേരിയോസ്
12. സ്കെദിയാസിലെ അത്ഥാസ്

**3. തെബായിസ് എപ്പാർക്കിയിൽനിന്ന്**

13. ആൻറിനോയിലെ ത്യുറാനോസ്
14. ല്യൂക്കോയിലെ പ്ല്യൂസിയാനോസ്

---

1. പ്രാരംഭ ലിസ്ററിൽ 194 പേരുകളേ ഉണ്ടായിരുന്നുള്ളൂ. Cfr, "Honigmann, La Liste orginale des Peres de Nicee', in Byzantion, 14 (1939), p 44—48.
2. 'വീത്തൂസ്' എന്നും കാണുന്നു.
3. വിൻസെൻറ് എന്നും കാണുന്നു. അവരിരുവരും റോമാസഭയിലെ വൈദികരായിരുന്നു. മാർപാപ്പയുടെ പ്രതിനിധികളായിട്ടാണ് അവർ സംബന്ധിച്ചത്.

www.malankaralibrary.com



4. ലിബിയ എപ്പാർക്കിയിൽനിന്ന്

15. ബെരെനിക്കെയിലെ (ബെർനീസിലെ) ദാക്കിയോസ്
16. ബാർക്കെസിലെ സൊപ്പൂറോസ്

5. ലിബിയ സുപ്പീരിയർ എപ്പാർക്കിയിൽനിന്ന്

17. അൻതിപുർഗിലെ സെറാപിയോൻ
18. പരാത്തോണിലെ തീത്തോസ്

6. പലസ്തീന എപ്പാർക്കിയിൽനിന്ന്

19. ജറുസലേമിലെ മക്കാരിയോസ്
20. നെയാപ്പോളീസിലെ ഗർമാനോസ്
21. സെബാസ്തെനെസിലെ മരീനോസ്
22. സെബാസ്തെയിലെ ഗായാനോസ്
23. കേസറിയായിലെ എവുസേബിയസ്
24. ഗദാറായിലെ സബീനോസ്
25. അഷ്കലോനിലെ ലൊൻഗീനുസ്
26. നിക്കോപ്പൊളീസിലെ പത്രോസ്
27. യാമ്നിയായിലെ മക്രീനോസ്
28. എലെവുത്തെരോപ്പൊളീസിലെ മാക്സിമോസ്
29. മാക്സിമിയാനോപ്പൊളീസിലെ പൗലോസ്
30. യറീഹോയിലെ യാനുവാരിയോസ്
31. ലിദ്ദായിലെ ഏസ്യുസ്
32. അഷ്ദോദിലെ സിൽവാനോസ്
33. ഷിത്തോപ്പൊളീസിലെ പത്രോഫിലോസ്
34. ഗാസായിലെ അസ്ക്ലേപ്പാസ്
35. അയ്ലായിലെ പത്രോസ്
36. കാപ്പിത്തൊളിയാസിലെ അന്തിയോക്കോസ്

7. ഫിനീഷ്യ എപ്പാർക്കിയിൽനിന്ന്

37. ടയറിലെ സേനോ
38. പനെയാദോസിയെ ഫിലൊകാലൊസ്
39. ആക്കോയിലെ ഏനെയാസ്
40. ഡമാസ്കസിലെ മാഗ്നുസ്



41. സീദോനിലെ തിയദൊറൊസ്
42. ട്രിപ്പൊളിയിലെ ഹെല്ലാനിക്കോസ്
43. ബരീത്തുസിലെ ഗ്രിഗോറിയോസ്
44. പൽമീറായിലെ മരിനൂസ്
45. എമേസയിലെ തദോനെഓസ്

8. ചേളേ സിറിയാ എപ്പാർക്കിയിൽനിന്ന്

46. അന്ത്യോക്യയിലെ എവുസ്താത്യോസ്
47. സെലൂഷ്യയിലെ സെനോബിയോസ്
48. ലവദീക്യയിലെ തെയൊഡോട്ടസ്
49. അപ്പമെയായിലെ അൽഫിയോസ്
50. ഹിയരാപ്പൊളീസിലെ ഫീലൊക്സേനൂസ്
51. ജെർമനീഷ്യയിലെ സെലമാനെസ്
52. സാമൊസാട്ടെയിലെ പിപ്പേരിയോസ്
53. ദോളിക്കെയിലെ അർക്കലാവോസ്
54. ബലാലെയാസിലെ എവുഫ്രാ (ൻ) തിയോൻ
55. പല്ലാദോസ് കോർഎപ്പിസ്ക്കോപ്പാ
56. ഗാബാലായിലെ സൊയ്ലോസ്
57. സെവുഗ്മാത്തോസിലെ ബാസ്സോസ്
58. റഫാനെയിലെ ബസിയാനോസ്
59. ലാറീശ്ശയിലെ ഗെറോൻതിയോസ്
60. എപ്പിഫാനിയായിലെ എവുസ്താത്യോസ്
61. അരെത്തൂസായിലെ മനിക്കിയോസ്
62. നെയോ ചെസറിയായിലെ പൗലോസ്
63. സൈറസിലെ സിറീകിയോസ്
64. സെലവുക്കുസ് കോർഎപ്പിസ്കോപ്പാ
65. ഗെൻദാറോയിലെ പത്രോസ്
66. അർബോകദാമിലെ പെഗാസിയോസ്
67. ഗാബൂലായിലെ ബാസ്സോനേസ്

9. അറേബ്യൻ എപ്പാർക്കിയിൽനിന്ന്

68. ബോസ്ത്രായിലെ നിക്കോമാക്കോൻ
69. ഫിലാദെൽഫിയായിലെ കുരിയോൻ
70. എസ്ബൂസിലെ ജെന്നാഡിയുസ്

www.malankaralibrary.com



71. ദിയോണീസിയായിലെ സെവേരൂസ്
72. ബതാനായിലെ സോപത്രോസ്

10. **മെസൊപ്പൊട്ടേമിയൻ എപ്പാർക്കിയിൽനിന്ന്**

73. ഉറഹായിലെ അയിത്താലിസ് (അഹത്തള്ള)
74. നിസിബിസിലെ യാക്കോബ്
75. റേശ്ഐനായിലെ അന്തിയോക്കോസ്
76. മക്കെദോനോപ്പൊളീസിലെ മാറെയാസ്
77. പേർഷ്യയിലെ യോഹന്നാൻ

11. **സിലീഷ്യ എപ്പാർക്കിയിൽ നിന്ന്**

78. തർസോസിലെ തെയോദോറസ്
79. എപ്പിഫാനിയായിലെ അംഫിയോൻ
80. നെറോണിയാദോസ്സിലെ നർക്കീസോസ
81. കസ്താബാബോയിലെ മൂശെ
82. ഫ്ളാവിയാദോസിലെ നിക്കേത്തോസ്
83. എവുദായ്മോൻ കോർഎപ്പിസ്കോപ്പാ
84. അദാനായിലെ പൗളീനസ്
85. മൊപ്സുവെസ്ത്യായിലെ മക്കെദോണിയോസ്
86. ഏജിയായിലെ തർക്കോൻദിമാൻതോസ്
87. അലക്സാൺഡ്രിയായിലെ ഹെസിക്കിയോസ്
88. കേസറിയായിലെ ലെയോൻതിയോസ്
89. തിയാനായിലെ എവുപ്സൂക്കിയോസ്
90. കൊളോണിയായിലെ എരിത്രിയോസ്
91. ക്യൂബിസ്തായിലെ തിമോത്തെയോസ്
92. കൊമാനായിലെ അംബ്രോസ്
93. സ്തെഫാനോസ് കോർഎപ്പിസ്ക്കോപ്പാ
94. റോദോൻ കോർഎപ്പിസ്ക്കോപ്പാ

12. **ചെറിയ അർമേനിയൻ എപ്പാർക്കിയിൽ നിന്ന്**

95. സെബസ്തെയിലെ എവുലാലിയോസ്
96. സത്താലോണിലെ അവീത്തിയോസ്
97. എവുദ്രോമിയോസ് കോർഎപ്പിസ്ക്കോപ്പാ
98. തെയൊഫാനെസ് കോർഎപ്പിസ്ക്കോപ്പാ



13. **വലിയ അർമേനിയൻ എപ്പാർക്കിയിൽ നിന്ന്**

99. അരിസ്താക്കേസ് (അരിസ്തെയോസ്)

14. **ദിയോസ് പോന്തുസ് എപ്പാർക്കിയിൽ നിന്ന്**

100. കൊമാനോയിലെ എൽപീദിയോസ്
101. സേലോനിലെ ഹെരാക്ളെയോസ്

15. **പോന്തസിലെ ഫിലമോണിക്കൂസ് എപ്പാർക്കിയിൽ നിന്ന്**

102. നെയോചെസാറിയായിലെ ലൊൻഗീനുസ്
103. ട്രാപ്പെസുൻതൊസിലെ ദോമ്നുസ്
104. പിത്യുസിലെ സ്ത്രത്തോഫിലോസ്

16. **പഫ്ലഗോണിയ എപ്പാർക്കിയിൽ നിന്ന്**

105. പോംപെയോപൊളീസിലെ ഫിലാദെൽഫോസ്
106. യോനോപ്പൊളീസിലെ പെത്രോണിയോസ്
107. അമാസ്ത്രിദോസിലെ എവുപ്സിക്കിയോസ്

17. **ഗലാത്യ എപ്പാർക്കിയിൽ നിന്ന്**

108. അൻസീറായിലെ പങ്കാരിയോസ്
109. തബിയാസിലെ ദിക്കാസിയോസ്
110. ഗദമൗഓനിലെ എറെക്തിയോസ്
111. യൂലിയോപൊളീസിലെ ഫിലാദെൽഫോസ്

18. **ആസിയ എപ്പാർക്കിയിൽ നിന്ന്**

112. ഖുസിക്കോസിലെ തെയോനാസ്
113. എഫെസോസിലെ മേനൊഫാൻതൊസ്
114. ഈലിയോനിലെ ഓറിയോൻ
115. സ്മിർണയിലെ എവുത്തിക്കിയോസ്
116. ഹിപൈപ്പോണിലെ മിത്രോസ്
117. ഏനെയാസിലെ പൗലോസ്

19. **ലീദിയ എപ്പാർക്കിയിൽ നിന്ന്**

118. സാർദിസിലെ അർതെമിദോറോസ്
119. തെയതീറായിലെ സേറാസ്
120. ഫിലാഡെൽഫിയായിലെ എത്തൊയ്വാസിയോസ്

www.malankaralibrary.com



121. ബാറെയോസിലെ പൊള്ളിയോൻ
122. ട്രിപ്പോളീസിലെ അഗോഗിയോസ്
123. അൻസീറാ സിദെറായിലെ ഫ്ളോറൻസിയുസ്
124. ഔറേലിയാനോപ്പൊളീസിലെ അന്തിയോക്കസ്
125. സ്താൻദോസിലെ മർക്കോസ്

20. ഫ്രീജീയ എപ്പാർക്കിയിൽ നിന്ന്

126. ലവദീക്യയിലെ നുനെക്കിയോസ്
127. സനാവോനിലെ ഫ്ളാക്കോസ്
128. സുന്നാദോസിലെ പ്രൊക്കോപ്പിയോസ്
129. ഐസാനോയിലെ പിസ്തിക്കോസ്
130. ദോറിലെയുമിലെ അത്തെനോദൊറോസ്
131. എവുക്കാർപ്പിയായിലെ എവുഗേനിയോസ്
132. ഹെറാപ്പൊളീസിലെ ഫ്ളാക്കോസ്

21. പിസീദിയ എപ്പാർക്കിയിൽ നിന്ന്

133. ഇക്കോണിയത്തിലെ എവുലാലിയോസ്
134. അഡ്രിയാനോപ്പൊളീസിലെ തെലേമാക്കോസ്
135. നെയാപ്പൊളീസിലെ ഹെസീക്കിയോസ്
136. സെലൂഷ്യയിലെ എവുത്തീക്കിയസ്
137. ലിമെനോയിലെ ഗ്രാനിയോസ്
138. അപ്പമെയായിലെ തർസീക്കിയസ്
139. മെത്രോപ്പോളീസിലെ പോളികാർപ്പ്
140. മുസ്തേനേസിലെ അക്കദേമിയോസ്
141. ബാറെയോസിലെ ഹെറാക്ളെയ്ദാസ്
142. ഉസാദോയിലെ തിയദോറോസ്

22. ലീസിയ എപ്പാർക്കിയിൽ നിന്ന്

143. പത്താറോണിലെ എവുദെമോസ്

23. പംഫീലിയ എപ്പാർക്കിയിൽ നിന്ന്

144. പെർഗയിലെ കല്ലിക്ളേസ്
145. തെർമേസുവിലെ എവുറേസിയോസ്
146. ഉവർബേസിലെ സെവുക്സിയോസ്



147. അസ്പെൻദോസിലെ ദോമ്നുസ്
148. സെലൂഷ്യയിലെ കുൻതിയാനോസ്
149. മാക്സിമിയാനോപ്പൊളീസിലെ പത്രിക്കിയോസ്
150. മഗീദായിലെ അഫ്രദോസിയോസ്

24. ദ്വീപുകളിൽ നിന്ന്

151. റോദസിലെ എവുഫ്രോസിനോസ്
152. കോയിലെ മെലീഫ്തോംഗോസ്

25. കാറിയ എപ്പാർക്കിയിൽ നിന്ന്

153. അന്ത്യോക്യായിലെ എവുസേബിയസ്
154. അഫ്രോദീസിയാദേസിലെ അമ്മോണിയോസ്
155. അപ്പൊളേളാണിയാനോസിലെ എവുജേനിയോസ്
156. കിബിറാത്തോദിലെ ലെത്തോദൊറോസ്
157. മിലെത്തോണിലെ എവുസേബിയസ്

26. ഇസൗരിയ എപ്പാർക്കിയിൽ നിന്ന്

158. ബറാത്തോണിലെ സ്തെഫാനോസ്
159. കറൊപ്പിസോയിലെ അത്തനാസ്യോസ്
160. ക്ളൗദിയോപ്പൊളീസിലെ ഐദേസിയോസ്
161. സെലൂഷ്യയിലെ അഗാപ്പിയോസ്
162. മെത്രോപ്പോളീസിലെ സിൽവാനോസ്
163. അന്ത്യോക്യയിലെ അന്തോണിയോസ്
164. സിയൊദ്രോണിലെ നെസ്തോർ
165. ഹെസീക്കിയസ് കോർ എപ്പിസ്ക്കോപ്പാ
166. ഉമനാദോയിലെ സിറിൽ
167. അനാത്തോളിയോസ് കോർ എപ്പിസ്ക്കോപ്പാ
168. ഗോർദിയാനോസ് കോർ എപ്പിസ്ക്കോപ്പാ
169. ലാറൻദോണിലെ പൗലോസ്
170. കൊയിൻതോസ് കോർ എപ്പിസ്ക്കോപ്പാ
171. ഇലിസ്ത്രോണിലെ തിബെരിയോസ്
172. അക്കിലാസ് കോർ എപ്പിസ്ക്കോപ്പാ

www.malankaralibrary.com



27. സൈപ്രസ് എപ്പാർക്കിയിൽ നിന്ന്

173. പാഫോസിലെ കൂറില്ലോസ്
174. സലാമിനായിലെ ജലാസിയോസ്

28. ബിത്തീനിയ എപ്പാർക്കിയിൽ നിന്ന്

175. നിക്കൊമേദിയായിലെ എവുസേബിയസ്
176. നിഖ്യയിലെ തെയോഗ്നിസ്
177. കൽക്കദോനിയായിലെ മാരിസ്
178. കിയോസിലെ കുരിയോൻ
179. പ്രൂസാസിലെ ഹെസീക്കിയസ്
180. അപ്പൊളേളാണിയാദോസിലെ ഗൊർഗോണിയോസ്
181. പ്പൂസിയാദോസിലെ ഗെയോർഗിയോസ്
182. അഡ്രിയാനോപ്പൊളീസിലെ എവുഫ്രത്തിയോസ്
183. തെയോഫാനെസ് കോർ എപ്പിസ്ക്കോപ്പാ
184. ചെസാറിയായിലെ റൂഫോസ്
185. എവുലാലിയോസ് കോർ എപ്പിസ്ക്കോപ്പാ

29. യൂറോപ്പ് എപ്പാർക്കിയിൽ നിന്ന്

186. ഹെരാക്ളെയായിലെ പൈദേറോസ്

30. ഡേഷ്യ എപ്പാർക്കിയിൽ നിന്ന്

187. സാർദിക്കയിലെ പ്രൊത്തോഗെനേസ്
188. തോമിയിലെ മർക്കോസ്

31. മീസിയ എപ്പാർക്കിയിൽ നിന്ന്

189. മാർസിയാനോപ്പൊളീസിലെ പിസ്തോസ്

32. മാസിഡോണിയ എപ്പാർക്കിയിൽ നിന്ന്

190. തെസെലോനിക്കയിലെ അലക്സാണ്ഡർ
191. സ്തോറോണിലെ പൂദേസ് (ബൂദിയോസ്)

33. അക്കായിയാ എപ്പാർക്കിയിൽ നിന്ന്

192. അഥേനാസിലെ പിസ്തോസ്
193. ഹെഫായസ്തിയായിലെ സ്ത്രത്തേറിയോസ്



34. തെസ്സാലിയാ എപ്പാർക്കിയിൽ നിന്ന്

194. ഥേബോയിലെ ക്ളെയോണിക്കോസ്

* * * *

195. മെംഫീസിലെ അന്തിയോക്കസ് (അലക്സാണ്ഡ്രിയ എപ്പാർക്കി)
196. അമസെയായിലെ എവുത്തീക്കിയുസ് (ദിയസ്പോൻതൂസ് എപ്പാർക്കി)
197. അംബ്ളാദോനിലെ പത്രീക്കിയോസ് (പിസീദിയാ എപ്പാർക്കി)
198. സ്കഥിയോസ്
199. കാർത്തേജിലെ ചെച്ചീലിയൻ
200. കലാബ്രിയായിലെ മർക്കോസ്
201. ദീയോനിലെ നിക്കോസിയൂസ്
202. സ്ത്രീദോയിലെ (പന്നോണിയ) ദോമ്നുസ്
203. അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസ്

## നിഖ്യായിൽ സംബന്ധിച്ച പിതാക്കൻമാർ അലക്സാണ്ഡ്രിയൻ സഭയ്ക്ക് അയച്ച സിനഡൽ ലേഖനം

ദൈവകൃപയാൽ വിശുദ്ധവും മഹനീയവുമായ അലക്സാണ്ഡ്രിയൻ സഭയ്ക്ക്: ഈജിപ്ത്, പെൻറാപ്പൊളീസ്, ലിബിയാ എന്നിവിടങ്ങളിലും ആകാശത്തിൻകീഴിൽ ഉള്ള എല്ലാ രാജ്യങ്ങളിലുംപെട്ട ഞങ്ങളുടെ ഏററം പ്രിയപ്പെട്ട സഹോദരൻമാരും സത്യവിശ്വാസികളുമായ വൈദികർക്കും ജനങ്ങൾക്കും:

നിഖ്യായിൽ സമ്മേളിച്ച മെത്രാൻമാരുടെ ഈ പരിശുദ്ധവും ശ്രേഷ്ഠവുമായ സിനഡ് കർത്താവിൽ ആയുരാരോഗ്യങ്ങൾ ആശംസിക്കുന്നു.

ക്രിസ്തുവിൻെറ കൃപയാൽ അതിശ്രേഷ്ഠനായ കോൺസ്ററൻറയിൻ ചക്രവർത്തി വിവിധ പ്രോവിൻസുകളിൽനിന്നും നഗരങ്ങളിൽനിന്നും ഞങ്ങളെ ക്ഷണിച്ചു പരിശുദ്ധവും മഹനീയവുമായ ഈ സിനഡ് നിഖ്യായിൽ വിളിച്ചുകൂട്ടി. സഭയുടെ

www.malankaralibrary.com



വിശ്വാസം സംബന്ധിച്ച സംഗതികൾ ഞങ്ങൾ ചർച്ചചെയ്തു. ചില സംഗതികൾ നിങ്ങളെ എഴുതി അറിയിക്കുന്നത് അത്യാവശ്യമാണെന്നു ഞങ്ങൾക്കു തോന്നി. ചർച്ചചെയ്തു വിശകലന വിധേയമാക്കിയവയും തീരുമാനിച്ചുറപ്പിച്ചവയും ഏവയാണെന്ന് അറിയുവാൻ നിങ്ങൾക്ക് ഇതുവഴി സൗകര്യം ലഭിക്കും.

ആദ്യമായി ആരിയൂസിന്റേയും അയാളുടെകൂടെ നില്ക്കുന്നവരുടേയും അഭക്തി, വഴിപിഴയ്ക്കൽ എന്നിവ സംബന്ധിച്ച് അതിശ്രേഷ്ഠനായ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മുൻപിൽ വച്ച് അന്വേഷണം നടന്നു; ആരിയൂസിനെയും അയാളുടെ ഭക്തിരഹിതമായ അഭിപ്രായത്തെയും, ദൈവദൂഷണംനിറഞ്ഞ വാക്കുകളെയും ചിന്തകളെയും ശപിച്ചുതള്ളണമെന്ന് ഐകകണ്ഠ്യേന തീരുമാനിക്കപ്പെട്ടു; 'ഇല്ലായ്മയിൽനിന്നാണ് ദൈവപുത്രൻ; അവൻ ജനിപ്പിക്കപ്പെടുന്നതിനു മുമ്പ് അവനില്ലായിരുന്നു; ദൈവപുത്രൻ സ്വതന്ത്ര്യേച്ഛയാൽ സുകൃതത്തിനും തിൻമയ്ക്കും കഴിവുള്ളവനാണ്; അവൻ ഒരു സൃഷ്ടിയാണ്' എന്നിങ്ങനെ ദൈവപുത്രനെപ്പറ്റി അവൻ ദൈവദൂഷണം നടത്തി. അവന്റെ ഭക്തിരഹിതമായ പ്രബോധനവും, ഭ്രാന്തും, ദൈവദൂഷണം നിറഞ്ഞ വാക്കുകളും കേട്ട് അസഹ്യമായപ്പോൾ വിശുദ്ധ സിനഡ് ഇവയെല്ലാം ശപിച്ചു. അവനെതിരെയുള്ള ആരോപണങ്ങളും അതിന്റെ മറുപടിയും നിങ്ങൾ ഇതിനോടകം കേട്ടുകാണുമല്ലോ; വിശദവിവരങ്ങൾ പിന്നാലെ നിങ്ങൾക്കു കേൾക്കാൻ സാധിക്കും. അവനു തന്റെ പാപത്തിനുതക്ക ശിക്ഷ കിട്ടി. ഞങ്ങൾ അവനെ കൂടുതൽ പീഡിപ്പിക്കുന്നു എന്ന തോന്നൽ കൊടുക്കാതിരിക്കുവാൻ കൂടുതലൊന്നും പറയുന്നില്ല. മർമറിക്കായിലെ തെയോനാസ് തൊളേമായിസിലെ സെക്കുൻദുസ് എന്നിവരെ നശിപ്പിക്കത്തക്കവിധം അവന്റെ അഭക്തി ശക്തമായി; അവരും അവനെപ്പോലെയുള്ള വിധി സമ്പാദിച്ചു.

ദൈവകൃപയാൽ ഈ പാഷണ്ഡതയിൽനിന്നും ദൈവദൂഷണത്തിൽനിന്നും സമാധാനത്തിൽ വർത്തിച്ച ജനങ്ങളുടെ ഇടയിൽ കലഹവും പിളർപ്പും ഉണ്ടാക്കാൻ മുതിർന്ന ആളുകളിൽനിന്നും, ഈജിപ്റ്റ് വിമോചിതയായി. പിന്നെ അവശേഷി



ച്ചത് മെലീഷ്യസിന്റെ അഹങ്കാരവും അവൻ പട്ടം കൊടുത്തവരുടെ കാര്യവുമായിരുന്നു. പ്രിയ സഹോദരരേ, തൽസംബന്ധമായി സിനഡിന്റെ ഡിക്രികൾ നിങ്ങളെ ഞങ്ങൾ അറിയിക്കാൻ പോകയാണ്. മെലീഷ്യസിനോടു ശാന്തമായി പെരുമാറാൻ സിനഡ് തീരുമാനിച്ചു. അയാൾ തന്റെ പട്ടണത്തിൽ വസിക്കണമെന്നും, മറ്റൊരിടത്തും പട്ടം കൊടുക്കാനോ, ഭരിക്കാനോ, നിയമനം നടത്താനോ പാടില്ലെന്നും കല്പിച്ചു. ഈ കാര്യങ്ങൾക്കായി പട്ടണത്തിലോ നാട്ടിൻപുറത്തോ കാണപ്പെടാൻ പാടില്ല; ഈ സ്ഥാനത്തിന്റെ സംജ്ഞമാത്രം ഉണ്ടായിരിക്കും. അയാൾ പട്ടം കൊടുത്തവർക്ക് വീണ്ടും കുറേക്കൂടി പാവനമായ ഒരു കൈവെപ്പ് നൽകി താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി സഭാസംസർഗത്തിൽ ഉൾപ്പെടുത്താം; അവർക്ക് അവരുടെ സ്ഥാനത്തിൽ തുടരാം. കർമ്മങ്ങൾ നടത്താനുള്ള അവകാശവും ഉണ്ടായിരിക്കും. എന്നാൽ ഏതെങ്കിലും പള്ളിയിലോ, ഇടവകയിലോ പേർ റജിസ്റ്റർ ചെയ്തിട്ടുള്ള മറ്റാളുകൾ ഉണ്ടെങ്കിൽ അവരുടെയും നമ്മുടെ ബഹുമാന്യ സഹോദരനായ അലക്സാണ്ഡറിനാൽ നിയമിക്കപ്പെട്ടവരുടെയും കൂട്ടത്തിൽ അവസാന സ്ഥാനമേ ഇവർക്കുണ്ടായിരിക്കൂ.

നമ്മുടെ സഹപ്രവർത്തകനായ അലക്സാണ്ഡറിന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്നവരും കാതോലികവും അപ്പസ്തോലികവും ആയ സഭയിലെ മെത്രാൻമാരും ആയവരുടെ സമ്മതം കൂടാതെ തങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കുന്നതിനോ, നാമനിർദ്ദേശം ചെയ്യുന്നതിനോ, മറ്റെന്തെങ്കിലും ചെയ്യുന്നതിനോ ഈ ആളുകൾക്ക് ഒരധികാരവും ഇല്ല. നിയമനങ്ങൾ നടത്താനും, വൈദികരുടെ ഇടയിൽനിന്നു യോഗ്യരായവരെ നാമനിർദ്ദേശം നടത്താനും, എന്നുവേണ്ട, സഭയുടെ നിയമവും ചട്ടങ്ങളുമനുസരിച്ച് എല്ലാം പ്രവർത്തിക്കുന്നതിന് അർഹതയുള്ളവർ, ദൈവകൃപയാലും നിങ്ങളുടെ പ്രാർത്ഥനയാലും ഒരു ശീശ്മയിലും ഉൾപ്പെടാത്തവരും, കാതോലികവും ശ്ലൈഹികവുമായ സഭയിലെ കളങ്കരഹിതരായ മെത്രാൻമാരുമായ ആളുകളാണ്. എന്നാൽ ഇപ്പോൾ സഭയിലുള്ള വൈദികഗണത്തിലാരെങ്കിലും മരിച്ചാൽ, പുതുതായി സഭയിൽ സ്വീകരിക്കപ്പെട്ട ആളെ പിൻഗാമിയായി നിയമിക്കാം; എന്നാൽ അവർ യോഗ്യ

www.malankaralibrary.com



രായിരിക്കണം; ജനങ്ങൾ തെരഞ്ഞെടുക്കണം, അലക്സാണ്ഡ്രിയായിലെ മെത്രാൻ അത് അംഗീകരിച്ചുറപ്പിക്കണം. ഇത് എപ്പോഴും പാലിക്കപ്പെടണം. ഈ സൗജന്യം എല്ലാവർക്കും അനുവദിച്ചിരിക്കുന്നു; എന്നാൽ തന്റെ ക്രമരഹിതമായ നടപടിമൂലവും സ്വഭാവത്തിൽ കാണുന്ന എടുത്തുചാട്ടവും സാഹസികതയും നിമിത്തവും, ഈ ഡിക്രി മെലീഷ്യസിന് ബാധകമല്ല. ആദ്യം കാണിച്ച ക്രമരാഹിത്യം ആവർത്തിക്കപ്പെടാൻ ഇടയുള്ളതിനാൽ ഒരധികാരവും അവകാശവും അയാൾക്ക് അനുവദിക്കുന്നില്ല.

ഈജിപ്തിനും അലക്സാണ്ഡ്രിയായിലെ അതിവിശുദ്ധ സഭയ്ക്കും താല്പര്യമുള്ള വിശദാംശങ്ങൾ ഇവയൊക്കെയാണ്; എന്നാൽ അതിശ്രേഷ്ഠനും ഞങ്ങളുടെ സഹോദരനുമായ അലക്സാണ്ഡറിന്റെ സാന്നിധ്യത്തിൽ കാനൻ ആയോ ഡിക്രിയായോ മററ് എന്തെങ്കിലും ഞങ്ങൾ ഉണ്ടാക്കിയാൽ വിശദമായി അദ്ദേഹം അത് നിങ്ങൾക്കു വിവരിച്ചു തരും; നടന്ന സംഗതികളിലൊക്കെ അദ്ദേഹം ഒരു മാർഗദർശിയും സഹപ്രവർത്തകനുമായിരുന്നു. വിശുദ്ധ ഉയിർപ്പിനെ സംബന്ധിച്ച് ധാരണയിലെത്തി എന്ന സദ്വാർത്തയും നിങ്ങളെ ഞങ്ങൾ അറിയിക്കുന്നു: നിങ്ങളുടെ പ്രാർത്ഥനമൂലം ഈ സംഗതിയെക്കുറിച്ചും ശരിയായ തീരുമാനമുണ്ടായി. മുമ്പ് യൂദക്രമമനുസരിച്ച് ഉയിർപ്പുകൊണ്ടാടിയിരുന്ന കിഴക്കുള്ള സഹോദരന്മാർ ഇനിമേൽ റോമാക്കാരുടെയും, നിങ്ങളുടെയും, ആരംഭം മുതൽ ഉയിർപ്പ് കൊണ്ടാടിയിരുന്നവരുടെയും രീതി അനുസരിച്ച് ഈ അതിശ്രേഷ്ഠമായ ഉയിർപ്പ് ആചരിക്കണം.

ഈ സദ്ഫലങ്ങളിലും നമ്മുടെ പൊതുവായ സമാധാനത്തിലും ഐകമത്യത്തിലും സന്തോഷിച്ചുകൊണ്ടും, എല്ലാ പാഷണ്ഡതകളും വെട്ടിമാററിക്കൊണ്ടും നിങ്ങളുടെ മെത്രാനും ഞങ്ങളുടെ സഹപ്രവർത്തകനുമായ അലക്സാണ്ഡറെ, കൂടുതൽ ബഹുമാനത്തോടും വർദ്ധമാനമായ സ്നേഹത്തോടും കൂടെ സ്വീകരിക്കുവിൻ. അദ്ദേഹം തന്റെ സാന്നിദ്ധ്യംകൊണ്ട് ഞങ്ങളെ സന്തുഷ്ടരാക്കി. നിങ്ങളുടെയിടയിലും നമ്മുടെ



എല്ലാവരുടെയും മദ്ധ്യത്തിലും സമാധാനം ഉണ്ടാകുവാനായി തന്റെ വാർദ്ധക്യത്തെ വകവയ്ക്കാതെ വളരെയധികം ക്ഷീണത്തിനും യാത്രയ്ക്കും വിധേയനായി. ഞങ്ങൾ തീരുമാനിച്ചവ നടപ്പായി കാണാൻ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ. സർവശക്തനായ ദൈവത്തിന്റെയും തന്റെ ഏകജാതനും നമ്മുടെ കർത്താവുമായ ഈശോമ്ശീഹായുടെയും പരിശുദ്ധാത്മാവിന്റെയും മഹത്വത്തിനായിട്ടാണ് ഞങ്ങൾ ഇപ്രകാരം പ്രവർത്തിച്ചതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമെൻ.[4]

---

4. സൊക്രാട്ടെസ്, സഭാ. 1.9.1-14; തിയഡൊറെററ്, സഭാ. 1.9.2-13; J. Stevenson, P. 368—370.

www.malankaralibrary.com

## അധ്യായം 2

# ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381)[1]

### ആമുഖം

കോൺസ്റ്റന്റയിൻ ചക്രവർത്തി ( +337) പണികഴിപ്പിച്ച പട്ടണമാണ് കോൺസ്റ്റാന്റിനോപ്പിൾ. ബിസാൻസ്യം എന്നും ഇതറിയപ്പെട്ടു. ആരിയൻ പ്രശ്നം ചർച്ചചെയ്യാനും, നുഴഞ്ഞുകയറി മെത്രാൻസ്ഥാനം കരസ്ഥമാക്കാൻ ശ്രമിച്ച മാക്സിമൂസ് എന്ന സിനിക്കു[2]മൂലം ഉണ്ടായ പ്രശ്നം പരിഹരിക്കാനുമായി 381—ൽ കോൺസ്റ്റാന്റിനോപ്പിളിൽ ഒരു സിനഡുകൂടി. 380—ൽ തന്നെ ഇത്തരം ഒരു സിനഡ് കൂടുന്നതിന് ചക്രവർത്തിമാരായ ഗ്രേഷ്യനും തിയഡോഷ്യസും തീരുമാനിച്ചു. തിയഡോഷ്യസാണ് (379—395) സിനഡ് വിളിച്ചുകൂട്ടിയത്.

നിഖ്യാസൂനഹദോസു മുതൽ (325) 381 വരെയുള്ള കാലഘട്ടത്തിൽ ആരിയനിസം പലതരത്തിൽ വളർന്നുകൊണ്ടിരുന്നു. ഒന്നിനു പിറകെ ഒന്നായി നിരവധി സിനഡുകൾ കൂടി. ''പിതാവിനും പുത്രനും ഒരേ സത്തയാണ്'' (ഹോമോഉസിയോസ്) എന്ന പദം ഉപേക്ഷിച്ചുകൊണ്ടുള്ള വിശ്വാസപ്രമാണങ്ങൾ ഉണ്ടായി. പ്രധാനമായി മൂന്ന് അവാന്തരവിഭാഗങ്ങൾ ആരിയൻ സമൂഹത്തിൽ കാണപ്പെട്ടു: (1) അനോമയർ (Anomoios) : പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം പ്രഖ്യാപിക്കാൻ ഇവർ

1. NPNF. 14: P. 161-190. A.M. Ritter, *Das Konzil von Konstantinopel und sein Symbol, Gottingen*, 1965; I. O. de Urbina, *Nizaea und Konstantinopel*, Mainz, 1964 N. P. Tanner, I P. 20-35

2. താഴെ കാനൻ 4 കാണുക.



വെമ്പൽ പൂണ്ടു. പിതാവും പുത്രനും തമ്മിൽ സാമ്യമില്ലെന്ന് ഇവർ പഠിപ്പിച്ചു. (2) ഹോമോയർ (Homoios) : വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്നു പഠിപ്പിച്ചു. ദൈവശാസ്ത്ര ഫോർമുലകൾ ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു. (3) സെമി ആര്യർ: ഹോമോഉസിയോസ് എന്ന പദം ഇവർ ഉപയോഗിച്ചു. 'പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവും ഉണ്ട്' എന്ന് ഇവർ പഠിപ്പിച്ചു.

നിഖ്യാവിശ്വാസപ്രമാണത്തിന്റെ വെളിച്ചത്തിൽ ആര്യൻ തർക്കങ്ങൾ അവസാനിപ്പിക്കാനുള്ള പരിശ്രമമാണ് 381-ൽ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ നടന്നത്. സത്യവിശ്വാസികളായ 150 പിതാക്കന്മാരും 36 ഹെരട്ടിക്കൽ മെത്രാന്മാരും ഇതിൽ പങ്കെടുത്തു. 'പ്നെവുമാതോമാക്കി' എന്നറിയപ്പെടുന്ന അബദ്ധോപദേശ ചിന്ത പുലർത്തിയവരായിരുന്നു ഈ 36 പേരും. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച ഇവർ സിനഡിന്റെ ആരംഭത്തിൽ സഭ വിട്ടിറങ്ങിപ്പോയി.[3]

സഭ മാക്സിമുസിനെ സ്ഥാനഭ്രഷ്ടനാക്കി. അന്ത്യോക്യൻ മെത്രാൻ മെലേഷ്യസ് അദ്ധ്യക്ഷത വഹിച്ച സിനഡിൽ ഗ്രിഗറി നസ്യാൻസനെ കോൺസ്റ്റാന്റിനോപ്പിളിലെ നൈയാമിക മെത്രാനായി വാഴിച്ചു. എന്നാൽ സിനഡിനിടയ്ക്കുവച്ച് പെട്ടെന്ന് മെലേഷ്യസ് മരിച്ചപ്പോൾ ഗ്രിഗറി അധ്യക്ഷനായി. അലക്സാണ്ഡ്രിയൻ മെത്രാൻ തിമോതി സിനഡിനെത്തിയപ്പോൾ ഗ്രിഗറിയുടെ നിയമനത്തെ എതിർത്തു. ഗ്രിഗറി ഉടൻ തൽസ്ഥാനം രാജിവച്ചു. പകരം നെക്താരിയുസ് തെരഞ്ഞെടുക്കപ്പെട്ടു. സ്നാനവും അഭിഷേകവും കഴിഞ്ഞ് തുടർന്നുള്ള യോഗങ്ങളിലെല്ലാം നെക്താരിയുസ് അധ്യക്ഷനായിരുന്നു. മെലേഷ്യസിന്റെ സ്ഥാനത്ത് ഫ്ളാവിയനെ അന്ത്യോക്യയിൽ പിൻഗാമിയായി വാഴിച്ചു.

3. വിവിധ അബദ്ധോപദേശകരെപ്പറ്റി കാനൻ 1ന്റെ വിശദീകരണം കാണുക.

www.malankaralibrary.com



സിനഡ് നടന്നത് 381 മെയ്-ജൂലൈ മാസങ്ങളിലായിരുന്നു. ഈ സിനഡിന്റെ നടപടി ക്രമങ്ങളോ, തീരുമാനങ്ങളോ കൈവന്നിട്ടില്ല. 382—ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിന്റെ സിനഡിക്കൽ ലേഖനത്തിൽ നിന്നാണ് ഇതിന്റെ ഉള്ളടക്കം നാം ഗ്രഹിക്കുന്നത്.[4] മൂന്നു ദൈവിക ആളുകളുടെ സത്താപരമായ ഐക്യം, നിത്യത്വം എന്നിവ സബെല്ലിയർ, അനൊമയർ, ആരിയർ, പ്നെവുമാതോമാക്കി എന്നിവർക്കെതിരെ സ്പഷ്ടമാക്കി. 382 മുതൽ ഈ സിനഡിനെ ഒരു പൊതു സിനഡായി കാണുന്ന പ്രവണത ഉണ്ടായിരുന്നു. എന്നാൽ ഗ്രിഗറി നസ്യാൻസൻ ഈ സിനഡിനെ നിശിതമായി വിമർശിക്കുന്നതായും കാണാം (PG 37, 1134—1166). പൊതുവെ ഇതൊരു പ്രാദേശിക സിനഡായി കരുതപ്പെട്ടിരുന്നു. കാൽസിഡൺ കൗൺസിലോടുകൂടി (451) മാത്രമാണ് ഇതിന് എക്യുമെനിക്കൽ അംഗീകാരം ലഭിച്ചത്.

## വിശ്വാസപ്രമാണം[5]

കോൺസ്റ്റാന്റിനോപ്പിളിന്റേതായി ഒരു വിശ്വാസപ്രമാണം അറിയപ്പെടുന്നു; കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ ആരാധനക്രമത്തിൽ ഇത് ഉപയോഗിക്കുന്നു. ''നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം'' എന്നും ഇതിനെ വിളിക്കുന്നു. 381 മുതൽ 450 വരെയുള്ള എഴുത്തുകാർ അപ്രകാരം പറഞ്ഞു കാണുന്നില്ല. ഒന്നാം എഫേസോസ് സിനഡോ (431), രണ്ടാം എഫേസോസ് സിനഡോ (449) ഈ വിശ്വാസപ്രമാണത്തെപ്പറ്റി പരാമർശിക്കുന്നില്ല. കാൽസിഡൺ സിനഡോടുകൂടിയാണ് (451) 381—ലെ സിനഡിന്റെ വിശ്വാസപ്രമാണമായി ഇത് അറിയപ്പെടുന്നത്. റോമാസഭ 600-ാമാണ്ടോടുകൂടി ഈ വിശ്വാസപ്രമാണം സ്വീകരിച്ചു:

സർവശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവ

4. See N. P. Tanner, I, P. 25-30.
5. N. P. Tanner, P. 24; J. Stevenson, P.335; ആദിമസഭാപിതാക്കൻമാർ, P. 167.



ത്തിന്റെ ഏകപുത്രനും, യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവുമായി സമസത്തയായവനും, തന്നാൽ സകലതും നിർമ്മിക്കപ്പെട്ടവനും ആയ ഏകകർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യക മറിയാമിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, കഷ്ടതകൾ സഹിച്ച് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്വത്തിൽ വീണ്ടും വരാനിരിക്കുന്നു. അവന്റെ രാജ്യം ഒരിക്കലും അവസാനിക്കുകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവും ആയ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏകമാമോദീസാ ഞങ്ങൾ ഏറ്റുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ. (J. Stevenson *op. cit.* 335).

ജറുസലേമിലെ വിശുദ്ധ സിറിലോ, കോൺസ്റ്റാന്റിനോപ്പിളിലെ വി. നെക്താരിയൂസോ തങ്ങളുടെ സഭയിലെ വിശ്വാസപ്രമാണം സഭയിൽ അവതരിപ്പിച്ചു. അത് ഭേദഗതികളോടുകൂടെ പിതാക്കൻമാർ അംഗീകരിച്ചു എന്ന് ചിലർ കരുതുന്നു. വി. എപ്പിഫാനിയൂസിന്റെ ആൻകൊറാത്തുസിൽ (Ch. 120) ഇതിനു തുല്യമായ ഒരു വിശ്വാസപ്രമാണം കാണുന്നതിനാൽ എപ്പിഫാനിയസിൽ നിന്നാണിത് എന്നു ചിലരും കരുതിയിരുന്നു.

www.malankaralibrary.com



എപ്പിഫാനിയസിന്റെ വിശ്വാസപ്രമാണം താഴെ ചേർക്കുന്നു:[6]

"സർവശക്തിയുള്ള പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനും ലോകങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് അതായത്, പിതാവിന്റെ സത്തയിൽനിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, പിതാവുമായി സമസത്തയായവനും ആയ ഏക കർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). ആകാശത്തിലും ഭൂമിയിലുമുള്ള വസ്തുക്കളെല്ലാം അവനാൽ നിർമ്മിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് ശരീരമെടുത്തു മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും കഷ്ടതകൾ സഹിച്ചു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്ന പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും മഹത്വത്തിൽ വരുവാനിരിക്കുന്നു.

അവന്റെ രാജ്യത്തിന് അവസാനമുണ്ടാകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏകസഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏക

6. H. Hahn—G. Hahn. P. 134 (ചെറിയത്); P. 135 (വലിയത്); *NPNF.* 14. P. 164.



മാമോദീസാ ഞങ്ങൾ ഏററുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു.

'ദൈവപുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നും 'ജനിക്കുന്നതിനുമുമ്പ് അവനില്ലായിരുന്നു' എന്നും 'അവൻ ഇല്ലായ്മയിൽനിന്നുണ്ടായി' എന്നും 'അവന് മറെറാരു ഹ്യൂപ്പോസ്ററസീസാണ്', 'സത്തയാണ്', 'അവൻ ഒരു പ്രവാഹം ആണ്'', 'മാററമുള്ളതാണ്' എന്നും മററും പറയുന്നവരെ കാതോലികവും അപ്പസ്തോലികവുമായ സഭ ശപിക്കുന്നു".

എന്നാൽ ഇപ്പോഴത്തെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് നിഖ്യാവിശ്വാസപ്രമാണംപോലെ 381ലേത് ജറുസലേം സഭയിലെ വിശ്വാസപ്രമാണത്തെ അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ടതാണ്.[7] ഇതു കുർബാനയിൽ ആദ്യമായി ഉൾപ്പെടുത്തിയത് ഏകസ്വഭാവ ചിന്താഗതിയുള്ള പീററർ ഫുള്ളർ (467—88) എന്ന അന്ത്യോക്യൻ പാത്രിയർക്കീസാണ്. സാവധാനം മററു സഭകളും ഇതു കുർബാനയിൽ ഉൾപ്പെടുത്തി. ഫ്രാങ്കിഷ് സഭയിൽ ഒൻപതാം നൂററാണ്ടുമുതൽ കുർബാനയിൽ ഇത് ഉപയോഗിക്കാൻ തുടങ്ങി. മധ്യശതകങ്ങളിൽ 'പുത്രനിൽനിന്നും' (filioque) എന്നതുകൂടി പാശ്ചാത്യ സഭ ഇതിനോടു കൂട്ടിച്ചേർത്തു.[8] റോമൻ റീത്തിൽ ഈ വിശ്വാസപ്രമാണം ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും മാത്രമേ ഉപയോഗിക്കുന്നുള്ളു. പൗരസ്ത്യദേശങ്ങളിൽ മാമോദീസായോടനുബന്ധിച്ച് ഇതുപയോഗിക്കുന്നു. സഭൈക്യത്തിനുള്ള ഒരടിസ്ഥാനരേഖയായി

7. H. Hahn, P. 132-134; J.N.D. Kelly, *Early Christian Creeds*, London, 1972, P. 183; ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, P. 177.

8. 'പരിശുദ്ധാത്മാവ് പിതാവിൽ നിന്നും "പുത്രനിൽ നിന്നും" (filioque) പുറപ്പെടുന്നു.' കോൺസ്ററാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിൽ അതില്ലായിരുന്നു. 589-ൽ മൂന്നാം തൊളേദോ സിനഡിൽ (സ്പെയിൻ) ഇതു കൂട്ടിച്ചേർക്കപ്പെട്ടു. കൂട്ടിച്ചേർത്ത രീതിയിൽ ഫ്രാങ്കിഷ് സഭ ഉപയോഗിക്കാൻ തുടങ്ങി. 1000-മാണ്ടിനു ശേഷം റോമും ഈ കൂട്ടിച്ചേർക്കൽ സ്വീകരിച്ചു.

www.malankaralibrary.com



ഇതംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1888-ലെ ലാംബത് കാദ്രിലാററൽ[9] ഇത് സ്വീകരിച്ചിട്ടുണ്ട്.

പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിക്കുന്നവർ 373 ഓടുകൂടി കോൺസ്ററാൻറിനോപ്പിളിൽ പ്രത്യക്ഷപ്പെട്ടു. പുത്രനും പരിശുദ്ധാത്മാവും പിതാവിൻെറ തന്നെ സത്തയാണെന്ന് സിനഡ് സ്പഷ്ടമായി പഠിപ്പിക്കുകയും പാഷണ്ഡരെ സഭാഭ്രഷ്ടരാക്കുകയും ചെയ്തു. നിഖ്യാ പഠിപ്പിച്ചവ ആവർത്തിച്ച് ഉറപ്പിച്ചു.[10]

ഈ സിനഡ് നാലു കാനോനാകൾ പാസ്സാക്കി. എന്നാൽ പിൽക്കാലത്ത് അതോടുകൂടി മൂന്നെണ്ണം കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഗ്രിഗറി മാർപാപ്പായാണ് (+604) 381-ലെ സിനഡിനെ സാർവത്രിക സിനഡായി അംഗീകരിച്ചത്.

ഒന്നാംകാനൻ വിവിധ ആര്യൻ വിഭാഗക്കാർക്കെതിരായിട്ടാണ്; മെത്രാൻമാർ തങ്ങളുടെ അധികാര പരിധിവിട്ട് അധികാര പ്രയോഗം നടത്തുന്നത് രണ്ടാം കാനൻ വിലക്കുന്നു. മൂന്നാം കാനൻ കോൺസ്ററാൻറിനോപ്പിൾ സിംഹാസനത്തിന് ബഹുമാനത്തിൽ റോം കഴിഞ്ഞാലുള്ള അടുത്ത സ്ഥാനം കൽപ്പിച്ചു കൊടുക്കുന്നു. നാലാം കാനൻ മാക്സിമുസിനെയും അനുയായികളെയും സഭാഭ്രഷ്ടരാക്കുന്നതാണ്. കാനൻ 5–6, 382ലെ

9. സഭൈക്യത്തിനുള്ള നാല് അടിസ്ഥാനപ്രമാണങ്ങളായി 1888-ൽ ആംഗ്ലിക്കൻ സഭ അംഗീകരിച്ചിരിക്കുന്ന തത്വങ്ങൾ: 1. വിശുദ്ധ ഗ്രന്ഥത്തിൽ രക്ഷയ്ക്കാവശ്യമായവ അടങ്ങിയിരിക്കുന്നു. 2. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം, നിഖ്യാവിശ്വാസപ്രമാണം എന്നിവ അംഗീകരിക്കൽ. 3. സ്നാനവും തിരുവത്താഴവും. 4. ചരിത്രപരമായ മെത്രാൻ സ്ഥാനം. (F.L. Cross, *op. cit.* P. 795).

10. പലരും മാസിഡോണിയോസ് എന്ന കോൺസ്ററാൻറിനോപ്പിൾ മെത്രാനെ (342-362), പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ച വിഭാഗത്തിൻെറ (പ്നെവുമാതോമാക്കി) സ്ഥാപകനായി പരിഗണിക്കുകയും, ഈ അബദ്ധോപദേശത്തെ മാസിഡോണിസം എന്നു വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് അപ്രകാരം കരുതുന്നില്ല. സെമി ആര്യൻ മെത്രാനായ ഇയാളെ 362-ലെ ആരിയൻ സിനഡ് പുറത്താക്കി.



സിനഡിൻേറതാണ്. ഏഴാം കാനൻ അന്ത്യോക്യയിലെ മർതീരിയുസിന് കോൺസ്ററാൻറിനോപ്പിൾ സഭ അയച്ച കത്തിൽ നിന്നുള്ള ഒരു ഭാഗമാണ്.

വിശ്വാസപ്രമാണം സ്വീകരിച്ചതുപോലെ കാനോനാകൾ ഉടനടി സ്വീകരിക്കപ്പെട്ടില്ല.

## കോൺസ്ററാൻറിനോപ്പിളിൽ 382-ൽ കൂടിയ മെത്രാന്മാരുടെ ലേഖനം

മഹാനഗരമായ റോമായിൽ കൂടിയ ഏററം ബഹുമാന്യരായ കർത്താക്കളും ഏററം വന്ദ്യരായ സഹോദരന്മാരും സഹശുശ്രൂഷകരുമായ ദമാസുസ്, അംബ്രോസ്, ബ്രിട്ടോൺ, വലേറിയൻ, അക്കോളിയുസ്, അനേമിയുസ്, ബേസിൽ എന്നിവർക്കും മററു വിശുദ്ധ മെത്രാന്മാർക്കും: കോൺസ്ററാൻറിനോപ്പിൾ മഹാനഗരത്തിൽ കൂടിയ ഓർത്തഡോക്സ് മെത്രാന്മാരുടെ വിശുദ്ധ സിനഡ് കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

നിങ്ങൾക്കിതുവരെ അറിയാൻ പാടില്ല എന്ന രീതിയിൽ, ആരിയൻ ആധിപത്യത്തിൻ കീഴിൽ ഞങ്ങൾക്കുണ്ടായ നിരവധി കഷ്ടപ്പാടുകൾ വിവരിച്ച് നിങ്ങളെ മനസ്സിലാക്കുന്നത് തികച്ചും അനാവശ്യമായിരിക്കും. ഞങ്ങളോടുകൂടി നിങ്ങൾ തീർച്ചയായും സഹിക്കുന്നവ നിങ്ങൾ അറിയാൻ ആവശ്യമായിരിക്കുന്നു എന്ന രീതിയിൽ ഞങ്ങളുടെ കാര്യങ്ങൾ നിങ്ങൾ നിസ്സാരമായി കരുതുന്നു എന്ന് ഞങ്ങൾ വിഭാവന ചെയ്യുന്നില്ല. അപ്രധാനം എന്ന അടിസ്ഥാനത്തിൽ നിങ്ങളുടെ ശ്രദ്ധയിൽ പെടാതെ പോകാതിരിക്കത്തക്കവിധമായിരുന്നില്ല ഞങ്ങളെ തകിടം മറിച്ച കൊടുങ്കാററുകൾ. പീഡനകാലഘട്ടം ഇപ്പോൾ കഴിഞ്ഞതേയുള്ളു; പീഡനം സഹിച്ചവർക്കുമാത്രമല്ല, പിന്നെയോ സഹിച്ചവരുടെ പീഡനം സ്നേഹംമൂലം തങ്ങളുടേതാക്കിയവർക്കും ഇതിൻെറ ഓർമ്മ സജീവമായി നില്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതായിരുന്നു പീഡന കാലഘട്ടം. ഒരായിരം ക്ളേശങ്ങൾക്കുശേഷം ഇന്നലെയോ മിനിയാന്നോ മാത്രമാണ് വിപ്രവാസ ബന്ധനത്തിൽ നിന്നു ചിലർ വിമുക്തരായി തങ്ങളുടെ സഭകളിലേക്കു മടങ്ങിയെത്തിയത്. വിപ്രവാ

www.malankaralibrary.com



സത്തിൽ മരിച്ച മററുള്ളവരുടെ തിരുശേഷിപ്പുകൾ മടക്കിക്കൊണ്ടുവന്നു. വിപ്രവാസത്തിൽ നിന്നു തിരികെ വന്ന ശേഷവും ചിലർ പാഷണ്ഡികളുടെ വെറുപ്പിനു വിധേയരായി. പരദേശത്തെന്നതിനേക്കാൾ കൂടുതൽ ക്രൂരമായി അവർ പീഡിപ്പിക്കപ്പെട്ടു. ഭാഗ്യവാനായ സ്ററീഫനെപ്പോലെ അവർ കല്ലെറിഞ്ഞു കൊല്ലപ്പെട്ടു (നട. 7:58). മററുള്ളവർ പീഡനോപകരണങ്ങളാൽ മാന്തിക്കീറപ്പെട്ടു. ക്രിസ്തുവിന്റെ മുറിവുകളുടെയും ചതവുകളുടെയും അടയാളങ്ങൾ അവർ ഇപ്പോഴും തങ്ങളുടെ ശരീരങ്ങളിൽ വഹിക്കുന്നു. പണം ഒടുക്കാനുള്ള ശിക്ഷയും പട്ടണങ്ങളുടെമേൽ ഏർപ്പെടുത്തിയ പിഴയും വ്യക്തികളുടെ വസ്തുക്കൾ കണ്ടുകെട്ടിയതും, ഗൂഢാലോചനകളും കൊടിയ ദ്രോഹങ്ങളും ജയിലിൽ അടയ്ക്കലുകളും ആർക്ക് എണ്ണാൻ സാധിക്കും? യഥാർത്ഥത്തിൽ ഞങ്ങളുടെ പീഡനങ്ങൾ സംഖ്യാതീതമായി വർദ്ധിച്ചു. ഒരു പക്ഷേ ഞങ്ങളുടെ പാപങ്ങൾക്കുള്ള ശരിയായ ശിക്ഷയായിരിക്കാമിത്; ഒരു പക്ഷേ ഞങ്ങളുടെ സഹനങ്ങളുടെ ബഹുത്വത്തിലൂടെ സ്നേഹനിധിയായ ദൈവം ഞങ്ങളെ ശിക്ഷണവിധേയരാക്കുകയായിരിക്കാം.

അതുകൊണ്ട്, ഇതിനു ദൈവത്തിനുനന്ദി. തന്റെ സ്വന്തം ദാസൻമാരെ അവിടുന്ന് പീഡനങ്ങളുടെ ഭാരത്തിലൂടെ പ്രബോധിപ്പിക്കുകയായിരുന്നു; തന്റെ നിരവധി ദാനങ്ങൾക്കനുസൃതമായി വിശ്രാന്തിയുടെ സ്ഥലത്തേയ്ക്ക് അവിടുന്ന് അവരെ വീണ്ടും എത്തിച്ചിരിക്കുന്നു. ദീർഘകാലമായി ബലഹീനമായിരുന്ന സഭാഗാത്രം ശ്രദ്ധാപൂർവകമായ പരിചരണംവഴി പൂർണമായി സുഖപ്പെടുകയും ആദ്യത്തെ സത്യവിശ്വാസത്തിലേക്ക് തിരികെ വരികയും ചെയ്യേണ്ടിയിരുന്നു. ഈ നവീകരണത്തിന് നിരന്തര ശ്രദ്ധയും വളരെയധികം സമയവും കഠിനാധ്വാനവും ഞങ്ങളിൽനിന്ന് ആവശ്യപ്പെടുന്നു. പൊതുവെ, കഠിനമായ മതപീഡനങ്ങളിൽനിന്ന് ഞങ്ങൾ മോചനം പ്രാപിച്ചെന്നും നീണ്ടകാലം പാഷണ്ഡികളുടെ പിടിയിലമർന്ന പള്ളികൾ ഇപ്പോൾ തിരിച്ചുപിടിച്ചുകൊണ്ടിരിക്കയാണെന്നും തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ ഞങ്ങൾ ചെന്നായ്ക്കളാൽ ഞെരുക്കപ്പെടുന്നു. ആട്ടിൻകൂട്ടത്തിൽ നിന്ന് പുറം തള്ളപ്പെട്ട ശേഷവും അവർ താഴ്വരകളിൽതന്നെ അവയെ നശിപ്പിക്കുന്നു. അവർ ബദൽയോഗം കൂടാൻതക്ക ധാർഷ്ട്യം കാട്ടുകയും ജനങ്ങളെ ഇളക്കിവിടുകയും ചെയ്യുന്നു. സഭകൾക്കുപദ്രവം വരുത്തുന്ന ഒന്നും അവർ തടയുന്നുമില്ല. ഞങ്ങൾ പറഞ്ഞതുപോലെ, ഇതുകൊണ്ട് ഞങ്ങളുടെ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ ഞങ്ങൾക്ക് കൂടുതൽ സമയം വേണ്ടിവന്നു.



ദൈവഹിതപ്രകാരം റോമിൽ ഒരു സിനഡുകൂടുകയും ദൈവത്തിനേററം പ്രിയങ്കരനായ നിങ്ങളുടെ ചക്രവർത്തിയുടെ കത്തിലൂടെ നിങ്ങളുടെ സ്വന്തം അവയവങ്ങൾ എന്ന നിലയിൽ അതിലേക്കു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തതു വഴി ഞങ്ങളോടുള്ള നിങ്ങളുടെ സഹോദരസ്നേഹം നിങ്ങളിപ്പോൾ കാണിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ ഞങ്ങൾ കഷ്ടപ്പെടാൻ മാത്രം വിധിക്കപ്പെട്ടവരായിരുന്നു എങ്കിലും മതസംഗതികളിൽ ചക്രവർത്തിമാർതമ്മിൽ പരിപൂർണധാരണയായതിനാൽ ഞങ്ങളിൽ നിന്ന് അകന്ന് നിങ്ങൾ തന്നെ ഇപ്പോൾ ഭരിക്കാതിരിക്കാൻ വേണ്ടിയാണിത്. ശ്ലൈഹിക വചനമനുസരിച്ച്, നിങ്ങളോടുകൂടി ഞങ്ങൾ ഭരിക്കണം (1 കൊറി 4:8). സാധ്യമായിരുന്നെങ്കിൽ ഞങ്ങളെല്ലാവരും ഒണിച്ച് ഞങ്ങളുടെ പള്ളികളെല്ലാം വിട്ട് അവയുടെ ആവശ്യങ്ങൾ ശ്രദ്ധിക്കാതെ ഞങ്ങളുടെ ഈ ആഗ്രഹങ്ങൾ നിറവേററണം എന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. ഞങ്ങൾ പറന്ന് നിങ്ങളോടൊത്തു വിശ്രമിക്കാൻ ഞങ്ങൾക്കാര് പ്രാവിന്റെ ചിറകുകൾ നല്കും? (സങ്കീ. 54:7). സഭകളെ നവീകരിക്കാൻ തുടങ്ങിയിരിക്കുന്ന ഈയവസരം, ഈ നടപടി അവയെ വളരെ അപകടങ്ങളിൽ ചാടിക്കും. അതുകൊണ്ട് ഭൂരിഭാഗം പേർക്കും ഇതസാധ്യമാണ്. അക്വീലെയാ സിനഡു കഴിഞ്ഞ്, ഞങ്ങളുടെ ഏററം ദൈവസ്നേഹിതനായ തിയഡോഷ്യസ് ചക്രവർത്തിക്ക് നിങ്ങൾ കഴിഞ്ഞവർഷം അയച്ച കത്തനുസരിച്ച് ഞങ്ങൾ കോൺസ്ററാൻറിനോപ്പിളിൽ ഒന്നിച്ചു കൂടി. കോൺസ്ററാൻറിനോപ്പിളിലെ ഈ താമസത്തിനുമാത്രമേ ഞങ്ങൾ ഒരുങ്ങിവന്നുള്ളൂ; പ്രോവിൻസുകളിൽ തങ്ങിയ മെത്രാൻമാർ ഈ സിനഡിനു മാത്രമേ സമ്മതം നൽകിയുള്ളൂ. നീണ്ട ഒഴിവിന്റെ ആവശ്യം ഞങ്ങൾ മുൻകൂട്ടി കണ്ടില്ല; കോൺസ്ററാൻറിനോപ്പിളിൽ ഒന്നിച്ചു കൂടുന്നതിനു മുൻപ്, മുൻകൂട്ടി ഇതേപ്പററി ഞങ്ങൾ കേട്ടതേയില്ല.

www.malankaralibrary.com



അതിനുംപുറമെ, നിർദ്ദേശിച്ച ഷെഡ്യൂളിന്റെ ഭാരം നീണ്ട അസാന്നിധ്യത്തിനുള്ള തയാറെടുപ്പിന് അവസരം തന്നില്ല. പ്രോവിൻസുകളിൽ നമ്മോടു കൂട്ടായ്മയുള്ള മെത്രാൻമാരെ അറിയിച്ച് അവരുടെ സമ്മതം വാങ്ങുന്നതിനും സാധിച്ചില്ല. ഇവയും ഇവയ്ക്കുപുറമേ മററനേകം പരിഗണനകളും ഞങ്ങളിൽ മിക്കവരെയും വരുന്നതിൽ നിന്നു തടഞ്ഞതിനാൽ, കാര്യങ്ങൾ നേരേയാക്കുക, ഞങ്ങളോട് നിങ്ങൾക്കുള്ള സ്നേഹത്തെ വിലമതിക്കുക എന്നീ അടുത്ത ഏററം ഉത്തമ നടപടി ഞങ്ങൾ സ്വീകരിച്ചു: നിങ്ങളുടെ പക്കലേക്ക് ആയാസകരമായ യാത്ര ചെയ്യാൻ സന്നദ്ധരാകാനായി ഞങ്ങളുടെ ഏററം വന്ദ്യരും ബഹുമാന്യസഹോദരങ്ങളും സഹശുശ്രൂഷകരുമായ സിറിയാക്കുസ്, എവുസേബിയുസ്, പ്രിഷ്യൻ എന്നീ മെത്രാൻമാരെ ബോധ്യപ്പെടുത്താൻ ഞങ്ങൾക്കു കഴിഞ്ഞു. ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ സമാധാനപരമാണെന്നും അവയുടെ ലക്ഷ്യം ഐക്യമാണെന്നും കാണിക്കാൻ അവർവഴി ഞങ്ങൾ ആഗ്രഹിക്കുന്നു. സത്യവിശ്വാസമാണ് ഞങ്ങൾ തീക്ഷ്ണതാപൂർവം അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

ഞങ്ങൾ സഹിച്ചവയെല്ലാം—മതപീഡനങ്ങൾ, ദുരിതങ്ങൾ, രാജകീയ ഭീഷണികൾ, ഉദ്യോഗവൃന്ദത്തിന്റെ ക്രൂരതകൾ, പാഷണ്ഡികളുടെ കൈകളിൽനിന്നുള്ള വിവിധ പരീക്ഷണങ്ങൾ—ബിഥീനിയായിലെ നിഖ്യായിൽക്കൂടിയ 318 പിതാക്കന്മാർ ഉറപ്പിച്ച സുവിശേഷസത്യത്തിനുവേണ്ടിയാണ്. നിങ്ങളും ഞങ്ങളും, സത്യവിശ്വാസവചനത്തെ തകിടം മറിക്കാനായി ഉററു ശ്രമിക്കാത്ത സകലരും ഈ വിശ്വാസപ്രമാണം അംഗീകരിക്കണം. ഇത് ഏററവും പുരാതനവും നമ്മുടെ സ്നാനത്തിനനുസൃതവുമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എങ്ങനെ വിശ്വസിക്കണം എന്ന് ഇത് നമ്മോടു പറയുന്നു. മൂന്ന് പരിപൂർണ്ണ ഹ്യുപ്പൊസ്ററാസിസുകളിൽ അഥവാ പരിപൂർണ ആളുകളിൽ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ ദൈവത്വവും ഒരേ ശക്തിയും ഒരേ സത്തയും ഒരേ ബഹുമാനം അർഹിക്കുന്ന മാഹാത്മ്യവും സമനിത്യമായ സമഗ്രാധിപത്യവും ആണെന്ന് വിശ്വസിക്കാനും തീർച്ചയായും ഇതു നമ്മോടു പറയുന്നു.



ഹ്യുപ്പൊസ്റ്റാസിസുകൾ കൂട്ടിക്കുഴയ്ക്കുന്നതും ഓരോന്നിന്റെ പ്രത്യേക സ്വഭാവവിശേഷങ്ങൾ നശിപ്പിക്കുന്നതുമായ, സബെല്ലിയുസിന്റെ രോഗഗ്രസ്തസിദ്ധാന്തത്തിന് ഇവിടെ ഒരു സ്ഥാനവുമില്ല. സത്തയുടെ അഥവാ സ്വഭാവത്തിന്റെ അഥവാ ദൈവത്വത്തിന്റെ വിഭജനത്തോടുകൂടിയതും, സൃഷ്ടിക്കപ്പെടാത്തതും സമസത്തയായതും സമനിത്യമായതുമായ ത്രിത്വത്തിൽ പിന്നീട് നിർമ്മിച്ചതോ സൃഷ്ടിച്ചതോ, മറെറാരു വ്യത്യസ്ത സത്തയിൽനിന്നുള്ളതോ ആയ ഏതോ സ്വഭാവത്തിന്റെ അവതരണത്തോടുകൂടിയതും ആയ എവുണോമിയുസിന്റെയും ആര്യരുടെയും പ്നെവുമാതോമാക്കിയരുടെയും ദൈവദൂഷണം നിലനില്ക്കാതിരിക്കട്ടെ. കർത്താവിന്റെ ശാരീരിക വ്യാപാരം ആത്മാവിനെക്കൂടാതെയോ മനസ്സിനെക്കൂടാതെയോ അപൂർണമായിട്ടോ അല്ലെന്ന് അംഗീകരിച്ചുകൊണ്ട്, താൻ മനുഷ്യത്വം സ്വീകരിച്ചതു സംബന്ധിച്ചുള്ള വിവരണം മാററിമറിക്കൽ കൂടാതെ ഞങ്ങൾ കാത്തുസൂക്ഷിക്കുന്നു. ചുരുക്കത്തിൽ, യുഗങ്ങൾക്കുമുൻപ് അവിടുന്നു പൂർണമായി വചനമായ ദൈവമായിരുന്നു എന്നും അവസാന നാളുകളിൽ നമ്മുടെ രക്ഷക്കുവേണ്ടി അവിടുന്ന് പൂർണമായി മനുഷ്യനായിത്തീർന്നെന്നും ഞങ്ങൾക്കറിയാം.

ചുരുക്കത്തിൽ, ഞങ്ങൾ പരസ്യമായി പ്രഘോഷിക്കുന്ന വിശ്വാസത്തെപ്പററി ഇത്രയും. അന്ത്യോക്യയിൽ സമ്മേളിച്ച സിനഡ് പുറപ്പെടുവിച്ച വാല്യവും കഴിഞ്ഞവർഷം കോൺസ്ററാൻറിനോപ്പിളിൽ കൂടിയ എക്യൂമെനിക്കൽ സിനഡ് പുറപ്പെടുവിച്ച വാല്യവും പരിശോധിച്ചു നോക്കുന്നത് ഉചിതമെന്ന് നിങ്ങൾക്കു തോന്നുന്നെങ്കിൽ, ഈ കാര്യങ്ങളെപ്പററി കൂടുതൽ ഗ്രഹിക്കാനാവും. ഈ രേഖകളിൽ, വ്യാപകമായ പദങ്ങളിൽ ഞങ്ങൾ വിശ്വാസം പ്രഖ്യാപിച്ചു; ഈയടുത്ത കാലത്ത് ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെ ലിഖിത വിധിവാചകം ഞങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

സഭകളിലെ പ്രത്യേകഭരണരീതി സംബന്ധിച്ച്, നിങ്ങൾക്കറിയാവുന്നതുപോലെ, നിഖ്യായിലെ വിശുദ്ധപിതാക്കൻമാരുടെ ക്രമീകരണത്തോടുകൂടി പുരാതനപാരമ്പര്യം നിലനിൽക്കുന്നു. അതായത്, ഓരോ പ്രോവിൻസിലും, പ്രോവിൻസി

www.malankaralibrary.com



ലുള്ളവരും അവർക്കിഷ്ടമെങ്കിൽ അവരോടുകൂടി അവരുടെ അയൽക്കാരുംകൂടി ആവശ്യാനുസൃതം പട്ടം നൽകട്ടെ. തദനുസൃതം, നിങ്ങൾക്കറിയാവുന്നതുപോലെ, ബാക്കി സഭകളെ ഭരിക്കുന്നതും ഏററവും പ്രശസ്തമായ സഭകളിലെ വൈദികരെ (=മെത്രാൻമാരെ) നിയമിക്കുന്നതും ഞങ്ങളാണ്. അങ്ങനെ സിംഹത്തിൻെറ പല്ലിൽനിന്നെന്നവണ്ണം പാഷണ്ഡരുടെ ദൈവദൂഷണത്തിൽനിന്ന് ദൈവകൃപയാൽ ഞങ്ങൾ ഈ അടുത്തകാലത്തു പിടിച്ചെടുത്ത കോൺസ്ററാൻറിനോപ്പിൾ സഭയിൽ, എക്യൂമെനിക്കൽ കൗൺസിലിൽവച്ച് പൊതുധാരണയോടെയും ദൈവത്താൽ ഏററം സ്നേഹിക്കപ്പെട്ട തിയഡോഷ്യസ് ചക്രവർത്തിയുടെയും വൈദികരുടെയും സാന്നിധ്യത്തിലും, നഗരം മുഴുവൻെറയും സമ്മതത്തോടുകൂടെയും ഏററം വന്ദ്യനും ദൈവസ്നേഹിതനുമായ നെക്താരിയുസിനെ മെത്രാനായി ഞങ്ങൾ വാഴിച്ചു. സിറിയായിലെ അന്ത്യോക്യയിലെ അതിപുരാതനവും സത്യമായും ശ്ലൈഹികവുമായ സഭയ്ക്കുവേണ്ടി—അവിടെ വച്ചാണല്ലോ ക്രിസ്ത്യാനികൾ എന്ന അമൂല്യനാമം ആദ്യമായി ഉപയോഗത്തിൽ വന്നത്—പ്രോവിൻഷ്യൽ മെത്രാൻമാരും പൗരസ്ത്യ രൂപതയിലെ മെത്രാൻമാരും ഒന്നിച്ചുകൂടി, സഭ മുഴുവൻെറയും സമ്മതത്തോടുകൂടി ഒരേ ശബ്ദത്തിൽ ആ ആളിന് അർഹമായ ബഹുമാനം കൊടുക്കാൻ എന്നവണ്ണം അതിവന്ദ്യനും ദൈവസ്നേഹിതനുമായ ഫ്ളാവിയനെ കാനോനികമായി മെത്രാനായി വാഴിച്ചു. ഈ പട്ടം നൈയാമികമായിരുന്നു എന്ന് സിനഡ് പൊതുവെ അംഗീകരിച്ചു. എല്ലാ സഭകളുടെയും മാതാവായ ജറുസലേം സഭയുടെ മെത്രാൻ അതിവന്ദ്യനും ദൈവസ്നേഹിതനുമായ സിറിലാണെന്ന് നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കുറേക്കാലത്തിനുമുൻപ്, പ്രോവിൻസിലെ മെത്രാൻമാരാണ് കാനോനികമായി അദ്ദേഹത്തെ വാഴിച്ചത്; പല അവസരങ്ങളിലായി അദ്ദേഹം ധൈര്യപൂർവം ആര്യരുമായി പൊരുതിയിട്ടുണ്ട്.

നൈയാമികമായും കാനോനികമായും ഞങ്ങൾ വിളംബരം ചെയ്തതിനെപ്പററി സന്തോഷിക്കുവാൻ ഞങ്ങളോടുകൂടെ കൂടാൻ ഞങ്ങൾ നിങ്ങളെ ഉപദേശിക്കുന്നു. ആത്മീയ സ്നേഹം നമ്മെ ഒന്നിച്ചുചേർക്കട്ടെ; കർത്താവിനെക്കുറിച്ചുള്ള ഭയം



എല്ലാ മാനുഷിക മുൻവിധികളും അടിച്ചമർത്തട്ടെ. വ്യക്തിപരമായ അടുപ്പത്തേയും പരിഗണനയേയുംകാൾ സഭയെ പണിതുയർത്തുന്നത് മുൻപന്തിയിൽ നില്ക്കട്ടെ. ഇങ്ങനെ, നാം തമ്മിൽ വിശ്വാസ വിശദീകരണത്തിൽ യോജിച്ചും നമ്മുടെ ഇടയിൽ ക്രിസ്തീയ സ്നേഹം സ്ഥാപിച്ചും ശ്ലീഹൻമാർ ശപിച്ചത് നമുക്ക് പ്രഖ്യാപിക്കാതിരിക്കാം: ''ഞാൻ പൗലോസിനുള്ളവനാകുന്നു; ഞാൻ അപ്പോളോയ്ക്കുള്ളവനാകുന്നു; ഞാൻ കേപ്പായ്ക്കുള്ളവനാകുന്നു''. നമുക്ക് ക്രിസ്തുവിൻേറതായി കാണപ്പെടാം; നമ്മുടെ ഇടയിൽ അവിടുന്ന് വിഭജിക്കപ്പെട്ടിട്ടില്ല. ദൈവകൃപയാൽ, സഭാഗാത്രത്തെ വിഭജനം കൂടാതെ നമുക്കു സംരക്ഷിക്കാം; ആത്മധൈര്യത്തോടുകൂടെ കർത്താവിൻെറ ന്യായവിധിയുടെ സിംഹാസനത്തിൻ മുൻപാകെ നമുക്ക് സന്നിഹിതരാകാം.

## കാനോനാകൾ

1. ബിഥീനിയായിലെ നിഖ്യായിൽ സമ്മേളിച്ച 318 പിതാക്കൻമാരുടെ വിശ്വാസം മാററിമറിക്കാൻ പാടില്ല; അത് ഉറപ്പായി നിലനില്ക്കട്ടെ. എല്ലാ പാഷണ്ഡതകളും, പ്രത്യേകിച്ച് എവുണോമിയർ അഥവാ അനോമയർ, ആരിയർ അഥവാ എവുഡോക്സിയർ, സെമി–ആരിയർ അഥവാ പ്നെവുമാത്തോമാക്കി, സബെല്ലിയർ, മർസെല്ലിയർ, ഫൊത്തീനിയർ, അപ്പൊള്ളിനാരിയർ എന്നിവരുടെ പാഷണ്ഡതകൾ ശപിക്കപ്പെടട്ടെ.

**വിശദീകരണം:**

എവുണോമിയർ, എവുണോമിയസ് എന്നയാളിൻെറ ശിഷ്യരാണ്. പുത്രൻെറ നിത്യത്വവും പുത്രൻ 'സൃഷ്ടിയല്ല' എന്ന സംഗതിയും ഇവർ നിഷേധിക്കുന്നു. ഏസ്യൂസാണ് ഈ വിഭാഗത്തിൻെറ സ്ഥാപകൻ; എന്നാൽ കൗൺസിലിൻെറ കാലത്ത് എവുണോമിയസ് ആയിരുന്നു അവരുടെ നേതാവ്. മറെറാരു ആര്യൻ വിഭാഗക്കാരാണ് എവുഡോക്സിയർ. എവുഡോക്സിയുസ് എന്ന മെത്രാനിൽ നിന്നാണ് ഈ പേര്. കോൺസ്ററാൻറിനോപ്പിളിലെ ആർച്ച് ബിഷപ്പായിരുന്നു ഇയാൾ (360—70). തത്വത്തിൽ 'അനോമയൻ' വിഭാഗത്തിൽപെട്ടി

www.malankaralibrary.com



രുന്നു. എന്നാൽ പുറത്ത് അത്ര സ്പഷ്ടമായി പഠിപ്പിക്കാതെ മയപ്പെട്ട ഒരുതരം ആരിയനിസം പ്രസംഗിച്ചു.

പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചവരാണ് പ്നെവുമാതോമാക്കി. പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഏകദൈവത്തിന്റെ മൂന്ന് ഭാവങ്ങളാണ്, മൂന്ന് വ്യത്യസ്ത ആളുകളല്ല എന്ന് സബെല്ലിയസ് പഠിപ്പിച്ചു. അൻസീറയിലെ മെത്രാൻ മർസെല്ലുസിന്റെ (+374) പേരിനോട് ബന്ധപ്പെടുത്തിയാണ് മർസെല്ല്യർ എന്ന വിഭാഗം അറിയപ്പെടുക. പുത്രനും പരിശുദ്ധാത്മാവും വ്യക്തിത്വം പൂണ്ടത് സൃഷ്ടിക്കും രക്ഷയ്ക്കും വേണ്ടിയാണ്. അതുവരെ അവർ ദൈവത്വത്തിന്റെ ഏകത്വത്തിൽ മറഞ്ഞിരുന്നു. രക്ഷാകരകർമ്മം പൂവണിയുമ്പോൾ അവരിരുവരും ദൈവത്വത്തിന്റെ ഏകത്വത്തിൽ ലയിക്കും. സബെല്ലിയസിന്റെയും സാമസോട്ടയിലെ പൗലോസിന്റെയും മൊന്താനൂസിന്റെയും അബദ്ധാഭിപ്രായങ്ങളുടെ ഒരു കൂട്ടിക്കുഴയ്ക്കൽ മർസെല്ലുസിൽ ഉണ്ടെന്ന് സാർദിക്കാ സിനഡ് (342/3) പ്രഖ്യാപിച്ചു. മർസെല്ലൂസിലുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്ന് കരുതുന്ന പണ്ഡിതൻമാർ ഇന്നുണ്ട്. നിഖ്യായുടെ ഒരു വലിയ വക്താവായിരുന്നു അദ്ദേഹം. റോമൻസഭയും അദ്ദേഹത്തെ നീതീകരിച്ചതാണ്.

മർസെല്ലൂസിന്റെ ശിഷ്യനും സിർമിയത്തെ മെത്രാനുമായ (344—51) ഫൊത്തീനുസിന്റെ പിൻഗാമികളാണ് ഫൊത്തീനിയർ. യേശു എന്ന മനുഷ്യനിൽ വചനമിറങ്ങി എന്നു തുടങ്ങി ഒരുതരം സബെല്ലിയനിസമാണ് ഫൊത്തീനുസ് പഠിപ്പിച്ചത്. നാല് സിനഡുകൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. അവസാനം 351—ൽ ചക്രവർത്തി അയാളെ നീക്കി. അപ്പൊള്ളിനാരിയൂസ് ക്രിസ്തുവിന്റെ മനുഷ്യാത്മാവിനെ നിഷേധിച്ചയാളാണ്.

2. മെത്രാൻമാർ തങ്ങളുടെ രൂപതാതിർത്തികൾക്കു പുറത്തുള്ള പള്ളികളിൽ പോയി സഭകളിൽ കലക്കം ഉണ്ടാക്കുവാൻ പാടില്ല. പിന്നെയോ, കാനൻ അനുസരിച്ച് അലക്സാണ്ഡ്രിയൻ മെത്രാൻ ഈജിപ്തിലെ സംഗതികൾ ക്രമീകരിക്കട്ടെ; നിഖ്യാസൂനഹദോസ് അന്ത്യോക്യാസഭയ്ക്ക് അംഗീകരിച്ചിട്ടുള്ള പ്രത്യേകാനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പൗരസ്ത്യമെത്രാൻമാർ പൗരസ്ത്യസംഗതികൾ മാത്രം പരികർമ്മം ചെയ്യട്ടെ. ഏഷ്യൻ രൂപതയിലെ മെത്രാൻമാർ ഏഷ്യൻ സംഗതികൾ മാത്രം കൈകാര്യം ചെയ്യട്ടെ. പോന്തുസിലെ മെത്രാൻമാർ പോന്തുസിലെ പ്രശ്നങ്ങളും ത്രേസിലെ മെത്രാൻമാർ ത്രേസിലെ പ്രശ്നങ്ങളും മാത്രം കൈകാര്യം ചെയ്യട്ടെ. ക്ഷണിക്കപ്പെടാതെ മെത്രാന്മാരാരും പട്ടം കൊടുക്കാനോ, മററ് സഭാശുശ്രൂഷകൾക്കോ തങ്ങളുടെ രൂപതകൾക്കു പുറത്തുപോകരുത്. രൂപതകളെപററി മുകളിൽ പറഞ്ഞ കാനൻ അംഗീകരിച്ചുകൊണ്ട് നിഖ്യായിൽ തീരുമാനിച്ചിരിക്കുന്നതുപോലെ ഓരോ പ്രോവിൻസിലെയും മെത്രാന്മാരുടെ സിനഡ്, ആ പ്രോവിൻസിലെ സംഗതികൾ ക്രമീകരിക്കണമെന്നത് വ്യക്തമാണല്ലോ. എന്നാൽ പുറജാതികളുടെ രാജ്യങ്ങളിലുള്ള ദൈവസഭയെ ഭരിക്കേണ്ടത് പിതാക്കൻമാരുടെ കാലം മുതൽ നിലനില്ക്കുന്ന പാരമ്പര്യമനുസരിച്ചായിരിക്കണം.



3. കോൺസ്ററാൻറിനോപ്പിൾ പുതിയ റോമാ ആകയാൽ റോമിലെ മെത്രാനുശേഷം അവിടുത്തെ മെത്രാന് ബഹുമാനസ്ഥാനം ഉണ്ടായിരിക്കണം.

4. സിനിക്കായ[11] മാക്സിമൂസിനെക്കുറിച്ചും അയാളെപ്രതി കോൺസ്ററാൻറിനോപ്പിളിൽ ഉണ്ടായ ക്രമരാഹിത്യത്തെക്കുറിച്ചും ഇപ്രകാരം തീരുമാനിക്കുന്നു: മാക്സിമൂസ് ഒരിക്കലും മെത്രാനായിരുന്നില്ല; ഇപ്പോഴും മെത്രാനല്ല. അദ്ദേഹം പട്ടം കൊടുത്തവരാരും വൈദികസ്ഥാനീയരല്ല. അയാളെപ്രതിയോ അയാൾ ചെയ്തതോ ആയ സംഗതികളെല്ലാം അസാധുവാണ്.

**വിശദീകരണം:**

ഗ്രിഗറി നസ്യാൻസൻ കോൺസ്ററാൻറിനോപ്പിളിൽ മെത്രാനായിരുന്നപ്പോൾ ഈജിപ്തുകാരൻ ഒരു മാക്സിമൂസ് കോൺസ്ററാൻറിനോപ്പിൾ മെത്രാനാകാൻ ആഗ്രഹിച്ചു. അലക്സാണ്ഡ്രിയായിലെ പീററർ അയാളെ സഹായിച്ചെന്നു

---

11. ഒരു ഗ്രീക്ക് താത്ത്വിക വിഭാഗം.

www.malankaralibrary.com



തോന്നുന്നു. ആദ്യമാദ്യം മാക്സിമൂസ് ഗ്രിഗറിയുടെ ഒരാരാധകനായി കാണപ്പെട്ടിരുന്നു. എന്നാൽ ഒരു രാത്രിയിൽ രഹസ്യമായി പള്ളിയിൽ വച്ച് കുറെ മെത്രാൻമാർ ഇയാളെ മെത്രാനാക്കാൻ ഒന്നിച്ചുകൂടി. ജനങ്ങൾ ഓടിക്കൂടിയതിനാൽ ഇടയ്ക്കുവച്ച് ശുശ്രൂഷ നിർത്തി ഓടിപ്പോകേണ്ടിവന്നു. രാജസമക്ഷം പരാതിപ്പെട്ടെങ്കിലും ഫലമുണ്ടായില്ല. പീറ്ററും കൈവെടിഞ്ഞപ്പോൾ അംബ്രോസിന്റെ പക്കൽ അപേക്ഷ കൊടുത്തു. എന്നാൽ ഫലമൊന്നുമുണ്ടായില്ല. പ്രസ്തുത മാക്സിമൂസിനെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്ത് ഈ കാനൻ രൂപീകരിച്ചു. മാക്സിമൂസ് സിനിക് താത്ത്വികനായിരുന്നു. സിനിക്കുകളുടെ നീണ്ടവസ്ത്രം ധരിച്ച് നടന്നിരുന്നു. തലമുടി വളർത്തി തോളുവരെ നീട്ടിയിരുന്നു.

* * * *

5. പാശ്ചാത്യമെത്രാൻമാരുടെ കത്തിനെ സംബന്ധിച്ച്: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തിന്റെ ഏകത്വം പ്രഖ്യാപിക്കുന്ന അന്ത്യോക്യയിലുള്ളതും നാം സ്വീകരിക്കുന്നു.

**വിശദീകരണം:**

ഇത് 382-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ ഒരു ഡിക്രിയാണ്. പാശ്ചാത്യരുടെ ഏതു കത്താണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല. പല കത്തുകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. 369-നും 380-നും ഇടയ്ക്കുള്ള ഏതെങ്കിലും കത്തായിരിക്കാം.

6. സഭാക്രമീകരണം തകിടം മറിക്കാനും സഭയിൽ കുഴപ്പം സൃഷ്ടിക്കാനും ചിലർ, സഭാഭരണാധികാരമുള്ള മെത്രാൻമാർക്കെതിരെ കലഹപ്രിയത്തോടും അപകീർത്തിപരമായും ദുരാരോപണങ്ങൾ നടത്തുന്നു; വൈദികരുടെ സത്പേരിനു കളങ്കം വരുത്തുകയും സമാധാനപ്രിയരായ ജനങ്ങളുടെ ഇടയിൽ കലഹം ഇളക്കിവിടുകയും ചെയ്യുക മാത്രമാണ് ഇക്കൂട്ടരുടെ ലക്ഷ്യം; അതുകൊണ്ട്, ആരോപണം ഉന്നയിക്കുന്നവരെ പരിശോധന കൂടാതെ സ്വീകരിക്കരുതെന്നും സഭാധികാരികൾക്കെതിരെ ആരോപണം കൊണ്ടുവരുന്ന എല്ലാവരെയും സ്വീകരിക്കരുതെന്നും,



ആരെയും സ്വീകരിക്കാതിരിക്കരുതെന്നും കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ മെത്രാൻമാരുടെ വിശുദ്ധ സിനഡിന് ശരിയായി തോന്നുന്നു. എന്നാൽ ഒരു മെത്രാനെതിരായി വ്യക്തിപരമായ ഒരു ആരോപണം ഉന്നയിച്ചാൽ, അതായത് തന്റെ സ്വന്തകാര്യം സംബന്ധിച്ച്, ഉദാ. അവനെ ചതിച്ചു, അല്ലെങ്കിൽ അവനോട് അനീതിയായി പെരുമാറി—ഈ സന്ദർഭങ്ങളിൽ ആളെ സംബന്ധിച്ചോ, അയാളുടെ മതം സംബന്ധിച്ചോ പരിശോധന ഒന്നും ആവശ്യമില്ല. മെത്രാന്റെ മനസ്സാക്ഷി നിർമ്മലമായിരിക്കുക അത്യാവശ്യമാണ്. ഏതു മതക്കാരനായാലും അനീതിക്കു വിധേയനായവന് നീതി നടത്തിക്കൊടുക്കുക തന്നെ വേണം. എന്നാൽ സഭാസംബന്ധമായ ഏതെങ്കിലും സംഗതിയെ സംബന്ധിച്ചാണ് ആരോപണമെങ്കിൽ, ആരോപണം നടത്തിയവരെ ആദ്യമെ പരിശോധിക്കണം. കാരണം സത്യവിശ്വാസികളായ മെത്രാൻമാർക്കെതിരായി സഭാസംബന്ധമായ കാര്യങ്ങളെപ്പറ്റി പാഷണ്ഡികൾ ആരോപണം ഉന്നയിക്കാൻ അനുവദിച്ചുകൂടാ. പാഷണ്ഡികൾ എന്നു പറയുമ്പോൾ മുമ്പ് സഭാഭ്രഷ്ടരാക്കപ്പെട്ടവരും നാം സഭാഭ്രഷ്ടരാക്കിയവരും, സത്യവിശ്വാസം ഉണ്ടെങ്കിലും നമ്മുടെ കാനോനിക മെത്രാൻമാരിൽ നിന്നകന്ന് അവർക്കു ബദലായി നിയമാനുസൃതമല്ലാത്ത രഹസ്യയോഗം കൂടുന്നവരും ഉൾപ്പെടുന്നു.

ഏതെങ്കിലും തെറ്റിന് സഭാഭ്രഷ്ടരാക്കപ്പെട്ട് മഹറോനിൽ ഉൾപ്പെട്ട വൈദികരും അൽമായരും തങ്ങളുടെ നിരപരാധിത്വം തെളിയിക്കപ്പെട്ട ശേഷമേ മെത്രാനെതിരായി ആരോപണമുന്നയിക്കാൻ പാടുള്ളൂ. അതുപോലെ നേരത്തെ ആരോപണ വിധേയരായവർ നിരപരാധിത്വം തെളിയിക്കപ്പെടാതെ മെത്രാനും വൈദികർക്കുമെതിരെ ആരോപണമുന്നയിക്കാൻ പാടില്ല. അങ്ങനെ പാഷണ്ഡിയും സഭാഭ്രഷ്ടനും അല്ലാത്തവനും മഹറോനിൽ ഉൾപ്പെടാത്തവനും, നേരത്തെ ആരോപണവിധേയനല്ലാത്തവനും, മെത്രാനെതിരെ സഭാസംബന്ധമായ എന്തെങ്കിലും ആരോപണമുന്നയിക്കാനുണ്ടെങ്കിൽ ആദ്യം പ്രോവിൻസിലെ മെത്രാൻമാരുടെ മുൻപാകെ ഉന്നയിച്ച് തെളിയിക്കട്ടെ എന്ന് ഈ വിശുദ്ധ സിനഡ് കല്പിക്കുന്നു. എന്നാൽ പ്രോവിൻസിലെ മെത്രാൻമാർക്ക് തീരുമാനമെടുക്കാൻ കഴിയാതെ വന്നാൽ രൂപത

www.malankaralibrary.com



യിലെ മെത്രാൻമാരുടെ വലിയ സിനഡ് ഇതിനായി വിളിച്ചുകൂട്ടി കാര്യം അവിടെ തീരുമാനിക്കപ്പെടട്ടെ. മെത്രാനെ താറടിച്ചു എന്ന് തെളിയിക്കപ്പെട്ടാൽ തുല്യമായ ശിക്ഷയ്ക്ക് ഞങ്ങൾ തയ്യാറാണെന്ന് ആരോപണം ഉന്നയിച്ചവർ എഴുതിത്തന്നാലല്ലാതെ അവരുടെ കേസ് പരിഗണിക്കേണ്ടതില്ല. ഈ സംഗതികളെ സംബന്ധിച്ച് ഞങ്ങൾ തീർപ്പുകല്പിച്ചതു പരിഗണിക്കാതെ രാജസമക്ഷം പ്രശ്നം അവതരിപ്പിക്കുകയോ കോടതി കയറുകയോ പ്രോവിൻസിലെ മെത്രാൻമാരെയെല്ലാം നിന്ദിക്കാനായി ഒരു സാർവ്വത്രിക സിനഡിനെ ശല്യപ്പെടുത്തുകയോ ചെയ്താൽ അങ്ങനെയുള്ളവരുടെ ആരോപണം സ്വീകരിക്കേണ്ടതില്ല. അവർ സഭാകാനനെ ധിക്കരിക്കയും സഭാക്രമീകരണത്തെ നിന്ദിക്കയും ചെയ്തവരാണ്.

7. പാഷണ്ഡതയിൽനിന്നു സത്യവിശ്വാസത്തിലേക്കു തിരിഞ്ഞ് രക്ഷിക്കപ്പെട്ടവരെ താഴെപ്പറയുന്ന രീതിയിൽ ഞങ്ങൾ സ്വീകരിക്കുന്നു: ആര്യർ, മാസിഡോണിയർ, സബാതീയർ, കത്തറി എന്നും അരിസ്തെരി എന്നും സ്വയം വിളിക്കുന്ന നൊവേഷ്യർ, ക്വാർതോദേചിമൻസ് അഥവാ തെത്രാദ്യർ, അപ്പൊള്ളിനാരിയർ എന്നിവർ തങ്ങളുടെ തെറ്റുകൾ ഉപേക്ഷിക്കുന്നു എന്ന് എഴുതിത്തരണം; വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ദൈവസഭയ്ക്കു ചേരാത്ത എല്ലാ പാഷണ്ഡതകളെയും അവർ ശപിക്കണം. എങ്കിലേ ഞങ്ങൾ അവരെ സ്വീകരിക്കൂ. ഉടനെ അവരുടെ നെററിയിലും കണ്ണിലും മൂക്കിലും വായിലും ചെവികളിലും വിശുദ്ധതൈലം പൂശി 'പരിശുദ്ധാത്മദാനത്തിൻെറ മുദ്ര' എന്നു പറഞ്ഞ് അവരെ മുദ്ര കുത്തുന്നു.

എന്നാൽ ഒരിക്കൽമാത്രം ജലത്തിൽ മുക്കുന്ന എവുണോമിയർ, ഫ്രീജിയർ എന്നു വിളിക്കപ്പെടുന്ന മോണ്ടനിസ്ററുകൾ, പിതാവും പുത്രനും ഒരാളാണെന്നും മററും പറഞ്ഞ് പല ദുഷ്ടസംഗതികൾ പഠിപ്പിക്കുന്ന സബെല്ലിയർ, മററ് പാഷണ്ഡികളുടെ പിൻഗാമികൾ—ഇത്തരക്കാർ നിരവധിയാണ്, പ്രത്യേകിച്ച് ഗലേഷ്യക്കാരുടെ ഇടയിൽ—സത്യവിശ്വാസത്തിലേക്കു വരാൻ ആഗ്രഹിക്കുന്ന ഇവരെയെല്ലാം പുറജാതികളെയെന്ന



വണ്ണം ഞങ്ങൾ സ്വീകരിക്കുന്നു. ആദ്യദിവസം ഞങ്ങൾ അവരെ ക്രിസ്ത്യാനികളാക്കുന്നു; രണ്ടാം ദിവസം സ്നാനാർത്ഥികളാക്കുന്നു; അവരുടെ മുഖത്തും ചെവികളിലും മൂന്നു പ്രാവശ്യം നിശ്വസിച്ചുകൊണ്ട് മൂന്നാം ദിവസം ഞങ്ങൾ പിശാചിനെ ഇറക്കുന്നു. ഇങ്ങനെ ഞങ്ങൾ അവരെ പഠിപ്പിക്കുകയും കുറേ സമയം പള്ളിയിൽ ചെലവഴിച്ച് വിശുദ്ധഗ്രന്ഥം ശ്രവിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. പിന്നീട് അവരെ മാമോദീസാ മുക്കുന്നു.

## പങ്കെടുത്തവർ[12]

1. നെക്താരിയൂസ് എപ്പിസ്കോപ്പാ
(കോൺസ്ററാൻറിനോപ്പിൾ)

1. ഈജിപ്ത് (2)

2. അലക്സാണ്ഡ്രിയായിലെ തിമോതിയോസ്
3. ഓക്സിറിങ്കസിലെ ദൊറോത്തെയോസ്

2. പലസ്തീന (8)

4. യറുശലേമിലെ കൂറിലോസ്
5. ചെസറിയായിലെ ജലാസിയൂസ്
6. യറീഹോയിലെ മക്കാരിയൂസ്
7. ദിയാസ്പൊലീസിലെ ദിവന്നാസ്യോസ്
8. സെബസ്തയിലെ സത്തൂർണീലുസ്
9. ബാശാനിലെ റൂപ്പോസ്
10. അശ്കലോനിലെ ഔക്സന്തിയോസ്
11. യാമ്നിയായിലെ ഏലിയാനോസ്

3. ഫിനീഷ്യ (9)

12. ടയറിലെ സേനോ
13. സീദോനിലെ പൗലോസ്
14. ആക്കോയിലെ നെസ്താബുസ്
15. ഡമാസ്കസിലെ ഫിലിപ്പ്
16. പാനെയാസിലെ ബാറാക്കുസ്
17. ബറീത്തുസിലെ തിമോത്തി
18. ബിബ്ളോസിലെ ബസിലിദെസ്

---

12. F. Schulthess, *Die Syrischen Kanones*, P. 113-120.

www.malankaralibrary.com



19. അരാദുസിലെ മാക്സിമോസ്
20. അർക്കായിലെ അലക്സാണ്ഡർ

4. **സിറിയ (14)**

21. അന്ത്യോക്യയിലെ മെലേഷ്യസ്
22. ലവദീഷ്യയിലെ പെൽഗിയുസ്
23. ഹാലെപിലെ അകാചിയുസ്
24. അപ്പമെയായിലെ യോഹന്നാൻ
25. സെലൂഷ്യയിലെ ബീസൂസ്
26. ഹോംസിലെ എവുസേബിയസ്
27. സെലെവുക്കൊബെലൊസിലെ മാർസിയൻ
28. ശൈസറിലെ പത്രോഫിലൊസ്
29. പാൽതൂസിലെ സൈറസ്
30. അന്ത്യോക്യാവൈദികരായ പാലൂനായും
31. എൽപീദസും
32. കെന്നശ്റീനിലെ എവുസേബിയസ്
33. ഗാബാലായിലെ ദൊമ്നീനുസ്
34. റഫാനെയായിലെ ബസേലിയാനുസ്

5. **അറേബിയ (5)**

35. ബൊസ്രായിലെ അഗാപ്പിയുസ്
36. ഡായാനാസീദോസിലെ എൽപീദിയസ്
37. അദ്രദോസിലെ ഔറേനിയോസ്
38. കുസ്തന്തീനോസിലെ കെയ്ലോൻ
39. നെസ്പൂലോസിലെ സൈറസ്

6. **ഒഷ്റേൻ (3)**

40. ഉറഹായിലെ വൊളൊഗേസ്
41. ഹാറാനിലെ (കാറേ) ബീത്തൂസ്
42. ബത്നാനിലെ അബ്രഹാം

7. **മെസൊപ്പൊട്ടേമിയ (3)**

43. അമീദിലെ മാറാ
44. തെല്ലായിലെ ബാതായ്
45. ഹെമെറിയോസിലെ യൂബീനോ

8. **എവുഫ്രാത്തെസിയ അഗസ്തു (5)**

46. ഹിയെരാപ്പൊളീസിലെ തിയൊഡൊട്ടസ്
47. സാമൊസാട്ടയിലെ അന്തിയാക്കോസ്



48. സൈറസിലെ ഇസിദോർ
49. പേറെയിലെ യൂബിനോസ്
50. ദോലിക്കിലെ മാറീസ്

9. **സിലിഷ്യ (8)**

51. തർസോസിലെ ദിയദോർ
52. അദാനായിലെ കുറിയാക്കോസ്
53. എപ്പിഫാനിയായിലെ ഹെസീക്കിയസ്
54. കോരിക്കൂസിലെ ജർമ്മാനുസ്
55. സെഫീറിയമിലെ ആറിയസ്
56. പോംപെയോപോളീസിലെ ഫിലോമോസുസ്
57. മൊപ്സുവെസ്ത്യായിലെ ഒളിമ്പിയസ്
58. അലക്സാൻഡ്രിയായിലെ തൗപ്പീലുസ്
ഒളിമ്പിയസ് വൈദികൻ വഴി

10. **കപ്പദോചിയ (6)**

59. ചെസറിയായിലെ എൽദിയൂസ്
60. നിസ്സായിലെ ഗ്രിഗോറിയോസ്
61. തിയാനായിലെ തറിയൂസ്
62. കോളോണിയായിലെ ബുസ്പൂരിയൂസ്
63. പർനാസൂസിലെ ഒളിമ്പിയുസ്
64. നസ്യാൻസസിലെ ഗ്രിഗോറിയോസ്

11. **ചെറിയ അർമേനിയ (2)**

65. മെലിത്തീനിലെ ഒത്രേയിയോസ്
66. അറാബീസൂസിലെ ഒത്രേയിയോസ്

12. **ഇസൗറിയ (11)**

67. സെലൂഷ്യയിലെ സിംഫോസിയൂസ്
68. ക്ലൗദിയോപ്പൊളീസിലെ മൊന്താനുസ്
പൗലോസ് കശീശാവഴി
69. ഇരേനെപ്പോളീസിലെ ഫിലേത്തുസ്
70. ഫിലാഡെൽഫിയായിലെ ഹുപ്സീസ്തിയോസ്
71. കെലെൻദെരിസിലെ മൗസൂനിയോസ്
72. ആലിസൻദേരസിലെ മറീനുസ്
73. അന്ത്യോക്യയിലെ തിയഡോഷ്യസ്
74. തിത്തിയോപ്പൊളീസിലെ അർതേമിയുസ്
75. സെലീനുസിലെ നേവൂൻ

www.malankaralibrary.com



76. ദിയോചെസറിയായിലെ മൊന്താനുസ്
77. ഒൽബായിലെ ഔസ്ബിയുസ്

13. സൈപ്രസ് (3)

78. പാഫോസിലെ യൂലിയസ്
79. ത്രെമിത്തൂസിലെ തൗപർപൂസ്
80. തമാസൂസിലെ താക്കൂൻ
81. കിത്രിയിലെ മനൈമോസ്

14. പംഫീലിയ (10)

82. അഗേനോനിലെ തർവായൂസ്
83. ലർബായിലെ ഗായൂസ്
84. കുളുംബർസൂസിലെ ലൊൻഗീനസ്
85. കൊറക്കേസിയൂവിലെ തെയൊദുളുസ്
86. കൊത്തയ്നേസിലെ ഹെസീക്കിയസ്
87. കാസോനിലെ തെയോസീനുസ്
88. പാനോമൂസിലെ മീദൂസ്
89. തീക്കൂനിലെ ഹെരാക്ലിദസ്
90. സീലൂനിലെ (സിലൈയുവിലെ) തെയോദുളുസ്
91. അർയാസൂസിലെ പാംനിയുസ്

15. ലിക്കവോനിയ (13)

92. ഇക്കോണിലത്തിലെ ആംഫിലോക്കസ്
93. ഹൊമാനാദെസിലെ കൂറില്ലോസ്
94. സൗപത്രോനിലെ അരിസ്തോഫനസ്
95. ലുസ്ത്രായിലെ പൗലോസ്
96. കോർണായിലെ ഇൻസോസ്
97. മിശ്തിയായിലെ ആരിയസ്
98. പെർതായിലെ ലവുന്തിയോസ്
99. ഹൂദേസിലെ തിയഡോഷ്യസ്
100. കാനായിലെ ഔസ്തർത്യൂസ്
101. ദെർബേയിലെ ദഫ്നൂസ്
102. ഫ്രൂസാലോനിലെ ഔഗ്നീസ്
103. ഇസൗറായിലെ എലൂരിയൂസ്
104. അംബ്ളാദായിലെ സൈറസ്

16. പിസീദിയ (24)

105. അന്ത്യോക്യയിലെ എവുഫാത്തിമൂസ്
106. അഡ്രിയാനോപ്പൊളീസിലെ താമിസ്തിയുസ്



107. പ്രൂസിയുസിലെ അത്താലിയൂസ്
108. അദാദായിലെ അനനിയാസ്
109. ലിമെനൊയിലെ ഫിസ്തോസ്
110. സഗലാസുസിലെ യുനീനുസ്
111. തിമൻദസിലെ കല്ലിനിക്കസ്
112. മെത്രോപ്പൊളീസിലെ എവുസ്താത്യോസ്
113. പേറാസോനിലെ പത്രീക്കിയസ്
114. നാസ്പൂലൂസിലെ ലൂക്കിയൂസ്
115. സൊസോപ്പൊളീസിലെ ലൂലിയാനോസ്
സിംപ്ലീച്ചിസ് കശീശാവഴി
116. അമോരിയോനിലെ തുറാനസ് കശീശ
117. അപ്പമെയായിലെ ഔക്സനൂൻ കശീശ
118. കോനാനായിലെ ഹെല്ലാദിയസ് കശീശ
119. ഫിലോമേലിയത്തിലെ തൗസ്ബിയുസ്
ബാസാ കശീശ വഴി
120. മൂറോനിലെ തിത്യാനുസ്
121. സിബോതുസിലെ പിയോണിയൂസ്
122. പെത്രോനിലെ ഔദാമുസ്
123. ഔനൊൻദായിലെ പത്രീക്കിയസ്
124. ലിമൂറൂനിലെ ലുപ്പീക്കിനുസ്
125. കസാൻദ്രൂനിലെ മാസിദോൻ
126. പസേലിദോസിലെ റൊമാനൊസ്
127. ബർബൂലോനിലെ ഹെർമിയാസ്
128. അസാക്ക്സേസിലെ തൗന്നൻതീനുസ്

17. ഫ്രീജിയ സലുത്താരിസ് (2)

129. പ്രിംനെസുസിലെ ബീത്തോസ്
130. എവിക്കർപ്പിയായിലെ ഔക്കസ്നീനുസ്

18. ഫ്രീജിയ പക്കാത്തിയാനാ (2)

131. അപ്പിയായിലെ നെക്താരിയുസ്
132. എവുമേനെയായിലെ തെയദോറുസ്
പ്രുപ്പൂത്തുറുസ് കശീശാവഴി

19. കാറിയ (2)

133. അഫ്റൊദീസിയാസിലെ ഔദുക്കിയസ്
134. സിബീറാസിലെ ലാൻത്യൂസ്

20. ബിത്തീനിയ (5)

135. നിക്കോമേദിയായിലെ ഔപർസിയൂസ്
136. നിക്യായിലെ ദൊറോത്തെയൂസ്

www.malankaralibrary.com



137. നെയൊചെസറിയായിലെ ഒലിംപിയസ്
138. കൽക്കദോനിയായിലെ തെയൊദുളുസ്
139. പ്രൂസായിലെ എവുസ്താത്യോസ്

21. **ഹെലേനോപോന്തുസ്** (1)

140. ഈബോറായിലെ പൻസൂപിയുസ്

22. **മേസിയ** (1)

141. മാർസിയാനോപൊളീസിലെ മർതീരിയസ്

23. **ഷിത്തിയ** (3)

142. തോമിയിലെ തറാന്തിയുസ്
143. കർസൂനീസൂസിലെ അസറിയാസ്
144. അൻകിയാലൂനിലെ സെബസ്ത്യാനോസ്

24. **സ്പെയിൻ** (1)

145. ഹൈമിമൊൻതുവിലെ അഗാരിയുസ്

25. **പോന്തുസ് പൊലെമോണിയാക്കുസ്** (1)

146. എത്രാബിയുസ്
അക്കുലീനുസ് കാറോയ വഴി

* * * *

147. സെബാസ്തെയിലെ പീററർ

**അധ്യായം 3**

# എഫേസോസ് സൂന്നഹദോസ് (431)

**ആമുഖം**

സഭാചരിത്രത്തിലെ മൂന്നാമത്തെ പൊതുസിനഡ് നടന്നത് ഏഷ്യാമൈനറിലെ (ടർക്കി) എഫേസോസിൽ വച്ചാണ്. നിഖ്യായിൽ (325) പുത്രന്റെ ദൈവത്വം സംബന്ധിച്ചായിരുന്നു പ്രധാന ചർച്ച; കോൺസ്റ്റാന്റിനോപ്പിളിൽ (381) പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ചും. ത്രിത്വത്തിലെ മൂന്നാളുകൾക്കും ഒരേ സ്വഭാവവും ഒരേ സത്തയും ഒരേ ദൈവത്വവും ആണെന്ന് വ്യക്തമാക്കി. ആരിയൻ പാഷണ്ഡതയുടെ വിവിധ വിഭാഗങ്ങളെ ഇല്ലാതാക്കി ത്രിത്വസംബന്ധമായ സത്യവിശ്വാസം ഉയർത്തിക്കാട്ടി. കപ്പദോഷ്യൻ പിതാക്കൻമാരാണ് ഇതിന് നേതൃത്വം നല്കിയത്. 'നിഖ്യാവിശ്വാസപ്രമാണം' എന്നറിയപ്പെടുന്ന വിശ്വാസസംഹിത അങ്ങനെ രൂപീകൃതമായി.

അഞ്ചാം നൂററാണ്ടിൽ രണ്ട് സിനഡുകൾ കൂടി. എഫേസോസും (431) കൽക്കദോനിയയും (451). ക്രിസ്തു എന്ന ഏകവ്യക്തിയിൽ ദൈവത്വവും മനുഷ്യത്വവും എപ്രകാരം യോജിച്ചിരിക്കുന്നു എന്ന് വിശദീകരിക്കയായിരുന്നു ഇവയുടെ ഉദ്ദേശ്യം. നിഖ്യായ്ക്കുള്ളത്ര പ്രാമാണികത്വം ഈ രണ്ടു സിനഡുകൾക്ക് പലരും ഇപ്പോൾ നല്കുന്നില്ല. നിഖ്യായുടെ വിശദീകരണമായിട്ടാണ് ഇവയെ മനസ്സിലാക്കേണ്ടത് എന്നാണ് ഭൂരിപക്ഷമതം. ''ക്രിസ്തു ദൈവത്വവും മനുഷ്യത്വവും ഉള്ള അവതരിച്ച വചനമായ ദൈവമാണ്. അമ്മാനുവേൽ ഏകനും അവിഭാജ്യനുമാണ്; ദൈവത്വവും മനുഷ്യത്വവും കൂട്ടിക്കുഴച്ചി

www.malankaralibrary.com



ലോ വേർതിരിക്കലോ കൂടാതെ യോജിച്ച് സ്ഥിതിചെയ്യുന്നു. ദ്വിത്വം സ്വഭാവങ്ങളുടെ തലത്തിലും ഏകത്വം വ്യക്തിത്വത്തിന്റെ തലത്തിലുമാണ് കാണേണ്ടത്. യേശുക്രിസ്തുവിന്റെ വ്യക്തിത്വം (ആളത്തം) ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാന്റെ വ്യക്തിത്വംതന്നെയാണ്'' എന്നിങ്ങനെയുള്ള അടിസ്ഥാന ക്രൈസ്തവതത്ത്വങ്ങൾ ഈ രണ്ടു സിനഡുകളിൽ വ്യക്തമാക്കപ്പെട്ടു.

സഭാപ്രബോധനങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾ ചിലപ്പോഴെങ്കിലും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കാനും പരസ്പരബന്ധങ്ങൾ വെട്ടിമുറിയ്ക്കപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്. തെറ്റിദ്ധാരണകളും മുൻവിധികളും മുടക്കുകളും ശാപങ്ങളും സ്ഥാനഭ്രഷ്ടരാക്കലും നടന്നിട്ടുണ്ട്. സഭയിലെ മാനുഷികവശത്തിന്റെ ബലഹീനതകൾ സ്പഷ്ടമായി എഫേസോസിലും കൽക്കദോനിയായിലും കാണാവുന്നതാണ്. പരസ്പരം മനസ്സിലാക്കാനുള്ള കഴിവുകേട് അക്കാലത്ത് മുന്നിട്ടുനിന്നു. ''അസ്സീറോ-കാൽഡിയൻ സഭ'' (നെസ്തോറിയൻ) എന്നറിയപ്പെടുന്ന പൗരസ്ത്യസഭയുടെ ആരംഭം പലരും കാണുന്നത് 431—ലെ എഫേസോസ് സിനഡിലാണ്. കാൽസിഡൺ വിരുദ്ധ സഭകളായ ''ഓറിയന്റൽ ഓർത്തഡോക്സുകാർ'' (യാക്കോബായക്കാർ) 451—ലെ സിനഡിലാണ് ആരംഭം കുറിക്കുന്നത്. എഫേസോസ്-കാൽസിഡൺ സിനഡുകളുടെ ഫലമായി ഇന്നും ഈ സഭാവിഭാഗങ്ങൾ കത്തോലിക്കാസഭയുമായി സമ്പൂർണ്ണ കൂട്ടായ്മയില്ലാതെ വേർപെട്ടു നില്ക്കുന്നു. എഫേസോസും കാൽസിഡണും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയിട്ടേയുള്ളൂ എന്നു കരുതുന്നവരുണ്ട്. ഈ രണ്ടു സിനഡുകൾക്കും നേതൃത്വം കൊടുത്തവരുടെ പെരുമാറ്റരീതികൾ, സിനഡുകളിൽ പങ്കെടുത്ത മറ്റാളുകളുടെ സ്വഭാവസവിശേഷതകൾ, കലാലയപശ്ചാത്തലങ്ങൾ, സാംസ്കാരിക പാരമ്പര്യങ്ങൾ എന്നിവയൊക്കെ പിളർപ്പുകൾക്ക് ഹേതുവായി. ആരിയൻ പാഷണ്ഡതപോലെ സഭയുടെ തായ്‌വേരറുക്കുന്ന പ്രശ്നങ്ങളൊന്നും എഫേസോസിൽ ഉണ്ടായിരുന്നില്ല. എന്നാൽ തർക്കമുണ്ടായപ്പോൾ രണ്ടു കക്ഷികളും എതിർവിഭാഗത്തിൽ പാഷണ്ഡത ആരോപിച്ചു എന്നുമാത്രം. മറ്റുള്ളവരെപ്പറ്റി ഓരോ വിഭാഗത്തിനും ഉണ്ടാ



യിരുന്ന ധാരണയായിരുന്നു, വസ്തുനിഷ്ഠമായ പാഷണ്ഡത ആയിരുന്നില്ല; യേശുക്രിസ്തു എന്ന മഹാരഹസ്യത്തെ വ്യത്യസ്ത വീക്ഷണകോണുകളിൽക്കൂടി കണ്ടു; വ്യത്യസ്ത പദപ്രയോഗങ്ങളിൽക്കൂടി ആ മഹാസത്യത്തെ ആവിഷ്കരിക്കാൻ ശ്രമിച്ചു; പരസ്പരപൂരകങ്ങൾ എന്നല്ലാതെ പരസ്പരവിരുദ്ധം എന്ന് അവയെ വിളിക്കാൻ പാടില്ല എന്നാണ് ഇന്നത്തെ മനുഷ്യന്റെ ചിന്താഗതി. ഇന്നത്തെ എക്യുമെനിക്കൽ ചിന്താഗതിയുടെ വെളിച്ചത്തിൽ അന്നത്തെ വാദകോലാഹലങ്ങൾക്ക് ഒരു ന്യായീകരണവും കാണാൻ പലർക്കും സാധ്യമല്ല. എന്നാൽ ഈ ചർച്ചകളിൽ പങ്കെടുത്ത വ്യക്തികളുടെ ആത്മാർത്ഥതയെയോ നിയോഗശുദ്ധിയെയോ ഒരിക്കലും ചോദ്യം ചെയ്തുകൂടാ. ശ്ലൈഹിക പ്രബോധനങ്ങളിൽ അടിയുറച്ചതായിരിക്കണം തങ്ങളുടെ പ്രബോധനമെന്ന് പിതാക്കൻമാർക്ക് നിർബന്ധമുണ്ടായിരുന്നു. മറ്റുള്ളവർ അതിൽ നിന്നു വ്യതിചലിക്കുന്നു എന്ന് ബോധ്യമുണ്ടായപ്പോൾ അവർ അതിനെ ശക്തിയായി എതിർത്തു. എന്നാൽ ഇന്ന് അതിനെ ന്യായീകരിക്കാൻ സാധ്യമല്ല.

## ഐക്യവും വൈവിധ്യവും

സഭയിൽ അടിസ്ഥാനപരമായി ഐക്യം ഉണ്ടായിരിക്കണം. ഈ ഐക്യം (Unity) ഐകരൂപ്യം (Uniformity) അല്ല. വൈവിധ്യത്തിൽ (Diversity) അധിഷ്ഠിതമായ ഐക്യമാണ് സഭയിലുള്ളത്. ദൈവം തന്നെയും ത്രിത്വമാണ്; ക്രിസ്തു തന്നെയും ദൈവവും മനുഷ്യനുമാണ്; ഒരേ പരിശുദ്ധാത്മാവ് വൈവിധ്യമാർന്ന വരങ്ങളാണ് വാരിവിതറുന്നത്. സഭ തന്നെ സഭകളുടെ കൂട്ടായ്മയാണ്. സഹോദരീസഭകൾ യേശുക്രിസ്തുവിൽ ഒരു കൂട്ടായ്മയായി ദൈവത്തിന്റെ സഭ പരിലസിക്കുന്നു. അവയെ ഒന്നിപ്പിക്കുന്ന കർത്താവ് ഒന്ന്, വിശ്വാസം ഒന്ന്, മാമോദീസാ ഒന്ന്. ഒരേ പരിശുദ്ധാത്മാവാകുന്ന ജീവരക്തം എല്ലാവരിലും ഒഴുകുന്നു. ഒരേ സഭയിൽതന്നെ വൈവിധ്യമാർന്ന ദൈവശാസ്ത്ര ചിന്തകൾ വളർന്നു; വിവിധ രീതികളിൽ ദൈവത്തെ ആരാധിക്കുന്നു; സഭാഭരണക്രമങ്ങളും വ്യത്യസ്തങ്ങളാണ്. അവശ്യകാര്യങ്ങളിൽ ഐക്യം, ബാക്കിയെല്ലാകാര്യങ്ങ

www.malankaralibrary.com



ളിലും വൈവിധ്യം, എല്ലാററിനുമുപരി സ്നേഹം എന്നതാണ് പരമമായ ഐക്യമെനിക്കൽ തത്ത്വം. ഈ വൈവിധ്യങ്ങൾ വൈരുദ്ധ്യങ്ങളായി (division) ഒരിക്കലും ചിത്രീകരിക്കപ്പെടാൻ പാടില്ല. വൈവിധ്യം അഥവാ ബഹുത്വം (plurality) ഐക്യത്തിന് തടസ്സമാകാനും പാടില്ല. ഐകരൂപ്യം ഉള്ളതിനാൽ ഐക്യം ഉണ്ടാകണമെന്നില്ല. സഭയിൽ വ്യത്യസ്ത ദൈവശാസ്ത്രപദപ്രയോഗങ്ങൾ ഉണ്ടായിട്ടുണ്ട്; അവ സഭയ്ക്ക് ഭൂഷണമാണ്; സഭയുടെ കാതോലികത്വത്തെ വെളിപ്പെടുത്തുന്നു. ഈ സംഗതി ആദ്യനൂററാണ്ടുകളിൽ എല്ലായിടത്തും വേണ്ടവണ്ണം സ്പഷ്ടമായിരുന്നോ എന്ന് സംശയിക്കുന്നവരുണ്ട്. ആദ്യനൂററാണ്ടുകളിൽ ഉണ്ടായ തെററിദ്ധാരണകളുടെ ഒരു സുപ്രധാനകാരണം ഇതാണ് എന്ന് കരുതപ്പെടുന്നു. എന്നാൽ നാനാത്വത്തിനും അതിർത്തികളുണ്ടായിരിക്കണം, അല്ലെങ്കിൽ ഐക്യം നിലനിർത്താനാവില്ല.

## അലക്സാണ്ഡ്രിയയും അന്ത്യോക്യയും

പുരാതന സഭയിലെ രണ്ട് പ്രശസ്തകലാലയങ്ങളായിരുന്നു അന്ത്യോക്യൻ കലാലയവും അലക്സാണ്ഡ്രിയൻ കലാലയവും. ദൈവശാസ്ത്രവികസനത്തിന് ഇവരണ്ടും സാരവത്തായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ദൈവശാസ്ത്രത്തിൽ രണ്ടും പരസ്പര പൂരകങ്ങളായിരുന്നു. ഒരിജൻ, അത്തനേഷ്യസ്, ദിദിമുസ്, തെയോഫിലസ്, സിറിൾ ആദിയായവരെ അലക്സാണ്ഡ്രിയ സംഭാവന ചെയ്തു. ദിയദോർ, തിയഡോർ, ജോൺ ക്രിസൊസ്തോം, തിയഡൊറെററ് ആദിയായവരെ അന്ത്യോക്യ സംഭാവന ചെയ്തു. ഈ രണ്ടു കലാലയങ്ങളിലെ ചിന്താധാരകൾ പൊരുത്തപ്പെട്ടു പോകാഞ്ഞതിലുള്ള അപാകതകളാണ് എഫേസോസിലും കൽക്കദോനിയായിലും നിഴലിച്ചുനിന്നത്.

അലക്സാണ്ഡ്രിയക്കാർ പ്ലേറേറായുടെ തത്ത്വചിന്തയോട് കൂടുതൽ താല്പര്യം കാണിച്ചിരുന്നു. അവിടെ ഒരു മിസ്ററിക്കൽ പശ്ചാത്തലം നിലനിന്നു. വേദപുസ്തകത്തിന്റെ വാച്യാർത്ഥത്തിനു പുറമേ ഗൂഢാർത്ഥങ്ങളിലേക്ക് ആഴ്ന്നിറങ്ങിച്ചെല്ലാനുള്ള പരിശ്രമം അവർ നടത്തി. വിശുദ്ധഗ്രന്ഥത്തിലെ വ്യംഗ്യാർത്ഥങ്ങൾ അവർ വെളിച്ചത്തുകൊണ്ടുവന്നു.



രൂപകാർത്ഥഭാഷ്യം (allegorical interpretation) എന്ന് അവരുടെ വ്യാഖ്യാനരീതി അറിയപ്പെട്ടു. ക്രിസ്തുശാസ്ത്രത്തിൽ അവർ യോഹ. 1:14-ൽ തുടങ്ങി. ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.'' വചനം താഴേക്കിറങ്ങി വന്നു; മാസം ധരിച്ചു മനുഷ്യനായി. ''വചനം മാംസമായി'' എന്നു യോഹന്നാൻ പറയുന്നതുപോലെ രക്ഷാകരകർമ്മവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും വചനത്തെപ്പററി (ലോഗോസ്) പറയാൻ അവർക്ക് ഒരു ബുദ്ധിമുട്ടുമില്ല. എല്ലാഗുണവിശേഷങ്ങളും ''വചനത്തിൽ'' ആരോപിക്കുന്നു. എല്ലാററിന്റെയും കർത്താവ് വചനമാണ്. 'വചനത്തിൽ'നിന്നാണ് അവർ ആരംഭിക്കുന്നത്. 'വചനം' എന്നു പറയുമ്പോൾ ത്രിത്വത്തിലെ രണ്ടാമത്തെ ആളിനെ കുറിക്കുന്നു. ഈ ക്രിസ്തുശാസ്ത്രം വചനമായ ദൈവത്തിൽ ആരംഭിക്കുന്നു; ഏകവ്യക്തിത്വത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്നു; വചനത്തിലാരംഭിച്ച് താഴേക്കു വന്ന് ചരിത്രത്തിൽ ജീവിച്ച ക്രിസ്തുവിനെപ്പററി ചിന്തിക്കുന്നു.

അന്ത്യോക്യക്കാർ അരിസ്റേറാട്ടലിന്റെ തത്ത്വചിന്തയോട് കൂടുതൽ താല്പര്യം കാണിച്ചിരുന്നു. അവിടെ ഒരുതരം ''റാഷനൽ'' പശ്ചാത്തലം നിലനിന്നു. വേദപുസ്തകത്തിന്റെ വാച്യാർത്ഥത്തിനും ചരിത്രപരമായ അർത്ഥത്തിനും അവർ പ്രാധാന്യം കൊടുത്തു. തിരുലിഖിതങ്ങൾ എഴുതപ്പെട്ട ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കണം എന്ന് അവർ കരുതി. 'ടിപ്പോളജി' എന്ന ഭാഷ്യരീതി അവർ സ്വീകരിച്ചു. ക്രിസ്തുശാസ്ത്രത്തിൽ മത്തായി 1:1 ൽ തുടങ്ങി; ''അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി.'' ചരിത്രത്തിൽ ജീവിച്ച, തിരുലിഖിതങ്ങൾ സാക്ഷിക്കുന്ന യേശുക്രിസ്തുവാണ് അവരുടെ ആരംഭം. രക്ഷാകരകർമ്മവുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും യേശുക്രിസ്തുവിനെപ്പററി പറയാം. എല്ലാ ഗുണവിശേഷങ്ങളും പ്രവൃത്തികളും യേശുക്രിസ്തുവിൽ ആരോപിക്കുന്നു. എല്ലാററിന്റെയും കർത്താവ് യേശുക്രിസ്തുവാണ്. ദൈവികവും മാനുഷികവുമായ കർമ്മങ്ങളെല്ലാം യേശുക്രിസ്തുവിന്റെ പ്രവൃത്തികളാണ്. അവിടുന്ന് ദൈവവും മനുഷ്യനുമാ

www.malankaralibrary.com



ണ്. എങ്ങനെ ഈ ദ്വിത്വം യേശുക്രിസ്തു എന്ന ഏകയാളിൽ യോജിച്ചിരിക്കുന്നു എന്നതായിരുന്നു അവരുടെ ചിന്താവിഷയം. യേശുക്രിസ്തു എന്ന ഏകവ്യക്തിയിലെ ഈ ഇരുസ്വഭാവങ്ങൾ എങ്ങനെ ഏകയാളിൽ കൂടിക്കലരാതെയും വിഭജനവും വേർതിരിവും കൂടാതെയും സ്ഥിതിചെയ്യുന്നു എന്നതായിരുന്നു അവരുടെ ചർച്ച. അവർ രണ്ടു സ്വഭാവങ്ങൾക്ക് ഊന്നൽ കൊടുത്തു. മനുഷ്യത്വത്തിലൂടെ ദൈവം എപ്രകാരം പ്രവർത്തിക്കുന്നു എന്നത് ഊന്നിപ്പറഞ്ഞു. ചരിത്രത്തിൽ ജീവിച്ച മനുഷ്യനിലാരംഭിച്ച് ദൈവത്വത്തിലേക്കുയരുന്ന ഒരു ക്രിസ്തുശാസ്ത്രമായിരുന്നു അവരുടേത്. വിശുദ്ധ ഗ്രന്ഥം ഉടനീളം ''യേശുക്രിസ്തുവിനെപ്പറ്റി'' ചർച്ചചെയ്യുന്നു; ''വചനത്തെപ്പറ്റി'' ഒരിടത്തെ പറയുന്നുള്ളു. അതുകൊണ്ട് വേദപുസ്തകപരമായി ''യേശുക്രിസ്തുവിൽ'' ആരംഭിക്കുന്ന ക്രിസ്തുശാസ്ത്രം ശരിയാണ്. നിഖ്യായിലെ പിതാക്കന്മാരും ''യേശുക്രിസ്തുവിലാണ്'' ആരംഭിക്കുന്നത്.

ഈ രണ്ടു ക്രിസ്തുശാസ്ത്രങ്ങളും പരസ്പരപൂരകങ്ങളാണ്; പരസ്പര വിരുദ്ധമല്ല. ഒരു കൂട്ടർ ഏകവ്യക്തിത്വത്തിന് ഊന്നൽ കൊടുത്തപ്പോൾ മറ്റേ കൂട്ടർ രണ്ട് സ്വഭാവങ്ങൾക്ക് ഊന്നൽ കൊടുത്തു എന്നേയുള്ളൂ. ഒന്നിനെ മറ്റൊന്നുകൊണ്ട് അളന്നപ്പോൾ അളന്നവർ മറ്റവരിൽ പാഷണ്ഡത ദർശിച്ചു. അവസാനിക്കാത്ത കലക്കങ്ങൾക്കും പിളർപ്പുകൾക്കും അത് ഹേതുവായി. തലമുറകൾ ആ പാരമ്പര്യം കൈമാറി. അടുത്ത തലമുറയിലേക്ക് ഈ പാരമ്പര്യമല്ല കൈമാറേണ്ടത്, ഐക്യസന്ദേശമാണ് എന്ന് ദൃഢചിത്തരായ സഭാനേതാക്കന്മാർ, മുൻകാല തെറ്റുകൾ തിരുത്താനും ഓർമ്മകളെ പവിത്രീകരിക്കാനും ചരിത്രം തിരുത്തിക്കുറിക്കാനും സന്നദ്ധരായി മുന്നോട്ടുവന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ എഫേസോസ് സിനഡും ഒരു പുതിയ കാഴ്ചപ്പാടിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലത്ത് എഫേസോസ് സിനഡിനെ കണ്ട കാഴ്ചപ്പാടിൽ നിന്നു വ്യത്യസ്തമായ ഒന്നാണ് എക്യൂമെനിക്കൽ വീക്ഷണം ഉള്ളവർ കാണുക.



**സിറിലും നെസ്തോറിയുസും**

പുരാതന സഭയിലെ രണ്ട് പ്രമുഖ നഗരങ്ങളിലെ അധ്യക്ഷന്മാരായിരുന്നു സിറിലും (+444) നെസ്തോറിയുസും (+451). സിറിൾ അലക്സാണ്ഡ്രിയയുടെയും നെസ്തോറിയുസ് അന്ത്യോക്യയുടെയും വക്താക്കളായിരുന്നു. സിറിൾ ഏകവ്യക്തിത്വത്തിനും നെസ്തോറിയുസ് ഇരുസ്വഭാവങ്ങൾക്കും ഊന്നൽ കൊടുത്തു. പരസ്പരപൂരകങ്ങളായിരുന്നു അവരുടെ ക്രിസ്തുശാസ്ത്രങ്ങൾ. എന്നാൽ അഞ്ചാം നൂറ്റാണ്ടിലെ സഭാ രാഷ്ട്രീയത്തിൽ നെസ്തോറിയുസിന്റെ ക്രിസ്തുശാസ്ത്രം പാഷണ്ഡതയായും സിറിലിന്റെ ക്രിസ്തുശാസ്ത്രം സത്യപ്രബോധനമായും തീരുമാനിക്കപ്പെട്ടു. സിറിലിന്റെ അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചതുകൊണ്ടാണ് നെസ്തോറിയുസിന്റെ ക്രിസ്തുശാസ്ത്രം പാഷണ്ഡതയായി വിധിക്കപ്പെട്ടത്. ഇന്ന് ആ നില മാറിവരുന്നുണ്ട്. ഓരോ ക്രിസ്തുശാസ്ത്രവും അതാതിന്റെ പശ്ചാത്തലത്തിൽ തന്നെ മനസ്സിലാക്കാൻ ശ്രമിക്കണം എന്നതാണ് ഇന്ന് പൊതുവേയുള്ള എക്യൂമെനിക്കൽ ചിന്ത.

**നെസ്തോറിയുസും നെസ്തോറിയനിസവും നെസ്തോറിയൻ സഭയും**

മൂന്നും വ്യത്യസ്തമായി കാണാനാണ് എക്യൂമെനിക്കൽ ചിന്ത പരിശ്രമിക്കുന്നത്. നെസ്തോറിയുസിന്റെ പേരിൽ അറിയപ്പെടുന്ന "നെസ്തോറിയനിസം'' എന്നത് പാഷണ്ഡതയാണ്. നെസ്തോറിയുസ് ഇത് പഠിപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് ചർച്ച ചെയ്യാവുന്ന വിഷയമാണ്. നെസ്തോറിയനിസം നെസ്തോറിയുസിന്റെ പ്രബോധനമല്ല എന്നതാണ് പരക്കെയുള്ള ചിന്ത:

''ക്രിസ്തുവിൽ രണ്ടാളുകളുണ്ട്. സമാന്തരമായി ദൈവവും മനുഷ്യനും യേശുക്രിസ്തുവിൽ ഒന്നിച്ചിരിക്കുന്നു. ആലങ്കാരികമായി മാത്രമേ ''ഏകൻ'' എന്നു പറയാനാവൂ. രണ്ടാളുകൾ തമ്മിൽ സുദൃഢബന്ധമില്ല. മറിയം മനൂഷ്യ

www.malankaralibrary.com



വ്യക്തിയുടെ മാത്രം മാതാവാണ്. അവളെ ദൈവമാതാവ് എന്നു വിളിക്കാൻ പാടില്ല. മനുഷ്യൻെറ അമ്മ മാത്രമാണ്. ദൈവത്തിൻെറ ദത്തുപുത്രനാണ് ക്രിസ്തു''—ഇതാണ് നെസ്തോറിയനിസം.

ഈ പാഷണ്ഡത നെസ്തോറിയുസ് പഠിപ്പിച്ചിട്ടില്ല. എന്നാൽ അലക്സാണ്ഡ്രിയയിലെ സിറിലിൻെറ ''സ്വാഭാവികവും ഹൈപ്പൊസ്ററാററികവുമായ ഐക്യം'' എന്ന ഫോർമുലയെ നെസ്തോറിയുസ് വിമർശിച്ചു. എല്ലാ കർമ്മങ്ങളും ''വചനത്തിൽ'' ആരോപിച്ചത് തെററാണെന്ന് വിധിച്ചു. ''ക്രിസ്തുവിൻെറ അമ്മ'' എന്ന പ്രയോഗമാണ് കുറെക്കൂടി ശരി എന്നു വാദിച്ചു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര പശ്ചാത്തലത്തിൽ സിറിലിൽ ആരിയനിസവും അപ്പൊളിനാരിസവും ആരോപിച്ചു.

''നെസ്തോറിയൻ'' എന്നറിയപ്പെടുന്ന സഭ ഒരിക്കലും നെസ്തോറിയൻ പാഷണ്ഡത പഠിപ്പിച്ചിട്ടില്ല. അസ്സീറോ-കൽദായ സഭയുടെ ക്രിസ്തുശാസ്ത്രം അന്ത്യോക്യൻ ക്രിസ്തുശാസ്ത്രമാണ്. സഭയിലെ വളരെ പ്രധാനപ്പെട്ട ഒരു ക്രിസ്തുശാസ്ത്ര പാരമ്പര്യത്തിൻെറ വക്താക്കളാണ് അവർ. അവരെ ''നെസ്തോറിയർ'' എന്നു വിളിച്ച് ആക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് എക്യുമെനിക്കൽ ചർച്ചകളിൽ ഒരു പുതിയ കാഴ്ചപ്പാട് ഉരുത്തിരിഞ്ഞു വരുന്നുണ്ട്. അന്തർദേശീയ ചർച്ചകളിൽ ''അസ്സീറോ-കൽദായ സഭകളെ'' പങ്കെടുപ്പിക്കുകയും സംവാദം നടത്തുകയും ചെയ്യുന്നുണ്ട്.

### എഫേസോസ് സൂനഹദോസ്

ക്രി. വ. 431-ലെ സിനഡിലേക്കെത്തിച്ച സംഭവവികാസങ്ങൾ പരിശോധിക്കാം. സഭാതലത്തിൽ റോമാ കഴിഞ്ഞാൽ അടുത്ത പ്രമുഖ സ്ഥാനം അലക്സാണ്ഡ്രിയായ്ക്കായിരുന്നു. എന്നാൽ പിന്നീട് കോൺസ്ററാൻറിനോപ്പിളിന് (381) രണ്ടാം സ്ഥാനം ലഭിച്ചത് അലക്സാണ്ഡ്രിയായ്ക്ക് ഇഷ്ടപ്പെട്ടില്ല. മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ട അലക്സാണ്ഡ്രിയ കിട്ടിയ



അവസരങ്ങളിലൊക്കെ കോൺസ്ററാൻറിനോപ്പിൾ സഭാതലവനെതിരെയുള്ള നിലപാട് സ്വീകരിച്ചു. അത്തരത്തിൽ ഒരു പശ്ചാത്തലം കൂടിയുണ്ടായിരുന്നു നെസ്തോറിയുസിനെതിരെയുള്ള സിറിലിൻെറ നിലപാടിലും.

നെസ്തോറിയുസ് കോൺസ്ററാൻറിനോപ്പിളിൽ പാത്രിയർക്കീസായപ്പോൾ (428) ദൈവമാതാവ് എന്ന സംജ്ഞയെ ച്ചൊല്ലി തർക്കമുണ്ടായിരുന്നു. ജനങ്ങളുടെ ഇടയിൽ മധ്യസ്ഥനായി വർത്തിക്കാൻ നെസ്തോറിയുസ് ശ്രമിച്ചു. ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ ''ക്രിസ്തുവിൻെറ അമ്മ'' എന്നു പറയുന്നതാവും ഏറെ ശരി എന്ന നെസ്തോറിയുസിൻെറ അഭിപ്രായം തർക്കിച്ചിരുന്നവർ അംഗീകരിച്ചു. നെസ്തോറിയുസിൻെറ ഒരു വൈദികൻ ''ദൈവമാതാവ്'' എന്ന സംജ്ഞയെ വിമർശിച്ച് ചിലയാളുകൾക്കിടർച്ച വരുത്തി. അതുപോലെ ''മറിയത്തെ ദൈവമാതാവ് എന്ന് ആരെങ്കിലും വിളിച്ചാൽ അയാൾ ശപിക്കപ്പെടട്ടെ'' എന്ന് പരസ്യമായി പറഞ്ഞ ഒരു മെത്രാനെ കുററപ്പെടുത്താതെ നെസ്തോറിയുസ് തൻെറ കൂട്ടായ്മയിൽ സ്വീകരിച്ചു. ഇതേപ്പററി അറിഞ്ഞ സിറിൽ ഈ പ്രശ്നത്തിൽ ഇടപെടുകയും അവർ തമ്മിലുള്ള എഴുത്തുകുത്തുകൾ എഫേസോസിൽ എത്തിക്കുകയും ചെയ്തു.

സിറിലും നെസ്തോറിയുസും റോമിലെ സെലസ്ററിൻ മാർപാപ്പയ്ക്ക് എഴുതിയെങ്കിലും റോമിനെ ബോധ്യപ്പെടുത്താൻ സിറിലിനാണ് കഴിഞ്ഞത്. ചരിത്രത്തിൽ സംഭവിക്കരുതാത്ത ഒന്ന് സെലസ്ററിൻ ചെയ്തു. സാമാന്യനീതിക്ക് വിരുദ്ധവുമായിരുന്നു ആ നടപടി. സിറിലും നെസ്തോറിയുസും തമ്മിൽ തർക്കമുണ്ടായപ്പോൾ ഒരു കക്ഷിയായ സിറിലിനെ ന്യായാധിപനായി റോം നിയമിച്ചത് ഒരു തരത്തിലും ന്യായീകരിക്കാൻ സാധ്യമല്ല. സെലസ്ററിൻെറ നേതൃത്വത്തിലുള്ള റോമൻ സിനഡ് അലക്സാണ്ഡ്രിയൻ ക്രിസ്തുഭാഷ്യം അംഗീകരിക്കയും അത് പത്തുദിവസത്തിനകം നെസ്തോറിയുസിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. എഫേസോസ് സിനഡുമായി ബന്ധപ്പെട്ട ഒന്നാമത്തെ തെററ് അവിടെയാണ്. അലക്സാണ്ഡ്രിയൻ

www.malankaralibrary.com



പദപ്രയോഗങ്ങളിൽ രൂപീകൃതമായ ഒരു രേഖ അലക്സാണ്ഡ്രിയൻ സിനഡ് അംഗീകരിച്ച് നെസ്തോറിയുസിനയച്ചുകൊടുത്തു. പത്തു ശാപങ്ങൾ കൂട്ടിച്ചേർത്ത ഈ രേഖയിൽ ഒപ്പുവയ്ക്കാൻ നെസ്തോറിയുസിനോടാവശ്യപ്പെട്ടു. എന്നാൽ ഈ പ്രശ്നം ഒരു പൊതുസിനഡിന് സമർപ്പിച്ചിട്ട് അവിടെ ചർച്ച ചെയ്തു തീരുമാനിക്കാൻ ചക്രവർത്തി തീരുമാനിച്ചു. അടുത്ത വർഷം പെന്തിക്കോസ്തിക്ക് കൗൺസിൽ കൂടാൻ ചക്രവർത്തി കത്തുകളയച്ചു.

റോമൻ മാർപാപ്പായുടെ പ്രതിനിധികളാകട്ടെ, അന്ത്യോക്യൻ പാത്രിയർക്കേറ്റിലെ യോഹന്നാനും കൂടെയുള്ള മെത്രാന്മാരുമാകട്ടെ, രാജകീയ പ്രതിനിധിയാകട്ടെ എത്തുന്നതിനു മുൻപ് 431 ജൂൺ 22-ന് സിറിലിന്റെ അദ്ധ്യക്ഷതയിൽ സിനഡ് തുടങ്ങി. താനുടനെ എത്തുന്നതാണ് എന്ന് അന്ത്യോക്യൻ മെത്രാൻ അറിയിച്ചിട്ടും, 68 മെത്രാന്മാർ പ്രതിഷേധിച്ചിട്ടും അതു വകവയ്ക്കാതെ 153 മെത്രാന്മാരുടെ സാന്നിധ്യത്തിൽ സിറിൽ സിനഡാരംഭിച്ചു. അന്ത്യോക്യൻ പ്രതിനിധികൾ നാലുനാൾക്കകം വരും, അതുവരെ കാത്തിരിക്കണം എന്ന് സിനഡിന്റെ നടത്തിപ്പിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചിട്ടും സിറിൽ കാത്തിരുന്നില്ല. പിറ്റേദിവസം ഒരു ഉദ്യോഗസ്ഥൻ പ്രതിഷേധം അറിയിക്കാൻ എത്തിയപ്പോൾ, മുന്നറിയിപ്പുകൂടാതെ അയാളെ പുറത്താക്കുകയും ചെയ്തു. അങ്ങനെ തുടക്കം തന്നെ ക്രമക്കേടിലായിരുന്നു (illegal). രാജകീയ കല്പനകളെ ധിക്കരിച്ചുകൊണ്ടുള്ള ആദ്യസിനഡായിരുന്നിത്.

നെസ്തോറിയുസിനെതിരായി റോമൻ-അലക്സാണ്ഡ്രിയൻ സിനഡുകൾ എടുത്ത തീരുമാനം എഫേസോസിൽ കൂടിയ മെത്രാന്മാരെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നതുമാത്രമായിരുന്നു സിറിലിന്റെ ലക്ഷ്യം. അന്ത്യോക്യക്കാർ വന്നാൽ ഇത് സാധിക്കാതെവന്നേക്കുമോ എന്നുകരുതിയാണ് തിടുക്കത്തിൽ സിനഡ് കൂടിയത്. തർക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനിക്കാനാണ് തിയഡോഷ്യസ് ചക്രവർത്തി സിനഡ് വിളിച്ചുകൂട്ടിയത്. എന്നാൽ അതിനല്ല സിറിൽ മുതിർന്നത്, പിന്നെയോ, ''പാഷണ്ഡിയായ'' നെസ്തോറി



യുസിന്റെ മേലുള്ള വിധിവാചകം എല്ലാവരെക്കൊണ്ടും സമ്മതിപ്പിക്കുക എന്നതായിരുന്നു.

നെസ്തോറിയുസിനെ സിനഡിലേക്ക് സിറിൽ ക്ഷണിച്ചു. എല്ലാവരുംകൂടി വന്നുചേർന്നിട്ട് ഒന്നിച്ച് ചർച്ചചെയ്ത് തീരുമാനിക്കാം എന്ന നെസ്തോറിയസിന്റെ നിലപാട് സിറിൽ അംഗീകരിക്കാതെ മൂന്ന് കാനോനിക ക്ഷണങ്ങൾക്കുശേഷം തുടർന്നുള്ള നടപടികളിലേക്കു കടന്നു. സിറിൽ തന്നെയായിരുന്നു കുറ്റാരോപകനും ന്യായാധിപനും റോമൻമെത്രാന്റെ സ്ഥാനത്തിരുന്നവനും എല്ലാം കൈകാര്യം ചെയ്തവനും. തന്റെ ഹിതമനുസരിച്ച് എല്ലാം നിയന്ത്രിച്ചു. കുറ്റാരോപകനും ന്യായാധിപനും ഒരാൾ തന്നെയായിരുന്നത് സ്വാഭാവിക നീതിക്കെതിരാണ്. ഇത് ദൈവിക നിയമത്തിനെതിരാണെന്ന് 335-ലെ ടയർ സിനഡിൽ വച്ച് അത്തനാസ്യോസ് ശക്തിയുക്തം വാദിച്ചിരുന്നു. ഇതുപോലെ, തന്നെ വിധിച്ചവരോട് വി. ജോൺ ക്രിസൊസ്തോമും പറഞ്ഞിരുന്നു. അത്തനാസ്യോസിന്റെ പിൻഗാമി ജോൺ ക്രിസൊസ്തോമിന്റെ പിൻഗാമിക്കെതിരായി ഇപ്രകാരം പ്രവർത്തിച്ചു! നിഖ്യാവിശ്വാസപ്രമാണം വായിച്ചിട്ട് സിറിലിന്റെ ലേഖനങ്ങൾ വായിച്ച് സിറിലിന്റെ സത്യവിശ്വാസം അവതരിപ്പിച്ചു; അതിനുശേഷം നെസ്തോറിയുസ് നൽകിയ മറുപടി വായിച്ച് പാഷണ്ഡത പ്രഖ്യാപിച്ചു. ഒരു വിശദീകരണമോ ചർച്ചയോ ചോദ്യോത്തരമോ ഒന്നും നടന്നില്ല. നെസ്തോറിയുസ് പഠിപ്പിച്ച പാഷണ്ഡത എന്താണെന്ന് കൃത്യമായി നിർവചിക്കാതെ നെസ്തോറിയുസിന്റെ കത്ത് പാഷണ്ഡതയാണെന്ന് കൂടിയിരുന്ന സിറിലിന്റെ പക്ഷക്കാരായ മെത്രാന്മാർ തീർപ്പുകല്പിച്ചു. തുടർന്ന് ഈ തെറ്റിൽത്തന്നെ നെസ്തോറിയുസ് നിലനില്ക്കുന്നു എന്ന് കള്ളസാക്ഷികളെക്കൊണ്ട് പറയിച്ചു. അവരുടെ വാക്കുകൾ പരിശോധിക്കാനോ, അവരുടെ സത്യസന്ധത തെളിയിക്കാനോ ശ്രമിക്കാതെ കണ്ണുമടച്ച് വിശ്വസിച്ചു. നെസ്തോറിയുസിന്റെ ''ഗ്രന്ഥങ്ങളിൽ''നിന്നുള്ള ഉദ്ധരണികൾ സിനഡിന്റെ നടപടികളിൽ ചേർത്തിട്ടുണ്ടെങ്കിലും അവ വായിച്ചതായി തെളിവില്ല. നെസ്തോറിയുസിന്റെ പട്ടം എടുത്തുകളഞ്ഞ് അൽമായന്റെ തലത്തിലേക്ക് തരംതാഴ്ത്തി (Kathairesis-deposition). ഇത് മുടക്കിനേക്കാൾ (aphorismos-excommunication)

www.malankaralibrary.com



കൂടിയ ശിക്ഷയാണ്. നെസ്തോറിയുസിൻെറ അഭാവത്തിൽ അദ്ദേഹത്തിൻെറ കൃതികൾ നിഷ്പക്ഷപൂർവം പരിശോധിച്ചതിനുശേഷം മാത്രമേ വിധിപ്രസ്താവിക്കാവൂ എന്ന സാമാന്യ നിയമം പോലും ഇവിടെ പാലിച്ചില്ല. ഈ പ്രവൃത്തി ചോദ്യം ചെയ്യപ്പെടേണ്ടതാണ്: എന്നാൽ ചക്രവർത്തിയുടെ ഇമ്പീരിയൽ അധികാരം ഉപയോഗിച്ച് ഈ തെററായ നടപടി അരക്കിട്ടുറപ്പിക്കപ്പെട്ടു.

## അന്ത്യോക്യയിലെ യോഹന്നാൻ

നാലുനാളുകൾക്കുശേഷം എഫേസോസിലെത്തിയ യോഹന്നാനും കൂടെയുള്ള പൗരസ്ത്യ മെത്രാന്മാരും സിറിലിനെയും മെമ്നോനെയും സിറിലിൻെറ സിനഡിൽ പങ്കെടുത്തവരെയും മുടക്കി. നെസ്തോറിയുസിനെ ക്രമരഹിതമായിട്ടാണ് ശിക്ഷിച്ചതെന്ന് അവർ കരുതി. 'നടന്ന സംഗതികളൊന്നും ശരിയല്ല; സത്യവിശ്വാസമാണ് പ്രധാന സംഗതി, നെസ്തോറിയുസോ മററാരെങ്കിലുമോ അല്ല പ്രധാനകാര്യം' എന്ന് ചക്രവർത്തി ഇരുകൂട്ടരെയും മൂന്നുദിവസം കഴിഞ്ഞപ്പോൾ അറിയിച്ചു. തൻെറ സാന്നിധ്യം പക്വമായ പരിചിന്തനത്തിനും തീരുമാനങ്ങൾക്കും തടസ്സമായിരിക്കുമെന്നു കണ്ട് അന്ത്യോക്യയിലെ തൻെറ ആശ്രമത്തിലേക്കു പോകാൻ തന്നെ അനുവദിക്കണമെന്ന് നെസ്തോറിയുസ് ചക്രവർത്തിയോടപേക്ഷിച്ചു. തദനുസരണം, സത്യവിശ്വാസ സംരക്ഷണം പൗരസ്ത്യ മെത്രാന്മാർക്കുവിട്ടുകൊടുത്തുകൊണ്ട് നെസ്തോറിയുസ് അന്ത്യോക്യൻ ആശ്രമത്തിലേക്കുപോയി.

ജൂലൈ 17-ന് സിറിലിൻെറ സിനഡ്, യോഹന്നാനെയും പൗരസ്ത്യ മെത്രാന്മാരെയും മുടക്കി. അങ്ങനെ 431-ൽ രണ്ട് സിനഡുകൾ കൂടി, ഓരോന്നും ''വിശുദ്ധ കൗൺസിലായി'' പ്രഖ്യാപിച്ചു. സിറിലിൻെറയും നെസ്തോറിയുസിൻെറയും നീക്കൽ (deposition) അംഗീകരിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്ന കാര്യം ചക്രവർത്തി പരിഗണിച്ചു. എന്നാൽ ഒത്തുതീർപ്പിനു വാതിൽ തുറന്നുകൊണ്ട് ഇരുഭാഗത്തുനിന്നുമുള്ള എട്ടു തെരഞ്ഞെടുക്കപ്പെട്ട മെത്രാന്മാർ തൻെറ സാന്നിധ്യത്തിൽ വിശ്വാസകാര്യങ്ങൾ ചർച്ചചെയ്യുവാൻ ചക്രവർത്തി ഇരുവിഭാഗ



ത്തെയും കൽക്കദോനിയായിലേക്കു ക്ഷണിച്ചു. കൈക്കൂലി കൊടുത്തു ഉദ്യോഗസ്ഥരെ സ്വാധീനിച്ചു കഴിഞ്ഞു എന്ന് പൗരസ്ത്യ മെത്രാന്മാർക്ക് അവിടെ വച്ച് മനസ്സിലായി. ചക്രവർത്തിയെ ഡൽമാസ്യൂസ് വശത്താക്കി. നെസ്തോറിയുസിൻെറ കാര്യം തീരുമാനിച്ചുകഴിഞ്ഞതായി ചക്രവർത്തിയെ ധരിപ്പിച്ചു. സത്യം കുഴിച്ചുമൂടപ്പെട്ടു. സിറിലിൻെറ സിനഡിൽപെട്ട ഡെലഗേഷൻ കോൺസ്ററാൻറിനോപ്പിളിലേക്ക് ക്ഷണിക്കപ്പെട്ടു. നെസ്തോറിയുസിൻെറ പിൻഗാമിയെ വാഴിക്കാൻ അവർ നിയുക്തരായി. എഫേസോസ് കൗൺസിൽ പിരിച്ചുവിട്ടിരിക്കുന്നതായ ഒരുരേഖ ചക്രവർത്തിയെക്കൊണ്ട് ഒപ്പുവപ്പിച്ചു. അതനുസരിച്ച് സിറിലിന് ഈജിപ്തിലേക്ക് തിരികെ പോകാനുള്ള അനുവാദം ലഭിച്ചു. പൗരസ്ത്യരെ മുടക്കിക്കൊണ്ടുള്ള സിറിലിൻെറ കൗൺസിൽ നടപടി ചക്രവർത്തി സ്വീകരിച്ചില്ല. അതിനുപകരം അവരുമായി ധാരണ ഉണ്ടാക്കാൻ നിർദ്ദേശം നൽകി. തുടർന്നുനടന്ന ചർച്ചകളുടെ ഫലമായി സിറിലും പൗരസ്ത്യരും തമ്മിൽ ധാരണയായി. അതിൻെറ ഫലമായി ഉണ്ടായതാണ് 433-ലെ ഐക്യഫോർമുല (Symbolum Unionis). നെസ്തോറിയുസിനെ അദ്ദേഹത്തിൻെറ സ്നേഹിതരും ഉപേക്ഷിച്ചു. അന്ത്യോക്യയിൽ നിന്ന് ഈജിപ്തിലെ ഖാർഗെ മരുഭൂമിയിലേക്ക് നാടുകടത്തപ്പെട്ടു. അവിടെ വച്ച് 451-നു ശേഷം നെസ്തോറിയുസ് മരിച്ചു.

## 1. നെസ്തോറിയുസിന് സിറിലെഴുതിയ രണ്ടാം ലേഖനം

ഏററവും ദൈവഭക്തനും ബഹുമാന്യനുമായ സഹശുശ്രൂഷകൻ നെസ്തോറിയോസിന് കൂറില്ലോസ് കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

അങ്ങയെപ്പററി എനിക്കുള്ള ബഹുമാനം സംബന്ധിച്ച് അവിവേകമായി സംസാരിക്കുന്ന ചിലർ ഉണ്ടെന്നും, അധികാരസ്ഥാനങ്ങളിലുള്ള ആളുകളുടെ യോഗങ്ങൾ അവർക്കൊരവസരം നല്കുമ്പോൾ ഇത് സാധാരണ സംഭവമാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഇപ്രകാരം അങ്ങേക്ക് സന്തോഷം വരുത്താമെന്ന പ്രതീക്ഷയാലായിരിക്കാം എന്നു ഞാൻ കരുതുന്നു; അതുകൊ

www.malankaralibrary.com



ണ്ട് അവർ അനിയന്ത്രിത വികാരങ്ങൾ ദൂരെയും പ്രചരിപ്പിക്കുന്നു. ഞാൻ അവർക്കൊരുപദ്രവവും ചെയ്തിട്ടില്ല; പിന്നെയോ അവരുടെ നന്മയെ കരുതി ഞാൻ അവരെ തിരുത്തി എന്നു മാത്രം: അന്ധനെയും ദരിദ്രനെയും പീഡിപ്പിച്ചതിന്റെ പേരിൽ ഒരുത്തനെ; രണ്ടാമതൊരുവനെ തന്റെ അമ്മയുടെ നേർക്ക് വാളൂരിയതിന്; മൂന്നാമൻ ഒരു ജോലിക്കാരിയുമായി ഒത്തുചേർന്ന് ആരുടേയോ പണം അപഹരിച്ചതിനും അതിനുശേഷം ആ ദുഷ്പേരിൽ ജീവിച്ചതിനും; തന്റെ ഏററവും വലിയ ശത്രുവിനുപോലും ഇപ്രകാരം സംഭവിക്കരുതേ എന്നാണല്ലോ നാമാശിക്കുക. എന്റെ ഗുരുവിനും യജമാനനും ഉപരിയായോ പിതാക്കൻമാർക്കുപരിയായോ ഞാൻ പൊങ്ങച്ചം പറയാതിരിക്കാനായി ഈ കാര്യത്തെപ്പററി ഇതിൽക്കൂടുതൽ ഒന്നും പറയാൻ ഞാനുദ്ദേശിക്കുന്നില്ല. കാരണം, നന്നായി ജീവിക്കാനായി എത്ര പരിശ്രമിച്ചാലും ദുഷ്ടമനുഷ്യരുടെ ദുഷ്ടതയെ ഒഴിവാക്കാൻ സാധ്യമല്ല; 'അവരുടെ നാവ് ശാപവും കയ്പും നിറഞ്ഞിരിക്കുന്നു; എല്ലാവരുടെയും ന്യായാധിപന്റെ മുൻപാകെ അവർ കണക്കുകൊടുക്കേണ്ടി വരും' (റോമ. 3:4).

എന്നാൽ എനിക്കു കൂടുതൽ ചേരുന്ന ഒരു കാര്യത്തിലേക്കു ഞാൻ കടക്കുന്നു; പ്രബോധനം സംബന്ധിച്ചും വിശ്വാസത്തെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം സംബന്ധിച്ചും ആളുകളോടു പറയുമ്പോൾ അങ്ങ് എപ്പോഴും വളരെ കരുതലുള്ളവനായിരിക്കണമെന്ന് ക്രിസ്തുവിൽ ഒരു സഹോദരൻ എന്ന നിലയിൽ ഞാൻ അങ്ങയെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നതുപോലും അവസാനിക്കാത്ത ക്രോധത്തിനു നിന്നെ വിധേയനാക്കും എന്ന് അങ്ങ് ഓർത്തിരിക്കണം (മത്താ. 18:6). ഇടറുന്നവരുടെ സംഖ്യ വലുതാണെങ്കിൽ, ഇടർച്ച നീക്കുവാനും, സത്യം അന്വേഷിക്കുന്നവർക്ക് വിശ്വാസത്തിന്റെ സുദൃഢവചനം വ്യാഖ്യാനിച്ചു കൊടുക്കുവാനും നാം എല്ലാ കഴിവും ശ്രദ്ധയും ഉപയോഗിക്കണം. വിശുദ്ധ പിതാക്കന്മാരുടെ പ്രബോധനം തീക്ഷ്ണതാപൂർവം പഠിക്കുക, അവരുടെ വാക്കുകളെ ആദരിക്കുക, എഴുതപ്പെട്ടിരിക്കുന്നതുപോലെ അവരുടെ കുററമററതും കറയററതുമായ പ്രബോധനങ്ങളുമായി



ഒത്തുപോകുന്നതിനുവേണ്ടി (2 കൊറി. 13:5) നാം അവരുടെ വിശ്വാസമാണോ മുറുകെപ്പിടിച്ചിരിക്കുന്നത് എന്നറിവാൻ നമ്മുടെ വാക്കുകളെ പരിശോധിക്കുക എന്നിവയാണ് ഈ ലക്ഷ്യം നേടാനുള്ള ഏററവും ഫലപ്രദമായ വഴി.

വിശുദ്ധവും മഹനീയവുമായ സിനഡ് ഇപ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു. ''സ്വഭാവത്താലേ പിതാവായ ദൈവത്തിൽ നിന്നു ജനിച്ചവൻ, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം, പ്രകാശത്തിൽ നിന്നുള്ള പ്രകാശം, പിതാവ് ആരിലൂടെ എല്ലാ വസ്തുക്കളെയും നിർമ്മിച്ചുവോ ആ ഏകജാതനായ പുത്രൻ താഴേക്കിറങ്ങിവന്ന്; ജഡം ധരിച്ച് മനുഷ്യനായി; പീഡയനുഭവിച്ച് മരിച്ചു; മൂന്നാംനാൾ ഉത്ഥാനം ചെയ്ത് സ്വർഗത്തിലേക്കു കരേറി.'' ഈ വാക്കുകളെയും ഈ പ്രബോധനങ്ങളെയും നാമും പിൻചെല്ലുകയും 'ദൈവത്തിൽ നിന്നുള്ള വചനം ജഡമെടുത്തു മനുഷ്യനായി' എന്നു പറയുന്നതിന്റെ അർത്ഥം പരിഗണിക്കുകയും വേണം. കാരണം, 'വചനത്തിന്റെ സ്വഭാവം മാറി മാംസമായി' എന്നോ ആത്മാവും ശരീരവും ഉള്ള മുഴുവൻ മനുഷ്യനായി മാറിയെന്നോ നാം പറയുന്നില്ല. മറിച്ച്, വചനം അവാച്യവും ഗ്രഹണാതീതവുമായ രീതിയിൽ, ബൗദ്ധികാത്മാവിനാൽ ജീവിക്കുന്ന മാംസത്തെ ഹ്യുപ്പോസ്റ്റാററിക്കലായി തന്നോട് യോജിപ്പിച്ചു; അങ്ങനെ അവിടുന്നു മനുഷ്യനാകുകയും മനുഷ്യപുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്തു; ദൈവേച്ഛയാലോ തിരുവിഷ്ടത്താലോ മാത്രമോ, ഒരാളെ എടുക്കുന്നതുവഴി മാത്രമോ അല്ല. പിന്നെയോ, ഒരൈക്യം ഉണ്ടാകുവാൻ വേണ്ടി രണ്ടു വ്യത്യസ്ത സ്വഭാവങ്ങൾ ഒന്നിച്ചുകൂടി അവയിൽനിന്ന് ഏകക്രിസ്തു, ഏകപുത്രൻ ഉണ്ടാകുന്നു. എന്നാൽ ഐക്യത്താൽ സ്വഭാവങ്ങളുടെ വ്യത്യാസം നശിപ്പിക്കപ്പെടുന്നു എന്ന തരത്തിലായിരുന്നില്ല; പിന്നെയോ, ദൈവത്വവും മനുഷ്യത്വവും ഒന്നിച്ച് നമുക്കുവേണ്ടി ഏകകർത്താവും ഏക ക്രിസ്തുവുമായി പരിപൂർണ്ണമാക്കപ്പെട്ടു; ഐക്യമുണ്ടാക്കാൻ വേണ്ടി ഒന്നിച്ച് അത്യത്ഭുതമായും നിഗൂഢമായും സംയോജിപ്പിച്ചു. അതുകൊണ്ട്, യുഗങ്ങൾക്കുമുൻപ് പിതാവിൽനിന്നു ജനിക്കുകയും സ്ഥിതിചെയ്യുകയും ചെയ്തവൻ, ദൈവസ്വഭാവം വിശുദ്ധ കന്യകയിൽ സ്ഥിതി

www.malankaralibrary.com



ചെയ്യാൻ തുടങ്ങുകയോ, തന്റെ പിതാവിൽനിന്നുള്ള ജനനത്തിനുശേഷം ഒരു രണ്ടാം ജനനം ആവശ്യമായിത്തീരുകയോ ചെയ്യാതെ ജഡപ്രകാരം സ്ത്രീയിൽനിന്നു ജനിച്ചു എന്നും പറയപ്പെടുന്നു. (കാരണം, എല്ലാ യുഗങ്ങൾക്കും മുൻപു സ്ഥിതി ചെയ്യുകയും പിതാവുമായി സമസത്തയായിരിക്കുകയും ചെയ്യുന്നവന് സ്ഥിതി ചെയ്യുന്നതിന് രണ്ടാമതൊരാരംഭം വേണം എന്നു പറയുന്നതു പരമാബദ്ധവും ഭോഷത്തവുമാണ്). വചനം ജഡപ്രകാരം ജനിച്ചു; എന്തുകൊണ്ടെന്നാൽ, നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി മാനുഷികമായതിനെ ഹ്യുപ്പോസ്റ്റാറ്റിക്കലായി അവൻ തന്നോട് യോജിപ്പിച്ച് സ്ത്രീയിൽ നിന്നു ജനിച്ചു. കാരണം, അവിടുന്ന് ആദ്യം നമ്മെപ്പോലുള്ള മനുഷ്യനായി വിശുദ്ധ കന്യകയിൽ നിന്നു ജനിക്കുകയും പിന്നെ വചനം അവനിൽ ഇറങ്ങുകയും അല്ല ചെയ്തത്; മറിച്ച്, തന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് അപ്രകാരം സംയോജിച്ചിരുന്നു; അതിനുശേഷം, തന്റെ ജഡത്തിന്റെ ആരംഭം തന്റേതാക്കിക്കൊണ്ട് ജഡപ്രകാരമുള്ള ജനനത്തിൽക്കൂടി കടന്നുപോയി.

അതുപോലെ, 'അവിടുന്നു പീഡയനുഭവിച്ചു മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തു' എന്നു നാം പറയുന്നു; വചനമായ ദൈവം തന്റെ സ്വന്തം സ്വഭാവത്തിൽ അടികളേറ്റെന്നോ, ആണികൾകൊണ്ട് തുളയ്ക്കപ്പെട്ടെന്നോ മറ്റുമുറിവുകളേറ്റെന്നോ അല്ല (കാരണം, ശരീരമില്ലാത്ത ദൈവസ്വഭാവത്തിന് പീഡയനുഭവിക്കുക സാധ്യമല്ല); എന്നാൽ തന്റേതായിത്തീർന്ന ശരീരം ഇവയെല്ലാം സഹിച്ചതിനാൽ അവിടുന്ന് ഇവയെല്ലാം നമുക്കുവേണ്ടി സഹിച്ചു എന്നു പറയാം. എന്തുകൊണ്ടെന്നാൽ അവിടുന്ന് സഹനാതീതനായിരുന്നു, എന്നാൽ അവന്റെ ശരീരം പീഡ സഹിച്ചു, അവിടുത്തെ മരണത്തെപ്പറ്റിയും ഇതുതന്നെ പറയാനാവും. എന്തുകൊണ്ടെന്നാൽ സ്വഭാവത്താലേ വചനമായ ദൈവം അമർത്യനും അഴിവിനതീതനും ജീവനും ജീവദാതാവുമാണ്; എന്നാൽ ശ്ലീഹാ പറയുന്നതുപോലെ, ദൈവകൃപയാൽ അവന്റെ സ്വന്തം ശരീരം എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചതിനാൽ (എബ്രാ. 2:9) വചനം നമുക്കുവേണ്ടി മരിച്ചു എന്നുപറയാം; തന്റെ സ്വന്തസ്വഭാവത്തിലാണ്



സഹിച്ചത് എന്നർത്ഥത്തിലല്ല (അപ്രകാരം ചിന്തിക്കുന്നതോ പറയുന്നതോ തനിവട്ടുതന്നെ); പിന്നെയോ ഞാൻ പറഞ്ഞതുപോലെ അവന്റെ ശരീരം മരണമാസ്വദിച്ചു. അതുപോലെ അവിടുത്തെ ശരീരം ഉയിർപ്പിക്കപ്പെട്ടപ്പോൾ നാം അതിനെ തന്റെ ഉത്ഥാനം എന്നാണ് വീണ്ടും പറയുന്നത്; അവിടുന്ന് അഴിവിനധീനനായി എന്നർത്ഥത്തിലല്ല—അപ്രകാരം സംഭവിക്കാതിരിക്കട്ടെ—പിന്നെയോ, തന്റെ ശരീരം വീണ്ടും ഉയിർപ്പിക്കപ്പെട്ടതിനാലാണ്.

അതുകൊണ്ട് നാം ഏകക്രിസ്തുവിനെയും ഏകകർത്താവിനെയും ഏറ്റുപറയുന്നു. വചനത്തോടുകൂടി മനുഷ്യനെ നാം ആരാധിക്കുന്നില്ല; 'കൂടി' എന്ന വാക്കുപയോഗിക്കുന്നതുവഴി വിഭജനത്തിന്റെ ഏതെങ്കിലും ധ്വനി ഉണ്ടാകാതിരിക്കാനാണിത്. എന്നാൽ ഒരേയൊരാൾ എന്ന നിലയിൽ നാം അവിടുത്തെ ആരാധിക്കുന്നു; കാരണം, ശരീരം വചനത്തിൽനിന്ന് വിട്ടകന്നല്ല, പിതാവിന്റെ സമീപത്ത് അവിടുത്തോടുകൂടി ശരീരം സിംഹാസനസ്ഥനാണ്; രണ്ട് പുത്രന്മാർ ഒന്നിച്ചിരിക്കുന്നു എന്ന തരത്തിലുമല്ല, പിന്നെയോ തന്റെ ജഡവുമായി സംയോജിക്കപ്പെട്ട ഒരേയൊരാൾ. അസാധ്യമെന്നോ വചനമായ ദൈവത്തിന് ചേർന്നതല്ലെന്നോ പറഞ്ഞ് നാം ഹ്യുപ്പോസ്റ്റാറ്റിക് ഐക്യത്തെ നിരസിച്ചാൽ ഇരുപുത്രന്മാരെപ്പറ്റി സംസാരിക്കുന്ന തെറ്റിൽ നാം ഉൾപ്പെടും. പുത്രൻ എന്ന സംജ്ഞകൊണ്ട് ബഹുമാനിക്കപ്പെടുന്ന മനുഷ്യനെയും സ്വഭാവത്താലെ ആ പേരും പുത്രത്വത്തിന്റെ യാഥാർത്ഥ്യവുമുള്ള വചനമായ ദൈവത്തെയും—ഓരോന്നിനെയും അതാതിന്റെ രീതിയിൽ—വേർതിരിച്ചുകാണുകയും ചർച്ചചെയ്യുകയും വേണം. അതുകൊണ്ട്, ഏകകർത്താവേശുമിശിഹായെ ഇരുപുത്രന്മാരായി നാം പിളർക്കാൻ പാടില്ല. ചിലർ വ്യക്തിപരമായ ഐക്യം എന്നുതന്നെ പറയുന്നുണ്ടെങ്കിലും, സത്യവിശ്വാസത്തിന്റെ അത്തരത്തിലുള്ള അവതരണം ഒരു രീതിയിലും സഹായകമാകില്ല. എന്തുകൊണ്ടെന്നാൽ, 'വചനം ഒരു മനുഷ്യന്റെ വ്യക്തിത്വത്തെ തന്നോട് സംയോജിപ്പിച്ചു' എന്നു തിരുലിഖിതം പഠിപ്പിക്കുന്നില്ല, പിന്നെയോ 'വചനം മാംസമായി' എന്നുമാത്രം (യോഹ. 1:14). 'വചനം മാംസമായി' എന്നാൽ നമ്മുടേതു

www.malankaralibrary.com



പോലുള്ള ജഡത്തിലും രക്തത്തിലും അവിടുന്ന് ഭാഗഭാക്കായി എന്നേയർത്ഥമുള്ളു (എബ്രാ. 2:14); അവിടുന്നു നമ്മുടെ ശരീരം തൻേറതാക്കി, തൻെറ ദൈവത്വമോ, പിതാവിൽ നിന്നുള്ള തൻെറ ജനനമോ മാററിവയ്ക്കാതെ താനായിരുന്ന തോടുകൂടി ജഡം എടുത്തുകൊണ്ട് സ്ത്രീയിൽനിന്ന് ഒരു മനുഷ്യനായി പിറന്നു.

എല്ലായിടത്തും പ്രഖ്യാപിക്കപ്പെടുന്ന സത്യവിശ്വാസത്തിൻെറ വിവരണമാണിത്. ഇപ്രകാരമാണ് വിശുദ്ധ പിതാക്കന്മാർ വിശ്വസിച്ചതെന്നും നാം കാണുന്നു. അതുകൊണ്ട് വിശുദ്ധ കന്യകയെ ദൈവമാതാവ് എന്നു വിളിക്കാൻ അവർ ധൈര്യപ്പെട്ടു; വചനത്തിൻെറ സ്വഭാവമോ, തൻെറ ദൈവത്വമോ വിശുദ്ധ കന്യകയിൽ നിന്നുത്ഭവിച്ചു എന്നർത്ഥത്തിലല്ല, പിന്നെയോ, ബൗദ്ധികാത്മാവുള്ള അവിടുത്തെ വിശുദ്ധ ശരീരം അവളിൽ നിന്നു പിറന്നതിനാലാണ്. വചനം ഈ ശരീരവുമായി ഹ്യുപ്പോസ്റ്റാററിക്കലായി സംയോജിച്ചിരിക്കുകയും അതിൽ ജനിക്കുകയും ചെയ്തു എന്നു പറയപ്പെടുന്നു. ഒരു സഹോദരൻ എന്ന നിലയിൽ അങ്ങയെ ഉപദേശിച്ചുകൊണ്ടും, ക്രിസ്തുവിൻെറയും തൻെറ തെരഞ്ഞെടുക്കപ്പെട്ട ദൂതന്മാരുടെയും മുമ്പാകെ സാക്ഷിനിർത്തിക്കൊണ്ടും നമ്മോടുകൂടി ഇക്കാര്യങ്ങൾ മുറുകെപ്പിടിക്കാനും പഠിപ്പിക്കാനും ക്രിസ്തുവിലുള്ള സ്നേഹത്തെപ്രതി ഞാൻ അങ്ങേയ്ക്കെഴുതിയതാണ്. അങ്ങനെ സഭകൾ സമാധാനത്തിലും ദൈവത്തിൻെറ പുരോഹിതന്മാർ അഭേദ്യമായ സ്നേഹബന്ധത്തിലും ഭാതൃത്വത്തിലും നിലനില്ക്കട്ടെ.

## 2. സിറിലിന് നെസ്തോറിയുസ് എഴുതിയ രണ്ടാം ലേഖനം

അതിഭക്തനും അതിശ്രേഷ്ഠനുമായ സഹശുശ്രൂഷകൻ കൂറില്ലോസിന് നെസ്തോറിയുസ് കർത്താവിൽ ആശംസകൾ അയയ്ക്കുന്നു. അങ്ങയുടെ അസാധാരണ കത്തിൽ നമുക്കെതിരെയുള്ള പരിഹാസങ്ങൾ നാം പരിഗണിക്കാതെ വിട്ടുകളയുന്നു. എൻെറ ക്ഷമകൊണ്ടും കാലക്രമത്തിൽ സംഭവങ്ങൾ നല്കുവാൻ പോകുന്ന മറുപടികൊണ്ടും അതു ശരിപ്പെടുമെന്ന്



ഞാൻ കരുതുന്നു. എന്നാൽ ഒരു സംഗതി സംബന്ധിച്ച് ഞാൻ നിശ്ശബ്ദത പാലിക്കുകയില്ല; കാരണം, അക്കാര്യത്തിലുള്ള നിശ്ശബ്ദത അപകടകരമായിത്തീരാം. അതുകൊണ്ട്, കഴിവുള്ളിടത്തോളം വളച്ചുകെട്ടുകൂടാതെ ഒരു ചെറിയ വിവരണത്തിന് മുതിരുന്നു; കഴിവുള്ളിടത്തോളം അകററുന്ന അവ്യക്തതയും ദഹിക്കാത്ത വലിച്ചുനീട്ടലും കൂടാതെ കഴിക്കാം. അങ്ങയുടെ വിജ്ഞാനം നിറഞ്ഞ വാചകങ്ങൾ പദാനുപദം ഉദ്ധരിച്ചുകൊണ്ട് അവയിൽ നിന്നാരംഭിക്കാം. അങ്ങയുടെ ശ്രേഷ്ഠമായ പ്രബോധനം എങ്ങനെയാണ് അങ്ങ് പ്രകടിപ്പിച്ചിരിക്കുന്നത്?

''വിശുദ്ധവും മഹനീയവുമായ സിനഡ് ഇപ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു: സ്വഭാവത്താലേ പിതാവായ ദൈവത്തിൽ നിന്നു ജനിച്ചവൻ, സത്യദൈവത്തിൽനിന്നുള്ള സത്യദൈവം, പ്രകാശത്തിൽനിന്നുള്ള പ്രകാശം, പിതാവ് ആരിലൂടെ എല്ലാവസ്തുക്കളെയും നിർമ്മിച്ചുവോ, ആ ഏകജാതനായ പുത്രൻ താഴേക്കിറങ്ങി വന്നു; ജഡംധരിച്ചു മനുഷ്യനായി, പീഡയനുഭവിച്ച് മരിച്ചു; ഉത്ഥാനം ചെയ്തു.''

ഇവ അങ്ങയുടെ വാക്കുകളാണ്; അങ്ങേയ്ക്കത് തിരിച്ചറിയാൻ സാധിക്കുമല്ലോ. ഇപ്പോൾ, നാം പറയുന്നതു ശ്രദ്ധിക്കുക. തൻെറ പ്രിയശിഷ്യനായ തിമോതിയെ അഭിസംബോധന ചെയ്തപ്പോൾ മഹാനായ പൗലോസ് നല്കിയ തരത്തിൽ ഭക്തിയിലേക്കുള്ള ഒരു സാഹോദര്യപൂർണമായ ഉപദേശമാണിത്: ''തിരുലിഖിതങ്ങളുടെ പരസ്യവായനയിലും വചനപ്രഘോഷണത്തിലും പഠിപ്പിക്കലിലും ശ്രദ്ധാലുവായിരിക്കണം. അങ്ങനെ ചെയ്യുന്നതുവഴി നീ നിന്നെത്തന്നെയും നിൻെറ ശ്രോതാക്കളെയും രക്ഷിക്കും'' (1 തിമോ. 4: 13. 16). ''ശ്രദ്ധാലുവായിരിക്കണം'' എന്നതിൻെറ അർത്ഥമെന്താണെന്ന് എന്നോട് പറഞ്ഞാലും. ആ വിശുദ്ധ പിതാക്കന്മാരുടെ പാരമ്പര്യം ഉപരിപ്ലവമായി വായിക്കുന്നതുവഴി (ക്ഷമിക്കത്തക്ക അജ്ഞത എന്ന കുററത്തിലായിരുന്നു നീ) പിതാവുമായി സമനിത്യനായ വചനം സഹനവിധേയനാണ് എന്ന് അവർ പറഞ്ഞെന്ന് നീ അനുമാനിച്ചു. ദയവായി അവരുടെ ഭാഷ കൂടുതൽ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കുക; സമസ്തത്തയായ ദൈവ

www.malankaralibrary.com



ത്വം സഹനവിധേയമായിരുന്നെന്നോ, പിതാവുമായി സമനിത്യതയിലായിരുന്ന യാഥാർത്ഥ്യം മുഴുവൻ അടുത്തകാലത്ത് ജനിച്ചെന്നോ, നശിപ്പിക്കപ്പെട്ട ആലയത്തിന്റെ ഉത്ഥാനകാരണം, അതുതന്നെയായിരുന്നു എന്നു കാണുകയാൽ അത് ഉത്ഥാനം ചെയ്തെന്നോ പിതാക്കന്മാരുടെ ദൈവികനിര ഒരിക്കലും പറഞ്ഞിട്ടില്ലെന്ന് നിനക്കു കണ്ടെത്താൻ കഴിയും. ഭ്രാതൃസഹജമായ മരുന്നായി എന്റെ വാക്കുകളെ നീ സ്വീകരിച്ചാൽ, വിശുദ്ധ പിതാക്കന്മാരുടെ വാക്കുകൾ നിന്റെ മുമ്പിൽ നിരത്തിവയ്ക്കാം; അവർക്കെതിരെയുള്ള ദൂഷണത്തിൽ നിന്ന് അവരെയും അവരിലൂടെ തിരുലിഖിതങ്ങളെയും വിമുക്തമാക്കാം.

അവർ പറയുന്നു: ''തന്റെ ഏകജാതനായ പുത്രൻ നമ്മുടെ കർത്താവേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു''. 'കർത്താവ്', 'യേശു', 'ക്രിസ്തു', 'ഏകജാതൻ', 'പുത്രൻ' തുടങ്ങി ദൈവത്വത്തിനും മനുഷ്യത്വത്തിനും പൊതുവായിട്ടുള്ള പേരുകൾ അടിസ്ഥാനമാക്കി അവർ വയ്ക്കുന്നതു കാണുക. പിന്നീട് ആ അടിസ്ഥാനത്തിൽ മനുഷ്യാവതാരത്തിന്റെയും പീഡാസഹനത്തിന്റെയും ഉത്ഥാനത്തിന്റെയും പാരമ്പര്യം അവർ പണിതുയർത്തുന്നു. ഇങ്ങനെ, ഇരുസ്വഭാവങ്ങൾക്കും പൊതുവായിട്ടുള്ള പേരുകൾ മുൻപിൽ വച്ചുകൊണ്ട് പുത്രത്വത്തിനും കർതൃത്വത്തിനും ചേരുന്ന വേർതിരിക്കുന്ന പദപ്രയോഗങ്ങൾ ഒഴിവാക്കാൻ അവർ ഉദ്ദേശിച്ചു. അതേസമയം 'പുത്രൻ' എന്ന ഏക സംജ്ഞയിൽ അവയെ ഒന്നിച്ചുചേർത്ത് സ്വഭാവങ്ങളുടെ വ്യത്യസ്ത പ്രകൃതങ്ങൾ നശിപ്പിക്കുക എന്ന അപകടത്തിൽനിന്നു രക്ഷപെടാനും അവർ ശ്രദ്ധിച്ചു. ഇതിൽ പൗലോസായിരുന്ന അവരുടെ പ്രബോധകൻ; ദൈവം മനുഷ്യനായ കാര്യം അനുസ്മരിക്കുകയും അതോടൊപ്പം സഹനത്തിന്റെ കാര്യം അവതരിപ്പിക്കേണ്ടിവരികയും ചെയ്തപ്പോൾ അവൻ ആദ്യം ''ക്രിസ്തു''വിനെ പരാമർശിച്ചു; അത് ഞാൻ അല്പം മുൻപു പറഞ്ഞതുപോലെ, രണ്ടു സ്വഭാവങ്ങളുടെയും പൊതുനാമമാണ്; പിന്നീട് രണ്ടു സ്വഭാവങ്ങൾക്കും ചേരുന്ന ഒരു പദം അതിനോടുകൂട്ടിച്ചേർക്കുന്നു. അവൻ എന്താണു പറയുന്നത്? ''യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായി



രുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി അവൻ പരിഗണിച്ചില്ല'' എന്നുതുടങ്ങി ''മരണം വരെ, അതേ കുരിശുമരണം വരെ, അനുസരണമുള്ളവനായിരുന്നു'' എന്നതുവരെ (ഫിലി. 2:5-8). കാരണം, മരണത്തെപ്പററി സൂചിപ്പിക്കാൻ തുടങ്ങിയപ്പോൾ 'വചനമായ ദൈവം പീഡ സഹിച്ചു' എന്ന് ആരും ചിന്തിക്കാതിരിക്കാനായി, ''ക്രിസ്തു'' എന്ന് അവൻ പറയുന്നു. ഏകയാളിൽ സഹനാതീതസ്വഭാവവും സഹനാധീനസ്വഭാവവും ഈപദം വ്യക്തമാക്കുന്നു. അങ്ങനെ ക്രിസ്തു സഹനാതീതനും സഹനവിധേയനുമാണെന്ന് പറയാൻ കഴിയും; ദൈവത്വത്തിൽ സഹനാതീതൻ, തന്റെ ശരീരത്തിന്റെ പ്രകൃതിയിൽ സഹനവിധേയൻ.

ഇതേപ്പററി എനിക്ക് ധാരാളം പറയുവാൻ കഴിയും. ആദ്യമായി, ആ വിശുദ്ധ പിതാക്കൻമാർ വ്യാപാരത്തെപ്പററി ചർച്ച ചെയ്തപ്പോൾ, ഉത്ഭവത്തെപ്പററിയല്ല, പിന്നെയോ പുത്രൻ മനുഷ്യനാകുന്നതിനെപ്പററിയാണ് സംസാരിച്ചത്. എന്നാൽ ചുരുക്കി വിവരിക്കാം എന്ന് ആരംഭത്തിൽ ഞാൻ ചെയ്ത വാഗ്ദാനം അനുസ്മരിച്ചുകൊണ്ട് എന്റെ ചർച്ചയ്ക്ക് ഞാൻ കടിഞ്ഞാണിടുന്നു; അതെന്നെ അങ്ങയുടെ രണ്ടാമത്തെ വിഷയത്തിലേക്കു നയിക്കുന്നു. അവിടെ, ഏകയാളിൽ ഉള്ള ഐക്യത്തിൽ (synapheia) ദൈവത്വമെന്നും മനുഷ്യത്വമെന്നും അവിടുന്നു സ്വഭാവങ്ങളെ വേർതിരിച്ചതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. ദൈവവചനത്തിന് സ്ത്രീയിൽനിന്നുള്ള ഒരു രണ്ടാം ജനനം ആവശ്യമില്ലെന്നുള്ള അങ്ങയുടെ പ്രസ്താവനയെയും ദൈവത്വം സഹനാതീതമാണ് എന്ന പ്രഖ്യാപനത്തെയും ഞാൻ ശ്ലാഘിക്കുന്നു. അത്തരം വാചകങ്ങൾ യഥാർത്ഥമായും ഓർത്തഡോക്സാണ്. അതേസമയം അവ കർത്താവിന്റെ സ്വഭാവങ്ങളെപ്പററി പാഷണ്ഡർ ജല്പിക്കുന്ന ദുഷ്ടാഭിപ്രായങ്ങൾക്ക് എതിരായിട്ടുള്ളവയുമാണ്. ബാക്കിയുള്ള ഭാഗം വായനക്കാർക്ക് ഏതോ നിഗൂഢവും ഗ്രഹണാതീതവുമായ വിജ്ഞാനം അവതരിപ്പിക്കാനുള്ള പരിശ്രമമാണോ എന്ന് അങ്ങയുടെ സൂക്ഷ്മബുദ്ധിയാണു തീരുമാനിക്കേണ്ടത്. എന്റെ വീക്ഷണത്തിൽ, ആദ്യം പറഞ്ഞവയെ തകിടംമറിക്കുന്നതാണ് പിന്നെ വരുന്ന വീക്ഷണങ്ങൾ. ആദിയിൽ സഹനാതീതനെന്നും രണ്ടാംജനന

www.malankaralibrary.com



ത്തിന് ഉപരിസ്ഥനെന്നും പ്രഖ്യാപിക്കപ്പെട്ടവൻ എങ്ങനെയോ സഹനവിധേയനായെന്നോ പുതുതായി സൃഷ്ടിക്കപ്പെട്ടെന്നോ വചനമായ ദൈവത്തിന് സ്വഭാവത്താലെ ഉണ്ടായിരുന്നത് ആലയവുമായുള്ള ഐക്യത്താൽ ഇല്ലാതായെന്നോ, ദൈവിക സ്വഭാവത്തിൽ നിന്ന് അഭേദ്യമായ പാപരഹിതമായ ആലയം പാപികൾക്കുവേണ്ടി ജനിക്കയും മരിക്കയും ചെയ്താൽ പോരാ എന്ന് ജനങ്ങൾ കരുതിയെന്നോ, ''ഈ ആലയം തകർക്കുവിൻ; മൂന്നു ദിവസങ്ങൾക്കുള്ളിൽ ഞാൻ അതിനെ ഉയിർപ്പിക്കും'' (യോഹ. 2:19) എന്നു യഹൂദരോട് കർത്താവ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞ കർത്തൃശബ്ദം വിശ്വസനീയമല്ലെന്നോ അവ ദ്യോതിപ്പിക്കുന്നു. ''എന്റെ ദൈവത്വം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കുള്ളിൽ ഞാൻ അതിനെ ഉയിർപ്പിക്കും'' എന്ന് അവിടുന്നു പറഞ്ഞില്ല.

ഇതേപ്പറ്റി കൂടുതലായി വിശദീകരിക്കണമെന്ന് എനിക്കാഗ്രഹം ഉണ്ടെങ്കിലും എന്റെ വാഗ്ദാനമനുസരിച്ച് ഞാൻ ചുരുക്കുന്നു. അതുകൊണ്ട് ഞാൻ കുറച്ചുവാക്കുകളിൽ സംസാരിക്കണം. കർത്താവിന്റെ വ്യാപാരത്തെ അനുസ്മരിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങളെല്ലാം ദൈവത്വത്തിന്റെ ജനനത്തെപ്പറ്റിയും പീഡാസഹനത്തെപ്പറ്റിയുമല്ല, പിന്നെയോ ക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. അങ്ങനെ വിശുദ്ധ കന്യകയെ ദൈവമാതാവ് എന്നതിനേക്കാൾ കുറേക്കൂടി കൃത്യമായി ക്രിസ്തുവിന്റെ അമ്മ എന്നു വിളിക്കുന്നു. സുവിശേഷങ്ങൾ പ്രഖ്യാപിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക: ''അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലിപ്പുസ്തകം'' (മത്താ. 1:1). വചനമായ ദൈവം ദാവീദിന്റെ പുത്രനായിരുന്നില്ല എന്നത് സുവ്യക്തമാണ്. അങ്ങേയ്ക്കിഷ്ടമാണെങ്കിൽ മറ്റൊരു സാക്ഷ്യം കേൾക്കൂ: ''യാക്കോബ് മറിയത്തിന്റെ ഭർത്താവായ യൗസേപ്പിനെ ജനിപ്പിച്ചു; അവളിൽനിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു'' (മത്താ. 1:16). മറ്റൊരു തെളിവു പരിശോധിക്കുക: ''യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മയായ മറിയം യൗസേപ്പിനോട് വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു'' (മത്താ. 7:18). എന്നാൽ ഏക



ജാതന്റെ ദൈവത്വം ആത്മാവിന്റെ ഒരു സൃഷ്ടിയാണെന്ന് ആരാണ് ചിന്തിക്കുക? ''യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു'' (യോഹ 2:1) എന്ന് സൂചിപ്പിച്ചതെന്തിനാണ്? വീണ്ടും ''യേശുവിന്റെ അമ്മയായ മറിയത്തോടുകൂടി'' (നട. 1:14), ''അവളിൽ ഉരുവായിരിക്കുന്നതു പരിശുദ്ധാത്മാവിനാലാകുന്നു'' (മത്താ. 1:20), ''ശിശുവിനെയും അവന്റെ അമ്മയേയുംകൂട്ടി ഈജിപ്തിലേക്ക് ഓടിപ്പോകുക'' (മത്താ. 2:13), ''ജഡപ്രകാരം ദാവീദിന്റെ ബീജത്തിൽനിന്നു പിറന്ന അവന്റെ പുത്രനെക്കുറിച്ച്'' (റോമ. 1:3) എന്നൊക്കെ പറയുന്നത് എന്തിനാണ്? വീണ്ടും, അവിടുത്തെ പീഡാനുഭവത്തെപ്പറ്റി പറയുമ്പോൾ തിരുലിഖിതം പറയുന്നു, ''ദൈവം തന്റെ പുത്രനെ പാപപരിഹാരത്തിനുവേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിനു ശരീരത്തിൽ ശിക്ഷ വിധിച്ചു'' (റോമ. 8:3); വീണ്ടും, ''ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു'' (1 കൊറി. 15:3); വീണ്ടും, ''ക്രിസ്തു ജഡത്തിൽ പീഡയനുഭവിച്ചു'' (1 പത്രോ. 4:1); വീണ്ടും, ഇത് നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന ''എന്റെ ദൈവത്വം'' എന്നല്ല ''എന്റെ ശരീരം'' എന്നാണ് പറഞ്ഞത് (1 കൊറി. 11:24).

പുത്രന്റെ ദൈവത്വമല്ല പിന്നെയോ ദൈവസ്വഭാവത്തോട് സംയോജിതമായ ജഡമാണ് കൊല്ലപ്പെട്ടത് എന്ന് മനുഷ്യർ മനസ്സിലാക്കാനായി മറ്റു പതിനായിരം ഭാഗങ്ങൾ ഉദ്ധരിച്ചുകൊടുക്കാനുണ്ട്. ക്രിസ്തു സ്വയം കർത്താവെന്നും ദാവീദിന്റെ പുത്രനെന്നും വിളിക്കുന്നു: ''നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു ചിന്തിക്കുന്നു? അവൻ ആരുടെ പുത്രനാണ്? അവർ അവനോടു പറഞ്ഞു: 'ദാവീദിന്റെ പുത്രൻ'. യേശു മറുപടിയായി അവരോടു പറഞ്ഞു: പിന്നെങ്ങനെയാണ് പരിശുദ്ധാത്മാവിൽ പ്രേരിതനായി ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നത്? അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടരുൾച്ചെയ്തു, നീയെന്റെ വലത്തുഭാഗത്തിരിക്കുക'' (മത്താ. 22: 42-44). അവൻ യഥാർത്ഥത്തിൽ ജഡപ്രകാരം ദാവീദിന്റെ പുത്രനാകയാലും ദൈവത്വത്താൽ അവന്റെ കർത്താവാകയാലുമാണ് അവൻ ഇപ്രകാരം പറഞ്ഞത്. അതുകൊണ്ട് പുത്രന്റെ ദൈവത്വത്തിന്റെ ആലയമാണ് ശരീരം

www.malankaralibrary.com



ഉന്നതവും ദൈവികവുമായ ഐക്യത്താൽ അതിനോട് സംയോജിതമായ ആലയം. അങ്ങനെ ദൈവസ്വഭാവം ശരീരത്തിൻേറതായവ തൻേറതായി അംഗീകരിക്കുന്നു. ഇത്തരം പ്രഖ്യാപനം ശ്രേഷ്ഠവും സുവിശേഷപാരമ്പര്യങ്ങൾക്കനുസൃതവുമാണ്. എന്നാൽ സംയോജിക്കപ്പെട്ട ജഡത്തിൻെറ സവിശേഷതകളായ ജനനം, പീഡാസഹനം, കബറടക്കം ആദിയായവ കുറച്ചുകാണിക്കുന്നതിനായി ''തൻേറതായി സ്വീകരിക്കുന്നു'' എന്ന പ്രയോഗം ഉപയോഗിക്കുന്നത്, എൻെറ സഹോദരാ, ഗ്രീക്കു ചിന്തവഴി മാനസികമായി വഴിതെററിയവരാണ് എന്നതിൻെറ അടയാളമായിരിക്കും. അഥവാ അപ്പൊള്ളിനാരിസ്, ആരിയൂസ് എന്നിവരുടെ കിറുക്കാലോ, അഥവാ മറേറതെങ്കിലും പാഷണ്ഡതയാലോ അഥവാ ഇവയേക്കാൾ ഗൗരവതരമായ മറെറന്തെങ്കിലും തെററുകൊണ്ടോ രോഗികളായവരായിരിക്കാം.

'ഉചിതം' എന്ന പേരിനാൽ ആകൃഷ്ടരായവർക്ക് മുലപ്പാൽ നുകരാനും, സാവധാനം വളരാനും, തൻെറ പീഡാനുഭവത്തിൽ ഭയചകിതനാകാനും, മാലാഖമാരുടെ സഹായത്തിനാവശ്യം വരാനും അതേ 'ഉചിതത്താൽ' വചനമായ ദൈവത്തെ ഭാഗഭാക്കാക്കുക ആവശ്യമാണ്. ഞാൻ പരിച്ഛേദനത്തെപ്പററിയോ ബലിയേപ്പററിയോ വിശപ്പിനെയോ ദാഹത്തെയോ പററിയോ ഒന്നും സൂചിപ്പിക്കുന്നില്ല; അവയെല്ലാം ജഡത്തിൻേറതാണല്ലോ. നമുക്കുവേണ്ടി സംഭവിച്ചവയാകയാൽ അവയെല്ലാം ആരാധ്യമാണ്. എന്നാൽ അത്തരം ആശയങ്ങൾ ദൈവത്വത്തിലാരോപിക്കുന്നത് തെററാണ്; നമ്മുടെ ദൈവദൂഷണം നിമിത്തം നാം നീതിപൂർവകമായി കുററപ്പെടുത്തപ്പെടാനിടയുണ്ട്.

ഇവയാണ് വിശുദ്ധപിതാക്കൻമാരുടെ പാരമ്പര്യങ്ങൾ. ഇവയാണ് തിരുലിഖിതങ്ങളുടെ പ്രബോധനം. ഇത്തരത്തിൽ, ദൈവികകൃപയേയും ശക്തിയേയുംകുറിച്ച് ആരോ ദൈവികമായി എഴുതി, ''ഈ കടമകൾ നിർവഹിക്കുക; അവയിൽ ശ്രദ്ധാലുവായിരിക്കുക, അങ്ങനെ എല്ലാവരും നിൻെറ പുരോഗതി ദർശിക്കട്ടെ'' (1 തിമോ. 4:15). ഇതാണ് പൗലോസ് എല്ലാവരോടും പറയുന്നത്. ഇടർച്ച വന്നവർക്കുവേണ്ടി അധ്വാനിക്കുന്നതിൽ നീ കാണിക്കുന്ന ശുഷ്ക്കാന്തി പ്രശംസനീയം



തന്നെ; ദൈവികകാര്യങ്ങളിൽ നീ ശ്രദ്ധപതിപ്പിക്കുന്നതിലും ഇവിടെ താമസിക്കുന്നവരെപ്പററി നീ കാണിക്കുന്ന താല്പര്യത്തിലും ഞങ്ങൾ നന്ദിയുള്ളവരാണ്. എന്നാൽ മാനിക്കേയിസത്തിൻെറ പേരിൽ വിശുദ്ധ സിനഡ് ഭ്രഷ്ടരാക്കിയവരോ, നിൻെറ ചിന്താരീതിയിലുള്ള വൈദികരോ വഴി നീ വഴിതെററിക്കപ്പെട്ടിരിക്കുന്നു എന്നു നീ മനസ്സിലാക്കണം. വാസ്തവത്തിൽ, സഭ ഇവിടെ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കയാണ്; ക്രിസ്തുവിൻെറ കൃപയാൽ ''സമുദ്രത്തെ ജലം മൂടുന്നതുപോലെ ഭൂമി കർത്താവിൻെറ ജ്ഞാനത്താൽ നിറഞ്ഞിരിക്കുന്നു'' (ഏശാ. 11:9) എന്നു പ്രവാചകവാക്കുകളിൽ ഈ സഭയെ കാണുന്നവർ പ്രഖ്യാപിക്കത്തക്കവിധം ജനങ്ങൾ ധാരാളമായി വർദ്ധിച്ചുവരികയാണ്. പ്രബോധനപ്രകാശം വിദൂരസ്ഥലങ്ങളിൽ പ്രചരിക്കുന്നതിനാൽ ഞങ്ങളുടെ ഭരണാധിപൻമാരും തികച്ചും സന്തുഷ്ടരാണ്; ചുരുക്കത്തിൽ, ദൈവത്തിനും സഭയുടെ സത്യവിശ്വാസത്തിനും എതിരായി പോരാടുന്ന പാഷണ്ഡതകളുടെ അവസ്ഥ പരിഗണിച്ചാൽ, ''ശൗലിൻെറ ഭവനം ബലഹീനമായിക്കൊണ്ടിരുന്നു; ദാവീദിൻെറ ഭവനമാകട്ടെ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു'' (2 രാജാ. 3:1) എന്ന വാക്യം പൂർത്തീകരിക്കപ്പെട്ടു എന്നു തോന്നും.

ഒരു സഹോദരനിൽ നിന്ന് ഒരു സഹോദരനുള്ള നമ്മുടെ ഉപദേശമിതാണ്. ''തർക്കത്തിനൊരുമ്പെടുന്ന ആരെങ്കിലുമുണ്ടെങ്കിൽ,'' അത്തരക്കാരനോട് പൗലോസ് നമ്മിലൂടെ വിളിച്ചുപറയുന്നു, ''ഞങ്ങൾക്കോ ദൈവത്തിൻെറ സഭകൾക്കോ, മറെറാരുരീതിയും അറിയില്ല.''[1] ഞാനും എന്നോടുകൂടിയുള്ളവരും അങ്ങയുടെ സമൂഹത്തെ ക്രിസ്തുവിൽ ആശംസിക്കുന്നു. ഏററവും ബഹുമാന്യനും വന്ദ്യനുമായ ദേഹമേ, ശക്തനായിരിക്കുക; ഞങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുക.

1. 1 കൊരി. 11:16.

www.malankaralibrary.com



## 3. നെസ്തോറിയുസിനുള്ള സിറിലിന്റെ മൂന്നാം ലേഖനം[1]

സർവശക്തിയുള്ള പിതാവും[2]....

എല്ലാകാര്യങ്ങളിലും തങ്ങളിൽ സംസാരിക്കുന്ന പരിശുദ്ധാത്മാവിനാൽ വിശുദ്ധ പിതാക്കന്മാർ ചെയ്ത പ്രഖ്യാപനങ്ങളെ എല്ലാകാര്യങ്ങളിലും അനുധാവനം ചെയ്തുകൊണ്ടും അവരുടെ അഭിപ്രായങ്ങളുടെ ദിശ പിൻചെന്നുകൊണ്ടും രാജകീയപാതയിലൂടെയെന്നവണ്ണം നടന്നുകൊണ്ട്, നാം പറയുന്നു: ഏകജാതനായ വചനമായ ദൈവം, പിതാവിന്റെ സത്തയിൽനിന്നുതന്നെ ജനിച്ചവൻ, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം; പ്രകാശത്തിൽനിന്നുള്ള പ്രകാശം, ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാവസ്തുക്കളും തന്നാൽ നിർമ്മിക്കപ്പെട്ടവൻ, നമ്മുടെ രക്ഷയ്ക്കുവേണ്ടി താഴേക്കിറങ്ങിവന്നു; സ്വയം ശൂന്യനാക്കിക്കൊണ്ട് ജഡമെടുത്തു മനുഷ്യനായി. അതിന്റെയർത്ഥം; അവിടുന്ന് വിശുദ്ധ കന്യകയിൽനിന്ന് ജഡമെടുത്ത് അതിനെ തന്റേതാക്കി; അവളുടെ ഉദരത്തിൽ നിന്ന് നമ്മേപ്പോലെ ജനിച്ചു; സ്ത്രീയിൽനിന്ന് പുരുഷനായി പുറത്തുവന്നു. താനായിരുന്നത് അവിടുന്ന് മാററിമറിച്ചില്ല, പിന്നെയോ, അവിടുന്ന് ജഡവും രക്തവും എടുത്തെങ്കിലും, സ്വഭാവത്തിലും യാഥാർത്ഥ്യത്തിലും ദൈവമെന്ന താനായിരുന്ന അവസ്ഥയിൽ അവിടുന്നു നിലനിന്നു. അവന്റെ ജഡം ദൈവസ്വഭാവമായിമാറിയെന്നോ, അവാച്യനായ വചനമാം ദൈവം ജഡത്തിന്റെ സ്വഭാവമായിമാറിയെന്നോ നാം പറയുന്നില്ല. കാരണം, തിരുവചനം സാക്ഷിക്കുന്നതുപോലെ വചനം വ്യതിയാനരഹിതനും പൂർണമായും മാററമില്ലാത്തവനും സദാ ഒരേപോലിരിക്കുന്നവനുമാണ് (മാലാഖി 3:6). തന്നെ പ്രസവിച്ച കന്യകയുടെ മടിയിൽ ആയിരുന്നപ്പോഴം, ശിശുവായി കാണപ്പെടുകയും പഴന്തുണികളാൽ ചുററപ്പെടുകയും ചെയ്തെങ്കിലും, ദൈവമെന്നനിലയിൽ അവൻ സൃഷ്ടി മുഴുവൻ നിറഞ്ഞുനില്ക്കുകയും തന്നെ ജനിപ്പിച്ചവനോടുകൂടി സമഭരണാധികാരി ആയിരിക്കുകയും ചെയ്യുന്നു. കാരണം ദൈവത്വം അളവററതും പരിമാണരഹിതവും പരിധിയിൽ ഒതുക്കാൻ അസാധ്യവുമാണ്.

---

1. ആമുഖം വിട്ടുകളഞ്ഞു.
2. നിഖ്യാവിശ്വാസപ്രമാണം. മുകളിൽ പേജ് 11-12 കാണുക.



വചനം മാംസവുമായി ഹ്യുപ്പോസ്ററാററിക്കലായി ഒന്നായിത്തീർന്നെന്ന് നാം പ്രഖ്യാപിക്കുകയും ഏകപുത്രനും കർത്താവുമായ യേശുക്രിസ്തുവിനെ നാം ആരാധിക്കുകയും ചെയ്യുന്നു. രണ്ടുസ്വഭാവങ്ങളും സ്ഥാനത്തിന്റെയും അധികാരത്തിന്റെയും ഐക്യത്തിലൂടെ മാത്രമേ പരസ്പരം ഐക്യപ്പെട്ടിട്ടുള്ളു എന്ന തരത്തിൽ നാം അവനെ ഭാഗങ്ങളായി വിഭജിക്കുകയോ അവനിൽ ദൈവവും മനുഷ്യനും എന്നു വേർതിരിക്കുകയോ ചെയ്യുന്നില്ല; അത് ശുഷ്കമായ പദപ്രയോഗമല്ലാതെ മറെറാന്നുമല്ല. ക്രിസ്തു എന്ന നാമം വചനമായ ദൈവത്തിന് ഒരുരീതിയിലും, കന്യകയിൽ നിന്ന് ജനിച്ചവന് മറെറാരു രീതിയിലും നാം കൊടുക്കുന്നില്ല; പിന്നെയോ, ഏകക്രിസ്തുവിനെ മാത്രം, പിതാവായ ദൈവത്തിൽനിന്നുള്ള വചനത്തെ, തന്റെ മാംസത്തോടുകൂടി, നാം അറിയുന്നു. ഭാഗ്യവാനായ സുവിശേഷകൻ യോഹന്നാൻ പറയുന്നതുപോലെ (3:34) ആത്മാവിനെ സ്വീകരിക്കാൻ അർഹതയുള്ളവർക്ക് അളവു കൂടാതെ അവിടുന്നുതന്നെ നല്കുന്നു എങ്കിലും മനുഷ്യൻ എന്ന നിലയിൽ നമ്മോടുകൂടി അവിടുന്ന് അഭിഷിക്തനായി.

ദൈവത്തെ വഹിക്കുന്ന മനുഷ്യനായി ക്രിസ്തുവിനെപ്പററി ചിന്തിക്കാതിരിക്കാനായി, വിശുദ്ധകന്യകയിൽനിന്നു ജനിച്ച സാധാരണ മനുഷ്യനിൽ എന്നവണ്ണം വചനമായ ദൈവം വസിച്ചു എന്നു നാം പറയുന്നില്ല. കാരണം, ''വചനം നമ്മുടെ ഇടയിൽ വസിച്ചു'' (യോഹ. 1:14) എങ്കിലും, ''ദൈവത്വത്തിന്റെ പൂർണത ശാരീരികമായി ക്രിസ്തുവിൽ വസിച്ചു'' (കൊളോ. 2:9) എന്ന് പറയുന്നുണ്ടെങ്കിലും, അവൻ മാംസമായപ്പോഴം, അവൻ വിശുദ്ധരിൽ വസിക്കുന്ന രീതിയിലല്ല അവന്റെ 'വാസം' നാം മനസ്സിലാക്കേണ്ടത്; അവൻ സ്വഭാവത്താലെ ഐക്യപ്പെട്ടു; അവൻ മാംസമായി മാറിയില്ല; മനുഷ്യാത്മാവ് ശരീരത്തിലെന്നവണ്ണം അവിടുന്ന് 'വസിച്ചു' എന്നു വേണമെങ്കിൽ പറയാം.

www.malankaralibrary.com



അതുകൊണ്ട് ഏകക്രിസ്തുവും ഏകപുത്രനും ഏകകർത്താവുമേയുള്ളൂ. എന്നാൽ ബഹുമാനത്തിലും അധികാരത്തിലും ദൈവവുമായി മനുഷ്യനുള്ള ഏതോ ഐക്യം എന്ന തരത്തിലല്ല. ഐക്യപ്പെട്ട സ്വഭാവങ്ങൾക്ക് സ്വയമേ ബഹുമാനത്തിലുള്ള ഐക്യം അസാധ്യമാണ്. കാരണം, ശ്ലീഹന്മാരും വിശുദ്ധ ശിഷ്യരും എന്ന നിലയിൽ പത്രോസും യോഹന്നാനും പരസ്പരബഹുമാനത്തിൽ തുല്യരാണ്; എന്നാൽ അവർ രണ്ടാണ്, ഒന്നല്ല. ഐക്യത്തിന്റെ രീതി അടുത്തടുത്ത് ചേർത്തുവയ്ക്കുന്നതായും നാം മനസ്സിലാക്കുന്നില്ല; കാരണം, സ്വാഭാവികൈക്യത്തിന് ഇതു മതിയാവുകയില്ല. ''അവനുമായി ഏക ആത്മാവായി'' എന്ന് കർത്താവിനോടൈക്യപ്പെട്ട നമ്മേപ്പററി എഴുതപ്പെട്ടിരിക്കുന്നതുപോലെ ആപേക്ഷികഭാഗഭാഗിത്വവുമല്ല. ഐക്യം പ്രസ്പഷ്ടമാക്കാൻ സ്യുനഫെയ്യാ എന്ന പദം അപര്യാപ്തമാണെന്ന് നാം കരുതുന്നു. പിതാവായ ദൈവത്തിൽനിന്നുള്ള വചനത്തെ ക്രിസ്തുവിന്റെ ദൈവമെന്നോ കർത്താവെന്നോ നാം വിളിക്കുന്നില്ല. അങ്ങനെ സംസാരിക്കുന്നത് ഏകനായ ക്രിസ്തുവിനെയും പുത്രനെയും കർത്താവിനെയും കീറിമുറിക്കുന്നതാണ്. ഈ രീതിയിൽ അവനെ തന്റെതന്നെ ദൈവവും കർത്താവും ആക്കി നാം ദൈവദൂഷണത്തിൽ ഉൾപ്പെടാൻ ഇടയുണ്ട്. എന്തുകൊണ്ടെന്നാൽ, നാം നേരത്തെ പറഞ്ഞതുപോലെ വചനമായ ദൈവം മാംസവുമായി ഹ്യുപ്പോസ്റ്റാററിക്കലായി ഐക്യപ്പെട്ടിരിക്കുന്നു; അവിടുന്ന് എല്ലാത്തിന്റെയും ദൈവവും പ്രപഞ്ചത്തിന്റെ കർത്താവുമാണ്; അവിടുന്ന് തന്റേതന്നെ അടിമയോ യജമാനനോ അല്ല. ഈ രീതിയിൽ ചിന്തിക്കയോ സംസാരിക്കയോ ചെയ്യുന്നത് മൗഢ്യവും അഭക്തവുമാണ്. അവിടുന്ന് സ്വഭാവത്താലെയും തന്റെ യാഥാർത്ഥ്യത്താലെയും ദൈവമായിരുന്നിട്ടും പിതാവിനെ 'ദൈവം' എന്നു വിളിച്ചു എന്നതു ശരിതന്നെ; അവിടുന്ന് ദൈവമായിരുന്നതുപോലെതന്നെ അവിടുന്നു മനുഷ്യനുമായി എന്ന കാര്യം നമുക്ക് അജ്ഞാതമല്ല; മനുഷ്യസ്വഭാവത്തിന് അനുയോജ്യമായ നിയമമനുസരിച്ച് അവൻ ദൈവത്തിന് വിധേയനായിരുന്നു. എന്നാൽ അവൻ എപ്രകാരമാണ് തന്റെതന്നെ ദൈവവും കർത്താവും ആയിരിക്കുന്നത്? മനുഷ്യനെന്ന നിലയിലും, തന്റെ സ്വയം ശൂന്യവല്ക്കരണത്തിന്റെ പരിധിക്കുള്ളിൽ



തനിക്ക് ചേർന്നവിധവും, നമ്മേപ്പോലെ അവനും ദൈവത്തിനു കീഴ്പ്പെട്ടിരുന്നു എന്നുപറയാം. അവിടുന്ന് നിയമം നല്കുകയും ദൈവത്തെപ്പോലെ നിയമദാതാവായിരിക്കുകയും ചെയ്യുമ്പോഴും തന്നെ, അവിടുന്നു നിയമത്തിനുവിധേയനായി (ഗലാ. 4:4).

ക്രിസ്തുവിനെപ്പററി സംസാരിക്കുമ്പോൾ താഴെപ്പറയുന്ന പദപ്രയോഗം നാം ഒഴിവാക്കുന്നു: ''എടുക്കുന്നവനെപ്രതി എടുക്കപ്പെടുന്നവനെ ഞാൻ ആരാധിക്കുന്നു; കാണപ്പെടാത്തവനെപ്രതി കാണപ്പെടുന്നവനെ ഞാൻ ആരാധിക്കുന്നു.'' ഇതുമായി ബന്ധപ്പെടുത്തി ഇങ്ങനെ പറയുന്നത് ഞെട്ടലുണ്ടാക്കുന്നതാണ്: ''എടുക്കുന്നവനോടുകൂടി എടുക്കപ്പെടുന്നവൻ ദൈവം എന്ന പേര് പങ്കിടുന്നു.'' ഇങ്ങനെ സംസാരിക്കുന്നത്, രണ്ടു ക്രിസ്തുക്കളായി വിഭജിക്കുന്നതാണ്. മനുഷ്യനെ വേറെയും ദൈവത്തെ വേറെയുമായി വേർതിരിക്കുന്നു. ഈ പറച്ചിൽ പരസ്യമായി ഐക്യത്തെ നിഷേധിക്കുന്നു. ഐക്യത്തിൽ ഒന്നോടുകൂടി മററൊന്ന് ആരാധിക്കപ്പെടുകയല്ല; 'ദൈവം' എന്ന സംജ്ഞ പങ്കിടുകയുമല്ല; പിന്നെയോ യേശുക്രിസ്തു തന്റെ സ്വന്തം ജഡത്തോടുകൂടി ഏക ആരാധനയിൽ ബഹുമാനിക്കപ്പെടുന്ന ഏകജാതനായ പുത്രൻ എന്ന നിലയിൽ ഏകനായി പരിഗണിക്കപ്പെടുന്നു.

പിതാവായ ദൈവത്തിൽനിന്നു ജനിച്ച ഏകജാതനായ പുത്രൻ തന്റെ സ്വന്തം സ്വഭാവമനുസരിച്ച് സഹനവിധേയൻ അല്ലെങ്കിലും, തിരുലിഖിതങ്ങളനുസരിച്ച്, നമുക്കുവേണ്ടി ജഡത്തിൽ പീഡയനുഭവിക്കുകയും, തന്റെ ക്രൂശിക്കപ്പെട്ട ശരീരത്തിലായിരിക്കുകയും, അവിടുന്നുതന്നെ സഹിക്കാതെ തന്റെ സ്വന്തം ജഡത്തിന്റെ കഷ്ടതകൾ തന്റേതാക്കുകയും ചെയ്തു എന്ന് നാം പ്രഖ്യാപിക്കുന്നു; കാരണം, ദൈവത്തിന്റെ കൃപയാൽ എല്ലാവർക്കുംവേണ്ടി അവിടുന്ന് മരണമാസ്വദിച്ചു (എബ്രാ. 2:9). അവിടുന്ന് സ്വഭാവത്താലെ ജീവനും (യോഹ. 11:25) ഉത്ഥാനവുമാണെങ്കിലും, ആ ഉദ്ദേശ്യത്തിനുവേണ്ടി അവിടുന്നു തന്റെ സ്വന്തം ശരീരത്തെ മരണത്തിനേല്പിച്ചു. തന്റെ അവാച്യശക്തിയാൽ മരണത്തെ കാല്ക്കീഴമർത്തിക്കൊണ്ട്, ആദ്യമായി തന്റെ സ്വന്തം ശരീരത്തിൽ അവി

www.malankaralibrary.com



ടുന്ന് മരിച്ചവരിൽനിന്നുള്ള ആദ്യജാതനാകുന്നതിനും (കൊളോ. 1:18), ''നിദ്രപ്രാപിച്ചവരുടെ ആദ്യഫലമാകുന്നതിനും'' (1 കൊറി. 15:20) വേണ്ടിയായിരുന്നിത്. നാമിപ്പോൾ പറഞ്ഞതുപോലെ, ദൈവകൃപയാൽ, മനുഷ്യസ്വഭാവം വ്യതിയാനാതീതാവസ്ഥയിലേക്ക് തിരിയാൻ ഒരു വഴികാണിച്ചുകൊടുക്കാനായി ''അവിടുന്ന് എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുകയും'', പാതാളത്തെ കൊള്ളയടിച്ച് മൂന്നാംനാൾ ഉത്ഥാനം ചെയ്യുകയും ചെയ്തു. തദനുസാരം, ''മനുഷ്യനിലൂടെ മരിച്ചവരുടെ ഉത്ഥാനം ഉണ്ടായി'' (1 കൊറി. 15:21) എന്നു പറയുന്നെങ്കിലും ആ മനുഷ്യൻ ദൈവത്തിൽനിന്നുവന്ന വചനമാണെന്ന് നാം മനസ്സിലാക്കുന്നു. അവൻവഴി മരണത്തിന്റെ ശക്തി കീഴമർത്തപ്പെട്ടു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ലോകത്തെ നീതിയോടെ വിധിക്കാനായി (നട. 17:31) നിശ്ചയിക്കപ്പെട്ട സമയത്ത് അവൻ തന്റെ പിതാവിന്റെ മഹത്വത്തിൽ ഏകപുത്രനും കർത്താവുമായി എഴുന്നെള്ളും.

നാം അവശ്യാവശ്യം ഇതുകൂടി കൂട്ടിച്ചേർക്കുന്നു. യേശുക്രിസ്തു എന്ന ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ ജഡപ്രകാരമുള്ള മരണം പ്രഖ്യാപിക്കുകയും, മരിച്ചവരിൽനിന്നുള്ള തന്റെ ഉത്ഥാനവും സ്വർഗാരോഹണവും ഏറ്റുപറയുകയും ചെയ്തുകൊണ്ട് നാം പള്ളികളിൽ രക്തരഹിതമായ ആരാധന അർപ്പിക്കുകയും മിസ്റ്റിക്കൽ കൃതജ്ഞതാസ്തോത്രം നടത്തുകയും ചെയ്യുന്നു; നാമെല്ലാവരുടെയും രക്ഷകനായ ക്രിസ്തുവിന്റെ വിശുദ്ധശരീരവും അമൂല്യരക്തവും സ്വീകരിച്ച് വിശുദ്ധീകരിക്കപ്പെടുന്നു. ഇത് സാധാരണ ശരീരമായിട്ടല്ല നാം സ്വീകരിക്കുന്നത്; ദൈവം അതിനിടവരുത്താതിരിക്കട്ടെ! അല്ലെങ്കിൽ വചനത്തോട് ബഹുമാനത്തിലുള്ള ഐക്യംവഴി സംയോജിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത മനുഷ്യന്റെയോ ദൈവികവാസമുള്ള മനുഷ്യന്റെയോ ശരീരമല്ല; പിന്നെയോ, സത്യമായും വചനത്തിന്റെ ജീവദായകവും യഥാർത്ഥവുമായ ശരീരമാണ്. കാരണം, ദൈവമെന്നനിലയിൽ സ്വഭാവത്താലെ ജീവനായവൻ, തന്റെ സ്വന്തമാംസവുമായി അവൻ ഒന്നായിത്തീർന്നപ്പോൾ, അവൻ അതിനേയും ജീവദാതാവാക്കി. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,



നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ'' എന്ന് അവിടുന്ന് നമ്മോട് പറഞ്ഞതുപോലെ (യോഹ. 6:53) നമ്മെപ്പോലെ ഒരു മനുഷ്യന്റെ ശരീരമാണിതെന്ന് നാം ചിന്തിക്കരുത്. (കാരണം, ഒരു മനുഷ്യന്റെ ശരീരം അതിന്റെ സ്വന്തം സ്വഭാവത്താൽ എങ്ങനെയാണ് ജീവദായകമാകുന്നത്?) പിന്നെയോ, നമ്മെപ്രതി മനുഷ്യപുത്രനായിത്തീരുകയും അപ്രകാരം വിളിക്കപ്പെടുകയും ചെയ്തവന്റെ യഥാർത്ഥ ശരീരമായിത്തീർന്നതാണത്.

സുവിശേഷത്തിലുള്ള, നമ്മുടെ രക്ഷകന്റെ വാക്കുകളെ രണ്ടു ഹ്യുപ്പോസ്റ്റാസിസിനും അഥവാ ആളുകൾക്കുമായി നാം വിഭജിക്കുന്നില്ല. കാരണം, അവിടുന്ന് രണ്ട് വ്യത്യസ്ത യാഥാർത്ഥ്യങ്ങളിൽനിന്ന് അഭേദ്യമായ ഐക്യത്തിലേക്ക് സംയോജിതമായി എന്ന് കരുതാമെങ്കിലും ഏകനായ ക്രിസ്തു ദ്വിത്വമല്ല. മനുഷ്യൻ ആത്മാവും ശരീരവുംകൊണ്ട് രൂപീകരിക്കപ്പെട്ടവനാണെങ്കിലും രണ്ടെന്നല്ല ഒന്നായി കരുതപ്പെടുന്നതുപോലെ തന്നെ. അതുകൊണ്ട്, ശരിയായി ചിന്തിച്ചുകൊണ്ട് ദൈവികവും മാനുഷികവുമായ പ്രയോഗങ്ങളെല്ലാം ഒരേയൊരാളേപ്പറ്റി നാം പരാമർശിക്കുന്നു. ദൈവികമായ രീതിയിൽ, ''എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു'' (യോഹ. 14:9) എന്നും, ''ഞാനും എന്റെ പിതാവും ഒന്നാകുന്നു'' (യോഹ. 10:30) എന്നും തന്നെപ്പറ്റിത്തന്നെ അവിടുന്നു പറയുമ്പോൾ നാം അവിടുത്തെ ദൈവികവും അവാച്യവുമായ സ്വഭാവത്തെപ്പറ്റി ചിന്തിക്കുന്നു; അതനുസരിച്ച് അവൻ തന്റെ സ്വന്ത പിതാവുമായി സാരാംശത്തിൽ സമനാണ്; ''തന്റെ മഹത്വത്തിന്റെ ഛായയും മുദ്രയും പ്രകാശവുമാണ്'' (എബ്രാ. 1:3). എന്നാൽ, തന്റെ മനുഷ്യത്വത്തിന്റെ അളവിനെ അവമാനിക്കാതെ യഹൂദരോട് ''നിങ്ങളോടു സത്യം പറഞ്ഞ മനുഷ്യനായ എന്നെ കൊല്ലുവാൻ നിങ്ങൾ അന്വേഷിക്കുന്നു'' (യോഹ. 8:40) എന്ന് അവൻ പറഞ്ഞപ്പോൾ, പിതാവായ ദൈവവുമായുള്ള സമത്വവും സാദൃശ്യവും നിമിത്തം അവൻ വചനമായ ദൈവമാണെന്നും, തന്റെ മനുഷ്യത്വത്തിന്റെ പരിധിക്കുള്ളിലാണെന്നും മുമ്പിലത്തേതിനെക്കാൾ ഒട്ടും കുറയാതെ നാം അംഗീ

www.malankaralibrary.com



കരിക്കുന്നു. കാരണം, സ്വഭാവത്താലെ ദൈവമായിരിക്കെ അവിടുന്ന് മാംസമായി, അതായത്, ബൗദ്ധികാത്മാവുള്ള മനുഷ്യനായി എന്ന് വിശ്വസിക്കുക ആവശ്യമാണെങ്കിൽ, മനുഷ്യനെന്ന നിലയിൽ അവിടുത്തേക്കു അനുയോജ്യമാകയാൽ, അവിടുന്നുച്ചരിച്ച ചില പദപ്രയോഗങ്ങളെക്കുറിച്ച് ആരെങ്കിലും ലജ്ജിക്കുന്നതിനെന്തു കാരണമാണുള്ളത്? എന്തെന്നാൽ, മനുഷ്യനെന്ന നിലയിൽ അവിടുത്തേക്ക് അനുയോജ്യമായ വാക്കുകളെ അവൻ നിരസിക്കുന്നെങ്കിൽ, നമ്മെപ്പോലെ മനുഷ്യനായിത്തീരാൻ അവനെ നിർബന്ധിച്ചതാരാണ്? നമ്മെപ്രതി സ്വേച്ഛയാ സ്വയം ശൂന്യമാക്കാൻ സമർപ്പിച്ചവൻ അത്തരം സ്വയം ശൂന്യമാക്കലിന് അനുയോജ്യമായ പദപ്രയോഗങ്ങൾ എന്തിനു നിരസിക്കുന്നു? അതുകൊണ്ട് സുവിശേഷങ്ങളിലെ പദപ്രയോഗങ്ങളെല്ലാം ഏകയാളിനെപ്പറ്റി പറയണം, വചനത്തിന്റെ ജഡംധരിച്ച ഏക ഹ്യുപ്പോസ്റ്റാസിസ്. കാരണം, തിരുലിഖിതപ്രകാരം ഒരു കർത്താവും ഒരു യേശുക്രിസ്തുവുമേ ഉള്ളു (1 കൊറി. 8:6).

നാം അവനിലും, അവനിലൂടെ പിതാവായ ദൈവത്തിലും പരിശുദ്ധാത്മാവിലും നടത്തുന്ന വിശ്വാസപ്രഖ്യാപനം പിതാവായ ദൈവത്തിനർപ്പിക്കുന്നു എന്നതുകൊണ്ട് അവിടുന്ന് നമ്മുടെ വിശ്വാസത്തിന്റെ ശ്ലീഹായും മഹാപുരോഹിതനും എന്ന് വിളിക്കപ്പെടുന്നെങ്കിലും (എബ്രാ. 3:1) അവിടുന്ന് ദൈവത്തിന്റെ സ്വാഭാവികവും ഏകജാതനുമായ പുത്രനാണ്; അവനെകൂടാതെ മറ്റൊരു മനുഷ്യന് പൗരോഹിത്യത്തിന്റെ നാമവും യാഥാർത്ഥ്യവും നാം പങ്കിട്ടുകൊടുക്കുന്നില്ല. കാരണം, അവൻ ദൈവത്തിന്റെയും മനുഷ്യത്വത്തിന്റെയും ഇടയ്ക്കുള്ള മധ്യസ്ഥനായിത്തീർന്ന് (1 തിമോ. 2:5) പിതാവായ ദൈവത്തിന് സുഗന്ധപരിമളമായി സ്വയം സമർപ്പിച്ചുകൊണ്ട് അവർക്കിടയിലെ സമാധാനസ്ഥാപകനായി (എഫേ. 5:2). അതുകൊണ്ട് അവിടുന്ന് പറഞ്ഞു: ''ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു; ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിന്റെ വാല്യത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു, 'ദൈവമേ, അവിടുത്തെ



ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു' (എബ്രാ. 10:5-7). സുഗന്ധപരിമളമായി തന്റെ സ്വന്തം ശരീരത്തെ സമർപ്പിച്ചത് നമുക്കുവേണ്ടിയാണ്, തനിക്കുവേണ്ടിയല്ല. പാപത്തിനെല്ലാം അതീതനായി ദൈവമായിരിക്കുന്നവന് വാസ്തവത്തിൽ തനിക്കുവേണ്ടി എന്ത് അർപ്പണമോ ബലിയോ ആണ് അർപ്പിക്കാനുള്ളത്? ''നാം എല്ലാം പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരാകുകയും'' (റോമ. 3:23), ക്രമരാഹിത്യത്തിലേക്ക് ചാഞ്ഞിരിക്കുകയും, പാപത്തിന്റെ ബലഹീനതയിലേക്ക് മനുഷ്യസ്വഭാവം വഴുതിവീഴുകയും ചെയ്തെങ്കിലും, അവിടുന്ന് അപ്രകാരമല്ല; അതിന്റെ ഫലമായി നാം മഹത്വത്തിൽ അവന്റെ പിന്നിലാണ്. അപ്പോൾ, സത്യകുഞ്ഞാട് നമുക്കുവേണ്ടിയും നമ്മെപ്രതിയും ബലിയർപ്പിക്കപ്പെട്ടു എന്ന കാര്യത്തിൽ സംശയിക്കാൻ എന്തിരിക്കുന്നു? അവിടുന്ന് സ്വയം അർപ്പിച്ചത് തനിക്കുവേണ്ടിയും നമുക്കുവേണ്ടിയുമാണ് എന്ന സൂചനയെപ്പറ്റി അഭക്തി എന്നല്ലാതെ മറ്റൊന്നും പറയാൻ സാധ്യമല്ല. കാരണം, അവിടുന്ന് ഒരുതെറ്റും ചെയ്തിട്ടില്ല; ഒരുതരത്തിലും അവിടുന്നു പാപം ചെയ്തില്ല. പാപങ്ങൾക്കുവേണ്ടി ശരിയായ അർപ്പണം നടത്തത്തക്കവണ്ണം പാപം ഇല്ലാതിരിക്കെ അവിടുത്തേക്ക് ഏതുതരത്തിലുള്ള അർപ്പണമാണ് ആവശ്യമായിരുന്നത്?

''അവൻ എന്നെ മഹത്വപ്പെടുത്തും'' എന്ന് അവൻ ആത്മാവിനെക്കുറിച്ച് പറയുന്നതിന്റെ (യോഹ. 16:14) ശരിയായ അർത്ഥം ഏകപുത്രനായ ക്രിസ്തുവിന് മറ്റൊരാളിൽ നിന്നുള്ള മഹത്വം ആവശ്യമാണെന്നോ, അവിടുന്ന് പരിശുദ്ധാത്മാവിൽനിന്ന് മഹത്വം സ്വീകരിച്ചെന്നോ അല്ല; കാരണം തന്റെ ആത്മാവ് തന്നേക്കാൾ ഉപരിസ്ഥനോ കൂടിയവനോ അല്ല. എന്നാൽ തന്റെ അത്ഭുതപ്രവൃത്തികളിലൂടെ തന്റെ ദൈവത്വം വെളിപ്പെടുത്താൻ തന്റെ സ്വന്തം ആത്മാവിനെ ഉപയോഗിച്ചതിനാൽ അവൻ ആത്മാവിനാൽ മഹത്വീകരിക്കപ്പെടുന്നു എന്ന് അവിടുന്നു പറയുന്നു; നാമാരെങ്കിലും നമുക്ക് സ്വന്തമായുള്ള ശക്തിയോ എന്തിനെപ്പറ്റിയെങ്കിലുമുള്ള അറിവോ, നമ്മെ മഹത്വപ്പെടുത്തും എന്ന് ഒരുപക്ഷേ ഉദാഹരണമായി പറയുന്നതുപോലെയാണിത്. ആത്മാവ് തന്റെ സ്വന്തം

www.malankaralibrary.com



ഹ്യുപ്പോസ്റ്റാസിസിൽ സ്ഥിതിചെയ്യുകയും, പുത്രനായിട്ടല്ല, ആത്മാവായിട്ട് പരിഗണിക്കപ്പെടുകയും ചെയ്യുന്നെങ്കിലും അവൻ പുത്രന് അന്യനല്ല. 'സത്യത്തിന്റെ ആത്മാവ്' എന്നാണ് അവൻ വിളിക്കപ്പെടുന്നത് (യോഹ. 16:13); ക്രിസ്തുവാണ് സത്യം (യോഹ. 14:6); പിതാവായദൈവത്തിൽ നിന്ന് പുത്രൻ ജനിച്ചു; പരിശുദ്ധാത്മാവിനെ പുത്രനാണ് വർഷിച്ചത്. വിശുദ്ധ അപ്പസ്തോലന്മാരുടെ കരങ്ങളിലൂടെ ആത്മാവ് നിരവധി അത്ഭുതകർമ്മങ്ങൾ ചെയ്തു; നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനുശേഷം അങ്ങനെ അവനെ ആത്മാവ് മഹത്വപ്പെടുത്തി. കാരണം, അവൻ ദൈവമാണെന്നും തന്റെ സ്വന്തം ആത്മാവിലൂടെ അവിടുന്ന് പ്രവർത്തിക്കുന്നെന്നും നാം വിശ്വസിക്കുന്നു. ഇക്കാരണത്താൽ അവൻ പറഞ്ഞു: ''അവൻ (ആത്മാവ്) എനിക്കുള്ളതിൽനിന്നെടുത്ത് നിങ്ങളോട് പ്രസ്താവിക്കും'' (യോഹ. 16:14). എന്നാൽ മറ്റൊരാളുമായിട്ടുള്ള ഏതോ പങ്കിടലിലൂടെയാണ് ആത്മാവ് വിജ്ഞാനവും ശക്തിയുമായിരിക്കുന്നത് എന്നു നാം പറയാറില്ല; കാരണം, അവിടുന്ന് പരിപൂർണ്ണനും മറ്റൊരു നന്മയും ആവശ്യമില്ലാത്തവനുമാണ്. അവൻ പിതാവിന്റെ ശക്തിയുടെയും വിജ്ഞാനത്തിന്റെയും ആത്മാവാകയാൽ (1 കൊറി. 1:24), അതായത് പുത്രൻ, അവനും വ്യക്തമായും വിജ്ഞാനവും ശക്തിയുമാണ്.

അതുകൊണ്ട്, മാംസവുമായി ഹ്യുപ്പോസ്റ്റാറ്റിക്കലായി യോജിച്ചിരുന്ന ദൈവത്തെ വിശുദ്ധകന്യക ജഡത്തിൽ പ്രസവിച്ചതിനാൽ, അവളെ നാം ദൈവമാതാവ് എന്നു വിളിക്കുന്നു; വചനത്തിന് തന്റെ സ്വഭാവത്തിന്റെ അസ്തിത്വത്തിന്റെ ആരംഭം മാംസത്തിൽനിന്നുണ്ടായി എന്നർത്ഥത്തിലല്ല. കാരണം, വചനം ആദിയിലേ ഉണ്ടായിരുന്നു. വചനം ദൈവമായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു (യോഹ. 1:1); അവൻ യുഗങ്ങളെ നിർമ്മിച്ചു; അവൻ പിതാവുമായി സമനിത്യനാണ്; അവൻ എല്ലാവസ്തുക്കളുടെയും നിർമ്മാതാവുമാണ്; എന്നാൽ, നാം പറഞ്ഞതുപോലെ, അവൻ മനുഷ്യത്വത്തെ ഹ്യുപ്പോസ്റ്റാറ്റിക്കലായി തന്നോട് സംയോജിപ്പിക്കുകയും, അവളുടെ ഉദരത്തിൽനിന്ന് ശരീരപ്രകാരം ജനനവിധേയ



നാകുകയും ചെയ്തു. ഇത് അവന് അവശ്യാവശ്യമായോ, തന്റെ സ്വന്തം സ്വഭാവത്തിന് കാലത്തിലും ഈ യുഗത്തിന്റെ അന്ത്യനാളുകളിലും ഒരു ജനനം വേണ്ടിയതുകൊണ്ടോ അല്ല; പിന്നെയോ, നമ്മുടെ അസ്തിത്വത്തിന്റെ ആരംഭത്തെ അനുഗ്രഹിക്കുന്നതിനാണ്; അതുപോലെ, മാംസവുമായി ഐക്യപ്പെട്ട തന്നെ ഒരു സ്ത്രീ പ്രസവിച്ചതിനാൽ മനുഷ്യവംശത്തിനു മുഴുവൻ എതിരായി ഉണ്ടായിരുന്ന ശാപം അതിനുശേഷം ഇല്ലാതാകുന്നതിനാണ്; ആ ശാപം നമ്മുടെ എല്ലാ ഭൗമിക ശരീരങ്ങളെയും മരണത്തിനേല്പിച്ചിരുന്നു; ''നീ വേദനയോടെ മക്കളെ പ്രസവിക്കും'' (ഉല്പ. 3:16) എന്ന ശാപം അവനിലൂടെ നീങ്ങിയത് ''ബലിഷ്ഠം മരണം അവരെ വിഴുങ്ങിക്കളഞ്ഞു'' (1 കൊറി. 15:59; ഏശ. 25:8) എന്നും ''ദൈവം അവരുടെ മുഖത്തുനിന്ന് എല്ലാ കണ്ണുനീരും തുടച്ചുകളഞ്ഞു'' (ഏശ. 25:8) എന്നും ഉള്ള പ്രവാചക വചനത്തിന്റെ സത്യം പ്രസ്പഷ്ടമാക്കാനുമായിരുന്നു. ഈ കാരണത്താലാണ് തന്റെ വ്യാപാരത്തിൽ അവിടുന്ന് വിവാഹത്തെ ആശീർവദിച്ചതും ക്ഷണിക്കപ്പെട്ടപ്പോൾ അവൻ തന്റെ വിശുദ്ധ ശ്ലീഹരുമൊത്തു ഗലീലയിലെ കാനായിലേക്കുപോയതും എന്നു നാം പറയുന്നു.

ഇപ്രകാരം മുറുകെപ്പിടിക്കാൻ വിശുദ്ധ ശ്ലീഹന്മാരും സുവിശേഷകരും എല്ലാ ദൈവപ്രചോദിതഗ്രന്ഥങ്ങളും ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ സത്യപ്രഖ്യാപനങ്ങളും നമ്മെ പഠിപ്പിക്കുന്നു. വഞ്ചനകൂടാതെ അങ്ങ് ഇവയെല്ലാം അംഗീകരിച്ച് ഒപ്പുവയ്ക്കേണ്ടതാണ്. അങ്ങ് ശപിക്കേണ്ടവ ഈ ലേഖനത്തോടുകൂടി നാം താഴെച്ചേർക്കുന്നു.

1 അമ്മാനുവേൽ സത്യമായും ദൈവമാണെന്നും അതുകൊണ്ട് വിശുദ്ധകന്യക ദൈവമാതാവാണെന്നും പ്രഖ്യാപിക്കാത്തയാൾ ശപിക്കപ്പെടട്ടെ (കാരണം, അവൾ ശാരീരികമായ രീതിയിൽ മാംസമായിത്തീർന്ന വചനമാം ദൈവത്തെ പ്രസവിച്ചു).

www.malankaralibrary.com



2 പിതാവായ ദൈവത്തിൽനിന്നുള്ള വചനം മാംസവുമായി ഹ്യുപ്പോസ്റ്റാറ്റിക്കലായി[3] യോജിച്ചിരിക്കുന്നു എന്നും അവൻ തന്റെ സ്വന്തം മാംസവുമായി ഏകക്രിസ്തുവാണെന്നും അതുകൊണ്ട് ഒന്നിച്ച് ദൈവവും മനുഷ്യനുമാണെന്നും പ്രഖ്യാപിക്കാത്തയാൾ ശപിക്കപ്പെടട്ടെ.

3 യോജിപ്പിനുശേഷം ഏകക്രിസ്തുവിലെ ഹ്യുപ്പോസ്റ്റാസിസിനെ വേർതിരിക്കയും, ബഹുമാനത്തിലും അധികാരത്തിലും ഉള്ള യോജിപ്പുവഴി[4] മാത്രം അവയെ ഒന്നിക്കുകയും എന്നാൽ സ്വാഭാവികൈക്യത്താൽ[5] ഒന്നിച്ചുവരുന്നു എന്ന് പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

4 സുവിശേഷങ്ങളിലോ അപ്പസ്തോലിക കൃതികളിലോ ഉപയോഗിച്ചിട്ടുള്ള പദപ്രയോഗങ്ങൾ, ക്രിസ്തുവിന്റെ വിശുദ്ധ എഴുത്തുകാരോ, തന്നെപ്പററി ക്രിസ്തുതന്നെയോ ഉപയോഗിച്ചിട്ടുള്ളവ, ദൈവചനത്തിൽനിന്ന് വേർപെട്ടാണ് എന്ന് ചിന്തിച്ചുകൊണ്ട് ചിലപ്രയോഗങ്ങൾ മനുഷ്യനെന്നനിലയിൽ അവിടുത്തേക്കാരോപിക്കുകയും, മററുള്ളവ, ദൈവത്തിനു യോജിച്ചവ, പിതാവായ ദൈവത്തിൽനിന്നുള്ളവചനത്തിന് എന്നനിലയിൽ ആരോപിക്കുകയും ചെയ്തുകൊണ്ട് ആരെങ്കിലും രണ്ട് വ്യക്തികൾക്ക് അഥവാ ഹ്യുപ്പോസ്റ്റാസിസിന് ആയി പകുത്തുകൊടുക്കുകയും ചെയ്താൽ അയാൾ ശപിക്കപ്പെടട്ടെ.

5 'ക്രിസ്തു ദൈവവാഹകനായ മനുഷ്യനായിരുന്നു' എന്നു പറയാൻ ധൈര്യപ്പെടുകയും വചനം മാംസമായപ്പോഴും (യോഹ. 1:14) സ്വഭാവത്താലെ ഏകപുത്രനായും കൃത്യമായി നമ്മെപ്പോലെ മാംസത്തിലും രക്തത്തിലും ഭാഗഭാക്കായും (എബ്രാ. 2:14), സത്യമായും ദൈവമായിരുന്നു എന്ന് പറയാതിരിക്കയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

3. Kath' hypostasin
4. Synapheia
5. Kath' henosin physike



6 പിതാവായ ദൈവത്തിൽ നിന്നുള്ള വചനം ക്രിസ്തുവിന്റെ ദൈവമോ യജമാനനോ ആണെന്നു പറയുകയും മാംസമായ വചനമായവൻ തിരുലിഖിതപ്രകാരം ദൈവവും മനുഷ്യനുമാണെന്ന് ഏററുപറയാതിരിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

7 മനുഷ്യനെന്നനിലയിൽ യേശുവിനെ കർമ്മനിരതനാക്കിയത് വചനമായ ദൈവമാണെന്നും വചനത്തിൽനിന്ന് വ്യത്യസ്തമായ യാഥാർത്ഥ്യമായി ഏകജാതന്റെ മഹത്വത്താൽ അവൻ വസ്ത്രം ധരിപ്പിക്കപ്പെട്ടു എന്നും പറയുന്നയാൾ ശപിക്കപ്പെടട്ടെ.

8 എടുക്കപ്പെട്ട മനുഷ്യൻ ദിവ്യവചനത്തോടുകൂടി ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യണം എന്നും അവനിൽനിന്ന് വ്യത്യസ്തനായിരിക്കെ അവനോടുകൂടി ദൈവം എന്നു വിളിക്കപ്പെടുകയും ചെയ്യണം എന്നു പറയുകയും ('കൂടി'[6] എന്ന കൂട്ടിച്ചേർക്കൽ ഈരീതിയിൽ ചിന്തിക്കാൻ എപ്പോഴും നമ്മെ നിർബന്ധിക്കുന്നു) എന്നാൽ ''വചനം മാംസമായിരിക്കെ'' (യോഹ. 1:14) ഒരേ ആരാധനയോടുകൂടി അമ്മാനുവേലിനെ ആരാധിക്കുകയും ഒരേ ഒരു സ്തുതി അവനു കരേററുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

9 തന്നിലൂടെ പ്രവർത്തിച്ച അന്യമായ ഒരു ശക്തിയെ ഉപയോഗിക്കുന്നരീതിയിലും അശുദ്ധാത്മാക്കളെ കീഴ്പ്പെടുത്താനും ജനങ്ങളുടെ ഇടയിൽ ദൈവികാത്ഭുതങ്ങൾ ചെയ്യാനുമുള്ള ശക്തി അവനിൽനിന്ന് ലഭിച്ചു എന്ന രീതിയിലും ഏകനായ കർത്താവേശുക്രിസ്തു ആത്മാവിനാൽ മഹത്വീകരിക്കപ്പെട്ടു എന്നു പറയുകയും എന്നാൽ തന്റെ സ്വന്തം ആത്മാവിലൂടെയാണ് അവിടുന്ന് ദൈവികാത്ഭുതങ്ങൾ പ്രവർത്തിച്ചത് എന്ന് പറയാതിരിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

6. *'Syn'*

www.malankaralibrary.com



10 ക്രിസ്തു നമ്മുടെ വിശ്വാസത്തിൻെറ മഹാപുരോഹിതനും ശ്ലീഹായും ആയിത്തീർന്നു എന്ന് തിരുലിഖിതം പറയുന്നു (എബ്രാ. 3:1); നമ്മെപ്രതി അവിടുന്ന് പിതാവായ ദൈവത്തിന് സുഗന്ധധൂപമായി സ്വയം സമർപ്പിച്ചു (എഫേ. 5:2). അതുകൊണ്ട് താൻ നമ്മെപ്പോലെ ജഡവും മനുഷ്യനുമായപ്പോൾ ദൈവത്തിൽനിന്നുള്ള വചനം തന്നെയല്ല നമ്മുടെ പ്രധാനപുരോഹിതനും ശ്ലീഹായും ആയിത്തീർന്നത് എന്നുപറയുകയും, അവനിൽനിന്ന് വ്യത്യസ്തനായ മറെറാരാൾ, അതായത് സ്ത്രീയിൽനിന്നുള്ള ഒരു പുരുഷൻ ആണ് ആയിത്തീർന്നത് എന്നുപറയുകയോ, നമുക്കുവേണ്ടി മാത്രമല്ല തനിക്കുവേണ്ടികൂടി അവിടുന്ന് ബലിയർപ്പിച്ചു എന്നുപറയുകയോ ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ (കാരണം, പാപമില്ലായിരുന്ന അവിടുത്തേക്ക് അർപ്പണത്തിൻെറ ആവശ്യമില്ലായിരുന്നു).

11 കർത്താവിൻെറ ശരീരം ജീവദായകവും പിതാവായ ദൈവത്തിൽനിന്നുള്ള വചനത്തിൻേറതുമാണ് എന്ന് ഏററുപറയാതിരിക്കുകയും, അവനോടുകൂടി ബഹുമാനത്തിൽ ഐക്യപ്പെട്ടതോ, വെറും ദൈവികവാസംമാത്രമുള്ളതോ ആയ അവനോടുകൂടിയുള്ള മറെറാരാളുടേതാണ് എന്നു കരുതുകയും എന്നാൽ എല്ലാവസ്തുക്കളെയും ജീവനിലേക്ക് കൊണ്ടുവരാൻ ശക്തിയുള്ള വചനത്തിൻെറ ശരീരമായതിനാൽ നാം പറഞ്ഞതുപോലെ ജീവദായകമാണ് എന്ന് പറയാതിരിക്കയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

12 ദൈവമെന്ന നിലയിൽ അവിടുന്ന് ജീവനും ജീവദാതാവുമാണെങ്കിലും, വചനമായ ദൈവം ജഡത്തിൽ പീഡയനുഭവിക്കുകയും ജഡത്തിൽ ക്രൂശിക്കപ്പെടുകയും ജഡത്തിൽ മരണം ആസ്വദിക്കുകയും മരിച്ചവരിൽനിന്നുള്ള ആദ്യജാതനായിത്തീരുകയും ചെയ്തു (കൊളോ. 1:18) എന്നു പ്രഖ്യാപിക്കാത്തയാൾ ശപിക്കപ്പെടട്ടെ.



## 4. നെസ്തോറിയുസിനെതിരായ വിധിവാചകം

വിശുദ്ധ സിനഡ് പ്രഖ്യാപിച്ചു: മറെറല്ലാററിനുംപുറമെ, ശ്രേഷ്ഠനായ നെസ്തോറിയുസ് ഞങ്ങളുടെ സമൻസിനെ അനുസരിക്കാൻ കൂട്ടാക്കാതെയും ഞങ്ങളയച്ച വിശുദ്ധരും ദൈവഭയമുള്ളവരുമായ മെത്രാന്മാരെ സ്വീകരിക്കാതെയും ഇരുന്നതിനാൽ, അയാളുടെ അഭക്തിയെപ്പററിയുള്ള അന്വേഷണം ആരംഭിക്കാൻ ഞങ്ങൾ നിർബന്ധിതരായി. അയാളുടെ കത്തുകളിൽനിന്നും വായിക്കപ്പെട്ട അയാളുടെ കൃതികളിൽനിന്നും ഈ മെത്രോപ്പോളീസിൽ അയാൾ അടുത്തകാലത്ത് പറഞ്ഞതായി മററുള്ളവർ സാക്ഷ്യപ്പെടുത്തുന്ന സംഗതികളിൽനിന്നും അയാൾ അഭക്തമായരീതിയിൽ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തദ്ഫലമായി, കാനോനാകൾ അനുസരിച്ചും റോമാക്കാരുടെ സഭയിലെ മെത്രാനും അതിപരിശുദ്ധപിതാവും സഹശുശ്രൂഷകനുമായ സെലെസ്ററിൻെറ കത്തനുസരിച്ചും, കണ്ണുനീരോടുകൂടിയാണെങ്കിലും അയാൾക്കെതിരായി ഈ ദുഃഖകരമായ വിധിവാചകം പുറപ്പെടുവിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. നെസ്തോറിയുസിനെ തൻെറ മെത്രാൻസ്ഥാനം ഉരിഞ്ഞുകളഞ്ഞ് വൈദികസമൂഹത്തിൽനിന്ന് നീക്കണമെന്ന്, അയാൾ ആർക്കെതിരെ ദൈവദൂഷണം പറഞ്ഞുവോ ആ നമ്മുടെ കർത്താവേശുക്രിസ്തു ഈ അതിപരിശുദ്ധ സിനഡിലൂടെ തീരുമാനിച്ചിരിക്കുന്നു.

## 5. പൗരസ്ത്യ മെത്രാൻമാരെപ്പററിയുള്ള സിനഡൽ ലേഖനം

ഏററവും ഭക്തരായ രാജകുമാരൻമാരുടെ താല്പര്യപ്രകാരം എഫേസോസിൽ ഒന്നിച്ചുകൂടിയിരിക്കുന്ന വിശുദ്ധ എക്യൂമെനിക്കൽ സിനഡ് എല്ലാ പ്രോവിൻസുകളിലും നഗരങ്ങളിലുമുള്ള മെത്രാൻമാർക്കും വൈദികർക്കും ഡീക്കൻമാർക്കും എല്ലാ ജനങ്ങൾക്കും ആശംസകൾ അയയ്ക്കുന്നു. മതസംബന്ധമായ രാജകീയ ഡിക്രി അനുസരിച്ച് ഞങ്ങൾ എഫേസോസ് മെത്രോപ്പോളീസിൽ ഒന്നിച്ചുകൂടിയപ്പോൾ മുപ്പതിൽ അല്പം കൂടുതൽ സംഖ്യയുള്ള കുറേപ്പേർ ഞങ്ങളിൽനിന്ന്

www.malankaralibrary.com



വേർപെട്ടുമാറി. ഈ വിശ്വാസത്യാഗത്തിന്റെ നേതാവ് അന്ത്യോക്യൻ മെത്രാനായ യോഹന്നാനാണ്; അവരുടെ പേരുകൾ താഴെക്കൊടുക്കുന്നു.

ഒന്നാമതായി, സിറിയായിലെ അന്ത്യോക്യയുടെ മെത്രാൻ യോഹന്നാൻ.... 7

ഈ മനുഷ്യർ, സഭാസമൂഹത്തിലെ അംഗങ്ങളായിരുന്നെങ്കിലും, തങ്ങളുടെ പൗരോഹിത്യസ്ഥാനംവഴി ഉപദ്രവം ചെയ്യുന്നതിനോ നന്മചെയ്യുന്നതിനോ ലൈസൻസുള്ളവരായിരുന്നില്ല; കാരണം, അവരിൽ ചിലർ നേരത്തെതന്നെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടിരുന്നു. ഞങ്ങളോടൊപ്പം നെസ്തോറിയുസിനെ ശപിക്കാൻ അവർ വിസമ്മതിച്ചതിലൂടെ അവർ നെസ്തോറിയുസിന്റെയും ചെലെസ്തിയുസിന്റെയും വീക്ഷണങ്ങളെ പിന്തുണയ്ക്കുന്നു എന്ന് വ്യക്തമാക്കപ്പെട്ടു. ഒരു പൊതുഡിക്രിയിലൂടെ വിശുദ്ധ സിനഡ് അവരെ സഭയുടെ കൂട്ടായ്മയിൽനിന്നു പുറത്താക്കുകയും ഏതിലൂടെ ചിലരെ ഉപദ്രവിക്കാനും മററുചിലരെ സഹായിക്കാനും അവർക്കു കഴിയുന്നുവോ തങ്ങളുടെ ആ പൗരോഹിത്യ ദൗത്യനിർവഹണത്തിൽനിന്ന് അവരെ നീക്കുകയും ചെയ്തു.

തങ്ങളുടെ സ്വന്തം സഭാകാര്യങ്ങൾ നിമിത്തമോ, തങ്ങളുടെ ആരോഗ്യകാരണങ്ങളാലോ, സിനഡിൽ പങ്കെടുക്കാതെ നഗരത്തിലോ ഗ്രാമത്തിലോ തന്നെ തങ്ങിയവർ ഈ സംഗതികളെക്കുറിച്ചുള്ള തീരുമാനങ്ങളെപ്പററി അജ്ഞരായിരിപ്പാൻ പാടില്ലാത്തതിനാൽ, നിങ്ങളുടെ പരിശുദ്ധതകളോട് നാം അറിയിക്കുന്നതെന്തെന്നാൽ, ഏതെങ്കിലും പ്രോവിൻസിലെ മെത്രാപ്പോലീത്താ വിശുദ്ധ എക്യൂമെനിക്കൽ സിനഡിനോട് അഭിപ്രായവ്യത്യാസം പുലർത്തി മത്സരക്കാരുടെ യോഗത്തോട് സ്വയം ചേരുകയോ, അല്ലെങ്കിൽ പിന്നീട് അപ്രകാരം ചെയ്യുകയോ, അല്ലെങ്കിൽ ചെലെസ്തിയുസിന്റെ അഭിപ്രായങ്ങൾ സ്വീകരിക്കുകയോ, ഭാവിയിൽ ചെയ്യുകയോ ചെയ്താൽ, അയാൾക്ക് തന്റെ

7. 33 പൗരസ്ത്യമെത്രാന്മാരുടെ പേരുകൾ കൊടുക്കുന്നു.



പ്രോവിൻസിലെ മെത്രാന്മാർക്കെതിരായി നടപടികളെടുക്കാനുള്ള എല്ലാ അധികാരവും നഷ്ടപ്പെടും. അതുവഴി എല്ലാ സഭാകൂട്ടായ്മയിൽനിന്നും അയാൾ നിഷ്കാസിതനാകും; എല്ലാ സഭാധികാരവും അയാൾക്ക് നഷ്ടമാകുകയും ചെയ്യും. പകരം തന്റെ സ്വന്തം പ്രോവിൻസിലെ മെത്രാൻമാർക്കും ചുററുമുള്ള മെത്രാപ്പോലീത്താമാർക്കും, അവർ സത്യവിശ്വാസികളാണെങ്കിൽ, മെത്രാൻസ്ഥാനത്തുനിന്ന് പൂർണമായി ഭ്രഷ്ടനാക്കപ്പെടുന്നതിനുപോലും, കീഴ്പ്പെട്ടിരിക്കണം. 8

പ്രോവിൻഷ്യൽ മെത്രാൻമാർ ആരെങ്കിലും വിശുദ്ധസിനഡിൽ പങ്കെടുക്കാതെ വിശ്വാസത്യാഗവുമായി ബന്ധപ്പെടുകയോ, അല്ലെങ്കിൽ അപ്രകാരം ചെയ്യാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ നെസ്തോറിയുസിന്റെ സ്ഥാനഭ്രഷ്ടനാക്കൽ അംഗീകരിച്ചശേഷം വിശ്വാസത്യാഗികളുടെ യോഗത്തിലേക്കു തിരിച്ചുപോകുകയോ ചെയ്താൽ, അവർ, വിശുദ്ധ സിനഡിന്റെ തീരുമാനമനുസരിച്ച് പൗരോഹിത്യത്തിൽനിന്ന് ഉരിയപ്പെട്ടവരും തങ്ങളുടെ സ്ഥാനത്തുനിന്നു ഭ്രഷ്ടരും ആയിരിക്കും. 9

തങ്ങളുടെ സത്യവിശ്വാസം നിമിത്തം ഗ്രാമത്തിലോ പട്ടണത്തിലോ ഉള്ള വൈദികസ്ഥാനികളാരെങ്കിലും നെസ്തോറിയുസിനാലും അയാളോടുകൂടെയുള്ളവരാലും, തങ്ങളുടെ പൗരോഹിത്യത്തിൽനിന്ന് നീക്കപ്പെട്ടാൽ, അവർ തങ്ങളുടെ സ്ഥാനത്ത് പുനപ്രതിഷ്ഠിക്കപ്പെടണം എന്നത് ശരിയായിട്ടുള്ളതാണെന്ന് ഞങ്ങൾ കരുതുന്നു; ഓർത്തഡോക്സ് എക്യൂമെനിക്കൽ സിനഡുമായി യോജിപ്പിൽ കഴിയുന്ന വൈദികസ്ഥാനികൾ, ഒരു കാരണത്താലും അതിനോട് മത്സരിച്ചവരും മത്സരിക്കുന്നവരുമായ മെത്രാൻമാർക്കു വിധേയരായിരിക്കേണ്ടതില്ല എന്ന് പൊതുവായി ഞങ്ങൾ തീർപ്പുകല്പിക്കുന്നു. 10

8. എഫേസോസിന്റെ ഒന്നാം കാനൻ.

9. എഫേസോസിന്റെ രണ്ടാം കാനൻ.

10. എഫേസോസിന്റെ മൂന്നാം കാനൻ.

www.malankaralibrary.com



ഏതെങ്കിലും വൈദികസ്ഥാനി വിശ്വാസധ്വംസനം നടത്തി രഹസ്യമായോ പരസ്യമായോ നെസ്തോറിയുസിൻെറയോ ചെലെസ്തിയുസിൻെറയോ വീക്ഷണങ്ങൾ പുലർത്തിയാൽ, അയാൾ വിശുദ്ധ സിനഡിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടവനായിരിക്കും എന്നത് ശരിയായിട്ടുള്ളതാണ്.[11]

വിശുദ്ധ സിനഡോ തങ്ങളുടെ സ്വന്ത മെത്രാൻമാരോ അനുചിത കർമ്മങ്ങൾക്ക് ആരെയെങ്കിലും മുടക്കുകയും നെസ്തോറിയുസിനാലോ അയാളുടെ സഹചരൻമാരാലോ അവർക്കു സാധാരണമായ വിവേകരാഹിത്യത്തോടുകൂടി അകാനോനികമായി കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുകയും ചെയ്താൽ അങ്ങനെയുള്ളവർ ഇതുവഴി ഒന്നും നേടുന്നില്ല; നേരത്തെയുള്ളതുപോലെ അവർ ഭ്രഷ്ടരായി തുടരണം എന്ന് ഞങ്ങൾ തീർപ്പുകല്പിച്ചു.[12]

അതുപോലെ, ഓരോ കാര്യത്തെക്കുറിച്ചും എഫേസോസിലെ വിശുദ്ധ സിനഡിൽവച്ചു ചെയ്ത തീരുമാനങ്ങളെ ഏതെങ്കിലും രീതിയിൽ മാററിമറിക്കാൻ ആരെങ്കിലും ആഗ്രഹിച്ചാൽ, അവർ മെത്രാൻമാരോ വൈദികസ്ഥാനികളോ ആണെങ്കിൽ തങ്ങളുടെ സ്ഥാനത്തുനിന്ന് ഭ്രഷ്ടരാക്കപ്പെടണം; അവർ അൽമായരാണെങ്കിൽ സഭാഭ്രഷ്ടരാക്കണം എന്ന് വിശുദ്ധ സിനഡ് തീരുമാനിക്കുന്നു.[13]

## 6. നിഖ്യായിലെ വിശ്വാസപ്രഖ്യാപനം

നിഖ്യാസൂനഹദോസ് ഈ വിശ്വാസപ്രമാണം രൂപീകരിച്ചു:

സർവ്വശക്തിയുള്ള....[14]

11. എഫേസോസിൻെറ നാലാം കാനൻ.
12. എഫേസോസിൻെറ അഞ്ചാം കാനൻ.
13. എഫേസോസിൻെറ ആറാം കാനൻ; കാർത്തേജ് സിനഡ് (419) കാനൻ, 94.
14. മുകളിൽ പേജ് 11-12 കാണുക.



ഈ വിശുദ്ധ വിശ്വാസപ്രമാണം എല്ലാവരും അംഗീകരിക്കുന്നത് യുക്തമാണെന്ന് തോന്നുന്നു. ഇത് ഭക്തവും ലോകം മുഴുവനുംവേണ്ടി മതിയാംവണ്ണം സഹായകവുമാണ്. എന്നാൽ ചിലർ ഇത് പ്രഖ്യാപിക്കയും അംഗീകരിക്കുകയും ചെയ്യുന്നു എന്ന് നടിക്കുകയും അതേസമയം തങ്ങളുടെ അഭിപ്രായമനുസരിച്ച് ഇതിലെ പദപ്രയോഗങ്ങളുടെ അർത്ഥം വളച്ചൊടിക്കയും, തെററിൻെറ മക്കളും നാശത്തിൻെറ സന്തതികളും ആകകൊണ്ട് സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്നതിനാൽ വിശുദ്ധ ഓർത്തഡോക്സ് പിതാക്കൻമാരിൽനിന്നുള്ള സാക്ഷ്യങ്ങൾ കൂട്ടിച്ചേർക്കുന്നത് ആവശ്യമാണെന്ന് തെളിഞ്ഞിരിക്കുന്നു. വാക്കുകൾക്ക് അവർ കൊടുത്ത അർത്ഥവും അത് പ്രഖ്യാപിക്കുന്നതിൽ അവർക്കുള്ള ധൈര്യവും ഇത് വ്യക്തമാക്കും. വ്യക്തവും കുററമററതുമായ വിശ്വാസമുള്ള എല്ലാവരും ഇത് ഈ രീതിയിൽ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ചെയ്യും.[15]

ഈ രേഖകൾ വായിച്ചപ്പോൾ വിശുദ്ധ സിനഡ് താഴെപ്പറയുംപ്രകാരം തീർപ്പുകല്പിച്ചു.[16]

പരിശുദ്ധാത്മാവിൽ നിഖ്യായിൽ ഒന്നിച്ചുകൂടിയ വിശുദ്ധപിതാക്കൻമാർ രൂപീകരിച്ച വിശ്വാസപ്രമാണം ഒഴികെ മറെറാന്നും തയാറാക്കാനോ, എഴുതാനോ, രൂപീകരിക്കാനോ ആർക്കും അനുവാദമില്ല. ഹെല്ലനിസത്തിൽനിന്നോ യൂദമതത്തിൽനിന്നോ മറേറതെങ്കിലും പാഷണ്ഡതയിൽനിന്നോ സത്യത്തിൻെറ അറിവിലേക്കു വരാൻ ആഗ്രഹിക്കുന്നവരുടെ നന്മയ്ക്കുവേണ്ടി മറെറാരു വിശ്വാസപ്രമാണം ഉണ്ടാക്കുകയോ രൂപീകരിക്കുകയോ ചെയ്താൽ, അവർ മെത്രാന്മാരോ വൈദികരോ ആണെങ്കിൽ അവരെ സ്ഥാനഭ്രഷ്ടരാക്കണം; അൽമായരാണെങ്കിൽ അവരെ മുടക്കണം. അതുപോലെ, ദൈവപുത്രനായ ഏകജാതൻെറ മനുഷ്യാവതാരം സംബന്ധിച്ച്

15. തുടർന്ന്, പിതാക്കൻമാരിൽനിന്നുള്ള ഉദ്ധരണികളാണ് (florilege); കരീസിയുസ് എന്ന വൈദികനെ സംബന്ധിച്ച് സ്വീകരിച്ച നടപടിയും തുടർന്നുനല്കുന്നു.
16. എഫേസോസിൻെറ ഏഴാം കാനൻ.

www.malankaralibrary.com



കരീസിയുസ് എന്ന വൈദികൻ നടത്തിയ പ്രസ്താവനകളിലെ വീക്ഷണങ്ങളോ അഥവാ, അവയ്ക്കാധാരമായ നെസ്തോറിയുസിന്റെ വഴിപിഴച്ചതും വെറുപ്പുളവാക്കുന്നതുമായ വീക്ഷണങ്ങളോ ആരെങ്കിലും ചിന്തിക്കുന്നതായോ, പഠിപ്പിക്കുന്നതായോ കണ്ടെത്തപ്പെട്ടാൽ, അവർ മെത്രാന്മാരോ, വൈദികരോ, അൽമായരോ ആകട്ടെ, അവർ ഈ വിശുദ്ധ എക്യുമെനിക്കൽ സിനഡിന്റെ വിധിക്ക് വിധേയരായിരിക്കും. മെത്രാനെ വ്യക്തമായി മെത്രാൻസ്ഥാനം ഉരിഞ്ഞുകളഞ്ഞ് സ്ഥാനഭ്രഷ്ടനാക്കണം; വൈദികരെ വൈദികസമൂഹത്തിൽനിന്ന് തരംതാഴ്ത്തണം; അൽമായരെ ഞങ്ങൾ നേരത്തെപറഞ്ഞതുപോലെ മുടക്കണം.

## 7. അഭക്തരായ മെസ്സാലിയർക്ക് അഥവാ എവുക്കീത്തർക്ക് എതിരായ തീരുമാനം

ഏററവും ഭക്തരും ദൈവസ്നേഹിതരും ആയ വലേറിയൻ, ആംഫിലൊക്കിയുസ് എന്നീ മെത്രാൻമാർ ഒന്നിച്ച് ഞങ്ങളുടെ പക്കലെത്തുകയും പംഫീലിയാ പ്രദേശത്തു പാർക്കുന്ന മെസ്സാലിയർ, അഥവാ എവുക്കീത്തർ, അഥവാ 'എന്തൂസിയാസ്തർ', അഥവാ മററേതെങ്കിലുംപേരിൽ ഈ പാഷണ്ഡത അറിയപ്പെടുന്നെങ്കിൽ അങ്ങനെയുള്ളവരെപ്പററി സംയുക്തമായി ഒരന്വേഷണം നടത്തി. ഞങ്ങൾ പരിശോധന നടത്തിയതിൽ ഭാഗ്യസ്മരണാർഹനായ സിസിന്നിയുസിന്റെ കാലത്ത് വലിയ കോൺസ്ററാൻറിനോപ്പിളിൽവച്ച് ഇവരേപ്പററി എഴുതിയുണ്ടാക്കിയ സിനഡൽരേഖ കണ്ടെടുത്തു. ദൈവഭയമുള്ളവനും ബഹുമാന്യനുമായ വലേറിയൻ അത് സിനഡിൽ അവതരിപ്പിച്ചു. ഇത് എല്ലാവരുടെയും മുൻപാകെ വായിച്ചപ്പോൾ നന്നായി തയാറാക്കിയതാണെന്നും വസ്തുനിഷ്ഠമാണെന്നും അവർ സമ്മതിച്ചു. അലക്സാണ്ഡ്രിയൻ നടപടികൾക്ക് ഒരുതരത്തിലും വിരുദ്ധമാകാത്തരീതിയിൽ, സിനഡൽരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉറപ്പിക്കേണ്ടതാണെന്നും ഒരുതരത്തിലും ധിക്കരിക്കേണ്ടതല്ലെന്നും ഞങ്ങളും, ഏററവും ദൈവസ്നേഹിതരായ വലേറിയൻ മെത്രാനും ആംഫിലൊക്കിയുസ് മെത്രാനും പംഫീലിയായിലെയും ലിക്കവോനിയായിലെയും ഭക്തരായ എല്ലാമെത്രാന്മാരും സമ്മതിച്ചു. തദ്ഫലമായി,



മെസ്സാലിയൻ അഥവാ എന്തൂസിയാസ്ററ് പാഷണ്ഡതയിൽ ഉൾപ്പെട്ടവരായോ, ഈ രോഗമുണ്ടെന്നു സംശയിക്കപ്പെടുന്നവരായോ ആ പ്രോവിൻസിൽ എവിടെയെങ്കിലും ഉള്ള വൈദികസ്ഥാനികളും അൽമായരും ഒന്നിച്ചുകൂടണം; മുകളിൽ പറഞ്ഞ സിനഡ് പ്രസിദ്ധീകരിച്ചതനുസരിച്ച് ശാപങ്ങളിൽ ഒപ്പുവച്ചാൽ, വൈദികസ്ഥാനികൾ അവരുടെ സ്ഥാനത്തുതന്നെ നില്ക്കട്ടെ; അൽമായരായിട്ടുള്ളവർ സഭാകൂട്ടായ്മയിൽ തുടരട്ടെ. എന്നാൽ വിസമ്മതിച്ച് ശപിക്കാതിരുന്നാൽ, അവർ പ്രെസ്ബിററർമാരോ, ഡീക്കൻമാരോ, സഭയിൽ മററേതെങ്കിലും സ്ഥാനം ഉള്ളവരോ ആണെങ്കിൽ, അവരുടെ വൈദികസ്ഥാനവും നിലയും കൂട്ടായ്മയും അവർക്കു നഷ്ടപ്പെടും; അവർ അൽമായരാണെങ്കിൽ, അവരെ മുടക്കണം.

കൂടാതെ, ശിക്ഷിക്കപ്പെട്ടവർ കളവിതച്ച് വളർത്താതിരിക്കാൻവേണ്ടി, ആശ്രമങ്ങൾ ഭരിക്കാൻ പാടില്ല. ഈ ഡിക്രികൾ ശക്തിയായും തീക്ഷ്ണമായും നടപ്പാക്കാൻ ബഹുമാന്യരായ വലേറിയൻ, ആംഫിലൊക്കിയുസ് എന്നീ മെത്രാന്മാരെയും പ്രോവിൻസ് മുഴുവനുമുള്ള മററ് വന്ദ്യമെത്രാന്മാരെയും ചുമതലപ്പെടുത്തുന്നു. അതിനുംപുറമേ, ''അസെററിക്കോൺ'' എന്ന പേരുവച്ച് അവർ പ്രസിദ്ധീകരിച്ചതും, ഏററവും ഭക്തനും ദൈവസ്നേഹിതനുമായ വലേറിയൻ തന്നോടുകൂടി കൊണ്ടുവന്നതുമായ ഈ പാഷണ്ഡതയുടെ ചീത്ത പുസ്തകത്തെ പാഷണ്ഡികൾ രചിച്ചതിനാൽ, ശപിക്കുന്നത് നല്ലതാണെന്ന് ഞങ്ങൾക്കുതോന്നി. ഈ അഭക്തിക്കു തുല്യമായവ പ്രചരിപ്പിക്കുന്ന മററ് ഗ്രന്ഥങ്ങൾ എവിടെയെങ്കിലും കണ്ടാൽ ഈ രീതിയിൽ അവയോടും പ്രവർത്തിക്കണം.

കൂടാതെ, അവർ ഒന്നിച്ചുകൂടുമ്പോൾ ഒത്തൊരുമയായും, കൂട്ടായ്മയായും ക്രമമായും ഉണ്ടാക്കുന്നതിന് സഹായകമായവയെല്ലാം വ്യക്തമായി എഴുതിവയ്ക്കണം. എന്നാൽ ഈ സംഗതികൾ സംബന്ധിച്ച് ദൈവിക മെത്രാന്മാരായ വലേറിയനും ആംഫിലൊക്കിയുസും, പ്രോവിൻസിലെ മററ് മെത്രാന്മാരും തമ്മിൽ എന്തെങ്കിലും ചർച്ചയുണ്ടാകുകയും, എന്തെങ്കിലും പ്രയാസമോ, ദ്വയാർത്ഥമോ ഉടലെടുക്കുകയും ചെയ്താൽ

www.malankaralibrary.com



ആ സന്ദർഭത്തിൽ ലീസിയായിലെയും ലിക്കവോനിയായിലെയും മെത്രാന്മാരെക്കൂടി ഉൾപ്പെടുത്തണം. ഏത് പ്രോവിൻസിൽനിന്നായാലും ഇവർ തിരഞ്ഞെടുക്കുന്ന മെത്രാപ്പോലീത്തായെ ഒഴിവാക്കാനും പാടില്ല. ഈ രീതിയിൽ തർക്കവിഷയങ്ങൾ അവരുടെ മാധ്യസ്ഥ്യംവഴി ശരിയായരീതിയിൽ പരിഹരിക്കാൻ സാധിക്കും.

## 8. സൈപ്രസിലെ മെത്രാന്മാർക്കുതന്നെ തങ്ങളുടെ പട്ടങ്ങൾ നല്കാം എന്ന തീരുമാനം

പരിശുദ്ധ സിനഡ് പ്രഖ്യാപിച്ചു:

അഭിവന്ദ്യമെത്രാനായ റെഗീനുസും അദ്ദേഹത്തോടുകൂടി സൈപ്രസ് പ്രോവിൻസിലെ മെത്രാന്മാരായ സേനോയും എവാഗ്രിയുസും, സഭാനടപടികൾക്കും വിശുദ്ധ പിതാക്കന്മാരുടെ കാനോനാകൾക്കും എതിരായും എല്ലാവരുടെയും സ്വാതന്ത്ര്യത്തെ ബാധിക്കുന്നതുമായ ഒരു പുതിയസംഗതി അവതരിപ്പിച്ചു. അതുകൊണ്ട്, പൊതുവായരോഗങ്ങൾ അവയോടൊപ്പം കൂടുതൽ നാശം ഉണ്ടാക്കുന്നതിനാൽ, കൂടുതൽ സൗഖ്യം ആവശ്യമായിവന്നിരിക്കുന്നു; അന്ത്യോക്യൻമെത്രാൻ സൈപ്രസിൽ പട്ടങ്ങൾ കൊടുക്കുക എന്നത് തുടർച്ചയായുള്ള പുരാതന നടപടി അല്ലെങ്കിൽ—സിനഡിന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ട ദൈവഭയമുള്ള മനുഷ്യർ മുഖദാവിലും മെമ്മോറാണ്ഡങ്ങൾ വഴിയും പ്രസ്താവിച്ചിരിക്കുന്നതുപോലെ—സൈപ്രസിലെ വിശുദ്ധസഭകളുടെ അദ്ധ്യക്ഷന്മാർ, അനാവശ്യഇടപെടലോ ബലാല്ക്കാരമോ കൂടാതെ, വിശുദ്ധപിതാക്കന്മാരുടെ കാനോനാകൾ അനുസരിച്ചും പുരാതനനടപടി അനുസരിച്ചും, തങ്ങളുടെ ദ്വീപിനുവേണ്ടി മെത്രാന്മാരെ വാഴിക്കാനുള്ള തങ്ങളുടെ അവകാശം വിനിയോഗിക്കട്ടെ. ഇതേ തത്ത്വം എല്ലായിടത്തുമുള്ള മററുരൂപതകൾക്കും പ്രോവിൻസുകൾക്കും ബാധകമായിരിക്കും. ആരംഭംമുതൽ തന്റെ അധികാരത്തിൻകീഴിലല്ലാത്തതും തന്റെ മുൻഗാമികളുടെ കീഴിലല്ലാത്തതുമായ മറെറാരു പ്രോവിൻസ്, മെത്രാന്മാരാരും സ്വന്തമാക്കരുത്. ഇപ്രകാരം ആരെങ്കിലും കടന്നാക്രമണംനടത്തി കീഴ്പ്പെടുത്തിയ പ്രോവിൻസുണ്ടെങ്കിൽ തിരിച്ചുനല്കണം; അല്ലെങ്കിൽ പിതാക്കന്മാരുടെ കാനോനാകൾ ലംഘിക്കപ്പെടും; പൗരോഹിത്യദൗത്യത്തിന്റെ



മറവിലൂടെ ലൗകികശക്തിയുടെ ധിക്കാരം നുഴഞ്ഞുകയറാനിടയാകും. തന്റെ സ്വന്തം രക്തംകൊണ്ട്, എല്ലാമനുഷ്യരുടെയും വിമോചകനായ നമ്മുടെ കർത്താവേശുമിശിഹാ നമുക്കുതന്ന സ്വാതന്ത്ര്യം കുറേശ്ശക്കുറേശ്ശ നാം നശിപ്പിക്കരുത്. അതുകൊണ്ട്, പുരാതനകാലംമുതൽ നിലനിന്ന പതിവനുസരിച്ച് ആദ്യംമുതൽ ഓരോ പ്രോവിൻസിനുമുള്ള അവകാശങ്ങൾ ലംഘിക്കാതെ കാത്തുസൂക്ഷിക്കുക എന്നതാണ് ഈ പരിശുദ്ധ എക്യൂമെനിക്കൽ സിനഡിന്റെ താല്പര്യം. തന്റെ സ്വന്തം സുരക്ഷിതത്വത്തിനായി നടപടിക്രമങ്ങളുടെ ഒരു കോപ്പിയെടുക്കാൻ മെത്രാപ്പോലീത്താമാർക്ക് അവകാശമുണ്ട്. ഇവിടെ തീരുമാനിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു പതിപ്പ് ആരെങ്കിലും അവതരിപ്പിച്ചാൽ, വിശുദ്ധ എക്യൂമെനിക്കൽ സിനഡ് അതിനെ ഏകയോഗമായി നിരാകരിക്കുന്നു.

## 9. വി. സിറിൽ അന്ത്യോക്യയിലെ യോഹന്നാന് അയച്ച കത്ത്

(ഏപ്രിൽ 23, 433; ലേഖനം 39. "Laetentur Caeli", ഐക്യഫോർമുല, 'Symbolum Unionis', 'Symbolum Ephesinum' എന്നൊക്കെ ഇതറിയപ്പെടുന്നു.)[17]

17. ഈ കത്തിൽ സിറിൽ അന്ത്യോക്യൻ ചിന്താഗതി സ്വാംശീകരിച്ചിട്ടുണ്ട്. 431-ലെ എഫേസോസ് സിനഡിൽ നിന്ന് വ്യത്യസ്തനായ സിറിലാണ് 433-ലെ സിറിൽ! അന്ത്യോക്യയിലെ യോഹന്നാനും മററുംകൂടി തയാറാക്കിയ രേഖയാണ് സിറിൽ അപ്പാടെ എടുത്ത് തന്റെ കത്തിൽ ഉൾപ്പെടുത്തിയത്. 431-ൽ എഫേസോസിൽവച്ച് അന്ത്യോക്യൻ മെത്രാൻമാർ അംഗീകരിച്ചത് ഇതുതന്നെയായിരുന്നു. ഈ രേഖയിൽ സിറിലിന്റെ ''ശാപങ്ങൾ'' ഉൾപ്പെടുത്തിയില്ല; ''ഹ്യുപ്പോസ്ററാററിക ഐക്യം'' (ഹെനോസിസ് കത്ത് ഹ്യുപ്പോസ്ററസിൻ) എന്ന സിറില്ലിയൻ പദപ്രയോഗം വിട്ടുകളഞ്ഞു. ''ഇരുസ്വഭാവങ്ങളെപ്പററി'' തറപ്പിച്ച് പ്രയോഗിച്ചിരിക്കുന്നു. അതിനുവേണ്ടിയായിരുന്നല്ലോ അന്ത്യോക്യക്കാർ നിലകൊണ്ടത്. എന്നാൽ ''ദൈവമാതാവ്'' (Theotokos) എന്ന പദപ്രയോഗം അന്ത്യോക്യക്കാർ സ്വീകരിച്ചു: നെസ്തോറിയുസിനെ അവർ സൗകര്യപൂർവം മറന്നുകളഞ്ഞു. 431-ൽ സിറിൽ ഇത്തരമൊരു വിട്ടുവീഴ്ചയ്ക്കു തയാറായിരുന്നെങ്കിൽ എഫേസോസ് സിനഡിന്റെ ചരിത്രം മറെറാന്നാകുമായിരുന്നു; സഭാചരിത്രംതന്നെ മാററിക്കുറിക്കപ്പെടുമായിരുന്നു.

www.malankaralibrary.com



'സ്വർഗം സന്തോഷിക്കുകയും ഭൂമി ആനന്ദിക്കുകയും ചെയ്യട്ടെ'; കാരണം, 'വേർപെടുത്തുന്ന മതിലുകൾ തകർന്നിരിക്കുന്നു' (സങ്കീ. 96: 11; എഫേ. 2: 14). ദുഃഖകാരണം നീങ്ങി; എല്ലാത്തരത്തിലുമുള്ള അഭിപ്രായവ്യത്യാസവും നീക്കപ്പെട്ടിരിക്കുന്നു. നമ്മുടെയെല്ലാവരുടെയും രക്ഷകനായ ക്രിസ്തു തന്റെ സഭകൾക്ക് സമാധാനം പ്രദാനംചെയ്തിരിക്കുന്നു; ദൈവത്തിനേറ്റം പ്രിയങ്കരരും, സത്യവിശ്വാസം ഉറപ്പായും ഇളക്കംകൂടാതെയും തങ്ങളുടെ ആത്മാക്കളിൽ സംരക്ഷിക്കുന്നവരും അതിഭക്തരും ആയ ചക്രവർത്തിമാരും, തങ്ങളുടെ മുൻഗാമികളുടെ ഭക്തിപാതയിലൂടെ നടന്നുകൊണ്ടും വിശുദ്ധസഭകളുടെ പരിപാലനയിൽ താല്പര്യപൂർവം ശ്രദ്ധിച്ചുകൊണ്ടും ഈ സമാധാനത്തിലേക്ക് നമ്മെ ക്ഷണിച്ചിരിക്കുന്നു. അങ്ങനെ അവർ നിത്യപ്രകീർത്തി സമ്പാദിക്കും; തങ്ങളുടെ സാമ്രാജ്യം അതിപ്രശസ്തമാക്കുകയും ചെയ്യും; സൈന്യങ്ങളുടെ കർത്താവ് നല്ലദാനങ്ങൾ അവർക്ക് സൗജന്യമായി നല്കും. അവരുടെ ശത്രുക്കളെ അവർക്കു കീഴ്പ്പെടുത്തുകയും അവർക്ക് വിജയം നല്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ അവിടുന്ന് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്: ''കർത്താവ് അരുൾച്ചെയ്യുന്നു, ഞാൻ ജീവിക്കുന്നു, എന്നെ ബഹുമാനിക്കുന്നവനെ ഞാൻ ബഹുമാനിക്കും'' (ശാമു. 2:30).

എന്റെ സഹോദരനും സഹശുശ്രൂഷകനും ദൈവത്തിനേറ്റവും പ്രിയങ്കരനുമായ പൗലോസ് അലക്സാണ്ഡ്രിയയിൽ എത്തിയപ്പോൾ ഞങ്ങൾ ആനന്ദതുന്ദിലരായി; അതിനു മതിയാംവണ്ണം കാരണവും ഉണ്ടായിരുന്നു. അത്തരമൊരാൾ മധ്യസ്ഥനായി വർത്തിക്കുന്നതുകൊണ്ടും, ദുഷ്ടന്റെ അസൂയയെ നിർമ്മാർജ്ജനം ചെയ്ത് വിഭജിതമായവയെ ഒന്നിച്ചുചേർക്കുന്നതിനും നമ്മുടെ ഇടയിലുണ്ടായിരുന്ന ഇടർച്ചക്കല്ലിനെ നീക്കുന്നതിനും അമാനുഷികപരിശ്രമം സ്വമേധയാ നടത്തുന്നതുകൊണ്ടും ഞങ്ങളുടെയും നിങ്ങളുടെയും സഭകൾ സമാധാനത്തിലും ഐക്യത്തിലും എത്തിച്ചേരും. നമ്മുടെ വിഭജനത്തിന്റെ കാരണങ്ങൾ ഞാൻ സൂചിപ്പിക്കേണ്ട കാര്യമില്ലല്ലോ; എന്നാൽ സമാധാനകാലത്തിന് യോജിച്ചരീതിയിൽ ഞാൻ ചിന്തിക്കുകയും സംസാരിക്കുകയും വേണം.



ഈ ശ്രേഷ്ഠവ്യക്തിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ നാം തികച്ചും സന്തുഷ്ടനാണ്. നമ്മുടെ സഭകൾ തമ്മിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും പാഷണ്ഡികളുടെ നിന്ദാവചനങ്ങൾ നീക്കുന്നതിനും പിശാചിന്റെ ദുഷ്ടതയുടെ മുള്ള് എടുത്തുമാറ്റുന്നതിനും നമ്മെ പ്രേരിപ്പിക്കാൻ തനിക്ക് വലിയ പരിശ്രമം ആവശ്യമായിവരും എന്ന് കരുതിയാണ് അദ്ദേഹം വന്നത്. എന്നാൽ നാം വളരെ സന്നദ്ധനായിരുന്നതിനാൽ അദ്ദേഹത്തിന് ഒട്ടും ബുദ്ധിമുട്ടുണ്ടായില്ല. ''എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു'' എന്ന നമ്മുടെ രക്ഷകന്റെ തിരുവചനം നാം അനുസ്മരിക്കുന്നു (യോഹ. 14:37). ''ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾക്കു സമാധാനം നല്കണമെ; എന്തുകൊണ്ടെന്നാൽ എല്ലാ വസ്തുക്കളും ധാരാളമായി നല്കുന്നവൻ അവിടുന്നാകുന്നുവല്ലോ'' (ഏശാ. 26:12). അതുകൊണ്ട്, ദൈവത്തിന്റെ സൗജന്യദാനമായ സമാധാനത്തിൽ ഭാഗഭാക്കാകുന്നവർക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

സഭകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം പൂർണമായും അടിസ്ഥാനരഹിതവും ഉപരിപ്ലവവുമാണ്; നമുക്കതിൽ പരിപൂർണബോധ്യമുണ്ട്. ശ്രേഷ്ഠനായ പൗലോസ് മെത്രാൻ കൊണ്ടുവന്ന രേഖയിൽ സുപ്രധാനമായ ഒരു വിശ്വാസപ്രഖ്യാപനം ഉണ്ട്. താങ്കളും, അവിടെ അന്ത്യോക്യയിൽ ഉള്ള അതിപരിശുദ്ധ മെത്രാന്മാരുംകൂടി രൂപീകരിച്ചതാണ് അത് എന്ന് അദ്ദേഹം ഞങ്ങളെ അറിയിച്ചു. താഴെ പറയുംവിധമുള്ളത് നമ്മുടെ ഈ കത്തിൽ അത് പദാനുപദം ചേർത്തിരിക്കുന്നു.

''ദൈവമാതാവായ കന്യകയെപ്പറ്റിയും, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ മനുഷ്യാവതാരരീതിയെപ്പറ്റിയും ഞങ്ങൾക്കു ബോധ്യമുള്ളതും ഞങ്ങൾ പ്രഖ്യാപിക്കുന്നതുമായ കാര്യങ്ങൾ ചുരുക്കമായി വിവരിക്കാം—നിഖ്യാവിശ്വാസപ്രമാണത്തിന് എന്തെങ്കിലും കുറവുള്ളത് നികത്തുന്നു എന്ന മട്ടിലല്ല, പിന്നെയോ, അതിന്റെ അർത്ഥം വ്യക്തമാക്കുന്നരീതിയിൽ മാത്രം—നിഖ്യായിലെ വിശുദ്ധപിതാക്കന്മാർ രൂപീകരിച്ച

www.malankaralibrary.com



വിശ്വാസപ്രമാണത്തോട് ഒന്നുംതന്നെ കൂട്ടിച്ചേർക്കാതെ, വിശുദ്ധപിതാക്കന്മാരുടെ പാരമ്പര്യത്തിൽനിന്നും വിശുദ്ധലിഖിതങ്ങളിൽനിന്നും നാം സ്വീകരിച്ച് ആരംഭംമുതൽ നാം മുറുകെപ്പിടിച്ചിരിക്കുന്നതനുസരിച്ചുമാത്രം. കാരണം, നാം ഇപ്പോൾ പറഞ്ഞതുപോലെ ദൈവികതയുടെ പരിജ്ഞാനത്തിനും പാഷണ്ഡതകളുടെ എല്ലാ ദുഷിച്ച പ്രബോധനങ്ങളുടെയും നിരാകരണത്തിനും ആ വിശ്വാസപ്രമാണം മതിയായതാണ്. സമീപിക്കാൻ സാധിക്കാത്തതിനെ സമീപിക്കാം എന്ന് കരുതിയല്ല ഞങ്ങൾ സംസാരിക്കുന്നത്; പിന്നെയോ, ഞങ്ങൾ ഞങ്ങളുടെ ബലഹീനത ഏറ്റുപറയുന്നു; അങ്ങനെ മനുഷ്യമനസ്സിന് ഉപരിസ്ഥമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് നമ്മെ കുറ്റപ്പെടുത്തുന്നവരുടെ വായടയ്ക്കാൻ സാധിക്കും.

അതുകൊണ്ട് നാം ദൈവത്തിന്റെ ഏകജാതനായ പുത്രൻ, നമ്മുടെ കർത്താവേശുക്രിസ്തുവിനെ ഏറ്റുപറയുന്നു. അവിടുന്ന് പരിപൂർണ്ണ ദൈവമാണ്. ബൗദ്ധികാത്മാവും ശരീരവുമുള്ളതിനാൽ പരിപൂർണ്ണ മനുഷ്യനുമാണ്. അവിടുന്ന് തന്റെ ദൈവത്വത്തിൽ യുഗങ്ങൾക്കുമുൻപ് പിതാവിൽനിന്നു ജനിച്ചു; അവൻ തന്നെ, അന്ത്യനാളുകളിൽ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി തന്റെ മനുഷ്യത്വമനുസരിച്ച് കന്യകമറിയത്തിൽനിന്നു ജനിച്ചു; ഒരേ ഒരാൾ; ദൈവത്വത്തിൽ പിതാവുമായി സമസത്ത; മനുഷ്യത്വത്തിൽ നാമുമായി സമസത്ത; രണ്ടുസ്വഭാവങ്ങളുടെ ഐക്യം നടന്നതിനാൽ ഏകക്രിസ്തു, ഏകപുത്രൻ, ഏകകർത്താവ് എന്ന് നാം ഏറ്റുപറയുന്നു. കൂട്ടിക്കുഴച്ചിൽകൂടാതുള്ള ഐക്യത്തിന്റെ ഈ മനസ്സിലാക്കൽ അനുസരിച്ച്, വിശുദ്ധകന്യകയെ നാം ദൈവമാതാവെന്ന് പ്രഖ്യാപിക്കുന്നു; കാരണം, വചനമായ ദൈവം ജഡമെടുത്തു മനുഷ്യനായി; തന്റെ ഉത്ഭവംമുതൽ അവളിൽനിന്ന് അവൻ എടുത്ത ആലയത്തെ തന്നോട് സംയോജിപ്പിച്ചു. കർത്താവിനെപ്പറ്റിയുള്ള സുവിശേഷപരവും ശ്ലൈഹികവുമായ പദപ്രയോഗങ്ങളെപ്പറ്റി പറഞ്ഞാൽ, ഒരാളെപ്പറ്റിയെന്ന നിലയിൽ ചിലതിനെ ദൈവശാസ്ത്രജ്ഞൻമാർ പരിഗണിക്കുന്നു; മറ്റുള്ളവ രണ്ടുസ്വഭാവങ്ങളുടേതായി അവർ വേർതിരിക്കുന്നു, ദൈവത്തിനുചേരുന്നവ ക്രിസ്തുവിന്റെ ദൈവത്വവുമായി ബന്ധ



പ്പെടുത്തിയും ബലഹീനമായവ അവന്റെ മനുഷ്യത്വവുമായി ബന്ധപ്പെടുത്തിയും അവർ വ്യാഖ്യാനിക്കുന്നു.''

ഈ വിശുദ്ധവാക്യങ്ങൾ വായിച്ച് അവയോട് ഞങ്ങളും യോജിപ്പിലാണെന്ന് കണ്ട്—(കാരണം, ഒരുകർത്താവും ഒരു വിശ്വാസവും ഒരുമാമോദീസായുമാണല്ലോ. എഫേ. 4:5)—എല്ലാവരുടെയും രക്ഷകന് നാം സ്തോത്രമർപ്പിച്ചു. ദൈവനിവേശിതഗ്രന്ഥങ്ങളും നമ്മുടെ വിശുദ്ധപിതാക്കന്മാരുടെ പാരമ്പര്യവുമനുസരിച്ച് ഞങ്ങളുടെ സഭകളും അങ്ങയുടെ സഭകളും ഒരേവിശ്വാസം പ്രഖ്യാപിക്കുന്നതിൽ ഒന്നിച്ചിരിക്കുന്നതിനാൽ നാം ഒന്നിച്ചുസന്തോഷിക്കുന്നു.

എന്നാൽ 'ക്രിസ്തുവിന്റെ വിശുദ്ധശരീരം സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു' എന്നും 'കന്യകയിൽനിന്നല്ല' എന്നും ഞാൻ പറഞ്ഞതായി എനിക്കെതിരെ, പ്രകോപിതരായ കടന്നലുകളെപ്പോലെ മൂളിക്കൊണ്ടും ദുഷ്ടവാക്കുകൾ വമിച്ചുകൊണ്ടും എപ്പോഴും തെറ്റുകണ്ടുപിടിക്കാനായിത്തന്നെ ചിലർ നടക്കുന്നതായി ഞാൻ കണ്ടെത്തിയതിനാൽ അവർക്കു മറുപടിയായി ഈ സംഗതിയെപ്പറ്റി ചുരുക്കമായി അങ്ങേയ്ക്കെഴുതേണ്ടത് ആവശ്യമാണെന്ന് എനിക്കുതോന്നി.

പരദൂഷണം മാത്രം കൈമുതലായിട്ടുള്ള വിഡ്ഢികളേ! നിങ്ങളെങ്ങനെയാണ് ചിന്തയിൽ ഇത്ര ദുഷിച്ചവരായിത്തീർന്നതും പമ്പരവിഡ്ഢിത്തം എന്ന രോഗത്തിൽ വീണതും? കാരണം, വിശുദ്ധകന്യക ദൈവമാതാവാണ് എന്ന് നാം ഊന്നിപ്പറഞ്ഞതുമായി ബന്ധപ്പെട്ടാണ് വിശ്വാസത്തിനുവേണ്ടിയുള്ള നമ്മുടെ പോരാട്ടം എല്ലാം ഉടലെടുത്തത് എന്ന് തീർച്ചയായും അങ്ങേയ്ക്കറിയാമല്ലോ. എന്നാൽ നമ്മുടെ പൊതുരക്ഷകനായ ക്രിസ്തുവിന്റെ വിശുദ്ധശരീരം അവളിൽനിന്നു ജനിച്ചതല്ല സ്വർഗ്ഗത്തിൽനിന്നാണ് എന്നു വാദിച്ചാൽ പിന്നെ എന്തിനാണ് അവളെ ദൈവത്തെ പ്രസവിച്ചവൾ എന്ന് കരുതുന്നത്? ജഡപ്രകാരം അമ്മാനുവേലിനെ അവൾ പ്രസവിച്ചു എന്നത് അസത്യമാണെങ്കിൽ, അവൾ ആരെയാണ് പ്രസവിച്ചത്? നിന്ദാർഹരായ അവരാണ് എനിക്കെതിരെ ഇത്തരം ഭോഷത്തം ജല്പിക്കുന്നത്. കാരണം, ''ഇതാ കന്യക ഗർഭംധരിച്ച് ഒരു പുത്രനെ

www.malankaralibrary.com



പ്രസവിക്കും; അവൻ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള അമ്മാനുവേൽ എന്നു വിളിക്കപ്പെടും’’ (ഏശാ. 7:14) എന്ന് പറഞ്ഞപ്പോൾ ഏശായ കള്ളംപറയുകയായിരുന്നില്ല. വീണ്ടും, ‘‘മറിയമേ, നീ ഭയപ്പെടേണ്ട; നീ ദൈവസമക്ഷം കരുണ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേർ വിളിക്കണം. കാരണം, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കും’’ എന്ന് ഭാഗ്യവതിയായ കന്യകയോട് പറഞ്ഞപ്പോൾ (ലൂ. 1:30.31; മത്താ. 1:21) വിശുദ്ധ ഗബ്രിയേൽ പരിപൂർണ്ണസത്യമാണ് പറഞ്ഞത്.

എന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു ഉന്നതത്തിൽനിന്നും സ്വർഗ്ഗത്തിൽനിന്നും വന്നു എന്നു നാം പറയുമ്പോൾ ‘‘ഉന്നതത്തിൽനിന്ന്’’, ‘‘സ്വർഗ്ഗത്തിൽനിന്ന്’’ തുടങ്ങിയ പദപ്രയോഗങ്ങൾ തന്റെ വിശുദ്ധ ജഡത്തിന് നാം ആരോപിക്കാറില്ല. പിന്നെയോ, ‘‘ഒന്നാമത്തെ മനുഷ്യൻ ഭൂമിയിൽനിന്നുള്ള ഭൗമികനായിരുന്നു; രണ്ടാമത്തെയാൾ സ്വർഗ്ഗത്തിൽനിന്നുള്ള കർത്താവ്’’ എന്ന് വ്യക്തമായി പ്രഖ്യാപിച്ച ദിവ്യ പൗലോസിനെ നാം അനുധാവനം ചെയ്യുന്നു എന്നു മാത്രം (1 കൊറി. 15:47).

‘‘സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല’’ എന്ന് നമ്മുടെ രക്ഷകൻ പറഞ്ഞതും നാം അനുസ്മരിക്കുന്നു (യോഹ. 3:13). എങ്കിലും ഞാനിപ്പോൾ പറഞ്ഞതുപോലെ, ശരീരപ്രകാരം വിശുദ്ധ കന്യകയിൽനിന്ന് അവിടുന്ന് ജനിച്ചു.

ഉന്നതത്തിൽനിന്നും സ്വർഗ്ഗത്തിൽനിന്നും വന്ന വചനമായ ദൈവം ‘‘ദാസന്റെ രൂപമെടുത്ത് സ്വയം ശൂന്യനാക്കുകയും’’ (ഫിലി. 2:7), താനായിരുന്ന ദൈവമെന്ന അവസ്ഥയിൽ നിലനിന്നെങ്കിലും മനുഷ്യപുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്തതിനാൽ, (കാരണം, അവിടുന്ന് സ്വഭാവത്താലെ വ്യതിയാനരഹിതനും മാറ്റമില്ലാത്തവനുമാണല്ലോ), അവൻ ഇപ്പോൾ തന്റെ മാംസവുമായി ഏകനെന്ന് മനസ്സിലാക്കപ്പെടുകയും



സ്വർഗ്ഗത്തിൽ നിന്നുള്ള മനുഷ്യൻ എന്നു വിളിക്കപ്പെടുകയും അതിനാൽ ദൈവത്വത്തിൽ പൂർണ്ണനും മനുഷ്യത്വത്തിൽ പൂർണ്ണനും ആയിരിക്കെ ഏകവ്യക്തി എന്നു കരുതപ്പെടുകയും ചെയ്യുന്നു. കാരണം, അവാച്യമായ ഐക്യം ഏതിൽനിന്നുണ്ടായോ ആ സ്വഭാവങ്ങളുടെ വ്യത്യാസത്തെ നാം അവഗണിക്കുന്നില്ലെങ്കിലും, ഏകകർത്താവേശുക്രിസ്തുവേ ഉള്ളൂ. ദൈവവചനവും മാംസവുമായി കൂട്ടിക്കുഴയ്ക്കലോ, സമ്മിശ്രമോ, സംയോജനമോ ഉണ്ടായി എന്നുപറയുന്നവരുടെ നാവടയ്ക്കുന്നത് ഉചിതമെന്ന് അങ്ങുതന്നെ കാണുക. കാരണം, ഞാൻ അങ്ങനൊക്കെ പറഞ്ഞെന്നോ ചിന്തിച്ചെന്നോ ചിലർ വിദൂരങ്ങളിൽ ഇത് പ്രചരിപ്പിക്കാൻ വളരെ സാധ്യതയുണ്ട്. എന്നാൽ, ഇത്തരത്തിൽ ചിന്തിക്കുന്നതിൽനിന്നു ഞാൻ വളരെ വിദൂരത്തിലാണ്; വചനത്തിന്റെ ദൈവസ്വഭാവവുമായി ബന്ധപ്പെടുത്തി ‘‘മാറ്റത്തിന്റെ നിഴൽപോലും’’ ചിന്തിക്കുന്നത് ഭ്രാന്താണെന്നാണ് എന്റെ ചിന്ത. കാരണം, താൻ എപ്പോഴും ആയിരിക്കുന്ന അവസ്ഥയിൽ അവിടുന്ന് നിലനില്ക്കുന്നു; അവിടുത്തേക്ക് മാറ്റമില്ല; അവിടുത്തേക്ക് മാറാനും സാധ്യമല്ല; മാറ്റത്തിന് അവിടുന്ന് വിധേയനുമല്ല. കൂടാതെ, തന്റെ ജ്ഞാനസമ്പുഷ്ടമായ വ്യാപാരരഹസ്യത്തിൽ, തന്റെ സ്വന്തം ജഡത്തിൽ സഹിച്ച പീഡനങ്ങൾ തന്റേതായി അവൻ ആരോപിക്കുന്നെങ്കിലും, വചനമായ ദൈവം സഹനാതീതനാണെന്ന് നാം എല്ലാവരും ഏറ്റുപറയുന്നു. അതുകൊണ്ട്, ‘‘ക്രിസ്തു തന്റെ ജഡത്തിൽ നമുക്കുവേണ്ടി സഹിച്ചു’’ എന്ന് സർവജ്ഞനായ പത്രോസ് പറയുന്നു (1 പത്രോ. 4:1); എന്നാലത് തന്റെ അവാച്യമായ ദൈവസ്വഭാവത്തിലല്ല.

കാരണം, ഞാൻ പറഞ്ഞതുപോലെ, നമ്മുടെ വ്യാപാര പ്രയോഗമനുസരിച്ച്, അവിടുന്ന് എല്ലാവരുടെയും രക്ഷകനാണെന്ന് വിശ്വസിക്കപ്പെടാൻ, തന്റെ സ്വന്തജഡത്തിന്റെ കഷ്ടപ്പാടുകളെ തന്റേതെന്ന് അവിടുന്ന് പറയുന്നു. ‘‘തകർക്കുന്നവർക്ക് ഞാൻ എന്റെ പുറവും അടികൾക്ക് ഞാൻ എന്റെ കവിളും കൊടുത്തു; നിന്ദയിൽനിന്നും തുപ്പലിൽനിന്നും ഞാൻ മുഖംതിരിച്ചില്ല’’ എന്ന് തന്നിൽനിന്നു വരുന്നു എന്നവണ്ണം മുൻകൂട്ടി പ്രവാചകശബ്ദത്തിലൂടെ സൂചിപ്പിച്ചതുപോലെ തന്നെ (ഏശാ. 50:6).

www.malankaralibrary.com



എല്ലായിടത്തും നാം വിശുദ്ധപിതാക്കന്മാരുടെ, പ്രത്യേകിച്ച് ഭാഗ്യവാനും മഹനീയനുമായ നമ്മുടെ പിതാവ് അത്തനാസ്യോസിന്റെ അഭിപ്രായങ്ങളെയാണ് അനുധാവനം ചെയ്യുന്നതെന്ന് അങ്ങ് മനസ്സിലാക്കിയാലും; അതിലാർക്കും സംശയം വേണ്ട; അവരുടെ അഭിപ്രായങ്ങളിൽനിന്ന് നാം അണുവിട വ്യതിചലിക്കില്ല. ഈ കത്ത് നീണ്ടുപോയി അരോചകമായിപ്പോകുമോ എന്നു ഭയന്നില്ലായിരുന്നെങ്കിൽ അവരിൽനിന്ന് എന്റെ അഭിപ്രായങ്ങൾ തെളിയിച്ചുകൊണ്ട് അവരുടെ നിരവധി സാക്ഷ്യങ്ങൾ ഞാൻ ചേർക്കുമായിരുന്നു. നിഖ്യായിൽകൂടിയ വിശുദ്ധപിതാക്കന്മാർ ഉണ്ടാക്കിയ വിശ്വാസപ്രമാണമോ നിർവചിക്കപ്പെട്ട വിശ്വാസമോ, കാലാകാലങ്ങളിൽ മാററിമറിക്കാൻ നാം ആരേയും ഒരുതരത്തിലും അനുവദിക്കുകയില്ല. ''നിങ്ങളുടെ പിതാക്കന്മാർ നിശ്ചയിച്ച പുരാതന അതിർത്തികൾ മാററരുത്'' എന്ന വാക്കുകൾ ഓർത്തുകൊണ്ട് (സുഭാഷി. 22:18) അതിലുള്ള ഏതെങ്കിലും പദപ്രയോഗം മാററാനോ, ഒരു സിലബിൾ തിരുത്താനോ ഞങ്ങൾ ഞങ്ങൾക്കോ മററാർക്കെങ്കിലുമോ അനുവാദം കൊടുക്കുന്നില്ല.

കാരണം, അവരല്ല പിതാവായ ദൈവത്തിന്റെ ആത്മാവാണ് അത് സംസാരിച്ചത്. ആത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു; സത്തയിൽ പുത്രനിൽനിന്നു വ്യത്യസ്തനുമല്ല. കൂടാതെ, വിശുദ്ധരായ ആത്മീയഗുരുക്കന്മാരുടെ വാക്കുകൾ നമ്മുടെ വീക്ഷണത്തെ ഉറപ്പിക്കുന്നു. കാരണം, ശ്ലീഹൻമാരുടെ നടപടികളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''അവർ മീസിയായിൽ വന്നപ്പോൾ ബിഥീനിയായിലേക്കുപോകുവാൻ ആഗ്രഹിച്ചു; എന്നാൽ യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല'' (16:7). ദിവ്യനായ പൗലോസ് ഇപ്രകാരം എഴുതുന്നു: ''ജഡികരായിട്ടുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കുകയില്ല. എന്നാൽ ദൈവത്തിന്റെ ആത്മാവ് യഥാർത്ഥമായി നിങ്ങളിലുണ്ടെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീയരാണ്. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല'' (റോമ. 8:8-9). അതുകൊണ്ട് സത്യപ്രബോധനത്തെ കീഴ്മേൽ മറിക്കാൻ താല്പര്യമുള്ള ആരെങ്കിലും തങ്ങളുടെ ചിന്താരീതിയനുസരിച്ച് എന്റെവാക്കുകളെ വളച്ചൊടിച്ചാൽ, അങ്ങ് അതിൽ അത്ഭുതപ്പെടേണ്ടതില്ല, ഇത്രയും ഓർത്താൽ മതി: പാഷണ്ഡത പഠിപ്പിക്കുന്നവരെല്ലാം തങ്ങളുടെ തെററിനുള്ള അവസരം നിവേശിതഗ്രന്ഥങ്ങളിൽ അധിഷ്ഠിതമാക്കാൻ ശ്രമിക്കുന്നു; തങ്ങളുടെ ദുഷ്ടമനസ്സുകൊണ്ട് പരിശുദ്ധാത്മാവിന്റെ സത്യവചനങ്ങൾ എല്ലാ പാഷണ്ഡികളും ദുഷിപ്പിക്കുന്നു; അവർ തങ്ങളുടെ ശിരസ്സിൽ കെടാത്ത തീജ്ജ്വാല വലിച്ചിടുകയും ചെയ്യുന്നു.



നമ്മുടെ മഹനീയ പിതാവായ അത്തനാസ്യോസ്, ഭാഗ്യവാനായ എപ്പിക്ടെററസിനയച്ച, തികച്ചും സത്യവിശ്വാസപരമായ കത്തുപോലും ചിലർ കോട്ടിമാട്ടി പ്രചരിപ്പിച്ചു, തദ്ഫലമായി പലരും പ്രണിതരായി എന്നു നാം അറിയുന്നു; അതിനാൽ സഹോദരന്മാർക്ക് പ്രയോജനപ്രദവും ആവശ്യവുമാണെന്ന് ചിന്തിച്ചുകൊണ്ട് നമ്മുടെ പക്കലുള്ള മാററംവരാത്ത മൂലരേഖകളുടെ കൃത്യമായ കോപ്പികൾ അങ്ങേയ്ക്ക് അയച്ചുതരുന്നു.

## 10. നെസ്തോറിയുസിന്റെ ന്യായവാദം

നെസ്തോറിയുസ് കോൺസ്ററാൻറിനോപ്പിളിൽ എത്തിയപ്പോൾ (428) ''ദൈവമാതാവ്'' എന്ന സംജ്ഞയെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ഒരു തർക്കം നിലനിന്നു. പ്രസ്തുത തർക്കവുമായി ജനം മെത്രാനെ സമീപിച്ചു. മറിയത്തെ ''ദൈവമാതാവ്'' എന്നു വിളിക്കണമെന്ന് ഒരുകൂട്ടർ; ''മനുഷ്യന്റെ അമ്മ'' എന്നു വിളിക്കണമെന്ന് മറെറാരുകൂട്ടർ. ദൈവത്വവും മനുഷ്യത്വവും നിഷേധിക്കാതെ ദൈവമാതാവെന്നോ മനുഷ്യന്റെ അമ്മയെന്നോ പറഞ്ഞാൽ തെററില്ല. എന്നാൽ ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ ''ക്രിസ്തുവിന്റെ അമ്മ'' എന്നുപറയുന്നതാകും കൂടുതൽ ശരി. അതിൽ രണ്ടും ഉൾക്കൊള്ളുന്നു. അത് വേദപുസ്തകാനുസൃതം കൂടുതൽ ശരിയായിട്ടുള്ളതുമാണ് എന്ന് നെസ്തോറിയുസ് അഭിപ്രായപ്പെട്ടു:

''ഞാൻ കോൺസ്റ്റാൻറിനോപ്പിളിൽ വന്നപ്പോൾ, സഭാംഗങ്ങളുടെയിടയിൽ ഒരു തർക്കം ഉള്ളതായി കണ്ടു. ഭാഗ്യവതിയായ കന്യകാമറിയത്തെ ചിലർ ''ദൈവമാതാവ്'' എന്നു വിളിച്ചു; മററുചിലരാകട്ടെ ''മനുഷ്യന്റെ അമ്മ'' എന്നു വിളിച്ചു.

www.malankaralibrary.com



ഞാൻ ഇരുകൂട്ടരെയും ഒന്നിച്ചുവിളിച്ചുകൂട്ടി. അവളെ ക്രിസ്തുവിൻെറ അമ്മ എന്നുവിളിക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. ദൈവത്തെയും മനുഷ്യനെയും കുറിക്കുന്നതും സുവിശേഷാനുസൃതവുമാണ് ആ പദം.'' (F. Loofs, Nestoriana, Halle, 1905, 185 [2-10]. Ep. to John of Antioch, Dec. 430; Driver, *LH.* 99).

''യേശുക്രിസ്തുവിൽ രണ്ടാളുകൾ ഉണ്ട്'' എന്ന പ്രബോധനം താൻ ഒരിക്കലും പഠിപ്പിച്ചിട്ടില്ല എന്ന് നെസ്തോറിയുസ് ആവർത്തിച്ച് പറഞ്ഞിരുന്നു:

''പുത്രൻ ഒരാളാണെന്നും വചനമായ ദൈവം മറെറാരാളാണെന്നും ഞാൻ പറഞ്ഞിട്ടില്ല. വചനമായ ദൈവം സ്വഭാവത്താലെ ഒന്ന്; ആലയം സ്വഭാവത്താലെ മറെറാന്ന്, ഐക്യംവഴി ഏകപുത്രൻ എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത് (Loofs, Nestoriana, 308 [8-11]). ''ദൈവത്വവും ശിശുവിൽ ദൃശ്യമായ കർത്താവിൻെറ ജഡവും തമ്മിൽ എത്ര ദൃഢമായ ഐക്യമുണ്ടായിരുന്നു എന്നു താങ്കൾ മനസ്സിലാക്കാനാണ് ഞാനിതു പറയുന്നത്. ശിശുവും ശിശുവിൻെറ കർത്താവും ഒരേ ഒരാൾ തന്നെയായിരുന്നു'' (Loofs, Nestoriana, 292 [1-4]).

''ക്രിസ്തു എന്നനിലയിൽ ക്രിസ്തു അവിഭാജ്യനാണ്. ദൈവവും മനുഷ്യനും എന്നനിലയിൽ അവിടുന്ന് ദ്വിത്വനാണ്. പുത്രത്വത്തിൽ അവിടുന്ന് ഏകനാണ്. എടുക്കുന്നവനും എടുത്തതും എന്നനിലയിൽ അവിടുന്ന് ദ്വിത്വമാണ്. പുത്രൻെറ ആളത്തത്തിൽ അവിടുന്നൊരു വ്യക്തിയാണ്; എന്നാൽ ഇരുനയനങ്ങൾ കണക്കെ, ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സ്വഭാവങ്ങളിൽ അവിടുന്ന് വ്യതിരിക്തനാണ്. നാം രണ്ട് ക്രിസ്തുക്കളെന്നോ, രണ്ട് പുത്രന്മാരെന്നോ, ഏകജാതന്മാരെന്നോ, കർത്താക്കളെന്നോ പഠിപ്പിക്കുന്നില്ല; ഒരു പുത്രനും മറെറാരു പുത്രനുമല്ല; ആദ്യം ഒരേകജാതനും പിന്നീട് ഒരേകജാതനുമല്ല; ആദ്യം ഒരു ക്രിസ്തുവും പിന്നൊരു ക്രിസ്തുവും അല്ല. പിന്നെയോ, സൃഷ്ടവും അസൃഷ്ടവുമായ സ്വഭാവങ്ങളിൽ കാണപ്പെട്ട ഒരേഒരാൾ'' (Nestoriana, 280, [5-10]).—ക്രിസ്തുവിലെ ഇരുസ്വഭാവങ്ങൾ തമ്മിലുള്ള ഐക്യം ഏററം ദൃഢമാണ്. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ളബന്ധം കുറിക്കാൻ ഗ്രിഗറി നസ്യാൻസൻ ഉപയോഗിച്ച പദംതന്നെ ക്രിസ്തുവിലെ രണ്ടുസ്വഭാവങ്ങളെക്കുറിക്കാൻ ഉപയോഗിക്കുന്നു. അതുപോലെ ത്രിത്വത്തിൽ മൂന്നാളുകൾ തമ്മിലാണ് ഐക്യം. എന്നാൽ ക്രിസ്തുവിൽ രണ്ടാളുകളല്ല. ഈ വ്യത്യാസം ഗ്രിഗറിയിൽതന്നെ സ്പഷ്ടമായിരുന്നു (Epistle 101 to Cledonius, *PG.* 37.180). ത്രിത്വത്തിലെ മൂന്നാളുകളും തമ്മിൽ അഭേദ്യമായ ഐക്യമാണ്. എന്നാൽ മൂന്നാളുകളും കൂടിച്ചേർന്ന് ഒരാളാകുന്നില്ല. അതുപോലെ ക്രിസ്തുവിലെ രണ്ടുസ്വഭാവങ്ങൾ ഏകവ്യക്തിയിൽ അഭേദ്യമായി ഐക്യപ്പെട്ടിരിക്കുന്നു; എന്നാൽ സ്വഭാവങ്ങൾ തമ്മിൽ കൂടിക്കുഴച്ചിൽ ഇല്ല. ഇതിന് പററിയ പദമാണ് സ്യുനഫേയ്യാ (Synapheia):



''എടുത്തതിനാൽ എടുത്തവനേയും, എടുക്കപ്പെട്ടതിനാൽ എടുക്കപ്പെട്ടതിനെയും ഏററുപറയേണ്ടതായിട്ടുണ്ട്. ത്രിത്വത്തിലേപ്പോലെ അവ ഒന്നും മറെറാന്നുമാണ്; എന്നാൽ ഒന്നും മറെറാന്നുമല്ല'' (*LH.* 207).

മറെറാരിടത്ത്, ''ത്രിത്വത്തിൽ ഏകസത്തയുള്ള മൂന്ന് ആളുകളും, മൂന്നാളുകൾ ഉള്ള ഏകസത്തയും ഉള്ളതുപോലെ ഇവിടെ ഏകവ്യക്തിത്വമുള്ള രണ്ട് സത്തകളും രണ്ടു സത്തകളുള്ള ഏകവ്യക്തിത്വവുമുണ്ട്'' (*LH.* 247).—നെസ്തോറിയസ് ഒന്നിലേറെ പ്രാവശ്യം ഗ്രിഗറിയുടെ ലേഖനം ഉദ്ധരിച്ച് ക്രിസ്തുവിലെ ഏകവ്യക്തിത്വവും രണ്ട് സത്തകളും തമ്മിലുള്ള ഐക്യവും സ്പഷ്ടമാക്കാൻ ശ്രമിക്കുന്നു:

''ദൃശ്യവും അദൃശ്യവും ഒന്നല്ലെങ്കിൽ നമ്മുടെ രക്ഷകൻ ഒന്നും മറെറാന്നും ആണ്. മനുഷ്യനായിത്തീർന്ന ദൈവം, ദൈവമായിത്തീർന്ന മനുഷ്യൻ'' (*LH.* 200).

''ദൈവവും മനുഷ്യനും എന്ന് രണ്ട് സ്വഭാവങ്ങൾ ഉണ്ട്; എന്നാൽ രണ്ട് പുത്രന്മാരില്ല. നമ്മുടെ രക്ഷകൻ ഒന്നും മറെറാന്നും കൊണ്ടാണ്; എന്നാൽ ഒന്നും മറെറാന്നുമല്ല—ഒരിക്കലുമല്ല'' (*LH.* 215).

''ഒന്നും മറെറാന്നുമാണ്'' എന്നുപറഞ്ഞാൽ ഒരുസ്വഭാവവും മറെറാരുസ്വഭാവവും എന്നാണർത്ഥം; ''ഒന്നും മറെറാന്നുമല്ല'' എന്നുപറഞ്ഞാൽ ഒരാളും മറെറാരാളുമല്ല എന്നാണർത്ഥം:

www.malankaralibrary.com



''അവ (സ്വഭാവങ്ങൾ) ഒന്നും മറ്റൊന്നുമാണ്; എന്നാൽ അവിടുന്ന് ആളത്തത്തിൽ ഒന്നും മറ്റൊന്നുമല്ല'' (*LH.* 220).

''അവിടുന്ന് സ്വഭാവങ്ങളിൽ ഒന്നും മറ്റൊന്നുമായി കരുതപ്പെടുന്നു; എന്നാൽ ഐക്യത്തിൽ അവിടുന്ന് ഭേദം കൂടാതെയാണ്. വ്യതിരിക്തമായ സ്വഭാവങ്ങൾ പരിഗണിക്കുമ്പോൾ അവിടുന്ന് ഒന്നും മറ്റൊന്നുമായി ഗണിക്കപ്പെടുന്നു'' (*LH.* 221).

''അവിടുന്ന് വ്യക്തിത്വത്തിൽ ഏകൻ; സത്തകളിൽ ഒന്നും മറ്റൊന്നും'' (*LH.* 233).

ഇവയിൽനിന്നെല്ലാം ഒരുകാര്യം സുവ്യക്തമാണ്. യേശുക്രിസ്തു ഏകവ്യക്തിയാണ്, യേശുക്രിസ്തുവിന് രണ്ടു സ്വഭാവങ്ങൾ ഉണ്ട്. അവ രണ്ടും ഒന്നല്ല എന്ന സംഗതി നെസ്തോറിയുസ് വളരെ വ്യക്തമായി പഠിപ്പിച്ചിരുന്നു. അതുപോലെ ഏകവ്യക്തിയിലുള്ള ഇരുസ്വഭാവങ്ങളുടെയും സുദൃഢമായ ഐക്യം നെസ്തോറിയുസ് പഠിപ്പിച്ചിരുന്നു എന്നതിന് യാതൊരു സംശയവുമില്ല.

തന്റെ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് നെസ്തോറിയുസ് ഇപ്രകാരം (451-നു ശേഷം) രേഖപ്പെടുത്തുന്നു. കൽക്കദോനിയ സൂനഹദോസിൽ സംഭവിച്ചവയെപ്പറ്റിയാണ് പരാമർശം:

''എന്നെപ്രതിയല്ല ഈ കാര്യങ്ങൾ സംഭവിക്കാൻ ദൈവം ഇടയാക്കിയത്. നെസ്തോറിയുസ് ആരാണ്? അയാളുടെ ജീവിതം എന്താണ്? ഈ ലോകത്തിൽ അയാളുടെ മരണം എന്താണ്? എന്നാൽ അവിടുന്നു ലോകത്തിനു പ്രദാനംചെയ്ത സത്യം നിമിത്തമാണിവ സംഭവിച്ചത്. ആ സത്യം അമർത്തിവച്ചിരുന്നു; അവിടുന്ന് ചതിയന്മാരെ നിശ്ശബ്ദരാക്കിയിരിക്കുന്നു. അവർക്കൊക്കെ എന്നെ സംശയമായിരുന്നു; സത്യം മറച്ചുവയ്ക്കുന്നവനും വളച്ചുകെട്ടിപ്പറയുന്നവനും എന്ന് ആരോപിച്ച് ഞാൻ പറഞ്ഞതൊട്ട് വിശ്വസിച്ചതുമില്ല. അക്കാരണത്താൽ, സംശയരഹിതമായി സത്യം പ്രഘോഷിക്കുന്ന, ഈ സംശയത്തിന് അതീതനായ ഒരു പ്രഘോഷകനായ ലെയോയെ (മാർപാപ്പാ) ദൈവം നിയമിച്ചു.'' (*LH.* 374).

അധ്യായം 4

# കൽക്കദോനിയ സൂനഹദോസ് (451)

## ആമുഖം

എഫേസോസിൽ കൂടിയ രണ്ടാം സിനഡ് (449) സഭാസമാധാനത്തിനു പര്യാപ്തമായില്ല. സഭയിൽ പിളർപ്പ് വർദ്ധിപ്പിച്ചതേയുള്ളു. അക്കാരണത്താൽ ലെയോ മാർപാപ്പാ (+461) അതിനെ തസ്കരസിനഡ് (latrocinium) എന്നുവിളിച്ചു. തുടർന്ന് മറ്റൊരു സിനഡ് വിളിച്ചുകൂട്ടുന്നതിന് ലെയോ എതിരായിരുന്നു. 'ഫ്ളാവിയന് ലെയോ അയച്ച ലേഖനത്തിൽ എല്ലാ മെത്രാൻമാരും ഒപ്പുവയ്ക്കണം, ദൈവശാസ്ത്രസംബന്ധമായി പുതിയ ചർച്ചകൾ ആവശ്യമില്ല' എന്ന നിലപാടായിരുന്നു ലെയോ മാർപാപ്പായ്ക്കുണ്ടായിരുന്നത്. അറ്റിലയുടെ ആക്രമണത്താൽ പാശ്ചാത്യലോകം വീർപ്പുമുട്ടുകയുമായിരുന്നു. ഒരു സിനഡിനു പറ്റിയ അന്തരീക്ഷമല്ലായിരുന്നു അത്. എന്നാൽ മാർസിയൻ ചക്രവർത്തി 451 മെയ് 17-നു സിനഡിനുള്ള ഡിക്രി പുറപ്പെടുവിച്ചു; 451 സെപ്റ്റംബറിൽ സിനഡുകൂടാൻ നിശ്ചയിച്ചു.

റോമൻസഭയെ പ്രതിനിധീകരിച്ച് ലില്ലിബേയും മെത്രാൻ പസ്കസീനുസ്, ബിഷപ്പ് ലുചെൻസ്യൂസ്, കോസ് മെത്രാൻ ജൂലിയൻ, വൈദികരായ ബോനിഫസ്, ബേസിൽ എന്നിവർ സന്നിഹിതരായിരുന്നു. പിതാക്കന്മാർ കൈമാറിത്തന്ന വിശ്വാസം സംബന്ധിച്ച് ചർച്ച പാടില്ലെന്ന് ലെയോ മാർപാപ്പാ, മാർസിയൻ ചക്രവർത്തിയെ വിലക്കിയിരുന്നു. 449-ൽ നാടുകടത്തപ്പെട്ട മെത്രാന്മാരെ തങ്ങളുടെ രൂപതകളിൽ പുനഃപ്രതിഷ്ഠിക്കുന്ന സംഗതിമാത്രമേ സിനഡ് കൈകാര്യം ചെയ്യാവൂ എന്നു നിർദ്ദേശിച്ചിരുന്നു.

www.malankaralibrary.com



നിഖ്യായിൽ തുടങ്ങിയ സിനഡ് രാജകീയ സൗകര്യത്തെ പ്രതി കൽക്കദോനിയായിലേക്കു മാററി. 451 ഒക്ടോബർ 8-ന് ആരംഭിച്ചു. റോമൻ പ്രതിനിധികളാണ് ആധ്യക്ഷ്യം വഹിച്ചത്. ലെയോയുടെ കണക്കനുസരിച്ച് 600 പേർ സംബന്ധിച്ചു. മററു ചില കണക്കനുസരിച്ച് 500 പേരേ ഉണ്ടായിരുന്നുള്ളൂ.

ഒരു പുതിയ വിശ്വാസനിർവചനം രൂപീകരിക്കാൻ ചക്രവർത്തി പിതാക്കന്മാരെ നിർബന്ധിച്ചു. ലെയോയുടെ നിർദ്ദേശത്തിനും എഫേസോസിൻെറ (431) തീരുമാനത്തിനും വിരുദ്ധമായതിനാൽ പിതാക്കന്മാർ അതിനു വിസമ്മതിച്ചു. എങ്കിലും ചക്രവർത്തിയുടെ നിർബന്ധത്തിന് അവർ കീഴടങ്ങേണ്ടി വന്നു. സിനഡിൻെറ അഞ്ചാം സെഷനിൽ "വിശ്വാസ നിർവചനം" പാസ്സാക്കപ്പെട്ടു; ചക്രവർത്തിയുടെയും ഇമ്പീരിയൽ ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ആറാം സെഷനിൽ അത് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. ''യേശുക്രിസ്തു ഇരു സ്വഭാവങ്ങളിൽ ഏകയാൾ'' എന്ന ഫോർമുല അംഗീകരിച്ചു. ലെയോയുടെ കത്തുമായി യോജിച്ചുപോകുന്നതായിരുന്നു അത്. വിശ്വാസനിർവചനത്തിൽ ലെയോയുടെ കത്ത് എടുത്തു പറയുന്നുണ്ട്.

സിനഡ് 27 കാനോനാകളും പാസ്സാക്കി. കോൺസ്ററാൻറിനോപ്പിളിന് ബഹുമാനം കൊടുക്കുന്നതുസംബന്ധിച്ച കാനൻ (28) 16-ാം സെഷനിൽ എടുത്ത ഒരു തീരുമാനമാണ്. റോമൻ പ്രതിനിധികൾ അത് നിരാകരിച്ചു. 19-ാം സെഷനിലെ മിനിററ്സിൻെറ ഒരു ഭാഗമാണ് കാനൻ 29. 4-ാം സെഷനിലെ മിനിററ്സിൻെറ ഭാഗമാണ് കാനൻ 30. റോമൻ ഡലഗേഷൻ കാനൻ 28 നിരാകരിച്ചതിനാൽ അതിനംഗീകാരം കിട്ടാൻ മാർസിയൻ ചക്രവർത്തിയും പാത്രിയർക്കീസ് അനാറേറാളിയുസും റോമൻ മാർപാപ്പായെ സമീപിച്ചു. 453 മാർച്ച് 21-ന് മാർപാപ്പാ വിശ്വാസസംബന്ധമായ ഡിക്രികൾ അംഗീകരിച്ചു; കാനൻ 28-ന് അംഗീകാരം നല്കിയില്ല. നിഖ്യായ്ക്ക് എതിരായതിനാലും പ്രാദേശികസഭകളുടെ അവകാശങ്ങളിലുള്ള കൈകടത്തലാകയാലുമാണ് ലെയോ അംഗീകരിക്കാഞ്ഞത്. മാർസിയൻ 452 ഫെബ്രുവരിയിലെ നാല് ഇമ്പീരിയൽ ശാസ്സനങ്ങൾവഴി ഇവ പ്രസിദ്ധപ്പെടുത്തി.



കൽക്കദോനിയ കൗൺസിലിനെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾക്ക് 'സഭാചരിത്രപഠനങ്ങൾ' എന്ന ഗ്രന്ഥം കാണുക.

## വിശ്വാസനിർവചനം

കൽക്കദോനിയ സൂനഹദോസിൽ (451) കൂടിയ പിതാക്കന്മാർ ക്രിസ്തുശാസ്ത്രം സംബന്ധിച്ചു പുതിയൊരു വിശ്വാസനിർവചനത്തിന് ഒരുക്കമല്ലായിരുന്നു. രാജകീയ പ്രതിനിധികളുടെ ശക്തിയായ നിർബന്ധത്താലാണ് പിതാക്കന്മാർ അതിനായി മുതിർന്നത്.[1] ചെറിയൊരു കമ്മററി തയ്യാറാക്കിയ രേഖ 451 ഒക്ടോബർ 25-ന് സഭയിൽ വായിച്ചു ഭേദഗതികളോടെ പാസ്സാക്കപ്പെട്ടു. ഈ നിർവചനത്തിനു നീണ്ട ഒരാമുഖം ഉണ്ട്; തുടർന്നു നിഖ്യായുടെയും (325) കോൺസ്ററാൻറിനോപ്പിളിൻെറയും (381) വിശ്വാസപ്രമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നു. അതിനുശേഷം കൽക്കദോൻെറ പ്രത്യേകമായ വിശ്വാസനിർവചനമാണ്. ഈ നിർവചനം എല്ലാവരും അനുസരിക്കണമെന്നു ശക്തിയായി അവസാനഭാഗത്ത് അനുശാസിക്കുന്നു.

ക്രി. വ. 451-ലും അതിനുശേഷവും സഭയിൽ വളരെയധികം കോളിളക്കം ഉണ്ടാക്കാൻ ഈ നിർവചനം വഴിതെളിച്ചു. കൽക്കദോനിയായുടെ ഈ വിശ്വാസപ്രമാണം താഴെച്ചേർക്കുന്നു:[2]

''ദൈവകൃപയാലും അഗസ്റ്റസുമാരായ മാർസിയൻ, വലൻറീനിയൻ എന്നീ ഏററം ഭക്തരും മിശിഹായെ സ്നേഹിക്കുന്നവരുമായ ചക്രവർത്തിമാരുടെ കല്പനയാലും, ബിഥീനിയാ പ്രോവിൻസിൻെറ മെത്രോപ്പൊളീസായ കൽക്കദോനിയ പട്ടണത്തിൽ, വിശുദ്ധയും വിജയമകുടം ചൂടിയ രക്തസാക്ഷിണിയുമായ എവുഫേമിയായുടെ ദേവാലയത്തിൽ സമ്മേളിച്ചി

1. E. Schwartz, (ed), *Acta Conciliorum Oecumenicorum* ( =ACO) 11, 1, 2, 124f. nos. 22—28.
2. *Ibid.* 11, 1, 2, 129—130.

www.malankaralibrary.com



രിക്കുന്ന പരിശുദ്ധവും മഹനീയവുമായ എക്യൂമെനിക്കൽ കൗൺസിൽ ഇപ്രകാരം തീരുമാനിച്ചിരിക്കുന്നു:

നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു, മതസംബന്ധമായ സംഗതികളിൽ ആർക്കും തന്റെ അയൽക്കാരനിൽനിന്നു വ്യത്യാസം ഉണ്ടായിരിക്കരുതെന്നും സത്യത്തിന്റെ അറിയിപ്പ് എല്ലാവർക്കും ഒരുപോലെ ആയിരിക്കണമെന്നും കരുതി വിശ്വാസത്തിന്റെ അറിവിൽ തന്റെ ശിഷ്യരെ ഉറപ്പിച്ചുകൊണ്ട്, ''എന്റെ സമാധാനം ഞാൻ നിങ്ങൾക്ക തന്നിട്ടു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു'' (യോഹ. 14:27) എന്ന് അരുൾച്ചെയ്തു. എന്നാൽ സത്യമതത്തിന്റെ വിത്തുകളെ തന്റെ കളകളാൽ ഞെരുക്കുന്നതിൽനിന്ന് ദുഷ്ടൻ വിരമിക്കുന്നില്ലെന്നും സത്യത്തിനെതിരായി പുതിയ കുതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നെന്നും കാണുകയാൽ, നമ്മുടെ പൊതു പരമോന്നതനാഥനായ ക്രിസ്തു തനിക്കു പതിവായിരിക്കുന്നതുപോലെ മനുഷ്യകുലത്തെ പരിഗണിച്ച്, തന്റെ കൃപയുടെ ഫലദായകമായ പ്രവർത്തനംകൊണ്ട് തന്റെ അജഗണത്തിൽനിന്ന് എല്ലാ അശുദ്ധിയും നീക്കുന്നതിനും, സത്യത്തിന്റെ ഇളംതളിരുകളാൽ അവയെ പോഷിപ്പിക്കുന്നതിനുംവേണ്ടി, ഭക്തനും തികഞ്ഞ വിശ്വാസിയുമായ ഈ മാർസിയൻ ചക്രവർത്തിയുടെ തീക്ഷ്ണതയെ ഉത്തേജിപ്പിക്കുകയും എല്ലാഭാഗത്തുനിന്നും വൈദികപ്രധാനികളെ അദ്ദേഹത്തിന്റെ പക്കലേക്കു വിളിക്കുകയും ചെയ്തു.

318 പേരുടെ വിശ്വാസപ്രമാണം എല്ലാവരെയും അറിയിച്ചുകൊണ്ടും, ഈ ദൈവികരേഖ സ്വീകരിക്കുകയും പിന്നീട് വലിയ കോൺസ്റ്റാൻറിനോപ്പിളിൽ ഒന്നിച്ചുകൂടി ഈ വിശ്വാസത്തിനു തങ്ങളുടെ മുദ്രവയ്ക്കുകയും ചെയ്ത 150 പിതാക്കന്മാരെ ഞങ്ങളുടെ പിതാക്കന്മാരായി അംഗീകരിച്ചുകൊണ്ടും, തെറ്റായ പ്രബോധനങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടും, പിതാക്കന്മാരുടെ തെറ്റാത്തവിശ്വാസം നവീകരിച്ചുകൊണ്ടും, പൊതുവായ യോജിപ്പോടുകൂടി ഞങ്ങൾ ഇപ്രകാരം ചെയ്തു. അതുകൊണ്ട്, ഏറ്റം ആദരണീയരായ റോമാമെത്രാൻ സെലസ്റ്റിന്റെയും അലക്സാണ്ഡ്രിയാമെത്രാൻ



സിറിലിന്റെയും നേതൃത്വത്തിൽ മുമ്പ് എഫേസോസിൽ കൂടിയ വിശുദ്ധ കൗൺസിലിന്റെ വിധിയോടും ഫോർമൂലകളോടും യോജിച്ചുകൊണ്ട്, ഭാഗ്യസ്മരണാർഹനായ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്ത് നിഖ്യായിൽ കൂടിയ 318 ഭാഗ്യവാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ രൂപീകരിച്ച, കുറ്റമറ്റ ഓർത്തഡോക്സ് വിശ്വാസത്തിന്റെ അവതരണം അതിനുള്ള ബഹുമാനസ്ഥാനത്തുതന്നെ നില്ക്കുന്നു എന്നും, അതിനടുത്തകാലത്തുയർന്നുവന്ന പാഷണ്ഡതകളുടെ നിർമ്മാർജ്ജനത്തിനും, കാതോലികവും ശ്ലൈഹികവുമായ വിശ്വാസത്തിന്റെ ഉറപ്പിക്കലിനുമായി കോൺസ്റ്റാൻറിനോപ്പിളിലെ 150 വിശുദ്ധപിതാക്കന്മാരുടെ വ്യാഖ്യാനം ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്നു എന്നും ഞങ്ങൾ തീർപ്പുകല്പിക്കുന്നു.

നിഖ്യായിലെ 318 പേരുടെ വിശ്വാസപ്രമാണം.[3]

കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ 150 പേരുടെ വിശ്വാസപ്രമാണം.[4]

ദൈവഭക്തിയുടെ പൂർണ്ണമായ അംഗീകാരത്തിനും സ്ഥിരീകരണത്തിനും ദിവ്യകൃപയിൽ നിന്നുരുത്തിരിഞ്ഞ വിജ്ഞാനപ്രദവും രക്ഷാകരവുമായ ഈ വിശ്വാസപ്രമാണം മതിയാകും. കാരണം, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ചുള്ള ഇതിന്റെ പഠിപ്പിക്കൽ പൂർണ്ണമാണ്. അതുപോലെ, ഇതിനെ വിശ്വാസപൂർവ്വം അംഗീകരിക്കുന്നവർക്ക് കൂടുതലായി, മനുഷ്യാവതാരം വരച്ചുകാട്ടുകയും ചെയ്യുന്നു. എന്നാൽ ചിലർ, നമുക്കുവേണ്ടി കർത്താവുചെയ്ത വ്യാപാരരഹസ്യത്തെ ദുഷിപ്പിക്കാൻ തുനിയുകയും കന്യകയെ 'തെയോതോക്കോസ്'' എന്നു വിളിക്കുന്നതിന്റെ ഔചിത്യം നിഷേധിക്കുകയും ചെയ്യുന്നു. മറ്റുചിലരാകട്ടെ സ്വഭാവങ്ങളുടെ കൂട്ടിക്കുഴയ്ക്കലും കൂട്ടിക്കലർത്തലും കൊണ്ടുവരുകയും ജഡത്തിനും ദൈവത്വത്തിനും ഏകസ്വഭാവമാണെന്ന് മൂഢമായി

3. മുകളിൽ പേജ് 11-12 കാണുക.

4. മുകളിൽ പേജ് 50-51 കാണുക.

www.malankaralibrary.com



സങ്കല്പിക്കയും ഈ കൂട്ടിക്കുഴയ്ക്കലാൽ ഏകജാതന്റെ ദൈവസ്വഭാവം സഹനവിധേയമാണെന്ന് കരുതുകയും ചെയ്യുന്നു. ഇങ്ങനെ വ്യർത്ഥമായി ജല്പനം നടത്തി, തങ്ങളുടെ സ്വന്തം പാഷണ്ഡതകളാൽ സത്യപ്രബോധനം കോട്ടിമാട്ടാൻ ഇവർ ശ്രമിക്കുന്നതിനാൽ സത്യത്തിനെതിരെയുള്ള അവരുടെ എല്ലാ പദ്ധതികളെയും തകർക്കാൻ ആഗ്രഹിച്ചുകൊണ്ടും, ഇപ്പോൾ കൂടിക്കൊണ്ടിരിക്കുന്ന വിശുദ്ധവും മഹനീയവുമായ ഈ എക്യൂമെനിക്കൽ കൗൺസിൽ, ആരംഭംമുതൽ മാററംകൂടാതെ നിലനിന്ന പ്രബോധനം പൂർണ്ണമായി പഠിപ്പിച്ചുകൊണ്ടും 318 പിതാക്കന്മാരുടെ വിശ്വാസപ്രമാണം അലംഘനീയമായി നിലനില്ക്കുമെന്ന് ആദ്യമായി നിർണ്ണയിക്കുന്നു. അതുപോലെ ഇമ്പീരിയൽ നഗരത്തിൽ ഒന്നിച്ചുകൂടിയ 150 പിതാക്കന്മാർ, പരിശുദ്ധാത്മാവിനെ വെല്ലുവിളിക്കുന്നവർനിമിത്തം പരിശുദ്ധാത്മാവിന്റെ സത്തയെസംബന്ധിച്ച് പിന്നീട് പഠിപ്പിച്ച സംഗതികൾ—തങ്ങളുടെ മുൻഗാമികൾ വിട്ടുകളഞ്ഞവ കൂട്ടിച്ചേർത്തു എന്ന നിലയിലല്ല, പിന്നെയോ, പരിശുദ്ധാത്മാവിന്റെ പരമാധികാരത്തെ തട്ടിമാററാൻ പരിശ്രമിക്കുന്നവർക്കെതിരെ എഴുതിയ സാക്ഷ്യംവഴി അവിടുത്തെപ്പററിയുള്ള തങ്ങളുടെ ധാരണ എന്താണെന്ന് വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ട് എല്ലാവരെയും അറിയിച്ചത്—ഈ സിനഡ് സ്ഥിരീകരിക്കയും ഉറപ്പിക്കയും ചെയ്തു.

അതുപോലെ, 'വിശുദ്ധ മറിയത്തിൽനിന്ന് ജനിച്ചവൻ വെറുമൊരു മനുഷ്യനാണ്'' എന്ന് ലജ്ജാരഹിതമായും വ്യർത്ഥമായും ജല്പിച്ചുകൊണ്ട് മനുഷ്യാവതാര രഹസ്യത്തെ ദുഷിപ്പിക്കാൻ ശ്രമിക്കുന്നവർനിമിത്തം, അലക്സാണ്ഡ്രിയൻ സഭയുടെ ഇടയനും ഭാഗ്യവാനുമായ വിശുദ്ധ സിറിൽ, നെസ്തോറിയുസിന്റെ തെററിന്റെ ഖണ്ഡനത്തിനും, ദൈവികതീക്ഷ്ണതയാൽ അതു ശരിയായി ഗ്രഹിക്കാനാഗ്രഹിക്കുന്നവർക്ക് രക്ഷാകരമായ വിശ്വാസപ്രമാണത്തിന്റെ വിശദീകരണത്തിനുംവേണ്ടി, ആ വിശ്വാസപ്രമാണങ്ങൾക്കനുസൃതം, നെസ്തോറിയുസിനും പൗരസ്ത്യർക്കും എതിരെ എഴുതിയ സിനഡിക്കൽ ലേഖനങ്ങൾ ഈ സിനഡ് അംഗീകരിച്ചു. അതുപോലെ ഏററം മഹനീയവും പുരാതനവുമായ റോമിന്റെ ഭരണാധികാരിയും അതിപരിശുദ്ധനും ഏററം ഭാഗ്യവാനുമായ ആർച്ചുബിഷപ്പ് ലെയോ, എവുത്തിക്കൂസിന്റെ അഭക്തിയെ കീഴ്മറിക്കാനായി, പരിശുദ്ധനായ ആർച്ചുബിഷപ്പ് ഫ്ളാവിയന് എഴുതിയ കത്ത്, വലിയ പത്രോസിന്റെ വിശ്വാസപ്രഖ്യാപനവുമായി ഒത്തുപോകുന്നതിനാലും, പാഷണ്ഡികൾക്കെതിരെ എല്ലാവർക്കും സഹായസ്തംഭം ആയതിനാലും ഓർത്തഡോക്സ് വിശ്വാസത്തിന്റെ ദൃഢീകരണത്തിനുവേണ്ടി, അതോടുകൂടി അനുയോജ്യമായി കൂട്ടിച്ചേർത്തു. മനുഷ്യാവതാരരഹസ്യത്തെ ഇരുപുത്രത്വമായി കീറിമുറിക്കാമെന്നു കരുതുന്നവർക്കെതിരാണ് ഈ സിനഡ്. ഏകജാതന്റെ ദൈവത്വം സഹനത്തിനുവിധേയമാണെന്നു പറയാൻ മുതിരുന്നവരെ ഇതു വിശുദ്ധരഹസ്യങ്ങളുടെ സംസർഗത്തിൽനിന്ന് അകററിനിർത്തുന്നു; ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളും തമ്മിൽ കലർപ്പും കൂടിച്ചേരലും ഉണ്ടെന്നു സങ്കല്പിക്കുന്നവരെ ഇത് എതിർക്കുന്നു; നമ്മിൽനിന്ന് അവൻ എടുത്ത ദാസന്റെ രൂപം സ്വർഗ്ഗീയമോ മറെറന്തെങ്കിലുമോ ആണെന്നു തെററായി പഠിപ്പിക്കുന്നവരെ ഇത് ആട്ടിയോടിക്കുന്നു; യോജിപ്പിനുമുമ്പ് കർത്താവിനു രണ്ടു സ്വഭാവങ്ങളുണ്ടായിരുന്നെങ്കിലും യോജിപ്പിനുശേഷം ഒന്ന് ആയിത്തീർന്നു എന്നുപറയുന്നവരെ ഇത് ശപിക്കുന്നു.

അതുകൊണ്ട് പരിശുദ്ധ പിതാക്കന്മാരെ പിൻചെന്നുകൊണ്ട് ഞങ്ങളെല്ലാവരും ഒരേസ്വരത്തിൽ ഒരേ ഒരു പുത്രനായ നമ്മുടെ കർത്താവീശോമിശിഹായെ ഏററുപറയുന്നു. ദൈവത്വത്തിൽ അവൻ പൂർണ്ണനാണ്; മനുഷ്യത്വത്തിലും അവൻ പൂർണ്ണനാണ്. അവൻ സത്യദൈവവും സത്യമനുഷ്യനുമാണ്; അവനു ബൗദ്ധികാത്മാവും ശരീരവുമുണ്ട്; ദൈവത്വം സംബന്ധിച്ച് പിതാവുമായി അവൻ സമസത്തയാണ്.[5] മനുഷ്യത്വം സംബന്ധിച്ച് നാമുമായി അവൻ സമസത്തയാണ്; പാപം ഒഴികെ എല്ലാററിലും അവൻ നമുക്ക് തുല്യനായി.[6]



5. Consubstantial; 'homoousion to Patri' (Greek); ബർക്യാനാ ദാബൂയ് (സുറിയാനി).

6. Wherefore, following the holy Fathers we all with one voice confess our Lord Jesus Christ one and the same Son, the same perfect in Godhead, the same perfect in manhood, truly God and truly man, the same consisting of a reasonable soul and a body, of one substance with the Father as touching the Godhead, the same of one substance with us as touching the manhood, like us in all things apart from sin.

www.malankaralibrary.com



ദൈവത്വം സംബന്ധിച്ച്, യുഗങ്ങൾക്കു മുൻപ് അവൻ പിതാവിൽനിന്നു ജനിച്ചു; മനുഷ്യത്വം സംബന്ധിച്ച്, അവസാനനാളുകളിൽ അവൻ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി ദൈവമാതാവായ കന്യകമറിയാമിൽനിന്നു പിറന്നു. കലർപ്പില്ലാതെ, മാററമില്ലാതെ, വിഭജനമില്ലാതെ വേർതിരിവില്ലാതെ ഇരുസ്വഭാവങ്ങളിൽ[7] നാം അംഗീകരിക്കുന്ന ഒരേ ഒരു മിശിഹാ, പുത്രൻ, കർത്താവ്, ഏകജാതൻ. യോജിപ്പുവഴി സ്വഭാവങ്ങളുടെ വ്യത്യാസങ്ങൾ ഒരുതരത്തിലും ഇല്ലാതാകുന്നില്ല; മറിച്ച് ഓരോ സ്വഭാവത്തിൻെറയും സവിശേഷതകൾ പരിരക്ഷിക്കപ്പെട്ടുകൊണ്ട് ഒരു വ്യക്തിത്വം അഥവാ ഹ്യുപ്പോസ്ററസിസ് ആയി നിലകൊള്ളുന്നു.[8] ക്രിസ്തു രണ്ടു വ്യക്തികളായി വിഭജിക്കപ്പെടുന്നില്ല; വേർതിരിക്കപ്പെടുന്നുമില്ല; പിന്നെയോ, ഒരേ ഒരു പുത്രൻ; പ്രവാചകന്മാർ അവനെപ്പററി ആദിമുതൽ പ്രവചിച്ചതുപോലെയും, നമ്മുടെ കർത്താവീശോമിശിഹാ തന്നെ നമ്മെ പഠിപ്പിച്ചതുപോലെയും പിതാക്കന്മാർ നമുക്കു കൈമാറിയ വിശ്വാസപ്രമാണംപോലെയും ഏകപുത്രനും വചനമായ ദൈവവും ആണ് കർത്താവീശോമിശിഹാ.[9]

7. "En duo physesin asychutos, atreptos, adiaretos, achoristos" (Greek); (A. Hahn, Bibliothek der Symbole und Glaubensregeln der alten Kirchen Hildesheim 1962, p. 166-7); ബത്രേൻ ക്യാനേ, ദ്ലാശൂഹ്ലാപാ, വദ്ലാ ശൂഗ്നായാ, ദ്ലാ പൂലാഗാ, വദ്ലാ പുറാശാ (F. Schulthess, Die syrischen Kanones der Synoden von Nicaea bis Chalcedon, Berlin, 1908, p. 156)· അലക്സാണ്ഡ്രിയയിലെ 'ഏകസ്വഭാവ' പാത്രിയർക്കീസ് തിമോത്തി ഏലൂരുസ് (457-477) ഉപയോഗിച്ചിരിക്കുന്നത്: ലാ ബുൽബലാ, ഉലാ ശുഹ്ലാപാ, ഉലാ പുറാശാ (PO. 13. p. 230).

8. "Hen Prosopon kai mian hypostasin" (Bibliothek, p. 167); ലഹാദ് പർസോപാ വൽഹാദ് ക്നോമാ'' (സുറിയാനി).

9. Begotten of the Father before the ages as touching the Godhead, the same in the last days for us and for our salvation, born from the Virgin Mary, the Theotokos, as touching the manhood, one and the same Christ, Son, Lord, Only—Begotten, to be acknowledged in two natures, without confusion, without change, without division, without separation; the distinction of the natures being in no way abolished because of the union, but rather the characteristic property of each nature being preserved, and concurring into one person and one subsistence (hypostasis), not as if Christ were parted or divided into two persons, but one and the same Son, and only begotten God, Word, Lord, Jesus Christ: even as the Prophets from the beginning spoke concerning him, and our Lord Jesus Christ instructed us and the Creed of the Fathers was handed down to us.



ഏററം ശ്രദ്ധയോടും കൃത്യമായും ഈ സംഗതികൾ ഇപ്രകാരം രൂപീകരിച്ചതിനുശേഷം ഈ വിശുദ്ധ സാർവത്രിക സൂനഹദോസ് ഇപ്രകാരം പ്രഖ്യാപിക്കുന്നു: എഴുതിയോ, ക്രോഡീകരിച്ചോ, വിശ്വസിച്ചോ, മററുള്ളവരെ പഠിപ്പിച്ചോ, മറെറാരു വിശ്വാസപ്രമാണം ഉണ്ടാക്കുന്നത് നിയമവിരുദ്ധമാണ്. പുറജാതികളിൽനിന്നോ, യഹൂദരിൽനിന്നോ ഏതെങ്കിലും പാഷണ്ഡതയിൽനിന്നോ സത്യം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്ക് മറെറാരു വിശ്വാസപ്രമാണം നല്കുകയോ പഠിപ്പിക്കുകയോ, പ്രസിദ്ധീകരിക്കുകയോ, മറെറാരു തത്വസംഹിത എഴുതി ഉണ്ടാക്കുവാൻ തുനിയുകയോ ചെയ്യുന്നവർ —മെത്രാന്മാരോ, വൈദികരോ ആയാൽ—മെത്രാന്മാർ മെത്രാൻ സ്ഥാനത്തുനിന്നും വൈദികർ വൈദികരുടെ ജോലിയിൽനിന്നും ഭ്രഷ്ടരാക്കപ്പെടട്ടെ; അവർ സന്യാസികളോ അൽമായരോ ആണെങ്കിൽ മുടക്കപ്പെടട്ടെ.''

## ലെയോ മാർപാപ്പായുടെ ലേഖനം

കോൺസ്ററാൻറിനോപ്പിളിലെ ഫ്ളാവിയന് 449 ജൂൺ 13-ന് വിശുദ്ധ ലെയോ മാർപാപ്പാ അയച്ച ലേഖനം.[10]

ലെയോ തൻെറ വാത്സല്യ സഹോദരൻ ഫ്ളാവിയന്:

1. വാത്സല്യവാനേ, അങ്ങയുടെ ലേഖനം[11] വൈകി എത്തിയതിൽ ഞാൻ അത്ഭുതപ്പെടുന്നു; അതു വായിക്കുകയും എപ്പിസ്കോപ്പൽ സിനഡിൻെറ നടപടികൾ[12] ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും ചെയ്തപ്പോൾ വിശ്വാസത്തിൻെറ കലർപ്പില്ലായ്മ സംബന്ധിച്ച് നിങ്ങളുടെ ഇടയിൽ ഉടലെടുത്ത ഇടർച്ചയെക്കുറിച്ച് നാം ഇപ്പോൾ മനസ്സിലാക്കുന്നു; മുമ്പ് അവ്യക്തം എന്നു തോന്നിയത് ഇപ്പോൾ വളരെ വ്യക്ത

10. ലേഖനം 28; *PL.* 54: 75ff.; J. Stevenson, *Creeds, Councils and Controversies*, London, 1966, P. 315-323; *NPNF*2 14. 254-8.

11. ലെയോയുടെ കത്തുകളുടെ സമാഹാരത്തിലെ 22-ാം കത്ത്.

12. Home Synod (synodos endemousa); കോൺസ്ററാൻറിനോപ്പിളിൽ തദവസരം ഉണ്ടായിരുന്ന മെത്രാന്മാരുടെ യോഗം.

www.malankaralibrary.com



മായി. പ്രെസ്ബിറ്റർ എന്ന ബഹുമാന്യനാമം വഹിക്കുന്ന എവുത്തിക്കൂസ് വലിയ എടുത്തുചാട്ടക്കാരനും അല്പംപോലും പരിചയസമ്പത്തില്ലാത്തവനും ആണെന്നും, ''അയാൾ ജ്ഞാനിയായിരിക്കാനും നന്മചെയ്യാനും കൂട്ടാക്കിയില്ല; തന്റെ കിടക്കയിൽ അയാൾ ദുഷ്ടത നിരൂപിച്ചു'' (സങ്കീ. 36:4) എന്ന പ്രവാചകവചനം അയാളുടെ കാര്യത്തിൽ വാസ്തവമാണെന്നും അങ്ങയുടെ കത്തിൽ വ്യക്തമായിരുന്നു. എന്തുകൊണ്ടെന്നാൽ, അഭക്തമാനസ്സരായിരിക്കുകയും തങ്ങളേക്കാൾ പണ്ഡിതരും വിജ്ഞാനികളുമായവർക്കു വിധേയരാകാതിരിക്കുകയും ചെയ്യുക എന്നതിനേക്കാൾ ദുഷിച്ചതെന്താണ്? എന്നാൽ ഈ വിജ്ഞാനരാഹിത്യത്തിലേക്ക് മനുഷ്യർ നിപതിക്കുന്നു. സത്യത്തിന് എത്തിച്ചേരുന്നതിന് ഏതെങ്കിലും അവ്യക്തതയാൽ സാധിക്കാതെവരുമ്പോൾ, പ്രവാചകവചനങ്ങളെയോ, ശ്ലൈഹിക ലേഖനങ്ങളെയോ, സുവിശേഷങ്ങളുടെ ആധികാരികതയെയോ ആശ്രയിക്കാതെ, അവർ തങ്ങളിലേക്കുതന്നെ തിരിഞ്ഞ് തെറ്റിന്റെ പ്രബോധകരാകുന്നു. കാരണം, അവർ ഒരിക്കലും സത്യത്തിന് വിധേയരായിരുന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ, വിശ്വാസപ്രമാണത്തിന്റെ ആദ്യവാക്കുകൾപോലും മനസ്സിലാക്കാത്തവൻ പഴയ, പുതിയ നിയമങ്ങളുടെ വിശുദ്ധ പുറങ്ങളിൽനിന്ന് എന്തുവിജ്ഞാനമാണ് സമ്പാദിച്ചിട്ടുള്ളത്? ലോകം മുഴുവനുമുള്ള സ്നാനാർത്ഥികളെല്ലാം ഏകയോഗമായി പ്രഖ്യാപിക്കുന്നത് ഈ വൃദ്ധമനസ്സ് ഇതുവരെ ഗ്രഹിച്ചിട്ടില്ല.

2. വചനമായ ദൈവത്തിന്റെ തിരുവവതാരം സംബന്ധിച്ച് താൻ എന്തു മുറുകെപ്പിടിക്കണം എന്ന് അറിയാതെയും, വിശുദ്ധ ഗ്രന്ഥത്തിന്റെ വിശാലതലങ്ങളിലൂടെയുള്ള ശ്രദ്ധാപൂർവമായ അന്വേഷണത്തിലൂടെ അറിവിന്റെ പ്രകാശം സ്വീകരിക്കാൻ മനസ്സില്ലാതെയും അയാൾ വർത്തിച്ചു. എങ്കിലും ''സർവശക്തിയുള്ള പിതാവായ ദൈവത്തിലും, പരിശുദ്ധാത്മാവിൽനിന്നും കന്യകമറിയത്തിൽനിന്നും ജനിച്ചവനും,[13]

13. റോമൻ വിശ്വാസപ്രമാണത്തിലേതുപോലെ: de Spiritu Sancto et Maria Virgine.



നമ്മുടെ കർത്താവും തന്റെ ഏകജാതനുമായ യേശുക്രിസ്തുവിലും'', വിശ്വാസികളുടെ സമൂഹം മുഴുവൻ ഏറ്റുപറയുന്ന പൊതുവും ഏകരൂപവുമായ പ്രഖ്യാപനം ക്ഷമാപൂർവമുള്ള ശ്രവണത്താൽ അയാൾ കുറഞ്ഞപക്ഷം സ്വീകരിക്കണമായിരുന്നു. ഈ മൂന്നു പ്രഖ്യാപനങ്ങളാൽ എല്ലാ പാഷണ്ഡതകളുടെയും എല്ലാ കുതന്ത്രങ്ങളും കീഴടക്കപ്പെടുന്നു. കാരണം, ദൈവം സർവശക്തനും പിതാവും ആണെന്നു വിശ്വസിക്കുന്നതുവഴി, പിതാവിൽനിന്ന് ഒന്നിലും വ്യത്യസ്തനാകാതെ, പുത്രൻ പിതാവിനോടുകൂടി നിത്യനാണെന്നു കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ; അവിടുന്നു ദൈവത്തിൽനിന്നുള്ള ദൈവവും, സർവശക്തനിൽനിന്നുള്ള സർവശക്തനും, നിത്യനിൽനിന്നുള്ള നിത്യനുമായി ജനിച്ചവനാണ്. അവിടുന്ന് കാലത്തിൽ പിന്നീടുള്ളവനോ, ശക്തിയിൽ കുറഞ്ഞവനോ, മഹത്വത്തിൽ വ്യത്യസ്തനോ, സത്തയിൽ വിഭജിതനോ അല്ല, പിന്നെയോ, നിത്യപിതാവിന്റെ അതേ ഏകജാതൻ, അതേ നിത്യപുത്രൻ പരിശുദ്ധാത്മാവിൽനിന്നും കന്യകാമറിയത്തിൽനിന്നും ജനിച്ചു. ഈ കാലികജനനം, ദൈവികവും നിത്യവുമായ ആ ജനനത്തിൽനിന്ന് എന്തെങ്കിലും എടുത്തുമാറ്റുകയോ, അതോടുകൂടി എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്തില്ല. പിന്നെയോ, മരണത്തെ കീഴടക്കുവാനും, മരണത്തിന്മേൽ ആധിപത്യമുള്ള സാത്താനെ തന്റെ സ്വന്തം ശക്തികൊണ്ട് നശിപ്പിക്കുവാനും വേണ്ടി, വഞ്ചിക്കപ്പെട്ട മനുഷ്യന്റെ നവീകരണത്തിനായി അത് പൂർണ്ണമായി നല്കപ്പെട്ടിരിക്കുന്നു. കാരണം, പാപത്തിനു മലിനപ്പെടുത്താനോ മരണത്തിനു പിൻതിരിപ്പിക്കാനോ സാധിക്കാത്ത അവിടുന്ന് നമ്മുടെ സ്വഭാവം സ്വീകരിക്കുകയും അതിനെ തന്റേതാക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ, പാപത്തിന്റെയും മരണത്തിന്റെയും നിർമ്മാതാവിനെ കീഴടക്കുവാൻ നമുക്കു സാധിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പരിശുദ്ധാത്മാവിനാൽ ആണ് കന്യകാമാതാവിന്റെ ഉദരത്തിൽ അവിടുന്ന് ഉരുവായത്. കന്യാത്വഭംഗം കൂടാതെ അവൾ അവനെ ഗർഭംധരിച്ചതുപോലെ, കന്യാത്വഭംഗം കൂടാതെ അവൾ അവനെ പ്രസവിച്ചു.

www.malankaralibrary.com



എന്നാൽ എവുത്തിക്കൂസ് തനിക്കു പ്രത്യേകമായിട്ടുള്ള അന്ധതയാൽ ക്രിസ്തീയവിശ്വാസത്തിന്റെ ഏററം പരിശുദ്ധമായ ഈ ഉറവിടത്തിൽനിന്ന് ശരിയായ ജ്ഞാനം സമ്പാദിക്കാൻ അശക്തനായിത്തീർന്നെങ്കിൽ, അയാൾ സുവിശേഷപ്രബോധനങ്ങൾക്ക് സ്വയം സമർപ്പിക്കേണ്ടതായിരുന്നു. “അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലിപ്പുസ്തകം'' എന്ന് മത്തായി പറയുമ്പോൾ (1:1) ശ്ലൈഹിക പ്രസംഗത്തിൽനിന്ന് അയാൾ പ്രബോധനം സ്വീകരിക്കേണ്ടതായിരുന്നു. ''യേശുക്രിസ്തുവിന്റെ ദാസനും, ശ്ലീഹായാകുവാൻ വിളിക്കപ്പെട്ടവനും'', വിശുദ്ധ ലിഖിതങ്ങളിൽ തന്റെ പ്രവാചകന്മാർവഴി ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്ന ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവനും ആയ പൗലോസ് ''ജഡപ്രകാരം ദാവീദിന്റെ വംശത്തിൽനിന്നു ജനിച്ചവനായ തന്റെ പുത്രനെക്കുറിച്ചാണ് ഈ സുവിശേഷം'' എന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ (1:1-3) എഴുതുമ്പോൾ പ്രവാചകപുറങ്ങളെ വിധേയത്വത്തോടുകൂടി അയാൾ ശ്രദ്ധിക്കേണ്ടതായിരുന്നു. ''നിന്റെ സന്തതിയിൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും'' എന്ന് ദൈവം അബ്രഹാമിനോടു പറഞ്ഞ വാഗ്ദാനം കണ്ടുകൊണ്ട് (ഉല്പ. 12:3) ''സന്തതി'' എന്ന ഈ വാക്കിന്റെ ശരിയായ അർത്ഥത്തെപ്പററിയുള്ള എല്ലാ സംശയങ്ങളും ഒഴിവാക്കാനായി അവൻ ശ്ലീഹായെ അനുധാവനം ചെയ്യേണ്ടതായിരുന്നു. ശ്ലീഹാ പറയുന്നു: ''വാഗ്ദാനങ്ങൾ അബ്രഹാമിനോടും അവന്റെ സന്തതിയോടുമാണ്.'' ''അനേകർ'' എന്ന നിലയിൽ ''സന്തതികൾ'' എന്നല്ല അവൻ പറയുന്നത്; പിന്നെയോ, 'ഒരാൾ' എന്ന നിലയിൽ 'നിന്റെ സന്തതിക്ക്' എന്നാണ്, അതു മിശിഹായാകുന്നു (ഗലാ. 3:16). ''ഇതാ, കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള അമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും'' എന്ന ഏശായായുടെ വാക്കുകളും (7:14) തന്റെ ആന്തരിക ചെവികൾകൊണ്ട് അവൻ ശ്രവിക്കേണ്ടതായിരുന്നു. ''നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു, നമുക്കൊരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ അവൻ വഹിച്ചിരിക്കുന്നു. വലിയ ഉപദേശത്തിന്റെ ദൂതൻ, വിസ്മയാവഹനായ ഉപദേ



ഷ്ടാവ്, ശക്തനായ ദൈവം, സമാധാനപ്രഭു, വരാനിരിക്കുന്ന യുഗത്തിന്റെ പിതാവ് എന്നൊക്കെ അവൻ വിളിക്കപ്പെടും'' എന്ന അതേ പ്രവാചകന്റെ വാക്കുകളും (9:6) ആത്മാർത്ഥവും വിശ്വസ്തവുമായ ഹൃദയത്തോടുകൂടി അവൻ വായിക്കേണ്ടതായിരുന്നു.

അതുപോലെ, വഞ്ചനോദ്ദേശ്യത്തോടുകൂടി സംസാരിക്കുന്ന എവുത്തിക്കൂസ് ''കന്യകയുടെ ഉദരത്തിൽനിന്നു ജനിച്ച ക്രിസ്തുവിന് മനുഷ്യന്റെ രൂപമേ ഉണ്ടായിരുന്നുള്ളു; അവന്റെ അമ്മയുട ശരീരത്തിന്റെ യാഥാർത്ഥ്യം ഇല്ലായിരുന്നു'' എന്നരീതിയിൽ ''വചനം മാംസമായി'' എന്ന് പറയരുതായിരുന്നു.[14] അല്ലെങ്കിൽ, നിത്യകന്യകയും ഭാഗ്യവതിയുമായ മറിയത്തിന്റെ പക്കലേക്ക് മാലാഖാ അയയ്ക്കപ്പെട്ടപ്പോൾ, ''പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും. അതുകൊണ്ട്, നിന്നിൽനിന്നു പിറക്കുന്ന പരിശുദ്ധൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും'' എന്നു പ്രസ്താവിച്ച വാക്കുകളിൽനിന്ന് കന്യകയുടെ ഗർഭധാരണം ഒരു ദൈവികകർമ്മം ആകയാൽ ഗർഭം ധരിക്കപ്പെട്ട മാംസം ഗർഭം ധരിച്ചവളുടെ പ്രകൃതിയിൽനിന്നല്ല എന്ന പരിഗണനയാൽ, നമ്മുടെ കർത്താവായ യേശു നമ്മുടെ പ്രകൃതിയിൽനിന്നല്ല എന്ന് അവൻ ഊഹിച്ചതായിരിക്കുമോ? എന്നാൽ അതുല്യമായി അത്ഭുതകരവും, അത്ഭുതകരമായി അതുല്യവുമായ ആ ജനനം അതിന്റെ ഉത്ഭവത്തിന്റെ നവീനത്വംകൊണ്ട് ജനനത്തിന്റെ പ്രത്യേകമായ പ്രകൃതം നഷ്ടപ്പെട്ടു എന്ന രീതിയിലല്ല മനസ്സിലാക്കേണ്ടത്. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ് കന്യകയ്ക്കു ഫലദായകത്വം നല്കിയെങ്കിലും ശരീരത്തിന്റെ യാഥാർത്ഥ്യം അവളുടെ ശരീരത്തിൽനിന്നാണ് എടുക്കപ്പെട്ടത്. ''വിജ്ഞാനം തനിക്കായി ഒരു ഭവനം നിർമ്മിച്ചപ്പോൾ, (സദൃശ്യ. 9:1) വചനം മാംസമായി നമ്മിൽ വസിച്ചു'' (യോഹ. 1:14). അതായത്, മനുഷ്യത്വത്തിൽനിന്നെടുത്തതും ബൗദ്ധികജീവന്റെ ആത്മാവിനെ നിവേശിപ്പിച്ചതും ആയ ആ ശരീരത്തിൽ എന്നർത്ഥം.

---

14. 'ഇതു കൃത്യം എവുത്തിക്കൂസിന്റെ വീക്ഷണമല്ല; അയാളുടെ അനുയായികളുടെയോ ചില അപ്പൊള്ളിനാരിയരുടെയോ അഭിപ്രായമാണ്'' എന്നു കരുതുന്നവരുണ്ട്.

www.malankaralibrary.com



3. ഓരോ സ്വഭാവത്തിന്റെയും സത്തയുടെയും വ്യതിരിക്തപ്രകൃതി നിലനിന്നുകൊണ്ട്, മാററംകൂടാതെ ഏകയാളിൽ ഒന്നിച്ചുവരുന്നു. എളിമയെ ഔന്നത്യവും ബലഹീനതയെ ശക്തിയും മർത്യതയെ നിത്യതയും സ്വീകരിച്ചു; നമ്മുടെ അവസ്ഥയുടെ കടംവീട്ടുവാനായി, സഹിക്കുവാൻ കഴിവുള്ള സ്വഭാവത്തോട് സഹിക്കുവാൻ കഴിവില്ലാത്ത സ്വഭാവം ചേർക്കപ്പെട്ടു. അങ്ങനെ നമ്മുടെ സൗഖ്യമാക്കലിനുപററിയ ഔഷധമായി, ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള ഒരേയൊരു ''മധ്യസ്ഥനായ യേശുക്രിസ്തു എന്ന മനുഷ്യൻ'' (1 തിമോ. 2:5) ഒരു സ്വഭാവത്തിൽ മരണവിധേയനും മററതിൽ മരണാതീതനും ആയിരുന്നു.[15] ഇപ്രകാരം, യഥാർത്ഥ മനുഷ്യത്വത്തിന്റെ പൂർണ്ണവും സമഗ്രവുമായ പ്രകൃതത്തിൽ സത്യദൈവം ജനിച്ചു—തന്റേതായവയിൽ അവിടുന്നു പൂർണ്ണനാണ്; നമ്മുടേതായവയിലും പൂർണ്ണനാണ്. ''നമ്മുടേതായവയിൽ'' എന്ന വാക്കുകൾവഴി നാം അർത്ഥമാക്കുന്നത്, ആരംഭംമുതൽ സ്രഷ്ടാവു നമ്മിൽ രൂപീകരിച്ചതും നവീകരിക്കാനായി അവിടുന്നു സ്വയം സ്വീകരിച്ചതും എന്നാണ്. എന്തുകൊണ്ടെന്നാൽ, ചതിയൻ അവതരിപ്പിച്ചതും ചതിക്കപ്പെട്ട മനുഷ്യൻ അംഗീകരിച്ചതും രക്ഷിതാവിൽ അല്പംപോലും ഇല്ലായിരുന്നു. നമ്മുടെ ബലഹീനതകളിൽ ഭാഗഭാക്കാകുവാൻ അവിടുന്നു തിരുമനസ്സായെങ്കിലും, നമ്മുടെ പാപങ്ങളിൽ പങ്കുകാരനായില്ല. അവിടുന്ന് ദൈവത്വം കുറയ്ക്കാതെ, മനുഷ്യത്വം ചേർത്തുകൊണ്ട്, പാപക്കറകൂടാതെ സ്വയം ''ദാസന്റെ രൂപം'' എടുത്തു (ഫിലി. 2:7); അദൃശ്യൻ സ്വയം ദൃശ്യനാകുവാനും, സ്രഷ്ടാവും എല്ലാററിന്റെയും കർത്താവും ആയവൻ മർത്യനാകുവാനും തിരുമനസ്സായ സ്വയംശൂന്യമാക്കൽ ശക്തിയുടെ പരാജയമല്ല, ദയയുടെ താണിറങ്ങി വരലാണ്. അങ്ങനെ, ദൈവത്തിന്റെ ഛായയിൽ വസിക്കുന്നവൻ മനുഷ്യനാകുകയും, ദാസന്റെ രൂപത്തിൽ മനുഷ്യനായിത്തീരുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ കുറവുവരാതെ ഓരോ സ്വഭാവവും അതാതിനു സ്വന്തമായുള്ള പ്രത്യേകമായ സവിശേഷത കാത്തുസൂക്ഷിക്കുന്നു. ദൈവത്തിന്റെ രൂപം മനുഷ്യന്റെ രൂപത്തെ നീക്കിക്കളയാത്തതുപോലെ, ദാസന്റെ രൂപം ദൈവത്തിന്റെ രൂപത്തെ കുറച്ചുകളയുന്നില്ല. തന്റെ ചതിയാൽ വഞ്ചിക്കപ്പെട്ട്, മനുഷ്യനു ദൈവിക നല്വരങ്ങൾ നഷ്ടപ്പെട്ടെന്നും, അമർത്യതയുടെ ദാനം മനുഷ്യനിൽനിന്ന് ഉരിഞ്ഞുകളയപ്പെട്ടെന്നും, മനുഷ്യൻ മരണത്തിന്റെ കടുത്ത വിധിവാചകത്തിനു വിധേയനായെന്നും, തന്റെ ലംഘനത്തിന് ഒരു പങ്കാളി ഉണ്ടായതിനാൽ തന്റെ ദുഷ്ടതയിൽ ആശ്വാസം കണ്ടെത്തിയെന്നും, വലിയ ബഹുമാനത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചെങ്കിലും നീതിയുടെ കടുത്ത നിയമങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച്, അവനുവേണ്ടിയുള്ള തന്റെ പദ്ധതി അവിടുന്ന് മാററിക്കുറിച്ചെന്നും പിശാച് വീമ്പടിച്ചു. തന്റെ ഇച്ഛ തന്റെ കരുണയിൽനിന്നു മാററാൻ സാധിക്കാത്ത മാററമില്ലാത്ത ദൈവത്തിന്, കൂടുതൽ നിഗൂഢമായ രഹസ്യംവഴി നമ്മോടുള്ള തന്റെ സ്നേഹത്തിന്റെ ആദ്യപദ്ധതി പൂർത്തിയാക്കുവാനും പൈശാചിക ദുഷ്ടതയുടെ തന്ത്രങ്ങളാൽ കുററബോധത്തിലേക്കു നയിക്കപ്പെട്ട മനുഷ്യൻ ദൈവിക ലക്ഷ്യത്തിനെതിരെ നശിച്ചുപോകാതിരിക്കുവാനുമായി നിഗൂഢമായ ഉപദേശത്തിന്റേതായ ഒരു വ്യാപാരം ആവശ്യമായി വന്നു.

15. കൽക്കദോനിയ സൂനഹദോസിൽവച്ച് (451) ഇല്ലീരിയൻ-പലസ്തീനിയൻ മെത്രാന്മാർ ഇതിനെ എതിർത്തു. റോമൻ പ്രതിനിധികളുടെ വിശദീകരണത്തോടുകൂടി അവരുടെ എതിർപ്പ് അവസാനിച്ചു.



4. അതുകൊണ്ട്, ദൈവത്തിന്റെപുത്രൻ തന്റെ പിതാവിന്റെ മഹത്ത്വത്തിൽനിന്നു പിൻമാറാതെ തന്റെ സ്വർഗ്ഗീയ സിംഹാസനത്തിൽനിന്നു താഴേക്കിറങ്ങിവന്നു. പുതിയൊരു ജനനരീതിയാൽ പുതിയ ക്രമമനുസരിച്ച് ജനിച്ച് ഈ അധോലോകത്തിലേക്കു (എഫേ. 4:9) പ്രവേശിക്കുന്നു. പുതിയ ക്രമമനുസരിച്ച്—കാരണം, തന്നെ സംബന്ധിച്ചുള്ളവയിൽ അദൃശ്യൻ, നമ്മെ സംബന്ധിച്ചുള്ളവയിൽ ദൃശ്യനായി. അഗ്രാഹ്യൻ മനസ്സിലാക്കപ്പെടുവാൻ തിരുമനസ്സാകുകയും കാലത്തിൽ വസിക്കുവാൻ തുടങ്ങുകയും ചെയ്തു. പ്രപഞ്ചനാഥൻ, തന്റെ മഹത്ത്വത്തിന്റെ ആഴത്തിന്മേൽ നിഴൽവിരിച്ചുകൊണ്ട് ദാസന്റെ രൂപം എടുത്തു. സഹനാതീതനായ ദൈവം സഹനങ്ങൾക്കു വിധേയനായ മനുഷ്യനായിത്തീരുന്നതിനെയും അമർത്യൻ മരണത്തിന്റെ നിയമങ്ങൾക്കു വിധേയനാകുന്നതിനെയും

www.malankaralibrary.com



വെറുത്തില്ല. എന്നാൽ അവിടുന്ന് ഒരു പുതിയതരം ജനനത്തിലൂടെ ജനിച്ചു. അതായത്, ജഡമോഹത്തിനു വിധേയമാകുന്നതുവഴിയുള്ള കന്യാത്വഭംഗം കൂടാതെ ജഡത്തിന്റെ സത്ത പ്രദാനം ചെയ്യപ്പെട്ടു. നമ്മുടെ കർത്താവ് തന്റെ അമ്മയിൽനിന്നു സ്വഭാവമെടുത്തു; എന്നാൽ പാപം എടുത്തില്ല. തന്റെ ജനനം അത്ഭുതകരമായിരുന്നെങ്കിലും, കന്യകയുടെ ഉദരത്തിൽനിന്നു ജനിച്ച നമ്മുടെ കർത്താവേശുക്രിസ്തുവിൽ നമ്മുടേതിൽനിന്നു വ്യത്യസ്തമായ സ്വഭാവമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ സത്യദൈവമായവൻ സത്യമനുഷ്യനുമാണ്. മനുഷ്യത്വത്തിന്റെ വിനീതാവസ്ഥയ്ക്കും ദൈവത്വത്തിന്റെ ഔന്നത്യത്തിനും വ്യത്യസ്ത തലങ്ങൾ ഉള്ളതിനാൽ ഈ ഐക്യത്തിൽ യാഥാർത്ഥ്യരാഹിത്യം ഒന്നും ഇല്ല. എന്തുകൊണ്ടെന്നാൽ, താൻ കാണിച്ച അനുകമ്പയാൽ ദൈവത്തിന് മാററം സംഭവിക്കാത്തതുപോലെ, നല്കപ്പെട്ട മഹത്ത്വംവഴി മനുഷ്യത്വം ലയിച്ചുപോയില്ല. ഓരോ രൂപവും മറേറതുമായി സംസർഗത്തിലായിരുന്നുകൊണ്ട് അതാതിനു പ്രത്യേകമായ ദൗത്യം നിർവഹിക്കുന്നു. അതായത്, വചനം വചനത്തിന്റേതായവയും മാംസം മാംസത്തിന്റേതായവയും പ്രവർത്തിക്കുന്നു. ഒന്ന് അത്ഭുതങ്ങളാൽ മിന്നിത്തിളങ്ങുന്നു; മറേറത്, പീഡനങ്ങൾക്കു വിധേയമാകുന്നു.[16] വചനത്തിന് പിതാവിന്റെ മഹത്ത്വവുമായുള്ള സമാനത ഇല്ലാതാകുന്നില്ല; അതുപോലെ മാംസം നമ്മുടെ വംശത്തിന്റെ സ്വഭാവം ഉപേക്ഷിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഒരേ ഒരാൾ സത്യമായും ദൈവപുത്രനും മനുഷ്യപുത്രനുമാണ്. വീണ്ടും വീണ്ടും ആവർത്തിക്കേണ്ട കാര്യമാണിത്—'ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു' (യോഹ. 1:1) എന്നതനുസരിച്ച് അവിടുന്നു ദൈവമാണ്. 'വചനം മാംസമായി നമ്മുടെ ഇടയിൽ

16. കൽക്കദോനിയായിൽവച്ച് മേല്പറഞ്ഞ മെത്രാന്മാർ എതിർത്ത രണ്ടാമത്തെ ഫോർമുലയാണിത്. വിമർശനത്തെ നേരിടാൻ കോൺസ്ററാൻറിനോപ്പിളിലെ ആർച്ചുഡീക്കനായ ഏസ്യൂസ് സിറിലിന്റെ ഒരു കത്തിൽനിന്ന് ഒരു ഭാഗം വായിച്ചു (*PG* 77:196). സിറിലിന്റെ പ്രബോധനം തന്നെയാണ് ലെയോയുടേതും എന്നു തെളിയിച്ചുകൊടുത്തു.



വസിച്ചു' (1:14) എന്നതനുസരിച്ച് അവിടുന്നു മനുഷ്യനാണ്. 'എല്ലാവസ്തുക്കളും അവൻവഴി ഉണ്ടാക്കപ്പെട്ടു; അവനെ കൂടാതെ ഒന്നും ഉണ്ടാക്കപ്പെട്ടില്ല' (1:3) എന്നതിനാൽ ദൈവം. 'അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും നിയമത്തിനു വിധേയനാകുകയും ചെയ്തതിനാൽ' (ഗലാ. 4:4) മനുഷ്യൻ.

മാംസത്തിന്റെ ജനനം മനുഷ്യപ്രകൃതിയുടെ വെളിവാക്കലാണ്; കന്യകയുടെ ഗർഭധാരണം ദൈവികശക്തിയുടെ തെളിവാണ്. ശിശുവിന്റെ ശൈശവം അതിന്റെ നിസ്സാരമായ പിള്ളത്തൊട്ടിൽ കാണിക്കുന്നു. അത്യുന്നതന്റെ മഹത്ത്വം മാലാഖമാരുടെ ശബ്ദം വിളംബരം ചെയ്യുന്നു. ഹേറോദേസ് ദുഷ്ടതയോടുകൂടി ആരേ കൊല്ലുവാൻ പരിശ്രമിച്ചുവോ, അവൻ ഒരു ശിശുവിനെപ്പോലെയാണ്; എന്നാൽ വിദ്വാന്മാർ വിനയപൂർവം ആരാധിക്കുന്നതിൽ സന്തോഷിച്ചവൻ എല്ലാററിന്റെയും കർത്താവാണ്. തന്റെ മുന്നോടിയായ യോഹന്നാന്റെ സ്നാനത്തിന് അവിടുന്ന് അണഞ്ഞപ്പോൾതന്നെ, ജഡത്തിന്റെ മൂടുപടത്താൽ ദൈവത്വം മറയ്ക്കപ്പെട്ടിരുന്നതിനാൽ, അവിടുന്നു അറിയപ്പെടാതെ പോകാതിരിപ്പാനായി, 'ഇതാ, എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്താ. 3:17) എന്ന പിതാവിന്റെ ശബ്ദം ആകാശത്തിൽനിന്ന് അട്ടഹസിച്ചു. മനുഷ്യൻ എന്നനിലയിൽ, പിശാചിന്റെ തന്ത്രങ്ങളാൽ പരീക്ഷിക്കപ്പെട്ടവൻ, ദൈവമെന്ന നിലയിൽ മാലാഖമാരാൽ ശുശ്രൂഷിക്കപ്പെട്ടവൻ തന്നെയാണ്. വിശക്കുക, ദാഹിക്കുക, ക്ഷീണിക്കുക, ഉറങ്ങുക എന്നിവ വ്യക്തമായും മാനുഷികമാണ്. എന്നാൽ അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ തൃപ്തിപ്പെടുത്തുക, കുടിക്കുന്നവന് വീണ്ടും ദാഹം ജനിപ്പിക്കാത്ത ജീവജലം ശമറിയാക്കാരി സ്ത്രീക്കു നല്കുക, താഴാത്തപാദം കൊണ്ട് കടലിന്റെ മുകളിൽക്കൂടി നടക്കുക, കൊടുങ്കാററിനെ ശാസിച്ച് ഉയർന്നുവരുന്ന തിരമാലകളെ ശാന്തമാക്കുക എന്നിവ സംശയംകൂടാതെ ദൈവികമാണ്.

അതുകൊണ്ട്, നിരവധി ദൃഷ്ടാന്തങ്ങൾ പരിഗണിക്കുമ്പോൾ: മരിച്ച സ്നേഹിതനുവേണ്ടി വികാരവായ്പോടെ കരയുന്നതും കല്ലറയെ നാലുദിവസമായി മൂടിയിരുന്ന കല്ലെടുത്തുമാററിയപ്പോൾ ശക്തിയുള്ള വാക്കുകൊണ്ട് അതേ സ്നേ

www.malankaralibrary.com



ഹിതനെ മരണത്തിൽനിന്നു തിരിച്ചുവിളിച്ചതും; കുരിശിൽ തൂങ്ങിക്കിടക്കുകയും ഇരുട്ടിനെ പ്രകാശമായി മാററുകയും ആദിഭൂതങ്ങളെയെല്ലാം വിറപ്പിക്കുകയും ചെയ്യുന്നതും; ആണികളാൽ കുത്തിത്തുളയ്ക്കപ്പെടുന്നതും ദുഷ്കർമ്മിയുടെ വിശ്വാസത്തിന് പറുദീസായുടെ വാതിലുകൾ തുറന്നുകൊടുക്കുന്നതും ഒരേ സ്വഭാവത്തിന്റേതല്ലാത്തതുപോലെ, 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' (യോഹ. 10:30) എന്നു പറയുന്നതും 'എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു' (യോഹ. 14:28) എന്നു പറയുന്നതും ഒരേ സ്വഭാവത്തിന്റേതല്ല. എന്തുകൊണ്ടെന്നാൽ, കർത്താവേശുക്രിസ്തുവിൽ ദൈവവും മനുഷ്യനും ഏകയാളാണെങ്കിലും, രണ്ടിനും പൊതുവായിട്ടുള്ള മഹത്ത്വത്തിന്റെ അടിസ്ഥാനത്തിൽനിന്ന് വ്യത്യസ്തമാണ് രണ്ടും പങ്കിടുന്ന വിനീതാവസ്ഥയുടെ അടിസ്ഥാനം. കാരണം, പിതാവിനെക്കാൾ താണ മനുഷ്യത്വം നമ്മുടെ ഭാഗത്തുനിന്ന് അവിടുന്നു സ്വന്തമാക്കിയിരിക്കുന്നു; പിതാവിൽനിന്നു പിതാവിനു തുല്യമായ ദൈവത്വം അവിടുത്തേയ്ക്കുണ്ട്.[17]

5. അതുകൊണ്ട് ഇരുസ്വഭാവങ്ങളിലായി മനസ്സിലാക്കുന്ന വ്യക്തിത്വത്തിന്റെ ഈ ഐക്യംമൂലം മനുഷ്യപുത്രൻ 'സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു' എന്നും, ദൈവപുത്രൻ കന്യകയിൽനിന്നു ജഡമെടുത്തു എന്നും അവളിൽനിന്നും ജനിച്ചു എന്നും പറയപ്പെടുന്നു. വീണ്ടും, ഏകജാതൻ പിതാവുമായി നിത്യനും സമസത്തയുള്ളവനും ആകയാൽ, ദൈവത്വത്തിൽ തന്നെ സഹിച്ചില്ലെങ്കിലും, മനുഷ്യപ്രകൃതിയുടെ ബലഹീനതയിൽ ദൈവപുത്രൻ ക്രൂശിക്കപ്പെട്ടെന്നും കബറടക്കപ്പെട്ടെന്നും പറയപ്പെടുന്നു. തദനുസരണം, 'അവർ അറിഞ്ഞിരുന്നെങ്കിൽ മഹത്ത്വത്തിന്റെ കർത്താവിനെ ഒരിക്കലും ക്രൂശിക്കുമായിരുന്നില്ല' (1 കൊറി. 2:8) എന്ന ശ്ലൈഹിക വചനമനുസരിച്ച് 'ദൈവത്തിന്റെ ഏകജാതൻ ക്രൂശിക്കപ്പെടുകയും കബറടക്കപ്പെടുകയും ചെയ്തു' എന്നു വിശ്വാസപ്രമാണത്തിൽ നാമെല്ലാവരും ഏററുചൊല്ലുന്നു.

17. കൽക്കദോനിൽ വച്ച് എതിർപ്പിനെ നേരിടേണ്ടിവന്ന മൂന്നാമത്തെ ഫോർമുല: സിറിലിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് (Scholia, 27) തിയഡൊറെററ് ഈ വാചകത്തെ ന്യായീകരിച്ചു.



നമ്മുടെ കർത്താവും രക്ഷകനുമായവൻ തന്നെ തന്റെ ശിഷ്യരെ ചോദ്യം ചെയ്തുകൊണ്ട് അവരെ വിശ്വാസത്തിൽ പ്രബോധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, ''മനുഷ്യപുത്രനായ ഞാൻ ആരാണെന്നാണു മനുഷ്യർ പറയുന്നത്'' എന്ന് ആരാഞ്ഞു. അവർ മററുള്ളവരുടെ വിവിധാഭിപ്രായങ്ങൾ വിവരിച്ചപ്പോൾ അവിടുന്നു ചോദിച്ചു: ''എന്നാൽ ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്?'' അതായത്, മനുഷ്യപുത്രനും, ദാസന്റെ രൂപത്തിലും ശാരീരികനുമായി നിങ്ങൾ ദർശിക്കുന്നവനുമായ ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്? അപ്പോൾ ഭാഗ്യവാനായ പത്രോസ് ദൈവപ്രചോദിതനായും, തന്റെ പ്രത്യുത്തരം വഴി എല്ലാ ജനതകൾക്കും പ്രയോജനം ഉണ്ടാകുവാനായും പ്രത്യുത്തരിച്ചു: ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു'' (മത്താ. 16:13ff). അവൻ അർഹിക്കുന്നരീതിയിൽ കർത്താവ് അവനെ ഭാഗ്യവാൻ എന്നു വിളിച്ചു. ഒരേയാൾ ദൈവപുത്രനും മിശിഹായുമാണെന്ന് അവൻ പ്രഖ്യാപിച്ചതുവഴി, മൂലക്കല്ലിൽനിന്ന് അവന്റെ അധികാരത്തിന്റെയും അവന്റെ നാമത്തിന്റെയും ശക്തി അവൻ സമ്പാദിച്ചു; കർത്താവായ യേശുക്രിസ്തു ദൈവം മാത്രമാണ്, മനുഷ്യൻകൂടിയല്ല, അല്ലെങ്കിൽ മനുഷ്യൻ മാത്രമാണ്, ദൈവമല്ല എന്നു ചിന്തിച്ച് ഈ സത്യങ്ങളിൽ ഒന്നു വിട്ടിട്ട് മറെറാന്നു മാത്രം സ്വീകരിക്കുന്നത് രക്ഷയ്ക്കുതകില്ല.

എന്നാൽ കർത്താവിന്റെ ഉത്ഥാനാനന്തരം നമ്മുടെ വിശ്വാസത്തിന്റെ പരിശുദ്ധിയുടെ വെടിപ്പാക്കൽ അല്ലാതെ മറെറന്താണ് നാല്പതുദിവസത്തെ ഇടവേളയിൽ അവിടുന്നു ചെയ്തത്?—വാസ്തവത്തിൽ, യഥാർത്ഥശരീരത്തിൽ തന്നെയാണ് കർത്താവ് ഉത്ഥാനം ചെയ്തത്. കാരണം, ക്രൂശിക്കപ്പെടുകയും മരിക്കയും ചെയ്തയാളല്ലാതെ മററാരും ഉയിർപ്പിക്കപ്പെട്ടിട്ടില്ല—എന്തുകൊണ്ടെന്നാൽ, തന്റെ ശിഷ്യരോട് സംസാരിച്ചുകൊണ്ടും, അവരോടുകൂടി ഭക്ഷിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ടും, സംശയഗ്രസ്തരായവരാൽ കരുതലോടും ശ്രദ്ധയോടുംകൂടി സ്പർശിക്കപ്പെടുന്നതിന് അനുവദിച്ചുകൊണ്ടും—അതേ ലക്ഷ്യത്തിനുവേണ്ടി, കതകുകൾ അടച്ചിരിക്കെ തന്റെ ശിഷ്യരുടെ മധ്യത്തിലേക്കു പ്രവേശിക്കുകയും,

www.malankaralibrary.com



തന്റെ നിശ്വാസംവഴി അവർക്കു പരിശുദ്ധാത്മാവിനെ നല്കുകയും അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടും തിരുലിഖിതങ്ങളുടെ രഹസ്യങ്ങൾ അവിടുന്ന് പ്രസ്പഷ്ടമാക്കിക്കൊടുത്തു. വീണ്ടും, ''എന്റെ കൈകളും കാലുകളും നിങ്ങൾ കാണുവിൻ. ഇതു ഞാനാണ്. എന്നെ സ്പർശിച്ച് ഉറപ്പുവരുത്തുവിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ, അരൂപിക്ക് മാംസവും അസ്ഥികളും ഇല്ലല്ലോ'' (ലൂക്ക. 24:31) എന്നുപറഞ്ഞുകൊണ്ട് അതേ കർത്താവ് തന്റെ തിരുവിലാവിലെ മുറിവും, ആണിപ്പഴുതുകളും, അടുത്തു സംഭവിച്ച തന്റെ പീഡാനുഭവത്തിന്റെ അടയാളങ്ങളും അവരെ കാണിച്ചു. ദൈവസ്വഭാവത്തിന്റെയും മനുഷ്യസ്വഭാവത്തിന്റെയും ഗുണവിശേഷങ്ങൾ അഭേദ്യമായി തന്നിൽ തുടരുന്നതായി നാം അംഗീകരിക്കാനും, ഏകദൈവപുത്രൻ വചനവും മാംസവുമാണ് എന്ന് ഏററുപറയുന്ന രീതിയിൽ വചനം മാംസമല്ല എന്ന് നാം മനസ്സിലാക്കാനും ആണ് ഇവയൊക്കെ നടന്നത്.

ഈ വിശ്വാസരഹസ്യം സംബന്ധിച്ച് എവുത്തിക്കൂസ് തികച്ചും അജ്ഞനായിരുന്നു എന്നുവേണം വിധിക്കാൻ, കാരണം, ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ, തന്റെ മർത്യതയുടെ ബലഹീനതയിലൂടെയോ, തന്റെ ഉത്ഥാനത്തിന്റെ മഹത്വത്തിലൂടെയോ നമ്മുടെ പ്രകൃതി അയാൾ അംഗീകരിക്കുന്നില്ല. ''യേശുക്രിസ്തു ജഡത്തിൽ സമാഗതനായി എന്ന് ഏററുപറയുന്ന ഓരോ ആത്മാവും ദൈവത്തിൽനിന്നാണ്; യേശുവിനെ വേർപെടുത്തുന്ന ആത്മാക്കൾ ദൈവത്തിൽനിന്നല്ല; ഇതാണ് എതിർക്രിസ്തു'' (1 യോഹ. 4:2ff) എന്ന ഭാഗ്യവാനും ശ്ലീഹായും സുവിശേഷകനുമായ യോഹന്നാന്റെ പ്രഖ്യാപനത്തോട് അയാൾ ബഹുമാനം കാണിക്കുന്നുമില്ല. യേശുവിന്റെ മനുഷ്യസ്വഭാവം തന്നിൽനിന്നു വിച്ഛേദിക്കുകയും നാം ഏതിനാൽമാത്രം രക്ഷിക്കപ്പെടുന്നുവോ, ആ രഹസ്യത്തെ ഏററവും ധിക്കാരംനിറഞ്ഞ പൊട്ടക്കഥകൾകൊണ്ട് അർത്ഥശൂന്യമാക്കുകയും ചെയ്യുന്നതല്ലാതെ, ''യേശുവിനെ വേർപെടുത്തുക'' എന്നത് മറെറന്താണ്? വാസ്തവത്തിൽ, ക്രിസ്തുവിന്റെ ശരീരത്തിന്റെ സ്വഭാവം സംബന്ധിച്ച് പൂർണ്ണമായും, അന്ധകാരത്തിൽ ആയിരിക്കുന്നതുകൊണ്ട്, തന്റെ പീഡാനു



ഭവം സംബന്ധിച്ചും അതേ അന്ധതയാൽ അയാൾ വിഡ്ഢിയാക്കപ്പെടേണ്ടിയിരിക്കുന്നു. കാരണം, കർത്താവിന്റെ കുരിശ് യഥാർത്ഥമല്ല എന്ന് കരുതാതിരിക്കുകയും, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി അവിടുന്നു സഹിച്ച ശിക്ഷയുടെ യാഥാർത്ഥ്യത്തെപ്പററി സംശയിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, ആരുടെ മരണത്തിൽ അയാൾ വിശ്വസിക്കുന്നുവോ, ആ വ്യക്തിയുടെ ശരീരത്തെ അവൻ അംഗീകരിക്കട്ടെ; കഷ്ടതകൾക്കു വിധേയനായ വ്യക്തിയായി അവൻ അറിയുന്ന ആൾ നമ്മെപ്പോലെ ശരീരം ഉള്ള മനുഷ്യനായിരുന്നു എന്നത് അവൻ അവിശ്വസിക്കാതിരിക്കട്ടെ; കാരണം, അവിടുത്തെ ശരീരത്തിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നത് ശാരീരിക സഹനങ്ങളുടെ കൂടെ നിഷേധമാണ്. അതുകൊണ്ട്, അയാൾ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും സുവിശേഷപ്രസംഗത്തിന് ചെവി അടച്ചുകളയാതിരിക്കുകയും ചെയ്യുന്നെങ്കിൽ ആണികളാൽ തുളയ്ക്കപ്പെട്ടതും കുരിശുമരത്തിൽ തൂങ്ങിക്കിടന്നതും ഏതു സ്വഭാവമാണെന്ന് പരിഗണിക്കട്ടെ; കുരിശിൽ തറയ്ക്കപ്പെട്ടവന്റെ പാർശ്വം പടയാളി തന്റെ കുന്തത്താൽ കുത്തിത്തുറന്നപ്പോൾ, ദൈവത്തിന്റെ സഭ മാമോദീസാത്തൊട്ടിയാലും കാസായാലും കഴുകപ്പെടാനായി, എവിടെനിന്നാണ് ''രക്തവും വെള്ളവും ഒഴുകിയത്'' (യോഹ. 19:34) എന്ന് അയാൾ മനസ്സിലാക്കട്ടെ.

''ക്രിസ്തുവിന്റെ രക്തത്തിന്റെ തളിപ്പാൽ ആത്മാവിന്റെ വിശുദ്ധീകരണം ലഭിക്കുന്നു'' എന്ന് ഭാഗ്യവാനായ പത്രോസ്ശ്ലീഹാ പ്രസംഗിക്കുന്നതും അവൻ കേൾക്കട്ടെ. അതുപോലെ, ''പിതാക്കന്മാരിൽ നിന്ന് നിങ്ങൾ അവകാശമാക്കിയ വ്യർത്ഥമാർഗങ്ങളിൽനിന്ന് നിങ്ങൾ രക്ഷിക്കപ്പെട്ടത് നശ്വരമായ പൊന്നോ, വെള്ളിയോ കൊണ്ടല്ല, കറയും കളങ്കവും ഇല്ലാത്ത ക്രിസ്തുവിന്റെ അമൂല്യരക്തംകൊണ്ടാണെന്ന് അറിയാമല്ലോ'' (1 പത്രോ. 1:2.18) എന്നു പറയുന്ന അതേ ശ്ലീഹായുടെ വാക്കുകൾ അവൻ ശ്രദ്ധാപൂർവം വായിക്കട്ടെ. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യത്തെയും അവൻ എതിർക്കാതിരിക്കട്ടെ. ''ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം നമ്മെ സകല പാപങ്ങളിലും നിന്നു ശുദ്ധീകരിക്കുന്നു''

www.malankaralibrary.com



(1 യോഹ. 1:7). വീണ്ടും ''ലോകത്തിന്മേൽ നമുക്കുള്ള വിജയമാണ് നമ്മുടെ വിശ്വാസം. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ ആരാണ് ലോകത്തെ ജയിക്കുന്നത്? ജലത്താലും രക്തത്താലും വന്നവനാണ് യേശുമിശിഹാ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലുമാണ്. ആത്മാവ് സത്യമാകയാൽ ആത്മാവാണ് സാക്ഷ്യം നല്കുന്നത്. കാരണം ആത്മാവ്, ജലം, രക്തം എന്നിങ്ങനെ സാക്ഷ്യം നല്കുന്നത് മൂന്നാണ്; ഈ മൂന്നും ഒന്നാകുന്നു'' (5:4ff). അതായത്, വിശുദ്ധീകരണത്തിന്റെ ആത്മാവ്, വീണ്ടെടുപ്പിന്റെ രക്തം, സ്നാനജലം; ഇവ മൂന്നും ഒന്നാകുന്നു, അഭേദ്യമായി നിലകൊള്ളുന്നു, ഇവയിലൊന്നും മററുള്ളവയുമായുള്ള ഐക്യത്തിൽനിന്ന് വേർപെടുന്നില്ല. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭ ജീവിക്കുകയും ഇതിനാൽ പുരോഗമിക്കുകയും ചെയ്യുന്നു. അങ്ങനെ യേശുക്രിസ്തുവിൽ യഥാർത്ഥ ദൈവത്വംകൂടാതെ മനുഷ്യത്വമോ, മനുഷ്യത്വംകൂടാതെ ദൈവത്വമോ വിശ്വസിക്കപ്പെടുന്നില്ല.

6. ''ഐക്യത്തിനുമുൻപ് നമ്മുടെ കർത്താവ് രണ്ടു സ്വഭാവങ്ങളിൽനിന്നാണ് എന്നു ഞാൻ അംഗീകരിക്കുന്നു; എന്നാൽ, ഐക്യത്തിനുശേഷം ഞാൻ ഏകസ്വഭാവമേ അംഗീകരിക്കുന്നുള്ളു'' എന്ന് അങ്ങയുടെ പരിശോധനയുടെ മറുപടിയായി എവുത്തിക്കൂസ് പറഞ്ഞപ്പോൾ, ഇത്രയും അപഹാസ്യമായതും ഇത്രയും വഴിപിഴച്ചതുമായ അഭിപ്രായത്തെ അയാളുടെ ന്യായാധിപന്മാർ ഗൗരവമായി കുററപ്പെടുത്തിയില്ല എന്നതിലും, നിന്ദ്യമായ ഒന്നും കേട്ടില്ലെന്ന മട്ടിൽ ഏററം ഭോഷത്തപരവും ദൈവദൂഷണപരവുമായ സംസാരം പരിഗണിക്കാതെ കടത്തിവിട്ടു എന്നതിലും ഞാൻ അത്ഭുതപ്പെടുന്നു. 'വചനം മാംസമായതിനുശേഷം ഒരേ ഒരു സ്വഭാവം മാത്രമേയുള്ളു' എന്നുപറയുന്നത് അപഹാസ്യമായിരിക്കുന്നതുപോലെ അഭക്തമാണ് മനുഷ്യാവതാരത്തിനുമുൻപ് ദൈവത്തിന്റെ ഏകജാതൻ രണ്ടുസ്വഭാവങ്ങളിൽനിന്നാണ് എന്നുപറയുന്നത്. 'ശരിയോ ന്യായീകരിക്കത്തക്കതോ എന്ന് കരുതാതെ ഈ പ്രസ്താവനയിൽനിന്ന് എവുത്തിക്കൂസിനെ തടയാൻ ഏററം തല്പരനായിരിക്കുക' എന്ന് പ്രിയസഹോദരാ, നാം അങ്ങേയ്ക്കു മുന്നറിയിപ്പുതരുന്നു.



കാരണം, അങ്ങു പ്രസ്താവിച്ച കൃത്യമായ പ്രസ്താവനയും ഇതിനെ തറപററിച്ചിട്ടില്ല. ഈ പ്രശ്നം തൃപ്തികരമായി പരിഹരിക്കപ്പെട്ടാൽ, എടുത്തുചാട്ടക്കാരനും പാമരനുമായ അയാൾ പകർച്ചവ്യാധിപോലുള്ള തന്റെ അഭിപ്രായത്തിൽനിന്ന്, ദൈവത്തിന്റെ കരുണനിറഞ്ഞ പ്രചോദനത്താൽ ശുദ്ധീകരിക്കപ്പെട്ടേക്കാം. എന്തുകൊണ്ടെന്നാൽ നടപടികളുടെ ക്രമം വ്യക്തമാക്കുന്നതുപോലെ, തന്റെ അഭിപ്രായത്തിൽനിന്നുള്ള പിന്തിരിയൽവഴി അയാൾ നല്ലൊരാരംഭം കുറിച്ചു. അങ്ങയുടെ തീരുമാനത്താൽ വാക്കുമുട്ടിപ്പോയപ്പോൾ, മുമ്പു പറയാതിരുന്നവ പറയുന്നതായും വിധിവാചകത്തിനർഹമായ ആ വിശ്വാസം പിൻവലിക്കുന്നതായും നടിച്ചു.

എങ്കിലും അയാൾ സദുദ്ദേശ്യത്തോടും ആത്മാർത്ഥതയോടുംകൂടി ദുഃഖിക്കുകയും, എപ്പിസ്ക്കോപ്പൽ അധികാരം എത്ര ശരിയായിട്ടാണു നീങ്ങിയിരിക്കുന്നതെന്ന് ഈ അവസാന നാഴികയിലെങ്കിലും അംഗീകരിക്കുകയും ചെയ്താൽ, അഥവാ, അയാൾ തന്റെ സ്വന്ത അധരങ്ങൾകൊണ്ടും യഥാർത്ഥ കൈയൊപ്പുകൊണ്ടും അംഗീകരിച്ചാൽ, എത്ര ഗൗരവമായിരുന്നാലും ഇപ്പോൾ അനുതപിക്കുന്ന അയാളോട് അനുകമ്പ കാണിക്കുന്നതിന് ആരും നമ്മെ കുററപ്പെടുത്തുകയില്ല. എന്തുകൊണ്ടെന്നാൽ, ''ആടുകൾക്കുവേണ്ടി തന്റെ ജീവൻ വയ്ക്കുകയും'' (യോഹ. 10:15) 'മനുഷ്യരുടെ ആത്മാക്കളെ നശിപ്പിക്കാനല്ല രക്ഷിക്കാൻവേണ്ടി വരികയും' (ലൂക്ക. 9:56) ചെയ്ത യഥാർത്ഥത്തിലുള്ള നല്ലിടയനായ നമ്മുടെ കർത്താവ്, അവിടുത്തെ സ്നേഹനിർഭരമായ കരുണയെ നാം അനുകരിക്കുന്നവരാകുവാൻ ആഗ്രഹിക്കുന്നു. നീതി യഥാർത്ഥത്തിൽ പാപികളെ നിയന്ത്രിക്കണമെങ്കിലും, കാരുണ്യം അനുതാപികളെ നിരസിക്കരുതെന്ന് അത് അർത്ഥമാക്കുന്നു. തെററായ അഭിപ്രായത്തെ മുറുകെപിടിക്കുന്നവർ അതിനെ ശപിക്കുമ്പോഴാണ് സത്യവിശ്വാസം ഏററവും പ്രയോജനപ്രദമായരീതിയിൽ ന്യായീകരിക്കപ്പെടുന്നത്.

വിധേയത്വത്തോടും വിശ്വസ്തതയോടുംകൂടെ എല്ലാക്കാര്യങ്ങളും നടപ്പാക്കുന്നതിനായി നമ്മുടെ സഹോദരന്മാരായ

www.malankaralibrary.com



ജൂലിയസ് മെത്രാനെയും റെനാത്തുസ് പ്രെസ്ബിററെയും അതുപോലെ എന്റെ മകൻ ഹിലരി ശെമ്മാശ്ശനെയും നമ്മുടെ പ്രതിനിധികളായി നാം നിയമിച്ചിരിക്കുന്നു.[18] അവരോടുകൂടി ദുൾചിസിയുസ് എന്ന നമ്മുടെ നോട്ടറിയും ഉണ്ട്. അവരുടെ വിശ്വാസ്യത തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. തെററിൽ ഉൾപ്പെട്ട യാളിന് രക്ഷിക്കപ്പെടാനുള്ള ദൈവകൃപ ലഭിക്കുമെന്ന് ആത്മ വിശ്വാസത്തോടുകൂടെ നാം പ്രതീക്ഷിക്കുന്നു. അയാളുടെ ദുഷിച്ച അഭിപ്രായം ശപിക്കപ്പെട്ടിരിക്കുന്നു. ഏററവും പ്രിയ സഹോദരാ, ദൈവം അങ്ങയെ കാത്തുസൂക്ഷിക്കട്ടെ.

ജൂൺ 13. മഹനീയരായ അസ്തേരിയുസിന്റെയും പ്രൊതോജെനെസിന്റെയും കോൺസുലേററുകാലത്ത്.

**കാനോനാകൾ**

1. എല്ലാ സിനഡുകളുടെയും കാനോനാകൾ അഭംഗുരം കാത്തുസൂക്ഷിക്കുന്നതിനെ സംബന്ധിച്ച്:

വിശുദ്ധപിതാക്കന്മാർ സൂനഹദോസുകളിൽ ഇതപര്യന്തം പുറപ്പെടുവിച്ചിട്ടുള്ള കാനോനാകൾ പ്രാബല്യത്തിൽ നില നില്ക്കണം എന്നത് ന്യായയുക്തമാണെന്ന് ഞങ്ങൾ കരുതുന്നു.

2. പണത്തിനുവേണ്ടി പട്ടം കൊടുക്കുന്നതിനെതിരെ:

പണത്തിനുവേണ്ടി ഏതെങ്കിലും മെത്രാൻ, പട്ടം കൊടുക്കുകയും കച്ചവടം നടത്തരുതാത്ത കൃപാവരം കച്ചവടച്ചരക്കാക്കുകയും; പണത്തിനുവേണ്ടി മെത്രാനെയോ; കോറെപ്പിസ്ക്കോപ്പായെയോ, പ്രെസ്ബിററെയോ, ഡീക്കനെയോ, വൈദികഗണത്തിൽ ഉൾപ്പെടുന്ന മററാരെയെങ്കിലുമോ, അഥവാ, പണത്തിനു

18. പുതെയോളി മെത്രാൻ ജൂലിയസ്; യാത്രയ്ക്കിടയിൽ ദേലോസിൽ വച്ച് റെനാത്തുസ് മരിച്ചു. ഹിലരി റോമിൽ ആർച്ചുഡീക്കനായിരുന്നു; ലെയോയുടെ പിൻഗാമിയായി റോമാമെത്രാനായി. എഫേസൂസിൽ വച്ചുകൂടിയ (449) സിനഡിലേക്ക് പ്രതിനിധികളായി ലെയോ അയച്ചവരായിരുന്നു ഇവർ.



വേണ്ടി മാനേജരെയോ, നിയമവിദഗ്ധനെയോ, വാർഡനെയോ, അഥവാ, വ്യക്തിപരമായ ഭൗതികനേട്ടത്തിനായി ഏതെങ്കിലും സഭാസ്ഥാനിയെയോ വാഴിക്കുകയും ചെയ്താൽ; ഇതിനായി ശ്രമിച്ച്, അവനെ നയിച്ചവൻ എന്ന് തെളിയിക്കപ്പെട്ടവന് അയാളുടെ സ്ഥാനം നഷ്ടപ്പെടുന്നതാണ്; പട്ടം കിട്ടിയവന് താൻ വാങ്ങിയ പട്ടത്തിൽനിന്നും നിയമനത്തിൽനിന്നും ഒന്നും ലഭിക്കാതിരിക്കട്ടെ; പിന്നെയോ, ധനംകൊണ്ട് അവനുകിട്ടിയ ചുമതലയിൽനിന്നും മാന്യസ്ഥാനത്തുനിന്നും അവൻ നീക്കപ്പെടട്ടെ. നിയമവിരുദ്ധമായതും നാണംകെട്ടതുമായ ഈ കാര്യങ്ങളിൽ മധ്യവർത്തിയായി ആരെങ്കിലും വർത്തിച്ചു എന്നു കണ്ടാൽ, അയാൾ ഒരു വൈദികസ്ഥാനിയാണെങ്കിൽ തന്റെ സ്ഥാനത്തുനിന്ന് നീക്കപ്പെടട്ടെ; ഒരു സന്യാസിയോ അൽമായനോ ആണെങ്കിൽ മുടക്കപ്പെടട്ടെ.[1]

3. വൈദികസ്ഥാനികളും സന്യാസികളും മററുള്ളവരുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിനെതിരെ:

വൈദികസമൂഹത്തിൽ പേരെഴുതപ്പെട്ട ചിലയാളുകൾ, ലൗകികനേട്ടങ്ങളെപ്രതി മററുള്ളവരുടെ വസ്തുവകകളുടെ കാര്യസ്ഥന്മാരായിത്തീരുകയും ദൈവസേവനം അവഗണിച്ച് അൽമായരുടെ ഭവനങ്ങളിൽ കയറിയിറങ്ങി ധനതൃഷ്ണയാൽ അവരുടെ വസ്തുവകകളുടെ ചുമതല ഏറെറടുത്ത് ലൗകികകാര്യങ്ങളിൽ വ്യാപരിക്കുകയും ചെയ്യുന്നതായി ഈ പരിശുദ്ധ സൂനഹദോസിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതുകൊണ്ട്, മൈനർമാരുടെ സംരക്ഷണം ഏറെറടുക്കാൻ നൈയാമികമായും ഒഴിച്ചുകൂടാൻ പാടില്ലാത്തവിധവും വിളിക്കപ്പെടുകയോ, അഥവാ, കർത്തൃഭയത്താൽ സഭാകാര്യങ്ങൾ ഏറെറടുക്കാനോ, അനാഥർക്കും അശരണരായ വിധവകൾക്കും, സഭാസംരക്ഷണം പ്രത്യേകമായി ആവശ്യമുള്ളവർക്കുംവേണ്ടി സ്ഥലത്തെ മെത്രാൻ നിയമിക്കയോ ചെയ്യുമ്പോളൊഴിച്ച്, ആരും—മെത്രാനോ, വൈദികനോ, സന്യാസിയോ ആയിരിക്കട്ടെ—മേലിൽ വസ്തുവകകൾ കൈകാര്യം ചെയ്യുവാനോ ലൗകികകാര്യങ്ങളുടെ കാര്യ

1. അപ്പസ്തോലിക കാനോനാകൾ 29-30; ലവദീക്യാ സിനഡ്, (325/381), കാനൻ 12; കേസറിയായിലെ ബേസിൽ, കാനൻ 90/91.

www.malankaralibrary.com



സ്ഥനായിരിക്കാനോ പാടില്ല എന്ന് ഈ പരിശുദ്ധവും മഹനീയവുമായ സിനഡ് കല്പിക്കുന്നു. ഭാവിയിൽ ഈ ഡിക്രികളെ ലംഘിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ, സഭാശിക്ഷകൾക്ക് അയാളെ വിധേയനാക്കണം.[2]

4. തങ്ങളുടെ മെത്രാന്റെ ഹിതത്തിനെതിരായി എന്തെങ്കിലും ചെയ്യുകയോ, ആശ്രമം സ്ഥാപിക്കുകയോ, ലൗകികകാര്യങ്ങളിൽ വ്യാപരിക്കുകയോ ചെയ്യുന്ന സന്യാസികൾക്കെതിരെ:[3]

സത്യമായും ആത്മാർത്ഥമായും സന്യാസജീവിതം നയിക്കുന്നവരെ എല്ലാവരും ശരിയായി അംഗീകരിക്കണം. എന്നാൽ സന്യാസവസ്ത്രം ധരിച്ചുകൊണ്ട് സഭാകാര്യങ്ങളിലും ലൗകികകാര്യങ്ങളിലും തലയിടുകയും നഗരങ്ങളിൽ വകതിരിവില്ലാതെ ചുററിക്കറങ്ങുകയും, തങ്ങൾക്കായി ആശ്രമങ്ങൾ സ്ഥാപിക്കുകപോലും ചെയ്യുകയും ചെയ്യുന്ന ചിലർ ഉള്ളതിനാൽ, സ്ഥലത്തെ മെത്രാന്റെ ഹിതത്തിനെതിരായി ആരും എങ്ങും ആശ്രമം സ്ഥാപിക്കാനോ പ്രാർത്ഥനാലയം തുടങ്ങാനോ പാടില്ല. ഓരോരോ നഗരത്തിലും പ്രദേശത്തുമുള്ള സന്യാസികൾ മെത്രാനു വിധേയരായിരിക്കണം, സമാധാനവും ശാന്തിയും വളർത്തണം, തങ്ങളുടെ വാസസ്ഥലത്തുതന്നെ താമസിച്ചുകൊണ്ട് പ്രാർത്ഥനയിലും ഉപവാസത്തിലും മാത്രം ശ്രദ്ധിക്കണം. എന്തെങ്കിലും അവശ്യാവശ്യം പ്രമാണിച്ച് സ്ഥലത്തെ മെത്രാൻ നിർദ്ദേശിച്ചാലല്ലാതെ അവർ തങ്ങളുടെ ആശ്രമം വിട്ടുപോകരുത്, സഭാകാര്യങ്ങളിൽ ഇടപെടരുത്, ലൗകികകാര്യങ്ങളിൽ വ്യാപരിക്കരുത്. തന്റെ യജമാനന്റെ ഹിതത്തിനു വിരുദ്ധമായി ഒരടിമയേയും സന്യാസിയാകാൻ ആശ്രമത്തിൽ സ്വീകരിച്ചുകൂടാ. ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ,[4] ഞങ്ങളുടെ ഈ തീരുമാനം ലംഘിക്കുന്നവനെ മുടക്കണം എന്നു ഞങ്ങൾ

2. അപ്പസ്തോലിക കാനൻ, 6.81. 83; കാർത്തേജ് സിനഡ്, (419) കാനൻ 16.

3. അപ്പസ്തോലികാ കാ. 82; ഗാംഗ്ര സിനഡ് (c. 340) കാനൻ 3; കാർത്തേജ്, 64.82.

4. റോമ. 2:24; 1 തിമോ. 6:1



വിധിക്കുന്നു. എങ്കിലും ആശ്രമങ്ങൾക്കാവശ്യമായ ശ്രദ്ധയും പരിചരണവും നല്കേണ്ടത് സ്ഥലത്തെ മെത്രാനാണ്.

5. ഒരു സഭയിൽനിന്ന് മറെറാന്നിലേക്ക് വൈദികസ്ഥാനിയെ മാററുന്നതിനെതിരെ:[5]

പട്ടണത്തിൽനിന്നു പട്ടണത്തിലേക്കുമാറുന്ന മെത്രാന്മാരേയും വൈദികരേയും സംബന്ധിച്ച്, അവരെക്കുറിച്ച് വിശുദ്ധപിതാക്കന്മാർ പുറപ്പെടുവിച്ച കാനോനാകൾ നിലനില്ക്കുന്നു എന്ന് ഞങ്ങൾ തീരുമാനിക്കുന്നു.

6. പദവിനാമം[5a] കൂടാതെ ഏതെങ്കിലും വൈദികസ്ഥാനിയെ വാഴിക്കുന്നതിനെതിരെ:[6]

പട്ടം കിട്ടിയ ആൾ പ്രത്യേകമായി ഏതെങ്കിലും പട്ടണത്തിലോ ഗ്രാമത്തിലോ ഉള്ള പള്ളിക്കോ, രക്തസാക്ഷിമണ്ഡപത്തിനോ ആശ്രമത്തിനോവേണ്ടി വാഴിക്കപ്പെട്ടാലല്ലാതെ, പ്രെസ്ബിററർ, ഡീക്കൻ, മററ് ഏതെങ്കിലും വൈദികസ്ഥാനി തുടങ്ങി ആരെയുംതന്നെ ഒരു പദവിനാമംകൂടാതെ വാഴിക്കാൻ പാടില്ല.

7. ലോകത്തിലേക്കു തിരികെ പോകുന്ന വൈദികസ്ഥാനികൾക്കും സന്യാസികൾക്കും എതിരെ:[7]

ഒരിക്കൽ വൈദികസമൂഹത്തോട് ചേരുകയോ, സന്യാസികളായിത്തീരുകയോ ചെയ്തിട്ടുള്ളവർ സൈന്യസേവനത്തിനോ ലൗകികോദ്യോഗങ്ങൾക്കോ പോകാൻ പാടില്ല എന്നു ഞങ്ങൾ കല്പിക്കുന്നു. അപ്രകാരം ചെയ്യാൻ മുതിരുന്നവർ, അനുതപി

5. നിഖ്യാ കാനൻ 15.16; അപ്പസ്തോലിക കാ. 14.15; അന്ത്യോക്യാ സിനഡ്, (341), കാനൻ 3.16.21; സാർദിക്കാ സിനഡ് (342/3) 1.2.15.16.19; കാർത്തേജ്, 48.54.90.

5a. Title

6. നെയോ ചെസാറിയാ സിനഡ് (315/324) 13.

7. മുകളിൽ കാനൻ 3 കാണുക; അപ്പസ്തോലിക കാ. 6.81.83; കാർത്തേജ്, 16.

www.malankaralibrary.com



ക്കുകയും ദൈവത്തിൽ തങ്ങൾ നേരത്തെ തിരഞ്ഞെടുത്തതിലേക്ക് തിരിച്ചുവരികയും ചെയ്യാതിരുന്നാൽ, മുടക്കപ്പെടട്ടെ.

8. ധർമ്മശാലകൾ, രക്തസാക്ഷിമണ്ഡപങ്ങൾ, ആശ്രമങ്ങൾ എന്നിവ മെത്രാന് വിധേയമായിരിക്കണം:

വിശുദ്ധ പിതാക്കന്മാരുടെ പാരമ്പര്യം അനുസരിച്ച് ധർമ്മശാലകൾ, ആശ്രമങ്ങൾ, രക്തസാക്ഷിമണ്ഡപങ്ങൾ എന്നിവയുടെ ചുമതലയുള്ള വൈദികസ്ഥാനികൾ ഓരോ പട്ടണത്തിലുമുള്ള മെത്രാന്റെ ഭരണാധികാരത്തിൻകീഴിലായിരിക്കണം. തങ്ങളുടെ മെത്രാനെതിരെ മത്സരിക്കാനോ സ്വേച്ഛയാ പ്രവർത്തിക്കാനോ പാടില്ല. ഇത്തരത്തിലുള്ള ഒരു നിയമം ഏതെങ്കിലും രീതിയിൽ ലംഘിക്കാൻ മുതിരുകയും തങ്ങളുടെ മെത്രാന് വിധേയരാകാതിരിക്കുകയും ചെയ്യുന്നവർ, വൈദികസ്ഥാനികളാണെങ്കിൽ, കാനോനിക ശിക്ഷകൾക്കു വിധേയരാക്കപ്പെടണം; സന്യാസികളോ അൽമായരോ ആണെങ്കിൽ മുടക്കപ്പെടണം.

9. സിവിൽ കോടതികളിൽ വൈദികസ്ഥാനികൾ പോകുന്നതിനെതിരെ; അവർ തങ്ങളുടെ പരാതി തങ്ങളുടെ സ്വന്തം മെത്രാന്റെ മുൻപാകെയാണ് ബോധിപ്പിക്കേണ്ടത്:[8]

ഏതെങ്കിലും വൈദികസ്ഥാനിക്കെതിരെ മറ്റൊരു വൈദികസ്ഥാനിക്ക് ആവലാതി ഉണ്ടെങ്കിൽ, അയാൾ തന്റെ മെത്രാനെ വിട്ട് സിവിൽകോടതിയിൽ കേസെടുക്കാൻ പോകരുത്; മറിച്ച് ആദ്യമേ തന്റെ സ്വന്തം മെത്രാന്റെ മുൻപാകെ പരാതി ബോധിപ്പിക്കട്ടെ. കുറഞ്ഞപക്ഷം മെത്രാന്റെ അനുവാദത്തോടുകൂടി പരാതിപരിഹാരകൻ എന്ന് ഇരുകക്ഷികൾക്കും സമ്മതമുള്ളവരുടെ മധ്യസ്ഥതയിൽ കേസു പറഞ്ഞുതീർക്കട്ടെ. ഇതിനെതിരായി പ്രവർത്തിക്കുന്നയാൾ കാനോനികശിക്ഷകൾക്കു വിധേയനായിരിക്കട്ടെ. ഏതെങ്കിലും വൈദികസ്ഥാനിക്ക് തന്റെ

8. കോൺസ്റ്റാന്റിനോപ്പിൾ സിനഡ് I (381), കാനൻ 6; അപ്പസ്തോലിക കാ. 74; അന്ത്യോക്യ 14.15; കാർത്തേജ് 8.12.15.19.20.28. 79.87.96.104.107.125. 128—130.



സ്വന്തം മെത്രാനെതിരായോ മറ്റൊരു മെത്രാനെതിരായോ കേസുണ്ടെങ്കിൽ, അയാൾ പ്രോവിൻസിലെ സിനഡിന്റെ മുൻപാകെ ആവലാതി ബോധിപ്പിക്കട്ടെ. ഏതെങ്കിലും പ്രോവിൻസിലെ മെത്രാനോ വൈദികസ്ഥാനിക്കോ ആ പ്രോവിൻസിലെ മെത്രാപ്പോലീത്തായുമായി വ്യവഹാരം ഉണ്ടെങ്കിൽ, അയാൾ രൂപതയിലെ എക്സാർക്കിനെയോ ഇമ്പീരിയൽ സിംഹാസനമായ കോൺസ്റ്റാന്റിനോപ്പിളിനെയോ സമീപിച്ച് തന്റെ ആവലാതി അവിടെ ബോധിപ്പിക്കട്ടെ.

10. രണ്ടു പട്ടണങ്ങളിലെ പള്ളികളിൽ ഒരു വൈദികസ്ഥാനിയെ നിയമിക്കുന്നതിനെതിരെ:[9]

ഒരേസമയത്ത് രണ്ടു പട്ടണങ്ങളിലെ പള്ളികളിൽ ഒരു വൈദികസ്ഥാനിയെ നിയമിക്കാൻ പാടില്ല: ആദ്യം പട്ടമേറ്റ പള്ളിയിലും, അടിസ്ഥാനമില്ലാത്ത ബഹുമാനം വർദ്ധിപ്പിക്കാനുള്ള താല്പര്യം നിമിത്തം ചുമതല ഏറ്റെടുത്ത മറ്റേ പള്ളിയിലും, അപ്രകാരം ചെയ്യുന്നവരെ, അവർ ആദ്യം പട്ടമേറ്റ പള്ളിയിലേക്കു മടക്കി അയയ്ക്കണം; അവിടെ മാത്രം അവർ ശുശ്രൂഷിച്ചാൽ മതി. എന്നാൽ ഒരു പള്ളിയിൽനിന്ന് മറ്റൊന്നിലേക്ക് ആർക്കെങ്കിലും സ്ഥലംമാറ്റം കിട്ടിയിട്ടുണ്ടെങ്കിൽ, മുമ്പിരുന്ന പള്ളിയിലെയും അതിന്റെ കീഴിൽവരുന്ന രക്തസാക്ഷിമണ്ഡപങ്ങളിലെയും ധർമ്മസ്ഥാപനങ്ങളിലെയും അതിഥിമന്ദിരങ്ങളിലെയും കാര്യങ്ങളിലൊന്നും കൈകടത്തരുത്. ഈ മഹനീയവും സാർവത്രികവുമായ സൂനഹദോസിന്റെ ഈ ഡിക്രിക്കുശേഷം വിലക്കിയിരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ മുതിരുന്നവർക്ക് അവരുടെ വ്യക്തിപരമായ സ്ഥാനം നഷ്ടപ്പെടുന്നതാണ് എന്ന് ഈ പരിശുദ്ധ സൂനഹദോസ് തീർപ്പുകല്പിക്കുന്നു.

11. യാത്രാവശ്യങ്ങൾക്കായി ആവശ്യക്കാർക്ക് സമാധാനക്കത്തുകൾ നല്കുന്നതിനെപ്പറ്റി: ബഹുമാന്യവ്യക്തികൾക്ക് ശിപാർശക്കത്തുകൾ നല്കാം.[10]

9. നിഖ്യാ 15-16; അപ്പസ്തോലിക. 15; അന്ത്യോക്യാ 3; സാർദിക്കാ 15.16; കാർത്തേജ് 54.90.

10. അപ്പസ്തോലിക. 12.33; അന്ത്യോക്യ. 7.8.11; ലവദിക്യ. 41.42; സാർദിക്ക. 7-8. കാർത്തേജ്, 23.89.106.

www.malankaralibrary.com



പരിശോധനാവിധേയരായി എല്ലാ ദരിദ്രരും ആവശ്യക്കാരും സഭാകത്തുകളോ സമാധാനക്കത്തുകളോ കൊണ്ടുമാത്രം യാത്ര ചെയ്യണം എന്നു ഞങ്ങൾ നിശ്ചയിക്കുന്നു; അവർക്കു ശിപാർശക്കത്തിന്റെ ആവശ്യമില്ല. കാരണം, ശിപാർശക്കത്തുകൾ ബഹുമാന്യവ്യക്തികൾക്കു മാത്രമേ നല്കപ്പെടുന്നുള്ളു.

12. ഇമ്പീരിയൽ കല്പനയാൽ എപ്പിസ്ക്കോപ്പാ, മെത്രാപ്പോലീത്താ ആകുന്നതിനെതിരെ; ഒരു പ്രോവിൻസ് രണ്ടായി തിരിക്കാൻ പാടില്ല:[11]

സഭാനിയമങ്ങൾക്ക് ചേരാത്തരീതിയിൽ ചിലർ രാഷ്ട്രീയാധികാരികളെ സമീപിച്ച് ഔദ്യോഗിക കല്പനയാൽ ഒരു പ്രോവിൻസ് രണ്ടായി വിഭജിക്കുകയും ഒരേ പ്രോവിൻസിൽ അപ്പോൾ രണ്ടു മെത്രാപ്പോലീത്താമാർ ഉണ്ടായിരിക്കുകയും ചെയ്യുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഭാവിയിൽ ഒരു മെത്രാനും ഇപ്രകാരം പ്രവർത്തിക്കരുത് എന്ന് ഈ വിശുദ്ധ സൂനഹദോസ് കല്പിക്കുന്നു. അപ്രകാരം ചെയ്യാൻ പരിശ്രമിക്കുന്നയാളിന് അയാളുടെ വ്യക്തിപരമായ സ്ഥാനം നഷ്ടമാകുന്നതാണ്. ഇമ്പീരിയൽ കല്പനയാൽ മെത്രോപ്പൊളീസ് എന്ന സ്ഥാനത്താൽ ബഹുമാനിക്കപ്പെട്ട ഇപ്പോഴുള്ള സ്ഥലങ്ങൾക്ക് ബഹുമാനസൂചക പദവിയുള്ളതായിമാത്രം പരിഗണിച്ചാൽമതി. അവിടെയുള്ള സഭയിലെ മെത്രാനുള്ള സ്ഥാനവും അപ്രകാരം ബഹുമാനസൂചകം മാത്രമായിരിക്കും. യഥാർത്ഥ മെത്രാപ്പോലീത്തായുടെ ശരിയായ അവകാശങ്ങൾക്കു കോട്ടം തട്ടാതെ കാത്തുസൂക്ഷിക്കണം.

13. ശിപാർശക്കത്തുകൾകൂടാതെ ശുശ്രൂഷിക്കാൻവന്ന വൈദികസ്ഥാനികളെ അനുവദിക്കുന്നതിനെതിരെ:[12]

തങ്ങളുടെ സ്വന്തം മെത്രാനിൽനിന്നുള്ള ശിപാർശക്കത്തുകൾ കൂടാതെ വരുന്ന വിദേശിയരായ വൈദികസ്ഥാനികളും

11. നിഖ്യാ. 6-8; കോൺസ്റ്റാ. 2-3; എഫേസൂസ് സിനഡ്, (431) 8; അപ്പസ്തോലിക. 34.
12. അപ്പസ്തോലിക. 12.15.



വായനക്കാരും മറെറാരുപട്ടണത്തിൽ ശുശ്രൂഷചെയ്യുന്നതിനെ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

14. വിശുദ്ധ പട്ടമുള്ളവരും പാഷണ്ഡരും തമ്മിലുള്ള വിവാഹത്തിനെതിരെ:[13]

ചില പ്രോവിൻസുകളിൽ ''വായനക്കാർക്കും'' ''പാട്ടുകാർക്കും'' വിവാഹം കഴിക്കാൻ അനുവാദം ഉണ്ടെങ്കിലും അബദ്ധാഭിപ്രായമുള്ള സ്ത്രീയെ വിവാഹം കഴിക്കാൻ അനുവാദം ഇല്ലെന്ന് ഈ പരിശുദ്ധ സൂനഹദോസ് തീരുമാനിക്കുന്നു. ഇപ്രകാരം വിവാഹിതരായവർക്കു മക്കളുണ്ടാകുകയും പാഷണ്ഡരുടെ ഇടയിൽ സ്നാനപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് അവരെ കൊണ്ടുവരേണ്ടതാണ്. അവർ സ്നാനം സ്വീകരിച്ചവർ അല്ലെങ്കിൽ പാഷണ്ഡരുടെ ഇടയിൽ അവരെ സ്നാനപ്പെടുത്താനേ പാടില്ല; പാഷണ്ഡരും യൂദനും ഗ്രീക്കുകാരനുമായി അവരെ വിവാഹം നടത്താനും പാടില്ല. എന്നാൽ സത്യവിശ്വാസിയുമായി വിവാഹബന്ധം നടത്താനാഗ്രഹിക്കുന്നയാൾ സത്യവിശ്വാസത്തിലേക്കു മാനസാന്തരപ്പെടാം എന്ന് വാഗ്ദാനം ചെയ്കയാണെങ്കിൽ മാത്രം ആകാം. വിശുദ്ധ സൂനഹദോസിന്റെ ഈ ഡിക്രിയെ ലംഘിക്കുന്നവർ കാനോനികശിക്ഷകൾക്കു വിധേയരാകും.

15. വനിതാഡീക്കൻമാർ:[14]

നാല്പതുവയസ്സിൽ താഴെയുള്ള ഒരു സ്ത്രീയെയും ഡീക്കൻ സ്ഥാനത്തേക്കുയർത്തരുത്; അതും സൂക്ഷ്മപരിശോധനയ്ക്കുശേഷം മാത്രം. കൈവയ്പിനുശേഷം ശുശ്രൂഷയിൽ കുറേക്കാലം നിന്നിട്ട് ദൈവകൃപയെ നിന്ദിച്ച് വിവാഹം കഴിച്ചാൽ അവളെ അവളുടെ ഭർത്താവിനോടൊപ്പം മുടക്കണം.

16. ദൈവത്തിന് സ്വയം സമർപ്പിച്ച കന്യകകളെ വിവാഹം കഴിക്കാൻ അനുവദിക്കുന്നതിനെതിരെ:[15]

13. അപ്പസ്തോലിക. 26; ലവദീക്യ. 10.31; കാർത്തേജ് 16.21.25.
14. നിഖ്യാ. 19; ബേസിൽ 44.
15. അൻസീറാ സിനഡ് (314) 19; കാർത്തേജ് 16; ബേസിൽ, 6.18—20.60.

www.malankaralibrary.com



ദൈവമായ കർത്താവിനു സ്വയം സമർപ്പിച്ച കന്യകയോ സന്യാസിയോ വിവാഹം കഴിക്കാൻ പാടില്ല. അവർ അപ്രകാരം ചെയ്തു എന്ന് കണ്ടെത്തിയാൽ അവരെ മുടക്കണം. എന്നാൽ സ്ഥലത്തെ മെത്രാൻ വിവേകപൂർവം മാനുഷികമായി അവരോട് പെരുമാറണം എന്ന് ഞങ്ങൾ കല്പിക്കുന്നു.

17. മുപ്പതുവർഷം പഴക്കമുള്ള ഇടവകകൾ നിർത്തലാക്കരുത്; പുതുതായി സ്ഥാപിക്കപ്പെട്ട നഗരങ്ങളെക്കുറിച്ച്:[16]

ഏതെങ്കിലും സഭയുടെ കീഴിലുള്ള നാട്ടുമ്പുറത്തോ ഗ്രാമപ്രദേശത്തോ ഉള്ള ഇടവകകൾ അവയുടെമേൽ അധികാരമുള്ള മെത്രാന്റെ അധികാരത്തിൻകീഴിൽതന്നെ ആയിരിക്കണം; പ്രത്യേകിച്ച് തുടർച്ചയായും സമാധാനപരമായും മുപ്പതുവർഷത്തിലേറെ അദ്ദേഹത്തിന്റെ ഭരണത്തിൽ പെട്ടതാണെങ്കിൽ. എന്നാൽ ഈ മുപ്പതുവർഷത്തിനിടയിൽ അതേപ്പററി എന്തെങ്കിലും തർക്കം ഉയർന്നാൽ, ഉയരാനിടയായാൽ, സങ്കടക്കാർക്ക് പ്രൊവിൻഷ്യൽ സിനഡിന്റെ മുൻപാകെ അന്യായം ബോധിപ്പിക്കാവുന്നതാണ്. തങ്ങളുടെ സ്വന്തം മെത്രാപ്പോലീത്തായാണ് സങ്കടത്തിന് കാരണക്കാരനെങ്കിൽ, നേരത്തെ പറഞ്ഞതുപോലെ, രൂപതയിലെ എക്സാർക്കോ, കോൺസ്ററാൻറിനോപ്പിൾ സിംഹാസനമോ അവരുടെ ആവലാതി പരിശോധിക്കട്ടെ. ഇമ്പീരിയൽ കല്പനയാൽ ഏതെങ്കിലും നഗരം പുതുതായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഇതിനുശേഷം സ്ഥാപിതമായാൽ, രാജ്യസംബന്ധവും പരസ്യവുമായ ക്രമീകരണങ്ങൾക്കനുസൃതം സഭയിലെ ഇടവകകളും ക്രമീകരിക്കപ്പെടട്ടെ.

18. വിശുദ്ധപദവികളിലുള്ളവർ ഗൂഢാലോചനകളിൽ ഉൾപ്പെടുന്നതിനും രഹസ്യസംഘടനകൾ ഉണ്ടാക്കുന്നതിനും എതിരെ:[17]

16. നിഖ്യാ 6; അപ്പസ്തോലിക. 74; അന്ത്യോക്യ 14-15; കാർത്തേജ് 8.12.15.19.20.28.79.87.96.104.107.117-120.129.130.

17. അപ്പ. 31; ഗാംഗ്ര. 6; അന്ത്യോക്യ. 5; കാർത്തേജ്. 10.53.



രാജ്യനിയമങ്ങളനുസരിച്ചു തന്നെ ഗൂഢാലോചനകളിൽ ഏർപ്പെടുന്നതും രഹസ്യസംഘടനകൾ ഉണ്ടാക്കുന്നതും കുററകരമാണ്; അവയെ നിരോധിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് അതിനേക്കാൾ വലിയതോതിൽ ദൈവത്തിന്റെ സഭയിൽ ഇത് ഉചിതമായി നിരോധിച്ചിരിക്കുകയാണ്. അതുകൊണ്ട്, മെത്രാന്മാർക്കോ സഹവൈദികർക്കോ എതിരെ ഏതെങ്കിലും സന്യാസിയോ വൈദികനോ ഗൂഢാലോചന നടത്തുകയോ രഹസ്യസംഘടന ഉണ്ടാക്കുകയോ രഹസ്യപദ്ധതികൾ ആവിഷ്ക്കരിക്കുകയോ ചെയ്യുന്നതായി കണ്ടാൽ, പൂർണ്ണമായി അവന്റെ വ്യക്തിപരമായ സ്ഥാനം അവനു നഷ്ടപ്പെടുന്നതാണ്.

19. എല്ലാ പ്രോവിൻസുകളിലും ആണ്ടിൽ രണ്ടുവട്ടം സിനഡുകൾ കൂടണം എന്നതിനെപ്പററി:[18]

കാനൻനിയമം അനുശാസിക്കുന്ന, മെത്രാന്മാരുടെ സിനഡുകൾ പ്രോവിൻസുകളിൽ നടക്കുന്നില്ലെന്നും തദ്ഫലമായി നേരെയാക്കേണ്ട സഭാപരമായ പല സംഗതികളും അവഗണിക്കപ്പെടുന്നെന്നും ഞങ്ങൾ കേൾക്കാനിടയായി. അതുകൊണ്ട് പിതാക്കന്മാരുടെ കാനോനാകൾ അനുസരിച്ച്, മെത്രോപ്പോളീസിലെ മെത്രാൻ അംഗീകരിക്കുന്ന സ്ഥലത്ത് ആണ്ടിൽ രണ്ടു പ്രാവശ്യം ഓരോ പ്രോവിൻസിലെയും മെത്രാന്മാർ ഒന്നിച്ചുകൂടി സഭാകാര്യങ്ങളൊക്കെ ക്രമപ്പെടുത്തണം എന്ന് ഈ വിശുദ്ധ സൂനഹദോസ് നിശ്ചയിക്കുന്നു. രോഗബാധിതരും മാററിവയ്ക്കാൻ പാടില്ലാത്ത അവശ്യസംഗതികളുള്ളവരുമായ മെത്രാന്മാർ ഒഴികെ മററുള്ളവർ ഇതിൽ സംബന്ധിക്കാതെ തങ്ങളുടെ പട്ടണങ്ങളിലുള്ള ഭവനത്തിൽത്തന്നെ കഴിച്ചുകൂട്ടിയാൽ സഹോദരബുദ്ധ്യാ അവരെ കുററപ്പെടുത്തണം.

20. ഒരു പട്ടണത്തിൽനിന്ന് മറെറാന്നിലേക്ക് വൈദികസ്ഥാനികളെ മാററുന്നതുസംബന്ധിച്ച്:[19]

18. നിഖ്യാ. 5; അപ്പ. 37; അന്ത്യോക്യ 20; കാർത്തേജ്. 18. 73. 76. 77. 95.

19. നിഖ്യാ. 15-16; അപ്പ. 15; അന്ത്യോക്യ. 3; സാർദിക്ക. 15-16; കാർത്തേജ് 54.90.

www.malankaralibrary.com



ഞങ്ങൾ നേരത്തെ നിശ്ചയിച്ചതുപോലെ, തങ്ങളുടെ സ്വന്തം നാട്ടിൽനിന്ന് നീക്കപ്പെട്ട് മറെറാരു പള്ളിയിലേക്കു മാറിപ്പോകുവാൻ നിർബന്ധിക്കപ്പെട്ടവരൊഴികെ മററാരും—ഏതെങ്കിലും പള്ളിയിൽ ശുശ്രൂഷചെയ്യുന്ന വൈദികസ്ഥാനികളാരുംതന്നെ—മറെറാരു പട്ടണത്തിലെ പള്ളിയിൽ ചേരാൻ പാടില്ല; ശുശ്രൂഷയ്ക്കായി തങ്ങൾ നിയമിതരായിരിക്കുന്ന ആദ്യപള്ളികൊണ്ട് അവർ തൃപ്തരാകണം. ഈ തീരുമാനത്തിനുശേഷം മറെറാരു പള്ളിയിൽപെട്ട വൈദികസ്ഥാനിയെ ഏതെങ്കിലും മെത്രാൻ സ്വീകരിച്ചാൽ സ്വീകരിച്ചവനും സ്വീകരിക്കപ്പെട്ടവനും, വന്ന വൈദികസ്ഥാനി തൻെറ സ്വന്തം പള്ളിയിലേക്കു തിരികെ പോകുന്നതുവരെ, മുടക്കപ്പെട്ടവരായിരിക്കും.

21. വൈദികസ്ഥാനിയുടെ സൽപ്പേരിനെപ്പററി അന്വേഷിക്കാതെ മെത്രാനെതിരായി വൈദികസ്ഥാനി ഉന്നയിക്കുന്ന ആരോപണങ്ങൾക്കെതിരെ:[20]

മെത്രാനോ വൈദികസ്ഥാനിക്കോ എതിരെ, വൈദികസ്ഥാനികളോ അൽമായരോ ഉന്നയിക്കുന്ന ആരോപണങ്ങൾ ലാഘവബുദ്ധിയോടോ അന്വേഷണം കൂടാതെയോ സ്വീകരിക്കാൻ പാടില്ല; ആരോപണം ഉന്നയിക്കുന്നവരുടെ സൽപ്പേരിനെപ്പററി ആദ്യമേതന്നെ തിരക്കണം.

22. മെത്രാൻെറ മരണാനന്തരം അദ്ദേഹത്തിൻെറ വസ്തുവകകൾ കവർന്നെടുക്കുന്ന വൈദികസ്ഥാനികൾക്കെതിരെ:[21]

മുൻകാല കാനനുകൾ നിരോധിച്ചിരുന്നതുപോലെ തങ്ങളുടെ സ്വന്തം മെത്രാൻ മരിക്കുമ്പോൾ വൈദികസ്ഥാനികൾ മെത്രാൻെറ സ്വന്തമായ വസ്തുവകകൾ കവർന്നെടുക്കാൻ പാടില്ല. ഇപ്രകാരം ചെയ്യുന്നവർക്ക് അവരുടെ വ്യക്തിപരമായ സ്ഥാനം നഷ്ടപ്പെടുന്നതാണ്.

20. കോൺസ്ററാ. 6; അപ്പ. 74; കാർത്തേജ്. 8.19, 128-130.
21. അപ്പ. 40; അന്ത്യോക്യ 24; കാർത്തേജ് 22.81.



23. കോൺസ്ററാൻറിനോപ്പിളിൽനിന്ന് വിദേശിയരായ വൈദികസ്ഥാനികളെയും ശല്യക്കാരായ സന്യാസികളെയും പുറത്താക്കുന്നതിനെപ്പററി:[22]

സ്വന്തം മെത്രാനിൽ നിന്നു ജോലി ഒന്നും ലഭിക്കാത്ത ചില സന്യാസികൾ—ചിലപ്പോൾ മുടക്കുകിട്ടിയവരുമാകാം—കോൺസ്ററാൻറിനോപ്പിൾ ഇമ്പീരിയൽ നഗരത്തിൽ കൂടെക്കൂടെവന്ന് ദീർഘനാൾ താമസിക്കുകയും ശല്യമുണ്ടാക്കുകയും സഭാനടപടിക്രമങ്ങളെ തകിടംമറിക്കുകയും ജനങ്ങളുടെ ഭവനങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നതായി ഈ പരിശുദ്ധ സൂനഹദോസ് അറിയാൻ ഇടയായി. അത്തരക്കാർ ഇമ്പീരിയൽ നഗരം വിട്ടുപോകണമെന്ന് കോൺസ്ററാൻറിനോപ്പിളിലെ അതിവിശുദ്ധ പള്ളിയിലെ പബ്ളിക് അറേറാർണി ആദ്യം നിർദ്ദേശിക്കണം; എന്നാൽ അവർ നിർലജ്ജം അതേതരം സ്വഭാവത്തിൽ തുടർന്നാൽ, അവരുടെ ഹിതത്തിനെതിരായിട്ടാണെങ്കിൽപോലും മേല്പറഞ്ഞ അറേറാർണി അവരെ പുറത്താക്കണം, അവർ അവരുടെ നാടുകളിലേക്കുതന്നെ തിരികെ പോകണം എന്ന് ഈ പരിശുദ്ധ സൂനഹദോസ് കല്പിക്കുന്നു.

24. ആശ്രമങ്ങൾ സത്രങ്ങൾ ആക്കുന്നതിനെതിരെ:[23]

മെത്രാൻെറ അംഗീകാരത്തോടെ ഒരിക്കൽ പ്രതിഷ്ഠിച്ച ആശ്രമങ്ങൾ എന്നും ആശ്രമങ്ങളായി നിലനില്ക്കേണ്ടതാണ്. അവയുടെ പ്രയോജനം ആശ്രമങ്ങൾക്കുള്ളതാണ്; അവയെ ലൗകികോപയോഗത്തിനുള്ള സത്രങ്ങളാക്കാൻ പാടില്ല. ഇപ്രകാരം സംഭവിക്കാൻ അനുവദിക്കുന്നവർ കാനോനികശിക്ഷകൾക്കു വിധേയരാകുന്നതാണ്.

25. മെത്രാനില്ലാതെ മൂന്നമാസത്തിലേറെ ഏതെങ്കിലും രൂപത അനാഥമാക്കിയിടുന്നതിനെതിരെ:[24]

22. നിഖ്യാ. 15-16; അപ്പ. 15; അന്ത്യോക്യ. 3; സാർദിക്ക. 15-16; കാർത്തേജ് 54.90.
23. അലക്സാണ്ഡ്രിയയിലെ സിറിൽ, കാനൻ 2.
24. അപ്പ. 58; കാർത്തേജ്. 71. 74. 78. 121. 123. 124; അലക്സാണ്ഡ്രിയായിലെ പീററർ, കാനൻ, 10.

www.malankaralibrary.com



ഞങ്ങൾക്കു ലഭിച്ച വിവരമനുസരിച്ച്, ചില മെത്രാപ്പോലീത്താമാർ തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ അവഗണിച്ച് മെത്രാന്മാരുടെ പട്ടം നീട്ടിവയ്ക്കുന്നു. ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യം വന്നുചേർന്നിട്ടില്ലെങ്കിൽ മെത്രാന്മാരുടെ പട്ടം മൂന്നുമാസത്തിനകം നടത്തിയിരിക്കണം എന്ന് ഈ പരിശുദ്ധസൂനഹദോസ് തീരുമാനിക്കുന്നു. ഏതെങ്കിലും മെത്രാപ്പോലീത്താ ഇപ്രകാരം ചെയ്യാതിരുന്നാൽ, അയാൾ സഭാശിക്ഷകൾക്കു വിധേയനാകും. മെത്രാനില്ലാതിരുന്ന സഭയുടെ വരുമാനം പ്രസ്തുത സഭയിലെ ഇക്കോണമുസ് സുരക്ഷിതമായി സൂക്ഷിക്കണം.

## 26. ഓരോ മെത്രാനും സഭയുടെ വസ്തുവകകൾ ഇക്കോണമുസ് വഴി കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ച്:[25]

ചില സഭകളിൽ ഇക്കോണമുസിനെ കൂടാതെ മെത്രാൻ തന്നെ സഭാവക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതായി ഞങ്ങൾ അറിയാൻ ഇടയായി. അതുകൊണ്ട് ഞങ്ങൾ ഇപ്രകാരം തീരുമാനിക്കുന്നു: സഭയിലെ മെത്രാന്റെ ഹിതാനുസരണം സഭാവസ്തുവകകൾ കൈകാര്യം ചെയ്യാനായി മെത്രാനുള്ള ഓരോ സഭയ്ക്കും ആ സഭയിലെ വൈദികരിൽനിന്നുള്ള ഓരോ ഇക്കോണമുസും ഉണ്ടായിരിക്കണം; സഭയിലെ വസ്തുവകകളുടെ ഭരണത്തിന് കണക്കും കാര്യവും ഇല്ലാതെ വരാതിരിക്കാനും, സഭാവസ്തുവകകൾ നഷ്ടപ്പെടാതിരിക്കാനും മെത്രാൻ തന്നെ ഗൗരവമായ വിമർശനത്തിന് വിധേയനാകാതിരിക്കാനും ആണിത്. ഇതനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ, അയാളെ ദിവ്യകാനോനാകൾക്കു വിധേയനാക്കണം.

## 27. ഒരു സ്ത്രീയെ നിർബന്ധിച്ച് കൂടെത്താമസിപ്പിക്കുന്നതിനെതിരെ:[26]

---

25. അപ്പ. 38-39. 41; അൻസീറാ 15; അന്ത്യോക്യ 24-25; ഗാംഗ്ര 7; കാർത്തേജ് 26; അലക്സാണ്ഡ്രിയായിലെ തെയോഫിലസ്, കാനൻ 10; സിറിൽ, അ. 2.
26. അൻസീറാ 11; ബേസിൽ 22.30.38.42.53.



കൂടെത്താമസിക്കാനെന്ന പേരിൽ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുകയോ, അപ്രകാരം കൊണ്ടുപോകുന്നവരുടെ സഹായികളോ, സഹപ്രവർത്തകരോ ആയി വർത്തിക്കുകയോ ചെയ്യുന്നവർ വൈദികസ്ഥാനികളാണെങ്കിൽ അവരുടെ വ്യക്തിപരമായ സ്ഥാനം നഷ്ടമാകും; അൽമായരോ സന്യാസികളോ ആണെങ്കിൽ അവരെ മുടക്കണം എന്ന് ഈ പരിശുദ്ധ സൂനഹദോസ് കല്പിക്കുന്നു.

## 28. കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനത്തിന്റെ വിശേഷാധികാരം സംബന്ധിച്ചുള്ള തീരുമാനം:[27]

എല്ലാക്കാര്യങ്ങളിലും വിശുദ്ധപിതാക്കന്മാരുടെ ഡിക്രികൾ അനുധാവനം ചെയ്തുകൊണ്ടും പുതിയ റോമായും ഇമ്പീരിയൽ നഗരവുമായ കോൺസ്റ്റാന്റിനോപ്പിളിലെ ചക്രവർത്തിയും മഹാനും ശ്രേഷ്ഠനുമായ തിയഡോഷ്യസിന്റെ കാലത്ത് ഒന്നിച്ചുകൂടിയ 150 ഏററം ഭക്തരായ മെത്രാന്മാരുടെ ഇപ്പോൾ വായിക്കപ്പെട്ട കാനോനാ അംഗീകരിച്ചുകൊണ്ടും പുതിയ റോമാ ആകുന്ന കോൺസ്റ്റാന്റിനോപ്പിളിലെ അതിവിശുദ്ധ സഭയുടെ വിശേഷാധികാരങ്ങൾ സംബന്ധിച്ച് ഞങ്ങളും അതേ ഡിക്രിയും തീരുമാനവും പുറപ്പെടുവിക്കുന്നു. ഇമ്പീരിയൽ തലസ്ഥാനമായതിനാൽ, പിതാക്കന്മാർ ശരിയായി പുരാതന റോമായ്ക്കു വിശേഷാധികാരങ്ങൾ കല്പിച്ചനുവദിച്ചു. അതേ ലക്ഷ്യത്തോടുകൂടി ഏററം ഭക്തരായ 150 മെത്രാന്മാർ പുതിയ റോമിലെ ഏററവും പരിശുദ്ധ സിംഹാസനത്തിനും തത്തുല്യമായ വിശേഷാധികാരങ്ങൾ കല്പിച്ചനുവദിച്ചു. ഇമ്പീരിയൽ അധികാരത്താലും സെനററിനാലും ബഹുമാനിക്കപ്പെടുകയും പുരാതനമായ ഇമ്പീരിയൽ റോമിനു തുല്യമായ വിശേഷാധികാരങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന നഗരം സഭാകാര്യങ്ങളിലും അവളുടെ നിലയിലേക്ക് ഉയർത്തപ്പെടുകയും അവൾക്കുശേഷം അടുത്തസ്ഥാനം ഉണ്ടായിരിക്കുകയും വേണം എന്ന് പിതാക്കന്മാർ ശരിയായി വിധിച്ചു.

---

27. കോൺ. 3; അപ്പ. 34.

www.malankaralibrary.com



പോന്തൂസ്, ആസിയാ, ത്രേസ് എന്നീ രൂപതകളിലെ മെത്രാപ്പോലീത്താമാരെയും – ഇവയിലെമാത്രം – ഗ്രീക്കുകാരല്ലാത്തവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഈ രൂപതകളിലെ മെത്രാന്മാരെയും കോൺസ്റ്റാന്റിനോപ്പിളിലെ മേല്പറഞ്ഞ അതിവിശുദ്ധസഭയിലെ സിംഹാസനമായിരിയ്ക്കണം വാഴിക്കേണ്ടത്. അതായത്, മേല്പറഞ്ഞ രൂപതകളിലെ ഓരോ മെത്രാപ്പോലീത്തായും പ്രോവിൻസിലെ മെത്രാൻമാരോടുകൂടി, ദിവ്യകാനോനാകൾ വിളംബരം ചെയ്തിരിക്കുന്നതുപോലെ പ്രോവിൻസിലെ മെത്രാൻമാരെ വാഴിക്കട്ടെ; എന്നാൽ മേല്പറഞ്ഞ രൂപതകളിലെ മെത്രാപ്പോലീത്താമാരെ സാധാരണരീതിയിലുള്ള വോട്ടിങ്ങിലൂടെ ധാരണ ഉണ്ടാക്കുകയും പ്രസ്തുതകാര്യം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തശേഷം കോൺസ്റ്റാന്റിനോപ്പിളിലെ ആർച്ചുബിഷപ്പാണു വാഴിക്കേണ്ടത്.

29. സ്വന്തം രൂപതയിൽനിന്ന് പുറന്തള്ളപ്പെട്ട മെത്രാനെ വൈദികസമൂഹത്തിൽ ചേർക്കുന്നതിനെതിരെ:

അതിശ്രേഷ്ഠരും മഹനീയരുമായ ഉദ്യോഗസ്ഥർ ചോദിച്ചു: അതിവന്ദ്യരായ ഫോസിയുസ് മെത്രാൻ പട്ടം കൊടുക്കുകയും അതിവന്ദ്യനായ എവുസ്താത്യോസ് മെത്രാൻ നീക്കം ചെയ്ത്, മെത്രാൻ സ്ഥാനം നഷ്ടമായി വൈദികസ്ഥാനത്താക്കുകയും ചെയ്ത മെത്രാന്മാരുടെ കാര്യത്തിൽ പരിശുദ്ധ സൂന്നഹദോസ് എന്തുപദേശം തരുന്നു?

റോമിലെ ശ്ലൈഹിക സിംഹാസനത്തിന്റെ പ്രതിനിധികളായ അതിവന്ദ്യരായ പസ്ക്കസീനുസ്, ലുചെൻസ്യൂസ് എന്നീ മെത്രാന്മാരും, ബോനിഫാസ്യൂസ് എന്ന വൈദികനും പ്രത്യുത്തരിച്ചു: മെത്രാനെ വൈദികനിരയിലേക്കു തരംതാഴ്ത്തുന്നത് ദൈവദൂഷണമാണ്. എന്നാൽ മെത്രാൻ സ്ഥാനത്തിന്റെ ദൗത്യനിർവഹണത്തിൽ നിന്ന് അവരെ നീക്കുന്നതിനുള്ള കാരണങ്ങൾ നീതിപൂർവകമാണെങ്കിൽ, അവർ വൈദികരായിപോലും തുടരുവാൻ പാടില്ല. എന്നാൽ കുറ്റംകൂടാതെയാണ് അവർ മെത്രാൻസ്ഥാനത്തുനിന്നു നീക്കപ്പെട്ടതെങ്കിൽ, അവരെ മെത്രാൻ സ്ഥാനത്തു പുനഃപ്രതിഷ്ഠിക്കേണ്ടതാണ്.



കോൺസ്റ്റാന്റിനോപ്പിളിലെ അതിവന്ദ്യനായ അനാറ്റോളിയുസ് ആർച്ചുബിഷപ്പ് പറഞ്ഞു: മെത്രാൻസ്ഥാനത്തുനിന്നു വൈദികസ്ഥാനത്തേക്കു തരംതാഴ്ത്തപ്പെട്ടു എന്നു പറയപ്പെടുന്നവർ മതിയായ കാരണത്താലാണ് വിധിക്കപ്പെട്ടതെങ്കിൽ, അവർ വൈദികസ്ഥാനത്തിനും വ്യക്തമായി അയോഗ്യരാണ്. എന്നാൽ മതിയായ കാരണം കൂടാതെയാണ് അവരെ തരംതാഴ്ത്തിയതെങ്കിൽ അവർ നിരപരാധികളായി കാണപ്പെട്ടാൽ, മെത്രാൻസ്ഥാനത്തിന്റെ ബഹുമാനവും പട്ടവും അവർക്കുണ്ടായിരിക്കാൻ അർഹതയുണ്ട്.

30. റോമിലെ വിശുദ്ധ ലെയോയുടെ ലേഖനത്തിൽ ഒപ്പുവയ്ക്കാത്ത ഈജിപ്തുകാരെ താക്കീതുചെയ്യേണ്ട എന്നതു സംബന്ധിച്ച്:[28]

അതിശ്രേഷ്ഠരും മഹനീയരുമായ ഉദ്യോഗസ്ഥന്മാരും അത്യുന്നതമായ അസംബ്ലിയും ഇപ്രകാരം തീർപ്പുകല്പിച്ചു:

ഈജിപ്തിലെ അതിവന്ദ്യരായ മെത്രാൻമാർ ഇപ്പോഴും അതിപരിശുദ്ധനായ ലെയോ ആർച്ചുബിഷപ്പിന്റെ ലേഖനത്തിൽ ഒപ്പുവയ്ക്കുന്നത് മാറ്റിവച്ചിരിക്കുന്നു. അവർ കത്തോലിക്കാ വിശ്വാസത്തിന് എതിരായതിനാലല്ല; പിന്നെയോ, തങ്ങളുടെ ആർച്ചുബിഷപ്പിന്റെ ഹിതത്തിനും നിർദ്ദേശത്തിനും വിരുദ്ധമായി ഒന്നും പ്രവർത്തിക്കാൻ പാടില്ല എന്ന പാരമ്പര്യം ഈജിപ്തിലെ രൂപതകളിൽ ഉണ്ട് എന്ന് അവർ അവകാശപ്പെടുന്നു. അലക്സാണ്ഡ്രിയൻ മഹാനഗരത്തിലെ ഭാവി മെത്രാനെ വാഴിക്കുന്നതുവരെ അവർക്കു സമയം അനുവദിക്കണം എന്ന് അവർ കരുതുന്നു. അതുകൊണ്ട് ഇമ്പീരിയൽ നഗരത്തിൽ അവർക്കിപ്പോഴുള്ള സ്ഥാനം നിലനിർത്തിക്കൊണ്ട്, അലക്സാണ്ഡ്രിയാ മഹാനഗരത്തിൽ ഒരു ആർച്ചുബിഷപ്പിനെ വാഴിക്കുന്നതുവരെ അവർക്ക് ഒരു മോറട്ടോറിയം നല്കുക എന്നത് യുക്തവും മാനുഷികവുമാണെന്ന് ഞങ്ങൾ കരുതുന്നു. അപ്പസ്തോലിക സിംഹാസനത്തിന്റെ പ്രതിനിധിയായ അഭിവന്ദ്യ

28. അപ്പ. കാനൻ 20.34.

www.malankaralibrary.com



പസ്കസീനുസ് മെത്രാൻ പറഞ്ഞു: ''നിങ്ങഠം അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ, അവരോടു കരുണകാണിക്കണെമെന്ന് നിങ്ങഠം കല്പിക്കയാണെങ്കിൽ, അലക്സാണ്ഡ്രിയായ്ക്ക് അതിന്റെ മെത്രാനെ ലഭിക്കുന്നതുവരെ അവർ ഈ നഗരം വിട്ടുപോകുകയില്ലെന്ന് അവർ ഉറപ്പുതരട്ടെ.''

അതിശ്രേഷ്ഠരും മഹനീയരുമായ ഉദ്യോഗസ്ഥന്മാരും അത്യുന്നതമായ അസംബ്ലിയും പ്രത്യുത്തരിച്ചു: ''സംപൂജ്യനായ പസ്കസീനുസ് മെത്രാന്റെ തീരുമാനം നിലനില്ക്കട്ടെ. അതുകൊണ്ട് ഈജിപ്തുകാരുടെ അതിവന്ദ്യരായ മെത്രാന്മാർ അവരുടെ സ്ഥാനത്തു തുടരട്ടെ; കഴിയുമെങ്കിൽ ഉറപ്പുനല്കിക്കൊണ്ടും അല്ലെങ്കിൽ ആഘോഷമായ പ്രതിജ്ഞയാൽ ശപഥം ചെയ്തുകൊണ്ടും അലക്സാണ്ഡ്രിയൻ മഹാനഗരത്തിലെ ഭാവിമെത്രാന്റെ പട്ടംവരെ അവർ കാത്തിരിക്കട്ടെ.''

അധ്യായം 5

# രണ്ടാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് (553)

**ആമുഖം**

എഫേസോസ് സൂനഹദോസ് (431) കഴിഞ്ഞയുടനെ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനെതിരെയുള്ള ഒരു മുന്നേററം പൗരസ്ത്യദേശത്തുണ്ടായി. അന്ത്യോക്യൻ ദൈവശാസ്ത്രചിന്തയുടെ പ്രമുഖവക്താക്കഠംക്കെതിരായിട്ടായിരുന്നു അത്. വി. സിറിലിന്റെ പദപ്രയോഗങ്ങളുടെ ശൈലിയിലാണ് എഫേസോസ് മുന്നേറിയത്. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രപദപ്രയോഗങ്ങളെ അതു പാടേ അവഗണിച്ചുകളഞ്ഞു. എന്നാൽ 433-ലെ ഐക്യഫോർമുല അലക്സാണ്ഡ്രിയനും അന്ത്യോക്യനും കൂട്ടിയിണക്കാൻ ശ്രമിച്ചു. അതായത്, ക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തെയും രണ്ടുസ്വഭാവങ്ങളെയും ഒരുപോലെ ഊന്നിപ്പറഞ്ഞു. സിറിൽ ഐക്യഫോർമുല അംഗീകരിച്ചതുവഴി ഭാഗികമായി അന്ത്യോക്യൻ ചിന്താധാര അംഗീകരിക്കുകയാണ് ചെയ്തത്. ഐക്യത്തിനുവേണ്ടി സിറിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറായി.

എന്നാൽ സിറിഠം കാണിച്ച ഈ വിശാലവീക്ഷണം സിറിലിന്റെ പല അനുയായികളും കാണിച്ചില്ല. എഡേസ്സയിലെ റാബുള (+435) സിറിലിന്റെ ''ഏകസ്വഭാവഫോർമുലയുടെ'' (mia physis) വക്താവായിരുന്നു. അദ്ദേഹം തിയഡോറിയൻ-അന്ത്യോക്യൻ വിരുദ്ധചിന്ത പുലർത്തി. നെസ്തോറിയൻ പാഷണ്ഡതയുടെ യഥാർത്ഥ പ്രബോധകനാണ് തിയഡോർ എന്നതായിരുന്നു റാബുളയുടെ ധാരണ. സിറില്ലിയൻ ചിന്ത

www.malankaralibrary.com



യുടെ വെളിച്ചത്തിൽ റാബുള അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിൽ പാഷണ്ഡത ദർശിച്ചു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ ഉത്തമവക്താവായ തിയഡോറിനെ റാബുള ശപിക്കാൻകൂടി തുനിഞ്ഞു. അദ്ദേഹത്തിന്റെ കൃതികളെയും അവ കൈവശം വയ്ക്കുന്നവരെയും റാബുള ഒഴിവാക്കിയില്ല. കോൺസ്റ്റാന്റിനോപ്പിളിൽ പ്രോക്കുളുസിന്റെ ഡീക്കനായ ഒരു ബേസിൽ, തിയഡോർ-വിരുദ്ധ മനഃസ്ഥിതി പുലർത്തി. അർമേനിയൻ സന്യാസികൾ തിയഡോറിയൻ കൃതികളിൽ പാഷണ്ഡതയുണ്ടെന്നു തെളിയിക്കാനായി ഉദ്ധരണികൾ സമാഹരിച്ച് പ്രോക്കുളുസിനു സമർപ്പിച്ചു. അതിനു മറുപടിയായി ''അർമേനിയർക്കുള്ള വാല്യം'' (Tomus ad Armenos) എന്ന രേഖ അദ്ദേഹം അവർക്കെഴുതി. എന്നാൽ അതിൽ തിയഡോറിന്റെ പേര് എടുത്തുപറഞ്ഞില്ല. തിയഡോർ-വിരുദ്ധ മനഃസ്ഥിതിക്ക് പ്രചാരം നല്കാനായി ഡീക്കൻ ബേസിൽ രേഖകളുമായി വി. സിറിലിനെ സമീപിച്ചു. സിറിൽ അത് ഗൗരവമായി എടുക്കാഞ്ഞതിനാൽ ബേസിൽ പ്രോക്കുളുസിനെ സമീപിച്ചു. അന്ത്യോക്യക്കാരനായ മാക്സിമുസ് എന്ന ഡീക്കനും (435) തിയഡോർ-വിരുദ്ധ മനഃസ്ഥിതി പ്രചരിപ്പിക്കാൻ ഉത്സുകനായിരുന്നു. സിറിലിനെയും പ്രേരിപ്പിക്കുന്നതിൽ അയാൾ വിജയിച്ചു. തത്ഫലമായി 438-ൽ ''ദിയദോറിനും തിയഡോറിനും എതിരെ'' എന്നൊരുരേഖ സിറിൽ എഴുതി പ്രസിദ്ധീകരിച്ചു. തന്റെ 69-ാം ലേഖനത്തിൽ തിയഡോറിൽ സിറിൽ നെസ്തോറിയനിസം ആരോപിച്ചു. 67, 71, 74 എന്നീ ലേഖനങ്ങളിലും തിയഡോറിൽ വിശുദ്ധ സിറിൽ നെസ്തോറിയനിസം ആരോപിച്ച് കുററപ്പെടുത്തി.

പുരാതനസഭയിലെ ഒരു പ്രശസ്തനായ ജ്യോതിർഗോളമായിരുന്നു തിയഡോർ. സമകാലീനരായ ക്രൈസ്തവനേതാക്കന്മാർ അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. സത്യവിശ്വാസിയും പണ്ഡിതനും എന്ന ഖ്യാതിയോടെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽതന്നെയാണ് 428-ൽ തിയഡോർ മരിച്ചത്. എന്നാൽ 431 മുതൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനേററ കനത്ത പ്രഹരം തിയഡോറിനെ തെററിദ്ധരിക്കാൻ ഇടയാക്കി.



തിയഡോറിനു സംഭവിച്ചതുതന്നെ ഈബാസിനും സംഭവിച്ചു. എഡേസ്സയിൽ റാബുളയുടെ പിൻഗാമിയായിരുന്നു ഈബാസ്. അദ്ദേഹം നെസ്തോറിയൻ ക്യാമ്പിലായിരുന്നതിനാൽ എതിരാളികൾ അദ്ദേഹത്തെ അടിച്ചുവീഴ്ത്താൻ തക്കം നോക്കിക്കൊണ്ടിരുന്നു. പേർഷ്യക്കാരൻ മാരിക്ക് ഈബാസ് അയച്ച കത്തിൽ എഫേസോസ് സിനഡിനെയും (431) അലക്സാണ്ഡ്രിയായിലെ സിനഡിനെയും കുററപ്പെടുത്തി. എഡേസ്സയിൽതന്നെയും റാബുളയുടെ ''അനുയായികൾ'' ഈബാസിൽ കുററമാരോപിച്ചു. അവർ ഈബാസിനെ ''നെസ്തോറിയൻ'' എന്നു മുദ്രകുത്തി. ബർ സൗമാ എന്ന സന്യാസിയാണ് ഇതിന് നേതൃത്വം കൊടുത്തത്. എഡേസ്സയിലും ബെയ്റൂട്ടിലും വച്ചു കൂടിയ മെത്രാന്മാരുടെ യോഗങ്ങൾ ഈബാസിൽ കുററമാരോപിച്ചു. 449-ലെ രണ്ടാം എഫേസോസ് സിനഡിൽ (തസ്ക്കരസംഘത്തിൽ) ഈബാസിന്റെ ലേഖനം വായിച്ച് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. എന്നാൽ 451-ലെ കൽക്കദോനിയ സിനഡ് അദ്ദേഹത്തെ പുനഃപ്രതിഷ്ഠിച്ചു. സഭയുടെ കൂട്ടായ്മയിൽ തന്നെയാണ് 457-ൽ ഈബാസ് മരിച്ചത്.

തിയഡോറെററും അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞനായിരുന്നു. എഫേസോസ് സിനഡിൽ (431) അന്ത്യോക്യൻ മെത്രാൻ യോഹന്നാന്റെയും നെസ്തോറിയുസിന്റെയും പക്ഷത്തായിരുന്നു അദ്ദേഹം. തന്റെ ഒരു ലേഖനത്തിൽ (451) അദ്ദേഹം സിറിലിന്റെ 12 ശാപങ്ങളെ ഖണ്ഡിക്കുകയും സിറിലിൽ അപ്പൊളളിനാരിസം ആരോപിക്കുകയും ചെയ്തു. നെസ്തോറിയുസിനെ 431-ൽ ശപിച്ച് സ്ഥാനഭ്രഷ്ടനാക്കിയത് അദ്ദേഹം അംഗീകരിക്കാൻ കൂട്ടാക്കിയില്ല; എന്നാൽ 433-ലെ ഐക്യ ഫോർമുല അംഗീകരിച്ചു. എവുത്തിക്കൂസിന്റെ ഏകസ്വഭാവ പാഷണ്ഡതയ്ക്കെതിരെ 447-ൽ ''എരാനിസ്റ്റെസ്'' (യാചകൻ) എന്ന തന്റെ കൃതി പ്രസിദ്ധീകരിച്ചു. അക്കാരണത്താൽ 449-ലെ എഫേസോസ് സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കൽക്കദോനിയ സിനഡിൽ (451) തിയഡൊറെററിന്റെ ഭാഗഭാഗിത്വം പ്രശ്നമുണ്ടാക്കി. നെസ്തോറിയുസിനെ ശപിച്ചതിനുശേഷം മാത്രമേ അദ്ദേഹത്തെ സിനഡിൽ പങ്കെടുപ്പിച്ചുള്ളു. തുടർന്ന് അദ്ദേഹത്തെ തന്റെ രൂപതയിൽ പുനഃപ്ര

www.malankaralibrary.com



തിഷ്ഠിച്ചു. 35 വർഷം സ്തുത്യർഹമായി കത്തോലിക്കാ സഭയെ സേവിച്ചു; സഭയുടെ കൂട്ടായ്മയിൽതന്നെ മരിച്ചു.

കൽക്കദോനിയ സിനഡ് (451) തിയഡോറിൽ കുററമാരോപിച്ചില്ല; തിയഡൊറെററിനെയും ഈബാസിനെയും കുററപ്പെടുത്തിയില്ല എന്നുമാത്രമല്ല, അവരെ അവരുടെ രൂപതകളിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു. കൽക്കദോനിയ കഴിഞ്ഞപ്പോഠം പൗരസ്ത്യ പ്രോവിൻസുകളിലെല്ലാം ജനങ്ങഠം രണ്ടു വ്യത്യസ്ത ക്യാമ്പുകളിലേക്കനീങ്ങുന്ന ചരിത്രമാണ് കാണുക. അവരെ ഒന്നിപ്പിച്ച് സാമ്രാജ്യത്തിലെ രാഷ്ട്രീയമായ ഐക്യം കാത്തുസൂക്ഷിക്കാൻ ബിസൻറയിൻ ചക്രവർത്തിമാർ പരിശ്രമിച്ചു. അതിനായി എന്തുവിട്ടുവീഴ്ചകഠംക്കും അവർ തയ്യാറായി. ഈ പശ്ചാത്തലത്തിലാണ് ജസ്ററീനിയൻ ചക്രവർത്തിയുടെ ''മൂന്നദ്ധ്യായങ്ങളെ ശപിക്കൽ'' നാം മനസ്സിലാക്കേണ്ടത്. (1) തിയഡോർ എന്ന വ്യക്തിയും അദ്ദേഹത്തിൻെറ കൃതികളും; (2) തിയഡൊറെററിൻെറ സിറിലിനെതിരെയുള്ള കൃതികഠം; (3) ഈബാസ് മാരിക്കയച്ച കത്ത്; ഇവയാണ് മൂന്നദ്ധ്യായങ്ങഠം. അതായത്, യഥാർത്ഥത്തിലുള്ള സിറില്ലിയൻ ചിന്തകരും വക്താക്കളുമെന്നവകാശപ്പെട്ട കൽക്കദോനിയ വിരുദ്ധർ അന്ത്യോക്യൻ ദൈവശാസ്ത്രത്തിനെതിരെ ഉയർത്തിയ പടവാഠം ഉറയിലിടാൻ കൂട്ടാക്കിയില്ല. അതിൻെറ ഉന്നത വക്താക്കളായ തിയഡോർ, തിയഡൊറെററ്, ഈബാസ് എന്നിവരെ ശിക്ഷിച്ചാൽ മാത്രമേ ഐക്യത്തിനും ഒത്തുതീർപ്പിനും തങ്ങഠം സന്നദ്ധരാകൂ എന്ന് അവർ തീർത്തു പറഞ്ഞു. കൽക്കദോനിയ സിനഡ് ''നെസ്തോറിയൻ'' ആണ്; അല്ലെങ്കിൽ, മേല്പറഞ്ഞ ''നെസ്തോറിയൻ'' നേതാക്കന്മാരെ ശപിക്കണം എന്ന് അവർ വാദിച്ചുകൊണ്ടിരുന്നു. ഫീലക്സീനോസും (440-523) സെവേരൂസും (465-538) ഇതിന് നേതൃത്വംകൊടുത്തു. തിയഡോറിനെയും മററും ശപിക്കണമെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. ദിയദോറും തിയഡോറുമാണ് നെസ്തോറിയൻ പിതാക്കന്മാർ എന്ന് സെവേരൂസ് തൻെറ അണികളെ പഠിപ്പിച്ചു. നെസ്തോറിയുസിനോടൊപ്പം തിയഡൊറെററിനെയും ഈബാസിനെയും ശപിക്കാൻ ഫീലക്സീനോസ് ശാഠ്യംപിടിച്ചുകൊണ്ടിരുന്നു.



കൽക്കദോനിയ-വിരുദ്ധരുടെ നെസ്തോറിയൻ-വിരുദ്ധ മനോഭാവം മുതലെടുത്തുകൊണ്ട് സാമ്രാജ്യത്തിൻെറ മതപരമായ ഐക്യം പുനഃസ്ഥാപിക്കാമെന്ന് ജസ്ററീനിയൻ കരുതി. അവരെ നിർബന്ധിച്ചോ ഭീഷണിപ്പെടുത്തിയോ ഇതു സാധിക്കാനാവില്ല എന്ന് അദ്ദേഹം കണ്ടു. അതുപോലെ കൽക്കദോനിയ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒത്തുതീർപ്പുകളും ഐക്യത്തിന് സഹായകമാകില്ലെന്ന് അദ്ദേഹം മനസ്സിലാക്കി.

കൽക്കദോനിയ-വിരുദ്ധ ക്യാമ്പിൽ നെസ്തോറിയൻ-വിരുദ്ധ മനഃസ്ഥിതി വളർന്നുകൊണ്ടിരുന്നു. ഇരുകൂട്ടരെയും രഞ്ജിപ്പിക്കാനായി ജസ്ററീനിയൻ ഒന്നിലധികം ചർച്ചാസമ്മേളനങ്ങഠം വിളിച്ചുകൂട്ടി. പ്രസ്തുതയോഗങ്ങളിലൊക്കെ കൽക്കദോനിയ-വിരുദ്ധരുടെ മുഖ്യ ആവശ്യം ''മൂന്നദ്ധ്യായങ്ങളെ ശപിക്കുക'' എന്നതായിരുന്നു. ക്രി. വ. 532-ലെ ചർച്ചയ്ക്കു ശേഷം ജസ്ററീനിയൻ ഒരു ഒത്തുതീർപ്പു ഫോർമുല മുന്നോട്ടു വച്ചു: ''ദിയദോർ, തിയഡോർ, തിയഡൊറെററ്, ഈബാസ് എന്നീ അന്ത്യോക്യൻ ചിന്തകരെ നെസ്തോറിയുസിനോടൊപ്പം ശപിക്കുക; കൽക്കദോനിയ അപ്പാടെ അംഗീകരിക്കുക.'' കൽക്കദോനിയ അനുകൂലികളെയും കൽക്കദോനിയ-വിരുദ്ധരെയും ഒരുപോലെ പ്രീണിപ്പിക്കാനുള്ള ഒരു തന്ത്രമായിരുന്നത്. എന്നാലത് ഒരുവിഭാഗത്തെയും തൃപ്തിപ്പെടുത്തിയില്ല.

''മൂന്നദ്ധ്യായങ്ങളെ'' ശപിക്കാൻ ജസ്ററീനിയനെ പ്രേരിപ്പിച്ചത് തിയഡോർ അസ്കീദാസാണ്. പലസ്തീനയിലെ ഒരു ഒരിജനിസ്ററ് സന്യാസിയായിരുന്ന അസ്കീദാസ് 542-ൽ കപ്പദോഷ്യയിലെ കേസറിയാ മെത്രാനായി. തുടർന്ന് ജസ്ററീനിയൻ ചക്രവർത്തിയുടെ പക്കൽ വളരെ സ്വാധീനമുള്ളയാളായിത്തീർന്നു. ജസ്ററീനിയൻ 543-ൽ ഒരിജനിസത്തെ ഒരു ഡിക്രിയിലൂടെ ശപിച്ചു. അത് അസ്കീദാസിനെയും കൂട്ടരെയും ഒഴിച്ച് മറെറല്ലാവരെയും സന്തുഷ്ടരാക്കി. ഡിക്രിയുടെ വെളിച്ചത്തിൽ അസ്കീദാസിന് രൂപതാഭരണം നഷ്ടപ്പെടാനും സ്വാധീനം അവസാനിക്കാനും ഇടയാകുമായിരുന്നു. എന്നാൽ അസ്കീദാസ് ജസ്ററീനിയന് ഒരു വല വിരിച്ചു. ആ കെണിയിൽ ജസ്ററീനിയൻ വീണു. കൽക്കദോനിയ-വിരു

www.malankaralibrary.com



ദ്ധരായ സേവേരിയൻമാർക്ക് ''മൂന്നധ്യായങ്ങളോടുള്ള'' വെറുപ്പ് അസ്കീദാസ് ഊതിക്കത്തിച്ചു. ജസ്റ്റീനിയന്റെ ശ്രദ്ധ ഒരിജനിസത്തിൽനിന്ന് നെസ്തോറിയനിസത്തിലേക്ക് അയാൾ തന്ത്രപൂർവം തിരിച്ചുവിട്ടു. ജസ്റ്റീനിയന്റെ ഭാര്യ തിയഡോറായ്ക്കും അതിഷ്ടമായി. മൂന്നധ്യായങ്ങളെ ശപിച്ചാൽ കൽക്കദോനിയ വിരുദ്ധർ സഭൈക്യത്തിലെത്തുമെന്നും അതുവഴി സാമ്രാജ്യത്തിന്റെ ഐക്യം പുനഃസ്ഥാപിക്കാമെന്നും ചക്രവർത്തിയെ ബോധ്യപ്പെടുത്തുന്നതിൽ അയാൾ വിജയിച്ചു.

അസ്കീദാസിന് ചക്രവർത്തിയുടെമേലുണ്ടായ സ്വാധീനം കൊണ്ടുകൂടിയാണ് മൊപ്സുവെസ്ത്യായിലെ തിയഡോർ വിധിക്കപ്പെട്ടത്. ഒരിജനിസ്ത്യരും അസ്കീദാസും സെവേര്യരും ഒരുപോലെ തിയഡോറിനെ വെറുത്തിരുന്നു; നെസ്തോറിയനിസത്തിന്റെ പിതാവായി അവർ അദ്ദേഹത്തെ പരിഗണിച്ചിരുന്നു. സിറിലിനെതിരായി 12 ശാപങ്ങൾ തിയഡൊറെററ് എഴുതിയ കാര്യം അസ്കീദാസ് ചക്രവർത്തിയുടെ ശ്രദ്ധയിൽ പെടുത്തി. തിയഡോറിന്റെ ആശയങ്ങൾ പൗരസ്ത്യദേശത്ത് പ്രചരിപ്പിച്ച ആളായി ഈബാസ് ചിത്രീകരിക്കപ്പെട്ടു. സിറില്ലിയൻ പക്ഷപാതികൾ വെറുത്തിരുന്ന നാമമായിരുന്നു ഈബാസിന്റേത്. അസ്കീദാസിനോടുകൂടി അൻസീറയിലെ ഡൊമീഷ്യനും അന്ത്യോക്യൻ-വിരുദ്ധ ചിന്ത പുലർത്തുകയും ചക്രവർത്തിയെ നിർബന്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഈ മൂവരെയും ശപിക്കുന്നത് കൽക്കദോനിയൻ-വിരുദ്ധരെ പ്രീണിപ്പിക്കാൻ പര്യാപ്തമാണെന്നും അതിന്റെ ഫലമായി അവർ സത്യവിശ്വാസം സ്വീകരിച്ച് കത്തോലിക്കാസഭയിലേക്ക് മടങ്ങിവരുമെന്നും ചക്രവർത്തിയെ ഇവർ ധരിപ്പിച്ചു.

ഇവരുടെ സ്വാധീനത്തിൽ 543/4-ൽ ജസ്റ്റീനിയൻ ചക്രവർത്തി ''മൂന്നധ്യായങ്ങൾക്കെതിരെ'' ഒരു ഇമ്പീരിയൽ ഡിക്രി പ്രസിദ്ധീകരിച്ചു. അതിന്റെ ചില രേഖാശകലങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. ഈ ഡിക്രിക്ക് രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. മെത്രാൻമാർക്കുള്ള കത്തും മൂന്നധ്യായങ്ങളുടെ ശാപവും. ഈ രേഖയിൽ, കൽക്കദോനിയൻ സിനഡിന്റെ പ്രാമാണ്യം ചക്രവർത്തി എടുത്തുപറയുന്നു. റോമിലെ മെത്രാ



നൊഴിച്ച് മററുള്ള പാത്രിയർക്കീസുമാരെല്ലാം അതംഗീകരിച്ചു. മരിച്ചവരെ ശപിക്കുന്നതിനെതിരായ നിലപാട് പല സ്ഥലങ്ങളിലെ മെത്രാൻമാരും സ്വീകരിച്ചു. കൽക്കദോനിയ കൗൺസിൽ കുററവിമുക്തരാക്കിയവരുടെ കേസ്, അവർക്കെതിരെയുള്ള ഒരു നടപടിക്കായി കുത്തിപ്പൊക്കിക്കൊണ്ടുവരുന്നത് തെററാണെന്ന് അവർ ചൂണ്ടിക്കാട്ടി. ഉത്തര ആഫ്രിക്ക, ഡൽമേഷ്യ, ഇല്ലീറിയ എന്നിവിടങ്ങളിലെ മെത്രാൻമാർ എതിർപ്പിനു നേതൃത്വം നല്കി. താൻ കൽക്കദോനിയൻ സത്യവിശ്വാസത്തിനുവേണ്ടി നില്ക്കുന്നയാളാണെന്നും മൂന്നധ്യായങ്ങൾ പാഷണ്ഡതയാകയാലാണ് അവയെ എതിർക്കുന്നതെന്നും ഇല്ലീറിയൻ മെത്രാൻമാർക്കുള്ള ഒരു കത്തിൽ ജസ്റ്റീനിയൻ എഴുതി.[1] എന്നാൽ അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്ത തന്റെ സിസ്ററത്തിൽ ഉൾപ്പെടുത്താതെ അലക്സാണ്ഡ്രിയൻ ചിന്ത മാത്രം മുറുകെപ്പിടിച്ചത് ജസ്റ്റീനിയന്റെ വലിയ കുറവായിപ്പോയി. തത്ഫലമായി അന്ത്യോക്യൻ ചിന്തയും അലക്സാണ്ഡ്രിയൻ ചിന്തയും തമ്മിലുള്ള വിടവ് വർദ്ധിപ്പിക്കാൻ മാത്രമേ ജസ്റ്റീനിയന്റെ പ്രവർത്തനങ്ങൾ വഴിതെളിച്ചുള്ളൂ. അതായിരുന്നു അസ്കീദാസ് ആഗ്രഹിച്ചതും.

ജസ്റ്റീനിയൻ ചക്രവർത്തിയുടെ പട്ടാളക്കാർ വിജീലിയുസ് പാപ്പായെ അറസ്ററുചെയ്ത് നിർബന്ധിച്ച് കോൺസ്ററാൻറിനോപ്പിളിൽ കൊണ്ടുവന്നു. മൂന്നധ്യായങ്ങളെ ശപിക്കാനായി ചക്രവർത്തി മാർപാപ്പായെ നിർബന്ധിച്ചുകൊണ്ടിരുന്നു. സഭയുടെ കൂട്ടായ്മയിൽത്തന്നെ കടന്നുപോയ പിതാക്കൻമാരെ ശപിക്കുവാൻ പാടില്ലെന്ന് സിസിലിയിൽവച്ച് മെത്രാൻമാരുടെ നിവേദകസംഘങ്ങൾ മാർപാപ്പായെ ധരിപ്പിച്ചിരുന്നതിനാൽ ആദ്യമാദ്യം വിജീലിയുസ് ഉറച്ചുനിന്നു. എന്നാൽ നിരന്തരമായ സമ്മർദ്ദവും ഭീഷണിയും നിമിത്തം 548-ൽ ''യുദിക്കാത്തും'' എന്ന രേഖയിലൂടെ വിജീലിയുസ് ജസ്റ്റീനിയന് അനുകൂലമായ നിലപാടു സ്വീകരിച്ചു. ഉടനെ വിവിധഭാഗങ്ങളിൽനിന്ന് ശക്തിയായി എതിർപ്പുണ്ടായി. അതിന്റെ വെളിച്ചത്തിൽ വിജീലിയുസ് തന്റെ രേഖ പിൻവലിച്ചു. ഒരു

1. K.P. Wesche, (tr.) *On the Person of Christ—The Christology of Emperor Justinian*, N.Y. 1991, P. 115—158.

www.malankaralibrary.com



പൊതുസിനഡുകൂടി പ്രശ്നം പരിഹരിക്കുന്നതുവരെ ചർച്ച നിർത്തിവയ്ക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. എന്നാൽ അസ്കീദാസിന്റെ പ്രേരണയാൽ 551-ൽ ജസ്റ്റീനിയൻ മൂന്നധ്യായങ്ങളെ ശപിച്ചുകൊണ്ട് ഒരു പുതിയ ഡിക്രി പുറപ്പെടുവിച്ചു (Homologia Pisteos). അതിൽ ഒരു വിശ്വാസപ്രഖ്യാപനവും 13 ശാപങ്ങളും തടസ്സവാദങ്ങൾക്കുള്ള മറുപടിയും ഉൾക്കൊള്ളുന്നു. ക്രിസ്തുവിനെ ''സമ്മിശ്രം'' (synthetos) എന്ന് അതിൽ വിളിക്കുന്നു. സിറിലിന്റെ ''ഏകസ്വഭാവം'' (mia physis) എന്ന പ്രയോഗം സ്വീകരിച്ചു. 11-12-13 ശാപങ്ങൾ മൂന്നധ്യായങ്ങളെ ശപിക്കുന്നു.

ഇത് വിജീലിയുസ് പാപ്പായ്ക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. ഇതിനു പിന്നിൽ പ്രവർത്തിച്ച മെന്നാസിനെയും അസ്കീദാസിനെയും മഹറോൻ ചൊല്ലി. 552-ൽ അയച്ച ഒരു ലേഖനത്തിലൂടെ (Epistula Encyclica) തന്റെ നിലപാട് അദ്ദേഹം ന്യായീകരിച്ചു. അതിൽ കുപിതനായ ചക്രവർത്തി മാർപാപ്പായെ ഭീഷണിപ്പെടുത്തിയതിനാൽ രണ്ടുപ്രാവശ്യം മാർപാപ്പാ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഇതിനിടെ മെന്നാസും അസ്കീദാസും മാർപാപ്പായോട് അനുരഞ്ജനപ്പെട്ടു. 552-ൽ മെന്നാസ് മരിച്ചു; പുതിയ പാത്രിയർക്കീസായ എവുതീക്കിയസ് മാർപാപ്പായുടെ തീരുമാനത്തിന് സർവ പിൻതുണയും പ്രഖ്യാപിച്ചു.

മാർപാപ്പായുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് 553-ൽ ജസ്റ്റീനിയൻ ചക്രവർത്തി മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടി. മെയ് 12/13-ൽ തിയഡോറിനെപ്പറ്റിയുള്ള ചർച്ച നടന്നു. 71 രേഖാശകലങ്ങൾ അവതരിപ്പിക്കപ്പെട്ടു.

553 മെയ് 14-ന് പോപ്പ് വിജീലിയുസ് തന്റെ തീരുമാനം (Constitutum) ചക്രവർത്തിയെ അറിയിച്ചു. അതിന്റെ ആദ്യഭാഗത്ത് അസ്കീദാസിന്റെയും മെന്നാസിന്റെയും എവുതീക്കിയസിന്റെയും വിശ്വാസപ്രഖ്യാപനം കൊടുത്തിരിക്കുന്നു; പിന്നീട് സിനഡ് (553) തുടങ്ങുന്നതുവരെയുള്ള സംഭവവികാസങ്ങളും വിവരിക്കുന്നു. തിയഡോറിൽ നിന്നുള്ള 71 ഭാഗങ്ങളിൽ നിന്ന് 59 എണ്ണം തുടർന്നു നല്കുന്നു. അതിന്റെ കൂടെ ഒന്നുകൂടെ (13) ചേർത്തു. ഒരു ശാപവും അവസാനം



കൂട്ടിച്ചേർത്തു. എഫേസോസ് ആകട്ടെ, കൽക്കദോനിയ ആകട്ടെ തിയഡോറിനെ ശപിക്കാഞ്ഞതിനാൽ മാർപാപ്പാ വ്യക്തിപരമായി അദ്ദേഹത്തെ ശപിച്ചില്ല. തിയഡൊറെറ്റിന്റെയും ഈബാസിന്റെയും കൃതികളെ ശപിക്കാൻ മാർപാപ്പാ കൂട്ടാക്കിയില്ല. തിയഡൊറെറ്റിന്റെ കൃതികളെ ശപിക്കരുതെന്ന് വിലക്കുകയും ചെയ്തു. എന്നാൽ സത്യവിശ്വാസവിരുദ്ധമായ പ്രസ്താവനകളെല്ലാം ശപ്തങ്ങളാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. നെസ്തോറിയനിസത്തിനെതിരെ അഞ്ചുശാപങ്ങൾ കൂട്ടിച്ചേർത്തു. ചുരുക്കത്തിൽ, കൽക്കദോനിയ വിശ്വാസനിർവചനത്തോട് ഒന്നും കൂട്ടിച്ചേർക്കാനോ, അതിൽനിന്ന് എന്തെങ്കിലും നീക്കിക്കളയാനോ പാടില്ല എന്ന് മാർപാപ്പാ വിലക്കി. മൂന്നധ്യായങ്ങളെ സംബന്ധിച്ച് തന്റെ അഭിപ്രായത്തിനപ്പുറത്തൊന്നും ചർച്ചചെയ്യേണ്ടതില്ല എന്നും കല്പിച്ചു.

ചക്രവർത്തി അതിൽ ശക്തിയായി പ്രതികരിച്ചു. അനുസ്മരണപ്പട്ടികയിൽനിന്ന് വിജീലിയൂസിന്റെ പേര് നീക്കം ചെയ്യാൻ മെത്രാന്മാർക്കു നിർദ്ദേശം നല്കി. സഭാസംസർഗത്തിൽ മരിച്ച തിയഡോറിനെ ശപിക്കണമോ വേണ്ടയോ എന്ന് മെയ് 17-ന് അഞ്ചാം സെഷനിൽ ചർച്ച നടന്നു. തിയഡൊറെറ്റ് സിറിലിനെതിരെ എഴുതിയവ മെയ് 19-ന് പരിശോധനാവിധേയമാക്കി. ഈബാസ് മാരിക്കയച്ച കത്ത് ആറാം സെഷനിൽ ചർച്ചയ്ക്കുവന്നു. കൗൺസിൽ മൂന്നധ്യായങ്ങൾക്കെതിരായ തീരുമാനമെടുത്തു. ജസ്റ്റീനിയൻ 551-ൽ എഴുതിയുണ്ടാക്കിയ 13 ശാപങ്ങളും അപ്പാടെ സിനഡ് അംഗീകരിച്ചു: 'വചനത്തിന്റെ' രണ്ടു ജനനം, ക്രിസ്തുവിന്റെ ഏകആളത്വം, ഹ്യുപ്പൊസ്റ്റാറ്റിക് ഐക്യം, സമ്മിശ്ര ഐക്യം (hypostasis kata synthesin), വചനം ത്രിത്വത്തിൽ ഒരുവനാണ്, 'ദൈവമാതാവ്', ''ഇരുസ്വഭാവങ്ങളിൽ നിന്ന്'', ''ഏകസ്വഭാവം'' (mia physis), 'ദൈവത്വം ശരീരവുമായി ഏകസ്വഭാവമാണ്'' എന്നീ പ്രയോഗങ്ങൾ ഈ ശാപങ്ങളിൽ കാണാം.

പൗരസ്ത്യപ്രതിനിധികൾ തടസ്സമൊന്നും കൂടാതെ ഇവയെല്ലാം അംഗീകരിച്ചു. പാശ്ചാത്യപ്രതിനിധികളുടെ ഒപ്പുകിട്ടാൻ വിഷമമായിരുന്നു. മാർപാപ്പാ ഇതിനെ എതിർത്തെങ്കിലും

www.malankaralibrary.com



അവസാനം അംഗീകരിക്കാൻ നിർബന്ധിതനായി. 553 ഡിസംബർ 8-ന് മാർപാപ്പാ ഇതംഗീകരിച്ചു. 554 ഫെബ്രുവരി 23-ലെ ഒരു രേഖയിൽ (Constitutum) ഇതാവർത്തിച്ചു. തുടർന്ന് പാശ്ചാത്യ പാത്രിയാർക്കേറ്റിലെ നിരവധി സഭകൾ റോമാ മെത്രാനോടുള്ള കൂട്ടായ്മ വിച്ഛേദിച്ചു. ഡൽമേഷ്യ, ഉത്തര ആഫ്രിക്ക, ഉത്തര ഇറ്റലി, വെനീസ്, ഇസ്ത്രിയ, ലിഗൂരിയാ, ഇല്ലീറിയാ, ടസ്കനി എന്നിവിടങ്ങളിലെ സഭകളാണ് നേതൃത്വം നല്കിയത്, സേർജിയുസ് മാർപാപ്പായുടെ കാലംവരെ (687—701) ഈ എതിർപ്പ് നിലനിന്നു.

553-ലെ സിനഡുകൊണ്ടോ മൂന്നധ്യായങ്ങളെ ശപിച്ചതുകൊണ്ടോ കൽക്കദോനിയ വിരുദ്ധർ, സഭയുമായുള്ള കൂട്ടായ്മയിലേക്ക് തിരികെ വന്നില്ല. അന്ത്യോക്യൻ പിതാക്കന്മാരെ ബഹുമാനിച്ചിരുന്ന സഭാംഗങ്ങളുടെ ഇടയ്ക്കുണ്ടായിരുന്ന സമാധാനം തകർക്കാൻമാത്രം അത് വഴിതെളിച്ചു. നെയോ-കൽക്കദോനിയ ചിന്തയിൽനിന്ന് അന്ത്യോക്യക്കാരെ അകറ്റുകയുംചെയ്തു. സഭയിൽതന്നെ മറ്റൊരു പിളർപ്പും മറ്റൊരു ഇടർച്ചയും ഉണ്ടായി. മൺമറഞ്ഞുപോയ പിതാക്കന്മാർ ശപിക്കപ്പെട്ടു എന്നതൊഴിച്ചാൽ മറ്റൊരുഫലവും ഉണ്ടായില്ല. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ ശാശ്വതമായ വിധിവാചകമാണ് 553-ൽ നടന്നത്. സിനഡിൽ പങ്കെടുത്തവർ അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രത്തെ, സഭയുടെ ക്രിസ്തുശാസ്ത്രമായി അംഗീകരിച്ചു. മറ്റ് പുരാതന ക്രിസ്തുശാസ്ത്രങ്ങളെ വിധിക്കാനുള്ള മാനദണ്ഡമായി അത് സ്വീകരിക്കപ്പെട്ടു.

മറ്റൊരു സിസ്റ്റവുമായി താരതമ്യപ്പെടുത്തിയാൽ ഏതു സിസ്റ്റത്തിലും കുറവുകൾ കണ്ടെത്താവുന്നതാണ്. വൈവിധ്യത്തെ പരസ്പരപൂരകങ്ങളായി കാണാതെ എല്ലായിടത്തും ഐകരൂപ്യചിന്ത നടപ്പാക്കാനായിരുന്നു അന്നത്തെ പരിശ്രമങ്ങൾ. ഇന്നത്തെ എക്യുമെനിക്കൽ മനഃസ്ഥിതിക്ക് ഒരുതരത്തിലും ചേരാത്തതാണിത്. അതിന്റെ കാരണം സുവ്യക്തമാണ്: യേശുക്രിസ്തു ഒരു മഹാരഹസ്യംതന്നെ. ഒരു ചിന്താരീതിക്കും ഇതിനാഴം കണ്ടെത്താൻ സാധ്യമല്ല. വിവിധ പാരമ്പര്യങ്ങൾ



ഒന്നിച്ചുചേരുമ്പോൾ അത് ഈ രഹസ്യത്തെ കുറെയൊക്കെ വ്യക്തമാക്കുന്നു എന്നുമാത്രം. എങ്കിലും അത് ഒരു രഹസ്യമായിത്തന്നെ അവശേഷിക്കുന്നു. അലക്സാണ്ഡ്രിയാക്കാരുടെ ക്രിസ്തുശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അന്ത്യോക്യക്കാരുടെ ക്രിസ്തുശാസ്ത്രത്തെ വിധിക്കാൻ പാടില്ലായിരുന്നു. വി. സിറിലിന്റെ ക്രിസ്തുശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തിയഡോറിനെ കുറ്റക്കാരനായി വിധിക്കരുതായിരുന്നു. ഓരോ പാരമ്പര്യവും അതാതിന്റെ പശ്ചാത്തലത്തിൽതന്നെ മനസ്സിലാക്കണം; ഓരോന്നിനും കൊടുക്കേണ്ട വിലയും സ്ഥാനവും കൊടുക്കണം.

സഭയിൽ ദൈവജനം വിശ്വസിക്കേണ്ടതെന്തെന്ന് ചക്രവർത്തി നിശ്ചയിച്ചു. അത് അംഗീകരിക്കാത്തവരെക്കൊണ്ട് നിർബന്ധിച്ച് അംഗീകരിപ്പിച്ചു. പിൻതലമുറക്കാർ അതൊരു എക്യുമെനിക്കൽ കൗൺസിലായി അംഗീകരിച്ചു. അങ്ങനെ മൂന്നധ്യായങ്ങളുടെമേലുള്ള ശാപം ശാശ്വതീകരിക്കപ്പെട്ടു. എന്നാൽ മൂന്നധ്യായങ്ങളുടെമേലുള്ള ശാപം പുനഃപരിശോധിക്കണം എന്നു ചിന്തിക്കുന്ന ഒരു തലമുറ ഈ എക്യുമെനിക്കൽ യുഗത്തിൽ ഉയർന്നുവരുന്നുണ്ട്. മൺമറഞ്ഞ ഭാഗ്യവാന്മാരായ പിതാക്കന്മാരോടുകാണിച്ച നിന്ദനത്തിന് പ്രായശ്ചിത്തം ചെയ്യണം. ദൈവത്തിന്റെ സഭയിൽ അവർക്കുണ്ടായിരുന്ന വിശിഷ്ടസ്ഥാനം അവർക്ക് വീണ്ടും നല്കണം എന്ന ചിന്ത ശക്തിപ്പെട്ടുവരികയാണ്. പരിശുദ്ധപിതാവായ മാർപാപ്പാ ഒരിക്കൽ പറഞ്ഞത് ഇത്തരുണത്തിൽ സ്മരണീയമാണ്: "There is also a need above all to dispel the disputes and condemnations of the past far from our memory and confide them to God's mercy."[2]

## മൂന്നധ്യായങ്ങൾക്കെതിരെയുള്ള വിധിവാചകം

സുവിശേഷത്തിലെ ഉപമയിൽ പറയപ്പെട്ടിരിക്കുന്നതുപോലെ, നമ്മുടെ മഹാദൈവവും രക്ഷകനുമായ യേശുക്രിസ്തു ഓരോരുത്തന്റെയും കഴിവനുസരിച്ച് താലന്തുകൾ കൊടുക്കുകയും ഓരോരുത്തനും ചെയ്തതിനെപ്പറ്റിയുള്ള കണക്ക് യഥാ

2. *Information Service*, 59 (1985) p.5.

www.malankaralibrary.com



സമയം ചോദിക്കുകയും ചെയ്യുന്നു. ഒരു താലന്തുമാത്രം ലഭിച്ചവൻ അധ്വാനിച്ച് വർദ്ധിപ്പിക്കാതെ കുറവുകൂടാതെ അതു സൂക്ഷിച്ചുവയ്ക്കുക മാത്രം ചെയ്തതിനാൽ വിധിക്കപ്പെട്ടെങ്കിൽ, സ്വന്തം കാര്യം നോക്കുന്നതിൽ പരാജയപ്പെടുക മാത്രമല്ല, മററുള്ളവർക്ക് ഇടർച്ച വരുത്തുകയും അവർക്ക് തെററിനു കാരണക്കാരനായിത്തീരുകയും ചെയ്യുന്ന വ്യക്തിക്കു ലഭിക്കുന്ന ശിക്ഷ എത്ര കൂടുതൽ ഭയാനകവും ഗൗരവാവഹവുമായിരിക്കുകയില്ല! വിശ്വാസം സംബന്ധിച്ച് ഒരു പ്രശ്നം ഉദിക്കുമ്പോൾ പാഷണ്ഡി മാത്രമല്ല വിധിക്കപ്പെടുക, പിന്നെയോ, മററുള്ളവരുടെ പാഷണ്ഡത തിരുത്താൻ കടപ്പെട്ടിരിക്കുകയും എന്നാൽ അപ്രകാരം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിയും ശിക്ഷാവിധിക്കർഹനാണെന്ന് എല്ലാ വിശ്വാസികൾക്കും സുവ്യക്തമാണല്ലോ. കർത്താവിന്റെ വേലയെ അവഗണിക്കുന്നവരെ ഭീഷണിപ്പെടുത്തുന്ന വിധിവാചകത്തെക്കുറിച്ചുള്ള ഭയം കർത്താവിന്റെ സഭയെ ഭരിക്കാൻ ഏല്പിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾക്കൊക്കെയുണ്ട്. ശത്രുവിതച്ച പാഷണ്ഡതയാകുന്ന കളയിൽനിന്നു സംരക്ഷിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ലവിത്തിനെ കാത്തു പരിപാലിക്കാൻ ഞങ്ങൾ ബദ്ധപ്പെടുന്നു. മൊപ്സുവെസ്ത്യാമെത്രാനും പാഷണ്ഡിയുമായ തിയഡോറും അവന്റെ ഗ്രന്ഥങ്ങളുംവഴിയും, പാഷണ്ഡിയായ തിയഡൊറെററിന്റെ കൃതികൾവഴിയും, പേർഷ്യാക്കാരൻ മാരിക്ക് ഈബാസ് അയച്ചു എന്നുപറയപ്പെടുന്ന ലജ്ജാകരമായ കത്തുവഴിയും നെസ്തോറിയുസിന്റെ ശിഷ്യർ അവരുടെ പാഷണ്ഡത ദൈവത്തിന്റെ സഭയിലേക്കു കൊണ്ടുവരാൻ പരിശ്രമിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. സംഭവിച്ചുകൊണ്ടിരുന്നവ തിരുത്താൻ ഞങ്ങളുടെ നിരീക്ഷണങ്ങൾ ഞങ്ങളെ പ്രേരിപ്പിച്ചു. ദൈവേഷ്ടത്താലും അതിഭക്തനായ ചക്രവർത്തിയുടെ കല്പനയാലും ഞങ്ങൾ ഈ രാജകീയ നഗരത്തിൽ ഒന്നിച്ചുകൂടി.

അഭിവന്ദ്യനായ വിജീലിയുസ് രാജകീയനഗരത്തിൽ തദവസരം സന്നിഹിതനായിരുന്നു; മൂന്നധ്യായങ്ങൾക്കെതിരെയുള്ള വിമർശനങ്ങളിലെല്ലാം അദ്ദേഹം പങ്കെടുത്തു. തന്റെ രേഖകൾവഴിയും വാചികമായും പലപ്പോഴും അദ്ദേഹം അവയെ ശപി



ച്ചിട്ടുണ്ട്. സത്യവിശ്വാസത്തിന്റെ കൃത്യനിർവചനം പ്രസിദ്ധപ്പെടുത്താൻ കഴിയുന്നതിനായി, കൗൺസിലിൽ സംബന്ധിക്കാമെന്നും ഞങ്ങളോടൊത്ത് മൂന്നധ്യായങ്ങൾ പഠിക്കാമെന്നും പിന്നീട് അദ്ദേഹം രേഖാമൂലം ഞങ്ങളുമായി ധാരണയുണ്ടാക്കി. ഞങ്ങൾക്കു സ്വീകാര്യമായതിനാൽ, ഞങ്ങളും വിജീലിയുസും തമ്മിലുള്ള ഒരു കൂടിക്കാഴ്ചയ്ക്കു അതിഭക്തനായ ചക്രവർത്തി കളമൊരുക്കി; കാരണം, പൊതുതാല്പര്യമുള്ള വിഷയങ്ങളിൽ പുരോഹിതർ ഏകാഭിപ്രായക്കാരായിരിക്കുന്നതാണല്ലോ നല്ലത്. തദനുസരണം, രേഖാമൂലമുള്ള ധാരണയനുസരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾ അദ്ദേഹത്തോട് അപേക്ഷിച്ചു. മൂന്നധ്യായങ്ങൾ മൂലമുള്ള ഇടർച്ച തുടരുന്നതും ദൈവത്തിന്റെ സഭയിൽ കൂടുതൽ കുഴപ്പങ്ങളുണ്ടാകുന്നതും നല്ലതല്ലെന്നു തോന്നി. അദ്ദേഹത്തെ പ്രേരിപ്പിക്കാൻവേണ്ടി ശ്ലീഹന്മാർ നമുക്കുനല്കിയ മഹനീയ മാതൃകയും പിതാക്കന്മാരുടെ പാരമ്പര്യങ്ങളും ഞങ്ങൾ ചൂണ്ടിക്കാട്ടി. തന്റെ ദൗത്യനിർവഹണത്തിനായി ശ്ലീഹന്മാരിലാർക്കും മറെറാരാളുടെ ഉപദേശം ആവശ്യമില്ലാത്തരീതിയിൽ, ഓരോ ശ്ലീഹായിലും പരിശുദ്ധാത്മദാനം സമൃദ്ധമായി ഉണ്ടായിരുന്നെങ്കിലും, വിശുദ്ധ സുവിശേഷത്തിന്റെ സാക്ഷ്യവുമായി തങ്ങളുടെ വിവിധാഭിപ്രായങ്ങൾ തട്ടിച്ചുനോക്കുവാൻ ഒന്നിച്ചുകൂടുന്നതുവരെ പുറജാതികളുടെ പരിച്ഛേദനം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് ഗർഹണീയമായി അവർ കരുതി.

ഈരീതിയിൽ അവർ ഏകയോഗമായി എടുത്ത തീരുമാനം പുറജാതികളെ അറിയിച്ചു: ''അത്യാവശ്യകാര്യങ്ങളേക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണ് നല്ലതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. വിഗ്രഹങ്ങൾക്കർപ്പിച്ചവ, രക്തം, കഴുത്തു ഞെരിച്ചു കൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽനിന്ന് നിങ്ങൾ അകന്നിരിക്കണം'' (നട 15:28—29).

വിവിധാവസരങ്ങളിൽ കൂടിയ നാല് വിശുദ്ധ കൗൺസിലുകളിലെ പിതാക്കന്മാർ പൂർവികരുടെ മാതൃക പിൻതുടർന്ന് തർക്കമുള്ള വിഷയങ്ങളുടെ ഓരോ ഭാഗവും അവതരിപ്പിക്കുമ്പോൾ പൊതുവായ ചർച്ചവഴി സത്യപ്രകാശം, നുണയുടെ

www.malankaralibrary.com



നിഴലുകളെ നീക്കിക്കളയുന്നു എന്നത് തീർച്ചയാണ് എന്ന് അംഗീകരിച്ചിരിക്കുന്നതിനാൽ, പൊതുവായ ചർച്ചയിലൂടെ പാഷണ്ഡതകളെയും സമകാലീന പ്രശ്നങ്ങളെയും സമീപിച്ചു.

എല്ലാവർക്കും തങ്ങളുടെ അയല്ക്കാരുടെ സഹായം ആവശ്യമാകയാൽ വിശ്വാസസംബന്ധമായി ചർച്ചകളുണ്ടാകുമ്പോൾ സത്യം വ്യക്തമാക്കാൻ മറെറാരു രീതിയിലും സാധ്യമല്ല. സുഭാഷിതങ്ങളിൽ സോളമൻ പറയുന്നതുപോലെ ''സഹോദരനെ സഹായിക്കുന്ന സഹോദരൻ ഉറപ്പുള്ള നഗരംപോലെ ഉയർത്തപ്പെടും; അവൻ സുസ്ഥാപിതമായ രാജ്യംപോലെ ഉറപ്പുള്ളവനായിരിക്കും'' (8:19); വീണ്ടും സഭാപ്രസംഗകനിൽ അവൻ പറയുന്നു, ''രണ്ടുപേർ ഒരാളേക്കാൾ മെച്ചമാണ്; കാരണം അവർക്കു തങ്ങളുടെ അധ്വാനത്തിന് നല്ല പ്രതിഫലം കിട്ടും'' (4:9). കർത്താവുതന്നെ പറയുന്നു: ''സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതുകാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേററിത്തരും. കാരണം, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും'' (മത്താ. 18:19—20). വിജീലിയുസിനെ ഞങ്ങൾ പല പ്രാവശ്യം വിളിച്ചു; അതിഭക്തനായ ചക്രവർത്തി ഏററവും ബഹുമാന്യരായ ന്യായാധിപന്മാരെ അദ്ദേഹത്തിന്റെ പക്കലേക്കയച്ചു. അവസാനം, മൂന്നധ്യായങ്ങളെപ്പററി വ്യക്തിപരമായി വിധി പ്രസ്താവിക്കാമെന്ന് അദ്ദേഹം ഉറപ്പു നല്കി. ഈ ഉറപ്പു കേട്ടപ്പോൾ ശ്ലീഹായുടെ മുന്നറിയിപ്പാണ് ഞങ്ങൾ ഓർത്തത്: ''ഒരോരുത്തനും തന്നെപ്പററി ദൈവത്തിനു കണക്കു കൊടുക്കണം'' (റോമ. 14:12). ഏററവും ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവനെ കാത്തിരുന്ന വിധിവാചകത്തെയും, അതിനേക്കാൾ കൂടുതൽ ഗൗരവമായി, വളരെ നല്ല ഒരു ക്രിസ്തീയ ചക്രവർത്തിക്കും ജനങ്ങൾക്കും എല്ലാ സഭകൾക്കും ഇടർച്ച വരുത്തുന്നവർക്കും ഉള്ള ശിക്ഷാവിധിയെയും ഓർത്ത് ഞങ്ങൾ ഭയപ്പെട്ടു. ദൈവം പൗലോസിനോടു പറഞ്ഞതും ഞങ്ങൾ അനുസ്മരിച്ചു: ''ഭയപ്പെടേണ്ട; നിശബ്ദനായിരിക്കാതെ സംസാരിക്കുക; എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്. നിന്നെ ഉപദ്രവിക്കാൻ ആർക്കും സാധിക്കുകയില്ല'' (നട. 18:9—10).



അതുകൊണ്ട് ഞങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ ഞങ്ങൾ ആദ്യമായി ഒരു വിശ്വാസപ്രഖ്യാപനം നടത്തി. അത് സത്യദൈവമായ നമ്മുടെ കർത്താവേശുക്രിസ്തു വിശുദ്ധ ശ്ലീഹന്മാർക്കും അവർ വഴി വിശുദ്ധ സഭകൾക്കും കൈമാറിയതാണ്. ആ വിശ്വാസംതന്നെ വിശുദ്ധപിതാക്കന്മാരും മല്പാന്മാരും തങ്ങൾക്ക് ഭരമേല്പിക്കപ്പെട്ട ജനങ്ങൾക്ക് പിന്നീട് കൈമാറിക്കൊടുത്തു. നിഖ്യായിൽ സമ്മേളിച്ച 318 വിശുദ്ധപിതാക്കന്മാർ വിശദമായി എഴുതിയുണ്ടാക്കി കൈമാറിയ വിശുദ്ധ പ്രബോധനം അഥവാ വിശ്വാസപ്രമാണം ഞങ്ങൾ വിശ്വസിക്കുകയും, സംരക്ഷിക്കുകയും വിശുദ്ധസഭകളോട് പ്രസംഗിക്കുകയും ചെയ്യും എന്ന് ഞങ്ങൾ ഏററുപറഞ്ഞു. കോൺസ്റ്റാൻറിനോപ്പിളിൽ കൗൺസിൽകൂടിയ 150 പേരും അതേ വിശ്വാസം എഴുതി അവരുടേതായ ഒരു പ്രഖ്യാപനം നടത്തുകയും അത് വിശദീകരിക്കുകയും ചെയ്തു. ഒന്നാം എഫേസോസ് കൗൺസിലിൽകൂടിയ 200 വിശുദ്ധപിതാക്കന്മാരും അതേ വിശ്വാസത്തോടു യോജിച്ചു. കൽക്കദോനിയ കൗൺസിൽ കൂടി അതേ വിശ്വാസം സംബന്ധിച്ച് 630 പേർ അനുധാവനം ചെയ്യുകയും പ്രസംഗിക്കുകയും ചെയ്ത നിർവചനങ്ങളും ഞങ്ങൾ അനുധാവനം ചെയ്യുന്നു. കത്തോലിക്കാസഭയും മുകളിൽ പറഞ്ഞ നാല് കൗൺസിലുകളും മുൻപ് ശപിക്കുകയും മുടക്കുകയും ചെയ്തിട്ടുള്ള എല്ലാവരെയും ഞങ്ങൾ ശപിക്കുകയും മുടക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾ പ്രഖ്യാപിച്ചു. ഈ രീതിയിൽ ഞങ്ങൾ ഈ പ്രഖ്യാപനം നടത്തിയിട്ട് മൂന്നധ്യായങ്ങളുടെ പരിശോധന തുടങ്ങി.

ആദ്യമായി ഞങ്ങൾ മൊപ്സുവെസ്ത്യായിലെ തിയഡോറിനെപ്പററി പരിഗണിച്ചു. അയാളുടെ കൃതികളിലുള്ള ദൈവദൂഷണങ്ങളെല്ലാം തുറന്നുകാട്ടിയപ്പോൾ, ഇത്തരം ദൈവദൂഷണങ്ങൾ രൂപീകരിച്ച നാവിനെയും മനസ്സിനെയും ദൈവികാഗ്നി നേരേ ദഹിപ്പിച്ചുകളഞ്ഞില്ലല്ലോ എന്ന് ദൈവത്തിന്റെ ക്ഷമയെപ്പററി ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. ഈ ദൈവദൂഷണങ്ങ

www.malankaralibrary.com



ളിൽ മതിമറന്നാഹ്ലാദിച്ചുനടന്നവർ, അവ വെളിപ്പെടുത്തുന്നതു വഴി അവർക്കുണ്ടാകുന്ന അവമാനത്തിനർഹരാണെന്ന് ഞങ്ങൾക്ക തോന്നിയില്ലായിരുന്നെങ്കിൽ, ഈ ദൈവദൂഷണങ്ങൾ വായിച്ച ഔദ്യോഗിക വായനക്കാർനെ തുടരാൻപോലും ഞങ്ങൾ അനുവദിക്കുമായിരുന്നില്ല; അവയുടെ വെറും ആവർത്തനത്തിൽ പോലും ദൈവകോപം ഉണ്ടാകും എന്നായിരുന്നു ഞങ്ങളുടെ ഭയം (ഓരോ ദൈവദൂഷണവും, പാഷണ്ഡതയുടെ വ്യാപ്തിയിൽ തൊട്ടുമുമ്പുള്ളതിനേക്കാൾ കൂടുതൽ മ്ലേച്ഛമായതും ശ്രോതാക്കളുടെ മനസ്സിന്റെ അടിത്തറ ഇളക്കുന്നതുമായിരുന്നു). തിയഡോർ ജീവനോടെ അവിടെ സന്നിഹിതനാണ് എന്ന രീതിയിൽ, അവ വായിച്ചപ്പോഴും അതിനുശേഷവും, ദൈവത്തിനെതിരെയുള്ള ദൂഷണങ്ങൾ നിമിത്തം കോപാവേശം പൂണ്ട് ഞങ്ങളെല്ലാവരും തിയഡോറിനെതിരെ ആക്രമണങ്ങളും ശാപങ്ങളും കൊണ്ട് പൊട്ടിത്തെറിച്ചു. ഞങ്ങൾ പറഞ്ഞു: കർത്താവേ, ഞങ്ങളോട് കരുണയായിരിക്കണമെ; നിനക്കെതിരായി ചെകുത്താൻ പോലും ഇങ്ങനെ പറയാൻ തുനിയുകയില്ലല്ലോ.

ഓ, അവന്റെ ദുസ്സഹമായ നാവ്! ഓ, മനുഷ്യന്റെ ദുഷ്ടത! ഓ, തന്റെ സ്രഷ്ടാവിനെതിരെ അവനുയർത്തിയ അഹങ്കരിക്കുന്ന കരം! തിരുലിഖിതങ്ങൾ മനസ്സിലാക്കാമെന്നു പ്രതിജ്ഞ ചെയ്ത ഈ നിന്ദ്യനായ മനുഷ്യൻ ഹോശിയാ പ്രവാചകന്റെ വാക്കുകൾ ഓർത്തില്ല: ''അവർ എന്നിൽനിന്ന് വഴിതെററിയകന്നുപോയതിനാൽ അവർക്കു കഷ്ടം! എന്റെ നേർക്കുള്ള അവരുടെ അഭക്തി നിമിത്തം അവർ കുപ്രസിദ്ധരായിത്തീർന്നിരിക്കുന്നു. അവർ എന്നെപ്പററി ചീത്തക്കാര്യങ്ങൾ പറഞ്ഞു. അവർ അവയെപ്പററി നിരൂപിച്ചശേഷം എനിക്കെതിരെ കൂടുതൽ മ്ലേച്ഛമായ കാര്യങ്ങൾ പറഞ്ഞു. തങ്ങളുടെ നാവിന്റെ വഷളത്തം നിമിത്തം അവർ കെണിയിൽ കുടുങ്ങും. അവർ എന്റെ കല്പന ലംഘിക്കുകയും എന്റെ നിയമത്തിനെതിരെ അഭക്തമായി പ്രവർത്തിക്കുകയും ചെയ്തതിനാൽ അവരുടെ വെറുപ്പ് അവരുടെമേൽത്തന്നെ തിരിയും'' (7:13-16;8:1). അഭക്തനായ തിയഡോർ ഈ ശാപങ്ങൾക്കർഹനാണ്. അയാൾ ക്രിസ്തുവിനെപ്പററിയുള്ള പ്രവചനങ്ങൾ തള്ളിക്കളഞ്ഞു; നമ്മുടെ രക്ഷയ്ക്കുവേണ്ടി സംഭവിച്ച ക്രമീകരണങ്ങളുടെ



വലിയ രഹസ്യത്തെ, തന്റെ കഴിവനുസരിച്ച് അയാൾ അപകീർത്തിപ്പെടുത്തി. പുറജാതിക്കാരുടെ രസത്തിനുവേണ്ടി എഴുതപ്പെട്ട കഥകളല്ലാതെ മറെറാന്നുമല്ല ദിവ്യവചനം എന്ന് തെളിയിക്കാൻ പലതരത്തിൽ അയാൾ ശ്രമിച്ചു. അഭക്തർക്കെതിരെ പ്രവാചകർ നടത്തിയ മററുശാപങ്ങളെ അയാൾ കളിയാക്കി; പ്രത്യേകിച്ച്, ''അയൽക്കാരുടെ നഗ്നത കാണാൻ വേണ്ടി അവരെ ക്രോധത്തിന്റെ പാനപാത്രം കുടിപ്പിച്ച് ഉന്മത്തരാക്കുന്നവർക്കു ഹാ കഷ്ടം'' എന്ന്, തെററായ പ്രബോധനങ്ങൾ പഠിപ്പിക്കുന്നവരെപ്പററി വിശുദ്ധ ഹബക്കുക്ക് പറഞ്ഞതിനെപ്പററി. ഇത് അവരുടെ പ്രബോധനങ്ങളെപ്പററിയാണ്; അവ അന്ധകാരനിബിഡവും പ്രകാശത്തിൽനിന്ന് വളരെ അകന്നതുമാണ്.

ഞങ്ങൾ കൂടുതലെന്തെങ്കിലും കൂട്ടിച്ചേർക്കുന്നത് എന്തിനാണ്? താൽപര്യമുള്ള ആർക്കും പാഷണ്ഡിയായ തിയഡോറിന്റെ വാല്യങ്ങളോ ഞങ്ങൾ ഞങ്ങളുടെ നടപടികളിൽ ഉൾപ്പെടുത്തിയ, അയാളുടെ പാഷണ്ഡഗ്രന്ഥങ്ങളിൽനിന്നുള്ള അബദ്ധജഡിലമായ അധ്യായങ്ങളോ പരിശോധിക്കാവുന്നതാണ്. അയാളുടെ അവിശ്വസനീയമായ വിഡ്ഢിത്തവും അയാൾ നടത്തിയ ലജ്ജാരഹിതമായ പ്രസ്താവനകളും കാണാവുന്നതാണ്. അവമാനകരമായ ഈ കാര്യങ്ങൾ തുടരാനും വീണ്ടും ആവർത്തിക്കാനും ഞങ്ങൾക്കു ഭയമാണ്. വിശുദ്ധപിതാക്കന്മാർ അയാൾക്കെതിരായി രചിച്ച കൃതികളും ഞങ്ങൾ വായിച്ചുകേട്ടു. മറെറല്ലാ പാഷണ്ഡികളുടേതിനേക്കാളും ഹീനമായ, അയാളുടെ പമ്പരവിഡ്ഢിത്തത്തിനെതിരെ എഴുതപ്പെട്ടവയും, ആരംഭം മുതലേ അവന്റെ പാഷണ്ഡതയെപ്പററി ചർച്ച ചെയ്യുന്ന ചരിത്രപരമായ രേഖകളും രാജകീയ നിയമങ്ങളും ഞങ്ങൾ കേട്ടു. എന്നിട്ടും, തന്റെ സ്രഷ്ടാവിന് അയാൾ നല്കിയ നിന്ദനങ്ങളിൽ സന്തോഷിച്ചുകൊണ്ട്, അയാളുടെ പാഷണ്ഡതയെ ന്യായീകരിച്ചവർ, മരണാനന്തരം അയാളെ ശപിക്കുന്നത് അനുചിതമാണെന്ന് പ്രസ്താവിച്ചു. പാഷണ്ഡികളെ മരണത്തിനുശേഷവും മുടക്കിയിട്ടുണ്ടെന്ന് സഭാപാരമ്പര്യം ഞങ്ങൾക്കറിയാമായിരുന്നിട്ടും, ഇതേപ്പററി അന്വേഷിക്കേണ്ടതാവശ്യമാണെന്ന് ഞങ്ങൾക്കു തോന്നി. നിരവധി പാഷണ്ഡി

www.malankaralibrary.com



കളെ മരണശേഷം ശപിച്ചതായി നടപടികളിൽനിന്ന് കാണാൻ കഴിയും. ഈ വാദമുന്നയിച്ചവർക്ക് ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചോ, ശ്ലീഹന്മാരുടെ പ്രഖ്യാപനങ്ങളെക്കുറിച്ചോ, പിതാക്കന്മാരുടെ പാരമ്പര്യങ്ങളെക്കുറിച്ചോ ഒരു താല്പര്യവും ഇല്ലെന്ന് പലവഴിക്ക് ഞങ്ങൾക്ക് വ്യക്തമായിട്ടുള്ളതാണ്. ''അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല; വിശ്വസിക്കാത്തവനോ ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തെതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു'' എന്ന് പറഞ്ഞ കർത്താവിനെപ്പററി (യോഹ. 3:18) അവർ എന്തുപറയും എന്ന് ഞങ്ങൾ അവരോട് ന്യായമായി ചോദിക്കയാണ്. ശ്ലീഹായുടെ അവകാശവാദത്തെപ്പററിയോ: ''നിങ്ങൾ സ്വീകരിച്ചതിനു വിരുദ്ധമായി, ഞങ്ങൾതന്നെയോ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻതന്നെയോ പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ'' (ഗലാ. 1:8). അവൻ നേരത്തെതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു എന്നു കർത്താവ് പ്രഖ്യാപിക്കുന്നതിനാലും, ഞങ്ങൾ പ്രസംഗിച്ചതിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും പഠിപ്പിച്ചാൽ മാലാഖയെപ്പോലും ശ്ലീഹാ ശപിക്കുന്നതിനാലും, ഇപ്പോഴും ജീവിച്ചിരിക്കുന്നവർക്കേ ശാപങ്ങൾ ബാധകമാകൂ എന്ന് തറപ്പിച്ചുപറയാൻ ഒരു ധിക്കാരിക്കുപോലും എങ്ങനെയാണ് സാധ്യമാകുക? ശപിക്കപ്പെട്ടവരായി വിധിക്കപ്പെടുക എന്നുപറഞ്ഞാൽ ദൈവത്തിൽനിന്നകററപ്പെടുക എന്നാണെന്ന് അവർക്കറിഞ്ഞുകൂടേ? അതോ അറിയില്ലെന്നു നടിക്കയാണോ? പാഷണ്ഡിയെ ആരെങ്കിലും ഔപചാരികമായി ശപിച്ചില്ലെങ്കിൽ തന്നെയും, തന്റെ പാഷണ്ഡതവഴി സത്യത്തിന്റെ പാതയിൽനിന്ന് സ്വയം വെട്ടിമാററിയതിനാൽ തന്റെമേൽത്തന്നെ ശാപം വലിച്ചുവയ്ക്കുന്നു. ''വിഘടിച്ചു നില്ക്കുന്നവനെ ഒന്നോ രണ്ടോ പ്രാവശ്യം ശാസിച്ചതിനുശേഷം അവനുമായുള്ള ബന്ധം വിടർത്തുക. അവൻ വഴിപിഴച്ചവനും പാപിയുമാണ്; അവൻ തന്നെത്തന്നെ കുററവാളിയെന്ന് വിധിച്ചിരിക്കുന്നു'' എന്ന് ശ്ലീഹാ എഴുതിയതിന് (തീത്തു. 3:10—11) അത്തരക്കാർ എന്തു മറുപടി നല്കും?



ഈ രേഖയുടെ അരൂപിയിലാണ് ഭാഗ്യവാനായ സിറിൽ, തിയഡോറിനെതിരെയുള്ള തന്റെ പുസ്തകങ്ങളിൽ ഇപ്രകാരം പ്രഖ്യാപിച്ചത്: ''അവർ ജീവിച്ചിരിക്കുന്നവരാണെങ്കിലും അല്ലെങ്കിലും ഇത്തരം ഭീകരമായ തെററുകളുടെ പിടിയിലമർന്നവരെ നാം ദൂരെയകററണം. ഉപദ്രവകരമായിട്ടുള്ളതിനെ എപ്പോഴും പരിത്യജിക്കുക ആവശ്യമാണ്; പൊതുജനാഭിപ്രായത്തെപ്പററി വിഷമിക്കേണ്ട; പിന്നെയോ ദൈവത്തിനിഷ്ടമുള്ളത് പരിഗണിക്കുക'' (*PG.* 76. 1442). ഭാഗ്യസ്മരണാർഹനായ അതേ സിറിൽതന്നെ, നെസ്തോറിയുസിനോടൊപ്പം ശപിക്കപ്പെട്ട തിയഡോറിനെപ്പററി അന്ത്യോക്യൻ മെത്രാനായ യോഹന്നാനും അവിടെക്കൂടിയ സിനഡിനും ഇപ്രകാരം എഴുതി: ''അവർ ആരു തന്നെ ആയിരുന്നാലും, നെസ്തോറിയുസിനോടു യോജിച്ചു പോകുന്ന അഭിപ്രായങ്ങൾ തട്ടിവിട്ടവരെയെല്ലാം തള്ളിക്കളഞ്ഞിരിക്കയാൽ ഒരു വലിയ പെരുന്നാളാഘോഷിക്കേണ്ടത് ആവശ്യമായിരുന്നു. ഈ തെററായ വീക്ഷണങ്ങൾ പുലർത്തിയവർക്കെതിരെ, അഥവാ ഏതെങ്കിലും അവസരം വിശ്വസിച്ചവർക്കെതിരെ നടപടി എടുത്തു. നാമും അങ്ങും ഉച്ചരിച്ചത് കൃത്യമായി ഇതാണ്: ''രണ്ടു പുത്രന്മാരും രണ്ടു ക്രിസ്തുക്കളും ഉണ്ടെന്നു പറയുന്നവരെ ഞങ്ങൾ ശപിക്കുന്നു.'' പണ്ഡിതനായ പൗലോസ് പറയുന്നതുപോലെ, നാമും അങ്ങും പ്രസംഗിച്ചത്, നേരത്തെ പറഞ്ഞതുപോലെ, പുത്രനും കർത്താവുമായ ഏക ക്രിസ്തു; മനുഷ്യനായ ഏകജാതൻ'' (*PG.* 77. 334). കൂടാതെ വൈദികർക്കും സന്യാസപിതാക്കന്മാർക്കും—അലക്സാണ്ഡർ, മർതീനിയൻ, യോഹന്നാൻ, പറെഗോറിയുസ്, മാക്സിമുസ്—അവരോടുകൂടി ഏകാന്തവാസികളായി ജീവിച്ചവർക്കും എഴുതിയ തന്റെ കത്തിൽ അദ്ദേഹം പറയുന്നു: ''ദൈവഹിതമനുസരിച്ചുകൂടിയ വിശുദ്ധ എഫേസോസ് സിനഡ് നെസ്തോറിയുസിന്റെ പാഷണ്ഡതയ്ക്കെതിരെ വിധി പ്രസ്താവിക്കുകയും, നീതിപൂർവമായും കൃത്യമായും നെസ്തോറിയുസിനെയും, അയാൾ അംഗീകരിച്ചതുപോലെയുള്ള അഭിപ്രായങ്ങൾ ബുദ്ധിഭ്രമംവന്ന് പില്ക്കാലത്തും സ്വീകരിക്കാനിടയുള്ളവരെയും, മുമ്പ് ഇതേ അഭിപ്രായം വച്ചുപുലർത്തിയവരെയും, അവയെ എഴുതിവയ്ക്കാൻ ധൈര്യപ്പെട്ടവരെയും ഒരുപോലെ ശാപത്തിൻ കീഴിലാക്കി. ഒരാൾ പറഞ്ഞ അത്തരം ഭോഷത്തത്തിനെതിരായി വിധിപ്രസ്താവിച്ച

www.malankaralibrary.com



പ്പോൾ, അത് ആ വ്യക്തിയ്ക്കെതിരായി മാത്രമല്ല പിന്നെയോ പാഷണ്ഡതകളും അസത്യങ്ങളും പ്രചരിപ്പിക്കുന്ന സകലർക്കും ബാധകമാണെന്നുള്ളത് തികച്ചും യുക്ത്യാനുസൃതമാണ്. രണ്ടു പുത്രന്മാർക്ക് ആരാധന അർപ്പിച്ചുകൊണ്ടും, വിഭജിക്കാൻ സാധിക്കാത്തതിനെ വിഭജിക്കാൻ ശ്രമിച്ചുകൊണ്ടും, മനുഷ്യനെ ആരാധിക്കൽ എന്ന അപരാധം ആകാശത്തിലും ഭൂമിയിലും അവതരിപ്പിച്ചുകൊണ്ടും സഭയുടെ സത്യപ്രബോധനങ്ങൾക്കെതിരായി അവർ ഈ തെറ്റുകൾ തട്ടിവിടുന്നു. എന്നാൽ നമ്മോടുകൂടി സ്വർഗ്ഗീയാരൂപികളുടെ വിശുദ്ധനിരകൾ ഏകകർത്താവേശുക്രിസ്തുവിനെ മാത്രം ആരാധിക്കുന്നു'' (*PG.* 77. 294-5).

അതിനുംപുറമെ, ആഫ്രിക്കൻ മെത്രാന്മാരുടെ ഇടയിൽ പ്രത്യേകം പ്രശസ്തനായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിന്റെ കത്തുകൾ പലതും വായിക്കപ്പെട്ടു. പാഷണ്ഡരെ അവരുടെ മരണശേഷവും ശപിക്കുന്നത് ശരിയാണെന്ന് അവയിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ആഫ്രിക്കയിൽനിന്നുള്ള അതിശ്രേഷ്ഠരായ മറ്റ് മെത്രാന്മാരും ഈ സഭാനടപടിയെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്; കൂടാതെ, ചില മെത്രാന്മാർ ജീവിച്ചിരുന്നപ്പോൾ വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ആരും കുറ്റം വിധിച്ചില്ലെങ്കിലും അവരുടെ മരണശേഷം വിശുദ്ധ റോമാ സഭ അവർക്കെതിരെ ശാപങ്ങൾ ഉച്ചരിച്ചിട്ടുണ്ട്; ഞങ്ങളുടെ പര്യാലോചനകളുടെ നടപടികൾ ഈ രണ്ടു സന്ദർഭങ്ങൾക്കും സാക്ഷ്യം നല്കുന്നു.

തിയഡോറിനെയും അവന്റെ പാഷണ്ഡതയെയും പിൻചെല്ലുന്നവരും സത്യത്തെ സ്പഷ്ടമായി എതിർക്കുന്നവരുമായ ആളുകൾ സിറിലിന്റെയും ഭാഗ്യസ്മരണാർഹനായ പ്രോക്കുളുസിന്റെയും കൃതികളിൽനിന്നുള്ള ചില ഭാഗങ്ങൾ, തിയഡോറിന് അനുകൂലമാണെന്ന ഭാവേന ഉദ്ധരിക്കുന്നതിനാൽ, പ്രവാചകന്റെ നിരീക്ഷണം ഈ ശ്രമങ്ങളെപ്പറ്റി പറയാൻ അനുയോജ്യമാണ്. അവൻ എഴുതുന്നു: ''കർത്താവിന്റെ വഴികൾ ഋജുവാണ്; നീതിമാൻ അതിലൂടെ നടക്കുന്നു; എന്നാൽ പാപികൾ അവയിൽ കാലിടറിവീഴും'' (ഹോശി. 14:10). വിശുദ്ധ പിതാക്കന്മാർ പറഞ്ഞത് സത്യവും ഉചിതവും ആണെങ്കിലും



അവർ പറഞ്ഞത് ഈ അനുയായികൾ തെറ്റിദ്ധരിച്ചു; തങ്ങളുടെ ദുഷ്ടത മറച്ചുവയ്ക്കാനുള്ള കാരണമായിട്ടാണ് അവർ ഈ കൃതികൾ ഉദ്ധരിച്ചത്. പിതാക്കന്മാർ തിയഡോറിനെതിരെയുള്ള ശാപം നീക്കിയില്ലെന്നാണു തോന്നുന്നത്; പിന്നെയോ, നെസ്തോറിയുസിനെയും അവന്റെ പാഷണ്ഡതയെയും ചെറിയതോതിൽ ന്യായീകരിച്ചവരെ അവരുടെ തെറ്റിൽനിന്നു പിൻതിരിപ്പിക്കാനായി പിതാക്കന്മാർ മയപ്പെട്ട ഭാഷ ഉപയോഗിച്ചെന്നുമാത്രം; അവരെ പരിപൂർണ്ണതയിലേക്കുനയിക്കുകയും, പാഷണ്ഡത പഠിപ്പിച്ച നെസ്തോറിയുസ് മാത്രമല്ല അയാളുടെ ഗുരുവായ തിയഡോറുംകൂടി ശപിക്കപ്പെട്ടു എന്ന് പഠിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അനുരഞ്ജനരീതികൾ ഉപയോഗിച്ചെങ്കിലും പിതാക്കന്മാർ ഈ കാര്യത്തിലുള്ള അവരുടെ ഉദ്ദേശ്യം സൂചിപ്പിക്കുന്നു: തിയഡോറിനെ ശപിക്കണം. തിയഡോറിന്റെയും അവന്റെ പാഷണ്ഡതയുടെയും ശാപം സംബന്ധിച്ച് സിറിലിന്റെയും ഭാഗ്യസ്മരണാർഹനായ പ്രോക്കുളുസിന്റെയും കൃതികളിൽനിന്ന് ഞങ്ങളുടെ നടപടികളിൽ ഇത് ഇപ്രകാരമാണെന്ന് ഞങ്ങൾ വളരെ വ്യക്തമായി കാണിച്ചിട്ടുള്ളതാണ്. ഈ അനുനയമനോഭാവം വിശുദ്ധ ഗ്രന്ഥങ്ങളിലും കാണാവുന്നതാണ്. യഹൂദരായിരുന്നവരോട് ഇടപെട്ടപ്പോൾ, തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ പൗലോസ്ശ്ലീഹാ ഈ തന്ത്രം പ്രയോഗിച്ചു. തന്റെ അനുനയനവും വിട്ടുവീഴ്ചയുംകൊണ്ട് യഹൂദരെ പരിപൂർണ്ണതയിലേക്കു കൊണ്ടുവരാമെന്നുകരുതി അവൻ തിമോത്തിയെ പരിച്ഛേദനം നടത്തി (നട. 16:1-3); പിന്നീടാകട്ടെ, അവൻ പരിച്ഛേദനത്തിനെതിരായ നിലപാടെടുത്തു. ഈ വിഷയം സംബന്ധിച്ച് അവൻ ഗലാത്യർക്കെഴുതുന്നു: ''നിങ്ങൾ പരിച്ഛേദനം സ്വീകരിക്കുകയാണെങ്കിൽ, ക്രിസ്തു നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല എന്നു പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു'' (5:2).

പാഷണ്ഡികൾ സാധാരണ ചെയ്യാറുള്ളതുപോലെ തന്നെയാണ് തിയഡോറിനെ നീതീകരിക്കുന്നവർ ചെയ്യുന്നതെന്ന് ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. വിശുദ്ധ പിതാക്കന്മാർ എഴുതിയ ചില കാര്യങ്ങൾ വിട്ടുകളഞ്ഞും, തങ്ങളുടേതായിട്ടുള്ള

www.malankaralibrary.com



ചില തെററിദ്ധരിപ്പിക്കുന്ന തെററുകൾ ഉൾപ്പെടുത്തിയും, ഭാഗ്യസ്മരണാർഹനായ സിറിലിന്റെ ഒരു കത്ത് ഉദ്ധരിച്ചും, ഇവയെല്ലാം പിതാക്കന്മാരുടെ തെളിവുകളെന്നപോലെ കരുതിയാണ് മേല്പറഞ്ഞ പാഷണ്ഡി തിയഡോറിന്റെമേലുള്ള ശാപം നീക്കിക്കളയാൻ അവർ പരിശ്രമിച്ചത്. അവർ വിട്ടുകളഞ്ഞ ഭാഗങ്ങൾ അവയുടെ ശരിയായ സ്ഥാനത്തു കൂട്ടിച്ചേർത്തപ്പോൾ, അവരുദ്ധരിച്ച ഭാഗങ്ങൾ സത്യം വ്യക്തമാക്കി. ശരിയായ കൃതികളുമായി ഒത്തുനോക്കിയപ്പോൾ കള്ളത്തരങ്ങൾ സ്പഷ്ടമായി. ഈ കാര്യത്തിൽ പൊള്ളയായ പ്രസ്താവനകൾ നടത്തിയവർ തിരുലിഖിതവാക്യമനുസരിച്ച്, ''കള്ളത്തിലാശ്രയിക്കുന്നു, പൊള്ളയായ വാദങ്ങൾ നടത്തുന്നു; അവർ തിന്മയെ ഗർഭം ധരിച്ച് ദുഷ്ടതയെ പ്രസവിക്കുന്നു; അവർ ചിലന്തിവല കെട്ടുന്നു'' (ഏശാ. 59:4—5).

ഈ രീതിയിൽ തിയഡോറിനെയും അവന്റെ പാഷണ്ഡതയെയും പരിശോധിച്ചശേഷം, സത്യവിശ്വാസത്തിനെതിരായും വിശുദ്ധ സിറിലിന്റെ പന്ത്രണ്ടധ്യായങ്ങൾക്കെതിരായും ഒന്നാം എഫേസോസ് സിനഡിനെതിരായും തിയഡൊറെററ് എഴുതിയ പാഷണ്ഡകൃതികളിൽനിന്നുള്ള ചില ഭാഗങ്ങൾ ഉദ്ധരിച്ച് ഞങ്ങളുടെ നടപടികളിൽ ഉൾപ്പെടുത്താൻ ഞങ്ങൾ ബദ്ധപ്പെട്ടു. പാഷണ്ഡരായ തിയഡോറിനും നെസ്തോറിയുസിനും വേണ്ടി തിയഡൊറെറെറഴുതിയ കൃതികളിൽ ചിലതും ഞങ്ങൾ ഉൾപ്പെടുത്തി; ഈ അഭിപ്രായങ്ങളെ ശരിയായിത്തന്നെയാണ് തള്ളിക്കളഞ്ഞതും മുടക്കിയതെന്നും ഞങ്ങളുടെ നടപടികൾ വായിക്കുന്നവർക്കു തൃപ്തിവരത്തക്കവണ്ണം വ്യക്തമാക്കാനാണിത്.

മൂന്നാമതായി പേർഷ്യാക്കാരൻ മാരിക്ക് ഈബാസ് അയച്ചു എന്നുപറയപ്പെടുന്ന കത്ത് പരിശോധനാവിഷയമാക്കി; അതും ഔദ്യോഗികമായി വായിക്കപ്പെടണം എന്ന് ഞങ്ങൾ കണ്ടെത്തി. ആ കത്തുവായിച്ചപ്പോൾ അതിന്റെ പാഷണ്ഡതാസ്വഭാവം ഏവർക്കും ഉടനെ വ്യക്തമായി. മുകളിൽപറഞ്ഞ മൂന്നധ്യായങ്ങളെ വിധിച്ച് ശപിക്കണമോ വേണ്ടയോ എന്നതിനെപ്പററി ഈ സമയംവരെ ചില്ലറ തർക്കങ്ങളുണ്ടായിരുന്നു. തിയഡോറിന്റെയും നെസ്തോറിയുസിന്റെയും അനുഗാമികൾ മററൊരു



രീതിയിൽ ഈ മനുഷ്യരുടെ കേസ് ഉറപ്പിക്കാൻ ഗൂഢാലോചന നടത്തുകയും, തിയഡോറിനെയും നെസ്തോറിയുസിനെയും അംഗീകരിക്കുകയും നീതീകരിക്കുകയും ചെയ്യുന്ന ഈ പാഷണ്ഡത നിറഞ്ഞ കത്ത് വിശുദ്ധ കൽക്കദോനിയ കൗൺസിൽ അംഗീകരിച്ചതാണെന്ന് ആരോപിക്കകയും ചെയ്തതിനാൽ, ആ കത്തിലുള്ള പാഷണ്ഡത ആ വിശുദ്ധ സിനഡിനെ തീണ്ടിയിട്ടില്ലെന്നും, അപ്രകാരമുള്ള ആരോപണം ഉന്നയിക്കന്നവർ വ്യക്തമായി വിശുദ്ധ കൗൺസിലിന്റെ സഹായത്താലല്ല, പിന്നെയോ, തങ്ങളുടെ പാഷണ്ഡതയ്ക്ക് പിൻതുണ നല്കാനാണ് കൽക്കദോന്റെ പേരുമായി ബന്ധപ്പെടുന്നതെന്നും തെളിയിക്കേണ്ടത് ഞങ്ങൾക്ക് ആവശ്യമായിവന്നു. ഈബാസിന്റെ കത്തിലുള്ള അതേ പാഷണ്ഡത മുമ്പ് അയാളിൽ ആരോപിക്കപ്പെട്ടിട്ടുള്ളതാണെന്ന് ഞങ്ങളുടെ നടപടികളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ആരോപണം ആദ്യം കോൺസ്ററാൻറിനോപ്പിൾ മെത്രാനായ ഭാഗ്യസ്മരണാർഹനായ പ്രോക്കുളുസും, പിന്നീട് ഭാഗ്യസ്മരണാർഹനായ തിയഡോഷ്യസും, പ്രോക്കുളുസിനു ശേഷം അവിടെ മെത്രാനായിരുന്ന ഫ്ളാവിയനും ആണ് ഉന്നയിച്ചത്; അവരിരുവരുംകൂടി, ടയർ മെത്രാനായ ഫോസിയസിനെയും ബെയ്റൂട്ട് നഗരത്തിന്റെ മെത്രാനായ എവുസ്താത്യോസിനെയും ഈ സംഗതി മുഴുവൻ പരിശോധിക്കുക എന്ന ദൗത്യം ഭരമേല്പിച്ചു. ഈബാസ് പിന്നീട് കുററക്കാരനാണെന്നു കണ്ടപ്പോൾ, അയാളെ മെത്രാൻസ്ഥാനത്തുനിന്ന് ഭ്രഷ്ടനാക്കി. കാര്യങ്ങൾ ഇങ്ങനെയിരിക്കെ, വിശുദ്ധ കൽക്കദോനിയ കൗൺസിൽ ആ പാഷണ്ഡമയമായ കത്ത് അംഗീകരിച്ചെന്നോ, വിശുദ്ധ കൽക്കദോനിയ കൗൺസിൽ അതിനോട് പൂർണ്ണമായി യോജിച്ചെന്നോ എങ്ങനെയാണ് ഒരുവന് ആരോപിക്കാൻ ധൈര്യംവരുന്നത്? വിശുദ്ധ കൽക്കദോനിയ കൗൺസിലിനെ ഈ രീതിയിൽ ഭാവിയിലാരും തെററായി ചിത്രീകരിക്കാൻ ഒരവസരം ഉണ്ടാകാതിരിക്കാൻ, ഭാഗ്യസ്മരണാർഹരായ സിറിലിന്റെയും, പുരാതന റോമിന്റെ പോപ്പായിരുന്ന ലെയോയുടേയും കത്തുകളുടെ ഉള്ളടക്കം സംബന്ധിച്ച് ഒന്നാം എഫേസോസ്, കൽക്കദോനിയ എന്നീ വിശുദ്ധ സിനഡുകളുടെ ഔദ്യോഗികപ്രഖ്യാപനങ്ങൾ ഔപചാരികമായി വായിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചു. വിശുദ്ധ പിതാക്കന്മാരുടെ

www.malankaralibrary.com



സത്യവിശ്വാസവുമായി ഒത്തുപോകുന്നതാണെന്ന് ബോധ്യം വരത്തക്കവിധം തെളിയിക്കാതെ ആരെഴുതിയതായാലും, അതൊന്നും സ്വീകരിച്ചുകൂടാ എന്ന് ഈ ആധികാരിക സാക്ഷ്യങ്ങളിൽ നിന്നു ഞങ്ങൾ മനസ്സിലാക്കി. അതുകൊണ്ട്, വിശുദ്ധ കൽക്കദോനിയ കൗൺസിൽ പ്രസിദ്ധീകരിച്ച വിശ്വാസനിർവചനം ഔപചാരിക പ്രഖ്യാപനത്തിൽ ആവർത്തിക്കാനായി ഞങ്ങൾ ഞങ്ങളുടെ ചർച്ചകൾ നിർത്തിവച്ചു. ഞങ്ങൾ കത്തിന്റെ ഉള്ളടക്കവും ഈ ഔപചാരിക പ്രസ്താവനയും തമ്മിൽ താരതമ്യപ്പെടുത്തിയപ്പോൾ കത്തിന്റെ ഉള്ളടക്കം വിശ്വാസനിർവചനത്തിന് നേരേ വിപരീതമാണെന്ന് വളരെ വ്യക്തമായി. വിശ്വാസനിർവചനം 318 വിശുദ്ധപിതാക്കന്മാരും, 150 പേരും, ഒന്നാം എഫേസോസ് കൗൺസിലിൽ സംബന്ധിച്ചവരും അവതരിപ്പിച്ച ശാശ്വതവും അതുല്യവുമായ വിശ്വാസവുമായി യോജിപ്പിലായിരുന്നു. മറിച്ച് പാഷണ്ഡത നിറഞ്ഞ കത്താകട്ടെ, പാഷണ്ഡികളായ തിയഡോറിന്റെയും നെസ്തോറിയുസിന്റെയും ദൈവദൂഷണങ്ങൾ ഉൾക്കൊണ്ടിരുന്നു; അത് അവരെ പിൻതുണയ്ക്കുകയും അവരെ മല്പാന്മാർ എന്നു വിളിക്കുകയും ചെയ്തു; എന്നാൽ വിശുദ്ധ പിതാക്കന്മാരെയാകട്ടെ പാഷണ്ഡികൾ എന്നു മുദ്രകുത്തി. തങ്ങളുടെ കേസിനാധാരമായി തിയഡോറിന്റെയും നെസ്തോറിയുസിന്റെയും അനുയായികൾ കൊണ്ടുവന്നവയെപ്പററി ഒന്നാമത്തെയും രണ്ടാമത്തെയും പരിശോധനയിൽ പിതാക്കന്മാർക്ക് പറയാനുണ്ടായിരുന്നത് വിട്ടുകളയുവാൻ ഞങ്ങൾക്ക് ഉദ്ദേശ്യമില്ലെന്ന് എല്ലാവരോടും ഞങ്ങൾ വ്യക്തമാക്കിക്കൊള്ളുന്നു. ഈ പ്രസ്താവനകളും മററുള്ളവയും ഔപചാരികമായി വായിക്കപ്പെട്ടു; അവയുടെ ഉള്ളടക്കം ഔദ്യോഗികമായി പരിശോധനയ്ക്കു സമർപ്പിക്കപ്പെട്ടു; ആ കത്തിൽ പറഞ്ഞിരുന്ന പാഷണ്ഡതാ പ്രബോധനങ്ങളെയും നെസ്തോറിയുസിനെയും ശപിക്കുന്നതുവരെ മേല്പറഞ്ഞ ഈബാസിനെ സ്വീകരിക്കാൻ അവർ അനുവദിച്ചില്ല എന്ന് ഞങ്ങൾ കണ്ടു. രണ്ടു മെത്രാന്മാർക്കും ഈ വീക്ഷണമായിരുന്നു.—അവരുടെ ഇടപെടലുകളെ തെററായി പ്രയോഗിക്കാൻ ചിലർ ശ്രമിച്ചിരുന്നു—അവർക്കു മാത്രമല്ല, ആ വിശുദ്ധ കൗൺസിലിലെ മറെറല്ലാ ഭക്തരായ മെത്രാന്മാർക്കും ഈ വീക്ഷണമായിരുന്നു.



തിയഡൊറെററിന്റെ കാര്യത്തിലും അവർ ഇപ്രകാരംതന്നെ പ്രവർത്തിച്ചു; അയാളിൽ കുററമാരോപിക്കപ്പെട്ട അഭിപ്രായങ്ങളെ അയാൾ ശപിക്കണമെന്ന് അവർ നിർബന്ധം പിടിച്ചു. ഈബാസിന്റെ കത്തിൽ കണ്ടെത്തിയ പാഷണ്ഡതയെ ശപിക്കുകയും കൗൺസിൽ വരച്ചുകാട്ടിയ വിശ്വാസനിർവചനത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തെങ്കിൽ മാത്രമേ അയാളെ സ്വീകരിക്കാൻ അനുവദിക്കുകയുള്ളു എങ്കിൽ ഈ പാഷണ്ഡതനിറഞ്ഞ കത്ത് ആ വിശുദ്ധ കൗൺസിൽ അംഗീകരിച്ചു എന്നാരോപിക്കാൻ എങ്ങനെയാണ് ഒരു ശ്രമം നടത്തുന്നത്? നമ്മോട് ശരിയായി പറയപ്പെട്ടിരിക്കുന്നു: ''നീതിയും ദുഷ്ടതയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? ക്രിസ്തുവിന് ബലിയാലുമായി എന്തു യോജിപ്പാണുള്ളത്? വിശ്വാസിക്ക് അവിശ്വാസിയുമായി എന്താണു പൊതുവിലുള്ളത്? ദൈവത്തിന്റെ ആലയത്തിന് വിഗ്രഹങ്ങളുമായി എന്തു ഭാഗഭാഗിത്വമാണുള്ളത്?'' (1 കൊറി. 6: 14-16).

ഞങ്ങളുടെ കൗൺസിൽ ചെയ്തകാര്യങ്ങൾ ഞങ്ങൾ വിശദമായി വിവരിച്ചു; നിഖ്യാ, കോൺസ്ററാൻറിനോപ്പിൾ, ഒന്നാം എഫേസോസ്, കൽക്കദോനിയ എന്നീ നാല് വിശുദ്ധ സൂനഹദോസുകൾ ഞങ്ങൾ സ്വീകരിക്കുന്നു എന്നത് ഞങ്ങളുടെ ഔദ്യോഗിക വിശ്വാസപ്രഖ്യാപനത്തിൽ ഞങ്ങൾ ആവർത്തിക്കുന്നു. ഏകവിശ്വാസം സംബന്ധിച്ച് അവർ നിർവചിച്ചവയെല്ലാമാണ് ഇപ്പോഴും മുമ്പും ഞങ്ങളുടെ പ്രബോധനം. ഈ കാര്യങ്ങളെ ബഹുമാനിക്കാത്തവരെ കത്തോലിക്കാസഭയ്ക്ക് അന്യരായി ഞങ്ങൾ കരുതുന്നു. കൂടാതെ, ഈ നാല് വിശുദ്ധ കൗൺസിലുകളും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയും വിധിച്ച് ശപിച്ച മറെറല്ലാ പാഷണ്ഡികളോടുംകൂടെ, മുമ്പ് മൊപ്സുവെസ്ത്യാ മെത്രാനായ തിയഡോറിനെയും അയാളുടെ പാഷണ്ഡ കൃതികളെയും സത്യവിശ്വാസത്തിനെതിരായും, വിശുദ്ധ സിറിലിന്റെ പന്ത്രണ്ട് അധ്യായങ്ങൾക്കെതിരായും ഒന്നാം എഫേസോസ് സിനഡിനെതിരായും തിയഡോറെററ് പാഷണ്ഡതാപരമായി എഴുതിയവയെയും, തിയഡോറിനെയും നെസ്തോറിയുസിനെയും ന്യായീകരിച്ചുകൊണ്ട്

www.malankaralibrary.com



അവൻ എഴുതിയവയെയും ഞങ്ങൾ കുററംവിധിച്ച് ശപിക്കുന്നു. അതോടുചേർത്ത് പേർഷ്യാക്കാരൻ മാരിക്ക് ഈബാസ് എഴുതി എന്നു പറയപ്പെടുന്ന പാഷണ്ഡതാക്കത്തും ഞങ്ങൾ ശപിക്കുന്നു. 'വിശുദ്ധ ദൈവമാതാവായ നിത്യകന്യകമറിയത്തിൽ നിന്ന് വചനമായ ദൈവം ശരീരമെടുത്തു മനുഷ്യനായി' എന്നുള്ളകാര്യം ഈ കത്ത് നിഷേധിക്കുന്നു. സത്യവിശ്വാസം പഠിപ്പിച്ച ഭാഗ്യസ്മരണാർഹനായ സിറിലിനെ ഒരു പാഷണ്ഡിയായി ഇത് മുദ്രകുത്തുകയും അദ്ദേഹം അപ്പൊള്ളിനാരിസിന്റെ അഭിപ്രായങ്ങൾ വച്ചുപുലർത്തി എന്ന് ആരോപിക്കുകയും ചെയ്യുന്നു. ശരിയായ നടപടിയും അന്വേഷണവും കൂടാതെ നെസ്തോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കിയതിന് ഈ കത്ത് ഒന്നാം എഫേസോസ് കൗൺസിലിനെ കുററപ്പെടുത്തുന്നു. വിശുദ്ധ സിറിലിന്റെ പന്ത്രണ്ടധ്യായങ്ങളെ പാഷണ്ഡതാപരം എന്നും സത്യവിശ്വാസത്തിനെതിരെന്നും ഇത് വിളിക്കുന്നു; എന്നാൽ തിയഡോറിനെയും നെസ്തോറിയുസിനെയും അവരുടെ പാഷണ്ഡ പ്രബോധനങ്ങളെയും കൃതികളെയും പിൻതാങ്ങുന്നു. അക്കാരണത്താൽ, ഞങ്ങൾ മുകളിൽ പറഞ്ഞ മൂന്നധ്യായങ്ങളെ അതായത്, മൊപ്സുവെസ്ത്യായിലെ തിയഡോറിനെയും അയാളുടെ ദുഷ്ടകൃതികളെയും തിയഡൊറെററിന്റെ പാഷണ്ഡകൃതികളെയും ഈബാസ് എഴുതി എന്നു പറയപ്പെടുന്ന പാഷണ്ഡലേഖനത്തെയും ശപിക്കുന്നു. ഈ കൃതികളെ പിൻതുണയ്ക്കുന്നവരെയും അവയെ ന്യായീകരിച്ചുകൊണ്ട് എഴുതിയിട്ടുള്ളവരെയും എഴുതുന്നവരെയും അവർ സത്യവിശ്വാസികളാണ് എന്ന് അവകാശപ്പെടാൻ ധൈര്യപ്പെടുന്നവരെയും, വിശുദ്ധപിതാക്കന്മാരുടെയോ വിശുദ്ധ കൽക്കദോനിയ കൗൺസിലിന്റെയോ പേരിൽ അവരുടെ പാഷണ്ഡതയെ ന്യായീകരിക്കയോ ന്യായീകരിക്കാൻ ശ്രമിക്കുകയോ ചെയ്തവരെയും ഞങ്ങൾ ശപിക്കുന്നു.

വളരെ കൃത്യമായി ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വിശുദ്ധസഭയെപ്പററി വാഗ്ദാനം ചെയ്തതും 'പാതാളവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല'—പാഷണ്ഡികളുടെ മരണം നിശ്വസിക്കുന്ന നാവിനെയാണ് അതുകൊണ്ട് ഞങ്ങൾ അർത്ഥമാക്കുന്നത്—എന്നു പറഞ്ഞയാളിനെയും



(മത്താ. 16:18) ഞങ്ങൾ അനുസ്മരിക്കുന്നു; ''ഞാൻ വിശ്വസ്തതയിൽ നീയുമായി വിവാഹ ഉടമ്പടി നടത്തും; നീ കർത്താവിനെ അറിയും'' എന്ന് ഹോശിയാ സഭയെപ്പററി പ്രവചനം പറഞ്ഞതും ഞങ്ങൾ ഓർക്കുന്നു (2:20); നുണയുടെ പിതാവായ പിശാചിനോടുകൂടി പാഷണ്ഡികളുടെ അനിയന്ത്രിതമായ നാവിനെയും അവരുടെ പാഷണ്ഡകൃതികളെയും, മരണംവരെ തങ്ങളുടെ പാഷണ്ഡതയിൽ ഉറച്ചുനിന്ന പാഷണ്ഡരെയും ഞങ്ങൾ പരിഗണിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അവരോട് ഇപ്രകാരം വിളംബരം ചെയ്യുന്നു: ''തീകൊളുത്തുകയും തീക്കൊള്ളികൾ മിന്നിക്കുകയും ചെയ്യുന്നവരേ, നിങ്ങൾ കൊളുത്തിയ തീയുടെയും മിന്നിച്ച തീക്കൊള്ളിയുടെയും പ്രകാശത്തിൽ സഞ്ചരിച്ചുകൊള്ളുവിൻ'' (ഏശാ. 50:11). സത്യപ്രബോധനത്താൽ ജനങ്ങളെ ഉത്തേജിപ്പിക്കാനും ദൈവത്തിന്റെ സഭയാകുന്ന ജറുസലേമിന്റെ ഹൃദയത്തോട് സംസാരിക്കാനും ഞങ്ങൾക്കു കല്പന ലഭിച്ചിരിക്കുന്നതിനാൽ, നീതിയിൽ വിതയ്ക്കാനും ജീവന്റെ ഫലം കൊയ്തെടുക്കാനും വളരെ നന്നായി ഞങ്ങൾ ബദ്ധപ്പെടുന്നു. ഇപ്രകാരം പ്രവർത്തിക്കുന്നതിൽ തിരുലിഖിതങ്ങളിൽനിന്നും പിതാക്കന്മാരുടെ പ്രബോധനങ്ങളിൽനിന്നും ഞങ്ങൾക്കായി വിജ്ഞാനദീപം ഞങ്ങൾ കത്തിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ സത്യപ്രഖ്യാപനങ്ങളും പാഷണ്ഡരെയും അവരുടെ കൃതികളെയുംകുറിച്ചുള്ള ഞങ്ങളുടെ വിധിപ്രസ്താവനകളും കുറേ വാചകങ്ങളിൽ ചുരുക്കിനല്കുന്നത് അത്യാവശ്യമാണെന്ന് ഞങ്ങൾക്കുതോന്നി.

## മൂന്നധ്യായങ്ങൾക്കെതിരെയുള്ള ശാപങ്ങൾ

1. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകസ്വഭാവവും അഥവാ സത്തയും ഏകശക്തിയും അധികാരവും ആണെന്നും സമസത്തയായ ത്രിത്വമാണെന്നും മൂന്ന് ഹ്യുപ്പൊസ്ററസിസുകളിൽ[1] അഥവാ ആളുകളിൽ[2] ഏകദൈവത്വത്തെ ആരാധിക്കണമെന്നും ആരെങ്കിലും പ്രഖ്യാപിക്കാതിരുന്നാൽ അയാൾ ശപിക്കപ്പെടട്ടെ. ഏകദൈവവും ഏകപിതാവും

1. hypostasein = in subsistensiis = in subsistences
2. Prosopois = in personis = in persons

www.malankaralibrary.com



മാത്രമേയുള്ളു; എല്ലാവസ്തുക്കളും അവനിൽനിന്നുവരുന്നു; ഏകകർത്താവേശുമിശിഹാ; അവനിലൂടെ എല്ലാ വസ്തുക്കളും ഉണ്ടായി; ഏക പരിശുദ്ധാത്മാവ്; എല്ലാവസ്തുക്കളും അവനിലാകുന്നു.[3]

2. ശരീരം കൂടാതെയും സമയത്തിനപ്പുറത്തുമായും യുഗങ്ങൾക്കെല്ലാംമുൻപ് പിതാവിൽനിന്നുള്ള ജനനം, രണ്ടാമതായി ആകാശങ്ങളിൽനിന്ന് താഴേക്കിറങ്ങിവന്ന് വിശുദ്ധയും മഹനീയയും ദൈവമാതാവും നിത്യകന്യകയുമായ മറിയത്തിൽനിന്ന് ജഡമെടുത്ത് അവളിൽനിന്ന് ജനിച്ചു എന്ന ഈ അന്ത്യനാളുകളിലുള്ള ജനനം, എന്നിങ്ങനെ വചനമായ ദൈവത്തിന് രണ്ടു ജനനങ്ങളുണ്ടെന്ന് ആരെങ്കിലും പ്രഖ്യാപിക്കാതിരുന്നാൽ അയാൾ ശപിക്കപ്പെടട്ടെ.

3. അത്ഭുതം പ്രവർത്തിക്കുന്ന (വചനമായ) ദൈവം പീഡയനുഭവിച്ച ക്രിസ്തുവുമായി അനന്യമല്ല[4] എന്നു പ്രസ്താവിക്കുകയോ വചനമായ ദൈവം സ്ത്രീയിൽനിന്നു ജനിച്ച ക്രിസ്തുവിനോടൊത്തായിരുന്നെന്നോ[5] അല്ലെങ്കിൽ ഒന്ന് മറ്റൊന്നിൽ എന്നരീതിയിൽ അവനിലായിരുന്നെന്നോ, അവതരിച്ച് മനുഷ്യനായ വചനമാം ദൈവംതന്നെയല്ല നമ്മുടെ കർത്താവായ യേശുക്രിസ്തു എന്നോ, തൻെറ ശരീരത്തിൽ സ്വമേധയാ അവിടുന്നു സഹിച്ച പീഡകളും ചെയ്ത അത്ഭുതങ്ങളും ഒരേ വ്യക്തിയുടേതല്ല എന്നോ ആരോപിക്കുകയോ ചെയ്യുന്ന വ്യക്തി ശപിക്കപ്പെടട്ടെ.

4. വചനമായ ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം കൃപയുടെകാര്യത്തിൽ അഥവാ പ്രവർത്തനതത്വത്തിൽ, അഥവാ മാഹാത്മ്യത്തിൽ, അല്ലെങ്കിൽ ബഹുമാനത്തിലുള്ള തുല്യതയുടെ കാര്യത്തിൽ, അധികാരത്തിൻെറ കാര്യത്തിൽ, അല്ലെങ്കിൽ എന്തെങ്കിലും ബന്ധം, അഥവാ, പ്രീതി, അഥവാ, ശക്തിയുടെ കാര്യത്തിൽ മാത്രമേയുള്ളു എന്നു പ്രസ്താവിച്ചാൽ; അല്ലെ

3. 1 കൊറി. 8:6.
4. not identical
5. with the Christ



ങ്കിൽ തിയഡോർ തൻെറ വിഭ്രാന്തിയിൽ അവകാശപ്പെടുന്നതുപോലെ 'ദൈവത്തെ മനുഷ്യൻ വളരെ നന്നായി ഇഷ്ടപ്പെട്ടതിനാൽ വചനമായ ദൈവം മനുഷ്യനിൽ സംപ്രീതനായി' എന്ന രീതിയിൽ സന്മനോഭാവത്തിൻെറ കാര്യത്തിലാണെന്ന് തട്ടിവിട്ടാൽ; അവിടുത്തെ പേര്, ബഹുമാനം, സ്ഥാനം, ആരാധന എന്നിവയെക്കുറിച്ചു പരാമർശിക്കുന്നതിനാൽ ഏകവ്യക്തിയെപ്പററിയും ഏകക്രിസ്തുവിനെപ്പററിയും സംസാരിക്കുന്നു എന്നു നടിക്കുകമാത്രം ചെയ്തുകൊണ്ടും വളരെ വ്യക്തമായി രണ്ട് വ്യത്യസ്ത വ്യക്തികളെപ്പററി ചർച്ചചെയ്തുകൊണ്ടും നെസ്തോറിയർ വചനമായ ദൈവത്തെ യേശു[6] എന്നും ക്രിസ്തു എന്നും വിളിക്കുകയും, ''ക്രിസ്തു'' എന്നും ''പുത്രൻ'' എന്നും ഉള്ള പേരുകൾകൊണ്ടു മാനുഷികവശത്തെ വേർതിരിച്ച് പറയുകയും ചെയ്യുന്നതുപോലെ ഈ ഐക്യം ഒരുതരം പര്യായാവസ്ഥ[7] മാത്രമേയുള്ളു എന്നുപറഞ്ഞാൽ; അവസാനമായി ഐക്യം സംഭവിച്ചത് വചനമായ ദൈവവും ധാരണാശക്തിയുള്ളതും വിവേചനാശക്തിയുള്ളതുമായ[8] ആത്മാവുള്ള മനുഷ്യമാംസവുമായിട്ടാണെന്നും, ഈ ഐക്യം സങ്കലനത്താൽ[9] അഥവാ ഹ്യുപ്പൊസ്റ്റാററിക്കൽ[10] ആണെന്നും, അതുകൊണ്ട് വിശുദ്ധത്രിത്വത്തിൽ ഒരാളായ കർത്താവേശുക്രിസ്തു ഒരേ ഒരാളാണെന്നും[11] ഉള്ള വിശുദ്ധപിതാക്കന്മാരുടെ പ്രബോധനം ആരെങ്കിലും അംഗീകരിക്കാതിരുന്നാൽ, അയാൾ ശപിക്കപ്പെടട്ടെ.

''ഐക്യം''[12] എന്നയാശയം അനേകം വ്യത്യസ്തരീതികളിൽ മനസ്സിലാക്കാൻ സാധിക്കും. ഐക്യപ്പെടുന്ന ഘടകങ്ങൾ അപ്രത്യക്ഷമാകുന്നു എന്ന് വാദിക്കുന്നതിനാൽ ഐക്യപ്പെടുന്ന ഘടകങ്ങളുടെ കൂട്ടിക്കുഴയ്ക്കലിലൂടെയാണ്[13] ഐക്യം ഉണ്ടാ

6. 'Son' എന്ന് പാഠഭേദം
7. a sort of synonymity
8. rational and intellectual soul
9. kata synthesin = synthesis
10. kath' hypostasin (secundum subsistentiam)
11. mian autou ten hypostasin (unam eius subsistentiam compositam)
12. henosis (unitas)
13. Kata synchusin (confusio)

www.malankaralibrary.com



കുന്നതെന്ന് അപ്പൊള്ളിനാരിസിൻെറയും എവുത്തിക്കൂസിൻെറയും ദുഷ്ടതയെ പിൻചെല്ലുന്നവർ പറയുന്നു. വിഭജനത്തിൽ സന്തോഷിക്കുന്ന, തിയഡോറിൻെറയും നെസ്തോറിയുസിൻെറയും അനുയായികൾ സ്നേഹത്തിലുള്ള[14] ഐക്യം മാത്രമാണ് കൊണ്ടുവരുന്നത്. ദൈവത്തിൻെറ വിശുദ്ധസഭ, രണ്ടുതരം പാഷണ്ഡതകളുടെയും ദുഷ്ടത തള്ളിക്കളഞ്ഞുകൊണ്ട് വചനമായദൈവവും മനുഷ്യശരീരവുമായുള്ള ഐക്യം സങ്കലനം (സിൻതെസിസ്)[15], അതായത് ഹ്യുപ്പൊസ്റ്റസിസുകളുടെ ഐക്യം[16] ആണെന്നുപറഞ്ഞ് അവളുടെ വിശ്വാസം രേഖപ്പെടുത്തുന്നു. ക്രിസ്തു എന്ന രഹസ്യത്തിൽ സങ്കലനൈക്യം[17] കൂട്ടിക്കുഴച്ചിൽകൂടാതെ[18] ഒന്നിച്ചുവരുന്ന ഘടകങ്ങളെ സംരക്ഷിക്കുന്നു എന്നുമാത്രമല്ല, ഒരു വിഭജനവും അനുവദിക്കുന്നുമില്ല.

5. ആരെങ്കിലും നമ്മുടെ കർത്താവേശുമിശിഹായുടെ ഏക ഹ്യുപ്പൊസ്ററസിസ് പല ഹ്യുപ്പൊസ്ററസിസുകളുടെ അർത്ഥം ജ്യോതിപ്പിക്കുന്നു എന്നു മനസ്സിലാക്കുകയും അതിലൂടെ ക്രിസ്തുരഹസ്യത്തിലേക്ക് രണ്ട് ഹ്യുപ്പൊസ്ററസിസുകളെ അഥവാ, രണ്ട് ആളുകളെ[19] അവതരിപ്പിക്കാൻ ശ്രമിക്കുകയും, തിയഡോറും നെസ്തോറിയുസും അവരുടെ ചിത്തഭ്രമത്തിൽ എഴുതിയതുപോലെ രണ്ടാളുകളെ[20] കൊണ്ടുവന്നിട്ട് ബഹുമാനത്തിലും ഔന്നത്യത്തിലും ആരാധനയിലുംമാത്രം ഒരാളെപ്പററി സംസാരിക്കുകയും ചെയ്താൽ; ''ഏക ഹ്യുപ്പൊസ്ററസിസ്'' എന്ന പദപ്രയോഗം വഴി ഈ പാഷണ്ഡവീക്ഷണം സ്വീകരിച്ചു എന്നുപറഞ്ഞുകൊണ്ട് വിശുദ്ധ കൽക്കദോനിയ സിനഡിനെ തെററായി ചിത്രീകരിക്കുകയും, വചനമായ ദൈവം മനുഷ്യജഡവുമായി യോജിച്ചത് ഹ്യുപ്പൊസ്റററികലാണ്[21] എന്നും അക്കാരണത്താൽ ഏക ഹ്യുപ്പൊസ്ററസിസ്

14. affection
15. Kata synthesin
16. Kath' hypostasin
17. Kata synthesin henosis
18. asynchuta = inconfusione-without confusing.
19. Prosopa
20. Prosopa
21. Kath' hypostasin



അഥവാ ഏക ആളേ ഉള്ളൂ എന്നും ഇപ്രകാരം വിശുദ്ധ കൽക്കദോനിയ സിനഡ്, നമ്മുടെ കർത്താവേശുക്രിസ്തുവിൻെറ ഏക ഹ്യുപ്പൊസ്ററസിസിൽ ഉള്ള വിശ്വാസത്തെപ്പററി ഒരു ഔപചാരിക പ്രസ്താവന നടത്തി എന്നും അംഗീകരിക്കാതിരിക്കുകയും ചെയ്താൽ; അയാൾ ശപിക്കപ്പെടട്ടെ. ത്രിത്വത്തിലൊരാളായ വചനമായ ദൈവം മനുഷ്യശരീരമായപ്പോൾപോലും വിശുദ്ധത്രിത്വത്തിൽ ഹ്യുപ്പൊസ്ററസിസിൻെറയോ അഥവാ ആളുകളുടെയോ കൂട്ടിച്ചേർക്കൽ ഉണ്ടായില്ല.

6. വിശുദ്ധയും മഹനീയയും നിത്യകന്യകയുമായ മറിയം ദൈവമാതാവാണെന്ന് സത്യമായിട്ടല്ല, അനവധാനമായി മാത്രമേ[22] പറയാൻ സാധിക്കൂ എന്നോ; അല്ലെങ്കിൽ അവൾ വെറുമൊരു മനുഷ്യനെ പ്രസവിച്ചു, അവളിൽ വചനമായ ദൈവം മനുഷ്യമാംസമായില്ല എന്നു ചിന്തിച്ചുകൊണ്ട് ഒരാപേക്ഷിക രീതിയിൽ മാത്രമേ അവൾ അപ്രകാരമാകുന്നുള്ളു എന്നോ യാഥാർത്ഥ്യത്തിലേക്കുവന്ന മനുഷ്യൻെറകൂടെ വചനമായ ദൈവം ഉണ്ടായിരുന്നതിനാൽ, അവർ പറയുന്നതുപോലെ അവളിൽനിന്നുള്ള മനുഷ്യൻെറ ജനനം വചനമായ ദൈവത്തിന് ആരോപിക്കുന്നതേയുള്ളു എന്നോ ആരെങ്കിലും പറഞ്ഞാൽ; ദൈവദൂഷകനായ തിയഡോറിൻെറ പാഷണ്ഡതാപരമായ മനസ്സിലാക്കൽ അനുസരിച്ചുമാത്രമേ കന്യക ദൈവമാതാവായിട്ടുള്ളു എന്ന് കൽക്കദോനിയ സിനഡ് പറഞ്ഞു എന്നാരോപിച്ചുകൊണ്ട് ആ വിശുദ്ധ സിനഡിനെ തെററായി ചിത്രീകരിച്ചാൽ; അല്ലെങ്കിൽ 'ക്രിസ്തു ദൈവമല്ല' എന്ന് സൂചിപ്പിച്ചുകൊണ്ട്, അവൾ ഒരു മനുഷ്യൻെറ അമ്മ അഥവാ ക്രിസ്തുവിനെ പ്രസവിച്ചവൾ, അതായത് ക്രിസ്തുവിൻെറ അമ്മ എന്ന് ആരെങ്കിലും പറഞ്ഞാൽ; ''പിതാവിൽനിന്നു യുഗങ്ങൾക്കെല്ലാം മുൻപു ജനിച്ച വചനമായ ദൈവം ഈ അവസാന നാളുകളിൽ മനുഷ്യശരീരം എടുത്ത് അവളിൽനിന്നു ജനിച്ചു; ഈ മതാത്മകധാരണയിലാണ് വിശുദ്ധ കൽക്കദോനിയ സിനഡ് അവൾ ദൈവമാതാവാണ് എന്ന അതിൻെറ വിശ്വാസം ഔപചാരികമായി പ്രസ്താവിച്ചത്; അതുകൊണ്ട് അവൾ ശരിയായും സത്യമായും

22. in some relative way

www.malankaralibrary.com



ദൈവമാതാവാണ് എന്ന് ആരെങ്കിലും പ്രഖ്യാപിക്കാതിരുന്നാൽ: അയാൾ ശപിക്കപ്പെടട്ടെ.

7. ആരെങ്കിലും, 'രണ്ടു സ്വഭാവങ്ങളിൽ' എന്നു പറയുമ്പോൾ സ്വഭാവങ്ങളുടെ വ്യത്യാസവും കൂട്ടിക്കുഴച്ചിൽ കൂടാതെയുള്ള അവാച്യമായ ഐക്യവും സൂചിപ്പിക്കാനായി, 'ദൈവത്വത്തിലും മനുഷ്യത്വത്തിലും നമ്മുടെ കർത്താവേശുമിശിഹാ ഏകനാണ്'' എന്നും 'വചനമായ ദൈവത്തിന്റെ സ്വഭാവം മാറി ശരീരത്തിന്റെ സ്വഭാവം ആയില്ലെന്നും ശരീരം വചനത്തിന്റെ സ്വഭാവം ആയില്ലെന്നും (അതുകൊണ്ട് ഐക്യത്തിനുശേഷവും, സ്വഭാവത്താലെ ഓരോന്നും ആയിരുന്ന അവസ്ഥയിൽ നിലനിന്നെന്നും അത് ഹ്യുപ്പൊസ്റ്റാറ്റിക്കലായിട്ടാണ് സംഭവിച്ചതെന്നും) ഏറ്റുപറയാതിരുന്നാൽ; ക്രിസ്തുരഹസ്യത്തിലെ ഇരുസ്വഭാവങ്ങൾ, ഭാഗങ്ങളായുള്ള വിഭജനത്തിന്റെ അർത്ഥത്തിൽ മനസ്സിലാക്കിയാൽ; അഥവാ, ശരീരിയായിത്തീർന്ന ദൈവവചനമായ അതേ കർത്താവേശുക്രിസ്തുവിലെ സ്വഭാവങ്ങളുടെ ബഹുത്വത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുകയും, എന്നാൽ അതേസമയം ഏതിൽനിന്ന് അവിടുന്നുണ്ടായോ ആ സ്വഭാവങ്ങളുടെ ഐക്യംവഴി ഇല്ലാതാകാത്ത വ്യത്യാസം പരിഗണിക്കാതെ അതു ചിന്തയിൽ മാത്രമാണെന്നു പറയുകയും (കാരണം, അവൻ രണ്ടിൽനിന്നും ഏകനാണ്; ഏകനിൽ രണ്ടും സ്ഥിതിചെയ്യുന്നു) ഓരോ സ്വഭാവവും വേർതിരിച്ചാണ് തന്റേതായിരിക്കുന്നതെന്നും ഓരോന്നിനും അതാതിന്റേതായ അസ്തിത്വമുണ്ടെന്നും സൂചിപ്പിക്കാനാണ് ബഹുത്വം ഉപയോഗിക്കുന്നത് എന്നും പറയുകയും ചെയ്താൽ: അയാൾ ശപിക്കപ്പെടട്ടെ.

8. ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളിൽ നിന്ന് ഐക്യമുണ്ടായി എന്ന് ഏറ്റുപറയുകയോ അഥവാ, മാംസമായിത്തീർന്ന ദൈവവചനത്തിന്റെ ഏകസ്വഭാവത്തെപ്പറ്റി[23] പറയുകയോ ചെയ്തിട്ട്, ഈ കാര്യങ്ങൾ പിതാക്കന്മാർ പഠിപ്പിച്ച രീതിയിൽ, അതായത് ദൈവികവും മാനുഷികവുമായ സ്വഭാവങ്ങളിൽനിന്ന് ഒരു ഹ്യുപ്പൊസ്റ്റാറ്റിക്കൽ

23. mian physin tou Theou Logou Sesarkomenen.



ഐക്യം[24] ഉണ്ടായെന്നും ഏക ക്രിസ്തു രൂപീകൃതമായെന്നും മനസ്സിലാക്കാതിരിക്കുകയും, ഈ പ്രസ്താവനകളിൽ നിന്ന് ക്രിസ്തുവിന്റെ ദൈവത്വത്തിന്റെയും മാംസത്തിന്റെയും ഏകസ്വഭാവം അഥവാ സത്ത[25] എന്ന് അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ. ഏകജാതനായ വചനമാം ദൈവം ഐക്യപ്പെട്ടിരിക്കുന്നത് ഹ്യുപ്പൊസ്റ്റാറ്റിക്കലാണ്[26] എന്നു പറയുമ്പോൾ, ഇരുസ്വഭാവങ്ങളും പരസ്പരം ചേർന്ന് ഒരു കൂട്ടിക്കുഴച്ചിൽ[27] ഉണ്ടായി എന്നു ഞങ്ങൾ ആരോപിക്കുന്നില്ല; പിന്നെയോ, രണ്ടും ആയിരുന്ന അവസ്ഥയിൽ തന്നെ നിലനിന്നു; ഈ രീതിയിലാണ്, വചനം മാംസവുമായി ഐക്യപ്പെട്ടു എന്നതു നാം മനസ്സിലാക്കുന്നത്. അങ്ങനെ തന്റെ ദൈവത്വത്തിൽ പിതാവുമായി സമസത്തയും,[28] തന്റെ മനുഷ്യത്വത്തിൽ നാമുമായി സമസത്തയുമായ, ദൈവവും മനുഷ്യനുമായ ഒരേ ഒരു ക്രിസ്തുവേയുള്ളു. ക്രിസ്തുവിന്റെ ദൈവിക വ്യാപാരരഹസ്യത്തെ വിഭജിക്കുന്നവരെയും അഥവാ കീറിമുറിക്കുന്നവരെയും, ആ രഹസ്യത്തിലേക്ക് ഏതോ കൂട്ടിക്കുഴച്ചിൽ അവതരിപ്പിക്കുന്നവരെയും ഒരുപോലെ ദൈവത്തിന്റെ സഭ തള്ളിക്കളഞ്ഞു ശപിക്കുന്നു.

9. ആരെങ്കിലും, ക്രിസ്തുവിനെ തന്റെ ഇരുസ്വഭാവങ്ങളിലാണ് ആരാധിക്കേണ്ടതെന്ന് പറയുകയും, അതുവഴി വചനമായ ദൈവത്തിനൊന്ന് മനുഷ്യനു മറ്റൊന്ന് എന്നിങ്ങനെ രണ്ട് വ്യത്യസ്തമായ ആരാധനകൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്താൽ; മനുഷ്യശരീരം നീക്കംചെയ്യാനായി അല്ലെങ്കിൽ ദൈവത്വവും മനുഷ്യത്വവും കൂട്ടിക്കുഴയ്ക്കാനായി രണ്ടിൽനിന്നും കൂട്ടിച്ചേർത്ത ഏകസ്വഭാവം അഥവാ സത്ത[29] രാക്ഷസീയമായി കണ്ടുപിടിക്കുകയും, അങ്ങനെ ക്രിസ്തുവിനെ ആരാധിക്കുന്നെങ്കിലും ആരംഭംമുതലുള്ള സഭാപാരമ്പര്യം

24. henosis kath' hypostasin
25. mian physin...ousian
26. Kath' hypostasin
27. ouk anachysin
28. homoousios
29. mian physin...ousian

www.malankaralibrary.com



പോലെ വചനമായ ദൈവത്തെ മാംസത്തിൽ, തന്റെ മാംസത്തോടുകൂടി ഏകയാരാധനയാലല്ലാതിരിക്കുകയും ചെയ്താൽ: അയാൾ ശപിക്കപ്പെടട്ടെ.

10. തന്റെ ജഡത്തിൽ[30] ക്രൂശിക്കപ്പെട്ട നമ്മുടെ കർത്താവേശുക്രിസ്തു സത്യദൈവവും മഹത്ത്വത്തിന്റെ കർത്താവും ത്രിത്വത്തിൽ ഒരുവനും ആണെന്ന് ആരെങ്കിലും പ്രഖ്യാപിക്കാതിരുന്നാൽ, അയാൾ ശപിക്കപ്പെടട്ടെ.

11. ആരിയുസ്, എവുണോമിയുസ്, മാസിഡോണിയുസ്, അപ്പൊള്ളിനാരിസ്, നെസ്തോറിയുസ്, എവുതീക്കെസ്, ഒരിജൻ എന്നിവരെയും അവരുടെ പാഷണ്ഡഗ്രന്ഥങ്ങളെയും അതുപോലെ വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയും നേരത്തെ സൂചിപ്പിച്ച നാല് വിശുദ്ധ സിനഡുകളും വിധിച്ച് ശപിച്ച മറ്റ് പാഷണ്ഡരെയും മേല്പറഞ്ഞ പാഷണ്ഡരെപ്പോലെ ചിന്തിച്ചിട്ടുള്ളവരോ ഇപ്പോൾ ചിന്തിക്കുന്നവരോ മരണംവരെ തങ്ങളുടെ തെറ്റിൽ നിലനില്ക്കുന്നവരോ ആയ എല്ലാവരെയും ആരെങ്കിലും ശപിക്കാതിരുന്നാൽ അയാൾ ശപിക്കപ്പെടട്ടെ.

12. വചനമായ ദൈവം ഒന്നും ക്രിസ്തു തീർത്തും മറ്റൊന്നും ആണെന്നും, ക്രിസ്തു ആത്മാവിന്റെ ദുരാശകളാലും ശരീരത്തിന്റെ ആഗ്രഹങ്ങളാലും അലട്ടപ്പെട്ടു; താഴ്ന്നതിൽ നിന്ന് അവൻ സാവധാനത്തിൽ വേർതിരിക്കപ്പെട്ടു; തന്റെ സൽപ്രവൃത്തികളിലുള്ള പുരോഗതിയാൽ അവൻ മെച്ചപ്പെട്ടവനായിത്തീർന്നു; തന്റെ ജീവിതരീതിയിൽ തെറ്റുകണ്ടുപിടിക്കാനാവില്ലായിരുന്നു; വെറും ഒരു മനുഷ്യനെന്ന നിലയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെട്ടു; ഈ സ്നാനംവഴി പരിശുദ്ധാത്മാവിന്റെ കൃപാവരം ലഭിച്ചു; പുത്രത്വത്തിനും രാജാവിന്റെ പ്രതിമയെ ആരാധിക്കുന്ന രീതിയിൽ വചനമായ ദൈവമെന്നപോലെ ആരാധനയ്ക്കും അർഹനായിത്തീർന്നു; തന്റെ ഉത്ഥാനത്തിനു ശേഷം അവൻ തന്റെ ചിന്തകളിൽ മാറ്റമില്ലാത്തവനും പൂർണ്ണ

30. Sarki



മായും പാപമില്ലാത്തവനും ആയിത്തീർന്നു എന്നൊക്കെ പറഞ്ഞ പാഷണ്ഡിയും മൊപ്സുവെസ്ത്യാ മെത്രാനുമായ തിയഡോറിനെ ആരെങ്കിലും ന്യായീകരിച്ചാൽ; ഇതിനുംപുറമേ, ''ഇരുവരും ഒന്നായിത്തീരും'' എന്ന് ഭർത്താവിനും ഭാര്യയ്ക്കും ഇടയ്ക്കുള്ള ഐക്യത്തെപ്പറ്റി ശ്ലീഹാ പഠിപ്പിച്ചിട്ടുള്ളതുപോലെയാണ് (എഫേ. 5:31) വചനമായ ദൈവവും ക്രിസ്തുവും തമ്മിലുള്ള ഐക്യം എന്ന് പാഷണ്ഡിയായ തിയഡോർ അവകാശപ്പെട്ടു.

എണ്ണമില്ലാത്ത മറ്റ് ദൈവദൂഷണങ്ങളുടെ കൂട്ടത്തിൽ, 'പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ' എന്നുപറഞ്ഞുകൊണ്ട് ഉത്ഥാനാനന്തരം കർത്താവ് ശിഷ്യരുടെമേൽ ഊതിക്കൊണ്ട് പറഞ്ഞപ്പോൾ (യോഹ. 20:22) അവിടുന്ന് സത്യമായി അവർക്കു പരിശുദ്ധാത്മാവിനെ നല്കുകയായിരുന്നില്ല; പിന്നെയോ വെറുമൊരടയാളമായി അവരുടെമേൽ ഊതിയതേയുള്ളു എന്നു പറയുവാൻ അവൻ ധൈര്യപ്പെട്ടു. അതുപോലെ ഉത്ഥാനാനന്തരം തോമസ് കർത്താവിന്റെ കൈകളിലും പാർശ്വത്തിലും സ്പർശിച്ചുകൊണ്ട് 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നുപറഞ്ഞ വിശ്വാസപ്രഖ്യാപനം ക്രിസ്തുവിനെപ്പറ്റിയല്ല പറഞ്ഞത്, പിന്നെയോ, ക്രിസ്തുവിനെ ഉയിർപ്പിച്ചതിൽ തോമസ് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ഉത്ഥാനമെന്ന അത്ഭുതത്തിൽ തന്റെ വിസ്മയം പ്രകടിപ്പിക്കുകയും ആയിരുന്നു എന്നും അവൻ അവകാശപ്പെട്ടു. ഇതിനേക്കാൾ ഹീനമായ മറ്റൊരു താരതമ്യം തിയഡോർ നടത്തുന്നു. 'ശ്ലീഹന്മാരുടെ നടപടികളെ'പ്പറ്റി എഴുതുമ്പോൾ, പ്ലേറ്റോ, മാനി, എപ്പിക്കൂരുസ്, മാർസിയൻ എന്നിവരെപ്പോലെയാണ് ക്രിസ്തു എന്ന് അവൻ പറയുന്നു; ഇവരോരോരുത്തരും സ്വന്തം തത്ത്വങ്ങളിൽ എത്തിച്ചേരുകയും അതിനുശേഷം ശിഷ്യന്മാർ പ്ലേറ്റോണിസ്റ്റുകൾ, മനിക്കേയർ, എപ്പിക്കൂരിയർ, മാർസിയൊണീത്തർ എന്നിങ്ങനെ അവരുടെപേരിൽ വിളിക്കപ്പെടുകയും ചെയ്തതുപോലെ ക്രിസ്തു തന്റെ പ്രബോധനങ്ങൾ പഠിപ്പിക്കുകയും പിന്നീട് ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്ന ശിഷ്യർ ഉണ്ടാകുകയും ചെയ്തു.

www.malankaralibrary.com



ആരെങ്കിലും പാഷണ്ഡിയായ തിയഡോറിനെയും, മുകളിൽ പറഞ്ഞ ദൈവദൂഷണങ്ങളും നമ്മുടെ മഹാദൈവവും രക്ഷകനുമായ യേശുക്രിസ്തുവിനെതിരായിട്ടുള്ള മററനേകം കൂടുതലായ ദൈവദൂഷണങ്ങളും വമിക്കുന്ന അവൻെറ പാഷണ്ഡകൃതികളെയും ന്യായീകരിച്ചാൽ, അയാളെയും അയാളുടെ പാഷണ്ഡകൃതികളെയും ശപിക്കാതിരുന്നാൽ, അവയെ സ്വീകരിക്കുകയോ അയാളെ ന്യായീകരിക്കുകയോ അയാളുടെ വ്യാഖ്യാനം ശരിയാണെന്ന് പറയുകയോ ചെയ്താൽ, അയാൾക്കോ അയാളുടെ പാഷണ്ഡപ്രബോധനങ്ങൾക്കോ വേണ്ടി എഴുതിയാൽ, അതുപോലെയുള്ള അഭിപ്രായങ്ങൾ വച്ചുപുലർത്തിയാൽ, വച്ചുപുലർത്തിയിട്ടുണ്ടെങ്കിൽ, ഈ തെററിൽ മരണംവരെ നിലനിന്നാൽ, അയാൾ ശപിക്കപ്പെടട്ടെ.

13. ആരെങ്കിലും, സത്യവിശ്വാസത്തിനെതിരായും എഫേസോസിലെ ഒന്നാമത്തെ വിശുദ്ധ സിനഡിനെതിരായും വിശുദ്ധ സിറിലിനും അദ്ദേഹത്തിൻെറ പന്ത്രണ്ടധ്യായങ്ങൾക്കും എതിരായും തിയഡൊറെററ് രചിച്ച പാഷണ്ഡകൃതികളെ ന്യായീകരിച്ചാൽ; പാഷണ്ഡികളായ തിയഡോറിനെയും നെസ്തോറിയുസിനെയും അവരെപ്പോലെ ചിന്തിക്കുന്നവരെയും പിന്താങ്ങിക്കൊണ്ട് തിയഡൊറെററ് രചിച്ചവയെ ന്യായീകരിക്കുകയും അവരെയോ അവരുടെ പാഷണ്ഡതയെയോ അംഗീകരിക്കുകയും ചെയ്താൽ; വചനമായ ദൈവത്തിൻെറ ഐക്യം ഹ്യുപ്പൊസ്ററാററിക്കലാണ് എന്ന് തങ്ങളുടെ വിശ്വാസം രേഖപ്പെടുത്തിയ സഭയിലെ മല്പാൻമാരെ മേല്പറഞ്ഞവർ നിമിത്തം ആരെങ്കിലും പാഷണ്ഡികൾ എന്നു മുദ്രകുത്തിയാൽ; ഈ പാഷണ്ഡഗ്രന്ഥങ്ങളെയും ഈ രീതിയിൽ ചിന്തിച്ചവരെയും ഇപ്പോൾ ചിന്തിക്കുന്നവരെയും, സത്യവിശ്വാസത്തിനെതിരായോ, വിശുദ്ധ സിറിലിനും അദ്ദേഹത്തിൻെറ പന്ത്രണ്ടധ്യായങ്ങൾക്കും എതിരായോ എഴുതിയവരെയും, മരണംവരെ ഇത്തരം പാഷണ്ഡതയിൽ ഉറച്ചുനില്ക്കുന്നവരെയും ആരെങ്കിലും ശപിക്കാതിരുന്നാൽ, അയാൾ ശപിക്കപ്പെടട്ടെ.

14. പേർഷ്യാക്കാരൻ മാരിക്ക് ഈബാസ് അയച്ചു എന്നു പറയപ്പെടുന്ന കത്ത് വചനമായ ദൈവം വിശുദ്ധയും ദൈവമാതാവും നിത്യകന്യകയുമായ മറിയത്തിൽ നിന്ന് ജഡമെടുത്തു



മനുഷ്യനായി എന്ന കാര്യം നിഷേധിക്കുന്നു; അവൻ അവളിൽ നിന്നു ജനിച്ച വെറുമൊരു മനുഷ്യനാണെന്ന് ജല്പിക്കുന്നു; വചനമായ ദൈവം ഒന്നും മനുഷ്യൻ തികച്ചും വ്യത്യസ്തനായ ഒരാളും ആണെന്നരീതിയിൽ ആലയം എന്ന് അതിനെ വിവരിക്കുന്നു; ഒരു പാഷണ്ഡി എന്ന നിലയിൽ അത് വിശുദ്ധ സിറിലിനെ വിധിക്കുന്നു; എന്നാൽ അദ്ദേഹമാകട്ടെ, ക്രിസ്ത്യാനികളുടെ സത്യപ്രബോധനം നല്കുന്നയാളാണ്. പാഷണ്ഡിയായ അപ്പൊളളിനാരിസിൻേറതുപോലുള്ള അഭിപ്രായങ്ങൾ വിശുദ്ധ സിറിൽ എഴുതി എന്ന് അത് ആരോപണം ഉന്നയിക്കുന്നു; സംഗതികളുടെ ഉചിതമായ പരിശോധനകൂടാതെയാണ് നെസ്തോറിയുസിനെ വിധിച്ചതെന്ന് ആരോപിച്ചുകൊണ്ട് എഫേസോസിലെ ഒന്നാമത്തെ വിശുദ്ധ സിനഡിനെ അത് കുററപ്പെടുത്തുന്നു; വിശുദ്ധ സിറിലിൻെറ പന്ത്രണ്ടധ്യായങ്ങൾ പാഷണ്ഡതയാണെന്നും സത്യവിശ്വാസത്തിനെതിരാണെന്നും അത് അവകാശപ്പെടുന്നു; അത് തിയഡോറിനെയും നെസ്തോറിയുസിനെയും അവരുടെ പാഷണ്ഡ പ്രബോധനങ്ങളെയും കൃതികളെയും ന്യായീകരിക്കുന്നു.

ആരെങ്കിലും മേല്പറഞ്ഞ കത്തിനെ ന്യായീകരിക്കയും ശപിക്കാതിരിക്കുകയും ചെയ്താൽ, അതിനെ ന്യായീകരിക്കുകയും, അതു മുഴുവനായോ ഭാഗികമായോ ശരിയാണെന്നു പറയുകയും ചെയ്താൽ, അതിനെയോ അതിലെ പാഷണ്ഡതയെയോ പിന്താങ്ങി എഴുതിയവരെയോ എഴുതുന്നവരെയോ ന്യായീകരിച്ചാൽ, വിശുദ്ധ കൽക്കദോനിയ കൗൺസിലിലെ വിശുദ്ധ പിതാക്കൻമാരുടെ പേരിൽ അതിനെയോ, അതിലെ പാഷണ്ഡതയെയോ ന്യായീകരിക്കാൻ ധൈര്യപ്പെട്ടവരെ പിന്താങ്ങിയാൽ മരണംവരെ ഈ തെററുകളിൽ നിലനിന്നാൽ അപ്രകാരമുള്ളയാൾ ശപിക്കപ്പെടട്ടെ.

ഞങ്ങൾ പ്രഖ്യാപിക്കുന്ന പ്രസ്താവനകൾ ഇത്തരത്തിലുള്ളതാണ്. വിശുദ്ധ ഗ്രന്ഥത്തിൽനിന്നും വിശുദ്ധ പിതാക്കൻമാരുടെ പ്രബോധനങ്ങളിൽനിന്നും ഒരേ ഒരു വിശ്വാസത്തെപ്പററി മുകളിൽ പറഞ്ഞ നാല് വിശുദ്ധ സിനഡുകൾ ചെയ്ത നിർവചനങ്ങളിൽ നിന്നും ഞങ്ങൾക്കതു ലഭിച്ചു.

www.malankaralibrary.com



കൂടാതെ, പാഷണ്ഡികളെയും അവരുടെ അഭക്തിയെയും ''മൂന്നധ്യായങ്ങൾ'' എന്നു വിളിക്കപ്പെടുന്നതിനെ നീതീകരിച്ച വരെയും നീതീകരിക്കുന്നവരെയും, തങ്ങളുടെ തെററിൽ ഉറച്ചു നിന്നവരെയും നില്ക്കുന്നവരെയും ഞങ്ങൾ ശിക്ഷാർഹരെന്നു വിധിച്ചു. ഞങ്ങൾ ക്രമീകരിച്ചതിനു വിരുദ്ധമായി കൈമാറാനോ, വാക്കാലോ എഴുത്താലോ പഠിപ്പിക്കാനോ ആരെങ്കിലും പരിശ്രമിച്ചാൽ, അയാൾ മെത്രാനോ മറേറതെങ്കിലും വൈദിക സ്ഥാനിയോ ആണെങ്കിൽ, വൈദികർക്കും വൈദികസ്ഥാനികൾക്കും നിരക്കാത്തരീതിയിൽ പ്രവർത്തിക്കുന്നതിനാൽ, പൗരോഹിത്യത്തിൽ നിന്നോ, വൈദികസ്ഥാനത്തു നിന്നോ അയാളെ ഉരിഞ്ഞുകളയണം; അയാൾ സന്യാസിയോ അൽമായനോ ആണെങ്കിൽ, മുടക്കണം.

## അധ്യായം 6

# മൂന്നാം കോൺസ്ററാൻറിനോപ്പിൾ സൂനഹദോസ് (680-1)

**ആമുഖം**

''മോണോതെലെററിസം'' എന്ന അബദ്ധോപദേശം സ്വീകരിച്ച ചിലർ ഏഴാംനൂററാണ്ടിൽ സഭയിൽ ഉണ്ടായി. ദൈവമനുഷ്യനായ യേശുക്രിസ്തുവിൽ ഒരേ ഒരു ഇച്ഛയെ (hen thelema-one will) ഉള്ളുവെന്ന് ഈ ചിന്ത പഠിപ്പിക്കുന്നു. ബിസൻറയിൻ സാമ്രാജ്യത്തിലെ ഏകസ്വഭാവവാദികളെ കൽക്കദോനിയ വിശ്വാസികളുമായി യോജിപ്പിലെത്തിക്കുന്നതിന് ചക്രവർത്തിമാർ രൂപീകരിച്ച ഒരു തത്ത്വമാണ് ''ഏകചിത്തവാദം'' (മോണോതെലെററിസം). ഹെരാക്ലിയുസ് ചക്രവർത്തി 624-ൽ ഏക പ്രവർത്തനം (മിയാ എനെർഗെയ്യാ) എന്ന തത്ത്വം മുന്നോട്ടുവച്ചു. കോൺസ്ററാൻറിനോപ്പിളിലെ സേർജിയുസ് പാത്രിയർക്കീസ് ഇത് അംഗീകരിച്ചു. ജറുസലേമിലെ സൊഫ്രോണിയുസ് ഇതിനെ എതിർത്തു. 638-ൽ ഹെരാക്ലിയുസ് ''എക്തെസിസ്'' എന്ന രേഖയിലൂടെ ഒരു ചിത്തം (one will) എന്ന തത്ത്വം മുന്നോട്ടുവച്ചു. ഹൊണോറിയുസ് പാപ്പാ (625—638) ''ഏക ഇച്ഛ'' എന്ന തത്ത്വം അംഗീകരിച്ചെങ്കിലും തുടർന്നുവന്ന സെവെരീനുസ് (640) ജോൺ നാലാമൻ (640—2) തിയഡോർ ഒന്നാമൻ (642—9) എന്നീ മാർപാപ്പാമാർ മോണോതെലിററിസത്തെ നിരാകരിച്ചു. അതുകൊണ്ട് കോൺസ്ററൻസ് രണ്ടാമൻ ചക്രവർത്തി 648-ൽ 'എക്തേസിസ്' പിൻവലിച്ചിട്ട് തിപ്പോസ് (Typos) എന്ന മറെറാരു രേഖ പുറപ്പെടുവിച്ചു. ഈ രേഖയും പ്രശ്നപരിഹാരത്തിനു അപര്യാപ്തമാകയാൽ 649-ലെ റോമൻ സിനഡ് ഇതിനെ നിരാകരിച്ചു. 678-ൽ കോൺസ്ററൻറയിൻ നാലാമൻ

www.malankaralibrary.com



ചക്രവർത്തി പ്രശ്നം അവസാനിപ്പിക്കാൻ നടപടിയെടുത്തു. അഗാതോ മാർപാപ്പായുടെ (678—681) നേതൃത്വത്തിൽ 680-ൽ നടന്ന ഒരു റോമൻ സിനഡ് മോണോതെലെററിസത്തെ ശപിച്ചു. പേപ്പൽ പ്രതിനിധികൾ ഈ റോമൻ സിനഡിൻെറ തീരുമാനവുമായി കോൺസ്ററാൻറിനോപ്പിളിൽ എത്തി. ചക്രവർത്തിയുടെ കല്പനയാൽ 680 നവംബർ 7-ന് കോൺസ്ററാൻറിനോപ്പിളിൽ കൊട്ടാരത്തിലെ വിശാലമായ ഹോളിൽ ഒരു സിനഡു കൂടി. 18 സെഷനുകളിൽ ആദ്യത്തെ 11-നും ചക്രവർത്തിതന്നെ അധ്യക്ഷനായിരുന്നു. എട്ടാം സെഷനിൽ (681 മാർച്ച് 7) മോണോതെലെററിസത്തെ അബദ്ധോപദേശമായി ശപിച്ചു തള്ളി; അഗാതോ മാർപാപ്പായുടെ പ്രബോധനം സ്വീകരിച്ചു. ഏകചിത്തവാദത്തെ തള്ളിക്കളയാതിരുന്ന അന്ത്യോക്യൻ മെത്രാൻ മക്കാരിയുസിനെ 12-ാം സെഷനിൽ സ്ഥാനഭ്രഷ്ടനാക്കി. ഈ സിനഡിൻെറ താത്വിക പ്രബോധനം 17-ാം സെഷനിൽ പാസ്സാക്കി. 681 സെപ്ററംബർ 16-ന് 18-ാം സെഷനിൽ പ്രഖ്യാപിച്ചു. സിനഡിൽ സംബന്ധിച്ച 174 പിതാക്കന്മാരും ഇതംഗീകരിച്ചു. കോൺസ്ററൻറയിൻ IV ചക്രവർത്തി ഇതു സാമ്രാജ്യം മുഴുവൻ നടപ്പാക്കി. അഗാതോയുടെ പിൻഗാമി ലെയോ രണ്ടാമൻ മാർപാപ്പാ (682—3) ഇത് അംഗീകരിച്ചു. സഭാ ശിക്ഷണപരമായ കാനോനാകളൊന്നും ഈ സിനഡ് ചർച്ചചെയ്ത് പാസ്സാക്കിയില്ല. ക്രിസ്തുവിന് രണ്ടു മനസ്സും (thelemata) രണ്ട് പ്രവർത്തനങ്ങളും (എനെർഗെയ്യായ്) ഉണ്ടെന്ന ക്രൈസ്തവ വിശ്വാസം സിനഡ് വ്യക്തമാക്കി. കൽക്കദോനിയ കൗൺസിലിൻെറ പ്രബോധനത്തിൻെറ തുടർച്ചയാണ് ഈ സിനഡിൻെറ പ്രബോധനം, രണ്ടു സ്വഭാവങ്ങൾ ഉണ്ടെങ്കിൽ രണ്ട് ഇച്ഛകളും രണ്ടുതരം പ്രവർത്തനങ്ങളും ഉണ്ട്. ദൈവമനുഷ്യനിൽ ഈ രണ്ട് ഇച്ഛകളും ഒന്നിച്ചിരുന്നു. അവ ഏകയാളുടെ ഇച്ഛകളായിരുന്നു. ഈ ഇച്ഛകൾ പരസ്പര വിരുദ്ധങ്ങളായിരുന്നില്ല. പ്രവർത്തനങ്ങളും അപ്രകാരം തന്നെ. മുൻ സിനഡുകളുടെ ക്രിസ്തുശാസ്ത്ര പ്രബോധനങ്ങളൊക്കെ ഇത് ചുരുക്കി നല്കി.

## വിശ്വാസവിവരണം[1]

പാപം ഒഴികെ എല്ലാക്കാര്യങ്ങളിലും നമ്മേപ്പോലെ മനുഷ്യനായിത്തീർന്ന ഏകജാതനും പിതാവായ ദൈവത്തിൻെറ വചന

1. എക്തെസിസ് പിസ്തെയോസ്—തെർമിനൂസ്



വുമായ, നമ്മുടെ സത്യദൈവമായ മിശിഹാ, സുവിശേഷവചനങ്ങളിൽ ഇപ്രകാരം വ്യക്തമായി പ്രഘോഷിച്ചു: ''ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, പിന്നെയോ, ജീവൻെറ വെളിച്ചം അവനുണ്ടായിരിക്കും'' (യോഹ. 8:12); വീണ്ടും, ''എൻെറ സമാധാനം നിങ്ങൾക്കായി വിട്ടിട്ടുപോകുന്നു; എൻെറ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു'' (യോഹ. 14:27). യഥാർത്ഥ വിശ്വാസത്തിൻെറ യോദ്ധാവും തെററായ വിശ്വാസത്തിൻെറ എതിരാളിയുമായ നമ്മുടെ ഏററവും ശാന്തനായ ചക്രവർത്തി, ദൈവം സംസാരിച്ച ഈ സമാധാന പ്രബോധനത്താൽ, ദൈവികജ്ഞാനത്താൽ നയിക്കപ്പെട്ട്, ഞങ്ങളുടെ ഈ വിശുദ്ധവും സാർവത്രികവുമായ യോഗത്തെ വിളിച്ചുകൂട്ടി സഭാസംബന്ധമായ കാര്യങ്ങൾ ക്രമീകരിച്ചു. അങ്ങനെ, ഞങ്ങളുടെ ഈ വിശുദ്ധവും സാർവത്രികവുമായ സിനഡ്, കുറേക്കാലം നിലനിന്നതും ഇപ്പോഴും നിലനില്ക്കുന്നതുമായ അഭക്തിയുടെ തെററ് ദൂരെയകററിക്കൊണ്ടും, വഴിതെററാതെയും നേരായപാതയിലൂടെയും വിശുദ്ധരും അംഗീകൃതരുമായ പിതാക്കൻമാരെ പിൻചെന്നുകൊണ്ടും ആദ്യത്തെ അഞ്ച് സാർവത്രിക സിനഡുകളുമായി സർവസംഗതികളിലും ഭക്തിപൂർവം യോജിച്ചു. അതായത്, ഭ്രാന്തനായ ആരിയുസിനെതിരെ നിഖ്യായിൽ കൂടിയ 318 വിശുദ്ധ പിതാക്കന്മാരുടെ സിനഡിനോടും അതിനുശേഷം പരിശുദ്ധാത്മാവിനെ എതിർത്ത മാസിഡോണിയുസിനും അഭക്തനായ അപ്പൊള്ളിനാരിയുസിനും എതിരായി കോൺസ്ററാൻറിനോപ്പിളിൽക്കൂടിയ 150 ദൈവപ്രേരിതരുടേതിനോടും; അതുപോലെതന്നെ, യൂദരെപ്പോലെ ചിന്തിച്ച നെസ്തോറിയുസിനെതിരായി എഫേസോസിൽ ആദ്യമായിക്കൂടിയ 200 ദൈവികവ്യക്തികളുടേതിനോടും; ദൈവം വെറുത്ത എവുത്തിക്കൂസിനും ദിയസ്ക്കോറോസിനും എതിരായി കൽക്കദോനിയായിൽകൂടിയ 630 ദൈവപ്രേരിത പിതാക്കൻമാരുടേതിനോടും; ഇവയ്ക്കുപുറമേ, മൊപ്സുവെസ്ത്യായിലെ തിയഡോർ, ഒരിജൻ, ദിദിമുസ്, എവാഗ്രിയുസ്, പ്രസിദ്ധനായ സിറിലിൻെറ പന്ത്രണ്ടധ്യായങ്ങൾക്കെതിരെ തിയഡൊറെററ് എഴുതിയ കൃതികൾ, പേർഷ്യാക്കാരനായ മാരിക്ക് ഈബാസ് എഴുതി എന്നു പറയുന്ന കത്ത് എന്നിവയ്ക്കെതിരായി ഇവിടെ ഒന്നിച്ചുകൂടിയ,

www.malankaralibrary.com



അവയിൽ അവസാനത്തേതായ അഞ്ചാമത്തെ വിശുദ്ധ സിനഡിനോടും ഞങ്ങൾ യോജിച്ചു. നമ്മുടെ മതസംബന്ധമായ ദൈവിക പ്രബോധനങ്ങൾ ഒരു കാര്യത്തിലും മാററം വരുത്താതെ ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടും, ഭക്തിരഹിതമായ ലൗകിക പ്രബോധനങ്ങൾ ബഹിഷ്ക്കരിച്ചുകൊണ്ടും, 318 പിതാക്കന്മാർ രൂപീകരിക്കുകയും 150 പേർ ദൈവിക വിവേകത്താൽ വീണ്ടും ഉറപ്പിക്കുകയും മററ് വിശുദ്ധ സിനഡുകൾ സന്തോഷപൂർവം സ്വീകരിക്കുകയും ആത്മാക്കളെ ദുഷിപ്പിക്കുന്ന എല്ലാ പാഷണ്ഡതകളുടെയും നിർമ്മാർജ്ജനത്തിനുവേണ്ടി ഉറപ്പിക്കുകയും ചെയ്ത വിശ്വാസപ്രമാണത്തെ ദൈവിക പ്രചോദനത്താൽ ഞങ്ങളുടെ ഈ വിശുദ്ധവും സാർവത്രികവുമായ സിനഡും മുദ്രവയ്ക്കുന്നു.

സർവശക്തിയുള്ള പിതാവും........ (നിഖ്യായുടെയും കോൺസ്ററാൻറിനോപ്പിളിൻെറയും വിശ്വാസപ്രമാണം കൊടുക്കുന്നു) [2]

വിശുദ്ധവും സാർവത്രികവുമായ സിനഡ് വിളംബരം ചെയ്തു:

സത്യവിശ്വാസത്തിൻെറ പരിപൂർണ്ണ ജ്ഞാനത്തിനും അതിലുള്ള പൂർണ്ണമായ ഉറപ്പിനും ദൈവപ്രസാദത്തിൻെറ ഈ ഭക്തിപൂർണ്ണവും ഓർത്തഡോക്സും ആയ വിശ്വാസപ്രമാണം മതിയായിരുന്നു. എന്നാൽ പാമ്പിൽ ഒരു കൂട്ടാളിയെ കാണുകയും അതിലൂടെ മനുഷ്യകുലത്തിൻമേൽ മരണത്തിൻെറ വിഷലിപ്തമായ കൂരമ്പ് തറയ്ക്കുകയും ചെയ്തവനും ആരംഭംമുതലേ തിന്മ പ്രവർത്തിക്കുന്നവനും ആയ പിശാച് വിശ്രമിക്കാത്തതിനാൽ, തൻെറ ലക്ഷ്യപ്രാപ്തിക്ക് അനുയോജ്യമായ ഉപകരണങ്ങളെ ഇപ്പോഴും കണ്ടെത്തിയിരിക്കുന്നു—അതായത്, ഫാറാനിലെ മെത്രാനായ തിയഡോർ, ഈ രാജകീയ നഗരത്തിലെ മെത്രാന്മാരായിരുന്ന സേർജിയുസ്, പീറുസ്, പൗലോസ്, പത്രോസ്, കൂടാതെ, പുരാതന റോമിലെ പാപ്പായായിരുന്ന ഹൊണോറിയുസ്, അലക്സാണ്ഡ്രിയാ സിംഹാസനാധിപ

2. മുകളിൽ പേജ് 11, 50 എന്നിവ കാണുക.



നായിരുന്ന സൈറസ്, അടുത്തകാലത്ത് അന്ത്യോക്യൻ മെത്രാനായ മക്കാരിയുസ്, അയാളുടെ ശിഷ്യൻ സ്ററീഫൻ—അവരിലൂടെ സഭയുടെ പൂർണ്ണ ശരീരത്തിനെതിരെ തെററിൻെറ തടസ്സങ്ങളുയർത്തുന്നതിൽ അവൻ അലസനായിരുന്നില്ല. സത്യവിശ്വാസികളുടെ ഇടയിൽ പുതിയ പദപ്രയോഗങ്ങളിലൂടെ, വിശുദ്ധ ത്രിത്വത്തിലൊരുവനും നമ്മുടെ സത്യദൈവവുമായ ക്രിസ്തുവിൻെറ ഇരുസ്വഭാവങ്ങളിൽ ഏക ഇച്ഛയും ഏക പ്രവർത്തനതത്ത്വവും എന്ന, അഭക്തനായ അപ്പൊളളിനാരിസ്, സെവേരൂസ്, തെമിസ്തിയുസ് എന്നിവരുടെ തെററായ വിശ്വാസത്തിന് അനുസൃതവും മനസ്സിനെ ദുഷിപ്പിക്കുന്നതുമായ പാഷണ്ഡത, പിശാച് വിതയ്ക്കുകയും ചതിപ്രയോഗത്താൽ, നമ്മുടെ ദൈവമായ ഏകകർത്താവേശുക്രിസ്തുവിൻെറ മനുഷ്യനായി തീർന്നതിൻെറ പൂർണ്ണത നീക്കിക്കളയാൻ ശ്രമിച്ചുകൊണ്ട്, അവിടുത്തെ ബൗദ്ധികാത്മാവുള്ള ശരീരം ഇച്ഛയോ പ്രവർത്തനതത്ത്വമോ കൂടാത്തതാണ് എന്ന ദൈവദൂഷണത്തിലേക്ക് അവിടെനിന്ന് നയിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് നമ്മുടെ ദൈവമായ മിശിഹാ, തൻെറ ഹൃദയത്തിനിണങ്ങിയ മനുഷ്യനായി കാണുകയാൽ പുതിയ ദാവീദായ വിശ്വസ്ത രാജാവിനെ ഉത്തേജിപ്പിച്ചു. ദൈവം വിളിച്ചുകൂട്ടിയ ഞങ്ങളുടെ ഈ സഭായോഗം വഴി സത്യവിശ്വാസത്തിൻെറ പരിപൂർണ്ണ പ്രഖ്യാപനം കാണുന്നതുവരെ തിരുലിഖിതം പറയുന്നതുപോലെ അദ്ദേഹം തൻെറ കണ്ണുകൾക്ക് ഉറക്കമോ കൺപോളകൾക്കു മയക്കമോ കൊടുത്തില്ല'' (സങ്കീ. 132:4). കാരണം, ദൈവവചനമനുസരിച്ച്, ''രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ അവരുടെ മധ്യത്തിൽ ഞാനുണ്ട്'' (മത്താ. 18:20).

അതിപരിശുദ്ധനും അതിഭാഗ്യവാനും പുരാതന റോമിൻെറ പാപ്പായുമായ അഗാതോയുടെ, ഏററം ബഹുമാന്യനും ഏററം വിശ്വസ്തനുമായ നമ്മുടെ കോൺസ്ററൻറയിൻ ചക്രവർത്തിക്കു ലഭിച്ച റിപ്പോർട്ട് ഇവിടെ സന്നിഹിതമായിരിക്കുന്ന ഈ വിശുദ്ധ സാർവത്രിക സിനഡ് വിശ്വസ്തതാപൂർവം സ്വീകരിക്കുകയും സന്തോഷപൂർവം സ്വാഗതം ചെയ്യുകയും ചെയ്യുന്നു. നേരത്തെ വിശദീകരിച്ചതുപോലെ, നമ്മുടെ സത്യ

www.malankaralibrary.com



ദൈവമായ ക്രിസ്തുവിന്റെ മനുഷ്യാവതാരവ്യാപാരത്തിൽ ഏക ഇച്ഛയും ഏകപ്രവർത്തനതത്വവുമേ ഉള്ളൂ എന്ന് പ്രഘോഷിച്ചവരെയും പഠിപ്പിച്ചവരെയും പേരുപറഞ്ഞ് അത് തള്ളിക്കളഞ്ഞു; അതുപോലെതന്നെ ഈ സിനഡ് അതേ അതിപരിശുദ്ധ പാപ്പായുടെ നേതൃത്വത്തിൽ കൂടിയതും ദൈവപ്രബോധിത ചക്രവർത്തിക്കയച്ചതുമായ ദൈവത്തിനു പ്രിയംകരരായ 125 മെത്രാൻമാരുടെ മറേറ യോഗത്തിന്റെ റിപ്പോർട്ടും അംഗീകരിക്കുന്നു. ആ റിപ്പോർട്ട് വിശുദ്ധ കൽക്കദോനിയ സിനഡിനോടും, അതേ പുരാതന റോമായിലെ പാപ്പായായിരുന്ന അതിഭാഗ്യവാനും അതിപരിശുദ്ധനുമായ ലെയോ വിശുദ്ധരിൽ ഒരുവനും സത്യവിശ്വാസത്തിന്റെ സ്തംഭം എന്നു വിളിക്കപ്പെട്ടവനുമായ ഫ്ളാവിയനയച്ച ലേഖനത്തോടും അഭക്തനായ നെസ്തോറിയുസിനും പൗരസ്ത്യ മെത്രാൻമാർക്കും എതിരായി ഭാഗ്യവാനായ സിറിൽ എഴുതിയ സിനഡൽ കത്തുകളോടും യോജിച്ചുപോകുന്നതായിരുന്നു.

അഞ്ച് വിശുദ്ധ സാർവത്രിക സിനഡുകളെയും വിശുദ്ധരും അംഗീകൃതരുമായ പിതാക്കൻമാരെയും പിൻചെന്നുകൊണ്ടും ഏകയോഗമായി നിർവചിച്ചുകൊണ്ടും വിശുദ്ധ സമസത്തയും ജീവന്റെ ഉറവിടവുമായ വിശുദ്ധ ത്രിത്വത്തിൽ ഒരുവനായ നമ്മുടെ കർത്താവേശുക്രിസ്തു എന്ന നമ്മുടെ സത്യദൈവത്തെ ഞങ്ങൾ ഏററുപറയുന്നു. ദൈവത്വത്തിൽ അവൻ പൂർണ്ണനാണ്. മനുഷ്യത്വത്തിലും അവൻ പൂർണ്ണനാണ്. അവൻ സത്യദൈവവും സത്യമനുഷ്യനുമാണ്; അവനു ബൗദ്ധികാത്മാവും ശരീരവുമുണ്ട്; തന്റെ ദൈവത്വം സംബന്ധിച്ച് പിതാവുമായി അവൻ സമസത്തയാണ്; തന്റെ മനുഷ്യത്വം സംബന്ധിച്ച് നാമുമായി അവൻ സമസത്തയാണ്. പാപം ഒഴികെ എല്ലാററിലും അവൻ നമുക്കു തുല്യനായി; ദൈവത്വം സംബന്ധിച്ച്, യുഗങ്ങൾക്കു മുൻപ് അവൻ പിതാവിൽ നിന്നു ജനിച്ചു. മനുഷ്യത്വം സംബന്ധിച്ച്, അവസാന നാളുകളിൽ അവൻ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി പരിശുദ്ധാത്മാവിൽ നിന്നും ശരിയായും സത്യമായും ദൈവമാതാവ് എന്നു വിളിക്കപ്പെടുന്ന കന്യകമറിയാമിൽനിന്നും പിറന്നു. കലർപ്പില്ലാതെയും മാററമില്ലാതെയും വിഭജനമില്ലാതെയും വേർതിരിവി



ല്ലാതെയും ഇരുസ്വഭാവങ്ങളിൽ നാം അംഗീകരിക്കുന്ന ഒരേ ഒരു ക്രിസ്തു, പുത്രൻ, കർത്താവ്, ഏകജാതൻ. യോജിപ്പുവഴി സ്വഭാവങ്ങളുടെ വ്യത്യാസങ്ങൾ ഒരുതരത്തിലും ഇല്ലാതാകുന്നില്ല; മറിച്ച്, ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ സംരക്ഷിക്കപ്പെട്ടുകൊണ്ട് ഏകവ്യക്തിത്വം അഥവാ ഹ്യൂപ്പൊസ്റ്റസിസ് ആയി ഒന്നിച്ചുചേരുന്നു. ക്രിസ്തു രണ്ടു വ്യക്തികളായി വിഭജിക്കപ്പെടുന്നില്ല; അല്ലെങ്കിൽ വേർതിരിക്കപ്പെടുന്നില്ല; പിന്നെയോ ഒരേയൊരു പുത്രൻ. പ്രവാചകൻമാർ അവനെപ്പററി ആദിമുതൽ പ്രവചിച്ചതുപോലെയും നമ്മുടെ കർത്താവായ യേശുക്രിസ്തുതന്നെ പഠിപ്പിച്ചതുപോലെയും പിതാക്കൻമാർ നമുക്കു കൈമാറിയ വിശ്വാസപ്രമാണംപോലെയും ഏകപുത്രനും വചനവും ദൈവവുമാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു.

അവനിൽ രണ്ട് സ്വാഭാവിക ഇച്ഛകളും അഥവാ മനസ്സുകളും പ്രവർത്തനത്തിന്റെ രണ്ട് സ്വാഭാവിക തത്വങ്ങളും ഉണ്ടെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. അവ വിശുദ്ധ പിതാക്കൻമാരുടെ പ്രബോധനാനുസൃതം വിഭജനം കൂടാതെയും മാററംകൂടാതെയും വേർതിരിവുകൂടാതെയും കലർപ്പില്ലാതെയുമാണ്. അഭക്തരായ പാഷണ്ഡികൾ പറഞ്ഞതുപോലെ, രണ്ട് സ്വാഭാവികേച്ഛകൾ പരസ്പരവിരുദ്ധമല്ല; ഒരിക്കലുമല്ല; മാനുഷികേച്ഛ എതിർക്കാതെയും വിരുദ്ധമായി നില്ക്കാതെയും യഥാർത്ഥത്തിൽ തന്റെ ദൈവികവും ശക്തിമത്തുമായ ഇച്ഛയെ പിൻചെന്നുകൊണ്ട് അതിനു വിധേയമായിരിക്കുന്നു. കാരണം, ഏററവും ജ്ഞാനിയായ അത്തനാസ്യോസ് പറഞ്ഞതുപോലെ, ജഡത്തിന്റെ ഇച്ഛയെ കർമ്മനിരതമാക്കേണ്ടിയിരുന്നു; എങ്കിലും ദൈവികേച്ഛയ്ക്കു വിധേയമായിട്ടാണെന്നുമാത്രം. കാരണം, അവന്റെ ശരീരം വചനമായ ദൈവത്തിന്റെ ശരീരം എന്ന് പറയപ്പെടുന്നു, അങ്ങനെയാണുതാനും; അതുപോലെ തന്റെ ശരീരത്തിന്റെ സ്വാഭാവികമായ ഇച്ഛ, വചനമായ ദൈവത്തിന്റേതെന്നു പറയപ്പെടുന്നു; അപ്രകാരമാണുതാനും. ''ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിവന്നത് എന്റെ സ്വന്തം ഇഷ്ടം ചെയ്യുവാനല്ല, പിന്നെയോ, എന്നെയയച്ച പിതാവിന്റെ ഇഷ്ടം നിറവേററുവാനാണ്''

www.malankaralibrary.com



എന്ന് അവിടുന്നുതന്നെ പറഞ്ഞിരിക്കുന്നു (യോഹ. 6:38). തന്റെ ശരീരവും തന്റെ സ്വന്തമായിത്തീർന്നതിനാൽ അവിടുന്ന് തന്റെ ശരീരത്തിന്റെ ഇച്ഛയെ തന്റെ സ്വന്തം ഇച്ഛ എന്നുവിളിക്കുന്നു. അതുപോലെ ഗ്രിഗറി ദൈവശാസ്ത്രജ്ഞൻ പറയുന്നതുപോലെ, തന്റെ അതിവിശുദ്ധവും കുററമററതുമായ ആത്മാവുള്ള ശരീരം ദിവ്യമാക്കപ്പെട്ടപ്പോൾ നശിപ്പിക്കപ്പെടാതെ, അതിന്റെ സ്വന്തം പരിമിതിക്കുള്ളിലും വർഗ്ഗത്തിലും നിലനിന്നു; അതുപോലെ തന്റെ മാനുഷികേച്ഛയും, ദിവ്യമാക്കപ്പെട്ടപ്പോൾ തകർക്കപ്പെടാതെ, സംരക്ഷിക്കപ്പെട്ടു. ഗ്രിഗറി പറയുന്നു: ''കാരണം അവനെ രക്ഷകൻ എന്നു പരിഗണിക്കുമ്പോൾ അവന്റെ തിരുഹിതം പൂർണ്ണമായി ദൈവികമായിത്തീർന്നതിനാൽ, ദൈവത്തിന് എതിരല്ല.''

നമ്മുടെ കർത്താവും സത്യദൈവവുമായ അതേ യേശുക്രിസ്തുവിൽ രണ്ട് സ്വാഭാവിക പ്രവർത്തനതത്ത്വങ്ങളുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു; ദൈവികമായി സംസാരിക്കുന്ന ലെയോ പറയുന്നതുപോലെ വിഭജനം കൂടാതെയും മാററം കൂടാതെയും വേർതിരിവു കൂടാതെയും കലർപ്പില്ലാതെയും ദൈവിക പ്രവർത്തനതത്ത്വവും മാനുഷിക പ്രവർത്തനതത്ത്വവും ഉണ്ട്. വളരെ വ്യക്തമായി അദ്ദേഹം പറയുന്നു: ''എന്തുകൊണ്ടെന്നാൽ ഓരോ രൂപവും മററതിനോടുള്ള കൂട്ടായ്മയിൽ അതിനു സ്വന്തമായിട്ടുള്ള പ്രവൃത്തി ചെയ്യുന്നു, വചനം വചനത്തിന്റേതായവ പ്രവർത്തിക്കുന്നു, ശരീരം ശരീരത്തിന്റേതായവയും ചെയ്യുന്നു.'' ദൈവിക യാഥാർത്ഥ്യത്തിന്റെ തലത്തിലേക്ക് സൃഷ്ടിക്കപ്പെട്ടതിനെ ഉയർത്താതിരിക്കുന്നതിനും, ദൈവിക സ്വഭാവത്തിന് മാത്രം ഉള്ള പ്രത്യേകതയെ സൃഷ്ടികൾക്കു ചേരുന്ന തലത്തിലേക്കു താഴ്ത്താതിരിക്കുന്നതിനുമായി ദൈവത്തിനും സൃഷ്ടിക്കുംകൂടി ഒരേ ഒരു സ്വാഭാവിക പ്രവർത്തനതത്ത്വം മാത്രമേയുള്ളൂ എന്നത് ഞങ്ങൾ ഒരിക്കലും അംഗീകരിക്കുന്നില്ല; കാരണം, അത്ഭുതങ്ങളും സഹനങ്ങളുമെല്ലാം ഒരേ ഒരാളുടേതാണ്; രണ്ടു സ്വഭാവങ്ങളിൽ ഒന്നോ മറെറാന്നോ അനുസരിച്ചാണെന്നുമാത്രം. വന്ദ്യനായ സിറിൽ പറഞ്ഞതുപോലെ അവിടുന്നു രണ്ടിൽ നിന്നുമാണ്; അവിടുത്തേക്ക് തന്റെ യാഥാർത്ഥ്യം രണ്ടിലുമാണ്.



അതുകൊണ്ട് 'കൂട്ടിക്കുഴച്ചിലില്ല', 'വിഭജനമില്ല' എന്നത് എല്ലാവശത്തുനിന്നും സംരക്ഷിച്ചുകൊണ്ട് താഴെപ്പറയുന്ന ചുരുങ്ങിയ വാക്കുകളിൽ ഞങ്ങൾ മുഴുവനും അറിയിക്കുന്നു: ''തന്റെ മനുഷ്യാവതാരശേഷവും നമ്മുടെ കർത്താവേശുക്രിസ്തു ത്രിത്വത്തിലൊരുവനും സത്യദൈവവുമാണ് എന്നു വിശ്വസിച്ചുകൊണ്ട് ഞങ്ങൾ ഇപ്രകാരം പറയുന്നു: തന്റെ ഏക ഹ്യുപ്പൊസ്റ്റാസിസിൽ പ്രകാശിക്കുന്ന രണ്ടു സ്വഭാവങ്ങൾ അവിടുത്തേയ്ക്കുണ്ട്; തന്റെ ഇവിടെയുള്ള പരിപാലനാവാസകാലം മുഴുവൻ തന്റെ അത്ഭുതങ്ങളും സഹനങ്ങളും ആ ഹ്യുപ്പൊസ്ററാസിസിലാണ് അവിടുന്ന് കാണിച്ചത്; അത് വെറും തോന്നലായിരുന്നില്ല, സത്യമായിട്ടായിരുന്നു. അതേ ഏക ഹ്യുപ്പൊസ്ററാസിസിൽ സ്വഭാവങ്ങളുടെ വ്യത്യാസം വെളിവാക്കപ്പെടുന്നു. ഓരോ സ്വഭാവവും, മററതിനോടുള്ള കൂട്ടായ്മയിൽ, ഓരോന്നിന്റെയും പ്രത്യേകമായിട്ടുള്ള കാര്യങ്ങൾ ഇച്ഛിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു; ഈ വിചിന്തനമനുസരിച്ച്, മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി, രണ്ട് ഇച്ഛകളും രണ്ട് പ്രവർത്തനതത്ത്വങ്ങളും ഐക്യബന്ധത്തിൽ സമ്മേളിക്കുന്നു എന്നു ഞങ്ങൾ പഠിപ്പിക്കുന്നു.

ഞങ്ങൾ ഈ കാര്യങ്ങൾ എഴുതിയുണ്ടാക്കിയത് എല്ലാവിധ സൂക്ഷ്മതയോടും കൃത്യതയോടുംകൂടിയാണ്. മറെറാരു വിശ്വാസം അവതരിപ്പിക്കാൻ, അതായത് എഴുതാനോ, രൂപീകരിക്കാനോ, പരിഗണിക്കാനോ, മററുള്ളവരെ പഠിപ്പിക്കാനോ, ആർക്കും അനുവാദമില്ല എന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു; മറെറാരു വിശ്വാസം എഴുതിയുണ്ടാക്കുവാനോ പിൻതുണയ്ക്കാനോ, പഠിപ്പിക്കാനോ, യൂദമതത്തിൽനിന്നോ വിജാതീയമതത്തിൽനിന്നോ, സത്യത്തിന്റെ അറിവിലേക്കു തിരിയാൻ ആഗ്രഹിക്കുന്നവർക്ക് മറെറാരു വിശ്വാസപ്രമാണം നല്കാനോ, അഥവാ, പുതിയ ഭാഷാരീതി അവതരിപ്പിക്കാനോ, അതായത്, ഞങ്ങൾ ഇപ്പോൾ നിർവചിച്ചതു മാററിമറിക്കത്തക്ക രീതിയിൽ പദങ്ങൾ കണ്ടുപിടിക്കാനോ മുതിർന്നാൽ, അത്തരക്കാർ, അവർ മെത്രാന്മാരോ വൈദികസ്ഥാനികളോ ആണെങ്കിൽ, മെത്രാൻസ്ഥാനം അഥവാ, വൈദികസ്ഥാനം നഷ്ടപ്പെടും; അവർ സന്യാസികളോ അൽമായരോ ആണെങ്കിൽ, മുടക്കപ്പെടണം.

www.malankaralibrary.com

## അധ്യായം 7

# രണ്ടാം നിഖ്യാ സൂന്നഹദോസ് (787)

### ആമുഖം

''ഐക്കൺ–തകർക്കൽ തർക്കം'' (iconoclasm controversy) 725 മുതൽ 842 വരെ ബിസൻറയിൻ സഭയിൽ ഗൗരവമേറിയ പ്രശ്നമായിരുന്നു. പ്രതിച്ഛായകളെ (icons) നിർമ്മിക്കുന്നതും വണങ്ങുന്നതും ശരിയാണോ എന്നതിനെ ചൊല്ലിയായിരുന്നു തർക്കം. മനുഷ്യനായി അവതരിച്ച കർത്താവിൻെറയും, മാതാവിൻെറയും വിശുദ്ധരുടെയും ഛായാചിത്രങ്ങൾ നിർമ്മിക്കുക പുരാതനപാരമ്പര്യമായിരുന്നു. അഞ്ചാം നൂററാണ്ടു മുതൽ അവ വ്യാപകമായി. ഏഴാം നൂററാണ്ടിൻെറ അവസാനത്തിലും എട്ടാം നൂററാണ്ടിൻെറ ആരംഭത്തിലും ഛായാചിത്രങ്ങൾക്കെതിരായ നിലപാട് പൗരസ്ത്യദേശങ്ങളിൽ ശക്തിപ്പെട്ടുവന്നു. മനുഷ്യാവതാരത്തിൻെറ മാനുഷികവശം ഊന്നിപ്പറയാത്ത ഏകസ്വഭാവവാദികൾ, 'പദാർത്ഥം തിന്മയാണ്' എന്നു പഠിപ്പിച്ച പൗലിസ്ത്യരുടെ മനിക്കേയിസം, ഇസ്ലാം എന്നിവരുടെ സ്വാധീനം മൂലമാകാം ഈ ചിന്ത വളർന്നുവന്നത്. ലെയോ III (717—40), കോൺസ്ററൻറയിൻ V (740—75) എന്നീ ബിസൻറയിൻ ചക്രവർത്തിമാർ ഒന്നാംഘട്ടത്തിൽ ഐക്കൺ തകർക്കൽ പദ്ധതിക്ക് നേതൃത്വം നൽകി. ലെയോ 730 മുതൽ ഛായാപടങ്ങളോടുള്ള ബഹുമാനത്തിനെതിരായ നിലപാട് സ്വീകരിച്ചു. എതിർത്തവരെയൊക്കെ അമർച്ചചെയ്തും കൊലപ്പെടുത്തിയും ചക്രവർത്തിമാർ മുമ്പോട്ടു നീങ്ങി. അനുകൂലിക്കാത്ത ബിസൻറയിൻ പാത്രിയർക്കീസുമാരെ മാററി തങ്ങളുടെ താല്പര്യമനുസരിച്ചു പ്രവർത്തിക്കുന്നവരെ നിയമിച്ചു. ഛായാപടങ്ങളെ തകർക്കുന്നതു പാഷണ്ഡതയാണെന്ന് റോമിലെ മാർപാപ്പാമാർ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.



കോൺസ്ററൻറയിൻ V ചക്രവർത്തി 753-ൽ ഹിയെറിയാ സിനഡിൽ വച്ച് പ്രതിമാഭഞ്ജനം നിയമവിധേയമാക്കി. അന്ത്യോക്യ, ജറുസലേം, അലക്സാണ്ഡ്രിയ, റോം എന്നിവിടങ്ങളിലെ പാത്രിയർക്കീസുമാർ ഇതിൽ സംബന്ധിച്ചില്ല. എല്ലാ ഛായാപടങ്ങളും നശിപ്പിക്കണമെന്ന് സിനഡ് നിർദ്ദേശിച്ചു. ഈ മതപീഡനത്തിൽ നിരവധിയാളുകൾ, പ്രത്യേകിച്ച് സന്യാസികൾ, കൊല്ലപ്പെട്ടു. വളരെയധികം ഛായാപടങ്ങൾ തകർക്കപ്പെട്ടു.

ഈ മതപീഡനവും തർക്കവും അവസാനിപ്പിച്ച് സഭയിൽ സമാധാനം സ്ഥാപിക്കാനും ഐക്കൺ-തകർക്കൽ പാഷണ്ഡത ഇല്ലാതാക്കാനുമായി 787-ൽ കൂടിയ സിനഡാണ് നിഖ്യായിൽ കൂടിയ രണ്ടാം പൊതുസിനഡ്. ഹഡ്രിയാൻ മാർപാപ്പാ (772–795) കോൺസ്റ്റാൻറിനോപ്പിളിലെ തരാസിയുസ് പാത്രിയർക്കീസ് എന്നിവർ ഇതിനു നേതൃത്വം നല്കി. ഇരേനെ രാജ്ഞി ഐക്കൺ തകർക്കലിന് എതിരായിരുന്നു. എന്നാൽ സൈന്യം തകർക്കലിന് അനുകൂലമായിരുന്നു. നിഖ്യാസിനഡ് ഹിയെറിയാ സിനഡിൻെറ തീരുമാനങ്ങൾ തള്ളിക്കളഞ്ഞു. ഛായാപടങ്ങളെ ബഹുമാനിക്കുന്നതും നിർമ്മിക്കുന്നതും തെററല്ല എന്ന് നിശ്ചയിച്ചു. 786 ആഗസ്ററിൽ കോൺസ്ററാൻറിനോപ്പിളിൽ സിനഡു സമ്മേളിച്ചു. സൈന്യം തടസ്സപ്പെടുത്തിയതിനാൽ നിഖ്യായിലേക്കു മാററി. 787 സെപ്ററംബർ 24-ന് നിഖ്യായിൽ വീണ്ടും കൂടി. 263 മെത്രാന്മാർ തീരുമാനത്തിൽ ഒപ്പിട്ടു. ഹഡ്രിയാൻ മാർപാപ്പായുടെ ലേഖനം രണ്ടാം സെഷനിൽ വായിച്ചു. വിശുദ്ധരുടെ മാധ്യസ്ഥ്യം എന്ന വിഷയം നാലാം സെഷനിൽ ചർച്ച ചെയ്തു. ഏഴാം സെഷനിൽ ഛായാപടങ്ങളെ സംബന്ധിച്ച വിശ്വാസനിർവചനം പാസ്സാക്കി. അടുത്ത സെഷനിൽ ഔപചാരികമായി പ്രഖ്യാപിക്കയും 22 കാനോനാകൾ അംഗീകരിക്കുകയും ചെയ്തു. മാർപാപ്പായെ പ്രതിനിധീകരിച്ചത് പത്രോസ് എന്ന വൈദികനും പത്രോസ് എന്ന ആശ്രമാധ്യക്ഷനുമായിരുന്നു. നിഖ്യായ്ക്കുശേഷം ഒരിക്കൽക്കൂടി (815—843) ഛായാപടങ്ങൾ നശിപ്പിക്കാനുള്ള പ്രവണത പൊന്തിവന്നു. ലെയോ അഞ്ചാമൻ ചക്രവർത്തിയുടെയും പിൻഗാമികളുടെയും കാലത്തായിരുന്നത്. ആ കാലഘട്ടത്തിലും പള്ളികളിൽനിന്ന്

www.malankaralibrary.com



ഛായാപടങ്ങൾ നീക്കം ചെയ്തു. എതിർത്ത മെത്രാന്മാരെയൊക്കെ സ്ഥാനഭ്രഷ്ടരാക്കുകയോ നാടുകടത്തുകയോ ചെയ്തു. എന്നാൽ കാലക്രമത്തിൽ അതു കെട്ടടങ്ങി. തിയഡോറാ രാജ്ഞിയാണ് ഈ രണ്ടാംഘട്ടത്തിലെ പ്രതിമാഭജ്ഞനം അവസാനിപ്പിക്കാൻ മുൻകൈ എടുത്തത്. ''പ്രതിമകളെ വിഗ്രഹാരാധനയായി കരുതി നശിപ്പിക്കുക'' എന്നത് സഭയിൽ വളർന്നുവന്ന പുതിയ തെററായ ചിന്തയാണെന്ന് എല്ലാവർക്കും ബോധ്യമായി.

1987 ഡിസംബർ 4-ന്, നിഖ്യായുടെ 1200-ാം വാർഷികത്തിൽ പരിശുദ്ധ പിതാവ് ജോൺ പോൾ മാർപാപ്പാ ഒരു ശ്ലൈഹിക ലേഖനം പ്രസിദ്ധീകരിച്ചു (*L'Osservatore Romano,* 7 (1026), Feb. 15, 1988). 1987 സെപ്ററംബർ 14-ന് കോൺസ്ററാൻറിനോപ്പിൾ പാത്രിയർക്കീസും ഇപ്രകാരം ഒന്ന് പ്രസിദ്ധീകരിച്ചു.

കത്തോലിക്കാസഭയും ഓർത്തഡോക്സുസഭയും ഒരുപോലെ പൂർണ്ണമായി അംഗീകരിക്കുന്ന ഏഴാമത്തേതും അവസാനത്തേതുമായ സിനഡാണ് രണ്ടാം നിഖ്യാ സിനഡ്. റോമാ മാർപാപ്പായുടെ ഭാഗഭാഗിത്വവും പൗരസ്ത്യപാത്രിയർക്കീസുമാരുടെ സഹകരണവും ഉണ്ടെങ്കിലേ എക്യുമെനിക്കൽ സിനഡുകളുടെ തീരുമാനങ്ങൾ നൈയാമികമാകൂ എന്ന് അവിടെ അംഗീകരിക്കപ്പെട്ടു. കിഴക്കും പടിഞ്ഞാറും ഒരുപോലെ കൺസീലിയർ രീതിയിൽ സഹകരിച്ചു നടന്ന അവസാനത്തെ സഭായോഗമായിരുന്നിത്.

''ലിഖിതവും അലിഖിതവുമായ സഭാപാരമ്പര്യങ്ങൾ'' സഭയിലുണ്ടെന്ന് നിഖ്യാ സ്പഷ്ടമായി പഠിപ്പിച്ചു (കാനൻ 4). അവ സഭയുടെ വിശ്വാസത്തിനും ശിക്ഷണത്തിനുമുള്ള മാർഗദർശകമാണ്. സഭയ്ക്കു ലഭിച്ചിരിക്കുന്ന ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങളെല്ലാം കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ് തങ്ങളെന്ന് പിതാക്കന്മാർ അവിടെ പ്രസ്താവിച്ചു. അതിലൊന്നാണ് ഛായാപടങ്ങളുടെ നിർമ്മിതിയും അവയോടുള്ള വണക്കവും. നേരത്തെയുള്ള ആറ് എക്യുമെനിക്കൽ കൗൺസിലുകളും സത്യവിശ്വാസികളായ പിതാക്കന്മാരു



മാണ് ''സഭാപാരമ്പര്യമായി'' നിഖ്യായിലെ പിതാക്കന്മാർ മനസ്സിലാക്കിയത്. ക്രിസ്തീയ സന്ദേശം പാരമ്പര്യമാണ് (പരദോസിസ്). വി. ജോൺ ക്രിസൊസ്തോം, വി. ഗ്രിഗറി നീസ്സാ, വി. സിറിൽ, വി. ഗ്രിഗറി നസ്യാൻസൻ, വി. ബേസിൽ, വി. ജോൺ ഡമഷീൻ എന്നീ വിശ്രുതരായ പിതാക്കന്മാരെയും നിഖ്യാ ഉദ്ധരിക്കുന്നു.

ഛായാചിത്രങ്ങൾക്കു നല്കുന്ന വണക്കം അഥവാ ബഹുമാനം അത് ആരെ പ്രതിനിധീകരിക്കുന്നുവോ, ആ വ്യക്തിക്കാണു നല്കുന്നത്. മനുഷ്യനെ പഠിപ്പിക്കാനുള്ള ഒരുപാധി കൂടിയാണ് ഛായാപടങ്ങൾ. മനുഷ്യനായിത്തീർന്ന ദൈവത്തെ മാനുഷികരീതിയിൽ അവതരിപ്പിക്കാൻ കഴിയും. ദൈവപുത്രൻെറ മാനുഷിക മുഖമാണ് അവതരിപ്പിക്കുക. നമ്മുടെ രക്ഷയ്ക്കായി മനുഷ്യനായിത്തീർന്ന ദൈവത്തിൽ നമ്മെ അത് എത്തിക്കും. മഷി കൊണ്ടെഴുതിയ തിരുവചനം ചായങ്ങൾ കൊണ്ട് ഛായാപടങ്ങളിലാക്കുന്നത് വിഗ്രഹാരാധനയല്ല, ദൈവകല്പനയ്ക്ക് എതിരുമല്ല; മറിച്ച്, സഭയുടെ ശരിയായ പാരമ്പര്യത്തിനനുസൃതമാണ്.

## വിശ്വാസനിർവചനം (Horos-Terminus)

ദൈവകൃപയാലും, നമ്മുടെ ഭക്തരും ക്രിസ്തുസ്നേഹിതരുമായ കോൺസ്ററൻറയിൻ ചക്രവർത്തിയുടെയും രാജമാതാ ഇരേനെ ചക്രവർത്തിനിയുടെയും കല്പനയാലും ബിഥീനിയാ പ്രോവിൻസിലെ വിഖ്യാതമായ നിഖ്യാ മെത്രോപ്പൊളീസിൽ ഉള്ള സോഫിയായുടെ പേരിൽ അറിയപ്പെടുന്ന, ദൈവത്തിൻെറ വിശുദ്ധ പള്ളിയിൽ രണ്ടാംപ്രാവശ്യം ഒന്നിച്ചുകൂടിയിരിക്കുന്ന വിശുദ്ധവും മഹനീയവുമായ സാർവത്രികസൂനഹദോസ്, കത്തോലിക്കാസഭയുടെ പാരമ്പര്യമനുസരിച്ച്, താഴെപ്പറയുന്നത് നിശ്ചയിച്ചിരിക്കുന്നു.

തന്നെ തിരിച്ചറിവാൻ നമുക്കു പ്രകാശം തന്നവനും വിഗ്രഹാരാധന എന്ന ബുദ്ധിഭ്രമത്തിൻെറ അന്ധകാരത്തിൽനിന്നു നമ്മെ വീണ്ടെടുത്തവനുമായ, നമ്മുടെ ദൈവമായ ക്രിസ്തു, കറയോ മുഖച്ചുളിവോകൂടാതെ (എഫേ. 5:27) തൻെറ വിശുദ്ധ

www.malankaralibrary.com



കത്തോലിക്കാസഭയെ തനിക്കു വധുവായി സ്വീകരിച്ചപ്പോൾ, താനവളെ സംരക്ഷിക്കുമെന്നു വാഗ്ദാനം ചെയ്യുകയും, 'ഞാനോ ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടു കൂടി ഉണ്ട്'' എന്നുപറഞ്ഞ് തന്റെ വിശുദ്ധ ശിഷ്യർക്ക് ഉറപ്പു നല്കുകയും ചെയ്തു (മത്താ. 28:20). അവിടുന്ന് ഈ വാഗ്ദാനം അവർക്കുമാത്രമല്ല നല്കിയത്, പിന്നെയോ, അവർ മൂലം തന്റെ നാമത്തിലുള്ള വിശ്വാസത്തിലേക്കുവന്ന നമുക്കും കൂടിയാണ് (യോഹ. 17:20). ചിലർ ഈ സൗജന്യദാനത്തെ ഒട്ടുംതന്നെ പരിഗണിച്ചില്ല; ചതിയനായ എതിരാളിയാൽ വഞ്ചിക്കപ്പെട്ട് അവർ ശരിയായ ചിന്താരീതി ഉപേക്ഷിക്കുകയും, കത്തോലിക്കാസഭയുടെ പാരമ്പര്യത്തിനെതിരായിനിന്നുകൊണ്ട് സത്യം ഗ്രഹിക്കുന്നതിൽ പതറിപ്പോകുകയും ചെയ്തു. സുഭാഷിതവാക്യം പറയുന്നതുപോലെ, അവർ തങ്ങളുടെ ഉന്തുവണ്ടിയുടെ അച്ചുതണ്ട് തിരിച്ചുകുത്തുകയും കൊയ്ത്തിന്റെ ഫലം ശേഖരിക്കാൻ കഴിവില്ലാതെ വരികയും ചെയ്തു. വാസ്തവത്തിൽ വിശുദ്ധ സ്മാരകങ്ങളിൽ ദൈവത്തിനു പ്രീതികരമായി കാണുന്ന സൗന്ദര്യത്തെ വിമർശിക്കാനുള്ള ഔദ്ധത്യം അവർക്കുണ്ടായിരുന്നു; അവർ പേരിൽ മാത്രമായിരുന്നു പുരോഹിതർ; യഥാർത്ഥത്തിൽ അപ്രകാരമായിരുന്നില്ല. 'അനേകം ഇടയൻമാർ എന്റെ മുന്തിരിച്ചെടിയെ നശിപ്പിച്ചു; അവർ എന്റെ അവകാശത്തെ അശുദ്ധമാക്കി' എന്ന് പ്രവചനത്തിലൂടെ (ജറ. 12:10) ദൈവം അവരെപ്പററിയാണു പറയുന്നത്. എന്തുകൊണ്ടെന്നാൽ അവർ അശുദ്ധരെ അനുധാവനം ചെയ്തു; തങ്ങളുടെ ചിത്തഭ്രമത്തിൽ ആശ്രയിച്ചുകൊണ്ട്, നമ്മുടെ ദൈവമായ ക്രിസ്തു തന്റെ സ്വന്തം വധുവാക്കിയ വിശുദ്ധസഭയെ ദുഷിച്ചുപറഞ്ഞു; നമ്മുടെ കർത്താവിന്റെയും തന്റെ വിശുദ്ധരുടെയും ഛായാചിത്രങ്ങളും (icons) പൈശാചിക വിഗ്രഹങ്ങളുടെ തടിയിലുള്ള പ്രതിരൂപങ്ങളും തമ്മിൽ വ്യത്യാസമൊന്നുമില്ല എന്ന് ജല്പിച്ചുകൊണ്ട് 'വിശുദ്ധവും അശുദ്ധവും തമ്മിൽ അവർ ഒരന്തരവും കാണുന്നില്ല' (എസ. 22:26).

അതുകൊണ്ട്, തനിക്കു വിധേയമായിരിക്കുന്നത് ഇത്തരം ദുഷിപ്പിക്കൽ വഴി നശിച്ചുപോകുന്നതു സഹിക്കാത്ത കർത്താവായ ദൈവം തന്റെ മനോഗുണത്താൽ, നമ്മുടെ വിശ്വസ്ത



ചക്രവർത്തിയായ കോൺസ്ററൻറയിന്റെയും വിശ്വസ്ത ചക്രവർത്തിനിയായ ഇരേനെയുടെയും ദൈവികശുഷ്കാന്തിയാലും തീരുമാനത്താലും കത്തോലിക്കാസഭയുടെ ദൈവിക പ്രചോദിതമായ പാരമ്പര്യം പരസ്യഡിക്രിവഴി ഉറപ്പിക്കപ്പെടുന്നതിനായി എല്ലായിടത്തും പൗരോഹിത്യത്തിന്റെ ചുമതലയുള്ള ഞങ്ങളെ വിളിച്ചുകൂട്ടി. അതുകൊണ്ട്, വളരെ കൃത്യമായി പരിശോധിക്കുകയും ഉപദേശം സ്വീകരിക്കുകയും ചെയ്ത് സത്യത്തെ ലക്ഷ്യമാക്കിക്കൊണ്ട്, ഒന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ കത്തോലിക്കാസഭയെ സംബന്ധിക്കുന്നതെല്ലാം അഭംഗുരം കാത്തുസൂക്ഷിക്കുക മാത്രം ചെയ്യുന്നു. അങ്ങനെ, ആറ് വിശുദ്ധ സാർവത്രിക സിനഡുകളെ അനുധാവനം ചെയ്തുകൊണ്ട്, ഒന്നാമതായി വിഖ്യാതമായ നിഖ്യാ മെത്രോപ്പോളീസിൽ കൂടിയത്, പിന്നെ അതിനുശേഷം ദൈവസംരക്ഷിത രാജകീയ നഗരത്തിൽ കൂടിയത്:

''സർവശക്തിയുള്ള പിതാവും.... (തുടർന്ന് നിഖ്യാ-കോൺസ്ററാൻറിനോപ്പിൾ വിശ്വാസപ്രമാണം നല്കുന്നു).[1]

ആരിയൂസിനെയും അയാളെപ്പോലെ ചിന്തിക്കുന്നവരെയും അയാളുടെ തലതിരിഞ്ഞ തെററിൽ പങ്കുള്ളവരെയും ഞങ്ങൾ വെറുക്കുകയും ശപിക്കുകയും ചെയ്യുന്നു; അതുപോലെ പ്നെവുമാതോമാക്കി എന്ന് ശരിയായി വിളിക്കപ്പെടുന്ന മാസിഡോണിയൂസിനെയും അയാളുടെകൂടെ ഉള്ളവരെയും; വിശുദ്ധ മറിയം യഥാർത്ഥമായും സത്യമായും ദൈവമാതാവാണെന്നും ഞങ്ങൾ ഏററുപറയുന്നു; കാരണം, ഒന്നാം എഫേസോസ് സിനഡ് തീർപ്പുകല്പിച്ചതുപോലെ, ത്രിത്വത്തിലൊരുവനും നമ്മുടെ ദൈവവുമായ ക്രിസ്തുവിനെ ശരീരത്തിൽ അവൾ പ്രസവിച്ചു; ഈ സിനഡ് നെസ്തോറിയൂസിനെയും അയാളോടുകൂടെയുള്ളവരെയും സഭയിൽനിന്നു ബഹിഷ്ക്കരിച്ചു; കാരണം, അവർ രണ്ട് വ്യക്തികളെ അവതരിപ്പിക്കുകയായിരുന്നു. ഈ സിനഡുകളോടുകൂടെ ദൈവിക കൂട്ടായ്മയിൽ നിന്ന്, വാഗ്ദുഷ്ടരായ എവുതീക്കെസിനെയും ദിയസ്ക്കോ

1. മുകളിൽ പേജ് 11, 52.

www.malankaralibrary.com



റോസിനെയും ഓടിച്ചുകളഞ്ഞപ്പോൾ, കൽക്കദോനിയ സിനഡ് പ്രഖ്യാപിച്ചതുപോലെ, ക്രിസ്തു പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനുമാണ് എന്ന് അംഗീകരിച്ചുകൊണ്ട് നിത്യകന്യകയും മാലിന്യമില്ലാത്തവളും ദൈവമാതാവുമായ മറിയത്തിൽനിന്ന് നമുക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത അവിടുത്തെ ഇരുസ്വഭാവങ്ങളും ഞങ്ങൾ ഏറ്റുപറയുന്നു. അവരോടുകൂടി സെവേരൂസ്, പീററർ എന്നിവരെയും അവരുമായി ബന്ധപ്പെട്ട കൂട്ടത്തെയും അവരുടെ നിരവധി ദൈവദൂഷണങ്ങളോടുകൂടി ഞങ്ങൾ നിരാകരിക്കുന്നു; അവരുടെകൂടെ ഒരിജൻ, എവാഗ്രിയസ്, ദിദിമുസ് എന്നിവരുടെ മിത്തിക്കൽ സിദ്ധാന്തങ്ങളേയും കോൺസ്ററാൻറിനോപ്പിളിൽ കൂടിയ അഞ്ചാം സിനഡ് ചെയ്തതുപോലെ ഞങ്ങൾ ശപിക്കുന്നു. കൂടാതെ കോൺസ്റ്റാൻറിനോപ്പിളിലെ ആറാം സിനഡ് പ്രഘോഷിച്ചതുപോലെ ക്രിസ്തുവിലെ രണ്ട് സ്വഭാവങ്ങൾക്കനുസൃതം രണ്ട് ഇച്ഛകളും രണ്ട് പ്രവർത്തനതത്ത്വങ്ങളും ഉണ്ടെന്ന് ഞങ്ങൾ വിളംബരം ചെയ്യുന്നു; യഥാർത്ഥ വിശുദ്ധിയിൽ തല്പരരല്ലാതിരുന്ന സേർജിയുസ്, ഹൊണോറിയുസ്, സൈറസ്, പീറൂസ്, മക്കാരിയുസ് എന്നിവരെയും അവരേപ്പോലെ ചിന്തിക്കുന്ന അനുയായികളെയും ആ സിനഡ് പരസ്യമായി നിരാകരിച്ചു. ചുരുക്കത്തിൽ, ഞങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലിഖിതവും അലിഖിതവുമായ എല്ലാ പാരമ്പര്യങ്ങളെയും മാററിമറിക്കൽ കൂടാതെ ഞങ്ങൾ ന്യായീകരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. അവയിലൊന്നാണ് പ്രതിച്ഛായകളുടെ നിർമ്മിതി; സുവിശേഷപ്രചരണ ചരിത്രവുമായി തികച്ചും ഒത്തുപോകുന്നതാണിത്; വചനമായ ദൈവം മനുഷ്യനായി എന്നത് യഥാർത്ഥമാണ്, ഭാവനാചിത്രമല്ല എന്നതിന് ഇത് ഉറപ്പുനല്കുന്നു; അത് നമുക്കും അതുപോലെ പ്രയോജനം ചെയ്യുന്നു. കാരണം, ഒന്ന് മറെറാന്നിനെ പരസ്പരം വിശദീകരിക്കുന്ന വസ്തുക്കൾ സംശയംകൂടാതെ ഒന്ന് മറെറാന്നിൻെറ സന്ദേശം ഉൾക്കൊള്ളുന്നു.

കാര്യങ്ങൾ ഇങ്ങനെയിരിക്കെ, രാജകീയ ഉന്നതവീഥിയിലൂടെ ചരിക്കുന്നു എന്നവണ്ണം, നമ്മുടെ വിശുദ്ധ പിതാക്കൻമാരുടെ ദൈവപ്രഘോഷിത പ്രബോധനങ്ങളെയും കത്തോലിക്കാസഭയുടെ പാരമ്പര്യത്തെയും പിൻചെന്നുകൊണ്ട്—കാരണം ഈ



പാരമ്പര്യം അവളിൽ വസിക്കുന്ന പരിശുദ്ധാത്മാവിൽനിന്നു വരുന്നു—ബഹുമാന്യവും ജീവദായകവുമായ കുരിശിൻെറരൂപം പോലെ ആലേഖനം ചെയ്തതോ, മൊസായ്ക്കു കൊണ്ടോ മറെറന്തെങ്കിലും അനുയോജ്യമായ സാധനം കൊണ്ടുണ്ടാക്കിയതോ ആയ ബഹുമാന്യവും വിശുദ്ധവും ആയ പ്രതിച്ഛായകൾ ദൈവത്തിൻെറ വിശുദ്ധ പള്ളികളിലും, വിശുദ്ധ പാത്രങ്ങളിലും, തിരുവസ്ത്രങ്ങളിലും, ഭിത്തികളിലും, ചട്ടപ്പലകകളിലും, വീടുകളിലും, പൊതുനിരത്തുകളിലും പ്രദർശിപ്പിക്കാം എന്ന് പൂർണ്ണമായ കരുതലോടും സൂക്ഷ്മതയോടും കൂടെ ഞങ്ങൾ തീർപ്പുകല്പിക്കുന്നു; ഇവ നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിൻേറയും, മാലിന്യമില്ലാത്തവളും ദൈവമാതാവുമായ നമ്മുടെ അമ്മയുടേയും വിശുദ്ധ മാലാഖമാരുടേയും പരിശുദ്ധരായ വ്യക്തികളുടേയും പ്രതിച്ഛായകളാണ്. കലാപരമായ പ്രതിച്ഛായകളിലൂടെ കൂടെക്കൂടെ അവയെ കാണുന്നതുവഴി അവയുടെ മാതൃകകളെ അനുസ്മരിക്കാനും അവർക്കുവേണ്ടി അതിയായി ആഗ്രഹിക്കാനും ഈ പ്രതിച്ഛായകൾക്ക് വണക്കത്തിൻെറ ഉപചാരവും ബഹുമാനപൂർവമുള്ള ആദരവും നല്കാനും കാണുന്നവർക്കു കഴിയും. നിശ്ചയമായും ഇത് നമ്മുടെ വിശ്വാസാനുസൃതമായ പൂർണ്ണമായ ആരാധനയല്ല; അത് ശരിയായി ദൈവികസ്വഭാവത്തിനു മാത്രമേ നല്കുന്നുള്ളു; എന്നാലിത് ബഹുമാന്യവും ജീവദായകവുമായ കുരിശുരൂപത്തിനും, വിശുദ്ധ സുവിശേഷഗ്രന്ഥങ്ങൾക്കും ആരാധനാസംബന്ധമായ മററ് വിശുദ്ധ വസ്തുക്കൾക്കും നല്കുന്നതിനോട് സദൃശ്യമാണ്. കൂടാതെ, പുരാതനാചാരം ഭക്തിപൂർവം ആചരിച്ചിരുന്നതുപോലെ, സുഗന്ധധൂപാർപ്പണംകൊണ്ടും തിരികത്തിച്ചും ജനങ്ങൾ ഈ പ്രതിച്ഛായകളെ ബഹുമാനിക്കാറുണ്ട്. യഥാർത്ഥത്തിൽ പ്രതിച്ഛായയ്ക്കു നല്കുന്ന ബഹുമാനം അതിനെ കടന്ന് മാതൃകയിലെത്തുന്നു; പ്രതിച്ഛായയെ വന്ദിക്കുന്നയാൾ ആ പ്രതിച്ഛായ സൂചിപ്പിക്കുന്ന വ്യക്തിയെ വന്ദിക്കുന്നു.

ഈ രീതിയിലാണ് നമ്മുടെ വിശുദ്ധപിതാക്കന്മാരുടെ പ്രബോധനം ശക്തിപ്പെടുന്നത്, അതായത്, ഭൂമിയുടെ ഒരററം മുതൽ മറേറയററംവരെ സുവിശേഷം സ്വീകരിച്ച കത്തോലിക്കാ

www.malankaralibrary.com



സഭയുടെ പാരമ്പര്യം. ഞങ്ങൾ സ്വീകരിച്ച പാരമ്പര്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് ക്രിസ്തുവിൽ സംസാരിച്ച പൗലോസിനെയും ദിവ്യശ്ലൈഹികസമൂഹത്തെ മുഴുവനെയും വിശുദ്ധ പിതാക്കന്മാരെയും ഞങ്ങൾ യഥാർത്ഥമായി പിൻചെല്ലുന്നത് ഈ രീതിയിലാണ്. ഈ രീതിയിലാണ് പ്രവാചകരോടുകൂടി സഭകൾക്ക് വിജയഗീതം ആലപിക്കുന്നത്: ''സീയോൻപുത്രീ, നീ അത്യധികം സന്തോഷിക്കുക. ജറുസലേംപുത്രീ, പ്രഘോഷിക്കുക; നീ പൂർണ്ണഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്കുക. നിന്റെ ശത്രുക്കളുടെ അനീതികൾ കർത്താവ് നിന്നിൽനിന്ന് ദൂരെ നീക്കിക്കളഞ്ഞിരിക്കുന്നു. നിന്റെ ശത്രുക്കളുടെ കൈകളിൽ നിന്ന് നീ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. രാജാവായ കർത്താവ് നിന്റെ മധ്യത്തിലുണ്ട്. നീ മേലിൽ തിന്മ ദർശിക്കയില്ല'' (സെഫ. 3:14ff). നിത്യകാലത്തോളം സമാധാനം നിന്നോടുകൂടെയായിരിക്കും.

അതുകൊണ്ട് ആരെങ്കിലും എന്തെങ്കിലും വ്യത്യസ്തമായി ചിന്തിക്കാനോ പഠിപ്പിക്കാനോ തുനിഞ്ഞാൽ, അല്ലെങ്കിൽ, സഭാപാരമ്പര്യങ്ങൾ തള്ളിക്കളഞ്ഞിട്ട് ശപിക്കപ്പെട്ട പാഷണ്ഡികളെ അനുധാവനം ചെയ്താൽ, അഥവാ, നവീനത്വം കണ്ടുപിടിച്ചാൽ അഥവാ, സഭയ്ക്കുഭരമേല്പിക്കപ്പെട്ടതിനെ നിന്ദിച്ചാൽ (സുവിശേഷമോ, കുരിശുരൂപമോ, പ്രതിച്ഛായാചിത്രത്തിന്റെ കോപ്പിയോ, ഏതെങ്കിലും രക്തസാക്ഷിയുടെ തിരുശേഷിപ്പോ ആകട്ടെ), അഥവാ, കത്തോലിക്കാസഭയുടെ ഏതെങ്കിലും നൈയാമിക പാരമ്പര്യങ്ങൾ പുലർത്തുന്നതിനെതിരെ ദുഷിച്ചതും തിന്മനിറഞ്ഞതുമായ കാര്യങ്ങൾ കെട്ടിച്ചമച്ചാൽ, അഥവാ, വിശുദ്ധ വസ്തുക്കളെയും വിശുദ്ധ ആശ്രമങ്ങളെയും നിന്ദിച്ചാൽ, അവർ മെത്രാന്മാരോ വൈദികസ്ഥാനികളോ ആണെങ്കിൽ അവരെ സ്ഥാനഭ്രഷ്ടരാക്കണം; സന്യാസികളോ അൽമായരോ ആണെങ്കിൽ അവരെ മുടക്കണം.

### വിശുദ്ധ ഛായാപടങ്ങൾ സംബന്ധിച്ചുള്ള ശാപങ്ങൾ

1 നമ്മുടെ ദൈവമായ ക്രിസ്തുവിനെ തന്റെ മനുഷ്യത്വത്തിൽ ചിത്രീകരിക്കാം എന്ന് ആരെങ്കിലും പ്രഖ്യാപിക്കാതിരുന്നാൽ അയാൾ ശപിക്കപ്പെടട്ടെ.



2 സുവിശേഷഭാഗങ്ങൾ കലാപരമായി അവതരിപ്പിക്കുന്നത് അംഗീകരിക്കാത്തയാൾ ശപിക്കപ്പെടട്ടെ.

3 കർത്താവിനും തന്റെ വിശുദ്ധർക്കുംവേണ്ടി നിലകൊള്ളുന്നവ എന്ന നിലയിൽ അത്തരം പ്രതിച്ഛായകളെ വന്ദിക്കാത്തയാൾ ശപിക്കപ്പെടട്ടെ.

4 സഭയുടെ ലിഖിതമോ അലിഖിതമോ ആയ പാരമ്പര്യത്തെ തള്ളിക്കളയുന്നയാൾ ശപിക്കപ്പെടട്ടെ.

### കാനോനാകൾ

1. എല്ലാ കാര്യങ്ങളിലും വിശുദ്ധ കാനോനാകൾ അനുസരിക്കേണ്ടത് ആവശ്യമാണ്:

പൗരോഹിത്യാന്തസിൽ ഭാഗഭാഗിത്വം ലഭിച്ചവർക്ക് ഈ കാനോനിക മാർഗരേഖകൾ, സാക്ഷ്യങ്ങളും നിർദ്ദേശങ്ങളുമാണ്. ഞങ്ങൾ സന്തോഷപൂർവ്വം അവ അംഗീകരിക്കുകയും, ദിവ്യപ്രവാചകനായ ദാവീദിനോടുകൂടി കർത്താവിനു കീർത്തനമാലപിക്കുകയും ചെയ്യുന്നു: ''സമ്പൽസമൃദ്ധിയിലെന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ പാതയിൽ ഞാൻ സന്തുഷ്ടനാണ്. (സങ്കീ. 119:14), നീ നീതിയെ സ്നേഹിച്ചു; നിന്റെ സാക്ഷ്യങ്ങൾ എന്നേക്കുമുള്ളതാകുന്നു; എനിക്കു ജീവൻ ലഭിക്കുവാൻ എന്നെ പ്രബോധിപ്പിക്കണമെ'' (സങ്കീ. 119:138.144). ദൈവികസന്ദേശങ്ങൾ എന്നേക്കും ആചരിക്കാനും അവയിൽ ജീവിക്കാനും പ്രവാചകവചനം നമ്മോടു കല്പിക്കുന്നെങ്കിൽ (119:88) അവ ഇളക്കമില്ലാത്തതും മാററമില്ലാത്തതുമാണെന്ന് വ്യക്തമാണല്ലോ; ഇപ്രകാരം, ദൈവത്തെ ദർശിച്ച മോശ വിളംബരം ചെയ്യുന്നു: ''ഇവയോട് ഒന്നും കൂട്ടിച്ചേർക്കാനും ഇവയിൽനിന്ന് ഒന്നും നീക്കിക്കളയാനുമില്ല'' (ആവ. 12:32). ''മാലാഖമാർ ദർശിക്കുവാൻ വാഞ്ഛിക്കുന്ന ഈ സംഗതികൾ'' (1 പത്രോ. 1:12), എന്ന് ദിവ്യശ്ലീഹാ പറയുമ്പോൾ അവൻ അതിൽ അഭിമാനം കൊള്ളുകയാണ്. ''നിങ്ങൾ സ്വീകരിച്ചതിന് വിരുദ്ധമായ ഒരു സുവിശേഷം ഒരു ദൈവദൂതൻ തന്നെ കൊണ്ടുവന്നാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ'' (ഗലാ. 1:9).

www.malankaralibrary.com



ഈ കാര്യങ്ങൾ യഥാർത്ഥത്തിൽ ഇത്തരത്തിലുള്ളവയാക
യാലും ഈ രീതിയിൽ നമ്മോട് സാക്ഷ്യപ്പെടുത്തിയിരിക്കുന്ന
തിനാലും ഒരു വലിയ കൊള്ളമുതൽ കണ്ടെത്തിയവനെപ്പോലെ
ഞങ്ങൾ അതിൽ സന്തോഷിക്കുന്നു (സങ്കീ. 119:162). പരിശു
ദ്ധാത്മാവിന്റെ കാഹളവും ഏററവും സ്തുത്യർഹരുമായ ശ്ലീ
ഹന്മാർ നടപ്പാക്കിയവയും ആറ് വിശുദ്ധ സാർവത്രിക സി
നഡുകളിലും അത്തരം ഡിക്രികൾ പുറപ്പെടുവിക്കാൻ ഒന്നിച്ചു
കൂടിയ പ്രാദേശിക സിനഡുകളിലും രൂപീകരിക്കപ്പെട്ടവയും
നമ്മുടെ പിതാക്കന്മാരിൽനിന്നു വന്നവയും ആയ വിശുദ്ധ
കാനോനാകൾ ഞങ്ങൾ സന്തോഷപൂർവം അംഗീകരിക്കുകയും
അവയുടെ ക്രമീകരണം പൂർണ്ണമായും കോട്ടംതട്ടാതെയും കാത്തു
സൂക്ഷിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇവരെല്ലാവ
വരും ഒരേ ഒരാത്മാവിനാൽ പ്രകാശിതരായി ഉചിതമായവ നട
പ്പാക്കി. അവർ ശപിച്ചുതള്ളിയവരെ ഞങ്ങളും ശപിച്ചുതള്ളു
ന്നു; അവർ സസ്പെൻഡ് ചെയ്തവരെ ഞങ്ങളും സസ്പെൻ
ഡ് ചെയ്യുന്നു; അവർ മുടക്കിയവരെ ഞങ്ങളും മുടക്കുന്നു;
അവർ ശിക്ഷയിൻകീഴിലാക്കിയവരെ ഞങ്ങളും അതുപോലെ
ചെയ്യുന്നു. സ്വർഗത്തിന്റെ മൂന്നാം തട്ടുവരെ കയറുകയും
അവാച്യമായ വചനങ്ങൾ ശ്രവിക്കുകയും ചെയ്ത ദിവ്യശ്ലീഹാ
യായ പൗലോസ് വളരെ വ്യക്തമായി വിളിച്ചുപറഞ്ഞു: ''നിങ്ങ
ളുടെ പെരുമാററം ദ്രവ്യാഗ്രഹത്തിൽനിന്ന് വിമുക്തമായിരി
ക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ'' (2 കൊറി. 12:2-3;
എബ്രാ. 13:5).

2. പട്ടം കിട്ടുന്ന മെത്രാൻ വളരെ കൃത്യമായി കാനോനാകൾ
അനുസരിക്കാൻ ശ്രദ്ധിക്കണം; അതിനു മനസ്സില്ലെങ്കിൽ
പട്ടം കൊടുക്കരുത്:

''നിന്റെ ന്യായവിധികളെപ്പററി ഞാൻ ധ്യാനിക്കും, നിന്റെ
വാക്കുകൾ ഞാൻ അവഗണിക്കുകയില്ല'' (സങ്കീ. 119:16)
എന്നു ചൊല്ലുമ്പോൾ ഞങ്ങൾ ഒരു ബാധ്യത ഏറെറടുക്കുന്നതി
നാൽ, ഈ കാര്യങ്ങൾ എല്ലാ ക്രിസ്ത്യാനികളും, എന്നാൽ പ്ര
ത്യേകമായ രീതിയിൽ പൗരോഹിത്യാന്തസ് ലഭിച്ചവർ അനു
ഷ്ഠിക്കണം എന്നത് നമ്മുടെ രക്ഷയ്ക്ക് ആവശ്യമാണ്.



അതുകൊണ്ട്, മെത്രാൻസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടു
ന്നയാൾ തന്റെ കീഴിലുള്ള എല്ലാ വൈദികസ്ഥാനികളെയും
പ്രബോധിപ്പിക്കാനായി, സങ്കീർത്തനഗ്രന്ഥത്തിലേക്ക് ആനീത
രാക്കുവാനായി പ്രസ്തുത ഗ്രന്ഥത്തിൽ, സമ്പൂർണ്ണജ്ഞാനം
കരസ്ഥമാക്കണം എന്ന് ഞങ്ങൾ തീർപ്പുകല്പിക്കുന്നു.
അയാൾ വിശുദ്ധ കാനോനാകൾ, വിശുദ്ധ സുവിശേഷം, ദിവ്യ
ശ്ലീഹായുടെ ഗ്രന്ഥം, മറെറല്ലാ ദിവ്യഗ്രന്ഥങ്ങൾ എന്നിവയിൽ,
ഉപരിപ്ലവമായിട്ടല്ല, അഗാധമായ ജ്ഞാനം സമ്പാദിക്കാൻ സന്ന
ദ്ധനാണോ എന്ന് മെത്രാപ്പോലീത്താ ശ്രദ്ധാപൂർവം പരിശോ
ധിക്കുകയും വേണം; അതുപോലെ ദൈവകല്പനകളനുസ
രിച്ച് ജീവിക്കാനും തനിക്കു ഭരമേല്പിക്കപ്പെട്ടവരെ പഠിപ്പി
ക്കാനും തയ്യാറാണോ എന്നും നോക്കണം. മഹാനായ ദിവന്നാ
സ്യോസ് വ്യക്തമാക്കിയതുപോലെ ''ദൈവത്തിൽനിന്ന് നമു
ക്കു ലഭിച്ച വാക്കുകളാണ് നമ്മുടെ ഹയരാർക്കിയുടെ സാര
സത്ത'', അതായത്, ദിവ്യഗ്രന്ഥങ്ങളിലുള്ള യഥാർത്ഥ
ജ്ഞാനം[2] ആരുടെയെങ്കിലും ജീവിതത്തെയോ പ്രബോധനത്തെ
യോപററി സംശയമോ ആരോപണമോ ഉണ്ടെങ്കിൽ അയാൾക്കു
പട്ടം കൊടുക്കരുത്. കാരണം, പ്രവാചകനിലൂടെ ദൈവം
അരുൾച്ചെയ്യുന്നു: ''നീ വിജ്ഞാനം തിരസ്ക്കരിച്ചതിനാൽ പൗ
രോഹിത്യ ദൗത്യത്തിൽ നീ എനിക്കു ശുശ്രൂഷ ചെയ്യാതിരിക്കാ
നായി ഞാൻ നിന്നെ തിരസ്ക്കരിക്കും'' (ഹോശിയാ. 4:6).

3. ലൗകികഭരണാധികാരികൾ മെത്രാനെ തിരഞ്ഞെടുക്കാൻ
പാടില്ല:

''ലൗകികാധികാരികളുടെ സ്വാധീനത്താൽ ഏതെങ്കിലും
പള്ളിയുടെ ചുമതല ലഭിക്കുന്ന മെത്രാനെ സസ്പെൻഡ്
ചെയ്യണം; അവനുമായി കൂട്ടായ്മ പുലർത്തുന്നവരെയെല്ലാം
മുടക്കണം'' എന്ന കാനൻ അനുസരിച്ച് (അപ്പ. കാനോ. 30) ലൗകി
കാധികാരികൾ മെത്രാനെയോ, വൈദികനെയോ, ഡീക്കനെയോ
തിരഞ്ഞെടുത്താൽ അത് അസാധുവായിരിക്കും. നിഖ്യായിലെ
വിശുദ്ധ പിതാക്കന്മാർ കാനോനിൽ തീർപ്പുകല്പിച്ചതു
പോലെ (കാനൻ 4) മെത്രാനാകാനുള്ളവരെ തിരഞ്ഞെടുക്കേ

---

2. *Eccl. Hier*. 1. 4.

www.malankaralibrary.com



ണ്ടത് മെത്രാന്മാരായിരിക്കണം എന്നത് അത്യാവശ്യമാണ്. കാനൻ പറയുന്നു: ''ഒരു പ്രോവിൻസിലെ എല്ലാ മെത്രാന്മാരുംകൂടി ഒരു മെത്രാനെ വാഴിക്കുക എന്നത് സർവാത്മനാ ആദരണീയമാണ്. അത്യാവശ്യത്താലോ, ദൂരം കൊണ്ടോ ഇതു പ്രയാസമാണെങ്കിൽ, കുറഞ്ഞതു മൂന്നുപേരെങ്കിലും ഒന്നിച്ചുകൂടുകയും വരാത്തവരുടെ സമ്മതം എഴുതിവാങ്ങുകയും ചെയ്തിട്ട് പട്ടം കൊടുക്കണം. എന്നാൽ ഓരോ പ്രോവിൻസിലും നടന്ന സംഗതികൾ സ്ഥിരീകരിക്കാനുള്ള അവകാശം മെത്രാപ്പോലീത്തായ്ക്കാണ്.

4. മെത്രാന്മാർ സമ്മാനങ്ങൾ വാങ്ങരുത് എന്നതിനെപ്പററി:

സത്യപ്രഘോഷകനും ദിവ്യശ്ളീഹായുമായ പൗലോസ്, എഫേസോസിലെ പ്രെസ്ബിററർമാർക്ക്, അഥവാ വൈദികസ്ഥാനികൾക്കു മുഴുവൻ, ഒരുതരം നിയമം നല്കിക്കൊണ്ട് ഇപ്രകാരം ഉറപ്പായി പ്രഖ്യാപിച്ചു: ''ഞാൻ ആരുടെയും വെള്ളിയോ സ്വർണ്ണമോ, വസ്ത്രങ്ങളോ മോഹിച്ചിട്ടില്ല. കൊടുക്കുന്നതു ഭാഗ്യമാണെന്ന് ബോധ്യം വന്നതുകൊണ്ട് ഈ രീതിയിൽ അധ്വാനിച്ചുകൊണ്ടാണ് ബലഹീനരെ സഹായിക്കേണ്ടതെന്ന് ഞാൻ നിങ്ങൾക്ക് പൂർണ്ണമായി വ്യക്തമാക്കിയിട്ടുള്ളതാണ്'' (നട. 20:33).

അതുകൊണ്ട്, ഞങ്ങളും അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിച്ചവരാകയാൽ ഇപ്രകാരം നിശ്ചയിക്കുന്നു: 'തന്റെ പാപങ്ങൾക്ക് ഒരു ന്യായീകരണം കണ്ടുപിടിച്ചുകൊണ്ട്' (സങ്കീ. 140:4) മെത്രാൻ ഒരിക്കലും നീചലാഭങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ഉണ്ടാക്കരുത്; അഥവാ, മെത്രാന്മാരിൽനിന്നോ, വൈദികരിൽനിന്നോ, തന്റെ കീഴിലുള്ള സന്യാസികളിൽനിന്നോ, സ്വർണ്ണമോ, വെള്ളിയോ, അതുപോലെയുള്ള മറേറതെങ്കിലുമോ ആവശ്യപ്പെടരുത്. കാരണം, ശ്ലീഹാ പറയുന്നു: ''നീതിരഹിതൻ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല'' (1 കൊറി. 6:9); ''മക്കൾ മാതാപിതാക്കൾക്കുവേണ്ടിയല്ല, പിന്നെയോ മാതാപിതാക്കൾ മക്കൾക്കുവേണ്ടിയാണ് സമ്പത്ത് കരുതേണ്ടത്'' (2 കൊറി. 12:14).



അതുകൊണ്ട് ആരെങ്കിലും അധികാരത്തിൻകീഴുള്ള വൈദികരിലൊരാളെ സ്വർണ്ണത്തിനോ തത്തുല്യമായ മററന്തിനോ വേണ്ടിയോ, അല്ലെങ്കിൽ തന്റെ സ്വന്തം വ്യക്തിപരമായ മതിമോഹത്താലോ ലിററർജിയിൽ നിന്ന് ഒഴിവാക്കുകയോ മുടക്കുകയോ, അല്ലെങ്കിൽ അവൻ യഥാർത്ഥത്തിൽ വിവരമില്ലാത്തവനാകയാൽ, അചേതനവസ്തുക്കൾക്കെതിരെ തന്റെ വിഭ്രാന്തി ചൊരിയുകയും ദൈവത്തിന്റെ ലിററർജിയുടെ അനുഷ്ഠാനം തടയുകയും ചെയ്തുകൊണ്ട് വിശുദ്ധ പള്ളികളിലൊന്ന് അടച്ചിടുകയോ ചെയ്യുന്നതായി കണ്ടെത്തിയാൽ, അവനേല്പിച്ച സഹനത്തിന് അവനെത്തന്നെ വിധേയനാക്കണം; 'അവൻ ചുമത്തിയ ശിക്ഷ അവന്റെ തലമേൽത്തന്നെ വന്നുചേരും' (സങ്കീ. 7:17); കാരണം, അവൻ ദൈവത്തിന്റെ നിയമവും ശ്ലീഹന്മാരുടെ ചട്ടങ്ങളും ലംഘിച്ചവനാണ്; കാരണം, ശ്ലീഹന്മാരുടെ വക്താവായ പത്രോസും ഉപദേശിക്കുന്നു: ''നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തിന്റെ ഇടയന്മാരായിരിക്കുവിൻ; അത് നിർബന്ധംമൂലമായിരിക്കരുത്, പിന്നെയോ ദൈവത്തിന് പ്രീതികരമായ രീതിയിൽ സന്മനസ്സോടെയായിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്, പിന്നെയോ, തീക്ഷ്ണതയോടെയായിരിക്കണം. തങ്ങളുടെ ചുമതലയ്ക്കു ഏല്പിക്കപ്പെട്ടവരുടെമേൽ ആധിപത്യം നടത്തുന്നവരെപ്പോലെയാകരുത്, പിന്നെയോ, അജഗണത്തിന് മാതൃകകളായിരുന്നുകൊണ്ടുവേണം. പ്രധാനയിടയൻ വെളിപ്പെടുമ്പോൾ മഹത്വത്തിന്റെ അനശ്വര കിരീടം നിങ്ങൾ വഹിക്കും'' (1 പത്രോ. 5:2—4).

5. സമ്മാനദാനങ്ങൾ കൊടുക്കാതെ സഭകളിൽ നിയമിതരായ വൈദികരെ നിന്ദിക്കുന്നവരെ ശിക്ഷയ്ക്കു വിധേയരാക്കണം.

പാപികൾ തിരുത്തപ്പെടാതെ കഴിയുക എന്നത് മരണത്തിലേക്കു നയിക്കുന്ന പാപമാണ്; എന്നാൽ ദൈവത്തോടുള്ള അനുസരണയേക്കാൾ മാമോനെ സ്വീകരിച്ചുകൊണ്ടും നൈയാമികമായി രൂപീകരിക്കപ്പെട്ട തന്റെ ശിക്ഷണങ്ങളെ ഗൗനിക്കാതെയും വിശുദ്ധിയെയും സത്യത്തെയും വിഗണിച്ചുകൊണ്ട് ആളുകൾ തങ്ങളുടെ പാപത്തെപ്പററി വീമ്പടിക്കുന്നത് കൂടുതൽ മാരകമാണ്; അവർ തങ്ങളുടെ തെററിൽനിന്ന് താഴ്മയായി തിരിയാത്തി

www.malankaralibrary.com



ടത്തോളം കാലം, അത്തരക്കാരുടെ ഇടയിൽ കർത്താവായ ദൈവം സന്നിഹിതനല്ല. അവർ സമ്മാനദാനങ്ങളുടെ അവിശുദ്ധ വിതരണത്തിൽ അഹങ്കരിക്കാതെ, അനുതാപമുള്ള ഹൃദയത്തോടുകൂടി ദൈവത്തെ സമീപിക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പും ക്ഷമയും അപേക്ഷിക്കുകയും ചെയ്യുന്നതാണ് അവരുടെ കർത്തവ്യം: കാരണം, ദൈവം അനുതാപഹൃദയർക്കു സമീപസ്ഥനാണ്'' (സങ്കീ. 33:19).

അതുകൊണ്ട്, സ്വർണ്ണം സമ്മാനദാനമായി വിതരണം ചെയ്തതുകൊണ്ടാണ് തങ്ങൾ നിയമിതരായതെന്ന് വീമ്പടിക്കുകയും ദൈവത്തിൽനിന്നും എല്ലാ പൗരോഹിത്യ പദവികളിൽനിന്നും മനുഷ്യനെയകററുന്ന ഈ ദുർനടപടിയിൽ തങ്ങളുടെ പ്രത്യാശയർപ്പിക്കുകയും പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുക്കപ്പെടുകയും സ്വർണ്ണം സമ്മാനദാനമായി വിതരണം ചെയ്യാതെ, തങ്ങളുടെ സുകൃതജീവിതം നിമിത്തം നിയമിതരാകുകയും ചെയ്തവരെ പരസ്യമായും തികച്ചും ലജ്ജാരഹിതമായും നിന്ദിക്കാൻ ഇതൊരു കാരണമായി എടുക്കുകയും ചെയ്യുന്നവർ, ഇതാദ്യം ചെയ്യുമ്പോൾ, ഓരോരുത്തനും തൻെറ ക്രമത്തിൽ അവസാനത്തെ റാങ്ക് സ്വീകരിക്കട്ടെ; അവർ മടിച്ചുനിന്നാൽ അവരെ ശിക്ഷിച്ച് തിരുത്തണം.

പട്ടത്തോടു ബന്ധപ്പെടുത്തി എപ്പോഴെങ്കിലും ആരെങ്കിലും ഇങ്ങനെ ചെയ്തതായി കണ്ടാൽ അപ്പസ്തോലിക കാനൻ അനുസരിച്ച് കാര്യങ്ങൾ നീങ്ങട്ടെ. കാനൻ പറയുന്നു; ''പണംകൊണ്ട് മെത്രാൻസ്ഥാനമോ, വൈദികസ്ഥാനമോ ഡീക്കൻ സ്ഥാനമോ ആരെങ്കിലും നേടിയെടുത്താൽ അവനെയും പട്ടം കൊടുത്തവനെയും സസ്പെൻഡ് ചെയ്യണം. പത്രോസായ ഞാൻ ക്ഷുദ്രക്കാരൻ ശെമയോനോടു ചെയ്തതുപോലെ എല്ലാ കൂട്ടായ്മയിൽനിന്നും അത്തരക്കാരെ നീക്കണം'' (29). അതുപോലെ കൽക്കദോനിയായിലെ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ രണ്ടാം കാനൻ അനുസരിച്ചും പ്രവർത്തിക്കണം; കാനൻ അനുസരിച്ചും പ്രവർത്തിക്കണം; കാനൻ പറയുന്നു: പണത്തിനുവേണ്ടി ഏതെങ്കിലും മെത്രാൻ പട്ടം കൊടുക്കുകയും കച്ചവടം നടത്തരുതാത്ത കൃപാവരം കച്ചവടച്ചരക്കാക്കുകയും; പണത്തിനുവേണ്ടി മെത്രാനെയോ, കോറെപ്പിസ്ക്കോപ്പായെയോ, പ്രെസ്ബിററെയോ, ഡീക്കനെയോ, വൈദികഗണത്തിൽ ഉൾപ്പെടുന്ന മററാരെയെങ്കിലുമോ, അഥവാ, പണത്തിനുവേണ്ടി മാനേജരെയോ, നിയമവിദഗ്ദ്ധനെയോ, വാർഡനെയോ, അഥവാ, വ്യക്തിപരമായ ഭൗതികനേട്ടത്തിനായി ഏതെങ്കിലും സഭാസ്ഥാനിയെയോ വാഴിക്കുകയും ചെയ്താൽ; ഇതിനായി ശ്രമിച്ച്, അവനെ നയിച്ചവൻ എന്നു തെളിയിക്കപ്പെട്ടവന് അയാളുടെ സ്ഥാനം നഷ്ടപ്പെടുന്നതാണ്; പട്ടം കിട്ടിയവന് താൻ വാങ്ങിയ പട്ടത്തിൽനിന്നും നിയമനത്തിൽനിന്നും ഒന്നും ലഭിക്കാതിരിക്കട്ടെ; പിന്നെയോ, ധനംകൊണ്ട് അവനു കിട്ടിയ ചുമതലയിൽനിന്നും മാന്യസ്ഥാനത്തുനിന്നും അവൻ നീക്കപ്പെടട്ടെ. നിയമവിരുദ്ധമായതും നാണംകെട്ടതുമായ ഈ കാര്യങ്ങളിൽ മധ്യവർത്തിയായി ആരെങ്കിലും വർത്തിച്ചു എന്നുകണ്ടാൽ, അയാൾ ഒരു വൈദികസ്ഥാനിയാണെങ്കിൽ തൻെറ സ്ഥാനത്തുനിന്നു നീക്കപ്പെടട്ടെ; ഒരു സന്യാസിയോ അൽമായനോ ആണെങ്കിൽ മുടക്കപ്പെടട്ടെ.



6. ഓരോ വർഷവും പ്രാദേശിക സിനഡ് കൂടുന്നതിനെപ്പററി:

''മെത്രാന്മാരുടെ യോഗത്തിലൂടെ ആണ്ടിൽ രണ്ടുവട്ടം ഓരോ പ്രോവിൻസിലും കാനോനികമായ അന്വേഷണങ്ങൾ നടക്കണം'' എന്നുപറയുന്ന കാനൻ ഉണ്ടെങ്കിലും (നിഖ്യാ, 5; കൽക്കദോനിയ, 19; അപ്പ. കാ. 37) ബുദ്ധിമുട്ട് നിമിത്തവും യോഗത്തിൽ സംബന്ധിക്കുന്നവർക്ക് അത്തരം യാത്രകൾക്കുള്ള പണത്തിൻെറ കുറവുനിമിത്തവും, ആറാം സിനഡിലെ പിതാക്കന്മാർ ഇപ്രകാരം നിശ്ചയിച്ചു: എങ്ങനെയായാലും, ഒഴികഴിവു പറയാതെ അത് ആണ്ടിൽ ഒരിക്കൽ നടത്തണം; തെററായിട്ടുള്ളതെല്ലാം നേരെയാക്കണം'' (ക്വിനിസെക്സ്റ്റ് (692), കാ. 8). ഞങ്ങളും ഈ കാനൻ ഉറപ്പിക്കുന്നു: ഏതെങ്കിലും ഭരണാധികാരി ഈ ആചരണത്തിന് തടസ്സംനിന്നാൽ, അയാളെ മുടക്കണം; മെത്രാപ്പോലീത്തൻ ബിഷപ്പുമാരിലാരെങ്കിലും ഇതവഗണിച്ചാൽ, ആവശ്യമോ നിർബന്ധമോ, മറെറന്തെങ്കിലും ന്യായമായ കാരണമോ അല്ലെങ്കിൽ, അയാളെ കാനോനികശിക്ഷകൾക്കു വിധേയനാക്കണം.

www.malankaralibrary.com



കാനോനികവും സുവിശേഷപരവുമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ അത്തരം യോഗങ്ങൾ കൂടുമ്പോൾ ഒന്നിച്ചുകൂടുന്ന മെത്രാന്മാർ ദൈവത്തിന്റെ ദിവ്യവും ജീവദായകവുമായ നിയമങ്ങൾക്ക് പ്രത്യേകപ്രാധാന്യവും ശ്രദ്ധയും കൊടുക്കണം: ''അവയുടെ ആചരണത്തിനു വലിയ പ്രതിഫലമുണ്ട്'' (സങ്കീ. 18:12); കാരണം, ''നിയമം ഒരു കൈവിളക്കാണ്; ക്രമീകരണം ഒരു പ്രകാശവും; കുറ്റപ്പെടുത്തലും ശിക്ഷണവും ജീവന്റെ വഴിയാണ്'' (സുഭാ. 6:23); യഥാർത്ഥത്തിൽ, ''കർത്താവിന്റെ നിയമം നയനങ്ങൾക്കു പ്രകാശം നല്കുന്നു'' (സങ്കീ. 18:9). ഏതെങ്കിലും മെത്രാൻ കൊണ്ടുവന്ന മൃഗമോ മറ്റുസാധനമോ ഒന്നും ചോദിക്കാൻ മെത്രാപ്പോലീത്തൻ ബിഷപ്പിന് അവകാശമില്ല; അപ്രകാരം ചെയ്യുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ, അയാൾ നാലിരട്ടി മടക്കിക്കൊടുക്കട്ടെ.

7. വിശുദ്ധ തിരുശേഷിപ്പു സ്ഥാപിക്കാതെ പള്ളികൂദാശ ചെയ്താൽ, ആ കുറവ് പരിഹരിക്കേണ്ടത് ആവശ്യമാണ്:

ദിവ്യനായ പൗലോസ്ശ്ലീഹാ ഇപ്രകാരം പറഞ്ഞു: ''ചിലരുടെ പാപങ്ങൾ പ്രകടമാണ്, മററു ചിലരുടേത് കുറേക്കഴിഞ്ഞേ വെളിപ്പെടുകയുള്ളു'' (തിമോ. 5.24). ചില പാപങ്ങൾ ഒന്നാം നിരയിൽ വരുന്നു, എന്നാൽ മറ്റ് ചിലത് അവയെ അനുഗമിക്കുന്നു. അങ്ങനെ, ക്രിസ്ത്യാനികളെ ദുഷിക്കുന്നവരുടെ ദുഷിച്ച പാഷണ്ഡതയുടെ പരമ്പരയിൽ മറ്റനേകം അഭക്തികൾ പ്രത്യക്ഷപ്പെട്ടു. ആ പാഷണ്ഡികൾ പള്ളിയിൽനിന്ന് പൂജനീയമായ ഛായാചിത്രങ്ങളുടെ (icons) ദർശനം നിരസിച്ചതുപോലെ അവർ മറ്റ് ആചാരങ്ങളും ഉപേക്ഷിച്ചുകളഞ്ഞു; അവയും പുനരുജ്ജീവിപ്പിക്കണം; ലിഖിതവും അലിഖിതവുമായ നിയമങ്ങളുടെ വെളിച്ചത്തിൽ അവയും നിലനില്ക്കണം. അതുകൊണ്ട്, വിശുദ്ധരക്തസാക്ഷികളുടെ തിരുശേഷിപ്പുകൂടാതെ കൂദാശ ചെയ്യപ്പെട്ട പൂജ്യദേവാലയങ്ങളിൽ പതിവുള്ള പ്രാർത്ഥനയോടുകൂടി തിരുശേഷിപ്പുകൾ സ്ഥാപിക്കണം. ഭാവിയിൽ ഏതെങ്കിലും മെത്രാൻ, തിരുശേഷിപ്പുകൂടാതെ പള്ളികൂദാശ ചെയ്യുന്നതു കണ്ടാൽ, സഭാപാരമ്പര്യങ്ങളെ നിന്ദിച്ചയാൾ എന്നനിലയിൽ അയാളെ സ്ഥാനഭ്രഷ്ടനാക്കണം.



8. ആത്മാർത്ഥമായി മാനസാന്തരപ്പെടാതെ യഹൂദരെ സ്വീകരിച്ചുകൂടാ:

യഹൂദമതത്തിൽനിന്നു വരുന്ന ചിലർ ക്രിസ്ത്യാനികളാകുന്നു എന്നു നടിക്കുകയും രഹസ്യമായി ക്രിസ്തുവിനെ നിഷേധിക്കുകയും, ഗോപ്യമായി തുടർന്നും ശാബതാചരിച്ചുകൊണ്ടും മറ്റ് യഹൂദാനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ടും ദൈവമായ ക്രിസ്തുവിനെ പരിഹസിക്കാമെന്നു തെറ്റായി ചിന്തിക്കുന്നതിനാൽ അവരെ കൂട്ടായ്മയിലേക്കോ പ്രാർത്ഥനയ്ക്കോ പള്ളിയിലേക്കോ സ്വീകരിച്ചുകൂടാ; മറിച്ച്, അവർ തങ്ങളുടെ മതം അനുസരിച്ച് പരസ്യമായി യഹൂദരായിരിക്കട്ടെ എന്നു ഞങ്ങൾ തീർപ്പുകല്പിക്കുന്നു. അവരുടെ കുട്ടികളെ സ്നാനപ്പെടുത്തരുത്; അടിമയെ വാങ്ങുകയോ സ്വന്തമാക്കുകയോ ചെയ്യരുത്. എന്നാൽ മററുള്ളവരെ ഖണ്ഡിക്കുകയും തിരുത്തുകയും ചെയ്യാമെന്ന പ്രതീക്ഷയിൽ തങ്ങളുടെ അനുഷ്ഠാനങ്ങളും കർമ്മങ്ങളും വെളിപ്പെടുത്തിക്കൊണ്ട് ആത്മാർത്ഥമായ വിശ്വാസത്തോടും മനസ്സോടുംകൂടി മാനസ്സാന്തരപ്പെടുകയും പൂർണ്ണഹൃദയത്തോടുകൂടെ വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്യുന്നവരെ സ്വാഗതം ചെയ്യണം; അവരെ അവരുടെ മക്കളോടുകൂടെ സ്നാനപ്പെടുത്തണം; അവർ യഹൂദാനുഷ്ഠാനങ്ങൾ ഉപേക്ഷിക്കുന്നതിന് ശ്രദ്ധിക്കണം; എന്നാൽ അവർ ഇത്തരക്കാർ അല്ലെങ്കിൽ അവരെ തീർച്ചയായും സ്വാഗതം ചെയ്യരുത്.

9. ക്രിസ്ത്യാനികളെ താറടിക്കുന്ന പാഷണ്ഡഗ്രന്ഥങ്ങളൊന്നും രഹസ്യമായി സൂക്ഷിച്ചുവയ്ക്കാൻ പാടില്ല:

മൂഢമായ വിലയില്ലാപ്പണ്ടങ്ങളും അർത്ഥശൂന്യമായ ശബ്ദകോലാഹലങ്ങളുമായി, പൂജനീയമായ ഛായാപടങ്ങൾക്കെതിരെ (icons) വിരചിതമായ ദുഷിച്ചകൃതികൾ മറ്റ് പാഷണ്ഡഗ്രന്ഥങ്ങളോടൊപ്പം നശിപ്പിച്ചുകളയാനായി കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാസനമന്ദിരത്തിൽ ഏല്പിക്കണം. അത്തരം ഗ്രന്ഥങ്ങൾ ആരെങ്കിലും ഒളിച്ചുവച്ചിരിക്കുന്നതായി കണ്ടെത്തിയാൽ, അയാൾ മെത്രാനോ, വൈദികനോ, ഡീക്കനോ ആണെങ്കിൽ അയാളെ സ്ഥാനഭ്രഷ്ടനാക്കണം; അൽമായനോ സന്യാസിയോ ആണെങ്കിൽ മുടക്കണം.

www.malankaralibrary.com



10. മെത്രാന്റെ അംഗീകാരംകൂടാതെ വൈദികസ്ഥാനി തന്റെ സ്വന്തം രൂപത ഉപേക്ഷിച്ച് മറ്റൊന്നിലേക്കു നീങ്ങരുത്:[3]

ചില വൈദികസ്ഥാനികൾ, കാനോനിക ശാസനം ഉണ്ടായിട്ടും, തങ്ങളുടെ സ്വന്തം രൂപതകൾ ഉപേക്ഷിച്ച് മററ് രൂപതകളിലേക്കു പോകുകയും—ദൈവസംരക്ഷിതമായ ഈ രാജകീയ നഗരത്തിൽ കൂടെക്കൂടെ സംഭവിക്കുന്ന കാര്യമാണിത്—അവിടെ ഉദ്യോഗസ്ഥന്മാരുടെ ഭവനങ്ങളിൽ താമസിച്ച് അവരുടെ ചാപ്പലുകളിൽ കുർബാന അർപ്പിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ സ്വന്തം മെത്രാന്റെയും കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാന്റെയും അംഗീകാരംകൂടാതെ അത്തരക്കാരെ ഭവനങ്ങളിലോ പള്ളികളിലോ സ്വീകരിച്ചുകൂടാ. അങ്ങനെചെയ്യുകയും അതിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്നവരെ ഭ്രഷ്ടരാക്കണം.

മേല്പറഞ്ഞ മെത്രാന്മാരുടെ അംഗീകാരത്തോടുകൂടി ഇപ്രകാരം പ്രവർത്തിക്കുന്നവരാകട്ടെ, ലൗകികവും അൽമായർക്കടുത്തതുമായ ചുമതലകളൊന്നും ഏറെറടുക്കാൻ പാടില്ല; കാരണം, അപ്രകാരം ചെയ്യാൻ വിശുദ്ധ കാനോനാകൾ അവരെ വിലക്കുന്നു; ഉന്നത കാര്യവിചാരക്കാർ എന്നു പറയപ്പെടുന്ന ചുമതലയേറെറടുത്ത് ആരെങ്കിലും വഴിതെററിയാൽ, അതിൽ നിന്നു പിന്മാറണം; അല്ലെങ്കിൽ അവരെ ഭ്രഷ്ടരാക്കണം. അതിനുപകരം, അവർ ദിവ്യഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് കുട്ടികളെയും അടിമകളെയും പഠിപ്പിക്കുന്നതിൽ മുഴുകട്ടെ; കാരണം, അവർ പൗരോഹിത്യം സ്വീകരിച്ചത് ഇത്തരം പ്രവർത്തനങ്ങൾക്കാണ്.

11. ആശ്രമങ്ങളിലും മെത്രാസനാരമനകളിലും ഇക്കോണമുസ് (പ്രൊക്കുറേറ്റർ) ഉണ്ടായിരിക്കണം:

എല്ലാ വിശുദ്ധ കാനോനാകളും അനുസരിക്കാൻ നമുക്കു കടമയുള്ളതിനാൽ, ഓരോ സഭയ്ക്കും 'ഇക്കോണമുസ്' ഉണ്ടായിരിക്കണം എന്ന കാനനും പൂർണ്ണമായി നാം പാലിക്കണം. അതുകൊണ്ട് ഓരോ മെത്രാപ്പോലീത്തൻ ബിഷപ്പും തന്റെ സഭയ്ക്കായി ഓരോ ഇക്കോണമുസിനെ നിയമിക്കുകയാണെങ്കിൽ അതു വളരെ നല്ലകാര്യം; ഇല്ലെങ്കിൽ, കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാന് തന്റെ സ്വന്ത അധികാരത്താൽ മററുള്ളവരുടെ സഭയ്ക്കുവേണ്ടി ഒരാളെ നിയമിക്കാൻ അവകാശമുണ്ട്; അതുപോലെ, മെത്രാപ്പോലീത്തൻ ബിഷപ്പുമാരുടെ കീഴിലുള്ള മെത്രാന്മാർ തങ്ങളുടെ സഭകൾക്കുവേണ്ടി ഇക്കോണമുസിനെ തിരഞ്ഞെടുക്കാതിരുന്നാൽ, മെത്രാപ്പോലീത്തായ്ക്കു നിയമിക്കാം. ഈ നിയമം ആശ്രമങ്ങൾക്കും ബാധകമാണ്.

12. മെത്രാനോ ആശ്രമാധ്യക്ഷനോ സഭയുടെ, നഗരത്തിനുപുറത്തുള്ള വസ്തുവകകൾ അന്യാധീനപ്പെടുത്തരുത്:

മെത്രാനോ ആശ്രമാധ്യക്ഷനോ, രൂപതയുടെയോ ആശ്രമത്തിന്റെയോ കൃഷിസ്ഥലങ്ങൾ ലൗകികാധികാരികളുടെ നിയന്ത്രണത്തിലാക്കിക്കൊടുത്തതായി കണ്ടുപിടിക്കപ്പെട്ടാൽ, അഥവാ, മറെറാരാൾക്കു കൊടുത്താൽ, വിശുദ്ധ അപ്പസ്തോലന്മാരുടെ കാനോനാ അനുസരിച്ച് ആ ഇടപാട് ഒന്നുമല്ലാതായിത്തീരും. കാനൻ പറയുന്നു: ''സഭാപരമായ കാര്യങ്ങളിലെല്ലാം മെത്രാൻ ശ്രദ്ധിക്കട്ടെ; ദൈവത്തിന്റെ മേൽനോട്ടത്തിൻകീഴിൽ എന്നവണ്ണം അവൻ അവയെ ഭരിക്കട്ടെ; ഈ വസ്തുക്കളിലൊന്നും സ്വന്തമാക്കാനോ, ദൈവത്തിന്റെ വസ്തുക്കൾകൊണ്ട് തന്റെ സ്വന്തക്കാർക്ക് സമ്മാനം നല്കാനോ അവന് അനുവാദമില്ല. അവർ ദരിദ്രരാണെങ്കിൽ, മററ് ദരിദ്രരെപ്പോലെ അവരേയും പരിഗണിക്കണം; എന്നാൽ സഭയുടെ വസ്തുവകകൾ വിററുകളയാനുള്ള ന്യായമായി അവൻ അവരെ കരുവാക്കരുത്'' (അ. കാ. 38). ആ സ്ഥലം ഒരു നഷ്ടമാണ്, അതുകൊണ്ട് ഒരു പ്രയോജനവുമില്ല എന്ന് അവൻ കരുതിയാലും അത് ആ സാഹചര്യത്തിൽപോലും സ്ഥലത്തെ ഭരണാധികാരികൾക്കു നല്കരുത്; വൈദികസ്ഥാനികൾക്കോ കൃഷിക്കാർക്കോ സമ്മാനമായി നല്കുക. അവർ ഉപായം പ്രയോഗിക്കുകയും നാട്ടുപ്രമാണി, വൈദികസ്ഥാനിയിൽനിന്നോ കൃഷിക്കാരിൽനിന്നോ അതു കൈക്കലാക്കുകയും ചെയ്താൽ, പ്രസ്തുത ഇടപാട്

3. നിഖ്യാ, 15—16; കൽക്കദോനിയ, 5.10.23; ക്വിനിസെക്സ്ററ് (692), 17—18; അപ്പസ്തോലിക കാനൻ, 6.15.81.83; അന്ത്യോക്യാസിനഡ് (341), 3; സാർദിക്കാസിനഡ് (342/3) 15.16.17.

www.malankaralibrary.com



അത്തരം സാഹചര്യത്തിൽ, നിലനില്ക്കുന്നില്ല; സ്ഥലം രൂപതയ്ക്കോ ആശ്രമത്തിനോ തിരികെ നല്കണം. മെത്രാനോ ആശ്രമാധ്യക്ഷനോ ഇപ്രകാരം പ്രവർത്തിച്ചാൽ മെത്രാനെ അരമനയിൽനിന്നും ആശ്രമാധ്യക്ഷനെ ആശ്രമത്തിൽനിന്നും പുറന്തള്ളണം. കാരണം, തങ്ങൾ സ്വരൂപിക്കാത്തത് അവർ ദുർവിനിയോഗം ചെയ്തു.

13. ആശ്രമങ്ങളെ സത്രങ്ങൾ ആക്കുന്നവർ വലിയ ശിക്ഷാവിധിക്കർഹരാണ്:

ഞങ്ങളുടെ പാപങ്ങൾ നിമിത്തം സഭകളിൽ ഉണ്ടായ നാശത്തിൻെറ ഫലമായി, മെത്രാസനമന്ദിരങ്ങളും സന്യാസാശ്രമങ്ങളും ഉൾപ്പെടെ ചില പൂജനീയഭവനങ്ങൾ ചിലയാളുകൾ പിടിച്ചെടുത്ത് പൊതുജനങ്ങൾക്കുള്ള സത്രങ്ങളാക്കി. ഇപ്പോൾ അതു കൈവശം വച്ചിരിക്കുന്നവർ, നേരത്തെ ഇരുന്നപോലെ അവയെ പുനഃസ്ഥാപിക്കാനായി, തിരികെ നല്കുന്നതു വളരെ നല്ലതുതന്നെ. അങ്ങനെയല്ലെങ്കിൽ അവർ വൈദിക സമൂഹത്തിൽ പേരെഴുതപ്പെട്ടവരാണെങ്കിൽ അവരെ സസ്പെൻഡ് ചെയ്യണം; അവർ സന്യാസികളോ അൽമായരോ ആണെങ്കിൽ മുടക്കണം. അവർ പിതാവിനാലും പുത്രനാലും പരിശുദ്ധാത്മാവിനാലും വിധിക്കപ്പെട്ട കുററവാളികളാണ്. പുഴു ചാകാത്തതും തീ കെടാത്തതുമായ സ്ഥലം (മർക്കോ. 9:47) അവർക്ക് നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. കാരണം, 'നിങ്ങൾ എൻെറ പിതാവിൻെറ ഭവനം കച്ചവടസ്ഥലമാക്കരുത്' എന്ന കർത്തൃവചനത്തെ അവർ ധിക്കരിച്ചു (യോഹ. 2. 16).

14. കൈവയ്പില്ലാത്തവരാരും പള്ളിയിലെ ശുശ്രൂഷയുടെ സമയത്ത് വായനപ്പടിയിൽനിന്നുകൊണ്ട് വായിക്കരുത്:[4]

പൗരോഹിത്യത്തിൽ ഒരു ക്രമം നിലനില്ക്കുന്നു എന്നും, കരുതലോടുകൂടി പൗരോഹിത്യശുശ്രൂഷയ്ക്കായുള്ള നിയമനം നടത്തണമെന്നുള്ളതു ദൈവഹിതമാണെന്നും എല്ലാവർക്കും പരിപൂർണ്ണമായി വ്യക്തമാണല്ലോ. എന്നാൽ ചിലർ കൈവയ്പു

4. ambo: കാർത്തേജ് സിനഡ് (419), 16; ക്വിനിസെക്സ്ററ്, 33.



കൂടാതെ വളരെ ചെറുപ്പമായിരിക്കെത്തന്നെ ആദ്യത്തെ വൈദികപട്ടത്തിൻെറ സ്ഥാനം എടുക്കുന്നു എന്നും മെത്രാനിൽനിന്നു കൈവയ്പു കിട്ടാതെ അകാനോനികമായി പ്രവർത്തിച്ചുകൊണ്ട് സഭാശുശ്രൂഷകളുടെ അവസരം വായനപ്പടിയിൽനിന്ന് പരസ്യമായി വായന നടത്തുന്നു എന്നും ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതവസാനിപ്പിക്കണമെന്നും, സന്യാസികളുടെ ഇടയിലും ഈ ക്രമീകരണം പാലിക്കണമെന്നും ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു.

ആശ്രമാധ്യക്ഷന്, ആശ്രമത്തിൽ ഭരിക്കുന്നതിനുള്ള കൈവയ്പുകിട്ടിയിട്ടുണ്ടെങ്കിൽ, അതുപോലെ അയാൾ ഒരു വൈദികനാണെങ്കിൽ, തൻെറ ആശ്രമത്തിലേക്ക്—ഒരു ആശ്രമത്തിലേക്കു മാത്രം—ഒരു വായനക്കാരനെ കൈവയ്പ് നല്കി നിയമിക്കാൻ, അനുവാദമുണ്ട്. കോറെപ്പിസ്കോപ്പാമാരും, അതുപോലെ, മെത്രാൻെറ അനുവാദത്തോടുകൂടെ വായനക്കാരെ നിയമിക്കണം എന്നത് ഒരു പുരാതനാചാരമാണ്.

15. ഒരു വൈദികനെ രണ്ടു പള്ളികളിൽ കർമ്മം നടത്താനായി നിയമിക്കരുത്:

ഇപ്പോൾ മുതൽ ഒരു വൈദികനെയും രണ്ടു പള്ളികളിൽ കർമ്മം നടത്താനായി നിയമിച്ചുകൂടാ. ആ നടപടി കച്ചവടത്തിൻെറയും മലിനമായ സാമ്പത്തികനേട്ടത്തിൻെറയും ചുവയുള്ളതാണ്. അത് തികച്ചും സഭാനടപടിക്കു വിരുദ്ധമാണ്. കർത്താവിൻെറതന്നെ അധരങ്ങളിൽനിന്നു നാം ഇപ്രകാരം പഠിച്ചിരിക്കുന്നു: ''ഒരുത്തനും രണ്ടു യജമാനന്മാരെ സേവിക്കാൻ സാധ്യമല്ല, കാരണം, അവൻ ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ, ഒരുവനോടു വിശ്വസ്തനായിരിക്കും, അപരനെ നിന്ദിക്കുകയും ചെയ്യും'' (മത്താ. 6:24). അതുകൊണ്ട് ശ്ലൈഹികപ്രബോധനമനുസരിച്ച് ''ഓരോരുത്തനും വിളിക്കപ്പെട്ട വിളിയിൽ നിലനില്ക്കുകയും'' ഒരു പള്ളിയിൽ ആയിരിക്കുകയും ചെയ്യട്ടെ. സഭാസംഗതികളിൽ, മലിനമായ നേട്ടത്തിനുവേണ്ടി ചെയ്യുന്നവയൊക്കെ ദൈവത്തിന് അന്യം ആയിട്ടുള്ളതാണ്. എന്നാൽ ഈ ഭൗമികജീവിതാവശ്യങ്ങൾ പരിഗണിച്ചാൽ, നേട്ടമുണ്ടാക്കുന്ന

www.malankaralibrary.com



പല വ്യാപാരങ്ങൾ ഉണ്ടല്ലോ; ഓരോരുത്തനും തൻെറ ശാരീരികാവശ്യത്തിന് തൻെറ ഇഷ്ടമനുസരിച്ച് ഇവയിലേതെങ്കിലും ചെയ്യട്ടെ. ''എൻെറയും എൻെറകൂടെ ഉള്ളവരുടെയും ആവശ്യങ്ങൾക്ക് എൻെറ കൈകൾ അധ്വാനിച്ചു'' എന്ന് ശ്ലീഹാ പറഞ്ഞിട്ടുണ്ടല്ലോ (നട. 20:34). ഈ ക്രമീകരണങ്ങൾ ഈ ദൈവസംരക്ഷിത നഗരത്തിനുവേണ്ടിയുള്ളതാണ്; ഗ്രാമങ്ങളിലുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ജനവാസം കുറവായതിനാൽ ഒരു സൗജന്യം അനുവദിക്കാം.

16. പുരോഹിതൻ വിലകൂടിയ വസ്ത്രങ്ങൾ ധരിക്കരുത്:

ശരീരത്തിനു നല്കുന്ന എല്ലാലാളനകളും അലങ്കാരങ്ങളും പൗരോഹിത്യജീവിതത്തിന് അന്യമാണ്. അതുകൊണ്ട് വർണ്ണപ്പകിട്ടാർന്നതും തിളങ്ങുന്നതുമായ വസ്ത്രങ്ങളാൽ തങ്ങളെത്തന്നെ പൊതിയുന്ന മെത്രാന്മാരെയും വൈദികരെയും തിരുത്തണം; അവർ കേട്ടില്ലെങ്കിൽ അവരെ ശിക്ഷിക്കണം. സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നവർക്കും ഇതു ബാധകമാണ്. എന്നാൽ കയ്പുള്ള വേര് മുളച്ചുവന്നിരിക്കുന്നതിനാൽ, ക്രിസ്ത്യാനികളെ താറടിക്കുന്നതിൽ സന്തോഷിക്കുന്ന പാഷണ്ഡതയുടെ പകർച്ചവ്യാധി കത്തോലിക്കാസഭയിൽ കാണപ്പെട്ടിരിക്കുന്നു. ഈ പാഷണ്ഡത സ്വീകരിക്കുന്നവർ ഛായാചിത്രങ്ങളെ നിന്ദിക്കുന്നതുകൂടാതെ എല്ലാത്തരത്തിലുമുള്ള മാന്യതയെയും തള്ളിക്കളയുന്നു; ''പാപിക്ക് ഭക്തി മ്ലേച്ഛതയാണ്'' എന്ന തിരുലിഖിതവചനം തങ്ങളുടെ കാര്യത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ട് ഭക്തവും വിശുദ്ധവുമായ ജീവിതം നയിക്കുന്നവരെ അവർ കളിയാക്കിനടക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആരെങ്കിലും സാധാരണവും മാന്യവുമായ വസ്ത്രം ധരിക്കുന്നവരെ കളിയാക്കുന്നതായി കണ്ടാൽ ശിക്ഷയോടുകൂടി അവരെ തിരുത്തണം. യഥാർത്ഥത്തിൽ ആരംഭംമുതൽ തന്നെ, പൗരോഹിത്യത്തിലേക്ക് പട്ടം സ്വീകരിച്ചവരെല്ലാം മാന്യമായും അടക്കമൊതുക്കമായും വസ്ത്രധാരണം ചെയ്താണ് പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നത്; ആവശ്യത്തിനല്ലാതെ, അലങ്കാരത്തിനായി ഇതോടുകൂട്ടിച്ചേർക്കുന്നവർ മഹാനായ ബേസിൽ പറഞ്ഞതുപോലെ ''വ്യർത്ഥാഭിമാനികൾ''



എന്ന കുററപ്പെടുത്തലിന് അർഹരാണ്. മുമ്പാരും വർണ്ണശബളമായ സിൽക്കുവസ്ത്രം ധരിച്ചിരുന്നില്ല; തങ്ങളുടെ വസ്ത്രങ്ങളുടെ വക്കുകളിൽ വിവിധ നിറങ്ങളിലുള്ള അലങ്കാരങ്ങൾ തുന്നിപ്പിടിപ്പിച്ചിരുന്നില്ല. ''മൃദുവായ വസ്ത്രങ്ങൾ ധരിക്കുന്നവർ രാജകൊട്ടാരങ്ങളിലാണല്ലോ'' എന്ന് വിളംബരം ചെയ്ത ദൈവവചനം സംസാരിച്ച നാവിനെ അവർ ശ്രവിച്ചു (മത്താ. 11:8).

17. മതിയായ വരുമാനമാർഗ്ഗങ്ങളില്ലാതെ പ്രാർത്ഥനാലയം സ്ഥാപിക്കരുത്:

ചില സന്യാസികൾ, അധികാരസ്ഥാനത്തിരിക്കാൻവേണ്ടിയും മററുള്ളവരെ അനുസരിക്കുന്നതിന് കൂട്ടാക്കാത്തതുകൊണ്ടും തങ്ങളുടെ സ്വന്തം ആശ്രമങ്ങൾ വിട്ടിറങ്ങി, മതിയായ വരുമാനമാർഗ്ഗങ്ങളില്ലാതെ പ്രാർത്ഥനാലയങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നു. അങ്ങനെ ചെയ്യുന്നവരെ സ്ഥലത്തെ മെത്രാൻ പിൻതിരിപ്പിക്കണം. എന്നാൽ മതിയായ വരുമാനമാർഗ്ഗങ്ങൾ ഉള്ളയാളാണെങ്കിൽ, അയാളുടെ പദ്ധതി പൂർത്തീകരിക്കട്ടെ. ഇത് അൽമായർക്കും വൈദികർക്കും ബാധകമാണ്.

18. മെത്രാസനമന്ദിരങ്ങളിലോ പുരുഷൻമാരുടെ ആശ്രമങ്ങളിലോ സ്ത്രീകൾ താമസിച്ചുകൂടാ:[5]

ദിവ്യശ്ലീഹാ പറയുന്നത്, 'പുറമേയുള്ളവർക്കുകൂടി നിങ്ങൾ കുററമററവരായിരിക്കുവിൻ' എന്നാണ് (1 കൊറി. 10:32; കൊളോ. 4:5; 1 തെസ്സ. 4:11). സ്ത്രീകൾ മെത്രാൻെറ വസതിയിലോ ആശ്രമങ്ങളിലോ താമസിക്കുന്നത് എല്ലാത്തരം ഇടർച്ചയ്ക്കും ഹേതുവാണ്. അതുകൊണ്ട് ജോലികൾക്കായി മെത്രാൻെറ വസതിയിലോ ആശ്രമങ്ങളിലോ, സ്വതന്ത്രയോ അടിമയോ ആയ സ്ത്രീയെ താമസിപ്പിക്കുന്നതായി കണ്ടാൽ, അയാളെ കുററപ്പെടുത്തി തിരുത്തണം; കൂട്ടാക്കാതെ ഉറച്ചുനിന്നാൽ സ്ഥാനഭ്രഷ്ടനാക്കണം. പട്ടണത്തിനു വെളിയിലുള്ള വസതിയിൽ സ്ത്രീകൾ താമസിക്കാനിടവരികയും, മെത്രാനോ

5. നിഖ്യാ, 3; അൻസീറാ (314) 19; ബേസിൽ 88/89.

www.malankaralibrary.com



ആശ്രമാധ്യക്ഷനോ അവിടേക്കു യാത്ര ചെയ്യാനാഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, മെത്രാനോ ആശ്രമാധ്യക്ഷനോ സന്നിഹിതരായിരിക്കുന്ന അവസരം അവിടെ യാതൊരു ജോലിയും ചെയ്യാൻ ഒരു സ്ത്രീയേയും അനുവദിക്കരുത്; സാധ്യമായ എല്ലാത്തരം വിമർശനങ്ങളും ഒഴിവാക്കാനായി, മെത്രാൻ പോകുന്നതുവരെ മറ്റൊരിടത്ത് തനിയെ താമസിക്കണം.

19. സമ്മാനദാനങ്ങൾകൂടാതെ വൈദികാർത്ഥികൾ, സന്യാസിനീസന്യാസാർത്ഥികൾ എന്നിവരെ സ്വീകരിക്കുന്നതിനെക്കുറിച്ച്: [6]

ഭക്തരെന്ന് വിളിക്കപ്പെടുന്ന സ്ത്രീപുരുഷന്മാർപോലും കർത്തൃകല്പനകൾ മറന്ന്, പൗരോഹിത്യത്തിലേക്കും സന്യാസജീവിതത്തിലേക്കും പ്രവേശിക്കാനായി വരുന്നവരിൽനിന്ന് പണം വാങ്ങാൻ അധികാരപ്പെടുത്തുന്നതിന് വഞ്ചിതരാകുംവിധം, സഭാധികാരികളുടെ ഇടയിൽ ദ്രവ്യാഗ്രഹം എന്ന ക്ഷയം പടർന്നുപിടിച്ചിരിക്കുന്നു. ''ആളുകൾ തെറ്റായി തുടങ്ങുമ്പോൾ, അവർ ചെയ്യുന്നതെല്ലാം തിരസ്കരിക്കണം'' എന്ന് മഹാനായ ബേസിൽ പറയുന്നതുപോലെ ഇപ്രകാരം സംഭവിക്കുന്നു; മാമോനിലൂടെ ദൈവത്തെ സേവിക്കാൻ സാധ്യമല്ല (മത്താ. 6:24). അതുകൊണ്ട് ആരെങ്കിലും ഇപ്രകാരം ചെയ്യുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ, അയാൾ മെത്രാനോ, സന്യാസാധ്യക്ഷനോ, വൈദികരിലൊരുവനോ ആണെങ്കിൽ, വിശുദ്ധ കൽക്കദോനിയാ കൗൺസിലിന്റെ രണ്ടാം കാനൻ അനുസരിച്ച് അയാൾ അതിൽനിന്ന് പിൻമാറട്ടെ; അല്ലെങ്കിൽ അയാളെ സ്ഥാനഭ്രഷ്ടനാക്കണം. ആ വ്യക്തി ഒരു സന്യാസസമൂഹാധ്യക്ഷയാണെങ്കിൽ, അവളെ മഠത്തിൽനിന്ന് പുറത്താക്കി, മറ്റൊരു മഠത്തിൽ അനുസരണയ്ക്കു വിധേയയാക്കി നിർത്തണം; വൈദികപട്ടം സ്വീകരിക്കാത്ത ആശ്രമാധ്യക്ഷനും അപ്രകാരം തന്നെ.

തങ്ങളുടെ മക്കൾക്കുള്ള ഇഷ്ടദാനം എന്നനിലയിൽ മാതാപിതാക്കൾ നല്കുന്ന പാരിതോഷികങ്ങളും അർത്ഥികൾ

6. കൽക്കദോനിയ 2; ക്വിനിസെക്സ്റ്റ്, 22—23; അപ്പസ്തോലിക കാനൻ, 29; ബേസിൽ, 90/91.



നല്കുന്ന, തങ്ങളുടെ വ്യക്തിപരമായ സമ്പാദ്യങ്ങളും, ''ഇവ ദൈവത്തിനർപ്പിച്ചവയാണ്'' എന്ന് ദാനം നല്കുന്നവർ പറഞ്ഞാൽ അർത്ഥി അവിടെ താമസിച്ചാലും വിട്ടുപിരിഞ്ഞുപോയാലും ചുമതലയുള്ളയാളിന്റെ ഭാഗത്തുനിന്ന് ഗർഹണീയമായ കാരണമില്ലെങ്കിൽ അവരുടെ താല്പര്യമനുസരിച്ച് അവ ആശ്രമത്തിനിരിക്കട്ടെ എന്നു ഞങ്ങൾ തീർപ്പുകല്പിക്കുന്നു.

20. മേലിൽ ഇരട്ടസന്യാസഭവനങ്ങൾ തുടങ്ങരുത്; ഇരട്ടസന്യാസഭവനങ്ങളെപ്പറ്റി: [7]

മേലിൽ ഇരട്ടസന്യാസഭവനങ്ങളൊന്നും തുടങ്ങരുത്; കാരണം, അത് സാധാരണജനങ്ങൾക്ക് അപവാദത്തിനു കാരണവും ഇടർച്ചക്കല്ലും ആയിത്തീർന്നിരിക്കുന്നു. തങ്ങളുടെ ബന്ധുമിത്രാദികളോടുകൂടി ലോകം ഉപേക്ഷിച്ച് സന്യാസജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ, പുരുഷന്മാർ ആശ്രമങ്ങളിലേക്കും അവരുടെ ഭാര്യമാർ മഠങ്ങളിലേക്കും പോകണം; കാരണം, ദൈവം ഇതിൽ തീർച്ചയായും സംപ്രീതനാണ്.

ഇപ്പോഴുള്ള ഇരട്ടസന്യാസഭവനങ്ങൾ, നമ്മുടെ വിശുദ്ധപിതാവായ ബേസിലിന്റെ നിയമമനുസരിച്ച് തുടരട്ടെ; അവയുടെ ഭരണഘടനകൾ അദ്ദേഹത്തിന്റെ അനുശാസനകൾ അനുസരിച്ചായിരിക്കണം. സന്യാസികളും സന്യാസിനികളും കൂടി ഒരേ സന്യാസഭവനത്തിൽ താമസിക്കരുത്; കാരണം, അങ്ങനെയുള്ള ഒന്നിച്ചുതാമസിക്കൽ വ്യഭിചാരത്തിന് വഴിതുറക്കാം. രഹസ്യമായി ഒരു സന്യാസിനിയോട് സംസാരിക്കാൻ ഒരു സന്യാസിക്കും അനുവാദം ഉണ്ടായിരിക്കരുത്; അതുപോലെ സന്യാസിയോട് സംസാരിക്കാൻ സന്യാസിനിക്കും. സന്യാസി മഠത്തിൽ ഉറങ്ങാൻ പാടില്ല; ഒരു സന്യാസിനിയുമായി തനിച്ചിരുന്ന് അവൻ ഭക്ഷിക്കാനും പാടില്ല. സന്യാസിനികൾക്കാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ ആശ്രമഭാഗത്തുനിന്ന് കൊണ്ടുവരുമ്പോൾ, ആശ്രമാദ്ധ്യക്ഷ പ്രായമുള്ള ഒരു സന്യാസിനിയോടുകൂടി വാതിലിന് പുറത്തുവച്ച് സ്വീകരിക്കണം. ഏതെങ്കിലും സന്യാസിക്ക് തന്റെ ബന്ധത്തിൽപ്പെട്ട ഒരു സന്യാസിനിയെ

7. ക്വിനിസെക്സ്റ്റ്, 46—47.

www.malankaralibrary.com



സന്ദർശിക്കണമെന്നുണ്ടെങ്കിൽ, സന്യാസാധ്യക്ഷയുടെ സാന്നിധ്യത്തിൽ ചുരുക്കമായിട്ടും വേഗത്തിലും സംസാരിച്ചിട്ട്, പെട്ടെന്ന് അവളെ വിട്ടുപോകുക.

21. സന്യാസികൾ തങ്ങളുടെ സ്വന്തം ആശ്രമങ്ങൾവിട്ട് മററു സ്ഥലങ്ങളിലേക്ക് മാറിപ്പോകരുത്:[8]

സന്യാസിനീസന്യാസികൾ തങ്ങളുടെ സന്യാസഭവനം വിട്ട് മറെറാന്നിലേക്ക് മാറിപ്പോകരുത്, അങ്ങനെ സംഭവിച്ചാൽ നിശ്ചയമായും ആതിഥ്യമര്യാദ കാണിക്കണം. എന്നാൽ അത്തരക്കാരെ, അവരുടെ ആശ്രമാധ്യക്ഷനുമായി ധാരണയുണ്ടാക്കിയശേഷമേ സമൂഹത്തിന്റെ അംഗമായി സ്വീകരിക്കാവൂ.

22. സ്ത്രീകളുടെകൂടെ ഭക്ഷിക്കേണ്ടിവരുമ്പോൾ പ്രാർത്ഥിച്ചിട്ട് വളരെ മിതമായും ഉചിതമായും ഭക്ഷിക്കണം:[9]

നാം നമ്മുടെ ആഗ്രഹങ്ങളുടെ അടിമകളാകാതെ, എല്ലാം ദൈവത്തിനു സമർപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്; ദിവ്യശ്ലീഹാപറയുന്നത്, 'നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ' എന്നാണ് (1 കൊറി. 10:31). പാപങ്ങളുടെ ആരംഭത്തെ നിർമ്മാർജ്ജനം ചെയ്യാൻ നമ്മുടെ ദൈവമായ ക്രിസ്തു തന്റെ സുവിശേഷങ്ങളിൽ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു. ''ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു'' എന്നു കർത്താവുപറയുമ്പോൾ (മത്താ. 5:28) വ്യഭിചാരത്തെ മാത്രമല്ല പിന്നെയോ വ്യഭിചാരം ചെയ്യാനുള്ള ഉദ്ദേശ്യത്തിനായുള്ള നീക്കത്തെയും അവിടുന്നു കുററപ്പെടുത്തുന്നു.

ഇപ്രകാരം പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ നാം നമ്മുടെ നിയോഗങ്ങളെ വിശുദ്ധീകരിക്കണം: ''കാരണം എല്ലാം നിയമാനുസൃതമാണെങ്കിലും, എല്ലാം എനിക്കു പററിയതല്ല''

---

8. കൽക്കദോനിയ, 4.
9. അപ്പസ്തോലിക കാനൻ, 42—43; ലവദീക്യ (325/81) 24; കാർത്തേജ്/ സെക്സ്ററ്, 5.46.48; ബേസിൽ, 88/89.



(1 കൊറി. 6:12;10:23) എന്ന് ശ്ലീഹായുടെ വാക്കുകളിൽനിന്നു നാം പഠിക്കുന്നുണ്ടല്ലോ. ജീവിക്കുവാൻ എല്ലാവരും തീർച്ചയായും ഭക്ഷിക്കണം; വിവാഹിതരും മക്കളുള്ളവരും അൽമായർക്കുചേർന്ന അവസ്ഥയുള്ളവരുമായ മനുഷ്യരെ സംബന്ധിച്ച് സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചു ഭക്ഷിക്കുന്നത് ഗർഹണീയമല്ല, കുറഞ്ഞപക്ഷം തങ്ങളുടെ ഭക്ഷണംതന്ന ദാതാവിന് അവർ നന്ദിപറയണം; തീയേററുകളിലെ കൂത്താട്ടങ്ങളും പൈശാചികകീർത്തനങ്ങളും, കിന്നരവായനകളും വേശ്യകൾക്കു ചേർന്ന ഡാൻസുകളും അവർ ഒഴിവാക്കണം; ഇത്തരത്തിലുള്ളവയെയെല്ലാം പ്രവാചകൻ ശപിക്കുന്നു. അവൻ പറയുന്നു: ''വീണയുടെയും കിന്നരത്തിന്റെയും നാദത്തോടുകൂടെ തങ്ങളുടെ വീഞ്ഞുകുടിക്കുകയും കർത്താവിന്റെ പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും തന്റെ കരവേലകളെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നവർക്കു ദുരിതം'' (ഏശ. 5:12). ക്രിസ്ത്യാനികളുടെ ഇടയിൽ അത്തരക്കാർ ഉണ്ടെങ്കിൽ അവർ സ്വയം നവീകരിക്കണം; അങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ പൂർവികർ നടപ്പാക്കിയ കാനോനിക ശിക്ഷകൾക്ക് അവരെ വിധേയരാക്കണം.

ഏകാന്തവും ധ്യാനാത്മകവുമായ ജീവിതരീതി അനുവർത്തിക്കുന്നവർ നിശ്ശബ്ദരായിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ 'തങ്ങൾ വഹിക്കുന്ന നുകം ഏകാന്തമായിരിക്കും' എന്ന് കർത്താവിനോട് അവർ ഒരുടമ്പടി ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ, വൈദികജീവിതം തിരഞ്ഞെടുത്തവർ നിശ്ചയമായും സ്ത്രീകളുടെകൂടെ രഹസ്യമായി ഭക്ഷിക്കാൻ പാടില്ല; വേണ്ടിവന്നാൽ ദൈവഭയമുള്ള ചില ഭക്തരായ സ്ത്രീപുരുഷന്മാരുടെകൂടെ മാത്രം. പൊതുവായി കഴിക്കുന്ന ആ ഭക്ഷണം അവരെ ആത്മീയ പോഷണത്തിലേക്കു കൊണ്ടുവരാനായിട്ടാണ്. ബന്ധുക്കളുടെ കാര്യത്തിലും അപ്രകാരമായിരിക്കട്ടെ.

മറെറാരു സാഹചര്യത്തിൽ, ഒരു സന്യാസിയോ, ഒരു വൈദികൻതന്നെയോ, യാത്രയ്ക്കിടയിൽ വേണ്ടത്ര ഭക്ഷണസാധനങ്ങളില്ലാതെ വന്നാൽ, പൊതുവായ സത്രത്തിലോ, മറെറാരാളുടെ ഭവനത്തിലോ കയറി ആവശ്യങ്ങൾ നിറവേററാനാഗ്രഹിച്ചാൽ, ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭമാകയാൽ അയാൾക്ക് അപ്രകാരം ചെയ്യാം.

www.malankaralibrary.com

# അനുബന്ധം

## I

## ട്രുള്ളൻ സിനഡ് (692)

അഞ്ചും ആറും സിനഡുകളുടെ നടപടികളുടെ പൂർത്തീകരണമായി പൗരസ്ത്യമെത്രാന്മാർ 691/2-ൽ നടത്തിയ സിനഡാണ് ട്രുള്ളൻ സിനഡ്. പെന്തെക്തേ (Pentechte = fifth-sixth) ക്വിനിസെക്സ്റ്റ്, എന്നൊക്കെ ഇതറിയപ്പെടുന്നു. 681-ലെ ആറാം സിനഡ് സമ്മേളിച്ച ഹോളിൽ തന്നെയാണ് ഇതും കൂടിയത്. ഹോളിന്റെ പ്രത്യേകതയിൽനിന്നാണ് ട്രുള്ളൻ[1] എന്ന പേര് ലഭിച്ചത്. ജസ്റ്റീനിയൻ II ചക്രവർത്തിയുടെ കാലത്താണ് (685-95) സിനഡ് സമ്മേളിച്ചത്. മൊത്തം 102 കാനോനാകൾ പാസ്സാക്കി.

ഓർത്തഡോക്സ് സഭ, 681-ലെ സിനഡിന്റെ രണ്ടാം ഭാഗമായി ഇതിനെ കണക്കാക്കുന്നു. റോമൻ സഭ ഇതിന് എക്യൂമെനിക്കൽ അംഗീകാരം നല്കിയിട്ടില്ല. പിൽക്കാലത്തുള്ള പല പാശ്ചാത്യ കാനോനിക സമാഹാരങ്ങളിലും ഇതു കാണാം. ചില കാനോനാകൾ പാശ്ചാത്യ നടപടിക്രമങ്ങളിലും അംഗീകൃതമായിട്ടുണ്ട്. എന്നാൽ മൊത്തത്തിൽ ഇത് പാശ്ചാത്യസഭയുടെ കാനോനിക സമാഹാരത്തിൽ പെടുന്നില്ല. റോമൻരീതികൾക്കെതിരായ ചില കാനോനാകളും ഈ സമാഹാരത്തിലുണ്ട്. ഈ കാനോനാകളിൽ ചിലത് അപ്രായോഗികമായിത്തീർന്നിട്ടുണ്ട്. ബിസൻറയിൻസഭ പോലും ഇത് പൂർണ്ണമായി നടപ്പാക്കിയിട്ടില്ല.

1992-ൽ അമേരിക്കയിലെ ബിസൻറയിൻസഭ ഈ സിനഡിന്റെ 1300-ാം വാർഷികം ആഘോഷിച്ച് ഒരു സിംപോസിയം

1. ട്രുള്ളുസ്—domed hall.



സംഘടിപ്പിച്ചു:[2] ഈ സിനഡിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തു. 681-ലെ സിനഡിന്റെ രണ്ടാം സെഷനാണ് ട്രുള്ളൻ എന്ന് നിർദ്ദേശിക്കപ്പെട്ടു. 691-ൽ ആണ് സിനഡ് നടന്നതെന്ന മറ്റൊരു നിർദ്ദേശവും വയ്ക്കപ്പെട്ടു. ഓരോ സഭയ്ക്കും അതാതിന്റെ കാനോനിക സമാഹാരം ഉണ്ടാകാം; എന്നാൽ മററു സഭകളുമായുള്ള ബന്ധം പരാമർശിക്കേണ്ടിവരുമ്പോൾ എക്യൂമെനിക്കൽ ആയിരിക്കണം. ഇന്നത്തെ ചിന്താഗതികളുടെ വെളിച്ചത്തിൽ പുരാതന കാനോനാകളെ ഫലപ്രദമായി ഉപയോഗിക്കാൻ നാം പഠിച്ചിരിക്കണം. പുരാതന കാനോനാകളുടെ സംരക്ഷകർ ആയിരിക്കാതെ ഇന്നത്തെ മനുഷ്യന് രക്ഷാകരസന്ദേശം സുവ്യക്തമാക്കിക്കൊടുക്കുവാൻ ഉതകുന്ന രീതിയിൽ പുരാതന കാനോനാകളെ മനസ്സിലാക്കുകയും സഭാബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുകയുമാണ് ചെയ്യേണ്ടത് എന്നും നിർദ്ദേശിക്കപ്പെട്ടു.

## II

## നാലാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ്[3] (869-870)

പാശ്ചാത്യ കാനോനിക സമാഹാരങ്ങളിലൊക്കെ മുമ്പ് ഇതിനെ എട്ടാം എക്യൂമെനിക്കൽ കൗൺസിലായി കരുതിയിരുന്നു. എന്നാൽ ബിസൻറയിൻസഭയുടെ കാനോനിക സമാഹാരങ്ങളിലെങ്ങും ഇതിനു സ്ഥാനമില്ല. പാശ്ചാത്യ ലോകത്തുപോലും 11-ാം നൂററാണ്ടിനുശേഷമാണ് ഇതിനെ എക്യൂമെനിക്കൽ കൗൺസിലുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇന്ന്

2. The Greek Orthodox Theological Review, 40/1-2 (1995).

3. N.P. Tanner, P. 157—186; ജി. ചേടിയത്ത്, *സഭാചരിത്രപഠനങ്ങൾ*, കോട്ടയം, 1988, പേ. 187—195. ചില മുൻകാല ഗ്രന്ഥങ്ങൾ ഈ സിനഡിനെപ്പററി വ്യത്യസ്തമായും വസ്തുനിഷ്ഠമല്ലാതെയുമാണ് ചർച്ചചെയ്തിരിക്കുന്നത്: ഉദാ: *വിജയത്തിന്റെ നാഴികക്കല്ലുകൾ* (SH League) ആലുവാ, 1962, പേ. 240—257.

www.malankaralibrary.com



പാശ്ചാത്യലോകത്തുള്ള മിക്കവരും ഈ സിനഡിനെ എക്യൂമെനിക്കലായി പരിഗണിക്കുന്നില്ല. ബിസൻറയിൻ പാത്രിയർക്കീസുമാരായ ഇഗ്നേഷ്യസും ഫോസിയുസും തമ്മിലുള്ള തർക്കമാണ് സിനഡിന്റെ പശ്ചാത്തലം. മെതോഡിയസ് പാത്രിയർക്കീസിന്റെ കാലത്തുതന്നെ (+847) കോൺസ്റ്റാന്റിനോപ്പിൾ സഭയിൽ ചേരിതിരിവുകൾ ഉണ്ടായിരുന്നു. മെതോഡിയസ് മരിച്ചപ്പോൾ എതിർഗ്രൂപ്പുകാർ തിയഡോറാ ചക്രവർത്തിനിയുടെ പിൻതുണയാൽ ഇഗ്നേഷ്യസിനെ (847) പാത്രിയർക്കീസാക്കി. ഇത് എതിരാളികൾക്കിഷ്ടപ്പെട്ടില്ല. കൊട്ടാരവിപ്ലവത്തിലൂടെ തിയഡോറാ പുറത്തായപ്പോൾ (856) ഇഗ്നേഷ്യസിനുപകരം എതിരാളികൾ ഫോസിയസിനെ (858) പാത്രിയർക്കീസാക്കി. അൽമായനായിരുന്ന അദ്ദേഹത്തിന് ഒരാഴ്ചയ്ക്കുള്ളിൽ എല്ലാ പട്ടങ്ങളും നല്കി. 859-ൽ ഇഗ്നേഷ്യസിന്റെ പക്ഷക്കാർ യോഗം കൂടി ഫോസിയസിനെ സ്ഥാനഭ്രഷ്ടനാക്കി. പ്രശ്നപരിഹാരത്തിന് ഒരു സിനഡ് കൂടണമെന്ന് മിഖായേൽ III ചക്രവർത്തി (856–67) റോമിലെ നിക്കൊളാസ് മാർപാപ്പായ്ക്ക് (858–67) എഴുതി. 861-ൽ സിനഡു കൂടി; പേപ്പൽ പ്രതിനിധികളും പങ്കെടുത്തു. ഇഗ്നേഷ്യസ് നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ടയാളല്ല; അക്കാരണത്താൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കണം എന്നു സിനഡ് പാസാക്കി. അധികാരം ഇല്ലാതിരുന്നിട്ടും പേപ്പൽ പ്രതിനിധികൾ ഇതംഗീകരിച്ചു. അക്കാരണത്താൽ പാപ്പാ തന്റെ പ്രതിനിധികളെ ശിക്ഷിച്ചു. 863-ൽ നടന്ന ലാതറൻ സിനഡ് ഇഗ്നേഷ്യസിനെ അംഗീകരിച്ചുകൊണ്ട് ഫോസിയസിനെ സ്ഥാനഭ്രഷ്ടനാക്കി. തുടർന്ന് കിഴക്കും പടിഞ്ഞാറും പല എഴുത്തുകുത്തുകൾ നടന്നിട്ടും ഈ പ്രശ്നം പരിഹരിക്കപ്പെടാതെ കിടന്നു. 867-ൽ ഫോസിയസ് ഒരു സിനഡുകൂടി; റോമൻസഭയെ താറടിച്ചുകൊണ്ട് ഒരു ചാക്രികലേഖനം എഴുതി പ്രസിദ്ധീകരിച്ചു. പാപ്പായെ മുടക്കുകയും ചെയ്തു. 867-ലെ രാഷ്ട്രീയ ഭരണമാറ്റത്തെ തുടർന്ന് ഇഗ്നേഷ്യസ് പാത്രിയർക്കീസായി. 869-ലെ റോമൻ സിനഡ് ഇത് അംഗീകരിച്ചു.

ഈ പശ്ചാത്തലത്തിൽ 869-ൽ ഇഗ്നേഷ്യസിന്റെ അധ്യക്ഷതയിൽ കോൺസ്റ്റാന്റിനോപ്പിളിൽ സിനഡുകൂടി.



അതാണ് നാലാം കോൺസ്റ്റാന്റിനോപ്പിൾ സിനഡ്. ഒക്ടോബർ 5-ന് ആരംഭിച്ചു; 870 ഫെബ്രുവരി 28-ന് സമാപിച്ചു. ഫോസിയസിനെതിരെ നടപടികളെടുക്കുക എന്നതായിരുന്നു പ്രധാനപരിപാടി. പേപ്പൽ പ്രതിനിധികളും ഇതിൽ പങ്കെടുത്തിരുന്നു. ഇഗ്നേഷ്യസ് 877-ൽ മരിച്ചു. തുടർന്ന് ഫോസിയസ് പാത്രിയർക്കീസായി സ്ഥാനമേറ്റു. പല കാരണങ്ങളാൽ ഫോസിയസിനെപ്പറ്റിയുള്ള തീരുമാനങ്ങൾ മാറ്റാൻ മാർപാപ്പാ ജോൺ എട്ടാമൻ തയാറായി. 879-ൽ ഫോസിയസിന്റെ നേതൃത്വത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ സിനഡു നടന്നു. 400 മെത്രാന്മാർ പങ്കെടുത്തു. 869/70-ലെ സിനഡിന്റെ നടപടികൾ ഈ സിനഡ് റദ്ദുചെയ്തു. പാപ്പാ മുന്നോട്ടുവച്ച ആവശ്യങ്ങൾ ഫോസിയസ് അംഗീകരിച്ചതിനാൽ ഈ സിനഡിന്റെ നടപടികൾ ജോൺ എട്ടാമൻ മാർപാപ്പാ അംഗീകരിച്ചു. റോമിനോടുള്ള നിലപാടിൽ അല്പം സാഹസപൂർവം പെരുമാറിയെങ്കിലും റോമുൾപ്പെടെയുള്ള സാർവത്രിക സഭയുമായുള്ള സംസർഗത്തിലാണ് 891-ൽ ഫോസിയസ് മരിച്ചത്.

ഫോസിയസിന്റെ നേതൃത്വത്തിൽ 879 നവംബറിൽ കൂടിയ സിനഡിലേക്ക് പീറ്റർ എന്ന റോമൻ കർദ്ദിനാളിനെ ജോൺ VIII മാർപാപ്പാ അയച്ചു. പീറ്റർ സിനഡിൽ ആധ്യക്ഷ്യം വഹിച്ചു. പാപ്പാ ചക്രവർത്തിക്കയച്ച കത്തിൽ ഇപ്രകാരം കാണുന്നു:

''അതിപരിശുദ്ധനായ ഹഡ്രിയാൻ പാപ്പായുടെ കാലത്ത് അതിപരിശുദ്ധ ഫോസിയുസിനെതിരായി റോമിൽ കൂടിയ സിനഡിനെയും അതിപരിശുദ്ധ ഫോസിയസിനെതിരെ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിനെയും (869-70) പൂർണ്ണമായി ശപിച്ച് നീക്കിയിരിക്കുന്നു; സിനഡുകൾ എന്ന് ഒരു തരത്തിലും അവയെ വിളിച്ചുകൂടാത്തതുമാകുന്നു എന്ന് നാം പ്രഖ്യാപിക്കുന്നു'' (Mansi, 17:490). തുടർന്ന് നാം ഇപ്രകാരം വായിക്കുന്നു: ''എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യത്തിന്റെ താക്കോലുകൾ വഹിക്കുന്ന പത്രോസിന്റെ സിംഹാസനത്തിന്, മെത്രാന്മാർ നടപ്പാക്കിയ ഏതു നിയമവും, സുചിന്തിതമായ പരിഗണനയ്ക്കുശേഷം അഴിക്കുവാനുള്ള അധികാരമുണ്ട്. ഇപ്രകാരം സംഭവിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, സിനഡ്

www.malankaralibrary.com



കുററക്കാരായി വിധിച്ച പല പാത്രിയർക്കീസുമാരെയും (ഉദാ: വി. അത്തനേഷ്യസ്) അപ്പസ്തോലിക സിംഹാസനം കുററ വിമുക്തരാക്കിയശേഷം ഔപചാരികമായി പുനഃപ്രതിഷ്ഠി ച്ചിട്ടുണ്ട് എന്നത് സുവ്യക്തമാണല്ലോ'' (Mansi, 16, 482-483).

ഷാർത്രിലെ ഈവോ ( +1115) സ്പഷ്ടമായി പറയുന്നു: ''ഫോസിയസിന് എതിരായി കോൺസ്ററാൻറിനോപ്പിളിൽ കൂടിയ സിനഡ് അംഗീകരിക്കേണ്ടതില്ല. ജോൺ VIII (പാപ്പാ) ഫോസിയസ് പാത്രിയർക്കീസിന് (879) എഴുതി: ഫോസിയ സിനെതിരായി കോൺസ്ററാൻറിനോപ്പിളിൽ കൂടിയ സിനഡ് നാം അസാധുവാക്കുന്നു. ഹഡ്രിയാൻ (II) പാപ്പാ അതിൻെറ നടപടികളിൽ ഒപ്പുവയ്ക്കാഞ്ഞതിനാലും മററു പലകാരണങ്ങ ളാലും നാം ഇത് പരിപൂർണ്ണമായി നീക്കിക്കളഞ്ഞിരിക്കുന്നു.'' തൻെറ പ്രതിനിധികൾക്ക് പാപ്പാ നല്കിയ (879) നിർദ്ദേശ ത്തിൽനിന്നും ഈവോ ഉദ്ധരിക്കുന്നു: ''ഫോസിയസിനെ തിരെ ഹഡ്രിയാൻ മാർപാപ്പായുടെകീഴിൽ റോമിലും കോൺ സ്ററാൻറിനോപ്പിളിലും വച്ചു നടന്ന സിനഡുകൾ നാം റദ്ദാ ക്കുന്നു എന്നും, വിശുദ്ധ സിനഡുകളുടെ പട്ടികയിൽനിന്ന് അവയെ പൂർണ്ണമായി ഒഴിവാക്കുന്നു എന്നും താങ്കൾ അറിയി ക്കണം'' (*PL.* 161.285; Decree, IV. 76.77). അതുകൊണ്ട് ഈ സി നഡ് സാർവത്രിക സിനഡുകളുടെ പട്ടികയിൽപ്പെടുന്നതല്ല എന്നു വ്യക്തമാണല്ലോ. 879/80-ലെ സിനഡ് ഫോസിയ സിൻെറ മുടക്കു തീർത്തു.

869/70-ലെ സിനഡിൻെറ ഗ്രീക്കു പതിപ്പിൽ 14 കാനോ നാകളും അനസ്താസ്യൂസ് ഉണ്ടാക്കിയ ലത്തീൻ പതിപ്പിൽ 27 കാനോനാകളും ഉണ്ട്.[4]

4. N.P. Tanner, I, 157.

# III

# പാശ്ചാത്യലോകത്തുവച്ചു നടത്തപ്പെട്ട പൊതുസിനഡുകൾ

## ഒന്നാം ലാതരൻ സിനഡ് (1123)

പാശ്ചാത്യലോകത്ത് 11-12 നൂററാണ്ടുകളിൽ ''ഇൻവെ സ്ററിച്ചർ തർക്കം'' (Investiture Controversy) എന്ന പേരിൽ ഒരു തർക്കം ഉണ്ടായി. ആബട്ടുമാരെയോ മെത്രാന്മാരെയോ തിര ഞ്ഞെടുത്തു കഴിഞ്ഞാൽ രാജാക്കന്മാരും പ്രഭുക്കന്മാരും അവർക്ക് പട്ടത്തിനും സ്ഥാനാരോഹണത്തിനും മുൻപ് വടിയും മോതിരവും കൊടുത്ത് അവരെക്കൊണ്ട് വിധേയത്വം ഏററുപറ യിക്കുക എന്നൊരു പതിവു തുടങ്ങി. ഫ്യൂഡലിസത്തിൻെറ പശ്ചാത്തലത്തിലാണിത്. ഇതു തങ്ങളുടെ അവകാശമായി ഫ്യൂഡൽ പ്രഭുക്കന്മാർ വാദിച്ചു. നിക്കോളാസ് II പാപ്പാ (1059), ഗ്രിഗറി VII (1075), ഉർബൻ II (1088-99) ആദിയായവർ കർശനമായി ഇതിനെ നിരോധിച്ചെങ്കിലും ഫലപ്രദമായി തട യാൻ കഴിഞ്ഞില്ല. എന്നാൽ അവസാനം വേംസിലെ (Worms) ഉടമ്പടി (1122) വഴി ഇത് അവസാനിപ്പിക്കാൻ കഴിഞ്ഞു. ജർമ്മൻ പ്രഭുക്കന്മാരുടെ മാധ്യസ്ഥ്യംവഴി കലിക്സ്ററസ് രണ്ടാമൻ മാർപാപ്പായും (1119–24) ഹെൻറി V രാജാവും (1106–25) ''ഇൻവെസ്ററിച്ചർ'' സംബന്ധിച്ച് വേംസിൽവച്ച് ധാര ണയുണ്ടാക്കി. തൻെറ ഭരണാധികാരസീമയിൽ മേലിൽ ഇൻവെ സ്ററിച്ചർ ഉണ്ടാകില്ലെന്നു ചക്രവർത്തി ഉറപ്പു നല്കി. കാനോ നിക തിരഞ്ഞെടുപ്പിനും സ്വതന്ത്ര മെത്രാൻവാഴ്ചയ്ക്കും ഇതു വഴിതെളിച്ചു. രാജസാന്നിധ്യത്തിൽ മെത്രാന്മാരുടെയും ആബ ട്ടുമാരുടെയും തിരഞ്ഞെടുപ്പു നടത്താൻ മാർപാപ്പാ അനുവദി ച്ചു. എന്നാൽ കൈക്കൂലിയോ ഭീഷണിയോ ഒന്നും ഉണ്ടാകരു തെന്ന് കല്പിച്ചു. മെത്രാഭിഷേകത്തിനു മുൻപ്, തിരഞ്ഞെ ടുക്കപ്പെടുന്ന വ്യക്തി രാജാവിൽനിന്ന് ലൗകികാധികാര സൂചിതമായ അംശവടി വാങ്ങിയിരിക്കണം.

www.malankaralibrary.com



ഈ വേംസ് ഉടമ്പടി ഉറപ്പിക്കാനാണ് ഒന്നാം ലാതറൻ സിനഡ് (1123) കൂടിയത്. 22 കാനോനാകളും പാസ്സാക്കി. മുൻകാല സിനഡുകൾ ആവർത്തിച്ചുറപ്പിക്കുകയാണ് ഇവയിലൂടെ.

**രണ്ടാം ലാതറൻ സിനഡ് (1139)**

സഭാനവീകരണം ലക്ഷ്യമാക്കി ഇന്നസൻറ് II മാർപാപ്പാ വിളിച്ചുകൂട്ടിയതാണിത്. 1130-ൽ ഇന്നസൻറും (1130–43) അനാക്ലിററസും (1130-38) ഒരേസമയം റോമൻ പാപ്പാമാരായി വാഴിക്കപ്പെട്ടു. അനാക്ലിററസിൻെറ മരണത്തോടുകൂടിയാണ് ഇത് അവസാനിച്ചത്. 1139-ൽ ഐക്യം പുനഃസ്ഥാപിക്കാൻ 500-ഓളം മെത്രാൻമാർ സംബന്ധിച്ചു. 30 കാനോനാകളും പാസാക്കി. ചില സന്യാസികളുടെ അബദ്ധോപദേശങ്ങളെ ശപിച്ചു.

**മൂന്നാം ലാതറൻ സിനഡ് (1179)**

അലക്സാണ്ഡർ III പാപ്പായുടെ (1159-1181) തിരഞ്ഞെടുപ്പോടുകൂടി പാശ്ചാത്യസഭയിൽ പിളർപ്പുണ്ടായി. കുറേ കർദ്ദിനാളന്മാർ കൂടി വിക്ടർ IV നെ (1159-1164) തിരഞ്ഞെടുത്തു. വിക്ടറിനുശേഷം പാസ്ക്കൽ III (1164–8), കല്ലിക്സ്ററസ് III (1168–78) എന്നിവർ എതിർമാർപാപ്പാമാരായി. ഫ്രെഡറിക് ചക്രവർത്തി (1152–1190) എതിർമാർപാപ്പാമാരുടെ പക്ഷത്തായിരുന്നു. കല്ലിക്സ്റ്റസിൻെറ മരണശേഷം ചക്രവർത്തി ഐക്യത്തിനു പച്ചക്കൊടി കാട്ടി. അപ്പോൾ 1179-ൽ അലക്സാണ്ഡർ വിളിച്ചുകൂട്ടിയതാണ് ഈ സിനഡ്. പേപ്പൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമങ്ങളുണ്ടാക്കി. മാർപാപ്പായെ തിരഞ്ഞെടുക്കാനുള്ള അവകാശം കർദ്ദിനാളന്മാരിൽ നിക്ഷേപിച്ചു; മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്നും നിശ്ചയിച്ചു. ചില അബദ്ധോപദേശങ്ങൾക്കെതിരെയും സിനഡ്കൂടി. 27 കാനോനാകൾ പാസ്സാക്കി.

**നാലാം ലാതറൻ സിനഡ് (1215)**

ഇന്നസൻറ് III മാർപാപ്പായാണ് (+1216) ഇതു വിളിച്ചുകൂട്ടിയത്. റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിന്



രൂപം കൊടുക്കുന്നതിനും റോമനാധിപത്യം സ്ഥാപിക്കുന്നതിനും ഉതകുന്നവയായിരുന്നു ഈ സിനഡിൻെറ കാനോനാകൾ. 70 കാനോനാകൾ പാസ്സാക്കി. ''വി. കുർബാനയിലെ വസ്തുഭേദം'' എന്ന തത്ത്വം ഔദ്യോഗികമായി അംഗീകരിച്ചത് ഈ സിനഡിലാണ്. 400 മെത്രാൻമാർ ഇതിൽ പങ്കെടുത്തു. അതുപോലെ നിരവധി ആശ്രമാധ്യക്ഷൻമാരും സംബന്ധിച്ചു.

**അഞ്ചാം ലാതറൻ സിനഡ് (1512—1517)**

ജൂലിയസ് II പാപ്പായാണ് (1503-13) ഇതു വിളിച്ചുകൂട്ടിയത്. ഫ്രാൻസിലെ ലൂയി 12-ാമൻ രാജാവ് വിളിച്ചുകൂട്ടിയ പേപ്പൽ വിരുദ്ധ സിനഡായ പീസാ കൗൺസിൽ നിരാകരിക്കലായിരുന്നു പ്രധാന ലക്ഷ്യം. ലാതറൻ സിനഡിനു മൊത്തം 12 സെഷനുകൾ ഉണ്ടായിരുന്നു. ജൂലിയസിനുശേഷം ലെയോ X (1513-21) ഡിനഡു മുമ്പോട്ടു കൊണ്ടുപോയി പൂർത്തിയാക്കി. എന്നാൽ നവീകരണം ഒന്നും കാര്യമായി നടന്നില്ല.

**ഒന്നാം ലയൺസ് സിനഡ് (1245)**

ഇന്നസൻറ് IV മാർപാപ്പാ (1243-54) ആണ് ഈ സിനഡ് വിളിച്ചുകൂട്ടിയത്. 150 ഓളം മെത്രാൻമാർ സംബന്ധിച്ചു. പേപ്പസിയുമായി സ്പർദ്ധയിൽ കഴിഞ്ഞ ഫ്രെഡറിക് II ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കി. ചക്രവർത്തിയുടെ ഹോഹൻസ്ററൗഫെൻ കുടുംബത്തെ നിശ്ശേഷം നശിപ്പിച്ചതായിരുന്നു ഇതിൻെറ ഫലം.

**രണ്ടാം ലയൺസ് സിനഡ് (1274)**

ഗ്രിഗറി X മാർപാപ്പായാണ് (1271-1276) വിളിച്ചുകൂട്ടിയത്. ബിസൻറയിൻസഭയുമായി ഐക്യം പുനസ്ഥാപിക്കുക, വിശുദ്ധനാടുകൾ മുസ്ലീങ്ങളിൽനിന്നു മോചിപ്പിക്കുക, ധാർമ്മികനവീകരണം നടപ്പാക്കുക എന്നിവയായിരുന്നു പ്രഖ്യാപിത ലക്ഷ്യങ്ങൾ. ഒരു ഐക്യഫോർമുല ഉണ്ടാക്കിയെങ്കിലും അതിന് താല്ക്കാലിക വിജയമേ ഉണ്ടായുള്ളൂ. പേപ്പൽ തിരഞ്ഞെടുപ്പിന് നിയമങ്ങളുണ്ടാക്കി. 500 ഓളം മെത്രാൻമാർ സംബന്ധിച്ചു.

www.malankaralibrary.com



## വീൻ സിനഡ് (1311—12)

ക്ലെമെൻറ് V (1305-1314) ഈ സിനഡ് വിളിച്ചുകൂട്ടി. ഫ്രാൻസിലെ ഫിലിപ്പ് IV രാജാവ് മാർപാപ്പായുടെമേൽ ശക്തിയായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്ന കാലമായിരുന്നു. അവിഞ്ഞോൺ പാപ്പാമാരുടെ നിര ക്ലെമെൻറിലാണ് തുടങ്ങുന്നത്. 231 മെത്രാന്മാർ സംബന്ധിച്ചു. 'ടെംപ്ലാർസ്' (Templars) എന്ന സന്യാസസമൂഹത്തെപ്പററിയുള്ള അന്വേഷണം, വിശുദ്ധനാടുകൾ, സഭാനവീകരണം എന്നിവയായിരുന്നു വിഷയങ്ങൾ. ഫിലിപ്പിൻെറ സമ്മർദ്ദത്തിൻെറ ഫലമായി ടെംപ്ലാർസിനെ നിരോധിച്ചു. പൗരസ്ത്യ ദേശങ്ങളിലേക്ക് ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസിസ്ക്കൻ സന്യാസ സമൂഹത്തിലുണ്ടായ വഴക്കുകൾ ചർച്ചചെയ്തു; കൂടുതൽ കർക്കശമായ നിലപാടെടുത്തവരെ സിനഡ് അനുകൂലിച്ചു.

ടെംപ്ലാർസ് (ദേവാലയ മാടമ്പികൾ) എന്ന സമൂഹം 12-ാം നൂററാണ്ടിൽ സ്ഥാപിതമായി. വിശുദ്ധ സ്ഥലങ്ങൾ സംരക്ഷിക്കുക, തീർത്ഥകരെ സഹായിക്കുക തുടങ്ങിയ ലക്ഷ്യത്തോടുകൂടെ തുടങ്ങിയ ഈ സമൂഹം കാലക്രമത്തിൽ വളരെയധികം സ്വത്തു സമ്പാദിച്ചു. യൂറോപ്പിലെ ബാങ്കിംഗിൻെറ കുത്തക ഇവരുടെ കൈകളിൽ എത്തിച്ചേർന്നു. ഇവരുടെ പണം തട്ടിയെടുക്കാനാണ് ഫിലിപ്പുരാജാവ് ഇവരുടെ നിരോധനത്തിന് സമ്മർദ്ദം ചെലുത്തിയത്. അതുപോലെ, ഇവരുടെ പേരിൽ പല ആരോപണങ്ങളും അക്കാലത്തുണ്ടായി എന്നും പറയപ്പെടുന്നു.

ഫിലിപ്പ് കുരിശുയുദ്ധത്തിനു പോയില്ലെങ്കിലും പിരിച്ചെടുത്ത പണമെല്ലാം കൈക്കലാക്കി; ടെംപ്ലാർസിൻെറ സ്വത്തും കവർന്നെടുത്തു. മററ് നേട്ടങ്ങളൊന്നും കാര്യമായി ഉണ്ടായില്ല. ടെംപ്ലാർസിൻെറ സ്വത്തുക്കൾ മറെറാരു സഭാസംഘടനയായ ''ഹോസ്പിററലേർസിന്'' കൈമാറിയതായി വിളംബരം പുറപ്പെടുവിച്ചു.



## കോൺസ്ററൻസ് സിനഡ് (1414—1418)

പാശ്ചാത്യസഭയിൽ 1378 മുതൽ ഒരേസമയം രണ്ടു പാപ്പാമാരുണ്ടായി: റോമിൽ ഉർബൻ VI (1378—1389), ഫ്രാൻസിലെ അവിഞ്ഞോണിൽ ക്ലെമെൻറ് ഏഴാമൻ (1378—1394); തുടർന്ന് 1409 മുതൽ മൂന്നാമതൊരു ലൈൻകൂടി പീസായിൽ ഉണ്ടായി. അലക്സാണ്ടർ V (1409). 1414-ൽ ഒരേസമയം മൂന്നുപേർ മാർപാപ്പാമാരായിരുന്നു. റോമിൽ ഗ്രിഗറി XII (1406—1415); അവിഞ്ഞോണിൽ ബനഡിക്ട് XIII (1394-1417), പീസായിൽ ജോൺ XXIII (1409-1415). പാശ്ചാത്യസഭയും സഭയിലെ സ്ഥാപനങ്ങളും എല്ലാം മൂന്നു നേതൃത്വങ്ങളുടെ കീഴിലായി. ഈ പിളർപ്പ് അവസാനിപ്പിക്കാനായിരുന്നു കോൺസ്ററൻസ് കൗൺസിൽ പ്രധാനമായും കൂടിയത്. ജോൺ പാപ്പാ സിനഡ് വിളിച്ചുകൂട്ടി. തുടർന്ന് ബനഡിക്ടിനെയും ജോണിനെയും സിനഡ് സ്ഥാനഭ്രഷ്ടരാക്കി. ഗ്രിഗറി തന്നെ സിനഡ് തുടങ്ങുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് ഒരു രേഖ പുറപ്പെടുവിച്ചിട്ട് രാജിവച്ചു. തുടർന്ന് എല്ലാവരുംകൂടി മാർട്ടിൻ V-നെ (1417) തിരഞ്ഞെടുത്തു. അങ്ങനെ പിളർപ്പ് അവസാനിച്ചു. തുടർന്ന് ചില നവീകരണ കാനോനാകൾ ഉണ്ടാക്കി. ജോൺ വിക്ലിഫ്, ജോൺ ഹസ്, പ്രാഗിലെ ജറോം എന്നിവർക്കെതിരെ നടപടിയെടുത്തു. ഈ സിനഡിനോടനുബന്ധിച്ചാണ് കൊൺകൊർദാത് (Concordat) എന്ന പദം ആദ്യമായി ഉപയോഗിച്ചത് എന്നുതോന്നുന്നു. മാർപാപ്പാമാരും രാഷ്ട്രത്തലവന്മാരും തമ്മിലുള്ള ഉടമ്പടികൾക്ക നല്കുന്ന പേരാണ് കൊൺകൊർദാത്. ''കൂടെക്കൂടെ സിനഡുകൾ കൂടണം'' എന്നു നിർദ്ദേശിക്കുന്ന ''ഫ്രീക്വെൻസ്'' എന്ന രേഖയും ഈ കൗൺസിലിൻെറ സംഭാവനയാണ്. എന്നാൽ പ്രായോഗികതലത്തിൽ അതു നടപ്പാക്കാൻ കഴിഞ്ഞില്ല. സിജിസ്മുണ്ട് (1410—1437) എന്ന ജർമ്മൻ ചക്രവർത്തിയാണ് ഈ സിനഡിന് നേതൃത്വം നല്കിയത്.

## ബാസൽ-ഫെറാറാ-ഫ്ളോറൻസ്-റോം സിനഡ് (1431—1445)

എവുജീൻ IV (1431-1447) മാർപാപ്പാ ബാസലിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. ചഞ്ചലമാനസ്സനായ പാപ്പാ കുറേ

www.malankaralibrary.com



മാസങ്ങൾക്കുശേഷം പിരിച്ചുവിടുകയും വീണ്ടും വിളിച്ചുകൂട്ടുകയും ചെയ്തു. ''കൗൺസിലുകൾക്ക് പാപ്പായുടെ മേലും അധികാരമുണ്ട്; സഭയിലെ പരമോന്നതാധികാരം പൊതുസിനഡിൽ നിക്ഷിപ്തമാണ്'' എന്ന സിദ്ധാന്തമാണ് കൺസീലിയരിസം. ഈ സിദ്ധാന്തത്തിന്റെ വികസനം ബാസലിൽ ദൃശ്യമാണ്. അക്കാരണത്താൽ പാപ്പാ ഫെറാറായിലേക്കു സിനഡ് മാററി (1438). മിക്കവരും പാപ്പായെ അനുസരിച്ച് ഫെറാറായിലേക്കു നീങ്ങി. അവിടത്തന്നെ തങ്ങിയവർ ഫേലിക്സ് V എന്ന അവസാനത്തെ ബദൽ പാപ്പായെ വാഴിച്ചു (1437–1447).

തുടർന്ന് 1439-ൽ പാപ്പാ, ഫ്ളോറൻസിലേക്ക് സിനഡ് മാററി. ഗ്രീക്കുമായുള്ള ഐക്യഫോർമുലയിൽ ഒപ്പുവച്ചത് അവിടെവച്ചാണ്. ഗ്രീക്ക് ദൈവശാസ്ത്രചിന്ത കണക്കിലെടുക്കാതെ, പാശ്ചാത്യ ദൈവശാസ്ത്ര പദപ്രയോഗങ്ങൾ ഉപയോഗിച്ച് ഐക്യഫോർമുല രൂപപ്പെടുത്തിയതിനാൽ അത് ഏകപക്ഷീയമായിരുന്നു; അതുകൊണ്ട് ഐക്യശ്രമങ്ങൾ ഫലപ്രദമായില്ല. ഇതുതന്നെ അർമേനിയർ, കോപ്തിക്കുകാർ, കൽദായർ, സിറിയൻ സഭകളുമായി നടത്തിയ ഐക്യഫോർമുലകൾക്കും സംഭവിച്ചു. 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തതോടുകൂടി പൗരസ്ത്യലോകവും അവിടുത്തെ ക്രൈസ്തവരും പാശ്ചാത്യരിൽനിന്ന് ഒററപ്പെട്ടു.

1443-ൽ മാർപാപ്പാ ഫ്ളോറൻസിൽ നിന്ന് റോമിലേക്ക് സിനഡ് മാററി. 1445 ആഗസ്ററ് 7-ന് സിനഡ് സമാപിച്ചു. സഭാപ്രബോധനങ്ങൾ പലതും പാശ്ചാത്യ ദൈവശാസ്ത്ര പദപ്രയോഗങ്ങളിലൂടെ അവതരിപ്പിക്കാൻ കഴിഞ്ഞതാണ് ഈ സിനഡിന്റെ നേട്ടം. സഭൈക്യം മുൻനിർത്തി നടത്തിയ വലിയ പരിശ്രമവും ഇവിടെ കാണാവുന്നതാണ്. എന്നാൽ വൈവിധ്യമാർന്ന പദപ്രയോഗങ്ങളിലൂടെ ക്രൈസ്തവവിശ്വാസം അവതരിപ്പിക്കാനാവും എന്ന ഇന്നത്തെ ചിന്താരീതി അന്നില്ലായിരുന്നു. അതായിരുന്നു പരാജയകാരണവും.



## ട്രെന്റ് കൗൺസിൽ (1545—63)

പ്രോട്ടസ്റ്റൻറ് നവീകരണം ഉയർത്തിയ വെല്ലുവിളികളെ നേരിടാനും കത്തോലിക്കാ സഭാതത്ത്വങ്ങൾ സുവ്യക്തമാക്കാനും സഭാനവീകരണം നടത്താനും വിളിച്ചുകൂട്ടിയതാണ് ട്രെന്റ് കൗൺസിൽ. മൂന്നു ഘട്ടങ്ങളിലായിട്ടാണ് സിനഡ് നടന്നത്. ഒന്നാം ഘട്ടം (1545-7) വിളിച്ചുകൂട്ടിയത് പോൾ III പാപ്പായാണ്. എട്ടു സെഷനുകളുണ്ടായിരുന്നു: വി. ഗ്രന്ഥവും പാരമ്പര്യവും, ജന്മപാപം, നീതീകരണം (Justification), കൂദാശകൾ പൊതുവായി, മാമോദീസാ, മൂറോനഭിഷേകം എന്നിവയെപ്പററി ചർച്ചനടന്നു. രണ്ടാം ഘട്ടം വിളിച്ചുകൂട്ടിയത് (1551–2) ജൂലിയസ് III മാർപാപ്പായാണ് (+1555). 5 സെഷനുകളുണ്ടായിരുന്നു. വി. കുർബാന, കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകളെപ്പററി ചർച്ച നടന്നു. കുർബാനയിലെ ''വസ്തുഭേദം'' (Transubstantiation) എന്ന തത്ത്വം ആവർത്തിച്ചുറപ്പിച്ചു. മൂന്നാം ഘട്ടം (1562-3) വിളിച്ചുകൂട്ടിയത് പീയൂസ് IV പാപ്പായാണ്. 10 സെഷനുകളുണ്ടായിരുന്നു. വി. കുർബാന, പട്ടം, വിവാഹം എന്നീ കൂദാശകളെപ്പററിയുള്ള ചർച്ച നടന്നു. സെമിനരി സിസ്ററം തുടങ്ങിയത് ഈ സിനഡിലാണ്. മരണാനന്തരമുള്ള ശുദ്ധീകരണപ്രക്രിയ, വിശുദ്ധരോടുള്ള വണക്കം, മാധ്യസ്ഥാപേക്ഷ, തിരുശേഷിപ്പുകളുടെ വണക്കം, ഛായാചിത്രങ്ങളോടുള്ള വണക്കം, ദണ്ഡവിമോചനം എന്നിവയും ചർച്ചാവിഷയമാക്കി. വൾഗേററ് പുതുക്കുക, ഒരു വേദപാഠഗ്രന്ഥം തയ്യാറാക്കുക, തുടങ്ങിയവയും ട്രെന്റിന്റെ സംഭാവന ആയിരുന്നു.

പ്രോട്ടസ്റ്റൻറുകാരെ തൃപ്തിപ്പെടുത്താനോ സഭയിലേക്ക് തിരികെ കൊണ്ടുവരാനോ സിനഡിനു സാധിച്ചില്ലെങ്കിലും പാശ്ചാത്യസഭയുടെ നവീകരണത്തിന് അടിത്തറയിടാൻ സാധിച്ചു. പ്രോട്ടസ്റ്റൻറിസം ഉയർത്തിയ കൊടുങ്കാററിനെ നേരിടാൻ സഭയെ സഹായിച്ചത് ട്രെന്റ് കൗൺസിലാണ്.

## ഒന്നാം വത്തിക്കാൻ കൗൺസിൽ (1869–70)

പീയൂസ് IX പാപ്പായാണ് ഈ കൗൺസിൽ വിളിച്ചുകൂട്ടിയത്. 1869 ഡിസംബർ 8-ന് ഒന്നാം സെഷൻ ആരംഭിച്ചു. മാർ

www.malankaralibrary.com



പാപ്പാതന്നെ ആധ്യക്ഷ്യം വഹിച്ചു. ക്രിസ്തുവിന്റെ സഭയെ സംബന്ധിച്ചുള്ള കത്തോലിക്കാ പ്രബോധനം നിർവചിക്കുക യായിരുന്നു ഒരു സുപ്രധാന ലക്ഷ്യം. രണ്ടു കോൺസ്ററി റ്റ്യൂഷനുകളേ ചർച്ചചെയ്തു പാസാക്കാൻ സാധിച്ചുള്ളു: (1) കത്തോലിക്കാവിശ്വാസം സംബന്ധിച്ചുള്ള ഡോഗ്മാ റ്റിക് കോൺസ്ററിറ്റ്യൂഷൻ, (2) ക്രിസ്തുവിന്റെ സഭയെ സംബന്ധിച്ചുള്ള ആദ്യഡോഗ്മാറ്റിക് കോൺസ്ററിറ്റ്യൂഷൻ. റോമാ മെത്രാന്റെ ''അപ്രമാദിത്വം'', ''പ്രൈമസി'' (Infallibility and Primacy) എന്നിവ രണ്ടാമത്തെ രേഖയിലാണ്. രണ്ടാമത്തെ രേഖ ഐകകണ്ഠ്യേനയല്ല പാസ്സാക്കിയത്. അഭിപ്രായവ്യത്യാ സമുള്ള പലരും ഉണ്ടായിരുന്നു. ഇപ്രകാരമൊന്ന് ഇപ്പോൾ പ്രഖ്യാപിക്കേണ്ട കാര്യമില്ല എന്നു പലരും വാദിച്ചു. ''ഓൾഡ് കാത്തലിക്സ്'' എന്ന ഒരു വിഘടിത വിഭാഗം ഈ സിനഡിനു ശേഷം ജർമ്മനിയിൽ ഉടലെടുത്തു.

ഫ്രാങ്കോ-പ്രഷ്യൻ യുദ്ധംമൂലം (1870 ജൂലൈ 19-ന്) സിനഡ് പെട്ടെന്നു നിർത്തിവയ്ക്കേണ്ടിവന്നു. പിന്നെ വിളി ച്ചുകൂട്ടിയില്ല. ഔപചാരികമായി അവസാനിപ്പിച്ചതുമില്ല. കൺ സീലിയരിസത്തിന് വിരാമമിടാൻ ഈ സിനഡിനു കഴിഞ്ഞു. അതുപോലെ ''മോഡേണിസം'' തുടങ്ങിയ അബദ്ധോപദേശ ങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സഭ ശക്തി സംഭരിക്കുകയും ചെയ്തു.

## IV

## രണ്ടാം വത്തിക്കാൻ എക്യൂമെനിക്കൽ സൂനഹദോസ് (1962-5)

നവീകരണം, സഭൈക്യം എന്നീ രണ്ടു കാതലായ സംഗതി കളെ ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരുന്നു ഈ സിനഡ്. മനു ഷ്യരാശിയുടെ ഇന്നത്തെ പ്രശ്നങ്ങൾക്ക് സഭയുടെ മറുപടി വ്യക്തമാക്കാൻ സിനഡ് ശ്രമിച്ചു. ഐക്യപാതയിലൂടെ ചരി



ക്കാനുള്ള ഒരു വലിയ പ്രേരണ ഈ സിനഡുവഴി ക്രൈസ്തവ ലോകത്തിനു ലഭിച്ചു. ജോൺ XXIII, പോൾ VI എന്നീ മാർ പാപ്പാമാരുടെ നേതൃത്വത്തിലാണ് കൗൺസിൽ കൂടിയത്. 16 രേഖകൾ സിനഡ് പ്രസിദ്ധീകരിച്ചു. ഒന്നാം വത്തിക്കാൻ സിനഡിന് പൂർത്തിയാക്കാൻ സാധിക്കാത്ത പലതും ഈ സിന ഡിനു കഴിഞ്ഞു. പ്രത്യേകിച്ച്, മെത്രാന്മാരുടെ സംഘാതാ ത്മകത്വം എന്ന ആശയത്തിന്റെ പ്രചരണം ഈ സിനഡിന്റെ സംഭാവനയാണ്.

## V

## ആദ്യകാല പ്രാദേശിക സിനഡുകൾ

പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി ആദ്യ കാലത്ത് പല സമ്മേളനങ്ങൾ നടന്നു. കാലക്രമത്തിൽ പലസഭ കളും അവയുടെ ഡിക്രികൾ സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിൽ പ്പെട്ടവയാണ്: അൻസീറാ (314), നെയോ-ചെസാറിയാ (315), ഗാംഗ്ര (325-നും 331-നും ഇടയ്ക്ക്), അന്ത്യോക്യ (341), ലവ ദീക്യ (341-നും 381-നും ഇടയ്ക്ക്), സാർദിക്ക (343/4) എന്നിവ. (ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1993, പേ. 340–352; സഭാപിതാക്കന്മാർ, I, 1987, പേ. 86–105; അന്ത്യോക്യൻ സഭ, ഉത്ഭവവും വളർച്ചയും, കോട്ടയം, 1986, പേ. 238-251). പൊതു കൗൺസിലുകളിൽ രൂപീകൃതമല്ലെങ്കി ലും ഇവയൊക്കെ പലസഭകളും സ്വീകരിച്ചിട്ടുള്ളവയും ട്രുള്ളൻ സിനഡിൽ പരാമർശിച്ചിട്ടുള്ളവയുമാണ്. അലക്സാണ്ഡ്രിയ യിലെ പീററർ, തിമോതി, തെയോഫിലസ്, സിറിൾ, അത്ഭുത പ്രവർത്തകനായ ഗ്രിഗറി, അത്തനാസ്യോസ്, മഹാനായ വി. ബേസിൽ, ഗ്രിഗറി നീസ്സാ, ഗ്രിഗറി നസ്യാൻസൻ, ആംഫി ലോക്കിയുസ്, കോൺസ്ററാൻറിനോപ്പിളിലെ ജന്നാഡിയുസ്, എന്നിവരുടെ പേരിൽ അറിയപ്പെടുന്ന കാനോനാകളുണ്ട് (*NPNF*[2] Vol. 14, P. 589-618). മാർ മാരൂഥായുടെ കാനോനാകളും പ്രസിദ്ധമാണ് (കോട്ടയം, 1989). പേർഷ്യൻ സഭയുടെ

www.malankaralibrary.com



കാനോനിക സമാഹാരം ''സിനോഡിക്കോൺ ഓറിയെന്താളെ'' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകൃതമായി (1996).

പാശ്ചാത്യലോകത്തും നിരവധി പ്രദേശിക സിനഡുകൾ നടന്നു. റോം (197), ആൾസ് (314), എൽവീരാ (306) തുടങ്ങിയവ. സ്പെയിനിൽവച്ച് പല സിനഡുകൾ നടന്നു. ആഫ്രിക്കയിലെ കാർത്തേജിൽവച്ച് 251. 252. 254. 255. 256. 348. 390. 419, 525 എന്നീ വർഷങ്ങളിൽ സിനഡു നടന്നു. 257, 419 സിനഡുകളുടെ കാനോനാകൾ പ്രസിദ്ധങ്ങളാണ്. കോൺസ്ററാൻറിനോപ്പിളിൽ വച്ച് പല പ്രാദേശിക സിനഡുകൾ നടന്നു. 394-ൽ നെക്താരിയുസിൻെറ നേതൃത്വത്തിൽ നടന്നത് പ്രസിദ്ധമാണ്. (*NPNF. cit.* P. 409—520). പാശ്ചാത്യസുറിയാനിസഭയും പില്ക്കാലത്ത് അവരുടേതായ കാനോനിക സമാഹാരം രൂപീകരിച്ചു. യാക്കോബായ മഫ്രിയാനായ ബാർ എബ്രായ (+1286) ഒരു കാനോനിക സമാഹാരം ഉണ്ടാക്കി. ''ഹൂദായ കാനോൻ'' എന്നാണ് അത് അറിയപ്പെടുന്നത്. മലയാളത്തിൽ അതിന് രണ്ടു പതിപ്പുകളുണ്ട് 'എ' അക്കം കാനനും 18 അക്കം കാനനും. പ്രായോഗികവും അജപാലകവുമായി പ്രയോജനമുള്ള കാനോനാകൾ സഭകൾ അങ്ങോട്ടുമിങ്ങോട്ടും കടം എടുത്തിട്ടുണ്ട്. ചിലപ്പോൾ സിനഡുകൾ അംഗീകരിക്കാതെതന്നെ അവയുടെ കാനോനാകൾ സ്വീകരിച്ചിരിക്കുന്നതായി കാണാം.

# VI

# സഭകൾ ഐക്യപാതയിൽ

ആദ്യത്തെ ഏഴ് എക്യൂമെനിക്കൽ കൗൺസിലുകൾ ബിസൻറയിൻ ഓർത്തഡോക്സുസഭയും റോമൻ കത്തോലിക്കാസഭയും ഒരുപോലെ അംഗീകരിക്കുന്നു. ഈ കൗൺസിലുകളുടെ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് യാക്കോബായ സഭകൾ എന്നറിയപ്പെട്ടിരുന്ന ''ഓറിയൻറൽ ഓർത്തഡോക്സുസഭകൾക്ക്'' മേല്പറഞ്ഞ സഭകളിൽനിന്ന് വ്യത്യസ്ത വീക്ഷണം



ഉണ്ടായിരുന്നു എന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ 1960-നു ശേഷമുള്ള സഭൈക്യ ചർച്ചകളുടെ ഫലമായി ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ ബിസൻറയിൻ, കാതലിക് സഭകളുടെ സത്യവിശ്വാസംതന്നെയാണ് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് പുലർത്തുന്നതെന്ന് വ്യക്തമാക്കപ്പെട്ടു. അങ്ങനെ, ''ഏകസ്വഭാവം'', ''ഇരുസ്വഭാവങ്ങളിൽ'' എന്നു തുടങ്ങിയ പദപ്രയോഗങ്ങൾ മൂലം ക്രൈസ്തവർ തമ്മിൽ അകന്നിരിക്കേണ്ട കാര്യമില്ല എന്ന് ബന്ധപ്പെട്ടവർക്കെല്ലാം ബോധ്യമായി. സിറിയൻ, കോപ്തിക്, മലങ്കര ഓർത്തഡോക്സുസഭകളുമായി റോമൻ കത്തോലിക്കാസഭ, തൽസംബന്ധമായി ഔദ്യോഗിക പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെ, ബിസൻറയിൻ ഓർത്തഡോക്സുസഭകളും ഓറിയൻറൽ ഓർത്തഡോക്സുസഭകളും തമ്മിലും അത്തരം ധാരണകൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരു സഭയിൽപെട്ട ''വിശുദ്ധരെ'' മററു സഭകളിൽ പെട്ടവർ ''ശപിക്കപ്പെട്ടവരായി'' പരിഗണിക്കുന്നത് അവസാനിപ്പിക്കുന്നതു സംബന്ധിച്ചും ധാരണയായിട്ടുണ്ട്.

അതുപോലെ ''നെസ്തോറിയൻ'' എന്ന് വിളിക്കപ്പെട്ടിരുന്ന ''അസ്സീറിയൻ'' സഭയുമായി കത്തോലിക്കാസഭ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ഔദ്യോഗിക ധാരണയുണ്ടാക്കി. നെസ്തോറിയൻ സഭയും റോമൻ കത്തോലിക്കാസഭയും തത് സംബന്ധമായി ഒരേ വിശ്വാസമാണ് പുലർത്തുന്നത് എന്ന് വ്യക്തമാക്കപ്പെട്ടു. മുമ്പുണ്ടായിട്ടുള്ള പല തർക്കങ്ങളും പദപ്രയോഗങ്ങളെ ചൊല്ലിയായിരുന്നു. പലപ്പോഴും പരസ്പരം മനസ്സിലാക്കാത്തതിൻെറ ഫലമായിട്ടാണ് പ്രസ്തുത തർക്കങ്ങളും പിളർപ്പുകളും ഇടർച്ചകളും ഉണ്ടായിട്ടുള്ളത്.

ആദ്യത്തെ ഏഴ് എക്യൂമെനിക്കൽ കൗൺസിലുകൾ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങളുടെ സാരസത്ത സംബന്ധിച്ച് റോമൻ കത്തോലിക്കാ, ബിസൻറയിൻ ഓർത്തഡോക്സ്, ഓറിയൻറൽ ഓർത്തഡോക്സ്, അസ്സീറിയൻ എന്നീ സഭകൾ ഒരേ വീക്ഷണം പുലർത്തുന്നു: മനുഷ്യനായി അവതരിച്ച ദൈവപുത്രൻെറ ഏകവ്യക്തിത്വവും, ഈ വ്യക്തിത്വത്തിൻെറ രണ്ടു സ്വഭാവങ്ങളും. ഈ സത്യം വ്യക്തമാക്കാൻ വ്യത്യസ്തസഭകൾ വ്യത്യസ്ത പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു എന്നുമാത്രം.

www.malankaralibrary.com



സഭൈക്യം നമ്മുടെ കർത്താവിൻെറ ഹിതാനുസൃതമാണെന്നും, പിളർപ്പ് പാപമാണെന്നും ഉള്ള അവബോധമാണ് ഐക്യത്തിലേക്ക് സഭകളെ നയിക്കുന്നത്. ദൈവമഹത്ത്വമാണ് ഐക്യത്തിൻെറ അന്ത്യം; ദൈവം തൻെറ ഏകജാതനെ ലോകത്തിലേക്ക് അയച്ചു എന്ന് ലോകം വിശ്വസിക്കാൻ ഈ ഐക്യസാക്ഷ്യം അപരിത്യാജ്യമാണ്. ദൈവത്തിൻെറ മഹാദാനമായ ഐക്യം ദൈവത്തിൽനിന്നു സ്വീകരിക്കാൻ പ്രാർത്ഥനവഴിയും ചർച്ചകൾ വഴിയും നാം നമ്മെത്തന്നെ ഒരുക്കേണ്ടതുണ്ട്. ആ പാതയിലാണ് സഭകൾ.

ആധുനിക എക്യൂമെനിസത്തിൻെറ വെളിച്ചത്തിൽ സിനഡുകളെ ഒരു പുത്തൻ കാഴ്ചപ്പാടിലൂടെ സഭകൾ കാണാൻ തുടങ്ങിയിട്ടുണ്ട്. പദപ്രയോഗങ്ങളെപ്രതി കലഹിക്കാൻ, സന്മനസ്സുള്ള മനുഷ്യരാരും ഇന്നു തയ്യാറല്ല. ക്രിസ്തു പഠിപ്പിച്ച പരമപ്രമാണമായ സ്നേഹത്തിനാണ് ക്രിസ്തുവിനെ സ്നേഹിക്കുന്നവരെല്ലാം പ്രഥമസ്ഥാനം നല്കുന്നത്. ചരിത്രം ക്രിസ്ത്യാനികളുടെമേൽ വച്ചിരിക്കുന്ന കടുത്ത ചുമടിൻെറ ഭാരം കുറയ്ക്കാനും നീക്കിക്കളയാനും സഭകൾ ഇന്നു പ്രതിജ്ഞാബദ്ധമാണ്. പരസ്പര കുററാരോപണത്തിൻെറയും ആക്ഷേപത്തിൻെറയും കാലം ഒന്നിച്ചുവരുന്നതിനുള്ള ആഗ്രഹത്തിനു വഴിമാറിക്കൊടുത്തിരിക്കുകയാണ്. ദൈവത്തിനു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഈ ലോകത്തിന് ക്രിസ്തുവിനെ നല്കി സംതൃപ്തരാക്കാനുള്ള ബദ്ധപ്പാടിലാണ് മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന സഭകൾ. സഭയിലൂടെ ദൈവം മനുഷ്യരാശിയോടു സംസാരിക്കുന്നു. അനൈക്യം ഈ സ്വരത്തെ അസ്പഷ്ടമാക്കുന്നു. എല്ലാം നവീകരിക്കുന്ന ദൈവത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് സഭകൾ മുന്നേറുകയാണ്. പരസ്പരം ബഹുമാനിച്ചുകൊണ്ടും സ്നേഹത്തിലും സാഹോദര്യത്തിലും വിനയപൂർവം നമ്മുടെ കർത്താവിൻെറയും കാലത്തിൻെറയും സ്വരം ശ്രവിച്ചുകൊണ്ടുമാണ് ഈ മുന്നേററം. സമ്പൂർണ്ണമായ ഐക്യം നമ്മുടെ കാലത്തുതന്നെ ഒരു യാഥാർത്ഥ്യമാകട്ടെ.

# ജി. ചേടിയത്തിൻെറ ഗ്രന്ഥങ്ങൾ

| | |
|---|---|
| കൂദോശീത്തോ ഞായർ | 1973 |
| പൈതൃക പ്രബോധനം | 1973 |
| പെരുന്നാളുകളും വേദവായനക്കുറിപ്പുകളും | 1973 |
| സഭാപിതാക്കന്മാർ | 1980 |
| ആദിമസഭയുടെ സന്ദേശം | 1994[3],1988[2],1981 |
| മലങ്കരഗീതങ്ങൾ | 1981 |
| സഭാചരിത്രപഠനങ്ങൾ | 1996[3],1988[2],1982 |
| ഹെർമാസിൻെറ ഇടയൻ | 1992[2],1982 |
| സുറിയാനി സഭാപിതാക്കന്മാർ | 1982 |
| മോശ ബർ കേഫായുടെ കൂദാശാഭാഷ്യം | 1982 |
| ക്രൈസ്തവഗീതങ്ങൾ | 1982 |
| The Christology of Mar Babai the Great | 1982 |
| ഗിരിപ്രഭാഷണം (ed.) | 1982 |
| കർതൃപ്രാർത്ഥന (ed.) | 1982 |
| ആദിമസഭാപിതാക്കന്മാർ | 1993[2],1983 |
| പ്രാചീനസന്ന്യാസചരിത്രം | 1993[2],1983 |
| ബൈബിൾ ഗീതങ്ങൾ | 1983 |
| Bibliographical Survey (Co-ed.) | 1983 |
| മാർത്തോമ്മായുടെ നടപടികൾ | 1989[2],1984 |
| എവുസേബിയസ്, തിരുസഭാചരിത്രം (ed.) | 1997[2],1984 |
| മാർത്തോമ്മായുടെ ദുക്റാന | 1984 |
| മാർത്തോമ്മായുടെ ഇൻഡ്യൻ അനാഫറ | 1984 |
| സന്ന്യാസത്തിൻെറ അന്തർധാര (ed.) | 1992[2],1985 |
| പൗരസ്ത്യ കാതോലിക്കോസ് | 1986 |
| അന്ത്യോക്യൻ സഭ-ഉത്ഭവവും വളർച്ചയും | 1986 |
| തിയഡോർ–മതാധ്യാപന പ്രസംഗങ്ങൾ | 1986 |
| ഒരിജൻ–ഉത്തമഗീതഭാഷ്യം (ed.) | 1986 |
| Ecumenism in Danger (co-ed.) | 1986 |
| അപ്പസ്തോലിക പിതാക്കന്മാർ | 1996[2],1987 |

www.malankaralibrary.com



| | |
|---|---|
| ഡിഡസ്കാലിയ (ed.) | 1987 |
| സഭാപിതാക്കന്മാർ-I | 1987 |
| സഭാപിതാക്കന്മാർ-II | 1988 |
| പ്രാർത്ഥന സഭയിൽ | 1993[2],1988 |
| മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ | 1992[2],1988 |
| മാതൃകീർത്തനങ്ങൾ | 1988 |
| കേരളത്തിലെ ക്രൈസ്തവസഭകൾ | 1997[4],1993[3],1991[2],1989 |
| യഹോവാസാക്ഷികൾ | 1993[5],1989 |
| മാർ മാറൂഥായുടെ കാനോനാകൾ | 1989 |
| സൊക്രാട്ടസ്, സഭാചരിത്രം (ed.) | 1990 |
| ബർസലീബി, ആരാധനക്രമത്തിന്റെ വ്യാഖ്യാനം | 1990 |
| ബർ എബ്രായാ, സഭാചരിത്രം (co-ed.) | 1990 |
| മാർ അബ്രഹാം (co-ed.) | 1990 |
| St. Thomas the Apostle of India (ed.) | 1991 |
| പ്രാർത്ഥന സുറിയാനിസഭയിൽ | 1991 |
| ജീവാമൃതം (ed.) | 1991 |
| ലത്തീൻ സഭാപിതാക്കന്മാർ | 1992 |
| ജറോം-ജന്നാഡിയസ്, മഹദ്‌വ്യക്തികൾ (ed.) | 1992 |
| ശിശുസ്നാനം വേദാനുസൃതം | 1993 |
| ത്രിയേക ദൈവം | 1993 |
| മലങ്കരസഭാചരിത്രം, ഭാഗം I | 1994 |
| വിശുദ്ധ എവുതീമിയസിന്റെ ജീവചരിത്രം | 1994 |
| പലസ്തീനയിലെ സന്യാസികൾ | 1994 |
| സത്യദൈവവും സത്യാരാധനയും | 1995 |
| സിനോഡിക്കോൺ ഓറിയെന്താളെ | 1996 |
| സൂനഹദോസുകൾ (നിഖ്യാ I മുതൽ നിഖ്യാ II വരെ) | 1996 |

കോപ്പികൾക്ക്:
1. Manager, OIRSI, P.B. 10. Vadavathoor, P.O. Kottayam 686 010.
2. G. Chediath, Malankara Major Seminary, Nalanchira, Tvm. 695 015.